# പുതിയനിയമ ദൈവശാസ്ത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, email: alphits@gmail.com

# പുതിയനിയമ ദൈവശാസ്ത്രം

**Title:** New Testament Theology

**Editorial Board:** Rev. Dr. Joseph Pamplany, Rev. Dr. Thomas Kochukarottu

**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala,
Ph: 0490 - 2344727, 2343707

**Published on:** 2014 March 19 (*The Feast of St. Joseph*)

**Office Assistance:** Rev. Sr. Jeslin SABS, Mrs. Anitha, Mrs. Jeshitha

**Design & Layout:** Mr. Midhun Thomas

**Printing:** Vimala Offset, Thalassery

**© Copy Right:** All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# പുതിയനിയമ ദൈവശാസ്ത്രം

## ഉള്ളടക്കം

1. സുവിശേഷങ്ങളുടെ രൂപീകരണ ചരിത്രവും
സമവീക്ഷണ പ്രശ്നവും ........ 7

2. മത്തായി എഴുതിയ സുവിശേഷം ........ 36

3. മർക്കോസ് എഴുതിയ സുവിശേഷം ........ 44

4. ലൂക്കാ എഴുതിയ സുവിശേഷം ........ 67

5. യോഹന്നാൻ എഴുതിയ സുവിശേഷം ........ 80

6. അപ്പസ്തോല പ്രവർത്തനങ്ങൾ ........ 102

7. വിശുദ്ധ പൗലോസ്: വ്യക്തിയും ദർശനവും ........ 118

8. അജപാലന ലേഖനങ്ങൾ ........ 152

9. ഹെബ്രായർക്കുള്ള ലേഖനം ........ 166

10. സാർവ്വത്രിക ലേഖനങ്ങൾ ........ 177

11. യോഹന്നാനു ലഭിച്ച വെളിപാട് ........ 214

1

# സുവിശേഷങ്ങളുടെ രൂപീകരണ ചരിത്രവും സമവീക്ഷണ പ്രശ്നവും

ഡോ. ജോസഫ് പാംപ്ലാനി

യേശുവിന്റെ ജനനം, പരസ്യജീവിതം, മരണം, ഉത്ഥാനം എന്നിവയെ ക്കുറിച്ച് വിവരിക്കുന്ന, പുതിയ നിയമത്തിലെ ആദ്യത്തെ നാലുഗ്രന്ഥ ങ്ങളാണ് സുവിശേഷങ്ങൾ എന്നപേരിൽ അറിയപ്പെടുന്നത്.

## പദോൽപത്തി

ആരംഭകാലത്ത് യേശുവിലൂടെ കൈവന്ന രക്ഷയുടെ സന്ദേശത്തെ യാണ് സുവിശേഷം എന്നു വിളിച്ചിരുന്നത്. പിന്നീടാണ് ക്രിസ്തു സംഭവം രേഖപ്പെടുത്തിയിരിക്കുന്ന നാലുഗ്രന്ഥങ്ങൾ ഈ പേരിൽ അറിയപ്പെട്ടു തുടങ്ങിയത്. *എവൻഗേലിയോൻ* എന്ന ഗ്രീക്കുപദമാണ് സുവിശേഷം എന്ന് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. "നല്ലവാർത്ത" എന്നാണ് ഈ പദത്തിന്റെ അർത്ഥം. റോമൻ ചക്രവർത്തിമാരുടെ സ്ഥാനാരോഹണ വാർത്തയും ചക്രവർത്തി യുടെ വിളംബരങ്ങളും *എവൻഗേലിയോൻ* എന്നാണ് അറിയപ്പെട്ടിരുന്നത് (cfr. E. Henneke, *NT Apocrypha*, Vol. I, 1965. pp. 71-73). യുദ്ധത്തിൽ വിജയിച്ചവാർത്ത രാജാവിനെ അറിയി ക്കുന്ന ദൂതന് ലഭിക്കുന്ന സമ്മാനവും ഇതേ പേരിലാണ് അറിയപ്പെട്ടിരു ന്നത്. *എവൻഗേലിയോൻ* എന്ന പദത്തിന് സമാനമായ ഹീബ്രുപദം *ബാസാർ* (basar) ആണ്. "സദ്വാർത്ത" എന്നർത്ഥമുള്ള ഈ പദം ഏശ യ്യായുടെ പ്രവചനങ്ങളിൽ മൂന്നുതവണ ഉപയോഗിച്ചിട്ടുണ്ട് (ഏശ 40:9; 52:7; 61:1). 'കർത്താവിന്റെ ദാസൻ' വരുമ്പോൾ അവൻ സകലരെയും സദ്വാർത്ത അറിയിക്കും എന്നാണ് പ്രവാചൻ അർത്ഥമാക്കുന്നത്. ഈ പ്രവചനത്തിന്റെ പൂർത്തീകരണം യേശുവിന്റെ ആഗമനത്തോടെ സംഭ വിച്ചു (മത്താ 11:5; ലൂക്കാ 4:18). സുവിശേഷം പ്രഘോഷിക്കുന്ന യേശു തന്നെയാണ് സുവിശേഷം. സുവിശേഷപ്രഘോഷകനും പ്രഘോഷണ വിഷയവും ഒന്നായിത്തീർന്ന അപൂർവ്വ പ്രതിഭാസമാണ് യേശുവിൽ ദർശി ക്കുന്നത്.

യേശുവിനെക്കുറിച്ചുള്ള സാക്ഷ്യമായിട്ടാണ് പൗലോസ് സുവിശേഷത്തെ കാണുന്നത് (റോമാ 1:3). സദ്‌വാർത്ത വഹിക്കുന്നവനാണു സുവിശേഷകൻ (2 തിമോ 4:5). യേശുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനത്തെയും (റോമാ 6:3; 1 കോറി 15:3–5; കൊളോ 2:12) സുവിശേഷം എന്നാണ് പൗലോസ് വിശേഷിപ്പിക്കുന്നത്. യേശുവിലൂടെ കൈവന്ന രക്ഷയെക്കുറിച്ച് മനുഷ്യരോട് പ്രഘോഷിക്കുന്നതും സുവിശേഷമാണ് (1 കോറി 9:14; ഫിലി 1:5; 2:22). താൻ പ്രസംഗിച്ചതിൽനിന്നു വ്യതിരിക്തമായ സുവിശേഷം പ്രസംഗിക്കുന്ന വ്യാജപ്രബോധകരെ പൗലോസ് അപലപിക്കുന്നുണ്ട് (2 കോറി 11:4; ഗലാ 1:1–11; 1 തിമോ 4; 2 തിമോ 2:17). പൗലോസിന്റെ ലേഖനങ്ങളിൽ സുവിശേഷം എന്ന പദം വ്യത്യസ്തമായ അർത്ഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് എന്നാണ് ഈ വിവരണങ്ങൾ വ്യക്തമാക്കുന്നത്.

എന്നാൽ, ആദിമസഭയിൽ തന്നെ യേശുവിന്റെ രക്ഷാകരസംഭവത്തിന്റെ ലിഖിതരൂപങ്ങളെ 'സുവിശേഷം' എന്ന് വിളിച്ചു തുടങ്ങിയിരുന്നു (*Didache* 15:3; 2 *Clement* 8:5). സുവിശേഷങ്ങൾ എന്ന ബഹുവചന രൂപം ആദ്യമായി ഉപയോഗിക്കുന്നത് രക്തസാക്ഷിയായ ജസ്റ്റിനാണ് (*Apol*. 66:3). സുവിശേഷങ്ങൾ യേശുവിന്റെ ജീവചരിത്രവിവരണങ്ങളല്ല. ഓരോ സുവിശേഷകനും തന്റേതായ വീക്ഷണത്തിലൂടെ ക്രിസ്തുസംഭവം അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. അപ്പസ്തോലന്മാരുടെ കാലത്ത് സുവിശേഷഗ്രന്ഥങ്ങളുടെ ആവശ്യമില്ലായിരുന്നു. കാരണം, അവർ ക്രിസ്തുസംഭവത്തിന് സജീവസാക്ഷികളായിരുന്നു. എന്നാൽ, അപ്പസ്തോലന്മാരുടെ കാലശേഷം പിൻതലമുറകൾക്കായി ക്രിസ്തുസംഭവം എഴുതി സൂക്ഷിക്കേണ്ടത് ഒരാവശ്യമായി മാറി. സഭ ലോകമെങ്ങും വ്യാപിച്ചുതുടങ്ങിയതും ലിഖിതരൂപത്തിലുള്ള സുവിശേഷങ്ങളുടെ ആവശ്യകത വർദ്ധിപ്പിച്ചു. ഇത്തരം ലക്ഷ്യത്തോടെയാണ് താൻ സുവിശേഷമെഴുതുന്നതെന്ന് ലൂക്കാ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ലൂക്കാ 1:1–4). രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി നാലു സുവിശേഷങ്ങളും സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടു. സുവിശേഷങ്ങൾ അപ്പസ്തോലന്മാരുടെ കാലത്തു രൂപംകൊണ്ടതാണെന്നു സഭാപിതാക്കന്മാരായ അലക്സാണ്ട്രിയായിലെ ക്ലെമെന്റ്, തെർത്തുല്യൻ, പപ്പിയാസ്, ഇറണേവൂസ് തുടങ്ങിയവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**സുവിശേഷങ്ങളുടെ രൂപീകരണം:** സുവിശേഷങ്ങളിൽ വിവരിക്കപ്പെടുന്ന സംഭവങ്ങൾ ലിഖിതരൂപത്തിലാകുംമുമ്പ് വാചിക പാരമ്പര്യത്തിലാണ് നിലനിന്നിരുന്നത്. യേശു ഒരു പ്രബോധകനായിരുന്നു. തന്റെ ശിഷ്യന്മാർക്ക് ദൈവികതയുടെ രഹസ്യങ്ങളും വെളിപാടുകളുടെ അന്തരാർത്ഥവും യേശു പറഞ്ഞുകൊടുത്തു. എന്നാൽ, അവിടുന്ന് യാതൊന്നും എഴുതിവച്ചിരുന്നില്ല. യേശു തന്റെ ശിഷ്യന്മാരെ പലകാര്യങ്ങളും പഠിപ്പിച്ചത് രഹസ്യമായിട്ടാണ് (മർക്കോ 4:34). യേശുവിന്റെ മരണത്തിന് ദീർഘനാളുകൾക്കുശേഷവും അപ്പസ്തോലന്മാരുടെ മനസ്സിൽ യേശുവിന്റെ വചനങ്ങൾ പച്ചപിടിച്ചുനിന്നിട്ടുണ്ടാവണം. സുവിശേഷങ്ങളുടെ രൂപീകരണത്തെക്കുറിച്ച് വളരെ സൂക്ഷ്മവും വിശദവുമായ പഠനങ്ങൾ നടന്നിട്ടുണ്ട്.





രൂപവിമർശകരുടെ (Form critics) അഭിപ്രായത്തിൽ സുവിശേഷങ്ങൾ യേശുവിന്റെ ജീവിതത്തെക്കുറിച്ചുള്ള സാക്ഷ്യങ്ങളല്ല. മറിച്ച്, അത് ആദിമസഭയ്ക്ക് യേശുവിനെക്കുറിച്ചുണ്ടായിരുന്ന വിശ്വാസത്തിന്റെ സാക്ഷ്യങ്ങളാണ്. സുവിശേഷ സംഭവങ്ങളുടെ ജീവിതപശ്ചാത്തലം കണ്ടെത്തുക എന്നത് തികച്ചും ദുഷ്കരമാണ്. എന്നാൽ, ക്രിസ്തു സംഭവത്തിന് ദൃക്സാക്ഷികളായിരുന്നവരുടെ ജീവിതകാലത്തുതന്നെയാണ് സുവിശേഷങ്ങൾ രൂപപ്പെട്ടത് എന്ന വസ്തുത വിസ്മരിച്ചുകൂടാ. തന്മൂലം സുവിശേഷങ്ങളിൽ വിവരിക്കുന്ന സംഭവങ്ങൾ ഗ്രന്ഥകാരന്റെ ഭാവനയിൽ വിരിഞ്ഞതല്ല എന്നു വ്യക്തമാണ്. ആദിമസഭയുടെ ആവശ്യത്തിനനുസൃതമായാണ് സുവിശേഷങ്ങൾ രൂപപ്പെട്ടത് എന്ന വാദം രൂപവിമർശകർ ഉയർത്താറുണ്ട്. എന്നാൽ, ഈ വാദഗതി അടിസ്ഥാനരഹിതമാണ്. സുവിശേഷങ്ങളിൽ രേഖപ്പെടുത്തപ്പെട്ട തത്ത്വങ്ങൾക്കനുസരിച്ച് സഭ വളരുകയായിരുന്നു; അല്ലാതെ, സഭയുടെ തത്ത്വങ്ങൾക്കനുസരിച്ച് സുവിശേഷം രൂപീകരിക്കപ്പെടുകയായിരുന്നില്ല. ആദിമസഭയിലെ സുപ്രധാനപ്രശ്നങ്ങളായിരുന്ന വിജാതീയരുടെ സഭാ പ്രവേശനം, ഭക്ഷണനിയമങ്ങൾ, ഭാഷാവരത്തെക്കുറിച്ചുള്ള പ്രശ്നങ്ങൾ, സഭാഭരണം സംബന്ധിച്ച തർക്കങ്ങൾ എന്നിവയെക്കുറിച്ചൊന്നും സുവിശേഷങ്ങളിൽ പ്രത്യക്ഷത്തിൽ പരാമർശിക്കുന്നില്ല എന്നതുതന്നെയാണ് ഇതിനുള്ള ഏറ്റവും വലിയ തെളിവ്. കൂടാതെ, പുതിയ നിയമത്തിലെ ഇതരഗ്രന്ഥങ്ങളിൽ കാണപ്പെടാത്ത പല സവിശേഷതകളും സുവിശേഷങ്ങളിൽ കാണാനാവും. ഉദാഹരണമായി, യേശുവിനെ മനുഷ്യപുത്രൻ എന്ന് സംബോധനചെയ്യുന്നത്, ദൈവരാജ്യത്തെക്കുറിച്ചുള്ള പഠനങ്ങൾ ഉപമകളിലൂടെ പഠിപ്പിക്കുന്ന രീതി തുടങ്ങിയവയൊക്കെ സുവിശേഷങ്ങളിൽ മാത്രം കാണപ്പെടുന്നവയാണ്. സുവിശേഷങ്ങൾ ആദിമസഭയുടെ വിശ്വാസത്തിന്റെയും അനുഷ്ഠാനങ്ങളുടെയും സാക്ഷ്യം മാത്രമാണെന്ന രൂപ വിമർശകരുടെ വാദത്തെ ഈ വസ്തുതകൾ ഖണ്ഡിക്കുന്നു. കാരണം, ഇവ ആദിമസഭയുടെ വിശ്വാസത്തിന്റെ ഭാഗമായിരുന്നെങ്കിൽ പുതിയ നിയമത്തിലെ ഇതരഗ്രന്ഥങ്ങളിലും ആവർത്തിക്കപ്പെടുമായിരുന്നു. ഉത്ഥാനത്തിനു മുമ്പും പിമ്പുമുള്ള ചരിത്രങ്ങൾ തമ്മിൽ നിയതമായ വ്യത്യാസം ആദിമസഭയിൽത്തന്നെ നിലവിലുണ്ടായിരുന്നുവെന്നാണ് ഈ വസ്തുതകൾ വെളിവാക്കുന്നത്.

നിലവിലുള്ള സുവിശേഷങ്ങൾ പല ഘട്ടങ്ങളിലായി വിവിധ രചയിതാക്കളാൽ രൂപപ്പെട്ടുവന്നതാണ് എന്ന വാദവും വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം പലഘട്ടങ്ങളിലായി രൂപപ്പെടാനുള്ള കാലദൈർഘ്യം സുവിശേഷങ്ങളുടെ രൂപീകരണവും ക്രിസ്തുസംഭവങ്ങളും തമ്മിൽ ഇല്ലായിരുന്നു. ക്രിസ്തുസംഭവം കഴിഞ്ഞ് നാല്പതു വർഷങ്ങൾക്കുള്ളിൽ സുവിശേഷം എഴുതപ്പെട്ടു. തന്മൂലം രൂപവിമർശകർ കരുതുന്നതുപോലെ സുവിശേഷസംഭവങ്ങൾ അനേകം ഘട്ടങ്ങളിലെ വികാസപരിണാമങ്ങൾക്കു വിധേയമായ ശേഷമാണ് ഇന്നത്തെ രൂപത്തിൽ നിലവിൽ വന്നത് എന്നു കരുതാൻ ന്യായമില്ല. രൂപവിമർശനം ശക്തിപ്രാപിച്ചതോടെ സുവിശേഷങ്ങളുടെ വിശ്വാസ്യതയെ ചോദ്യംചെയ്യുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, സുവിശേഷങ്ങൾ വാചിക പാരമ്പര്യത്തിൽ നിലനി

ന്നിരുന്ന കാലഘട്ടത്തെക്കുറിച്ച് രൂപവിമർശകർ നടത്തുന്ന നിഗമനാത്മകമായ നിരൂപണങ്ങൾ ശരിയല്ല എന്നു വ്യക്തമാണ്.

സുവിശേഷങ്ങളുടെ വാചികരൂപം റബ്ബിമാരുടെയിടയിൽ നിലനിന്നിരുന്ന ശൈലിയിലാണു കൈമാറ്റം ചെയ്യപ്പെട്ടിരുന്നത് എന്നുകരുതുന്നതാണു കൂടുതൽ ശരി. റബ്ബിമാർ തങ്ങളുടെ ശിഷ്യന്മാർക്കു ദൈവവചനങ്ങൾ പറഞ്ഞുകൊടുത്തിരുന്നത് അതീവസൂക്ഷ്മതയോടും കൃത്യതയോടും കൂടിയാണ്. ഈ മാനദണ്ഡങ്ങൾ സുവിശേഷത്തിന്റെ വാചികപാരമ്പര്യത്തിലും പാലിക്കപ്പെട്ടിട്ടുണ്ട് എന്നു കരുതാം. ക്രിസ്തുസംഭവത്തിനു സാക്ഷ്യം വഹിച്ച ജനങ്ങളുടെയിടയിലാണ് ഈ വാചികപാരമ്പര്യം നിലനിന്നിരുന്നത് എന്നതും ചുരുങ്ങിയകാലത്തിനുള്ളിൽ ഇവ ലിഖിതരൂപത്തിലായി എന്നതും സുവിശേഷത്തിന്റെ വിശ്വാസ്യതയ്ക്കു മാറ്റുകൂട്ടുന്നു. എങ്കിലും യേശുവിന്റെ മരണത്തിനും സുവിശേഷങ്ങൾ ലിഖിതരൂപത്തിലാകുന്നതിനുമിടയിലുള്ള കാലഘട്ടത്തിലെ ആദിമസഭയുടെ വിശ്വാസം സുവിശേഷങ്ങളുടെ രൂപീകരണത്തിൽ സാരമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന രൂപവിമർശകരുടെ വാദം പൂർണ്ണമായും നിരാകരിക്കാനാവില്ല. പുതിയതായി വിശ്വാസം സ്വീകരിക്കുന്നവരെ ക്രിസ്തുവിനെക്കുറിച്ചും ക്രിസ്തുവിന്റെ പ്രബോധനങ്ങളെക്കുറിച്ചും പഠിപ്പിക്കുവാനായി സുവിശേഷത്തിന്റെ നിയതമായ ഒരു വാചികരൂപം നിലവിലുണ്ടായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. എന്നാൽ, സുവിശേഷങ്ങളുടെ ചരിത്രപരതയെ ചോദ്യം ചെയ്യുകയും വിശ്വാസത്തിന്റെ വിഷയമായ ക്രിസ്തുവിനെയും ചരിത്രത്തിൽ ജീവിച്ച യേശുവിനെയും തമ്മിൽ വേർതിരിച്ചുകാണുകയും ചെയ്യുന്ന പ്രവണതയെയാണു ചോദ്യം ചെയ്യുന്നത്. സുവിശേഷങ്ങളെ ആദിമസഭയുടെ സൃഷ്ടിയായി കരുതി ആക്ഷേപിക്കുമ്പോഴും ആദിമസഭ ക്രിസ്തുസംഭവത്തിന്റെ തുടർച്ചയാണെന്ന സത്യം രൂപവിമർശകർ മറക്കുകയാണ്. ആദിമസഭയിലെ അപ്പസ്തോലന്മാരുടെ സാക്ഷ്യങ്ങളെക്കാൾ തങ്ങളുടെ ഭാവനയിൽ വിരിഞ്ഞ സിദ്ധാന്തങ്ങൾക്കു പ്രാധാന്യം നല്കുന്ന രീതി അംഗീകരിക്കാനാവില്ല.

ചുരുക്കത്തിൽ, ലിഖിതരൂപത്തിലാകുംമുമ്പ് സുവിശേഷങ്ങൾ വാചികരൂപത്തിലാണു നിലനിന്നിരുന്നത്. ഈ വാചികരൂപം പ്രധാനമായും പുതിയതായി വിശ്വാസം സ്വീകരിച്ചിരുന്നവരുടെ വിശ്വാസപരിശീലനത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. ആദിമസഭയിലെ ആചാരാനുഷ്ഠാനങ്ങൾക്കു ന്യായീകരണം നല്കുവാൻവേണ്ടിമാത്രം എഴുതപ്പെട്ടവയാണ് സുവിശേഷങ്ങൾ എന്ന രൂപവിമർശകരുടെ വാദം അടിസ്ഥാനരഹിതമാണ്.

പൊന്തിഫിക്കൽ ബൈബിൾ കമ്മീഷന്റെ പഠനമനുസരിച്ചു സുവിശേഷങ്ങളുടെ രൂപീകരണത്തിൽ മൂന്നുതലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

1. യേശു അപ്പസ്തോലന്മാരെ പഠിപ്പിച്ചവ. ഉപമകളും യേശുവിന്റെ സുപ്രധാന പഠനങ്ങളും ഈ ഗണത്തിൽപ്പെടുന്നവയാണ്. യേശുവിന്റെ തനതുഭാഷയായ അരമായയുടെ അനുരണനങ്ങളും ഈ ഭാഗത്തു കാണാം (തലീത്താ കുമി-മർക്കോ 5:41; ആബാ-14:36; ഏലി, ഏലിലമാ ശബക്ത്താനി-15:34).

2. വാചികപാരമ്പര്യത്തിലൂടെ രൂപംകൊണ്ടവ. എ.ഡി. 30-നും 60-നും ഇടയ്ക്കുള്ള കാലഘട്ടത്തിലാണിവ രൂപംകൊണ്ടത്. ക്രിസ്തുസംഭവത്തിലെ വിവിധ ആഖ്യാനങ്ങളെ ജീവിതസാഹചര്യങ്ങളുടെയും ആവശ്യങ്ങളുടെയും (Sitz in Leben) വെളിച്ചത്തിൽ ക്രോഡീകരിച്ചു എന്നതാണ് ഈ ഘട്ടത്തിലെ പ്രത്യേകത. ഉദാഹരണമായി, പീഡാനുഭവചരിത്രവും വിവിധ കൂദാശകളെക്കുറിച്ചുള്ള പഠനവും രോഗശാന്തി വിവരണങ്ങളും ആരാധനാക്രമപരമായ ആവശ്യങ്ങൾക്കുവേണ്ടി ക്രോഡീകരിക്കപ്പെട്ടതാണ്; ഗിരിപ്രഭാഷണം (മത്താ 5:1-7:30), പ്രലോഭനങ്ങൾ (ലൂക്കാ 4) എന്നിവ മതപ്രബോധനപരമായ ആവശ്യങ്ങളെ മുൻനിർത്തിയും അപ്പസ്തോലന്മാരെ അയയ്ക്കുന്നത് സംബന്ധിച്ച വിവരങ്ങൾ (മത്താ 10; ലൂക്കാ 9-10) സഭയുടെ പ്രേഷിതദൗത്യത്തിന് പ്രാധാന്യം നല്കുവാനും ക്രോഡീകരിക്കപ്പെട്ടതാണ്. യഹൂദരും ക്രൈസ്തവരും തമ്മിൽ വളർന്നുവന്ന ശത്രുതയുടെ പശ്ചാത്തലത്തിലായിരിക്കാം, യേശുവും യഹൂദരും തമ്മിലുള്ള വാഗ്വാദങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ രൂപംകൊണ്ടത് (മത്താ 23; മർക്കോ 12).

3. സുവിശേഷകന്മാരുടെ രചനകൾ: മേല്പറഞ്ഞ വിവിധ സാഹചര്യങ്ങളുടെ (Sitz in Leben) പശ്ചാത്തലത്തിൽ രൂപംകൊണ്ട വിവരണങ്ങളെ സുവിശേഷകന്മാർ തങ്ങളുടെ ദൈവശാസ്ത്ര വീക്ഷണമനുസരിച്ച് ക്രോഡീകരിച്ചതിന്റെ ഫലമായിട്ടാണു സുവിശേഷകങ്ങളുടെ അഭിനവരൂപം നിലവിൽ വന്നത്. സുവിശേഷങ്ങളെ ലിഖിതരൂപത്തിലാക്കാൻ പ്രേരിപ്പിച്ച പല കാരണങ്ങളും ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്:

(i) കർത്താവിന്റെ രണ്ടാമത്തെ ആഗമനം ഉടനുണ്ടാകും എന്ന ആദിമക്രൈസ്തവരുടെ വിശ്വാസത്തെ തിരുത്തുക (ഉദാ. മത്താ 24:25; ലൂക്കാ 12:19). (ii) പ്രേഷിത പ്രവർത്തനങ്ങൾക്കായി വിവിധസ്ഥലങ്ങളിലേക്കു പോകുന്നവരുടെ സൗകര്യത്തിനുവേണ്ടി. (iii) ആദിമനൂറ്റാണ്ടിൽ വളർന്നുവന്ന പാഷണ്ഡതകൾക്കും യഹൂദരുടെ ഭാഗത്തുനിന്നുള്ള ആരോപണങ്ങൾക്കുമുള്ള മറുപടിയെന്ന നിലയിൽ. (iv) ശിഷ്യന്മാരുടെ കടമകളെയും ഉത്തരവാദിത്വങ്ങളെയും കുറിച്ച് വിശ്വാസികളെ അനുസ്മരിപ്പിക്കാൻവേണ്ടി (ഉദാ. മർക്കോ 8-10; മത്താ 18; ലൂക്കാ 9:51-19:46). (v) സഭയിലെ അധികാരികൾക്കുള്ള മാർഗ്ഗനിർദ്ദേശമെന്നനിലയിൽ (മത്താ 18; മർക്കോ 10).

സുവിശേഷങ്ങളുടെ രൂപീകരണത്തിൽ താഴെപ്പറയുന്ന ക്രമമാണ് അനുവർത്തിക്കപ്പെട്ടതെന്ന് അനുമാനിക്കാം.

1. പീഡാനുഭവത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള വിവരണങ്ങൾ.
2. ജറുസലേമിലേക്കുള്ള യാത്ര.
3. ഗലീലിയിലെ പ്രവർത്തനങ്ങൾ.
4. സ്നാപകയോഹന്നാന്റെ പ്രഭാഷണവും യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭവും.

ഈ നാലുഭാഗങ്ങളെ ദൈവശാസ്ത്രവീക്ഷണങ്ങൾക്കനുസൃതം ക്രോഡീകരിച്ചു എന്നതിനാലാണു സുവിശേഷകന്മാരുടെ അനന്യത അടങ്ങിയിരിക്കുന്നത്.

## സുവിശേഷ രൂപീകരണത്തിലെ വിവിധ ഘട്ടങ്ങൾ

യേശുവിന്റെ ജീവിതകാലത്ത് സംഭവിച്ചതും സംസാരിച്ചതുമായ കാര്യങ്ങളുടെ സമാഹാരമായി വാചികരൂപത്തിലും ഭാഗികമായി ലിഖിത രൂപത്തിലും സുവിശേഷങ്ങളുടെ ആദിരൂപങ്ങളോ സുവിശേഷ ങ്ങൾക്കുറവിടമായി വർത്തിച്ച പാരമ്പര്യങ്ങളോ രൂപംകൊള്ളുന്നതാണ് ആദ്യഘട്ടം. ക്രിസ്തുമത ത്തിന്റെ ആധാരശിലകളായ സുവിശേഷങ്ങൾ യഹൂദമതത്തിന്റെ പശ്ചാത്തലത്തിൽ യഹൂദനായിജനിച്ച യേശുവിനെ ക്കുറിച്ച് എഴുതപ്പെട്ടവയാണെന്നത് വിസ്മരിക്കാനാവില്ല. യേശു സംസാരിച്ചത് അരമായ ഭാഷയിലായിരുന്നു എന്നതും സ്മരണീയമാണ്. അതായത് യഹൂദമതത്തിന്റെ പരിപ്രേക്ഷ്യത്തിൽനിന്ന് ക്രിസ്തു മതത്തിന്റെ തനിമയിലേക്കുള്ള രൂപാന്തരീകരണവും അരമായയിൽനിന്ന് ഗ്രീക്കിലേക്കുള്ള ഭാഷാന്തരീകരണവും ഈ ഘട്ടത്തിൽ സംഭവിച്ചിട്ടുണ്ട് എന്ന് അനുമാനിക്കാം. ക്രിസ്തുസംഭവത്തിന്റെ ചരിത്രപരമായ നാൾവഴികളായിട്ടല്ല ആദ്യഘട്ടം മുതൽതന്നെ സുവിശേഷങ്ങൾ രൂപംകൊണ്ടത് എന്ന് കരുതാം. ക്രിസ്തുസംഭവത്തിന്റെ ചരിത്രപരമായ നാൾവഴികളായിട്ടല്ല ആദ്യഘട്ടം മുതൽതന്നെ സുവിശേഷങ്ങൾ രൂപം കൊണ്ടത്.

ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യങ്ങളുടെ സമാഹാരമാണ് രണ്ടാംഘട്ടമായി അറിയപ്പെടുന്നത്. യേശുവിന്റെ പരസ്യജീവിത കാലത്തുതന്നെ ഇത്തരം ഒറ്റപ്പെട്ട സാക്ഷ്യങ്ങളുടെ സൂചനകൾ കാണാം (മർക്കോ 3:7-8; 5:19-20; 7:36; ലൂക്കാ 5:15). യേശുവിന്റെ മഹത്വീ കരണത്തിനുശേഷം അപ്പസ്തോലന്മാർ ക്രിസ്തുസംഭവത്തിനു സാക്ഷികളായി വലിയ ജനക്കൂട്ടങ്ങളോടു സംസാരിച്ചു തുടങ്ങി (അപ്പ 2:14-16; 11:19-20). ഇത്തരം സാക്ഷ്യങ്ങളെ ആധാരമാക്കിയാണ് സുവി ശേഷരൂപീകരണത്തിന്റെ രണ്ടാംഘട്ടം വികസിക്കുന്നത്. എ.ഡി. 30 മുതൽ ഈ ഘട്ടം ആരംഭിച്ചതായി അനുമാനിക്കാം. സാക്ഷ്യങ്ങളുടെ ഈ ഘട്ടത്തിൽ ക്രിസ്തുസംഭവത്തിന്റെ ചരിത്രപരത പരിരക്ഷിക്കുന്നതില്ല, ക്രിസ്തു സംഭവത്തിന്റെ രക്ഷാകരപ്രസക്തി പ്രഘോഷിക്കുന്നതിലാണ് ശിഷ്യന്മാർ ശ്രദ്ധവച്ചത്. അതിനാൽതന്നെ ശ്രോതാക്കളുടെ അനായാസ ഗ്രഹണത്തിനാവശ്യമായ സാംസ്കാരികവും സാമൂഹികവും രാഷ്ട്രീ യവും ഭാഷാപരവുമായ അനുരൂപണങ്ങൾ ഈ ഘട്ടത്തിൽ സുവിശേഷ രൂപീകരണത്തെ സ്വാധീനിച്ചിട്ടുണ്ട്.

മൂന്നാമത്തെ ഘട്ടമായി പരിഗണിക്കപ്പെടുന്നത് സുവിശേഷ ഗ്രന്ഥങ്ങ ളുടെ രചനാഘട്ടമാണ്. നിലവിലുണ്ടായിരുന്ന വിവിധ പാരമ്പര്യങ്ങളെ ആധാരമാക്കിയും ക്രോഡീകരിച്ചും സുവിശേഷകന്മാർ തങ്ങളുടെ വായന ക്കാർക്ക് ഗ്രാഹ്യമായ രീതിയിൽ ക്രിസ്തുസംഭവം രേഖപ്പെടുത്തിയ ഘട്ടമാണിത്. ലൂക്കാ 1:1-4ൽ തന്റെ സുവിശേഷ രചനയ്ക്കായി നടത്തേണ്ടിവന്ന മുന്നൊരുക്കങ്ങളെക്കുറിച്ച് മൂന്നാമത്തെ സുവിശേഷകൻ നടത്തുന്ന പരാമർശങ്ങൾ ഈ ഘട്ടത്തിന്റെ യഥാർത്ഥ ചിത്രം വെളിപ്പെടുത്തുന്നുണ്ട്. ഈ സുവിശേഷകന്മാരിൽ ചിലരെങ്കിലും ക്രിസ്തു





സംഭവത്തിന്റെ ദൃക്സാക്ഷികളായിരുന്നില്ല. അവർ ക്രോഡീകരിച്ചതും രേഖപ്പെടുത്തിയതും ക്രിസ്തുരഹസ്യങ്ങളെക്കുറിച്ചുള്ള സമകാലിക സഭാസമൂഹത്തിന്റെ വിശ്വാസമായിരുന്നു എന്നത് ഏറെ ശ്രദ്ധാർ ഹമാണ്.

# സമാന്തര സുവിശേഷങ്ങളിലെ സമാനതകളും വ്യത്യാസങ്ങളും (സമവീക്ഷണ പ്രശ്നം)

സമവീക്ഷണ സുവിശേഷങ്ങളിലെ (മത്തായി, മർക്കോസ്, ലൂക്കാ) വിവ രണങ്ങളിലുള്ള ഐക്യരൂപ്യവും വ്യത്യാസവുമാണ് സമവീക്ഷണ പ്രശ്ന ത്തിന്റെ ഉള്ളടക്കം. ഈ മൂന്നു സുവിശേഷങ്ങളിലെ വിവരണങ്ങൾ തമ്മിൽ ഒട്ടേറെ സാമ്യങ്ങളുണ്ട്. തന്മൂലം, ഇവയിൽ ഒരെണ്ണത്തിനെ മറ്റു രണ്ടെണ്ണങ്ങളും മാനദണ്ഡമാക്കിയിട്ടുണ്ടെന്നു ന്യായമായും സംശയിക്കാം. ഈ മൂന്നു സുവിശേഷങ്ങളിൽ മൗലികമായിട്ടുള്ളത് അഥവാ ആദ്യം എഴു തപ്പെട്ടത് ഏതെന്നു കണ്ടെത്തുകയാണ് പ്രശ്നത്തിന്റെ ആദ്യഘട്ടം. രണ്ടാംഘട്ടമാകട്ടെ ഇവയിലെ വിവരണങ്ങൾ തമ്മിലുള്ള വ്യത്യാസ ത്തിന്റെ കാരണങ്ങൾ കണ്ടെത്തുക എന്നതാണ്. ഈ രണ്ടു പ്രശ്നങ്ങളും പരസ്പരാശ്രിതങ്ങളാകയാൽ അവയെക്കുറിച്ചുള്ള വിശകലനങ്ങളും സംയുക്തമായി മാത്രമേ നടത്താനാവൂ.

## സമാനതകളും വ്യത്യാസങ്ങളും

മർക്കോസിന്റെ സുവിശേഷത്തിൽ ആകെയുള്ള 661 വാക്യങ്ങളിൽ 80% മത്തായിയുടെ സുവിശേഷത്തിലും 65% ലൂക്കായുടെ സുവിശേഷ ങ്ങളിലും ആവർത്തിക്കപ്പെടുന്നുണ്ട്. മൂന്നു സുവിശേഷങ്ങളിലും പൊതു വായി കാണപ്പെടുന്നവയെ 'പാരമ്പര്യത്രയം' എന്നുവിളിക്കാം. മത്തായി യുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ മാത്രം പൊതുവായി കാണപ്പെടുന്നതും മർക്കോസിന്റെ സുവിശേഷത്തിൽ ഇല്ലാത്തതുമായ 220 വാക്യങ്ങളുണ്ട്. ഇവയെ 'പാരമ്പര്യദ്വയം' എന്ന് നാമകരണം നട ത്താം. മൂന്നു സുവിശേഷങ്ങളിലെ വിവരണങ്ങളിലുള്ള സമാനതകൾ ചുവടെ ചേർക്കുന്നു. (വിഖ്യാത ലുവെയ്ൻ ബൈബിൾ പണ്ഡിതനായ ഫ്രാൻസ് നെയ്രിങ്കിന്റെ വിശകലനത്തെ ആധാരമാക്കിയാണ് സമവീ ക്ഷണപ്രശ്നത്തിലെ പട്ടികകൾ തയ്യാറാക്കിയിരിക്കുന്നത്, *NJBC*: 587-595 കാണുക).

**1. പാരമ്പര്യത്രയത്തിലെ വിവരണങ്ങളുടെ ക്രമം:** മർക്കോസിന്റെ സുവി ശേഷത്തിലെ വിവരണക്രമം തന്നെയാണ് മറ്റു രണ്ടു സുവിശേഷകന്മാരും അടിസ്ഥാനപരമായി അനുവർത്തിച്ചിരിക്കുന്നത് (പട്ടിക 1 കാണുക).

**പട്ടിക - 1**

| മത്തായി | മർക്കോസ് | ലൂക്കാ | |
|---|---|---|---|
| പ്രാരംഭ പ്രവർത്തനങ്ങൾ | 3:1-4:1 | 1:1-13 | 3:1-43 |
| ഗലീലിയിലെ പ്രവർത്തനങ്ങൾ | 4:12-18:35 | 1:14-9:50 | 4:14-9:50 |
| ജറുസലേമിലേക്കുള്ള യാത്ര | 19:1-20:34 | 10:1-52 | 9:51-19:28 |
| ജറുസലേമിലെ പ്രവർത്തനങ്ങൾ | 21-25 | 11-13 | 19:29-21:38 |
| പീഡാനുഭവം | 26-27 | 14-15 | 22-23 |
| ഉത്ഥാനം | 28 | 16 | 24 |

മർക്കോസിന്റെ സുവിശേഷത്തിന്റെ ക്രമത്തിൽനിന്ന് മത്തായി ഒരു സംഭവം ഒഴിവാക്കിയാൽ ലൂക്കാ ആ സംഭവം തന്റെ സുവിശേഷത്തിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്; ലൂക്കാ ഒഴിവാക്കുന്ന സംഭവങ്ങൾ മത്തായിയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, മത്തായി തന്റെ സുവിശേഷത്തിൽ മർക്കോസിന്റെ ക്രമം അനുവർത്തിക്കുന്നതുപോലെയല്ല ലൂക്കാ തന്റെ സുവിശേഷത്തിൽ മർക്കോസിന്റെ ക്രമം അനുവർത്തിക്കുന്നത്. ഇതിനു പല കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടെങ്കിലും മത്തായിയും ലൂക്കായും തങ്ങളുടെ തനതായ ദൈവശാസ്ത്രവീക്ഷണങ്ങൾക്കനുസൃതമായി മർക്കോസിന്റെ ക്രമത്തെ അനുരൂപപ്പെടുത്തിയതാണെന്നു കരുതുന്നതാണ് കൂടുതൽ ശരി. മത്തായിയും ലൂക്കായും മർക്കോസിന്റെ സുവിശേഷത്തെ തങ്ങളുടെ തനതായ ശൈലിയിൽ അനുരൂപപ്പെടുത്തിയിട്ടുണ്ടെന്ന് തുടർന്നു ചേർക്കുന്ന പഠനത്തിൽനിന്നു വ്യക്തമാകും.

## മർക്കോസിന്റെ ക്രമം മത്തായിയുടെ സുവിശേഷത്തിൽ

മത്തായിയുടെ സുവിശേഷത്തിലെ 4:23-13:58 വരെയുള്ള ഭാഗത്താണ് മർക്കോസിന്റെ ക്രമത്തിൽനിന്ന് മത്തായി മാറ്റം വരുത്തിയിരിക്കുന്നത്. 14:1-28:20 വരെയുള്ള ഭാഗത്ത് മർക്കോസിന്റെ ക്രമം അതേപടി അനുവർത്തിച്ചിരിക്കുകയാണ്. മത്താ 3:1-4:22 വരെയുള്ള ഭാഗത്ത് മർക്കോ 1:1-20 ലെ ക്രമംതന്നെയാണ് പിന്തുടർന്നിരിക്കുന്നത് (പട്ടിക 2 കാണുക).

**പട്ടിക - 2**

| | *മത്തായി* | *മർക്കോസ്* |
|---|---|---|
| സ്നാപകയോഹന്നാൻ | 3:1-12 | 1:1-8 |
| യേശുവിന്റെ മാമ്മോദീസ | 3:13-17 | 1:9-11 |
| പ്രലോഭനം | 4:1-11 | 1:12-13 |
| ഗലീലിയിലെ പ്രഭാഷണങ്ങൾ | 4:12-17 | 1:14-15 |
| ആദ്യത്തെ ശിഷ്യന്മാർ | 4:18-22 | 1:16-20 |





മത്താ 14:1 മുതൽ 28:20 വരെയുള്ള ഭാഗത്തും മർക്കോസിന്റെ സുവിശേഷത്തിലെ ക്രമംതന്നെയാണ് അനുവർത്തിച്ചിരിക്കുന്നത് (മർക്കോ 6:14-16:8). സംഭവങ്ങളുടെ ക്രമത്തിൽ മാറ്റംവരുത്തിയിട്ടില്ലെങ്കിലും പ്രസ്തുത സംഭവങ്ങളുടെ വിവരണങ്ങളിൽ ചില വ്യതിയാനങ്ങളുണ്ട് (പട്ടിക 3 കാണുക).

**പട്ടിക - 3**

| | *മത്തായി* | *മർക്കോസ്* |
|---|---|---|
| പാരമ്പര്യത്തെക്കുറിച്ച് തർക്കം | 15:3-6 | |
| | 15:7-9 | 7:6-8 |
| | | 7:9-13 |
| വിവാഹമോചനത്തെ | 19:4-6 | |
| ക്കുറിച്ചുള്ള പ്രശ്നം | 19:7-8 | 10:3-5 |
| | | 10:6-9 |
| ദേവാലയ ശുദ്ധീകരണം | 21:12-13(14-17) | |
| | 21:18-19 | 11:12-14 |
| | | 11:15-17 |
| | | (18-19) |

മത്താ 4:23 മുതൽ 13:58 വരെയുള്ള ഭാഗത്ത് മർക്കോ 1:21 മുതൽ 6:13 വരെയുള്ള സംഭവങ്ങളാണ് വിവരിക്കുന്നതെങ്കിലും അവയുടെ ക്രമത്തിൽ സാരമായ വ്യത്യാസം വരുത്തിയിട്ടുണ്ട് (പട്ടിക 4 കാണുക).

സംഭവങ്ങളുടെ വിവരണത്തിൽ മാത്രമല്ല സംഗ്രഹവാക്യങ്ങളുടെ (Summary Statements) കാര്യത്തിൽപ്പോലും മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷങ്ങൾ തമ്മിൽ സാമ്യമുണ്ട്.

**പട്ടിക - 4**

| മത്തായി | മർക്കോസ് |
|---|---|
| 3:1-4:22 | 1:1-20 |
| (4:23-25; 5:1-2) | (1:21) |
| 7:28-29 | 1:22 |
| 8:2-4 | |
| 8:14-17 | 1:29-34 |
| | 1:40-45 |
| 8:18-34 | |
| 9:1-17 | 2:1-22 |
| 9:18-26 | |
| 9:35 | |
| 10:1-16 | |
| 12:1-16 | 2:23-3:12 |
| | 3:16-19 |
| 12:24-32 | 3:22-30 |
| 12:46-50 | 3:31-35 |
| 13:1-35 | 4:1-34 |
| | 4:35-5:20 |
| | 5:21-43 |
| 13:53-58 | 6:1-6a |
| | 6:6b |
| | 6:7-11 |

| | | |
|---|---|---|
| മത്താ 4:23 | = | മർക്കോ 1:39 |
| മത്താ 4:24a | = | മർക്കോ 1:28 |
| മത്താ 4:24b | = | മർക്കോ 1:32,34 |
| മത്താ 4:2 | = | മർക്കോ 3:7-8 |
| മത്താ 5:1 | = | മർക്കോ 3:13 |
| മത്താ 5:2 | = | മർക്കോ 1:21 |

മത്തായിയുടെ സുവിശേഷത്തിന്റെ ആദ്യഭാഗത്ത് (4:23-13:58) മർക്കോസിന്റെ സുവിശേഷത്തിലെ വിവരണങ്ങൾ തന്നെയാണുള്ളതെങ്കിലും അവയുടെ ക്രമത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടെന്ന് മുകളിൽ ചേർത്തിരിക്കുന്ന പട്ടികയിൽനിന്ന് വ്യക്തമാണല്ലോ. ഈ ഭാഗത്ത് ഉറവിടദ്വയത്തിൽനിന്നുള്ള വിവരണങ്ങളും മർക്കോസിന്റെ സുവിശേഷത്തിൽനിന്നുള്ള വിവരണങ്ങളും ഇടകലർത്തിയാണ് മത്തായി ഉപയോഗിക്കുന്നതെന്ന് അനുമാനിക്കാം. കാരണം, ഈ ഭാഗത്തിനു സമാനമായ ലൂക്കായുടെ വിവരണങ്ങളിൽ മത്തായിയുടെ സുവിശേഷത്തിലെ ക്രമംതന്നെയാണ് അനുവർത്തിച്ചിരിക്കുന്നത് (പട്ടിക 5 കാണുക).

**പട്ടിക - 5**

| *മത്തായി* | *ലൂക്കാ* |
|---|---|
| 5-7 | 6:20-49 |
| 8:5-13 | 7:1-10 |
| 8:19-22 | 9:57-60 ശിഷ്യന്മാരെ വിളിക്കുന്നു |
| 9:37-10;16,40 | 10:2-12,16 ശിഷ്യന്മാരെ അയയ്ക്കുന്നു |
| 11:2-19 | 7:18-35 സ്നാപകയോഹന്നാനുള്ള മറുപടി |
| 11:21-24 | 10:13-15 |
| 11:25-27 (28-30) | 10:21-22 |

മത്താ 4:23-11:1 വരെയുള്ള ഭാഗത്ത് യേശുവിന്റെ പ്രബോധനങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഈ ഭാഗം മത്തായിയുടെ തനതു സൃഷ്ടിയാകാനാണ് സാധ്യത. മർക്കോസിന്റെയും ലൂക്കായുടെയും വിവരണങ്ങളിലെ ക്രമം ഈ ഭാഗത്ത് അനുവർത്തിക്കാത്തതിന്റെ കാരണവും ഇതായിരിക്കാം.

### മർക്കോസിന്റെ ക്രമം ലൂക്കായുടെ സുവിശേഷത്തിൽ

മർക്കോസിന്റെ സുവിശേഷത്തിലെ ക്രമംതന്നെയാണ് ലൂക്കായുടെ സുവിശേഷത്തിലുടനീളം അനുവർത്തിച്ചിരിക്കുന്നത്. എന്നാൽ, മർക്കോസിന്റെ സുവിശേഷത്തിലെ വിവരണങ്ങൾക്കിടയിൽ ലൂക്കാ തന്റെ തനത് ഉറവിടത്തിൽനിന്ന് ശേഖരിച്ച വിവരണങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

മർക്കോസിന്റെ സുവിശേഷത്തിലെ വിവരണക്രമംതന്നെ അടിസ്ഥാനമായി സ്വീകരിക്കുമ്പോഴും പ്രസ്തുതക്രമത്തിൽ തന്റെ ദൈവശാസ്ത്രവീക്ഷണത്തിന് അനുയോജ്യമായ മാറ്റങ്ങൾ വരുത്താൻ ലൂക്കാ ശ്രദ്ധി





ച്ചിട്ടുണ്ടെന്ന് ഈ വിവരണത്തിൽനിന്ന് വ്യക്തമാകും. ഉദാഹരണമായി മർക്കോ 6:1-6-ൽ വിവരിക്കുന്ന നസ്രത്ത് സംഭവം ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന്റെ പരസ്യജീവിതത്തിന്റെ ഉദ്ഘാടനമുഹൂർത്തമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത് (ലൂക്കാ 4:16-30). മർക്കോസിന്റെ വിവരണത്തിലുള്ള സംഭവങ്ങൾ ലൂക്കായുടെ വിവരണങ്ങളിൽ കാണപ്പെടുന്നില്ലെങ്കിൽ, അത് ഒഴിവാക്കിയതായിരിക്കണമെന്നില്ല. കാരണം, പ്രസ്തുത സംഭവത്തിന് സമാനമായ സംഭവങ്ങൾ ലൂക്കായുടെ തനത് ഉറവിടത്തിൽനിന്നു ശേഖരിച്ച് പകരമായി ഉപയോഗിച്ചിട്ടുള്ള സന്ദർഭങ്ങളുണ്ട്. മറ്റുചില സന്ദർഭങ്ങളിൽ, മർക്കോസിന്റെ വിവരണങ്ങളിലെ സംഭവങ്ങൾ മറ്റൊരു സന്ദർഭത്തിൽ ലൂക്കാ ഉൾപ്പെടുത്തിയിട്ടുള്ളതിനാലാകാം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന പട്ടികയിൽനിന്ന് വ്യക്തമാകും.

മർക്കോസിന്റെ സുവിശേഷത്തിലെ ക്രമത്തിൽനിന്ന് ഉപേക്ഷിച്ചിട്ടുള്ളവയും സ്ഥാനം മാറ്റി ഉപയോഗിച്ചിട്ടുള്ളതുമായ, ലൂക്കായുടെ സുവിശേഷത്തിലെ ഭാഗങ്ങൾക്ക് പട്ടിക 6 കാണുക.

**പട്ടിക - 6**

| *മർക്കോസ്* | *ലൂക്കാ* | *ലൂക്കാ കൂട്ടിച്ചേർത്ത ഭാഗങ്ങൾ* |
|---|---|---|
| 1:1-15 | 3:1-4:15 | 4:16-30 (നസ്രത്ത് സംഭവം - cfr. മർക്കോ 6:1-6) |
| 1:21-39 | 4:31-44 | 5:1-11 (ശിമയോൻ പത്രോസിനെ വിളിക്കുന്നു cfr. മർക്കോ 1:16-20). |
| 1:40-3:19 | 5:12-6:19 | 6:20-8:3 (ലൂക്കായുടെ തനത് ഉറവിടത്തിൽ നിന്നുള്ള ഹ്രസ്വഭാഗം) |
| 3:31-9:40 | 8:4-9:50 | 9:51-18:14 (ലൂക്കായുടെ തനത് ഉറവിടത്തിൽ നിന്നുള്ള ദീർഘമായ ഭാഗം) |
| 10:13-52 | 18:15-43 | 19:1-28 (സക്കേവൂസിന്റെ ഭവനത്തിൽ) |
| 11:1-13:37 | 19:29-21:38 | |
| 14:1-16:8 | 22:1-24:12 | |

മർക്കോസിന്റെ സുവിശേഷത്തിലെ 6:45 മുതൽ 8:26 വരെയുള്ള ഭാഗങ്ങളത്രയും ലൂക്കാ ഉപേക്ഷിച്ചിരിക്കുകയാണ്. ലൂക്കാ ഉപയോഗിച്ച മർക്കോസിന്റെ സുവിശേഷത്തിൽ ഈ ഭാഗം ഇല്ലാതിരുന്നതിനാലാണിത് എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ, ഈ വാദത്തിന് ഇന്ന് കാര്യമായ പിന്തുണയില്ല. തന്നെയുമല്ല, ഇവിടെ ഉപേക്ഷിക്കപ്പെട്ട വിവരണങ്ങളുടെ അനുരണനങ്ങൾ ലൂക്കായുടെ സുവിശേഷത്തിലെ തുടർന്നുള്ള ഭാഗങ്ങളിൽ കാണാനുമാവും (പട്ടിക 7 കാണുക).

**പട്ടിക – 7**

| മർക്കോസ് | ലൂക്കാ |
|---|---|
| 6:46 | 9:18 |
| 6:49–50 | 24:36–40 |
| 6:55–56 | 9:11 (cfr. അപ്പ 5:15–16) |
| 7:1–5 | 11:37–38 |
| 7:30 | 7:10 |
| 8:11 | 11:16,53–54 |
| 8:15 | 12:1 |

മർക്കോസിന്റെ സുവിശേഷത്തിലെ 6:45 മുതൽ 8:26 വരെയുള്ള ഭാഗത്തെക്കുറിച്ച് ലൂക്കായ്ക്ക് അറിവുണ്ടായിരുന്നു എന്നാണ് ഈ പട്ടിക വ്യക്തമാക്കുന്നത്.

മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിലെ വിവരണക്രമങ്ങൾ വിശകലനം ചെയ്തതിൽനിന്ന് മർക്കോസിന്റെ സുവിശേഷത്തിലെ വിവരണക്രമം തന്നെയാണ് ഈ രണ്ടു സുവിശേഷങ്ങളും അനുവർത്തിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. ഈ വസ്തുതയെ അവലംബമാക്കിയാണ് മർക്കോസിന്റെ സുവിശേഷമാണ് ആദ്യമായി എഴുതപ്പെട്ടതെന്ന വാദം കെ. ലാഖ്മാൻ എന്ന ബൈബിൾ പണ്ഡിതൻ 1835-ൽ ഉന്നയിച്ചത്. എന്നാൽ മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ മർക്കോസിന്റെ സുവിശേഷത്തിൽ കാണപ്പെടാത്ത പല വിവരണങ്ങളും കാണപ്പെടുന്നുണ്ട്. തന്മൂലം, മർക്കോസിന്റെ സുവിശേഷം ആദ്യം എഴുതപ്പെട്ടതാണെന്നും മറ്റു രണ്ടു സുവിശേഷങ്ങളും അതിനെ അവലംബമാക്കി എഴുതപ്പെട്ടതാണെന്നുമുള്ള നിഗമനം സമവീക്ഷണപ്രശ്നത്തിന് പൂർണ്ണമായ പരിഹാരമാകുന്നില്ല.

**2. പാരമ്പര്യദ്വയത്തിലെ വിവരണങ്ങൾ:**

മർക്കോസിന്റെ സുവിശേഷത്തിലില്ലാത്ത പല സംഭവങ്ങളും മത്തായിയുടെ സുവിശേഷത്തിലും ലൂക്കായുടെ സുവിശേഷത്തിലും പൊതുവായി കാണപ്പെടുന്നുണ്ട്. മർക്കോസിന്റെ സുവിശേഷത്തിനു പുറമേ മറ്റൊരുറവിടത്തെ ഈ സുവിശേഷകന്മാർ അവലംബമാക്കിയെന്ന വസ്തുതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ഈ ഉറവിടത്തെ 'Q ഉറവിടം' (Quelle) എന്നാണ് ബൈബിൾ പണ്ഡിതന്മാർ നാമകരണം ചെയ്തിരിക്കുന്നത്. മത്തായിയും ലൂക്കായും തങ്ങളുടെ സുവിശേഷരചനയ്ക്ക് അന്യോന്യം ആശ്രയിച്ചിട്ടില്ല എന്ന നിഗമനമാണ് Q ഉറവിടത്തെക്കുറിച്ചുള്ള ചർച്ചക്ക് പ്രസക്തി നൽകുന്നത്. ഇതിന് മൂന്നു കാരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും. (പട്ടിക 8 കാണുക).





**പട്ടിക 8**

| മർക്കോസിന്റെ സുവിശേഷത്തിലെ വിവരണങ്ങൾക്ക് പകരമായി ലൂക്കാ കൂട്ടിച്ചേർത്ത ഭാഗങ്ങൾ | | മർക്കോസിന്റെ സുവിശേഷത്തിലെ വിവരണങ്ങളിൽ നിന്ന് ലൂക്കാ സ്ഥാനംമാറ്റി ഉപയോഗിച്ചിരിക്കുന്നവ | |
|---|---|---|---|
| ലൂക്കാ | മർക്കോ | | ലൂക്കാ |
| 4:15 (4:16–30) | 1:16–20 | | 5:1–11 |
| 6:19 (6:20–8:3) | 3:20–35 | 22–26 | 11:15,17–18 |
| | | 27 | 11:21–22 |
| | | 28–29 | 12:10 |
| | | 31–35 | 8:19–21 |
| 8:18 (8:19–21) | 4:26–34 | 30–32 | 13:18–19 |
| 8:56/9:1 | 6:1–6 | | 4:16–30 |
| 9:9/10 | 6:17–29 | 17–18 | 3:19–20 |
| 9:17/18 | 6:45–8:26 | | |
| 9:22/23 | 8:32–33 | | |
| 9:36/37 | 9:11–13 | | |
| 9:43a/b | 9:28–29 | | |
| 9:50 (9:51–18:14) | 9:41–10:12 | 42 | 17:2 |
| | | 50a | 14:34 |
| | | 10:11 | 16:18 |
| 18:34/35 | 10:35–45 | 38 | 12:50 |
| | | 42–45 | 22:25–27 |
| 19:40 (19:41–44) | 11:12–14 | | (13:6–9) |
| 19:48/20:1 | 11:20–25 | 22–23 | 17:6 |
| | | 24 | (11:10) |
| | | 25 | (11:4) |
| 20:39/40 | 12:28–34 | | 10:25–28 |
| 21:24/25 | 13:21–23 | | 17:23 |
| 21:2/3 | 14:3–9 | | 7:36–50 |
| 22:53/54 | 14:51–52 | | |
| 22:66/67 | 14:56–61a | | (അപ്പ 6:13–14) |
| 23:25/26 | 15:16–20 | | 23:11 |

a. മർക്കോസിന്റെ സുവിശേഷത്തിലില്ലാത്തതും മത്തായിയും ലൂക്കായും പൊതുവായി വിവരിച്ചിരിക്കുന്നതുമായ വിവരണങ്ങൾ മറ്റൊരുറവിടത്തിൽ നിന്നായിരിക്കാം.

b. ഈ വിവരണങ്ങളിൽ തികച്ചും മൗലികമായത് ചിലപ്പോൾ മത്തായിയുടെ സുവിശേഷത്തിലും മറ്റു ചിലപ്പോൾ ലൂക്കായുടെ സുവിശേഷത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത്. മത്തായിയും ലൂക്കായും അന്യോന്യം ആശ്രയിച്ചല്ല സുവിശേഷരചന നടത്തിയതെന്ന് ഇതിൽനിന്ന് വ്യക്തമാക്കാം. ഈ വസ്തുതയും മറ്റൊരുറവിടത്തിന്റെ സാന്നിദ്ധ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

c. പാരമ്പര്യദ്വയത്തിലെ വിവരണങ്ങളിൽ മത്തായിയും ലൂക്കായും വ്യത്യസ്തക്രമങ്ങളാണ് പാലിക്കുന്നത്. ഈ രണ്ടു സുവിശേഷങ്ങൾ പരസ്പരാശ്രിതങ്ങളല്ലെന്നതിന് ഇതും തെളിവാണ്. മറ്റൊരുറവിടത്തെ ഈ രണ്ട് സുവിശേഷകന്മാരും അവലംബമാക്കിയിട്ടുണ്ടെന്ന നിഗമനത്തിലേക്കാണ് ഈ വാദഗതിയും ചെന്നെത്തുന്നത്.

## Q ഉറവിടം

സുവിശേഷങ്ങളുടെ ഉറവിടങ്ങൾ തേടി യുള്ള അന്വേഷണത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് Qഎന്ന പേരിൽ അറിയപ്പെടുന്ന യേശുവിന്റെ തിരുവചനങ്ങളുടെ സമാഹാരമാണ്. ഉറവിടം എന്നർത്ഥമുള്ള Quelle എന്ന ജർമ്മൻ വാക്കിന്റെ ആദ്യാക്ഷരം എന്ന നിലയിലാണ് ഈ സമാഹാരത്തിന് Q എന്ന പേരുലഭിച്ചത്. മത്തായുടെയും ലൂക്കായുടെയും തനത് ഉറവിടങ്ങളിലോ ഇല്ലാത്തുമായ വചനഭാഗങ്ങളെയാണ Q എന്ന് വിവക്ഷിക്കുന്നത്. യേശുവിന്റെ തിരുമൊഴികളുടെ (logia) സമാഹാരമായ Q വാചിക രൂപത്തിൽ മാത്രമല്ല ലിഖിതരൂപത്തിലും നിലവിലുണ്ടായിരുന്നു എന്നാണ് പൊതുവെ കരുതപ്പെടുന്നത്.

1838 ൽ സി. എച്ച് വൈസ് (C. H.Wessie) എന്ന ജർമ്മൻ പണ്ഡിതനാണ് Q ഉറവിടത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്. മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങൾ മർക്കോസിന്റെ സുവിശേഷത്തെയും യേശുവിന്റെ മൊഴികളുടെ സമാഹാരത്തെയും (Redenquelle) അവംലംബമാക്കി രചിക്കപ്പെട്ടതാണ് എന്നവാദമാണ് വൈസ് ഉയർത്തിയത്. വി. മത്തായി യേശുവിന്റെ തിരുമൊഴികളുടെ ഒരു സമാഹാരം ഹീബ്രുഭാഷയിൽ ശേഖരിച്ചതായി സഭാപിതാവായ പപ്പിയോാറ (എ.ഡി.60-120) രേഖപ്പെയുത്തിയിട്ടുള്ളതായി സഭാചരിത്രകാരനായ യൗസേബിയൂസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ പപ്പിയാസ് വിവക്ഷിക്കുന്ന വചനസമാഹാരമാണോ Q എന്നതിനെക്കുറിച്ച് പണ്ഡിതരുടെ ഇടയിൽ അഭിപ്രായാന്തരങ്ങളുണ്ട്. Q വിലെ വിവരണങ്ങൾ ഗ്രീക്കുഭാഷയിലാണ് എന്നതാണ് പപ്പിയാസിന്റെ വാദത്തിനെതിരായ ഏറ്റവും പ്രധാമായ വിയോജിപ്പ്. യേശുവിന്റെ വചനസമാഹാരങ്ങൾ ആദിമസഭയിൽ മതബോധനാവശ്യങ്ങൾക്കുവേണ്ടി





രചിക്കപ്പെട്ടിരുന്നു എന്ന അനുമാനത്തെ സാധൂകരിക്കാനെങ്കിലും പപ്പിയാസിന്റെ പരാമർശം സഹായകമാണ്.

Q ലിഖിതരൂപത്തിലുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് അതിന്റെ കയ്യെഴുത്തു പ്രതികളിലൊന്നുപോലും ലഭ്യമല്ല എന്ന് തടസ്സവാദം ഉന്നയിക്കുന്നവരുണ്ട്. എന്നാൽ നാലാം നൂറ്റാണ്ടിനു മുമ്പുള്ള കയ്യെഴുത്തു പ്രതികളിലൊന്നുപോലും ലഭ്യമല്ല എന്ന് തടസ്സവാദം ഉന്നയിക്കുന്നവരുണ്ട്. എന്നാൽ നാലാം നൂറ്റാണ്ടിനുമുമ്പുള്ള കയ്യെഴുത്തു പ്രതികൾ ഒന്നുംതന്നെ ഇന്നു ലഭ്യമല്ല എന്നതിനാൽ Q വിന്റെ കയ്യെഴുത്തു പ്രതി ലഭ്യമല്ല എന്നതിൽ അതിശയകരമായി ഒന്നുമില്ല. Q വിന്റെ കയ്യെഴുത്തു പ്രതി ലഭ്യമല്ല എന്നതിൽ അതിശയകരമായി ഒന്നുമില്ല. Q വിന്റെ ഉള്ളടക്കം പൂർണ്ണമായുംതന്നെ മത്തായി, ലൂക്കാ സുവിശേഷങ്ങളിൽ ഉൾച്ചേർത്തിരിക്കുന്നതിനാൽ Q വിന്റെ പകർപ്പുകൾ സൂക്ഷിക്കുന്നത് അപ്രസക്തമായി വിശ്വാസികൾ കരുതിയിട്ടുണ്ടാകാം.

മത്തായിയും ലൂക്കായുമായുള്ള താരതമ്യത്തിലൂടെ Q വിന്റെ ഉള്ളടക്കം നിർണ്ണയിക്കാവുന്നതാണ്:

Q 6:20-23, സുവിശേഷഭാഗ്യങ്ങൾ

Q 11:26-4 കർതൃപ്രാർത്ഥന

Q 6:27-28, 35, ശത്രുവിനെ സ്നേഹിക്കുക

Q 6:29-30, പ്രതിഫലം പ്രതീക്ഷിതെനൽകുക

Q 6:31, സുവർണ്ണ നിയമം

Q 6:43-45, ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയുക

Q 12:4,7,28, ജീവിതത്തിന്റെ ക്ഷണികത

Q 12:33-34, സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിക്കുക

Q 12:22b-31, വയലിലെ കാക്കകളും ലില്ലിപ്പൂക്കളും

Q 44:24, കുരിശെടുത്ത് അനുഗമിക്കുക

Q 17:33, ജീവൻ നേടാനായി നഷ്ടപ്പെടുത്തുക

Q 13:18-19, കടുകുമണിയുടെ ഉപമ

Q 13:34-35, ജറുസലേമിന്റെ നാശം

Q 13:20, പുളിമാവിന്റെ ഉപമ

Q 14:16-23, വിരുന്നുശാലയിലെ ഉപദേശങ്ങൾ

Q 14:26, സ്വന്തം ഭവനത്തെ ഉപേക്ഷിക്കുക

Q 15:4-7, കാണാതായ ആട്

Q 15:8-10, കാണാതായ നാണയം

Q 17:33, പീഢാനുഭവത്തെക്കുറിച്ചുള്ള സൂചനകൾ

Q 19:12-26, (പത്തു) നാണയങ്ങളുടെ ഉപമ

Q 11:15-22, ബെൽസെ ബൂലിനെക്കുറിച്ചുള്ള വിവാദം

Q 3:16-17, വരാനിരുന്നവൻ യേശുവാണ്

Q 7:18–23, യോഹന്നാൻ സന്ദേശവാഹകരെ അയയ്ക്കുന്നു

Q 7:1–10, ശതാധിപന്റെ ഭൃത്യനു സൗഖ്യവും തുടർന്നുള്ള സംഭാഷണവും

Q 6:20–49, മലയിലെ പ്രസംഗം

Q 12:3, ചെവിയിൽ പറഞ്ഞതു പുരമുകളിൽ പറയുക

Q 22:30, ഇസ്രായേലിന്റെ 12 ഗോത്രങ്ങളെ വിധിക്കും

Q ഉറവിടം യഹൂദ ക്രൈസ്തവരുടെ യിടയിൽ രൂപംകൊണ്ടതാണ്. ഇതര ക്രൈസ്തവ രചനകളെല്ലാംതന്നെ വിജാതീയ ക്രൈസ്തവരേയും കൂടി വിഭാവനം ചെയ്തുകൊണ്ടു രചിക്കപ്പെട്ടതാണ്. Q ഉറവിടത്തെ എന്തുകൊണ്ടാണ് ആദിമ സഭ പരിരക്ഷിക്കാതിരുന്നത് എന്നതിന്റെ കാരണവും ഇവിടെ വ്യക്തമാണ്. Q ഉറവിടത്തിൽ യേശുവിന്റെ പ്രബോധനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത്ഭുതവിവരണങ്ങളോ പീഢാനുഭവ വിവരണങ്ങളോ ഇല്ലാത്തതിനാൽ നിയതമായ അർത്ഥത്തിൽ Q വിനെ "സുവിശേഷം" എന്നു വിശേഷിപ്പിക്കാനാവില്ല.

'Q' ഉറവിടത്തിന്റെ മൗലികമായക്രമം നിലനിർത്തിയിരിക്കുന്നത് ലൂക്കാ സുവിശേഷകനാണെന്ന് പട്ടിക 8-ൽനിന്ന് വ്യക്തമാകും. 'Q' ഉറവിടത്തിന്റെ ക്രമത്തിൽ, തന്റെ ദൈവശാസ്ത്രവീക്ഷണത്തിനനുയോജ്യമായ മാറ്റങ്ങൾ, മത്തായി വരുത്തിയിട്ടുണ്ട്.

### i) 'Q' ന്റെ ഉപയോഗം മത്തായിയുടെ സുവിശേഷത്തിൽ

ലൂക്കായുടെ സുവിശേഷവുമായുള്ള താരതമ്യപഠനത്തിൽനിന്ന്, മത്തായിയുടെ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന Q ഉറവിടത്തിൽനിന്നുള്ള വിവരണങ്ങളുടെക്രമം കണ്ടെത്താവുന്നതാണ്. Q വിവരണക്രമത്തിൽ തന്റെ ദൈവശാസ്ത്രവീക്ഷണത്തിനനുസരിച്ചുള്ള മാറ്റങ്ങൾ മത്തായി വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാണ്. ഉദാഹരണമായി, സ്നാപകയോഹന്നാന്റെ സംശയത്തിനു മറുപടി പറയുന്നതിനുമുമ്പാണ് (മത്താ 11:2–19) പ്രേഷിത പ്രവർത്തനത്തിനായി ശിഷ്യന്മാരെ അയയ്ക്കുന്നത് (മത്താ 10). ലൂക്കായുടെ സുവിശേഷത്തിൽ നേരെ വിപരീതമായ ക്രമമാണുള്ളത്. മത്തായിയുടെ സുവിശേഷത്തിൽ 4:23 മുതൽ 11:1 വരെയുള്ള ഭാഗത്തിന്റെ ഉപസംഹാരവും തുടർന്നുള്ള ഭാഗത്തിന്റെ ആമുഖവുമെന്ന നിലയിലാണ് 11:2–19 ചേർത്തിരിക്കുന്നത്. ഈ വ്യതിയാനം മത്തായി ബോധപൂർവ്വം വരുത്തിയതാണെന്ന് വ്യക്തമാണ്. Q വിലെ വിവരണങ്ങൾ അതേപടി ചേർക്കാതെ സ്വന്തം വ്യാഖ്യാനത്തോടൊപ്പമാണ് മത്തായി അവയെ സുവിശേഷത്തിൽ ഉൾച്ചേർത്തിരിക്കുന്നത് (ഉദാ. മത്താ 5–7; 10). മത്തായിയുടെ സുവിശേഷത്തിലെ ആദ്യത്തെ രണ്ടു പ്രഭാഷണങ്ങൾ (മത്താ 5–7; 10) ഒഴിവാക്കിയാൽ ലൂക്കായുടെ സുവിശേഷത്തിന്റെ ക്രമംതന്നെയാണ് മത്തായിയും അനുവർത്തിക്കുന്നത് (പട്ടിക 9–ൽ G,H,I എന്നീ ഭാഗങ്ങളിൽ ഈ സമാനത കാണാനാകും). മത്തായിയുടെ സുവിശേഷത്തിന്റെ ആദ്യഭാഗം ലൂക്കായുടെ സുവിശേഷത്തിന്റെ ആദ്യഭാഗത്തിന്റെ (3–10) ക്രമംതന്നെയാണ് പിൻതുടരുന്നതെന്ന് A,B,C,D,E,F, എന്നീ ഭാഗങ്ങളുടെ താരതമ്യപഠനത്തിൽനിന്ന് വ്യക്തമാകും). Q ഉറവിടത്തിൽനിന്നുള്ള ചില ഭാഗങ്ങളെ മത്തായി സ്വന്തമായ





ശൈലിയിൽ സുദീർഘമായി വിവരിച്ചിട്ടുണ്ട് (ഉദാ. അഷ്ടസൗഭാഗ്യങ്ങളെക്കുറിച്ചുള്ള വിവരണം – 5:5,7–10). Q ഉറവിടത്തിന്റെ വിപുലീകൃതമായ രൂപമാണ് മത്തായി ഉപയോഗിച്ചതെന്ന് വാദിക്കുന്നവരുണ്ട്. കാരണം, മത്താ 5:14b,19,41; 6:34; 7:6; 10:5–6,23; 11:28–30; 18:16–18 എന്നീ വാചകങ്ങൾ 'Q' ഉറവിടത്തിൽ നിന്നാണെങ്കിലും മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. എന്നാൽ, ഈ വാദത്തെ ഭൂരിഭാഗം പണ്ഡിതന്മാരും തിരസ്ക്കരിച്ചിരിക്കുകയാണ്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെട്ട വാചകങ്ങൾ മത്തായി സ്വന്തമായി എഴുതിച്ചേർത്തതാണെന്നാണ് അവരുടെ വാദം.

മത്തായിയുടെ സുവിശേഷത്തിൽ പല പദങ്ങളും ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നതും Q ഉറവിടത്തിന്റെ സാന്നിദ്ധ്യത്തിനു തെളിവാണ് (ഉദാ. "അണലി സന്തതികൾ" 3:7=12:34=23:33 – "അല്പവിശ്വാസികൾ" – 6:30 = 8:26 = 16:8 = 14:30 = 17:20).

**ii) ആവർത്തനങ്ങൾ:** മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ പല സംഭവങ്ങളും രണ്ടു തവണ ആവർത്തിച്ചു പ്രത്യക്ഷപ്പെടുത്തുന്നതായി കാണാം. ഒരു വിവരണം മർക്കോസിന്റെ സുവിശേഷത്തെ അവലംബമാക്കിയെഴുതിയിരിക്കുന്ന ഭാഗത്തും മറ്റേത് Q ഉറവിടത്തെ അവലംബമാക്കി എഴുതിയിരിക്കുന്ന ഭാഗത്തുമാണെന്നതു ശ്രദ്ധേയമാണ്. മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിലായി 14 വിവരണങ്ങൾ ഇപ്രകാരം ആവർത്തിച്ചിട്ടുണ്ട് (പട്ടിക 10 കാണുക).

**പട്ടിക 10**

| | *മർക്കോസ്* | *മത്തായി* | *ലൂക്കാ* |
|---|---|---|---|
| 1 | 4:21 | – | 8:16 |
| | | 5:15 | 11:38 |
| 2 | 4:22 | – | 8:17 |
| | | 10:26 | 12:2 |
| 3 | 4:25 | 13:12 | 8:18 |
| | | 25:29 | 19:26 |
| 4 | 6:8–11 | * 10:7–14 | 9:3–5 |
| | | | 10:4–11 |
| 5 | 8:12 | 16:4 | – |
| | | 12:39 | 11:29 |
| 6 | 8:34 | 16:24 | 9:23 |
| | | 10:38 | 14:27 |
| 7 | 8:35 | 16:25 | 9:24 |
| | | 10:39 | 17:33 |
| 8 | 8:38 | (16:27) | 9:26 |
| | | 10:33 | 12:9 |
| 9 | 9:37 | 18:5 | 9:48 |
| | | 10:40 | 10:16 |
| 10 | 10:11 | 19:9 | – |

| | | | |
|---|---|---|---|
| | | 5:32 | 16:18 |
| 11 | 10:31 | 19:30 | – |
| | | 20:16 | 13:30 |
| 12 | 11:22–33 | 21:21 | – |
| | | 17:20 | 17:6 |
| 13 | 12:38–39 | *23:6–7 | 20:46 |
| | | | 11:43 |
| 14 | 13:11 | * 10:19–20 | 21:14–15 |
| | | | 12:11–12 |

രണ്ട് ഉറവിടങ്ങളെ ആധാരമാക്കിയാണ് മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങൾ എഴുതപ്പെട്ടതെന്ന് ഈ ആവർത്തനങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ മർക്കോസിന്റെ സുവിശേഷത്തിൽനിന്നുള്ള വിവരണവും Q ഉറവിടത്തിൽനിന്നുള്ള വിവരണവും സംയോജിപ്പിച്ചുള്ള വിവരണങ്ങൾ കാണാം. ലൂക്കായുടെ സുവിശേഷത്തിൽ ഇതിനു സമാനമായുള്ള ഭാഗങ്ങളിൽ Q ഉറവിടത്തിൽ നിന്നുള്ള വിവരണങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. ചുവടെ ചേർത്തിരിക്കുന്ന പട്ടിക Q ഉറവിടവും മർക്കോസിന്റെ സുവിശേഷവും ഇടകലർത്തി വിവരിച്ചിട്ടുള്ള ഭാഗങ്ങളുടെ പൂർണ്ണമായ ചിത്രം നൽകുന്നു. മുൻപട്ടികയുടെ തുടർച്ചയായിട്ടാണ് പട്ടിക 11 നെ കാണേണ്ടത്.

**പട്ടിക 11**

| *മർക്കോസ്* | *മത്തായി* | *ലൂക്കാ* | |
|---|---|---|---|
| 15 | 1:2 | 11:10 Q | 7:27 |
| 16 | 1:7–8 | 3:11–12 | 3:16–17 |
| 17 | 1:12–13 | 4:1–11 4:1–13 | |
| 18 | 3:22–26 | 12:24–26 | 11:15,17–18 |
| 19 | 3:27 | 12:29 (?) | 11:21–22 (?) |
| 20 | 3:28–29 | 12:31–32 | 12:10 |
| 21 | 4:24 | 7:2 (Q) | 6:38 |
| 22 | 4:30–32 | 13:31–32 | 13:18–19 |
| 23 | 9:42 | 18:6–7 17:1–2 | |
| 24 | 9:49–50a | 5:13 14:34–35 | |
| 25 | 12:21–34 | 22:34–40 (?) | 10:25–28 (?) |
| 26 | 13:21 (23) | 24:23 (25),26 | 17:23 |

## Q വിന്റെ ഉപയോഗം ലൂക്കായുടെ സുവിശേഷത്തിൽ

Q ഉറവിടത്തിന്റെ മൗലികമായ ക്രമവും ഘടനയും ലൂക്കായുടെ സുവിശേഷത്തിൽ നിലനിർത്തിയിട്ടുണ്ട്. Q ഉറവിടത്തോടൊപ്പം ലൂക്കായുടെ തനതായ ഉറവിടത്തിൽ (L) നിന്നുള്ള വിവരണവും ഈ സുവിശേഷ





ത്തിൽ കാണാം. ജറുസലേമിലേക്കുള്ള യാത്ര (9:51–18:14)യെക്കുറിച്ച് മർക്കോസിന്റെ സുവിശേഷത്തിൽ പരാമർശിക്കുന്നുണ്ടെങ്കിലും (മർക്കോ 10:1,32) ലൂക്കായുടെ വിവരണത്തിലെ സംഭവങ്ങൾ Q ഉറവിടത്തിൽ നിന്നുള്ളതാണെന്ന് വ്യക്തമാണ്.

**സമവീക്ഷണ പ്രശ്നത്തിന്റെ സംഗ്രഹം:** ഇത്രയും പറഞ്ഞതിൽനിന്ന് സമവീക്ഷണ പ്രശ്നത്തിന്റെ ഉള്ളടക്കത്തെ മൂന്നായി സംഗ്രഹിക്കാം.

1. ഓരോ സുവിശേഷത്തിനും തനതായ ഒരു ഘടനയുണ്ട്.
2. എന്നാൽ, ഇവ തികച്ചും വ്യത്യസ്തമായ ഘടനകളല്ല.
3. സമാന്തര സുവിശേഷകന്മാർ പകർപ്പെഴുത്തുകാരല്ല, രചയിതാക്കളാണ്.

## മർക്കോസിന്റെ സുവിശേഷത്തിന്റെ മൗലികത – അനുകൂല പ്രതികൂല അഭിപ്രായങ്ങൾ

മർക്കോസിന്റെ സുവിശേഷമാണ് ആദ്യം എഴുതപ്പെട്ടത് എന്ന നിഗമനത്തെ അടിസ്ഥാനമാക്കിയാണ് സമവീക്ഷണപ്രശ്നത്തെ ഇതുവരെ നാം കൈകാര്യംചെയ്തത്. എന്നാൽ, മർക്കോസിന്റെ സുവിശേഷത്തിന്റെ മൗലികതയെ ചോദ്യംചെയ്യുന്ന പണ്ഡിതന്മാരുണ്ട് എന്നകാര്യം വിസ്മരിച്ചുകൂടാ. അവരുടെ വാദമുഖങ്ങളുടെ വിശകലനം ചുവടെ ചേർക്കുന്നു.

(1) ഉറവിടങ്ങളുടെ മൗലികത കണ്ടെത്താനുപയോഗിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് മർക്കോസിന്റെ സുവിശേഷം മറ്റു സമാന്തര സുവിശേഷങ്ങളെക്കാൾ പഴയതാണെന്ന് പറയാനാവില്ല. കാരണം, വിവരണങ്ങളിലെ ഹ്രസ്വത, സെമിറ്റിക് സ്വഭാവം, സംഭാഷണരൂപം തുടങ്ങിയ മാനദണ്ഡങ്ങളൊക്കെ മർക്കോസിന്റെ സുവിശേഷത്തിലെന്നതുപോലെ മറ്റ് സമാന്തരസുവിശേഷങ്ങളിലും കാണാനാകുമെന്നാണ് ഇക്കൂട്ടരുടെ വാദം.

ഇവരുടെ വാദഗതികളെ ഖണ്ഡിച്ചുകൊണ്ട് ബി.എച്ച്. സ്ട്രീറ്റർ ഏതാനും നിരീക്ഷണങ്ങൾ നടത്തുന്നുണ്ട് (cfr. B.H.Streeter, *The Four Gospels*, London, 1924):

(1) യേശുവിന്റെ ദൈവികതയ്ക്ക് ഹാനികരമായേക്കാവുന്ന വിധത്തിൽ വ്യാഖ്യാനിക്കുന്ന പല പദങ്ങളും മർക്കോസിന്റെ സുവിശേഷത്തിലുണ്ട്. എന്നാൽ, ഇതര സുവിശേഷകന്മാർ ഇവയെ ബോധപൂർവ്വം ഒഴിവാക്കിയിരിക്കുകയാണ്.

(2) ഭാഷാ ശൈലിയിലും വ്യാകരണ പ്രയോഗങ്ങളിലും കൂടുതൽ പ്രാചീനത ദൃശ്യമാകുന്നത് മർക്കോസിന്റെ സുവിശേഷത്തിലാണ്.

(3) മർക്കോസിന്റെ സുവിശേഷത്തെ ആധാരമാക്കിയാണ് മത്തായിയും ലൂക്കായും തങ്ങളുടെ സുവിശേഷം രചിച്ചതെങ്കിൽ ഈ രണ്ട് സുവിശേഷങ്ങൾക്ക് മർക്കോസിന്റെ സുവിശേഷവുമായി ഇത്രയേറെ വ്യത്യാസങ്ങൾ ഉണ്ടാകുമായിരുന്നില്ല. തന്നെയുമല്ല, മത്തായിയുടെയും ലൂക്കായുടെയും വിവരണങ്ങൾ തമ്മിൽ വളരെയേറെ സാമ്യങ്ങളുണ്ടുതാനും.

മർക്കോസിന്റെ സുവിശേഷത്തിനുപകരം മറ്റുചില ആധാരങ്ങളെ അടിസ്ഥാനമാക്കിയാണ് മത്തായിയും ലൂക്കായും സുവിശേഷം രചിച്ചതെന്നാണ് ഇക്കൂട്ടരുടെ വാദം. ആധാരകൃതികളായി അവർ ചൂണ്ടിക്കാട്ടുന്നത് നാല് സാധ്യതകളെയാണ്.

(i) മർക്കോസിന്റെ സുവിശേഷത്തിന്റെ പ്രാഗ്‌രൂപത്തെ (Proto Mark) ആധാരമാക്കിയായിരിക്കാം ഇതരസുവിശേഷകന്മാർ തങ്ങളുടെ രചനകൾ നടത്തിയിരുന്നത്. (ii) മർക്കോസിന്റെ സുവിശേഷത്തിന്റെ അഭിനവരൂപത്തിൽനിന്നു വ്യത്യസ്തമായി, Q ഉറവിടവുമായി കൂട്ടിച്ചേർത്ത മർക്കോസിന്റെ സുവിശേഷത്തിന്റെ ദ്വിതീയ രൂപത്തെ (deutro-mark) ആധാരമാക്കിയാണ് മത്തായിയും ലൂക്കായും തങ്ങളുടെ സുവിശേഷങ്ങൾ രചിച്ചത്.
(iii) മർക്കോസിന്റെ സുവിശേഷത്തിനു മുമ്പ് നിലനിന്നിരുന്ന ഏതെങ്കിലും പാരമ്പര്യത്തെ മത്തായിയും ലൂക്കായും ആധാരമാക്കിയിരിക്കാം. (iv) മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കിയാണ് ലൂക്കാ സുവിശേഷം രചിച്ചത്. എന്നാൽ, മൂന്നു സുവിശേഷങ്ങളുടെയും ഘടനയെക്കുറിച്ച് മുമ്പ് വിവരിച്ചിട്ടുള്ളതിൽനിന്ന് ഈ വാദഗതികൾ അടിസ്ഥാനരഹിതമാണെന്ന് വ്യക്തമാകും.

(4) മത്തായിയുടെയും ലൂക്കായുടെയും സുവിശേഷത്തിലുപയോഗിച്ചിരിക്കുന്ന ചില ശൈലികളുടെ സംയുക്തരൂപം മർക്കോസിന്റെ സുവിശേഷത്തിൽ കാണാം [ഉദാ. “അന്നു വൈകുന്നേരം സൂര്യാസ്തമയമായപ്പോൾ” (മർക്കോ 1:32) = “വൈകുന്നേരമായപ്പോൾ” (ലൂക്കാ 4:40) + “സൂര്യാസ്തമയമായപ്പോൾ” (മത്താ 8:16)]. തന്മൂലം മർക്കോസ് തന്റെ സുവിശേഷം രചിച്ചപ്പോൾ മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളെ ഉപയോഗപ്പെടുത്തിയിട്ടുണ്ടായിരിക്കണം.

ഈ വാദഗതിയും തികച്ചും ദുർബ്ബലമാണ്. കാരണം ആവർത്തനരൂപത്തിലുള്ള ശൈലീപ്രയോഗങ്ങൾ ഉപയോഗിക്കുന്നത് മർക്കോസിന്റെ രചനയുടെ പ്രത്യേകതയായി കരുതിയാൽ മതി. അല്ലാതെ, അവയെ മത്തായിയുടെയും ലൂക്കായുടെയും ശൈലികളുടെ സംയുക്തരൂപമായിട്ട് വ്യാഖ്യാനിക്കേണ്ടതില്ല.

(5) മർക്കോസ് തന്റെ സുവിശേഷം Q ഉറവിടത്തെ ആധാരമാക്കിയാണ് രചിച്ചതെന്നാണ് മറ്റൊരുവാദം. എന്നാൽ, ഈ വാദത്തിന് ഉപോദ്ബലകമായ തെളിവുകളൊന്നും നല്കപ്പെട്ടിട്ടില്ല (cfr. E.J. Pryke. *Redactional Style in Markan Gospel,* London, 1978).

(6) മർക്കോസിന്റെ സുവിശേഷത്തെ ആധാരമാക്കിയാണ് മത്തായിയും ലൂക്കായും സുവിശേഷങ്ങൾ രചിച്ചതെന്നവാദം. പ്രസ്തുത സുവിശേഷങ്ങളുടെ ദൈവനിവേശിത സ്വഭാവത്തെ ഹനിക്കുന്നു. കാരണം, ഈ വീക്ഷണപ്രകാരം മത്തായിയും ലൂക്കായും വെറും എഡിറ്റർമാർ മാത്രമാണ്; ഗ്രന്ഥകർത്താക്കളല്ല.

മത്തായിയും, ലൂക്കായും മർക്കോസിന്റെ സുവിശേഷം പകർത്തിയെഴുതുകയായിരുന്നില്ല. അവരിരുവരും തങ്ങളുടേതായ തനത് ദൈവശാസ്ത്ര ശൈലിയിൽ മർക്കോസിന്റെ സുവിശേഷത്തിലെ വിവരണങ്ങളെ പുനരാഖ്യാനം ചെയ്യുകയായിരുന്നു. ഈ ദൗത്യത്തിൽ അവർക്ക് പരിശുദ്ധാത്മാവിന്റെ പ്രചോദനം ഉണ്ടായിരുന്നുവെന്ന് വ്യക്തമാണ്. തന്മൂലം, മർക്കോസിന്റെ സുവിശേഷത്തിന്റെ മൗലികതയെ അംഗീകരിക്കുന്നത് ഇതര സുവിശേഷങ്ങളുടെ ദൈവനിവേശിത സ്വഭാവത്തെ ബാധിക്കുന്നില്ല.

(7) അപ്പസ്തോലഗണത്തിൽ അംഗമായിരുന്ന മത്തായി ക്രിസ്തുസംഭവത്തിന് ദൃക്സാക്ഷിയായിരുന്നു. അദ്ദേഹം അപ്പസ്തോലനല്ലാത്ത മർക്കോസിന്റെ രചനയെ ആധാരമാക്കി സുവിശേഷം രചിച്ചുവെന്നു കരുതുന്നത് യുക്തിസഹമല്ല.

ഈ വാദം പ്രഥമദൃഷ്ട്യാ ആകർഷണീയമാണ്. എന്നാൽ, മർക്കോസിന്റെ സുവിശേഷം അപ്പസ്തോല പ്രമുഖനായ പത്രോസിന്റെ പ്രഭാഷണങ്ങളെ ആധാരമാക്കിയെഴുതപ്പെട്ടതാണെന്ന സത്യം വിസ്മരിച്ചുകൂടാ. പത്രോസിന്റെ ആധികാരികതയെക്കുറിച്ച് മത്തായിക്ക് തെല്ലും സംശയമുണ്ടാകാനിടയില്ല. തന്നെയുമല്ല, ക്രിസ്തു സംഭവത്തിന് ദൃക്സാക്ഷിയായിരുന്നതിനാൽ, മർക്കോസിന്റെ വിവരണത്തിലുള്ളതത്രയും സത്യമാണെന്ന് തിരിച്ചറിയാൻ മത്തായിക്ക് എളുപ്പത്തിൽ കഴിഞ്ഞിട്ടുണ്ടാകണം. ഈ തിരിച്ചറിവാണ് മത്തായിയെ മർക്കോസിന്റെ സുവിശേഷത്തിൽ ആകൃഷ്ടനാക്കിയത്.

മർക്കോസിന്റെ സുവിശേഷത്തിന്റെ മൗലികതയെ ചോദ്യം ചെയ്യുന്നവരുടെ വിവിധവാദമുഖങ്ങളാണ് ഇവിടെ വിശകലന വിധേയമാക്കിയത്. എന്നാൽ, അവയൊന്നുംതന്നെ മർക്കോസിന്റെ സുവിശേഷത്തിന്റെ മൗലികതയെ ഖണ്ഡിക്കാൻ പര്യാപ്തമായിരുന്നില്ല. സമവീക്ഷണപ്രശ്നത്തിന്റെ പരിഹാരത്തിനുള്ള ഏറ്റവും സുഗമമായ മാർഗ്ഗം മർക്കോസിന്റെ സുവിശേഷത്തിന്റെ മൗലികസ്വഭാവം അംഗീകരിക്കുക എന്നതാണ്.

## ഇതര പരിഹാരമാർഗ്ഗങ്ങൾ

സമവീക്ഷണപ്രശ്നം എളുപ്പത്തിൽ പരിഹരിക്കാനാവാത്ത ഒരു വിഷമപ്രശ്നം തന്നെയാണ്. ഇതിന് തൃപ്തികരമായ ഒരു പരിഹാരം കണ്ടെത്തുക തികച്ചും ദുഷ്കരമാണ്. ഈ പ്രശ്നത്തിന് നൂറ്റാണ്ടുകളായി പല പരിഹാരങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

**1. അന്യോന്യാശ്രയ സിദ്ധാന്തം:** വി. ആഗസ്തീനോസാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. മർക്കോസിന്റെ സുവിശേഷം മത്തായിയുടെ സുവിശേഷത്തിന്റെ സംഗ്രഹിത രൂപമാണെന്നും ലൂക്കായുടെ സുവിശേഷം ആദ്യത്തെ രണ്ടു സുവിശേഷങ്ങളെ അവലംബമാക്കി എഴുതപ്പെട്ടതാണെന്നുമാണ് ആഗസ്തീനോസിന്റെ വാദം (cfr. *The Harmony of the Gospels* I, ii. 4). ഈ സിദ്ധാന്തത്തെ പാടേ നിരാകരിക്കാനാവില്ലെങ്കിലും സമവീക്ഷണപ്രശ്നത്തിന് ഇതൊരു പരിഹാരമല്ല. കാരണം, അന്യോന്യാശ്രിതങ്ങളായിരുന്നെങ്കിൽ സുവിശേഷങ്ങൾ തമ്മിൽ ഘടനയിലും വിവരണശൈലിയിലും ക്രമത്തിലും ഇത്രയേറെ വ്യത്യാസങ്ങൾ ഉണ്ടാകുമായിരുന്നില്ല.

2. **ആദിസുവിശേഷസിദ്ധാന്തം:** അരമായിക് ഭാഷയിൽ എഴുതപ്പെട്ട ഒരു സുവിശേഷഗ്രന്ഥം നിലവിലുണ്ടായിരുന്നെന്നും പ്രസ്തുതഗ്രന്ഥത്തെ ആധാരമാക്കി മൂന്നു സുവിശേഷങ്ങളും എഴുതപ്പെട്ടു എന്നുമാണ് ഈ സിദ്ധാന്തത്തിന്റെ ഉള്ളടക്കം. ജെ.ഇ. ലെസ്സിംഗ്, ജെ.ജി. എക്കോൺ എന്നീ പണ്ഡിതന്മാരുടേതാണ് ഈ സിദ്ധാന്തം. എന്നാൽ, ഇപ്രകാരമൊരു സുവിശേഷഗ്രന്ഥം അരമായിക്ഭാഷയിൽ നിലനിന്നിരുന്നു എന്നതിനു തെളിവുകളൊന്നുമില്ല. കൂടാതെ, ഒരേഗ്രന്ഥത്തെ ആധാരമാക്കി എഴുതപ്പെട്ടതാണെങ്കിൽ മൂന്നു സുവിശേഷങ്ങൾ തമ്മിൽ ഉള്ളടക്കത്തിന്റെ കാര്യത്തിൽ ഇത്രയേറെ അന്തരം ഉണ്ടാകുമായിരുന്നില്ല.

3. **ശകല സിദ്ധാന്തം:** 1832-ൽ എഫ്. ഷ്ളെയർ മാഹറാണ് ഈ സിദ്ധാന്തം മുന്നോട്ടുവച്ചത്. ഇദ്ദേഹത്തിന്റെ വാദമനുസരിച്ച്, സുവിശേഷസംഭവങ്ങൾ പല സ്ഥലങ്ങളിലായി പല വ്യക്തികൾ രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇപ്രകാരം പലയിടങ്ങളിലായി ചിതറിക്കിടന്നിരുന്ന വിവരണങ്ങളും രേഖകളും ക്രോഡീകരിച്ച് മൂന്നു സുവിശേഷങ്ങൾ എഴുതപ്പെട്ടു. തന്മൂലം, അവയിൽ വ്യത്യാസങ്ങൾ സ്വാഭാവികമായും ഉണ്ടായിരുന്നു. പല വ്യക്തികൾ എഴുതിസൂക്ഷിച്ചിരുന്നതിനാൽ ഒരേ സംഭവംതന്നെ പലരും എഴുതിയിട്ടുണ്ടായിരിക്കാം. സമാന്തരസുവിശേഷങ്ങളിൽ കാണപ്പെടുന്ന സാമ്യങ്ങൾക്കുള്ള കാരണം ഇതാണത്രേ. ഈ വാദഗതി യുക്തിസഹമായി തോന്നാമെങ്കിലും ഇപ്രകാരമുള്ള വിവരണശകലങ്ങൾ നിലവിലുണ്ടായിരുന്നോ എന്ന കാര്യം വ്യക്തമല്ല. ഈ സിദ്ധാന്തം ഓരോ സുവിശേഷത്തിലെയും സമഗ്രമായ ദൈവശാസ്ത്രവീക്ഷണത്തെ നിരാകരിക്കുകയും സുവിശേഷകന്മാരുടെ പങ്കിനെ വെറും ക്രോഡീകരണം മാത്രമായി തരംതാഴ്ത്തുകയും ചെയ്യുന്നതിനാൽ അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്.

4. **വാചികപാരമ്പര്യ സിദ്ധാന്തം:** സുവിശേഷ സംഭവങ്ങൾ, ആരംഭകാലത്തുതന്നെ നിയതമായ രൂപത്തിൽ വാചികപാരമ്പര്യത്തിന്റെ ഭാഗമായിത്തീർന്നിട്ടുണ്ടായിരിക്കാം. കാലക്രമത്തിൽ അവ ലിഖിതരൂപത്തിലായപ്പോൾ സ്വാഭാവികമായും വളരെയേറെ സമാനതകൾ ഉണ്ടായി. വാചികപാരമ്പര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുമ്പോൾ വിവരണങ്ങളുടെ ക്രമത്തിൽ ചില വ്യതിയാനങ്ങൾ സംഭവിക്കാനിടയുണ്ട്. സമവീക്ഷണസുവിശേഷങ്ങളിൽ കാണപ്പെടുന്ന വ്യത്യാസങ്ങൾ ഇപ്രകാരം വിശദീകരിക്കാനാവുമെന്നാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കളായ ജെ. സി.എൽ. ഗീസ്ലെറും (1818) ജെ.സി. ഹെർഡറും (1897) അഭിപ്രായപ്പെടുന്നത്. യേശു പഠിപ്പിച്ച കാര്യങ്ങളെല്ലാം ക്രമമായി ഓർമ്മിക്കാൻ പരിശുദ്ധാത്മാവിന്റെ കൃപയാൽ അപ്പസ്തോലന്മാർക്കു കഴിഞ്ഞിരുന്നു (യോഹ 14:26). ഈ ഓർമ്മശക്തിയാണ് സുവിശേഷങ്ങളുടെ രൂപീകരണത്തിനു കാരണമായത്. സുവിശേഷ സംഭവങ്ങൾ ലിഖിതരൂപത്തിലാകുംമുമ്പ് വാചികപാരമ്പര്യത്തിൽ നിലനിന്നിരുന്നുവെന്നു വ്യക്തമാണ്. എന്നാൽ, എത്രകാലം ഇത് നിന്നിരുന്നു എന്നോ എത്രമാത്രം മാറ്റങ്ങൾ ലിഖിതരൂപത്തിൽ വരുത്തിയിട്ടുണ്ട് എന്നോ വ്യക്തമല്ല.

5. **ഇരട്ട ഉറവിട സിദ്ധാന്തം:** മർക്കോസിന്റെ സുവിശേഷത്തെയും Q ഉറവിടത്തെയും സ്വതന്ത്രമായി ഉപയോഗിച്ചുകൊണ്ട് മത്തായിയും






ലൂക്കായും പരസ്പരാശ്രയം കൂടാതെ തങ്ങളുടെ സുവിശേഷങ്ങൾ തനതായി രചിച്ചു എന്നതാണ് ഈ വാദത്തിന്റെ പ്രത്യേകത. 1838 ൽ ക്രിസ്റ്റ്യാൻ ഹെർമൻ വൈസിന്റെ രചനകളിലാണ് ഈ സിദ്ധാന്തം ആദ്യമായി രൂപംകൊള്ളുന്നത്. 1863 ൽ ഹെൻറിച്ച് ഹോൾട് സ്മാൻ ഈ സിദ്ധാന്തത്തിന് കൂടുതൽ നിയതമായ രൂപം നൽകി. 1924 ൽ ഓക്സ്ഫോർഡ് പണ്ഡിതനായ ബി.എച്ച്. സ്ട്രീറ്റർ ഈ സിദ്ധാന്തം ശാസ്ത്രീയമായി അവതരിപ്പിച്ചു. അതിനാൽ ഈ സിദ്ധാന്തം ഓക്സ്ഫോർഡ് സിദ്ധാന്തം എന്നും അറിയപ്പെടുന്നു (ചിത്രം 1 കാണുക).


(ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് സിദ്ധാന്തത്തെക്കുറിച്ച് ഇതിനു മുമ്പ് വിശദമായി ചർച്ചചെയ്തിട്ടുണ്ട്). ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കി മറ്റ് പല നവീന സിദ്ധാന്തങ്ങളും രൂപപ്പെട്ടിട്ടുണ്ട്.

**ചിത്രം 1**





6. **'പ്രാക്-മത്തായി' സിദ്ധാന്തം:** അരമായിക് ഭാഷയിൽ മത്തായിയുടെ സുവിശേഷത്തിന്റെ പ്രാഗ്‌രൂപം നിലനിന്നിരുന്നുവെന്ന പപ്പിയാസിന്റെ വാദത്തെ (Eusebius HE III. 39.16) അടിസ്ഥാനമാക്കിയാണ് ഈ സിദ്ധാന്തം നിലവിൽ വന്നത്. അരമായ ഭാഷയിലുള്ള ഈ പ്രാഗ്‌രൂപത്തെയോ ഇതിന്റെ ഗ്രീക്ക് ഭാഷാന്തരീകരണത്തെയോ അടിസ്ഥാനമാക്കിയാണ് മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങളും മത്തായിയുടെ സുവിശേഷത്തിന്റെ അഭിനവരൂപവും എഴുതപ്പെട്ടതാണെന്നാണ്, ഈ സിദ്ധാന്തത്തിന്റെ ഉള്ളടക്കം (ചിത്രം 2 കാണുക). ഈ മൂന്ന് സുവിശേഷങ്ങളിൽ ആദ്യം എഴുതപ്പെട്ടത് മർക്കോസിന്റേതാകയാൽ മറ്റ് രണ്ടു സുവിശേഷകന്മാരും മർക്കോസിന്റെ സുവിശേഷവും തങ്ങളുടെ ഗ്രന്ഥരചനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മർക്കോസിന്റെ സുവിശേഷത്തിലില്ലാത്ത കാര്യങ്ങൾ മൂന്നാമതൊരുറവിടത്തിൽനിന്നുള്ളവയാണ്. എൽ. വഗാനെയ് എന്ന കത്തോലിക്കാ ബൈബിൾ പണ്ഡിതനാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് (1950).

ചിത്രം 2




**7. മത്തായിയുടെ സുവിശേഷത്തിന്റെ മൗലികത:** ലൂക്കായുടെ സുവിശേഷം മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷങ്ങളെ അവലംബമാക്കി എഴുതപ്പെട്ടതാണെന്നാണ് ഈ വാദഗതിയുടെ ഉള്ളടക്കം.









ഈ സിദ്ധാന്തത്തെ മൂന്നുവിധത്തിൽ വ്യാഖ്യാനിക്കുന്നുണ്ട് (ചിത്രം 3 കാണുക). ബി.സി. ബട്‌ലറുടെ അഭിപ്രായത്തിൽ മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങൾ മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കി എഴുതപ്പെട്ടവയാണ്. മർക്കോസിന്റെ സുവിശേഷമാണ് തികച്ചും മൗലികമായിട്ടുള്ളതെന്നാണ് ഫാരെർ, ഗൗൾദർ എന്നീ ബൈബിൾ പണ്ഡിതന്മാരുടെ അഭിമതം. ഫാർമർ, ഓക്കാർഡ് എന്നിവരുടെ വീക്ഷണമനുസരിച്ചാകട്ടെ മർക്കോസിന്റെ സുവിശേഷം ലൂക്കായുടെയും മത്തായിയുടെയും സുവിശേഷങ്ങളുടെ സംഗൃഹീതരൂപമാണ് (ചിത്രം 4 കാണുക). എന്നാൽ, സമാന്തര സുവിശേഷങ്ങളുടെ ഘടന വിശകലനം ചെയ്താൽ ഈ വാദഗതി അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യമാകുമെന്നാണ് സുപ്രസിദ്ധ ബൈബിൾ പണ്ഡിതനായ ഫിറ്റ്സ്മേയറുടെ അഭിപ്രായം.

ചിത്രം 4





**8. ഇരട്ട സുവിശേഷ സിദ്ധാന്തം:** ജെ.ജെ. ഗ്രെയ്സ് ബാഹ് ആണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് (1789). മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളാണ് ആദ്യം എഴുതപ്പെട്ടതെന്നും അവയെ ഉപജീവിച്ചാണ് മർക്കോസിന്റെ സുവിശേഷം രൂപീകൃതമായതെന്നുമാണ് അദ്ദേഹത്തിന്റെ വാദം. ആധുനികകാലത്തും ഈ സിദ്ധാന്തത്തെ അനുകൂലിക്കുന്നവരുണ്ട് (W.R. Farmer, B. Orchard, D.L. Dungan). ഇവരുടെ അഭിപ്രായത്തിൽ മത്തായിയുടെ സുവിശേഷം മാത്രമാണ് മൗലികം. മർക്കോസും ലൂക്കായും മത്തായിയുടെ സുവിശേഷത്തെ അവലംബിച്ചാണ് ഗ്രന്ഥരചന നടത്തിയത്. തങ്ങളുടെ വാദത്തിന് ഉപോദ്ബലകമായി, "വംശാവലിയുള്ള സുവിശേഷങ്ങളാണ് ആദ്യം എഴുതപ്പെട്ടത്" എന്ന അലക്സാണ്ട്രിയായിലെ ക്ലെമെന്റിന്റെ അഭിപ്രായത്തെ ഇവർ ചൂണ്ടിക്കാട്ടുന്നു (Eusebius, H.E. VII. 14.5). എന്നാൽ, ഈ വാദഗതികൾ വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടില്ല.

**ത്രൈഉറവിട സിദ്ധാന്തം:** ഇരട്ട ഉറവിട സിദ്ധാന്തത്തെ ഒരു പടികൂടി സങ്കീർണ്ണമാക്കിയ സിദ്ധാന്തമാണിത്. മർക്കോസിനേയും Q ഉറവിടത്തെയും ആധാരമാക്കി മത്തായിയും ലൂക്കായും സുവിശേഷ രചന


നടത്തി എന്നതാണ് ഈ സിദ്ധാന്തത്തിന്റെ വാദത്തിലെ ആദ്യപടി. എന്നാൽ മത്തായിയുടെ സുവിശേഷം ലൂക്കായേക്കാൾ മുമ്പേ എഴുപ്പെട്ടതിനാൽ ലൂക്കാ തന്റെ രചനയിൽ മത്തായിയുടെ സുവിശേഷം കൂടി ഉപയോഗിച്ചു എന്നതാണ് ഈ സിദ്ധാന്തത്തിന്റെ വാദത്തിലെ വ്യതിരിക്തത. എന്നാൽ ലൂക്കാ തന്റെ രചനയിൽ മത്തായിയെ ഉപയോഗിച്ചു എന്നു പറയുന്നതിലൂടെ Q ഉറവിടം എന്ന സങ്കല്പം അസാധുവാകും എന്നതിനാൽ ഈ സിദ്ധാന്തത്തിന് ഏറെ പ്രചാരം ലഭിച്ചില്ല. ഹോൾട്സ്മാന്റെ ശിഷ്യൻ എഡ്വേർഡ് സിമോൺസാണ് 1880 ൽ ഈ സിദ്ധാന്തം അവതരി പ്പിച്ചത്.

**ചതുരുറവിട സിദ്ധാന്തം:** ഇരട്ട ഉറവിട സിദ്ധാന്തത്തെ മത്തായിയുടെയും ലൂക്കായുടെയും തനത് ഉറവിടങ്ങൾ കൂട്ടിച്ചേർത്ത് പരിഷ്കരിച്ചതാണ് ചതുരുറവിട സിദ്ധാന്തം (ചിത്രം 5 കാണുക).

**ചിത്രം 5**




**11. ബി.ഇ. ബോമാർഡിന്റെ സങ്കീർണ്ണ സിദ്ധാന്തം:** വഗാനെയുടെ സിദ്ധാന്തത്തിന്റെ പരിഷ്കൃത രൂപമാണിത്. ഈ സിദ്ധാന്തവും ഇരട്ട ഉറവിടങ്ങളെയാണ് (ചിത്രം 6-ൽ മർക്കോസിന്റെ സുവിശേഷത്തിന്റെ ആദിരൂ


**ചിത്രം 6**






പവും Q വും) അടിസ്ഥാനമായി കരുതുന്നത്. എന്നാൽ, സമാന്തര സുവിശേഷങ്ങൾ മൂന്നുഘട്ടമായിട്ടാണ് രൂപം പ്രാപിച്ചതെന്നാണ് ബോമാർഡിന്റെ സിദ്ധാന്തത്തിന്റെ നവീനത. സമാന്തരസുവിശേഷങ്ങളുടെ മൂന്ന് ആദിരൂപങ്ങൾ നിലനിന്നിരുന്നു (A,B,C). ഈ മൂന്ന് ആദിരൂപങ്ങൾ Q ഉറവിടവുമായി കൂട്ടിക്കലർന്ന് സുവിശേഷങ്ങളുടെ മധ്യമരൂപങ്ങൾ നിലവിൽവന്നു. ഈ മധ്യമരൂപങ്ങൾ വീണ്ടും അന്യോന്യം ഇടകലർന്ന് സുവിശേഷങ്ങളുടെ അഭിനവരൂപം നിലവിൽവന്നുവെന്നാണ് ബോമാർഡ് വാദിക്കുന്നത്.

ബോമാർഡിന്റെ സിദ്ധാന്തത്തിൽ സമവീക്ഷണ സുവിശേഷങ്ങളുടെ മാത്രമല്ല യോഹന്നാന്റെ സുവിശേഷത്തിന്റെ രൂപീകരണത്തിലും ഒന്നിലേറെ ഘട്ടങ്ങൾ ഉണ്ടയിട്ടുണ്ട്. സുവിശേഷങ്ങളുടെ ആദിരൂപങ്ങൾ സമവീക്ഷണസുവിശേഷങ്ങളെ മാത്രമല്ല യോഹന്നാന്റെ സുവിശേഷത്തെയും സ്വാധീനിച്ചിട്ടുണ്ട്.

ഇതുവരെ നടത്തിയ ചർച്ചകളുടെ വെളിച്ചത്തിൽ ഏതാനും നിഗമനങ്ങളിലെത്തിച്ചേരാം.

1. സമവീക്ഷണ സുവിശേഷങ്ങളിൽ അവഗണിക്കാനാവാത്തവിധം സമാനതകളുണ്ട്.
2. ഓരോ സുവിശേഷത്തിനും തനതായ ഒരു ഘടനയും ദൈവശാസ്ത്ര വീക്ഷണവുമുണ്ട്.
3. സമവീക്ഷണ സുവിശേഷങ്ങളുടെ അഭിനവരൂപങ്ങളിൽ ആദ്യം എഴുതപ്പെട്ടത് മർക്കോസിന്റെ സുവിശേഷമാകാനാണ് സാദ്ധ്യത.
4. സുവിശേഷങ്ങളുടെ രൂപീകരണത്തിന്റെ ആദ്യഘട്ടങ്ങളിൽ വിവിധ പാരമ്പര്യങ്ങൾ ഇടകലർന്ന് സ്വാധീനം ചെലുത്തിയിട്ടുണ്ട്.
5. ഏതെങ്കിലുമൊരു സുവിശേഷം മറ്റൊന്നിനെമാത്രം അവലംബമാക്കി എഴുതപ്പെട്ടതാണെന്നു കരുതാൻ ന്യായമില്ല.

## അപ്രമാണിക സുവിശേഷങ്ങൾ

കാനോനികമായി അംഗീകാരം നേടി ബൈബിളിൽ ഇടംനേടാത്ത അനവധി സുവിശേഷങ്ങൾ ആദിമസഭയിൽ പ്രചാരത്തിലുണ്ടായിരുന്നു. അവയിൽ പ്രസക്തമായ ചില സുവിശേഷങ്ങളെക്കുറിച്ചുള്ള വിഹഗവും സംക്ഷിപ്തവുമായ ഒരു പഠനം ചുവടെ ചേർക്കുന്ന പട്ടികയിൽനിന്നു ഗ്രഹിക്കാനാകും.

| സുവിശേഷത്തിന്റെ പേര് | രചനാ കാലം | ഉള്ളടക്കം |
|---|---|---|
| **പാഷണ്ഡികളുടെ സുവിശേഷങ്ങൾ** | | |
| എബിയോണരുടെ സുവിശേഷം | 210 | ജറുസലേം കൗൺസിലിന്റെ തീരുമാനം ലംഘിച്ച് വിജാതീയ വിരുദ്ധ നിലപാടു സ്വീകരിച്ച യഹൂദരുടെ സുവിശേഷമാണിത്; ജ്ഞാനവാദത്തിന്റെ സൂചനകൾ കാണാം. |
| ഈജിപ്തുകാരുടെ സുവിശേഷം | 130-150 | വിവാഹത്തെയും ലൈംഗികതയെയും പാപമായി കരുതുന്ന എൻക്രാത്തിസം എന്ന പാഷണ്ഡതയുടെ ഗ്രന്ഥമാണിത് (Clement, Strom. III). |
| മാർസിയോന്റെ സുവിശേഷം | 150 | പൗലോസിന്റെ ലേഖനങ്ങളും ലൂക്കായുടെ സുവിശേഷവും മാത്രം അംഗീകരിക്കുന്ന യഹൂദവിരുദ്ധ വിഭാഗത്തിന്റേതാണ് ഈ സുവിശേഷം. ഉള്ളടക്കത്തിൽ ലൂക്കായുടെ സുവിശേഷവുമായി ഏറെ സാമ്യമുണ്ട്. |
| പത്രോസിന്റെ സുവിശേഷം | 170 | യേശുവിന്റെ സഹോദരന്മാരെക്കുറിച്ച് അബദ്ധസിദ്ധാന്തം, പഠിപ്പിച്ച ഈ സുവിശേഷം യേശുവിന്റെ പീഡാസഹനം വിവരണം അന്ത്യോക്യായിലെ സെറാപിയോൺ AD 190 ൽ നിരോധിച്ചു (Eus. III 3.2). |
| അപ്പസ്തോലന്മാരുടെ സുവിശേഷം (170 AD) | | യേശുവിന്റെ മാമ്മോദീസാ മുതലുള്ള വിവരണങ്ങൾ ഉൾക്കൊള്ളുന്ന ഈ സുവിശേഷം എബിയോണരുടെ പ്രിയപ്പെട്ട സുവിശേഷമായിരുന്നു (Origen, Homily I in Luc). |
| ബാർണബാസിന്റെയും ബർത്തലോമിയായുടെയും സുവിശേഷങ്ങൾ | | വിശ്വാസവിരുദ്ധ പ്രമേയങ്ങൾ അവതരിപ്പിക്കുന്ന ഈ സുവിശേഷം ഗലാസിയൂസ് പാപ്പാ നിരോധിച്ചു (Jerome, Proem ad Mathew). |





| സുവിശേഷത്തിന്റെ പേര് | രചനാ കാലം | ഉള്ളടക്കം |
|---|---|---|
| **ഐതിഹ്യ സുവിശേഷങ്ങൾ** | | |
| യാക്കോബിന്റെ സുവിശേഷം | 250 | മംഗളവാർത്ത മുതൽ കുഞ്ഞിപ്പൈതങ്ങളുടെ മരണം വരെ വിവരിക്കുന്ന 25 അധ്യായങ്ങൾ, മാതാവിന്റെ ജനനത്തെക്കുറിച്ചുള്ള അത്ഭുത വിവരണങ്ങൾ. 382 ൽ ദമാസൂസ് പാപ്പാ ഈ സുവിശേഷം വിലക്കി. |
| മത്തായിയുടെ സുവിശേഷം | 300 | തിരുക്കുടുംബത്തിന്റെ ഈജിപ്തിലെ വാസ കാലത്തുനടന്ന അത്ഭുതങ്ങൾക്കാണ് ഈ സുവിശേഷത്തിൽ പ്രാധാന്യമുള്ളത്. |
| മറിയത്തിന്റെ ജനന സുവിശേഷം | 500 | മറിയത്തിന്റെ ദേവാലയവാസവും ബാല്യകാലവുമാണ് ഇതിലെ മുഖ്യപ്രമേയം |
| തച്ചനായ ജോസഫിന്റെ സുവിശേഷം | 325 | 22 അധ്യായങ്ങളുള്ളതും കോപ്റ്റിക് ഭാഷയിൽ എഴുതപ്പെട്ടതുമായ ഈ ഗ്രന്ഥം യൗസേപ്പിതാവിന്റെ ജീവചരിത്രമാണ് അനാവരണം ചെയ്യുന്നത്. |
| മറിയത്തിന്റെ മരണ സുവിശേഷം | 380 | ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ട ഈ സുവിശേഷം യേശുവിന്റെ മരണശേഷമുള്ള മറിയത്തിന്റെ ജീവിതവും മരണവും (Koimesis = ഉറക്കം) വിവരിക്കുന്നു. |
| തോമാശ്ലീഹായുടെ സുവിശേഷം | 150 | അപ്രമാണിക സുവിശേഷങ്ങളിൽ ഏറ്റവും പ്രസിദ്ധമായ ഈ സുവിശേഷം യേശുവിന്റെ 12 വയസ്സുവരെയുള്ള ജീവിതകാലത്തെ അത്ഭുതകൃത്യങ്ങൾ അതിശയോക്തിയോടെ വിവരിക്കുന്നു. |
| നിക്കോദെമൂസിന്റെ സുവിശേഷം | | പീലാത്തോസിന്റെ നടപടിക്രമങ്ങളും മരണശേഷമുള്ള യേശുവിന്റെ പാതാള സന്ദർശനവും. |

# 2
# മത്തായി എഴുതിയ സുവിശേഷം

ഡോ. സെബാസ്റ്റ്യൻ വടക്കുംപാടൻ

## ആമുഖം

മത്തായിയുടെ സുവിശേഷത്തിൽ തെളിഞ്ഞു നിൽക്കുന്ന ചില സവിശേഷതകളും, കാഴ്ച്ചപ്പാടുകളും ചൂണ്ടിക്കാണിച്ചുകൊണ്ട് സുവിശേഷത്തെ പരിചയപ്പെടുത്താൻ ശ്രമിക്കാം. വ്യാഖ്യാനത്തിനിടയിൽ ഈ കാഴ്ച്ചപ്പാടുകൾ കൂടുതൽ വ്യക്തമായിക്കൊള്ളും.

i. **രക്ഷാകര പദ്ധതിയുടെ വ്യക്തമായ ഒരു രൂപരേഖ** മുമ്പിൽ കണ്ടുകൊണ്ടാണ് മത്തായി യേശുവിന്റെ സുവിശേഷം അവതരിപ്പിക്കുന്നത്. ദൈവം അബ്രാഹത്തിനു നൽകിയ സാർവ്വത്രിക രക്ഷയുടെ വാഗ്ദാനവും സമയത്തിന്റെ പൂർണ്ണതയിൽ അത് യേശുവിൽ പൂർത്തിയാക്കുന്നതും സൂചിപ്പിക്കുന്ന ഒരു ശീർഷകവുമായിട്ടാണ് മത്തായി സുവിശേഷം ആരംഭിക്കുക: അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലി ഗ്രന്ഥം (മത്താ 1:1). രക്ഷകനായ യേശുക്രിസ്തുവിനെ പൂർവ്വപിതാവായ അബ്രാഹവുമായി ബന്ധപ്പെടുത്തുമ്പോൾ അബ്രാഹത്തോടു ദൈവം ചെയ്ത വാഗ്ദാനം, എല്ലാ ജനതകൾക്കുംവേണ്ടിയുള്ള രക്ഷ, യേശുവിൽ യാഥാർത്ഥ്യമാകുന്നു എന്നു സ്ഥാപിക്കുവാൻ സുവിശേഷകൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട് (ഉൽപ 12:3). അതോടൊപ്പം ദൈവം ദാവീദിനോടുചെയ്ത വാഗ്ദാനവും (2 സാമു 7:13) യേശുവിൽ നിറവേറുന്നതായി മത്തായിയുടെ സുവിശേഷത്തിൽ കാണാം. നസറായനായ യേശുതന്നെയാണ് പഴയനിയമത്തിലെ വാഗ്ദാനങ്ങളുടെ പൂർത്തീകരണവും യഹൂദർ ആകാംക്ഷയോടെ കാത്തിരുന്ന രക്ഷകനും. എന്നാൽ യഹൂദർ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ വന്നപ്പോൾ അവർ അവനിൽ വിശ്വസിച്ചില്ലെന്നു മാത്രമല്ല, അവിടുത്തെ കുരിശിൽ തറയ്ക്കുകയും ചെയ്തു. യേശുവിന്റെ ജനനം മുതൽ അവിടുത്തെ കുരിശിൽ തറയ്ക്കുന്നതുവരെ യഹൂദരുടെ എതിർപ്പു തുടർന്നു. അതുകൊണ്ട് ദൈവജനം എന്ന പ്രത്യേക പദവി അവർക്കു നഷ്ടപ്പെട്ടു. ദൈവരാജ്യം അവരിൽനിന്നെടുത്ത് ഫലം പുറപ്പെടുവിയ്ക്കുന്ന മറ്റൊരു ജനതയ്ക്കു





നൽകി (21:40). വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടവർ അയോഗ്യരായതുകൊണ്ട് വിരുന്നുശാല പുതിയ അതിഥികളെക്കൊണ്ട് നിറച്ചു (22:8-10). ഇതു രക്ഷാകര ചരിത്രത്തിലെ വലിയ വഴിത്തിരിവായിരുന്നു. ദൈവജനം - ഇസ്രായേൽ എന്ന സമവാക്യം തിരുത്തപ്പെട്ടു. ദൈവം അബ്രാഹത്തോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിന് ഇസ്രായേലിന്റെ സഹകരണം അനിവാര്യമായിരുന്നില്ല.

ii. **പ്രവചനങ്ങളുടെ പൂർത്തീകരണം** - മുകളിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ദൈവം എപ്രകാരം ഓരോ സംഭവങ്ങളും മുൻകൂട്ടി ക്രമീകരിച്ചിരുന്നെന്നും സുവിശേഷകൻ നിരീക്ഷിക്കുന്നു. ശ്രോതാക്കളുടെ ശ്രദ്ധ പഴയനിയമങ്ങളുടെ പൂർത്തീകരണത്തിലേക്കു തിരിച്ചുകൊണ്ടാണ് ഇക്കാര്യം സാധിക്കുന്നത്. പഴയനിയമകാലത്ത് യഹൂദർ പ്രതീക്ഷയോടെ കാത്തിരുന്ന രക്ഷകനാണ് നസ്രത്തിൽ വളർന്നുവന്ന യേശു (2:12). യേശുവിന്റെ ജനനവുമായി ബന്ധപ്പെടുത്തി നാലു പ്രവചനങ്ങൾ: 1:22-23; 2:15. 17-18. 23; യേശുവിന്റെ പരസ്യജീവിതത്തെ ദൈവീക പദ്ധതിയുമായി ബന്ധപ്പെടുത്തുന്ന ഏറെ പ്രവചനങ്ങൾ: 4:16-17; 8:17; 12:17-21; 13:35; 21:4-5. പീഡാനുഭവവുമായി ബന്ധപ്പെട്ട് 27:9-10; യേശുവിനെതിരായി സംഭവിക്കുന്ന കാര്യങ്ങളും ദൈവികപദ്ധതിയിൽ മുൻകൂട്ടി കണ്ടിട്ടുണ്ട്: 13:35; 26:54. 56; 27:9 10. കൂടാതെ പ്രത്യേകം എടുത്തുപറയാത്തപ്പോഴും സാഹചര്യങ്ങളിൽനിന്ന് പഴയനിയമത്തിന്റെ പൂർത്തീകരണത്തെ സങ്കല്പിച്ചുകൊണ്ടാണ് സുവിശേഷകൻ യേശുവിന്റെ ജീവിതത്തിലെ പല സംഭവങ്ങളും അവതരിപ്പിക്കുന്നത് എന്നു മനസ്സിലാക്കാം.

iii. **സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം** - മത്തായിയുടെ സുവിശേഷത്തിലെ പ്രധാന പ്രമേയം സ്വർഗ്ഗരാജ്യമാണ്. സ്നാപകയോഹന്നാനും യേശുവും അവരുടെ ദൗത്യം ആരംഭിക്കുന്നത് സ്വർഗ്ഗരാജ്യത്തിന്റെ ആഗമനം അറിയിച്ചുകൊണ്ടാണ് (3:2; 4:17); സ്വർഗ്ഗരാജ്യം ഭൂമിയിൽ സ്ഥാപിതമാക്കുവാൻവേണ്ടി പ്രാർത്ഥിക്കുവാൻ ശിഷ്യന്മാരെ പഠിപ്പിച്ചു (6:10); ഉപമകളിലൂടെ ദൈവരാജ്യത്തിന്റെ സ്വഭാവം വ്യക്തമാക്കി (13-ാം അദ്ധ്യായത്തിലെ ഉപമകൾ); യേശു നൽകിയ രോഗശാന്തിയും, പിശാചുബഹിഷ്ക്കരണവും, ദരിദ്രരോട് സുവിശേഷം പ്രസംഗിക്കുന്നതും ദൈവരാജ്യം ഭൂമിയിൽ സമാഗതമായി എന്നതിനു തെളിവുകളാണ് (11:4-6).

iv. **സ്വർഗ്ഗരാജ്യത്തിന്റെ യുഗാന്ത്യോന്മുഖത** - ദൈവരാജ്യത്തിന് യേശു തുടക്കംകുറിച്ചെങ്കിലും അതു വളരുക സാവകാശമാണ്. കടുകുമണി വളരുന്നതുപോലെയാണത് (13:31-33). ഭൂമിയിൽ സ്ഥാപിതമായ സ്വർഗ്ഗരാജ്യത്തിൽ നന്മയും തിന്മയും ഒരുമിച്ചുവളരുന്നു. യുഗാന്തംവരെ അങ്ങനെ തുടരും. യുഗാന്തത്തിൽ നന്മയും തിന്മയും തമ്മിൽ നിർണ്ണായകമായ വേർതിരിവും അന്ത്യവിധിയും ഉണ്ടാകുമെന്നും അതുകൊണ്ട് ജാഗരൂകരായിരിക്കണമെന്നുമുള്ള യേശുവിന്റെ മുന്നറിയിപ്പ് സുവിശേഷത്തിലുടനീളം കാണാം. ഈ പശ്ചാത്തലത്തിലാണ് ധാർമ്മിക പ്രബോധനങ്ങളെല്ലാം അവതരിപ്പിക്കുന്നത്. സുവിശേഷത്തിലെ യുഗാന്തോന്മുഖ കാഴ്ച്ചപ്പാടും ധാർമ്മിക പ്രബോധനങ്ങളും അന്നത്തെപ്പോലെ ഇന്നും പ്രസക്തമാണ്.

v. **സുവിശേഷകന്റെ മുന്നിലുള്ള ആദിമ ക്രൈസ്തവ സമൂഹം:** ദൈവ ജനം = ഇസ്രായേൽ എന്ന സമവാക്യം തിരുത്തപ്പെട്ടെങ്കിലും മത്തായി സുവിശേഷകന്റെ മുമ്പിലുള്ള ആദിമ ക്രൈസ്തവസമൂഹത്തിലെ വലി യപങ്ക് യഹൂദ ക്രൈസ്തവരായിരുന്നു. വിജാതീയ ക്രൈസ്തവരുടെ എണ്ണവും അവഗണിക്കാനാവുന്നതല്ല. ഇരുകൂട്ടരേയും മുമ്പിൽ കണ്ടു കൊണ്ടാണ് മത്തായി സുവിശേഷകൻ തന്റെ സ്രോതസിൽനിന്ന് പാര മ്പര്യങ്ങൾ തെരഞ്ഞെടുക്കുന്നതും അനുയോജ്യമായ ദൈവശാസ്ത്ര കാഴ്ചപ്പാടുകളോടെ അവതരിപ്പിക്കുന്നതും.

**പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം:** യേശുവിന്റെ പ്രബോധനങ്ങളിൽ പഴയനിയമവും പുതിയ നിയമവുമായി അഭേദ്യമായ ബന്ധമുണ്ട്. യേശു നിയമത്തെയും പ്രവാചകന്മാരെയും ഇല്ലാതാക്കുന്നില്ല, പൂർത്തിയാക്കുകയാണ് ചെയ്യുന്നത് (5:17–18). യേശുവിന്റെ മലയിലെ പ്രസംഗം അതിന് ഏറ്റവും വലിയ സാക്ഷ്യമാണ്. യഹൂദ ക്രൈസ്തവർക്ക് ആശ്വാസവും പ്രോത്സാഹനവും നൽകുന്ന അവതരണശൈലി സുവിശേ ഷത്തിൽ പലയിടത്തും കാണാം. മിഷനറി പ്രഭാഷണത്തിൽ നിങ്ങൾ വിജാ തിയരുടെ അടുത്തേക്കു പോകരുത്... പ്രത്യുത, ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകുവിൻ (10:6) എന്ന ഭാഗം യഹൂദക്രൈസ്തവരുള്ള സമൂഹത്തിനേ മനസ്സിലാകൂ. മറ്റു സുവി ശേഷങ്ങൾ ദൈവരാജ്യം എന്നു പറയുന്നിടത്ത് സ്വർഗ്ഗരാജ്യം എന്ന പ്രയോഗമാണ് മത്തായി സുവിശേഷകന് പ്രിയപ്പെട്ടത്. ദൈവനാമം നേരിട്ടുപയോഗിക്കുന്നതിനുള്ള യഹൂദരുടെ വിമുഖതയെ മാനിച്ചുകൊണ്ടാ യിരിക്കണം മത്തായി സുവിശേഷകൻ ഇങ്ങനെ ചെയ്തത്.

യഹൂദക്രൈസ്തവർ കൂടുതലുള്ള സമൂഹത്തിലായിരിക്കുമ്പോഴും വിജാതീയരേയും ഉൾപ്പെടുത്തി സുവിശേഷപ്രഘോഷണത്തിന്റെ സാർവ്വ ത്രിക സ്വഭാവത്തിനു വലിയ പ്രാധാന്യം മത്തായി നൽകിയിട്ടുണ്ട് (21, 22 അദ്ധ്യായങ്ങൾ കാണുക). ദൈവജനമെന്ന നിലയിൽ ഇസ്രായേൽ തിരസ്കൃതമാകുന്നതും പുതിയ ദൈവജനത്തിനു രൂപംനൽകുന്നതും മുകളിൽ സൂചിപ്പിച്ചുവല്ലൊ. ഉത്ഥിതനായ യേശു ശിഷ്യന്മാർക്കു നൽകുന്ന കൽപ്പന എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാ നാണ് (28:19–20). ഇവിടെ യഹൂദരും വിജാതീയരും തമ്മിൽ വ്യത്യാസ മില്ല. ഇരുകൂട്ടർക്കും രക്ഷ യേശുവിലുള്ള വിശ്വാസത്തിലൂടെയാണ്.

vi. **മത്തായിയുടെ സുവിശേഷത്തിന്റെ സ്രോതസ്സ്** – മർക്കോസിന്റെ സുവിശേഷം ഏകദേശം പൂർണ്ണമായും മത്തായിയുടെ സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന പകുതിയോളം ഭാഗത്തിന് സമാന്തരമായി മർക്കോസിന്റെ സുവിശേഷ ത്തിൽ ഒന്നും കാണുന്നില്ല. എന്നാൽ ഇതിൽ നല്ലൊരുഭാഗം (235 വാക്യ ങ്ങൾ) ലൂക്കായുടെ സുവിശേഷത്തിലുണ്ട്. ഇതിൽ അധികവും യേശു വിന്റെ വചനങ്ങളാണ്. ഏതാനും ചില സംഭവങ്ങളും സ്നാപകയോഹ ന്നാന്റെ പ്രഘോഷണവും ഇതിൽപെടുന്നുണ്ട്. മത്തായിക്കും, ലൂക്കാ യ്ക്കും പൊതുവായുള്ള സ്രോതസ് എന്നാണറിയപ്പെടുക. മൂന്നാമത് ഒരു സ്രോതസ് മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്നതാണ് (ഏകദേശം 330 വാക്യങ്ങൾ). ഇതിൽ യേശുവിന്റെ ജനനവുമായി ബന്ധ പ്പെട്ട ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ ഉൾപ്പെടുന്നു.





മുകളിൽ കൊടുത്തിരിക്കുന്ന വസ്തുതകൾ പഠിച്ചവരുടെ ഇടയിൽ പൊതുവെയുള്ള ധാരണ മത്തായി സുവിശേഷകൻ മൂന്നു പാരമ്പര്യ ങ്ങളെ അഥവാ സ്രോതസുകളെ ആധാരമാക്കിയാണ് സുവിശേഷ രചന നടത്തിയതെന്നാണ്. (1) മർക്കോസിന്റെ സുവിശേഷം (2) യേശുവിന്റെ വചനങ്ങളുടെ ഒരു ശേഖരം, (സ്രോതസ്സ് എന്ന് അർത്ഥമുള്ള Quelle എന്ന ജർമ്മൻ പദത്തിന്റെ ആദ്യത്തെ അക്ഷരം) (3) തനിക്കുമാത്രം സ്വന്ത മായുള്ള ഒരു സ്രോതസ്.

മത്തായിയുടെ സുവിശേഷം മൂന്നു സ്രോതസ്സുകളുടെ ഒരു ശേഖരമ ല്ല. വ്യക്തമായ കാഴ്ചപ്പാടുകളോടുകൂടി യേശുക്രിസ്തുവിനെയും സഭ യെയും തന്റെ സഭാസമൂഹത്തിനുവേണ്ടി മാത്രമല്ല, എല്ലാക്കാലത്തേ ക്കുമായി എല്ലാവർക്കും പരിചയപ്പെടുത്തുക എന്ന കാഴ്ച്ചപ്പാടോടുകൂടി യാണ് മത്തായി സുവിശേഷത്തിനു രൂപം നൽകിയത്.

## സുവിശേഷരചയിതാവ്

സഭാപിതാക്കന്മാരുടെ പാരമ്പര്യമനുസരിച്ച് (അലക്സാൻഡ്രിയാ യിലെ ക്ലെമെന്റ്, തെർത്തുല്യൻ, ഒരിജിൻ, എഫ്രേം തുടങ്ങിയവർ) ആദ്യത്തെ സുവിശേഷത്തിന്റെ രചയിതാവ് മത്താ 9:9; 10:3; മർക്കോ 3:18; ലൂക്കാ 6:15; അപ്പ 1:13 എന്നീ ഭാഗങ്ങളിൽ കാണുന്ന അപ്പസ്തോ ലൻ മത്തായിയാണ്. എന്നാൽ ഇന്ന് ഇത് ചോദ്യചെയ്യപ്പെടുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. സുവി ശേഷത്തിനുള്ളിൽ കാണപ്പെടുന്ന ചില പ്രത്യേകതകൾ കണക്കിലെടു ക്കേണ്ടതുണ്ട്. യഹൂദ പാരമ്പര്യങ്ങളും ചിന്താഗതിയും വ്യക്തമായി അറി യുന്ന ആളാണ് ഗ്രന്ഥകാരൻ. സുവിശേഷത്തിലെ ചില പ്രയോഗങ്ങൾ ഈ നിഗമനത്തിലേക്കു നയിക്കുന്നവയാണ്: സ്വർഗ്ഗരാജ്യം (മറ്റു സുവി ശേഷങ്ങളിൽ ദൈവരാജ്യം) നിയമം പൂർത്തിയാക്കുക (5:17), നിയമവും പ്രവാചകന്മാരും (7:12; 22:40), ഇസ്രായേൽ ഭവനം (15:17) നിയമത്തിൽ നിന്ന് വള്ളിയോ പുള്ളിയോ മാറുകയില്ല (5:18), മാംസരക്ത ങ്ങൾ (16:17–18) തുടങ്ങിയ പ്രയോഗങ്ങൾ സുവിശേഷകൻ യഹൂദ പാര മ്പര്യങ്ങളെക്കുറിച്ച് അറിവുള്ളവനാണെന്നും യഹൂദ ക്രൈസ്തവർക്കു വേണ്ടിയാണ് ഇങ്ങനെ എഴുതുന്നതെന്നും സൂചിപ്പിക്കുന്നു. സമൂഹത്തിൽ ഉത്തരവാദിത്വമുള്ള ഒരു വ്യക്തിയാണ് ഗ്രന്ഥകർത്താവ്. അജപാലനരം ഗത്ത് പ്രത്യേകശ്രദ്ധ അദ്ദേഹത്തിനുണ്ട്. യേശുവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ഒരു വ്യക്തിക്കുമാത്രമെ യേശുവിനെ ഇത്ര കൃത്യ മായി അവതരിപ്പിക്കുവാൻ കഴിയൂ. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ സുവിശേഷം രചിച്ചത് അപ്പസ്തോലൻ മത്തായി തന്നെയാകാനുള്ള സാധ്യതകളാണ് കൂടുതലായി കാണുന്നത്.

## സ്ഥലവും കാലവും

രണ്ടു സ്ഥലങ്ങളാണ് പൊതുവേ സുവിശേഷരചനക്കു സാധ്യതയു ള്ളതായി പറയപ്പെടുന്നത്. പലസ്തീനായും, സിറിയായിലെ അന്ത്യോ

ക്യായും. ഈ രണ്ടു സ്ഥലങ്ങളിലേതായാലും സുവിശേഷരചനയിൽ സ്ഥലവുമായി ബന്ധപ്പെട്ടുവന്നിട്ടുള്ള സ്വാധീനത്തിനു മാറ്റമുണ്ടാകേണ്ട കാര്യമില്ല. രണ്ടു സ്ഥലത്തും ശക്തമായ യഹൂദക്രൈസ്തവസമൂഹവും അവരോടൊപ്പം വിജാതീയ ക്രൈസ്തവരും ഉണ്ടായിരുന്നു. പലസ്തീനായിൽ യേശുവിന്റെ കാലം മുതൽ അവിടുത്തെ ശിഷ്യന്മാരുടെ ഗണത്തിൽ യഹൂദമതത്തിൽ നിന്നുള്ളവരായിരുന്നു വളരെ വലിയ പങ്കും. കാലക്രമേണ വിജാതീയ ക്രൈസ്തവരുടെ എണ്ണം വർദ്ധിച്ചുവന്നു. സുവിശേഷത്തിൽ യഹൂദനിയമങ്ങളും പാരമ്പര്യങ്ങളും അറിയുന്ന യഹൂദ ക്രൈസ്തവരെ മുമ്പിൽ കണ്ടുകൊണ്ട് വിഷയങ്ങൾ അവതരിപ്പിക്കുന്നുണ്ട്. നിയമത്തെയും പ്രവാചകന്മാരേയും ഇല്ലാതാക്കാനല്ല പൂർത്തിയാക്കാനാണ് യേശു വന്നത് എന്നും നിയമത്തിൽനിന്ന് വള്ളിയോ പുള്ളിയോ മാറുകയില്ലെന്നും യേശു പറയുന്നത് യഹൂദ ക്രൈസ്തവരെ മുമ്പിൽ കണ്ടുകൊണ്ടാണ്. ദൈവരാജ്യം അവരിൽനിന്ന് എടുത്തു ഫലം പുറപ്പെടുവിക്കുന്ന ജനത്തിനു കൊടുക്കപ്പെടും എന്നു പറയുന്നിടത്ത് വിജാതീയരെയാണ് യേശു സൂചിപ്പിക്കുക. രാജാവ് ക്രുദ്ധനായി സൈന്യത്തെ അയച്ച് ആ കൊലപാതകികളെ നശിപ്പിച്ചു (22:7) എന്ന വാക്കുകൾ ജറുസലെം ദേവാലയത്തിന്റെ നാശത്തെ ദൈവശിക്ഷയായി വ്യാഖ്യാനിക്കുന്നതാണ് എന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നു. അതുപോലെ യഹൂദരും ക്രൈസ്തവരും തമ്മിൽ സുവിശേഷ രചനയുടെ കാലത്ത് അകന്നു കഴിഞ്ഞിരുന്നു എന്ന സൂചനകളും കാണാം. അതുകൊണ്ട് ജറുസലേം ദേവാലയത്തിന്റെ നാശത്തിന് ശേഷമായിരിക്കണം സുവിശേഷം രചിച്ചിട്ടുള്ളത്. എ.ഡി. 80നും 90നും ഇടയ്ക്കുള്ള കാലയളവിലായിരിക്കാനാണ് സാധ്യത. ഈ കാലയളവിൽ സിറിയായിൽ യഹൂദക്രൈസ്തവരുടെ ശക്തമായ സാന്നിധ്യം ഉണ്ടായിരുന്നു. ജറുസലെം ദേവാലയത്തിന്റെ നാശത്തിനു ശേഷമുണ്ടായ സംഭവവികാസങ്ങളുടെ ഭാഗമായിരുന്നു അത്. അതുകൊണ്ട് സിറിയായിലെ അന്ത്യോക്യായിൽവച്ച് സുവിശേഷം രചിച്ചിരിക്കാൻ കൂടുതൽ സാധ്യതകളുണ്ട്. പലസ്തീന തള്ളിക്കളയാൻ മതിയായ കാരണങ്ങളുമില്ല. അതുകൊണ്ടാണ് ഇക്കാര്യത്തിൽ പൊതുവായ ഒരു നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കാത്തത്. എന്നാൽ സുവിശേഷ വ്യാഖ്യാനത്തിന് ഇത് തടസ്സമാകുന്നില്ല.

## സുവിശേഷത്തിന്റെ ഘടന

മത്തായിയുടെ സുവിശേഷത്തിനു മുഴുവൻ കൃത്യമായ ഒരു ഘടന സുവിശേഷകൻ ഉദ്ദേശിച്ചിരുന്നോ എന്നു വ്യക്തമല്ല. എന്നാൽ സുവിശേഷ രചനയിൽ പ്രഥമദൃഷ്ട്യാ വ്യക്തമായി കാണുന്ന ചില സവിശേഷതകളുണ്ട്. അവ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. എന്നാൽ പ്രത്യേകമായ തെളിവുകളോ സൂചനകളോ ഇല്ലാത്തിടത്ത് അതുകണ്ടെത്താൻ ശ്രമിക്കുന്നതു ശരിയല്ല. സുവിശേഷത്തിലെ എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തി വിശദമായ ഒരു ഉള്ളടക്കം താഴെ കൊടുക്കുന്നുണ്ട്. മത്തായിയുടെ സുവിശേഷത്തിലെ ഒരു പ്രത്യേക ഭാഗത്തിന്റെ വ്യാഖ്യാനം എളുപ്പത്തിൽ കണ്ടെത്താനും ഇത് സഹായകമാകും. എന്നാൽ ഘടനയിലൂടെ അവതരിപ്പിച്ചിട്ടുള്ള കാഴ്ചപ്പാടുകൾ കണ്ടെത്താനും ശ്രമിച്ചിട്ടുണ്ട്.





സുവിശേഷത്തിന്റെ ആരംഭത്തിലെ രണ്ട് അദ്ധ്യായങ്ങൾ (1,2) യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. 26-28 അദ്ധ്യായങ്ങളിൽ യേശുവിന്റെ പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം എന്നിവയാണ് പ്രതിപാതിച്ചിരിക്കുന്നത്. അങ്ങനെ 28 അദ്ധ്യായങ്ങളിൽ യേശുവിന്റെ ജനനംമുതൽ ഉത്ഥാനംവരെയുള്ള സംഭവങ്ങളുടെ ഒരു സംക്ഷിപ്തരൂപം നമുക്ക് ലഭിക്കുമെന്ന് ചിന്തിക്കാം. 3 മുതൽ 25 വരെ അദ്ധ്യായങ്ങളിൽ തെളിഞ്ഞു നിൽക്കുന്നത് യേശുവിന്റെ അഞ്ചു നീണ്ട പ്രബോധനങ്ങളാണ്. ഓരോന്നും അവസാനിക്കുന്നിടത്ത് യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ എന്നു പറഞ്ഞുകൊണ്ടാണ് അടുത്ത ഭാഗത്തേക്കു കടക്കുക (7:28; 11:1; 13:53; 19:1; 26:1) ബോധപൂർവ്വം കൂട്ടിച്ചേർത്ത ഈ വാക്കുകളുടെ അടിസ്ഥാനത്തിൽ സുവിശേഷത്തിന്റെ മദ്ധ്യഭാഗത്തെ അഞ്ചായി തിരിച്ചിരിക്കുന്നു:

**i. 1:1–2:25 യേശുവിന്റെ ജനനം**
- വംശാവലി 1:1–17
- യേശുവിന്റെ ജനനം 2:1–12
- ഈജിപ്തിലേക്കു പലായനം 2:13–18
- തിരിച്ചുവരവ് 2:19–23

**ii. 3:1–7; 28: ദൈവരാജ്യ പ്രഘോഷണം**
- സ്നാപകയോഹന്നാന്റെ പ്രഭാഷണം 3:1–12
- യേശുവിന്റെ ജ്ഞാനസ്നാനം 3:13–17
- മരുഭൂമിയിലെ പരീക്ഷ 4:1–11
- ദൗത്യം ആരംഭിക്കുന്നു 4:12–17
- ആദ്യത്തെ ശിഷ്യന്മാർ 4:18–22
- വാക്കിലും പ്രവൃത്തിയിലും ശക്തനായ രക്ഷകൻ 4:22–25
- മലയിലെ പ്രസംഗം 5:1–7: 28

**iii. 8:1–10: 42: സുവിശേഷ പ്രഘോഷണം**
- യേശു പ്രവർത്തിച്ച പത്ത് അത്ഭുതങ്ങൾ 8,1–9:38
- സുവിശേഷ പ്രഘോഷണത്തിനയക്കുന്ന അപ്പസ്തോലന്മാർക്കു കൊടുക്കുന്ന നിർദ്ദേശങ്ങൾ 10:1–42

**iv. 11:1–13:52 ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ**
- യേശു സ്നാപകയോഹന്നാന്റെ ശിഷ്യന്മാർക്കു നൽകുന്ന സാക്ഷ്യം 11:1–6
- സ്നാപകനെക്കുറിച്ച് യേശുവിന്റെ സാക്ഷ്യം 11:7–19
- അനുതപിക്കാത്ത നഗരങ്ങൾക്കെതിരേ 11:20–24
- ക്ലേശിതർക്കാശ്രയം 11:25–30
- സാബത്തു വിവാദങ്ങൾ 12:1–14
- യേശു ദൈവത്തിന്റെ ദാസൻ 12:15–21
- യേശുവും ബേൽസെബൂലും 12:22–37
- യോനാ പ്രവാചകന്റെ അടയാളം 12:38–42

അശുദ്ധാത്മാവ് തിരിച്ചുവരുന്നു 12:43-45
യേശുവിന്റെ അമ്മയും സഹോദരരും 12:46-50
ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ 13,1-52

**v. സഭയെക്കുറിച്ചുള്ള പ്രബോധനങ്ങൾ, 13:53-18:35**

യേശു സ്വന്തം നാട്ടിൽ അവഗണിക്കപ്പെടുന്നു 13,53-58
സ്നാപകന്റെ ശിരഛേദനം 14:1-12
യേശുവിന്റെ അത്ഭുതങ്ങൾ: 14:13-36
ഫരിസേയരുമായി തർക്കം 15:1-20
ഫരിസേയരും സദുക്കായരും 16:1-12
രോഗശാന്തി അത്ഭുതങ്ങൾ 15:21-38
പത്രോസിന്റെ വിശ്വാസപ്രഖ്യാപനം 16:13-20
പീഡാനുഭവം - ഉത്ഥാനം 1-ാം പ്രവചനം 16:21-28
യേശു രൂപാന്തരപ്പെടുന്നു 17:1-8
ഏലിയായുടെ ആഗമനം 17:9-13
അപസ്മാരരോഗിയെ സുഖപ്പെടുത്തുന്നു17:14-21
പീഡാനുഭവം - ഉത്ഥാനം 2-ാം പ്രവചനം 17:22-23
നികുതിയെക്കുറിച്ച് 17:24-27
സഭാംഗങ്ങൾക്കുള്ള വിവിധ ഉപദേശങ്ങൾ 18:1-35

**vi. ദൈവരാജ്യത്തിന്റെ ആഗമനം, 19:1-25:40**

വിവാഹമോചനം 19:1-12
ശിശുക്കളെ അനുഗ്രഹിക്കുന്നു 19:13-15
ധനികനായ യുവാവ് 19:16-30
മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ 20:1-16
പീഡാനുഭവവും ഉത്ഥാനവും - മൂന്നാംപ്രവചനം 20:17-19
സെബദി പുത്രന്മാരുടെ അഭ്യർത്ഥന 20:20-28
അന്ധന്മാർക്കു കാഴ്ച്ച 20:29-34
ജറുസലേമിലേക്ക് രാജകീയപ്രവേശനം 21:1-11
ദേവാലയ ശുദ്ധീകരണം 21:12-17
അത്തിവൃക്ഷത്തെ ശപിക്കുന്നു 21:18-22
യേശുവിന്റെ അധികാരം 21:23-27
രണ്ടു പുത്രന്മാരുടെ ഉപമ 21:28-32
മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ 21:33-46
വിവാഹവിരുന്നിന്റെ ഉപമ 22:1-14
സീസറിനു നികുതി 22:15-22
പുനരുത്ഥാനത്തെക്കുറിച്ച് 22:23-33
സുപ്രധാനകൽപ്പനകൾ 22:34-40
ക്രിസ്തു ദാവീദിന്റെ പുത്രൻ 22:41-46





നിയമജ്ഞരുടെയും ഫരിസേയരുടെയും കാപട്യം 23:1-36
യേശു ജറുസലേമിനെക്കുറിച്ച് വിലപിക്കുന്നു 23:37-39
ദേവാലയത്തിന്റെ നാശം 24:1-2
വേദനകളുടെ ആരംഭം 24:3-14
ഭീകരദുരിതങ്ങൾ 24:15-28
മനുഷ്യപുത്രന്റെ ആഗമനം 24:29-36
സദാ ജാഗരൂകരായിരിക്കുവിൻ 24:37-51
പത്തുകന്യകമാരുടെ ഉപമ 25:1-11
താലന്തുകളുടെ ഉപമ 25:14-30
അവസാനവിധി 25:31-46

**vii. പീഡാനുഭവം, മരണം, ഉത്ഥാനം, 26:1-28:20**

യേശുവിനെ വധിക്കാൻ ആലോചന 26:1-5
ബഥാനിയായിലെ തൈലാഭിഷേകം 26:6-13
യൂദാസിന്റെ വഞ്ചന 26:14-16
പെസഹാ ആചരിക്കുന്നു 26:17-25
പുതിയ ഉടമ്പടി 26:26-30
പത്രോസ് യേശുവിനെ നിഷേധിക്കും 26:31-35
ഗത്സമെനിൽ പ്രാർത്ഥിക്കുന്നു 26:36-46
യേശുവിനെ ഒറ്റിക്കൊടുക്കുന്നു 26:47-56
ന്യായാധിപ സംഘത്തിന്റെ മുമ്പിൽ 26:57-68
പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു 26:69-75
യേശു പീലാത്തോസിന്റെ മുമ്പിൽ 27:1-2
യൂദാസിന്റെ അന്ത്യം 27:3-10
വിചാരണയും വിധിയും 27:11-26
യേശുവിനെ പരിഹസിക്കുന്നു 27:27-31
യേശുവിനെ കുരിശിൽ തറയ്ക്കുന്നു 27:32-44
യേശുവിന്റെ മരണം 27:45-56
യേശുവിനെ സംസ്കരിക്കുന്നു 27:57-61
കല്ലറയുടെ കാവൽ 27:62-66
പുനരുത്ഥാനം 28:1-10
കാവൽക്കാരുടെ വ്യാജപ്രസ്താവന 28:11-15
പ്രേഷിതദൗത്യം 28:16-20

# 3
# മർക്കോസ് എഴുതിയ സുവിശേഷം

ഡോ. ജേക്കബ്ബ് ചാണിക്കുഴി

## ആമുഖം

കാനോനിക സുവിശേഷങ്ങളിൽ ഏറ്റവും ചെറുതും ഏറ്റവും ആദ്യം എഴുതപ്പെട്ടതുമായ സുവിശേഷമാണ് വി. മർക്കോസിന്റേത്. ദീർഘമായ ആമുഖത്തോടുകൂടിയ പീഢാനുഭവവിവരണമെന്നാണ് വി. മർക്കോസിന്റെ സുവിശേഷം വിശേഷിപ്പിക്കപ്പെടുന്നത്. ഈ ഗ്രന്ഥത്തിന്റെ 37 ശതമാനം ഭാഗവും യേശുവിന്റെ അവസാന ആഴ്ചയിലെ സംഭവങ്ങളാണ് വിവരിക്കുന്നത്. യേശുവിന്റെ പീഢാസഹനമരണ ഉത്ഥാനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആദിമസഭ നടത്തിയ പ്രഘോഷണത്തിന്റെ പ്രതിഫലനമാണ് ആദ്യം എഴുതപ്പെട്ട സുവിശേഷത്തിലും നാം കാണുന്നത്.

മർക്കോസ് തന്റെ പുസ്തകം ആരംഭിക്കുന്നത് അക്കാലത്തെ പല ജീവചരിത്രഗ്രന്ഥങ്ങളും ആരംഭിച്ചിരുന്നതുപോലെ കഥാനായകനെ പരിചയപ്പെടുത്തിക്കൊണ്ടാണ്: "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (1:1). ഈ ആദ്യ വാചകത്തിൽത്തന്നെ സുവിശേഷത്തിന്റെ മുഖ്യപ്രമേയവും നമുക്കു കാണാം: യേശു ദൈവപുത്രനായ മിശിഹായാണ്.

മിശിഹായുടെ മുന്നോടിയെക്കുറിച്ചുള്ള പഴയനിയമ പ്രവചനം സ്നാപകയോഹന്നാനിൽ പൂർത്തിയായി എന്നു സൂചിപ്പിച്ചുകൊണ്ടാണ് മർക്കോസ് വിവരണം ആരംഭിക്കുന്നത്. മുന്നോടിയുടെ പരസ്യജീവിതത്തിനുശേഷം യേശു തന്റെപരസ്യജീവിതം ആരംഭിക്കുമ്പോൾ അധികാരമുള്ള ദൈവപുത്രനായാണ് അവൻ പ്രത്യക്ഷപ്പെടുന്നത് (1:16-45). വാക്കിലും പ്രവൃത്തിയിലും ശക്തനായ ദൈവപുത്രനെ എല്ലാവരും ഉടനെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുമെന്ന്





നാം കരുതും. പക്ഷേ, അവനു ലഭിക്കുന്ന പ്രതികരണം ശക്തമായ എതിർപ്പിന്റെതാണ് (2:1-3:6). എതിർക്കപ്പെടുക മാത്രമല്ല, സമുദായ പ്രമാണിമാരാലും നാട്ടുകാരാലും സ്വന്തം വീട്ടുകാരാലും തിരസ്കരിക്കപ്പെടുകയും ചെയ്യുക എന്നത് ദൈവപുത്രന്റെ ഈ ലോകത്തിലെ ഭാഗധേയമായിരുന്നു (3:7-6:6). സ്വന്തം ശിഷ്യർക്കുമുന്നിൽ തന്റെ ദൈവത്വം വെളിപ്പെടുത്തുന്ന പല അത്ഭുതങ്ങളും അവൻ പ്രവർത്തിച്ചിട്ടും അവർക്ക് അവന്റെ ദൈവത്വം മനസ്സിലാക്കാൻ കഴിയുന്നില്ല (6:6-8:26). ഒടുവിൽ, പത്രോസ് യേശുവിന്റെ മിശിഹാത്വം പ്രഖ്യാപിക്കുന്നതോടെ സുവിശേഷം വലിയൊരു വഴിത്തിരിവിലെത്തുന്നു. തന്റെ മിശിഹാത്വത്തിന്റെ യഥാർത്ഥ സ്വഭാവം-താൻ സഹിച്ചു മരിക്കുന്ന മിശിഹായാണെന്ന്-വ്യക്തമാക്കിക്കൊടുത്തുകൊണ്ടും തന്റെ ശിഷ്യരാവുക എന്നാൽ എന്താണർത്ഥമെന്നു വിശദീകരിച്ചുകൊണ്ടും ജറുസലേമിലേയ്ക്കു യാത്ര ചെയ്യുന്ന യേശുവിനെയാണു തുടർന്നും നാം കാണുന്നത് (8:31-10:52). തന്റെ പീഡാനുഭവപ്രവചനങ്ങൾക്ക് അനുബന്ധമായി ശിഷ്യത്വത്തിന്റെ വിലയെക്കുറിച്ച് യേശു പഠിപ്പിക്കുന്നു. ജറുസലെത്തെത്തുന്ന യേശുവിന്റെ പ്രവൃത്തികളും പ്രബോധനങ്ങളും വിവരിച്ചശേഷം മർക്കോസ് സഹനദാസനായ ദൈവപുത്രന്റെ പീഡാനുഭവശുശ്രൂഷ വിശദമായി വിവരിക്കുന്നു. യേശുവിനെപ്രതി സഹനങ്ങൾ നേരിടേണ്ടി വരുന്നവർക്ക് ആശ്വാസവും പ്രതീക്ഷയും നൽകുകയും, വായനക്കാരെ യേശുവിനോടുള്ള വിശ്വസ്തത പുലർത്താൻ ക്ഷണി ക്കുകയും ചെയ്യുന്ന വിധത്തിലാണ് മർക്കോസ് തന്റെ വിവരണം ഉപസംഹരിക്കുന്നത്.

## സുവിശേഷകൻ

രണ്ടാമത്തെ സുവിശേഷത്തിൽ ഒരിടത്തും അതിന്റെ ഗ്രന്ഥകർത്താവ് ആരാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും വി. മർക്കോസാണ് രണ്ടാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവ് എന്നത് ആദ്യ നൂറ്റാണ്ടു മുതൽ തന്നെ വിശ്വസിച്ചു പോന്നിട്ടുള്ളതും ഇതുവരെയും ഗൗരവമായി ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ വസ്തുതയാണ്. മർക്കോസ് യേശുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാൾ അല്ലാതിരുന്നിട്ടും അദ്ദേഹത്തിന്റെ പേരിൽത്തന്നെ സുവിശേഷം അറിയപ്പെട്ടുവെന്നത് മർക്കോസുതന്നെയാണ് ഈ സുവിശേഷം എഴുതിയത് എന്നതിന്റെ ശക്തമായ സാക്ഷ്യമാണ്.

രണ്ടാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകാരനെക്കുറിച്ചു നമുക്കു ലഭ്യമായ ആദ്യത്തെ സാക്ഷ്യം പപ്പിയാസിൽ നിന്നുള്ളതാണ്. ഹിയെറാപ്പോളിസിലെ മെത്രാനായിരുന്നു പപ്പിയാസ് (60-130). "കർത്താവിന്റെ അരുളപ്പാടുകളുടെ വ്യാഖ്യാനം" എന്ന പേരിൽ പപ്പിയാസ് എഴുതിയതും എന്നാൽ ഇന്ന് ലഭ്യമല്ലാത്തതുമായ ഗ്രന്ഥത്തിൽ നിന്നുള്ള ഒരു ഭാഗം എവുസേബിയുസിന്റെ സഭാചരിത്രത്തിൽ (3:39-15) കാണുന്നതിപ്രകാരമാണ്: "മർക്കോസ് പത്രോസിന്റെ വ്യാഖ്യാതാവുകയും കർത്താവ് ചെയ്തതും പറഞ്ഞതുമായ കാര്യങ്ങളെക്കുറിച്ച് ഓർമ്മിച്ചതെല്ലാം ക്രമമായല്ലെങ്കിലും കൃത്യമായി എഴുതിവയ്ക്കുകയും ചെയ്തു എന്ന് പ്രെസ്ബിറ്റർ എപ്പോഴും പറയുമായിരുന്നു". ഇവിടെ പപ്പിയാസ് പരാ

മർശിക്കുന്ന ''പ്രെസ്ബിറ്റർ'' യോഹന്നാൻ ശ്ലീഹായാണെന്നതാണ് പൊതുമതം.

പത്രോസും പൗലോസും റോമായിൽ സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തു മടങ്ങിയശേഷം പത്രോസിന്റെ ശിഷ്യനായ മർക്കോസ് പത്രോസിന്റെ പ്രസംഗത്തിന്റെ സംക്ഷിപ്തം നമുക്ക് എഴുതി നല്കിയെന്ന് ഇറണേവൂസും (130-200) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

എവുസേബിയൂസ് തന്റെ സഭാചരിത്രത്തിൽ (6:14, 6-7) അലക്സാണ്ട്രിയായിലെ വി. ക്ലെമന്റിന്റെ സാക്ഷ്യം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: ''പത്രോസ് റോമിൽ സുവിശേഷം പ്രസംഗിച്ചുകഴിഞ്ഞപ്പോൾ... അവിടെയുണ്ടായിരുന്നവർ മർക്കോസിനോട്, അവൻ ദീർഘകാലം പത്രോസിനെ അനുഗമിച്ചിരുന്നയാളായതുകൊണ്ടും പത്രോസ് പ്രസംഗിച്ച കാര്യങ്ങൾ ഓർത്തിയിരിക്കുന്നയാളായതുകൊണ്ടും, പത്രോസ് പറഞ്ഞ കാര്യങ്ങൾ എഴുതിവയ്ക്കാൻ ആവശ്യപ്പെട്ടു. എഴുതിക്കഴിഞ്ഞപ്പോൾ തന്നോടാവശ്യപ്പെട്ടവർക്ക് അവൻ അതു നല്കി. പത്രോസ് ഇതെക്കുറിച്ച് പിന്നീടറിഞ്ഞപ്പോൾ അവൻ അതുവിലക്കുകയോ ശ്ലാഘിക്കുകയോ ചെയ്തില്ല''.

മാർസിയൻ വിരുദ്ധരേഖ മർക്കോസ് പത്രോസിന്റെ വ്യാഖ്യാതാവായിരുന്നെന്നും പത്രോസിന്റെ മരണശേഷം ഇറ്റലിയിൽവച്ച് മർക്കോസു സുവിശേഷം എഴുതിയെന്നും സാക്ഷ്യപ്പെടുത്തുന്നുണ്ട്.

അപ്പസ്തോലപ്രവർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മർക്കോസെന്ന അപരനാമമുള്ള യോഹന്നാൻ തന്നെയാണ് സുവിശേഷകനായ മർക്കോസ് എന്നതാണ് പൊതുവെയുള്ള വിശ്വാസം. ''മർക്കോസെന്ന അപരനാമമുള്ള യോഹന്നാനെ''ക്കുറിച്ചുള്ള ആദ്യ പരാമർശം കാണുന്നത് അപ്പ 12:12-ലാണ്. ജയിൽമോചിതനായശേഷം പത്രോസ് നേരെ പോകുന്നത് ''മർക്കോസ് എന്ന അപരനാമമുള്ള യോഹന്നാന്റെ'' അമ്മയായ മറിയത്തിന്റെ വീട്ടിലേക്കാണ്. ആ വീട് മറിയത്തിന്റെ പേരിൽ അറിയപ്പെട്ടിരുന്നതുകൊണ്ട് മറിയം ഒരു വിധവയായിരുന്നെന്നും ജറുസലേം നഗരത്തിലുണ്ടായിരുന്ന വീടായിരുന്നതിനാൽ വളരെപ്പേർക്ക് ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സൗകര്യമുണ്ടായിരുന്ന വീടായിരുന്നതിനാലും ഈ മറിയം ധനികയായ സ്ത്രീയായിരുന്നുവെന്നു കരുതപ്പെടുന്നു. ഈ വീട്ടിലെ മാളികമുറിയിൽ വച്ചാണ് യേശു അന്ത്യത്താഴം കഴിച്ചതെന്നും ഇതേ മുറിയിൽ തന്നെയാണ് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യന്മാർ മാതാവിനോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരുന്നതെന്നും (അപ്പ 1:13-14) കരുതുന്നവരുണ്ട്. (അങ്ങനെയെങ്കിൽ അന്ത്യത്താഴത്തിനും (മർക്കോ 14:14-15) സ്വർഗ്ഗാരോഹണത്തിനുമിടയ്ക്ക് കുടുംബനാഥൻ മരിച്ചുപോയി എന്നു സങ്കല്പിക്കേണ്ടിവരും. കാരണം പിന്നീട് ആ വീട്ടിലെ ഗൃഹനാഥനെക്കുറിച്ചല്ല, ഗൃഹനാഥയായ മറിയത്തെക്കുറിച്ചാണ് നാം കേൾക്കുന്നത്).





മർക്കോസെന്ന അപരനാമമുള്ള യോഹന്നാനെക്കുറിച്ചുള്ള രണ്ടാമത്തെ പരാമർശം നടപടി പുസ്തകത്തിൽ കാണുന്നത് 12:25 ലാണ്. ബാർണബാസും സാവൂളും ജറുസലേം സന്ദർശനം പൂർത്തിയാക്കി തിരിച്ചുപോരുമ്പോൾ മർക്കോസെന്ന അപരനാമമുള്ള യോഹന്നാനെകൂടെക്കൊണ്ടുപോന്നുവെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഒന്നാം പ്രേഷിതയാത്രയിൽ പൗലോസിന്റെയും ബാർണബാസിന്റെയുമൊപ്പം മർക്കോസും ഉണ്ടായിരുന്നുവെന്നു തുടർന്നു നാം കാണുന്നു (13:13). എന്നാൽ പാംഫീലിയായിലെത്തിയപ്പോൾ മർക്കോസ് അവരെ വിട്ട് ജറുസലേമിലേക്കു തിരിച്ചുപോയി. (13:13;15:37). പിന്നീട്, പൗലോസ് തന്റെ രണ്ടാം പ്രേഷിതയാത്രയിൽ മർക്കോസിനെ കൂടെക്കൂട്ടാൻ വിസമ്മതിച്ചതുകൊണ്ട് ബാർണബാസ് മർക്കോസിനെയുംകൂട്ടി സൈപ്രസിലേക്കു പോയി (15:39). ബാർണബാസും മർക്കോസും തമ്മിലുള്ള ബന്ധം പൗലോസു കൊളോസോസുക്കാർക്കെഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്: ബാർണാബാസിന്റെ പിതൃവ്യപുത്രനായിരുന്നു മർക്കോസ് (കൊളോ 4,10). പൗലോസിന്റെ റോമിലെ ഒന്നാം കാരാഗൃഹവാസകാലത്ത് മർക്കോസ് അദ്ദേഹത്തിന്റെ കൂടെയുണ്ട് (ഫീലെമോൻ 24). തന്റെ രണ്ടാം കാരാഗൃഹവാസ സമയത്ത്, മർക്കോസിനെ റോമിലേക്കുകൊണ്ടുവരാൻ പൗലോസു തിമോത്തെയോസിനോട് ആവശ്യപ്പെടുന്നുണ്ട് (2തിമോ 4:11). പത്രോസ് തന്റെ ഒന്നാംലേഖനം എഴുതുമ്പോൾ മർക്കോസ് അദ്ദേഹത്തോടൊപ്പമുണ്ട് (1 പത്രോ 5:3).

എന്നാൽ, ഈ യോഹന്നാൻ മർക്കോസ് തന്നെയാണ് രണ്ടാം സുവിശേഷത്തിന്റെ ഗ്രന്ഥകാരനായ മർക്കോസ് എന്ന നിലപാടിനെ ചോദ്യം ചെയ്യുന്ന പണ്ഡിതന്മാരുണ്ട്. അവർ ഉന്നയിക്കുന്ന ഒന്നാമത്തെ പ്രശ്നം, യോഹന്നാൻ എന്ന അപരനാമമുള്ള മർക്കോസും സുവിശേഷകനായ മർക്കോസും ഒരേ ആൾത്തന്നെയാണെന്ന് ആദ്യമായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മാത്രമാണ്. വി. ജറോം ആണ് പ്രസ്തുത സാക്ഷ്യം നല്കിയിരിക്കുന്നത്. ഒരു പക്ഷേ, എല്ലാവർക്കും അറിയാമായിരുന്ന ഒരു കാര്യമായതിനാലകാം അതിനുമുമ്പ് അതേക്കുറിച്ചുള്ള സാക്ഷ്യമൊന്നും ഉണ്ടാകാതെ പോയതെന്നാണ് ഈ പ്രശ്നത്തിനു നല്കപ്പെട്ടിട്ടുള്ള ഉത്തരം.

നടപടി പുസ്തകത്തിൽക്കാണുന്ന യോഹന്നാൻ മർക്കോസാണ് സുവിശേഷകനായ മർക്കോസ് എന്നു കരുതുന്നതിനുള്ള മറ്റു ചില തടസ്സവാദങ്ങൾകൂടി ഉന്നയിക്കപ്പെടുന്നുണ്ട്. ഉദാഹരണമായി, യോഹന്നാൻ മർക്കോസ് ഒരു ജറുസലേംകാരനാണ്. ആ നിലയ്ക്ക് പാലസ്തീനായിലെ യഹൂദരുടെ ചിട്ടകളും പതിവുകളും രീതികളുമെല്ലാം അദ്ദേഹം കൃത്യമായി അറിഞ്ഞിരിക്കേണ്ടതാണ്. കൂടാതെ പാലസ്തീനായിലെ സ്ഥലങ്ങളെക്കുറിച്ചും അദ്ദേഹത്തിന് കൂടുതൽ ഗ്രാഹ്യമുണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യങ്ങളിലെല്ലാം സുവിശേഷത്തിൽ ചില പിഴവുകൾ നാം കാണുന്നു. മാത്രവുമല്ല, ജറുസലേത്തുനടന്ന യേശുവിന്റെ വിചാരണയെക്കുറിച്ചു ഒരു ജറുസലേംകാരനിൽനിന്നു ലഭിക്കേണ്ടത്ര വിവരങ്ങ

ളൊന്നും സുവിശേഷത്തിൽനിന്നു നമുക്കു ലഭിക്കുന്നില്ല കൂടാതെ, സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്നത് പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയാണെന്നതും അദ്ദേഹം ഒരു ജറുസലേംകാരനായിരിക്കാൻ സാദ്ധ്യതയില്ലെന്ന വസ്തുയിലേക്കാണു വിരൽ ചൂണ്ടുന്നത്.

ആനുകാലിക ബൈബിൾ പണ്ഡിതന്മാർ സുവിശേഷകൻ ആരായിരുന്നു എന്ന ചോദ്യത്തെക്കാൾ സുവിശേഷകൻ അവതരിപ്പിച്ചിരുന്ന ദൈവശാസ്ത്രചിന്തകൾക്കും തന്റെ നിലപാടുകൾ വ്യക്തമാക്കാൻ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന രചനാസാങ്കേതങ്ങൾക്കുമാണ് കൂടുതൽ ഊന്നൽ നല്കുന്നത്.

## അനുവാചകർ

മർക്കോസ് ആർക്കുവേണ്ടിയിട്ടാണ് സുവിശേഷം എഴുതിയത് എന്ന് സുവിശേഷത്തിൽ ഒരിടത്തും കൃത്യമായി പറഞ്ഞിട്ടില്ല എങ്കിലും, ആരായിരുന്നിരിക്കാം ഈ സുവിശേഷത്തിന്റെ ആദ്യകാല അനുവാചകർ എന്നതിനെക്കുറിച്ചുള്ള ഈ നിഗമനം കൈക്കൊള്ളുന്നതിനു നമ്മെ സഹായിക്കുന്ന ചില സൂചനകൾ സുവിശേഷത്തിനുള്ളിൽ ലഭ്യമാണ്. അതിലൊന്നാണ് അരമായ വാക്കുകളുടെ അർത്ഥം പല സ്ഥലത്തും മർക്കോസ് നല്കുന്നുവെന്നത്. ഉദാഹരണം: ബൊവെനെർഗസ് (3:17); തലീത്തകും (5:41); കൊർബ്ബാൻ (7:11); എഫ്ഫാത്ത (7:34); ഗോൽഗോഥാ (15:22). യഹൂദരുടെ പതിവുകളും രീതികളും ചില സ്ഥലങ്ങളിൽ മർക്കോസ് വിശദീകരിച്ചു നല്കുന്നു. ഉദാ: 7:3; 14:12; 15:42. ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത് മർക്കോസിന്റെ അനുവാചകർ അരമായഭാഷയും യഹൂദരീതികളും അറിയാത്ത വിജാതീയ ക്രിസ്ത്യാനികൾ ആയിരിക്കാമെന്നാണ്. ലത്തീൻ വാക്കുകൾ ഗ്രീക്കുലിപികളിൽ സുവിശേഷത്തിൽ കാണുന്നത് (4:27 മോഡിയോസ്; 5:9: ലേഗിയോൺ; 6:37:ദെനാരിയോൺ; 12:14; കെൻസോസ്; 15:39, 44–45; കെന്തുരിയോൺ) വായനക്കാരെക്കുറിച്ചുള്ള മറ്റൊരു സൂചനയാണ്. വായനക്കാർ ഇറ്റലിയിലുള്ളവരാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ലത്തീൻ പറയുന്നവർ കൂടുതലും ഇറ്റലിയിലാണല്ലോ ഉണ്ടായിരുന്നത്. ചുരുക്കത്തിൽ, ഇറ്റലിയിൽ താമസിച്ചിരുന്ന വിജാതീയ ക്രിസ്ത്യാനികളാണ് സുവിശേഷത്തിന്റെ വായനക്കാരെന്ന നിഗമനത്തിലേയ്ക്കാണ് ഈ സൂചനകളിലൂടെ നാമെത്തുന്നത്.

പീഡാനുഭവവിവരണത്തിൽ, യേശുവിന്റെ കുരിശുചുമക്കാൻ സഹായിച്ച ശിമയോനെ പരിചയപ്പെടുത്തുന്നത് അലക്സാണ്ടറിന്റെയും റൂഫസിന്റെയും പിതാവെന്നാണ് (15:21). അതിനർത്ഥം ഈ വ്യക്തികൾ വായനക്കാർക്കു പരിചിതരാണെന്നാണ്. റോമാ 16:13 അനുസരിച്ച് റൂഫസ് റോമായിലെ സഭയിലെ ഒരു പ്രമുഖ അംഗമാണ്. ഈ റൂഫസുതന്നെയാണ് മർക്കോ 15:21-ലെ റൂഫസുമെങ്കിൽ വായനക്കാർ റോമായിലെ സഭയിലെ അംഗങ്ങളാണെന്നു വരുന്നു.

രണ്ടാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകാരനെ സംബന്ധിച്ച ഇറണേവൂസിന്റെയും അലക്സാന്ത്രിയായിലെ ക്ലെമന്റിന്റെയും സാക്ഷ്യം നാം





കണ്ടുകഴിഞ്ഞു. ആ സാക്ഷ്യങ്ങളനുസരിച്ചും പത്രോസിന്റെ റോമിലെ ശ്രോതാക്കൾക്കു വേണ്ടിയാണ് മർക്കോസ് സുവിശേഷം രചിച്ചത്. അങ്ങനെ നോക്കുമ്പോൾ സുവിശേഷത്തിനകത്തെ സൂചനകളും സഭാപിതാക്കന്മാരുടെ സാക്ഷ്യവും വിരൽചൂണ്ടുന്നത് റോമിലെ ക്രിസ്ത്യാനിക്കൾക്കായിട്ടാണ് സുവിശേഷം വിരചിതമായത് എന്നാണ്.

കഠിനമായ പീഡനങ്ങളിലൂടെ കടന്നുപോകുന്ന ഒരു സമൂഹത്തെ ലക്ഷ്യംവച്ചാണ് ഈ സുവിശേഷം രചിക്കപ്പെട്ടതെന്ന് ഇതിന്റെ ഉള്ളടക്കം വ്യക്തമാക്കുന്നു. റോമൻ ക്രിസ്ത്യാനികളാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന അനുവാചകർ എന്നതിനുള്ള മറ്റൊരുതെളിവാണത്. കാരണം റോമൻ ചക്രവർത്തിയായ നീറോയുടെ കീഴിൽ അറുപതുകളുടെ രണ്ടാം പകുതിയിൽ പ്രത്യേകിച്ചും ക്രൂരമായ മതമർദ്ദനത്തിനു വിധേയരായവരാണ് റോമൻ ക്രിസ്ത്യാനികൾ. സുവിശേഷത്തിന്റെ ഉള്ളടക്കത്തിൽ തെളിഞ്ഞുനില്ക്കുന്ന കുരിശ്, സഹനം, പീഡകൾ, ശക്തരായ അധികാരികളിൽ നിന്നുള്ള എതിർപ്പ്, സമൂഹത്തിനകത്തുനിന്നുതന്നെയുള്ള ഒറ്റലുകൾ, വിശ്വാസത്യാഗം എന്നിവയൊക്കെ മതമർദ്ദനകാലത്ത് റോമൻ ക്രൈസ്തവരുടെതന്നെ അനുഭവങ്ങളായിരുന്നു. രാത്രിയിൽ വെട്ടംകിട്ടുന്നതിനുവേണ്ടി ക്രിസ്ത്യാനികളെ കുരിശിൽ കെട്ടിയിട്ടിട്ട് കത്തിച്ചിരുന്നുവെന്ന് റോമൻ ചരിത്രകാരനായ ടാസിറ്റസും രേഖപ്പെടുത്തിയിട്ടുണ്ട്.

സഭാപിതാക്കന്മാരുടെ സാക്ഷ്യവും സുവിശേഷത്തിനകത്തെ ഉള്ളടക്കവും അറുപതുകളിലെ റോമിന്റെ ചരിത്രവുമെല്ലാം മർക്കോസിന്റെ സുവിശേഷം റോമിൽവച്ച് റോമൻ ക്രൈസ്തവർക്കായി രചിക്കപ്പെട്ടതാണെന്ന വസ്തുതയിലേക്കാണു വിരൽചൂണ്ടുന്നത്. എങ്കിലും അടുത്ത കാലത്ത് പ്രമുഖരായ ചില ബൈബിൾ പണ്ഡിതന്മാർ മർക്കോസിന്റെ അനുവാചകരെക്കുറിച്ചും സുവിശേഷം എഴുതപ്പെട്ട സ്ഥലത്തെക്കുറിച്ചും വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സുവിശേഷം ഗലീലിയിൽവച്ചാണ് എഴുതപ്പെട്ടതെന്ന് വില്ലി മാർക്സ്സെൻ അഭിപ്രായപ്പെടുന്നു. തെക്കൻ സിറിയയാണ് സുവിശേഷം രചിക്കപ്പെട്ടസ്ഥലമെന്ന നിലപാടാണ് ഹോവാർഡ് ക്ലാർക്ക് കീയും ഗെർഡ് തെയ്സണും സ്വീകരിച്ചിരിക്കുന്നത്. ജോയേൽ മാർക്കൂസിന്റെ അഭിപ്രായത്തിൽ പലസ്തീനായിലെ ഏതെങ്കിലും വിജാതീയ നഗരങ്ങളിൽവച്ചാവാം സുവിശേഷം രചിക്കപ്പെട്ടത്. ഇവരുടെ അഭിപ്രായങ്ങൾ, സുവിശേഷത്തിലെ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത ചില വശങ്ങളെ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുവെന്നത് സ്വാഗതാർഹമായ കാര്യമാണ്. എങ്കിലും സുവിശേഷം എഴുതപ്പെട്ട സ്ഥലത്തെക്കുറിച്ചും ആദ്യകാല അനുവാചകരെക്കുറിച്ചുമുള്ള അവരുടെ നിലപാടുകൾക്ക് വ്യാപകമായ പിന്തുണ പണ്ഡിതലോകത്ത് ലഭിച്ചിട്ടില്ല.

## സുവിശേഷരചനയുടെ കാലം

സുവിശേഷം എഴുതപ്പെട്ട കാലഘട്ടത്തെക്കുറിച്ച് സുവിശേഷത്തിനുള്ളിൽ വ്യക്തമായ പരാമർശമൊന്നുമില്ലാത്തതുകൊണ്ട് സഭാപിതാക്ക

ന്മാരുടെ സാക്ഷ്യമാണ് ഇക്കാര്യത്തിൽ നമുക്കു സഹായമായിട്ടുള്ളത്. ഇറണേവൂസ് നല്കുന്നസാക്ഷ്യം, പത്രോസ് പ്രസംഗിച്ച കാര്യങ്ങൾ പത്രോസിന്റെ ശിഷ്യനും വ്യാഖ്യാതാവുമായിരുന്ന മർക്കോസ്, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ മരണശേഷം നമുക്ക് എഴുതി നല്കി എന്നാണ്. മാർസിയൻ വിരുദ്ധരേഖയനുസരിച്ച് പത്രോസിന്റെ മരണശേഷമാണ് മർക്കോസ് സുവിശേഷം എഴുതിയത്. എന്നാൽ, അലക്സാണ്ട്രിയായിലെ വി. ക്ലെമന്റിന്റെ സാക്ഷ്യമനുസരിച്ച് പത്രോസിന്റെ മരണത്തിനു മുമ്പുതന്നെ മർക്കോസ് തന്റെ ഗ്രന്ഥം പൂർത്തിയാക്കുകയും പത്രോസ് ആ വിവരം അറിയുകയും ചെയ്തിരുന്നു. സുവിശേഷം എഴുതപ്പെട്ടത് പത്രോസിന്റെ മരണത്തിനു മുമ്പാണോ പിമ്പാണോ എന്ന കാര്യത്തിൽ അങ്ങനെ പരസ്പര വിരുദ്ധമായ സാക്ഷ്യമാണ് നമുക്കുള്ളത്. നീറോയുടെ മതമർദ്ദനകാലത്ത് (64-68) 65-ാമാണ്ടിനോടു ചേർന്നാണ് പത്രോസ് രക്തസാക്ഷി മകുടം ചൂടുന്നത്. അദ്ദേഹത്തിന്റെ മരണത്തിനു തൊട്ടുമുമ്പോ, മരണശേഷമോ എഴുതപ്പെട്ട കൃതി എന്ന നിലയിൽ 63-നും 68-നുമിടയ്ക്കുള്ള കാലഘട്ടത്തിൽ സുവിശേഷം എഴുതപ്പെട്ടുവെന്നാണ് കൂടുതൽപേരും അനുമാനിക്കുന്നത് മർക്കോസിന്റെ സുവിശേഷത്തിൽ സഹനങ്ങൾക്കും പീഡനങ്ങൾക്കും ലഭിക്കുന്ന ഊന്നൽ ഈ ഗ്രന്ഥം പീഡകളുടെകാലത്തു രചിക്കപ്പെട്ട കൃതിയാണെന്നു സൂചിപ്പിക്കുന്നു. അങ്ങനെയെങ്കിൽ എ.ഡി. 64-68 കാലഘട്ടത്തിൽ നീറോയുടെ മതമർദ്ദനകാലത്താകാം ഈ സുവിശേഷം രചിക്കപ്പെട്ടത്. സഭാപിതാക്കന്മാരുടെ സാക്ഷ്യത്തെ അധികരിച്ചു നാം നടത്തിയ കാലഗണനയോട് (63-68) ചേർന്നു പോകുന്നതാണ് ഈ നിരീക്ഷണവും.

## സാഹിത്യരൂപങ്ങൾ

സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപങ്ങളെ പ്രധാനമായും വിവരണമെന്നും പ്രസംഗങ്ങളെന്നും രണ്ടായി തരംതിരിക്കാമെങ്കിലും അവ നിരവധി ഉപസാഹിത്യരൂപങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഒരു ഗ്രന്ഥത്തിലുപയോഗിച്ചിരിക്കുന്ന സാഹിത്യരൂപങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്ന രൂപനിരൂപകർ (Form Critics) മർക്കോസിന്റെ സുവിശേഷത്തിൽക്കാണുന്ന ഉപസാഹിത്യരൂപങ്ങൾ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവയിൽ പ്രധാനമായവയെ പരിചയപ്പെടാം.

പ്രഖ്യാപനകഥകൾ (pronouncement stories): ആദിമസഭയ്ക്കു പ്രിയപ്പെട്ടതും പ്രധാനപ്പെട്ടതുമായി തോന്നിയ യേശുവിന്റെ ചില പ്രഖ്യാപനങ്ങൾക്കോ പ്രസ്താവനകൾക്കോ ഊന്നൽ നല്കുന്ന ചെറുവിവരണങ്ങളാണിവ. ഉദാഹരണം: പാപമോചനത്തെക്കുറിച്ചുള്ള പ്രഖ്യാപനം (2:5-10); പാപികളോടും ചുങ്കക്കാരോടുമൊപ്പം ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചുള്ള പ്രഖ്യാപനം (2:16-17); ഉപവാസത്തെക്കുറിച്ചുള്ള പ്രഖ്യാപനം (2:18-20); സാബത്തിനെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ (2:23-26; 3:1-6). ഇത്തരത്തിലുള്ള പത്തൊമ്പതു കഥകളാണ് ഈ സുവിശേഷത്തിലുള്ളത്.

അത്ഭുതകഥകളാണു മറ്റൊരു പ്രധാന ഉപസാഹിത്യരൂപം. പശ്ചാത്തലവർണ്ണന, അത്ഭുത പ്രവൃത്തി, അത്ഭുതത്തിന്റെ ഫലം എന്നിവ ക്രമാ





നുഗതമായി വിശദീകരിക്കുന്നതാണ് ഓരോ അത്ഭുതകഥയും, മർക്കോസിന്റെ സുവിശേഷത്തിൽ പതിനേഴ് അത്ഭുതകഥകളാണുള്ളത്. അവയിൽ ചിലത്: സിനഗോഗിലെ പിശാചുബാധിതനെ സുഖപ്പെടുത്തുന്നത് (1:23-28); പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നത് (1:29-31); കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നത് (1:40-45) എന്നിവയാണ്. പ്രഖ്യാപനകഥകളിൽ സ്ഥലകാലങ്ങളെക്കുറിച്ചുള്ള പരാമർശനങ്ങൾ വിരളമാണ്. എന്നാൽ അത്ഭുതകഥകൾ അവ എപ്പോൾ, എവിടെ സംഭവിച്ചെന്നും അത്ഭുതത്തിന്റെ വിശദാംശങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാറുണ്ട്.

യേശു കഥകൾ: പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ, യേശുവിനെക്കുറിച്ചുള്ള കഥകളാണിവ. യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങളെക്കുറിച്ചുള്ള വ്യക്തവും വിശദവുമായ വർണ്ണനകൾ ഈ കഥകളിൽ നമുക്കു കാണാം. ഒരു പക്ഷേ, മർക്കോസിനു പരമ്പരാഗതമായി കൈമാറിക്കിട്ടിയ കഥകൾ അതേപോലെതന്നെ തന്റെ സുവിശേഷത്തിൽ മർക്കോസ് ഉൾപ്പെടുത്തിയിരിക്കുന്നതാകാം. ഈ സുവിശേഷത്തിലെ ഇരുപത്തൊമ്പതു കഥകൾ ഈ വിഭാഗത്തിൽപ്പെടുന്നു. ഉദാ: യേശുവിന്റെ ജ്ഞാനസ്നാനം (1:9-11); ആദ്യശിഷ്യരെ വിളിക്കുന്നു (1:16-20) സീറോ-ഫിനീഷ്യൻ സ്ത്രീ (7:24-30); രൂപാന്തരീകരണം (9:2-8); ജറുസലേത്തേയ്ക്കുള്ള രാജകീയ പ്രവേശം (11:1-11).

മർക്കോസിന്റെ രചനകൾ: തനിക്കു ലഭിച്ച പാരമ്പര്യങ്ങളെ അധികരിച്ച് മർക്കോസുതന്നെ രൂപം കൊടുത്ത കഥകളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. എന്നാൽ മുമ്പുകണ്ട യേശുകഥകളിലേതുപോലുള്ള വിശദാംശങ്ങളൊന്നും ഈ രചനകളിൽ കാണുകയില്ല, മർക്കോസിന്റെ രചനകളെന്നു കരുതപ്പെടുന്നവയിൽ പലതിലും ഒരു ആമുഖത്തോടു കൂടിയ സംഭാഷണമോ, യേശുവിന്റെ പ്രസ്താവനയോ മാത്രമേ ഉണ്ടാകാറുള്ളൂ. ഇത്തരത്തിലുള്ള പതിനെട്ടു രചനകൾ ഈ സുവിശേഷത്തിൽ നാം കാണുന്നുണ്ട്. ഉദാഹരണത്തിന്, ശിഷ്യന്മാരെ അയക്കുന്നു (6:66-13); മൂന്നാം പീഡാനുഭവപ്രവചനം (10:32-34).

സംക്ഷിപ്ത റിപ്പോട്ടുകൾ: ഒരു പ്രത്യേക കാലയളവിൽ യേശു ചെയ്ത പ്രവർത്തനങ്ങളുടെ ചുരുക്കം വെളിപ്പെടുത്തുന്ന വാക്യങ്ങളെയാണ് സംക്ഷിപ്തറിപ്പോർട്ടുകൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. കുറെ വിവരണങ്ങൾ നല്കിയശേഷം അവ ഉപസംഹരിക്കുന്നതിനോ അല്ലെങ്കിൽ പുതിയ ഗണം വിവരണങ്ങൾക്ക് ആമുഖമായോ ആണ് സംക്ഷ്പിത റിപ്പോർട്ടുകൾ ഉപയോഗിച്ചിരിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന സംക്ഷിപ്ത റിപ്പോർട്ടുകളുടെ പട്ടിക ഇവ മർക്കോസിന് എത്രമാത്രം പ്രധാനപ്പെട്ടവയായിരുന്നു എന്നു സൂചിപ്പിക്കുന്നു: 1:14; 21,28,39,45; 2:1.13;3:6,4:1, 33; 6:1, 6,7,12; 30,53,56; 7:1, 24,31:8; 1,10,22, 27; 9:2, 30,33,10:1,32,46; 11:1,11,12,15,19,20,27; 13:1,3; 14:1,3,12, 26,32, 53; 15:1.

ഉപമകളും സൂക്തങ്ങളും: ഈ വിഭാഗങ്ങളിൽപ്പെട്ട കുറേഭാഗങ്ങൾ മർക്കോസിന്റെ സുവിശേഷത്തിൽ നമുക്കു കാണാനാകും. മർക്കോസിന്റെ സുവിശേഷത്തിലെ അരുളുകൾ Q-വിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ അവ തമ്മിൽ വലിയ വ്യത്യാസം കാണുന്നതുകൊണ്ട് ഇവ രണ്ടും ഒരേ ഉറവിടത്തിൽ നിന്നെടുത്തതാണെന്നു കരുതാൻ വയ്യ. ഒരു പക്ഷേ, റോമൻസഭയിൽ ഉണ്ടായിരുന്നതും, ബോധനത്തിനായി ഉപയോഗിച്ചിരുന്നതുമായ യേശുസൂക്തങ്ങളുടെ കലവറയിൽനിന്നു മർക്കോസ് കടംകൊണ്ടതാകാം സുവിശേഷത്തിൽക്കാണുന്ന യേശുവിന്റെ അരുളപ്പാടുകൾ. ഉപമകൾ: വിതക്കാരന്റെ ഉപമ (4,2-9), വിത്തിന്റെ ഉപമ (4:26-29); കടുകുമണിയുടെ ഉപമ (4:30-32) യേശുവിന്റെ അരുളുപ്പാടുകൾ 4:21-25; 8:34-9:1; 9:37 -50; 13:28-37.

## സുവിശേഷത്തിലെ രചനാസവിശേഷതകൾ

രണ്ടാം സുവിശേഷം എഴുതപ്പെട്ടിരിക്കുന്നത് ഉന്നത നിലവാരത്തിലുള്ള ഗ്രീക്കുഭാഷയിലാണെന്നു ഗ്രീക്കുഭാഷാപണ്ഡിതർ കരുതുന്നില്ല. അവരുടെ അഭിപ്രായത്തിൽ ഈ സുവിശേഷത്തിലെ ഭാഷ, ഗ്രീക്കു സാഹിത്യകൃതികളെ അപേക്ഷിച്ചു മാത്രമല്ല, പുതിയനിയമത്തിലെതന്നെ പുസ്തകങ്ങളായ ലൂക്കായുടെ സുവിശേഷം, അപ്പസ്തോലപ്രവർത്തനങ്ങൾ, യാക്കോബിന്റെ ലേഖനം, ഹെബ്രായർക്കുള്ള ലേഖനം, പത്രോസിന്റെ ലേഖനങ്ങൾ എന്നിവയെ അപേക്ഷിച്ചും താഴ്ന്നനിലവാരം പുലർത്തുന്ന ഒന്നാണ്. ലളിതമായ ഗ്രീക്കിൽ എഴുതപ്പെട്ടിരിക്കുന്ന ഈ സുവിശേഷത്തിലെ ഭാഷയ്ക്ക് അക്കാലത്തെ സംസാരഭാഷയുമായുള്ള സാദൃശ്യവും പണ്ഡിതർ എടുത്തുകാണിക്കുന്നു എങ്കിലും വായനക്കാരനെ ഹഠാദാകർഷിക്കുന്ന ചില രചനാസവിശേഷതകൾ ഈ സുവിശേഷത്തിനുണ്ടെന്നത് എല്ലാവരും സമ്മതിക്കുന്ന വസ്തുതയാണ്.

മർക്കോസിന്റെ സുവിശേഷത്തിലെ രചനാസവിശേഷതകളിൽ ഏറെ ശ്രദ്ധേയമായ ഒന്ന് സുവിശേഷകൻ അവലംബിക്കുന്ന വിവരണശൈലിയാണ്. ചില സംഭവങ്ങൾ വിവരിക്കുമ്പോൾ വളരെ നിസ്സാരമായ വിശദാംശങ്ങൾ പോലും നല്കുന്നതിലൂടെ ഒരു ദൃക്സാക്ഷി വിവരണത്തിന്റെ പ്രതീതിയാണ് മർക്കോസ് ജനിപ്പിക്കുന്നത്. വാക്കുകൾകൊണ്ട് അദ്ദേഹം ചിത്രം വരയ്ക്കുന്നു. യേശുവിന്റെ കാലത്തെ സംഭവങ്ങൾ നമ്മുടെ ഭാവനയിൽ പുനർജനിപ്പിക്കാൻ പര്യാപ്തമാണ് മർക്കോസിന്റെ വിവരണശൈലി. ഉദാഹരണം: ലെഗിയോൺ ആവേശിച്ച മനുഷ്യൻ (5:1-20) അവനെ ബന്ധിക്കാനും നിയന്ത്രിക്കാനുമുള്ള ശ്രമങ്ങളും അവന്റെ ഭീകരതയും അവൻ സ്വയമേല്പിക്കുന്ന മുറിവുകളുമൊക്കെ മർക്കോസ് മാത്രമാണ് കൃത്യമായി വിവരിക്കുന്നത്. മർക്കോസിന്റെ വിവരണത്തിന്റെ പ്രത്യേകത മനസ്സിലാകണമെങ്കിൽ ഇതേ സംഭവം മത്തായി വിവരിക്കുന്നത് എങ്ങനെയാണെന്നു വായിച്ചുനോക്കിയാൽ മതി (മത്താ 8:28-34). വിശദാംശങ്ങൾക്ക് ഊന്നൽ നല്കുന്ന മർക്കോസിന്റെ രചനാശൈലിയുടെ മറ്റൊരു ഉദാഹരണമാണ് അപസ്മാരം പിടിപെട്ട ബാലനെ സുഖപ്പെടുത്തുന്ന സംഭവം (മർക്കോ 9:14-29). പിശാച് ആ ബാലനെ പീഡിപ്പിക്കുന്നതിന്റെയും വായിൽനിന്ന് അവൻ നുരയുംപതയും പുറപ്പെടുവിക്കുന്നതിന്റെയുമൊക്കെ ഒരു യഥാർത്ഥ ചിത്രം മർക്കോസ് വിവരിക്കുമ്പോൾ മത്തായി പല വിശദാംശങ്ങളും വിട്ടുകളയുന്നു (മത്താ 17:14-21). എന്റെ വിശ്വാസക്കുറവിനെ പരിഗണക്കണമേയെന്ന കുട്ടിയുടെ പിതാവിന്റെ ഹൃദയസ്പർശിയായ പ്രാർത്ഥന മർക്കോസ് മാത്രമാണു രേഖപ്പെടുത്തുന്നത്. എന്നാൽ മത്തായി വിട്ട്കളയുന്ന വിശദാംശങ്ങളിൽ ചിലതാണ് അന്ത്യത്താഴ മുറിയുടെ വിവരണം (മർക്കോ 14:13), ബറാബാസിനെക്കുറിച്ചുള്ള വിശദാംശങ്ങൾ (മർക്കോ 15:5), യേശുവിനെ പരിഹാസരാവനായുള്ള ചിത്രീകരണം (മർക്കോ 15:20) എന്നിവ.

നമ്മെപ്പോലെത്തന്നെ വികാരവിചാരങ്ങളുള്ള ഒരു പച്ചമനുഷ്യനായിട്ടാണ് യേശുവിനെയും മർക്കോസ് ചിത്രീകരിക്കുന്നത്: അനുകമ്പയുള്ള (1:41) കാർക്കശ്യം കാണിക്കുന്ന (1:43) വിസ്മയിക്കുന്ന (6:5), നെടുവീർപ്പുടുന്ന (8:12) കോപിക്കുന്ന (10:14), സ്നേഹിക്കുന്ന (10:21), ശിഷ്യനെ സാത്താൻ എന്നു വിളിക്കുന്ന (8:33) ഒരു പച്ചമനുഷ്യൻ. ശിഷ്യന്മാരുടെയും മാനുഷികമുഖം വരച്ചുകാണിക്കാൻ മർക്കോസിനു മടിയില്ല: അവർ യേശുവിനെ നീരസത്തോടെ അന്വേഷിക്കുന്നവരാണ് (1:36); യേശുവിനെ തെറ്റിദ്ധരിക്കുന്നവരാണ് (3:21); വിശ്വാസമില്ലാത്തവരാണ് (4:40); കഠിനഹൃദയരാണ് (6:52); ഹൃദയം മന്ദീഭവിച്ചവരാണ് (8:17); ഗ്രഹണ ശക്തിയില്ലാത്തവരാണ് (8:21); പ്രാർത്ഥനയില്ലാത്തവരാണ് (9:29); അഹങ്കാരികളാണ് (9:34); അസൂയക്കാരാണ് (9:38); കുട്ടികളെ പരിഗണിക്കാത്തവരാണ് (10:13); സ്ഥാനമോഹികളാണ് (10:37) പ്രതിസന്ധിഘട്ടത്തിൽ ഗുരുവിനെ ഉപേക്ഷിച്ച് ഓടിപ്പോയവരാണ് (14:50); അവരിൽ ഗുരുവിനെ ഒറ്റികൊടുത്തവനും (14:43-46) തള്ളിപ്പറഞ്ഞവനുമുണ്ട് (15:66-72); യേശുവിന്റെ ഉത്ഥാനത്തിനുശേഷവും അവർ വിശ്വാസരഹിതരും കഠിനഹൃദയരുമായിരുന്നു.

സംഭവങ്ങളോരോന്നും വിശദമായി വിവരിക്കുന്നതുപോലെതന്നെ അവ ധ്രുതഗതിയിൽ ഒന്നിനു പിറകെ ഒന്നായി സംഭവിക്കുന്നുവെന്ന മട്ടിൽ വിവരിക്കുന്നതും മർക്കോസിന്റെ പ്രത്യേകതയാണ്. ചടുലനീക്കങ്ങളാണ് ഈ സുവിശേഷത്തിൽ നിറഞ്ഞുനിൽക്കുന്നത്. യേശുവിന്റെ പ്രബോധനങ്ങളേക്കാൾ പ്രവർത്തനങ്ങൾക്കാണ് സുവിശേഷത്തിന്റെ ആദ്യഭാഗത്തു പ്രത്യേകിച്ചും മർക്കോസ് ഊന്നൽ നല്കുന്നതെന്നതും ഇതോടൊപ്പം നാം കൂട്ടിവായിക്കണം യേശുവിന്റെ പ്രവർത്തനങ്ങൾ ക്ഷിപ്രവേഗത്തിൽ സംഭവിക്കുന്നുവെന്നു മർക്കോസ് സൂചിപ്പിക്കുന്നത് ഉടനെ തന്നെ പെട്ടെന്ന് എന്നൊക്കെ അർത്ഥം വരുന്ന യൂത്തുസ് എന്ന വാക്ക് നിർലോഭം ഉപയോഗിച്ചുകൊണ്ടാണ്. 42 തവണയാണ് മർക്കോസ് ഈ വാക്ക് ഉപയോഗിക്കുന്നത് (മത്തായിയിൽ 7 തവണയും ലൂക്കായിൽ ഒരു തവണയും മാത്രമാണ് ഈ വാക്ക് കാണുന്നത്).

പരസ്യജീവിതത്തിനിടയ്ക്ക് യേശു ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ശരവേഗത്തിൽ എത്തി പ്രവർത്തനനിരതനാവുകയും ദിവ

സങ്ങൾ പാഞ്ഞുപോകുകയും ചെയ്യുകയാണെങ്കിൽ പീഡാനുഭവവിവരണമാരംഭിക്കുന്നതോടെ അവിടത്തെ പ്രവർത്തനങ്ങൾ മന്ദഗതിയിലാവുകയും അത് ഏതാനും ദിവസങ്ങളിലേക്കു ചുരുങ്ങുകയും (11:11-12, 19; 14:1,12,17; 15:1,42) പ്രവർത്തനരംഗം ജറുസലേം മാത്രമായി പരിമിതപ്പെടുകയും ചെയ്യുന്നു. അവിടുത്തെ ജീവിതം നിസ്സഹായമായ ഏതാനും മണിക്കൂറുകളിലേക്കു ചുരുങ്ങുന്നതാണ് ഒടുവിൽ നാം കാണുന്നത് (15:1,25,33, 34). യേശുവിന്റെ ജീവിതത്തിൽ ആദ്യം ഉണ്ടായിരുന്ന ശക്തിയും ഒടുവിലുണ്ടായ നിസ്സഹായതയും മർക്കോസ് ഏറ്റവും കൃത്യമായും ശക്തമായും അവതരിപ്പിക്കുന്നതാണ് നാമിവിടെ കാണുന്നത്.

മർക്കോസിന്റെ സുവിശേഷ രചനയിലെ എടുത്തു പറയത്തക്ക മറ്റൊരു സവിശേഷതയാണ് സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന *സാൻഡ്വിച്ച്* എന്ന രചനാ സങ്കേതം. ഒരു കഥയുടെയിടയ്ക്ക് മറ്റൊരു കഥവിവരിക്കുന്ന രീതിയാണത്. ഉദാഹരണം: 3:20-21 (22-30) 31:35; 5:21 -24(25-34) 35-43; 6:7-13 (14-29) 30-32; 11:12-14 (15-19) 20-26; 14:1-2 (3-9) 10-11; 14:10-11 (12-16) 17-21 (22-25); 14:54 (55-65) 66-72. ഈ കഥകൾ പരസ്പരം വ്യാഖ്യാനിക്കാൻ സഹായിക്കുന്നതാകാം. അല്ലെങ്കിൽ 2 കഥാപാത്രങ്ങളോ സംഭവങ്ങളോ തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുന്നതുമാകാം.

സമാനസംഭവങ്ങളുടെ ചട്ടക്കൂടിനുള്ളിൽ ദീർഘമായ ഒരു വിവരണത്തെ ഉൾക്കൊള്ളിക്കുന്ന രീതിയും മർക്കോസിൽ നാം കാണുന്നു. ഉദാഹരണത്തിന് 8:27 മുതൽ 10:45 വരെയുള്ള ദീർഘമായ ഭാഗത്തിന്റെ ആരംഭത്തിലും (8:22-26) അവസാനത്തിലും (10:46-52) നാം കാണുന്നത് യേശു അന്ധർക്ക് കാഴ്ച നല്കുന്ന ഭാഗമാണ്. അതുപോലെതന്നെ പീഡാനുഭവവിവരണം (14:11-15:39) ആരംഭിക്കുന്നതും 14:3-9 അവസാനിക്കുന്നതും 15:40-16:8 സ്ത്രീകൾ അവിടുത്തേക്കു നല്കുന്ന സ്നേഹശുശ്രൂഷയുടെ വിവരണത്തോടെയാണ്.

ഒരു കാര്യം മൂന്നുതവണ ആവർത്തിക്കുക എന്നതും മർക്കോസ് ഉപയോഗിക്കുന്ന മറ്റൊരു രചനാസാങ്കേതമാണ്. ഉദാ: മൂന്നു പീഢാനുഭവ പ്രവചനങ്ങൾ (8:31; 9:31; 10:33-34); ഗത്സെമനിയിൽ യേശു മൂന്നു തവണ ശിഷ്യരുടെയടുത്തേക്കു വരുന്നു (14:32-42) പത്രോസ് മൂന്നു തവണ ഗുരുവിനെ നിഷേധിക്കുന്നു (14:66-72). ഈ സംഭവങ്ങൾ വായനക്കാരുടെ മനസ്സിൽ പതിപ്പിക്കുന്നതിനാണ് മർക്കോസ് ആവർത്തനമെന്ന സങ്കേതം ഉപയോഗിക്കുന്നത്.

മേൽപ്പറഞ്ഞ സവിശേഷതകളെല്ലാം മർക്കോസ് തന്റെ രചനയിൽ സ്വന്തമായി ഉൾച്ചേർത്തതാണെന്നും മർക്കോസിന്റെ രചനാവൈഭവമാണ് അവ വ്യക്തമാക്കുന്നതെന്നും ചില പണ്ഡിതരെങ്കിലും വിശ്വസിക്കുന്നില്ല. അവയിൽ പലതും (ഉദാഹരണത്തിന്, വിവരണങ്ങളിലെ വിശദാംശങ്ങൾ, യേശുവിന്റെയും ശിഷ്യരുടെയും മാനുഷികഭാവങ്ങളുടെ വിവരണം) മർക്കോസിനു ലഭിച്ച പാരമ്പര്യങ്ങളിൽത്തന്നെ ഉണ്ടായിരുന്നവയാണെന്നാണ് അവരുടെ പക്ഷം. മാത്രവുമല്ല, മർക്കോസ് സ്വന്തമായി രചിച്ചവ





യെന്നു കരുതപ്പെടുന്ന ഭാഗങ്ങളിൽ (ഉദാ: അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നു (3:13-19), ഉപമകളുടെ ഉദ്ദേശ്യം (4:10-12), ശിഷ്യന്മാരെ അയക്കുന്നു (6:6-13), ഹേറോദോസിന്റെ ഭയാശങ്ക (6,14-16) ഈ സവിശേഷതകൾ തുലോം കുറവാണെന്നതും തങ്ങളുടെ നിലപാടിന് ഉപോത്ബലകമായി അവർ ചൂണ്ടിക്കാണിക്കുന്നു.

യേശുവിനെക്കുറിച്ചുള്ള കഥയാണ് മർക്കോസ് വിവരിക്കുന്നത്. അതിലെ രചനാസവിശേഷതകൾ യേശുകഥയെ കൂടുതൽ മനോജ്ഞവും സുഗ്രാഹ്യവുമാക്കിത്തീർക്കുന്നു. വായനക്കാരൻ ആ കഥയിൽ ലയിച്ചിരിക്കുന്നവനാണ്. അതിലെ സങ്കേതങ്ങൾ മർക്കോസിൽ നിന്നുതന്നെയാണോ അതോ അദ്ദേഹം ഉപയോഗിച്ച പാരമ്പര്യങ്ങളിലുണ്ടായിരുന്നതാണോ എന്നത് വായനക്കാരനെ സംബന്ധിച്ചിടത്തോളം അപ്രസ്ക്തമാണ്.

## മർക്കോസിന്റെ ദൈവശാസ്ത്രം

### ദൈവരാജ്യം

മർക്കോസിന്റെ സുവിശേഷത്തിലെ ഒരു പ്രധാനപ്പെട്ട പ്രമേയമാണ് ദൈവരാജ്യം. യേശുവിന്റെ പ്രഘോഷണത്തിന്റെ കാതൽ ദൈവരാജ്യമായിരുന്നു (1:15). യേശുവിന്റെ ഉപമകളുടെ വിഷയവും മറ്റൊന്നല്ല. യേശുവിന്റെ അത്ഭുതങ്ങൾ ദൈവരാജ്യത്തിന്റെ മുന്നാസ്വാദനങ്ങളും ആവിഷ്കാരങ്ങളുമായിരുന്നു. മെസിയാനിക വിരുന്നിന്റെ കാലിക പ്രതിഫലനങ്ങളായിരുന്നു, യേശു ചുങ്കക്കാരോടും പാപികളോടുമൊപ്പം പങ്കിട്ട വിരു ന്നുകൾ.

മർക്കോസിന്റെ വീക്ഷണത്തിൽ ദൈവരാജ്യമെന്നത് പ്രഥമവും പ്രധാനവുമായി ദൈവത്തിന്റെ ഭരണത്തെ/വാഴ്ചയെ ആണു സൂചിപ്പിക്കുന്നത്. യേശുവിന്റെ വരവോടെ ആരംഭിക്കുന്നതും (ലൂക്കാ 7:18-23; 10:23; 11:20-31) എന്നാൽ പൂർത്തായാകാനുള്ളതുമായ ഒരു ഭാവിയാഥാർത്ഥ്യമായാണ് (14:25; ലൂക്കാ 11:2) ദൈവരാജ്യത്തെ സുവിശേഷങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. എങ്കിലും മർക്കോസിന്റെ സുവിശേഷത്തിലെ സവിശേഷമായ ഊന്നൽ ദൈവരാജ്യം ഉടനെ സംസ്ഥാപിക്കപ്പെടാനിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ് എന്ന ആശയത്തിനാണ്. ദൈവരാജ്യത്തിന്റെ ഭാവിമാനത്തെ ദ്യോതിപ്പിക്കുന്നതാണ് "ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (1:15) എന്ന പ്രഘോഷണവും ദൈവരാജ്യത്തിന്റെ ശക്തമായ ആഗമനത്തെക്കുറിച്ചുള്ള 9:1 – ലെ പരാമർശവും. ദൈവരാജ്യത്തെക്കുറിച്ചുള്ള മർക്കോസിലെ ഉപമകൾ (4:3-9; 4:26-29; 4:30-32) ദൈവരാജ്യം വർത്തമാനകാല യാഥാർത്ഥ്യമാണെന്നു സൂചിപ്പിക്കുന്നവയാണെങ്കിലും ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനങ്ങൾ (9:47; 10:15,23) ദൈവരാജ്യമെന്നത് ഒരു വർത്തമാനകാലയാഥാർത്ഥ്യമാണെന്ന അർത്ഥത്തിലും മനസ്സിലാക്കാനാകും. എന്നാൽ "ദൈവരാജ്യത്തിൽ നവമായി പാനംചെയ്യുന്ന ദിവസംവരെ മുന്തിരിയുടെ ഫലത്തിൽനിന്ന് ഞാൻ കുടിക്കുകയില്ല" (14:25) എന്ന വാക്യവും അരിമത്തെയാക്കാരൻ ജോസഫ് ദൈവരാജ്യം

“പ്രതീക്ഷിക്കുന്നവനാ”യിരുന്നു എന്ന പരാമർശവും ദൈവരാജ്യത്തിന്റെ ഭാവിമാനത്തെ അടിവരയിടുന്നതാണ്. ചെറിയ വെളിപാടെന്നറിയപ്പെടുന്ന മർക്കോസിലെ 13-ാം അധ്യായം യേശുവിന്റെ രണ്ടാം വരവിനു കൊടുക്കുന്ന ഊന്നലും ദൈവരാജ്യത്തിന്റെ യുഗാന്ത്യസ്വഭാവത്തെ സ്ഥിരീകരിക്കുന്നു.

## ക്രിസ്തുവിജ്ഞാനീയം

മർക്കോസിന്റെ സുവിശേഷത്തിലെ ക്രിസ്തുശാസ്ത്രം ഏറ്റവുമധികം വെളിപ്പെടുന്നത് യേശുവിനെക്കുറിക്കാൻ മർക്കോസ് ഉപയോഗിക്കുന്ന നാമങ്ങളിലും സ്ഥാനപ്പേരുകളിലുമാണ്. അവയെക്കുറിച്ച് ചുരുക്കമായി പ്രതിപാദിക്കാം.

**ദൈവപുത്രൻ:** മർക്കോസിന്റെ ക്രിസ്തു വിക്ജ്ഞാനീയത്തിലെ അടിസ്ഥാന പ്രബോധനം യേശു ദൈവപുത്രനാണ് എന്നതാണ്. സുവിശേഷം ആരംഭിക്കുന്നതുതന്നെ യേശു ക്രിസ്തു ദൈവപുത്രനാണെന്ന സത്യം പ്രഖ്യാപിച്ചുകൊണ്ടാണ് (1:1). യേശുവിന്റെ മരണസമയത്തും ഈ സത്യം അനിഷേധ്യമാംവിധം പ്രഖ്യാപിക്കപ്പെടുന്നു, വിജാതിയനായ ശതാധിപന്റെ വാക്കുകളിലൂടെ: “സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു” (15:39). മറ്റു മൂന്നുതവണകൂടി ഈ സംജ്ഞ യേശുവുമായി ബന്ധപ്പെട്ടു പ്രത്യക്ഷപ്പെടുന്നുണ്ട്. അതിൽ രണ്ടു തവണയും അശുദ്ധാത്മാക്കളാണ് യേശുവിന്റെ ദൈവപുത്രത്വം ഏറ്റുപറയുന്നത് (3:11; 5:7). സ്വാഭാവിക തലത്തിനുമുകളിലുള്ളവർ എന്ന നിലയിൽ അശുദ്ധാത്മാക്കൾക്ക് യേശുവിന്റെ വ്യക്തിത്വം മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടാണ് യേശുവിനെ ദൈവപുത്രനായി അവർ ഏറ്റുപറയുന്നത്. എന്നാൽ സ്വാഭാവികതലത്തിലുള്ള ശിഷ്യന്മാരുൾപ്പെടെയുള്ള മനുഷ്യർക്ക് യേശുവിന്റെ ദൈവപുത്രത്വം ഗ്രഹിക്കാൻ സാധിക്കുന്നില്ല. 14:61-ൽ കയ്യാഫാസ് ഉന്നയിക്കുന്ന ചോദ്യവും യേശു ദൈവപുത്രനായ മിശിഹായാണോ എന്നതാണ്. “ഞാൻ തന്നെ” എന്ന യേശുവിന്റെ ഉത്തരം (14:62) അവിടുത്തെ ദൈവപുത്രത്വത്തിന് അടിവരയിടുന്നു. ഇവയ്ക്കു പുറമേ യേശുവിന്റെ ദൈവപുത്രത്വം ‘ദൈവപുത്രൻ’ എന്ന പദപ്രയോഗം കൂടാതെതന്നെ വ്യക്തമാക്കപ്പെടുന്ന മറ്റു മൂന്നു ഭാഗങ്ങളും മർക്കോസിന്റെ സുവിശേഷത്തിലുണ്ട്: (1) യേശുവിന്റെ മാമ്മോദീസാവേളയിൽ സ്വർഗ്ഗത്തിൽനിന്ന് (പിതാവിന്റെ) സ്വരം മുഴങ്ങുന്നു: “നീ എന്റെ പ്രിയ പുത്രൻ” (1:11); (2) രൂപാന്തരീകരണ വേളയിൽ മേഘത്തിൽനിന്ന് (ദൈവപിതാവിന്റെ) സ്വരം പുറപ്പെട്ടു: “ഇവൻ എന്റെ പ്രിയ പുത്രൻ” (9:7); (3) മനുഷ്യപുത്രന്റെ ആഗമന ദിവസത്തെക്കുറിച്ച് ദൈവത്തിനല്ലാതെ “പുത്രനുപോലുമോ” അറിഞ്ഞുകൂടാ എന്ന പ്രയോഗത്തിൽ യേശു തന്റെതന്നെ ദൈവപുത്രത്വത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിന്റെ ദൈവത്വം അവിടുത്തെ ആധികാരികമായ പ്രബോധനങ്ങളിലും അധികാരപൂർണ്ണമായ അത്ഭുതപ്രവർത്തനങ്ങളിലും പ്രത്യേകിച്ച് അശുദ്ധാത്മാക്കളുടെമേലുള്ള അധികാരത്തിലും വ്യക്തമാണ്. ശക്തനായ ഈ ദൈവം പക്ഷേ, പച്ചമനുഷ്യനുമാണ്: മനുഷ്യരുടെ കാപട്യത്തിനുമുന്നിൽ





ക്രോധവും അവരുടെ ഹൃദയകാഠിന്യത്തിനുമുന്നിൽ ദുഃഖവും അവനുണ്ടാകുന്നു (3:5); മനുഷ്യരുടെ അവിശ്വാസം അവനെ ആശ്ചര്യപ്പെടുത്തുന്നു (6:6); ശിഷ്യന്മാരുടെ നിലപാടുകൾ അവനെ ദേഷ്യംപിടിപ്പിക്കുന്നു (10:14); മനുഷ്യനെന്നനിലയിൽ അവന്റെ അറിവുകൾക്കും പരിമിതിയുണ്ട് (13:32); തന്റെ ഭീകരമരണം അങ്ങനെ തീവ്രദുഃഖത്തിലാഴ്ത്തുന്നു (14:33); അനീതികളുടെമുന്നിൽ അവൻ നിശബ്ദനാണ് (14:60; 15:4). അപമാനത്തിനുമുന്നിലും അവനെത്തന്നെ (14:65; 15:16-20). പൂർണ്ണമനുഷ്യനായ യേശു പക്ഷേ സത്യദൈവവുമാണ്. എന്നാൽ അവൻ മറഞ്ഞിരിക്കുന്ന ദൈവമാണ്. എങ്കിലും വിശ്വസിക്കുന്നവർക്ക് അവന്റെ ദൈവത്വം അവന്റെ വാക്കുകളിലും ചെയ്തികളിലും വ്യക്തിത്വത്തിലും ദർശിക്കാനാകും.

**ക്രിസ്തു:** ‘ക്രിസ്തോസ്’ എന്ന ഗ്രീക്കു പദത്തിൽനിന്നാണ് ക്രിസ്തു എന്ന വാക്ക് വരുന്നത്. അഭിഷിക്തൻ എന്നർത്ഥമുള്ള മസിയാഹ് എന്ന ഹീബ്രുപദത്തിന്റെ പരിഭാഷയാണ് ക്രിസ്തോസ്. പഴയനിയമത്തിൽ പുരോഹിതന്മാരും പ്രവാചകന്മാരും രാജാക്കന്മാരും അഭിഷേകം ചെയ്യപ്പെട്ടിരുന്നു. തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽതന്നെ ‘ക്രിസ്തു’വെന്നത് യേശുവിന്റെ വ്യക്തിനാമമായിരുന്നാലെന്നപോലെ യേശുവെന്ന പേരിനോടുചേർത്ത് മർക്കോസ് ഉപയോഗിക്കുന്നു. 8:29; 9:41; 12:35; 13:21; 14:61; 15:32 എന്നീ ഭാഗങ്ങളിലാണ് ക്രിസ്തു എന്ന വാക്കിന്റെ ഏറ്റവും ശ്രദ്ധേയമായ ഉപയോഗം നാം കാണുന്നത്. യേശുവിന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും പശ്ചാത്തലത്തിലാണിത്. പത്രോസ് യേശുവിന്റെ മിശിഹാത്വം ഏറ്റുപറയുന്ന അവസരത്തിൽ തന്നെ (8:29) യേശു തന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള ഒന്നാമത്തെ പ്രവചനം നടത്തുന്നു. നീ ക്രിസ്തുവാണോ എന്ന് പ്രധാന പുരോഹിതൻ ചോദിക്കുന്നതും യേശുവിന്റെ വിചാരണവേളയിലാണ് (16:61). ആ ചോദ്യത്തിനുത്തരമായി യേശു തന്റെ മിശിഹാത്വം പ്രഖ്യാപിക്കുകയും ചെയ്യുന്നു (14:62). പുരോഹിതപ്രമുഖന്മാരും നിയമജ്ഞരും യേശുവിനെ മിശിഹായെന്നു വിളിച്ചു പരിഹസിക്കുന്നതും യേശു കുരിശിൽ കിടക്കുമ്പോഴാണ് (15:32). ക്രിസ്തു എന്ന പേര് യേശുവിന്റെ പീഡാസഹനത്തോടുബന്ധപ്പെടുത്തി ഉപയോഗിക്കുന്നതിലൂടെ യേശുവിന്റെ മിശിഹാത്വത്തിന്റെ അവിഭാജ്യ ഭാഗമാണു സഹനമെന്നും കുരിശെന്ന രഹസ്യം ഒഴിവാക്കി യേശുവിന്റെ മിശിഹാത്വം മനസ്സി ലാക്കാനാവില്ലെന്നും മർക്കോസ് പഠിപ്പിക്കുന്നു.

## മിശിഹാരഹസ്യം

മർക്കോസിന്റെ ക്രിസ്തുവിജ്ഞാനീയത്തിന്റെ ഒരു പ്രധാന പ്രമേയമാണ് മിശിഹാ രഹസ്യം. വില്യം റേസെ എന്ന ജർമ്മൻ ബൈബിൾ പണ്ഡിതൻ 1901 ൽ “സുവിശേഷങ്ങളിലെ മിശിഹാ രഹസ്യം” എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചതോടെയാണ് ഈ സങ്കൽപം വ്യാപകമായി പ്രചാരത്തിലായത്. തന്റെ മിശിഹാത്വത്തെക്കുറിച്ച് യേശു പുലർത്തുന്ന രഹസ്യാത്മകത സുവിശേഷ പഠിതാക്കളുടെ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. തന്റെ ദൈവത്വം വെളിപ്പെടുത്താൻ തുനിയുന്ന അശുദ്ധാത്മാക്കളെ യേശു നിശബ്ദരാക്കുന്നു (1:25-34; 3:11-12). പല

അത്ഭുതങ്ങൾക്കുശേഷവും അതേപ്പറ്റി ആരോടും പറയരുതെന്ന് യേശു നിഷ്കർഷിക്കുന്നുണ്ട് (1:44; 5:43; 7:36; 8:26). യേശുവിന്റെ മിശിഹാത്വം പത്രോസ് ഏറ്റു പറഞ്ഞയുടനെ തന്നെക്കുറിച്ച് ആരോടും പറയരുതെന്ന യേശുവിന്റെ നിർദ്ദേശം (8:29–30) സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്ന ഒന്നാണ്. തന്റെ രൂപാന്തരീകരണം കണ്ട ശിഷ്യന്മാരോടും യേശു ആവശ്യപ്പെടുന്നത് അവർ കണ്ടകാര്യങ്ങൾ ആരോടും പറയരുതെന്നാണ് (9:9).

തന്നെക്കുറിച്ചും തന്റെ അത്ഭുതങ്ങളെക്കുറിച്ചും രഹസ്യാത്മകത പുലർത്താൻ വ്യക്തമായി നിർദ്ദേശിക്കുക മാത്രമല്ല, പൊതുജന ശ്രദ്ധയിൽനിന്നു മാറിനിൽക്കാൻ യേശു മനഃപൂർവ്വം ശ്രദ്ധിക്കുന്നതായിത്തോന്നുന്ന സന്ദർഭങ്ങളും സുവിശേഷത്തിലുണ്ട് (7:24; 9:30). കൂടാതെ, പല പ്രബോധനങ്ങളും ശിഷ്യന്മാർക്ക് സ്വകാര്യമായി നൽകാനും യേശു ശ്രദ്ധിക്കുന്നു (4:10–12; 7:17–23; 8:31; 9:28; 9:31; 10:33; 13:3–37). ഇതിനു റേഡെ നല്കുന്ന വിശദീകരണം ശ്രദ്ധേയമാണ്. യേശു, മിശിഹായാണെന്ന് ആദിമസഭ വിശ്വസിച്ചു. എന്നാൽ, താൻ മിശിഹായാണെന്ന് യേശു തന്റെ ജീവിതത്തിൽ ഒരിക്കലും അവകാശപ്പെട്ടുമില്ല. ഈ പ്രശ്നം പരിഹരിക്കാൻ സുവിശേഷകൻ കണ്ടെത്തിയ ഉത്തരമാണ് ചരിത്രപുരുഷനായ യേശു തന്റെ മിശിഹാത്വം മറച്ചുവച്ചു എന്നത്. ഈ വസ്തുത സ്ഥാപിക്കാനായി തന്നെ വെളിപ്പെടുത്തരുതെന്ന് യേശു നിർദ്ദേശിക്കുന്ന കഥകൾ അവർ എഴുതിയുണ്ടാക്കുകയും ചെയ്തു. എന്നാൽ, റേഡെയുടെ ഈ നിലപാടിനെ പിന്നീടുള്ള പല പണ്ഡിതന്മാരും വിമർശിക്കുകയാണുണ്ടായത്. പരസ്യജീവിത കാലത്തുതന്നെ യേശുവിനെ മിശിഹായായി പ്രഘോഷിക്കുകയില്ലായിരുന്നുവെന്നും; യേശുവിനു ലഭിച്ച കുരിശുമരണമെന്ന ശിക്ഷതന്നെ അവന്റെമേലുള്ള കുറ്റം അവൻ മിശിഹായാണെന്നവകാശപ്പെടുന്നതാണെന്ന് തെളിയിക്കുന്നുവെന്നും ഈ പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നു. കൂടാതെ പത്രോസിന്റെ വിശ്വാസപ്രഖ്യാപനം, കുരിശിലെ ഫലകത്തിൽ എഴുതിവയ്ക്കപ്പെട്ട വാചകം, ജറുസലേമിലേയ്ക്കുള്ള രാജകീയ പ്രവേശം സാൻഹെദ്രിന്റെ മുന്നിലെ വിചാരണ എന്നിവയും യേശുവിന്റെ മിശിഹാത്വത്തെ വ്യക്തമാക്കുന്നു എന്നതിന് സംശയമില്ല.

യേശു തന്റെ മിശിഹാത്വം വെളിപ്പെടുത്തിയിരുന്നെങ്കിൽ അത് അക്കാലത്തെ പല യഹൂദവിഭാഗങ്ങളെയും റോമിനെതിരെ കലാപം നടത്താൻ പ്രേരിപ്പിക്കുമെന്ന് യേശു അറിഞ്ഞിരുന്നതുകൊണ്ടാണ് തന്റെ മിശിഹാത്വം അവിടുന്ന് വെളിപ്പെടുത്താതിരുന്നതെന്നു ചിന്തിക്കുന്നവരുമുണ്ട്. യഹൂദരുടെ മിശിഹായെ റോമാക്കാർ എത്രയും വേഗം ഉന്മൂലനം ചെയ്യാൻ ശ്രമിക്കുമായിരുന്നു. എങ്കിലും തന്റെ സുരക്ഷിതത്വം മുൻനിർത്തിയാണ് യേശു തന്റെ മിശിഹാത്വം വെളിപ്പെടുത്താതിരുന്നതെന്ന് കരുതാൻ വയ്യ.

മിശിഹാരഹസ്യത്തിന് ഇന്ന് ഏറെപേർ നൽകുന്നതും ഏറ്റവും സ്വീകാര്യവുമായ വിശദീകരണം മറ്റൊന്നാണ്. സുവിശേഷത്തിന്റെ ആരംഭം മുതൽത്തന്നെ യേശുതന്നെയാണ് മിശിഹായെന്ന് വായനക്കാരനറിയാം (1:1). എന്നാൽ, യേശു എങ്ങനെയുള്ള ഒരു മിശിഹായാണെന്നതാണ് വായനക്കാരന് മനസ്സിലാക്കാനുള്ളത്. മിശിഹായെക്കുറിച്ചുള്ള രഹസ്യം അവൻ സഹിക്കുന്ന ദൈവപുത്രനാണെന്നതാണ്. ഈ രഹസ്യം പൂർണ്ണമായി വെളിപ്പെടുന്നത്, "ഈ മനുഷ്യൻ സത്യമായും ദൈവപുത്രനായിരുന്നു" (15:39) എന്ന ശതാധിപന്റെ പ്രഖ്യാപനത്തിലാണ്. സഹിക്കുന്ന ദൈവപുത്രനായ മിശിഹായെക്കുറിച്ചുള്ള വെളിപാട് യഹൂദ ജനതയ്ക്ക് അസ്വീകാര്യമായിരുന്നു. മഹത്വപൂർണ്ണനായ ഒരു രാജാവായിട്ടായിരിക്കാം പത്രോസ്പോലും മിശിഹായെ പ്രതീക്ഷിച്ചിരുന്നത്. അതുകൊണ്ടാണ് യേശുവിന്റെ മിശിഹാത്വം പ്രഖ്യാപിച്ച പത്രോസിനോട് തന്നെക്കുറിച്ച് ആരോടും പറയരുതെന്ന് യേശു നിഷ്കർഷിച്ചത് (8:30). തുടർന്ന് ഒന്നാം പീഡാനുഭവപ്രവചനം നടത്തുന്നതിലൂടെ (8:31) തന്റെ മിശിഹാത്വത്തിന്റെ യഥാർത്ഥസ്വഭാവം യേശു വെളിപ്പെടുത്തുകയും ചെയ്യുന്നു. സഹിക്കുന്ന ഒരു മിശിഹായെ അവന്റെ കുരിശിന്റെ വഴിയിൽ അനുഗമിക്കാൻ തയ്യാറുണ്ടോ എന്നതാണ് മിശിഹാരഹസ്യം ഉന്നയിക്കുന്ന കാതലായ ചോദ്യം.

### മനുഷ്യപുത്രൻ

അപ്പ 7:56 ഒഴിവാക്കിയാൽ, 'മനുഷ്യപുത്രൻ' എന്ന പദം പുതിയനിയമത്തിൽ സുവിശേഷങ്ങളിൽ മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്. മർക്കോസ് ഈ പദം 14 തവണ ഉപയോഗിക്കുന്നു (2:10–28; 8:31–38; 9:9,12,31; 10:33–45; 13:26; 14:21 രണ്ടുതവണ; 14:41–62). പഴയനിയമത്തിൽ എസക്കിയേലിന്റെ പുസ്തകത്തിലും (2:1,3,6,8) സങ്കീർത്തനങ്ങളിലും (8:4) മനുഷ്യപുത്രൻ എന്ന വാക്ക് 'മനുഷ്യൻ' എന്നതിനു പര്യായമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ദാനിയേൽ 7:13–14 ൽ പ്രത്യക്ഷപ്പെടുന്ന വാനമേഘങ്ങളോടുകൂടി വരുന്ന 'മനുഷ്യപുത്രനെപ്പോലെ ഒരുവൻ' ദൈവത്തിൽനിന്ന് മഹത്വവും ആധിപത്യവും സ്വീകരിക്കുന്നവനാണ്. ഏനോക്കിന്റെ പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രനും അതിമാനുഷികശക്തിയും മഹത്വവുമുള്ളയാളാണ് (1 ഏനോക്ക് 46:1–3; 48:2; 51:3; 62:2–6).

മർക്കോസിന്റെ സുവിശേഷത്തിൽ ഒമ്പതു തവണയും 'മനുഷ്യപുത്രൻ' ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ യഹോവയുടെ സഹനദാസന്റെ (ഏശയ്യാ 52:13–53:12) പ്രതിരൂപമായിട്ടാണ് കാണപ്പെടുന്നത് (8:31; 9:9,12,31; 10:33–45; 14:21 (2 തവണ), 41). മൂന്നു സ്ഥലങ്ങളിൽ മനുഷ്യപുത്രൻ എന്ന പ്രയോഗത്തിലൂടെ മർക്കോസ് യേശുവിനെ ദാനിയേലിന്റെയും ഏനോക്കിന്റെയും പുസ്തകങ്ങളിൽ കാണുന്ന മഹത്വപൂർണ്ണനായ മനുഷ്യപുത്രനോട് താദാത്മ്യപ്പെടുത്തുന്നു (8:38; 13:26; 14:62).

**യേശു:** 'യേശു'വെന്ന വ്യക്തിനാമമുപയോഗിച്ചാണ് മർക്കോസ് സുവിശേഷത്തിലെ നായകനെ കൂടുതൽ തവണയും പരാമർശിക്കുന്നത്. 81 തവണ 'യേശു'വെന്ന പേര് സുവിശേഷത്തിൽ നാം കാണുന്നുണ്ട്. 'യേശുക്രിസ്തു'വെന്നും 'കർത്താവായ യേശു' എന്നുമുള്ള പ്രയോഗങ്ങൾ ഓരോ തവണ മർക്കോസു നടത്തുന്നുണ്ട് (യഥാക്രമം 1:1; 16:19). നസറായൻ എന്ന വിശേഷണത്തോടെ യേശുവിന്റെ പേര് പ്രത്യക്ഷപ്പെടുന്നത് 1:24; 10:47; 14:67; 16:6 എന്നിവിടങ്ങളിലാണ്.

**ദാവീദിന്റെ പുത്രൻ:** ദാവീദിന്റെ പുത്രൻ എന്ന മെസയാനിക പദം അന്ധനായ ബർതിമേയൂസിനെ സുഖപ്പെടുത്തുന്ന സംഭവത്തിൽ രണ്ടുതവണ യേശുവിനെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചിട്ടുണ്ട് (10:47). നിയമജ്ഞരുമായ സംവാദത്തിൽ മിശിഹായെ പരാമർശിച്ചുകൊണ്ട് യേശുവും ഈ വാക്ക് ഉപയോഗിക്കുന്നു. മത്തായിയുടെ സുവിശേഷത്തിൽ മറ്റ് ആറ് അവസരങ്ങളിൽകൂടി ദാവീദിന്റെ പുത്രൻ എന്ന് യേശു വിളിക്കപ്പെടുന്നുണ്ട്.

**കർത്താവ്:** കർത്താവ് എന്ന പദം ഈ സുവിശേഷത്തിൽ പ്രധാനമായും പിതാവായ ദൈവത്തെ വിളിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത് (11:19; 12:11; 12:29–30; 12:36–37; 13:20). കർത്താവ് എന്ന വാക്ക് തന്നത്തന്നെ പരാമർശിക്കാൻ യേശു രണ്ടുതവണ ഉപയോഗിക്കുന്നുണ്ടെങ്കിലും (5:19; 11:3) വലിയ അർത്ഥവ്യാപ്തിയോടെയാണ് അവിടെ അവ ഉപയോഗിച്ചിരിക്കുന്നതെന്നു കരുതാനാവില്ല.

**മറ്റു പേരുകൾ:** സുവിശേഷത്തിൽ യേശു വിളിക്കപ്പെടുന്ന മറ്റു പേരുകൾ പ്രവാചകൻ, മറിയത്തിന്റെ മകൻ, റബ്ബി എന്നിവയാണ്. യേശു ഒരു പ്രവാചകനായാണ് പരിഗണിക്കപ്പെട്ടിരുന്നതെന്നാണ് 6:15; 8:28 എന്നീ വാക്യങ്ങൾ സൂചിപ്പിക്കുന്നത്. യേശു തന്നെത്തന്നെ ഒരു പ്രവാചകനായി കരുതിയിരുന്നുവെന്ന് 6:4 സൂചിപ്പിക്കുന്നു. എങ്കിലും മർക്കോസ് യേശുവിനെ വിശേഷിപ്പിക്കാൻ ഈ പദം ഉപയോഗിക്കുന്നില്ല. റബ്ബി, ഗുരു എന്നീ പേരുകളാലാണ് യേശു മർക്കോസിന്റെ സുവിശേഷത്തിൽ കൂടുതലും അഭിസംബോധന ചെയ്യപ്പെടുന്നത്. നിയമം പഠിപ്പിക്കുന്ന അദ്ധ്യാപകരെ 'റബ്ബി' എന്നാണ് യഹൂദർ വിളിച്ചിരുന്നത്. മർക്കോസിൽ ഒരു തവണ റബ്ബിയെന്നും (9:5; 11:21; 14:45) ഒരു തവണ റബ്ബോനി എന്നും (10:51) യേശു അഭിസംബോധന ചെയ്യപ്പെടുന്നു. എന്നാൽ 'ഗുരോ' എന്ന അഭിസംബോധനയാണ് യേശുവിനു കൂടുതൽ ലഭിക്കുന്നത് – പതിനൊന്നു തവണ. ഒരു തവണ യേശു തന്നെത്തന്നെ 'ഗുരു'വെന്ന് പരാമർശിക്കുന്നുണ്ട് (14:14).

## ശിഷ്യത്വം

മർക്കോസിന്റെ സുവിശേഷത്തിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങളാണ് ശിഷ്യന്മാർ. *മത്തേത്തെസ്* എന്ന ഗ്രീക്കുപദമാണ് ശിഷ്യന്മാരെ കുറിക്കാൻ മർക്കോസ് ഉപയോഗിക്കുന്നത്. പഠിക്കുന്നവൻ, പരിശീലനം നേടുന്നവൻ എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. *അക്കൊളുത്തയിൻ* (= അനുഗമിക്കുക; 1:17–18; 2:14–15; 8:34; 10:21; 10,28,15,41) എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ ഗുരുവിനെ അനുഗമിക്കുകയാണ് ശിഷ്യൻ ചെയ്യേണ്ടത്. ഗുരുവിന്റെ ചിന്താധാരകളെയും ആത്മീയവും ധാർമ്മികവുമായ നിലപാടുകളെയും പിഞ്ചെല്ലുക എന്നു മാത്രമല്ല, ഗുരുവിന്റെ ജീവിതരീതിതന്നെ സ്വാംശീകരിച്ചുകൊണ്ട്, ഗുരുവുമായി വ്യക്തിപരമായ ബന്ധം പുലർത്തുക എന്നും *അക്കൊളുത്തയിൻ* എന്ന ഗ്രീക്കു വാക്ക് സൂചിപ്പിക്കുന്നുണ്ട്. ശിഷ്യരെ യേശു വിളിക്കുന്നതിനു സമാനമായ സംഭവം പഴയനിയമത്തിൽ നാം കാണുന്നത്. ഏലീയാ പ്രവാചകൻ ഏലീഷായെ വിളിക്കുന്നിടത്താണ് (1 രാജാ 19:19–21). യേശു ശിഷ്യബന്ധത്തിനു സമാനമാണ് മോശ – ജോഷ്വാ ബന്ധവും. യേശുവിന്റെ കാലത്ത് യഹൂദ റബ്ബിമാർക്ക് തങ്ങളുടെ ശിഷ്യസമൂഹമുണ്ടായിരുന്നു. സാധാരണഗതിയിൽ ശിഷ്യർ തങ്ങൾക്ക് ഇഷ്ടപ്പെട്ട റബ്ബിമാരെ തിരഞ്ഞെടുക്കുകയായിരുന്നു പതിവെങ്കിൽ, തനിക്കിഷ്ടപ്പെട്ടവരെ ശിഷ്യരായി തിരഞ്ഞെടുക്കുകയാണ് യേശു ചെയ്തത്.





മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യന്മാർക്ക് നല്ലതും അല്ലാത്തതുമായ പ്രത്യേകതകൾ കാണാനാകും യേശുവിന്റെ ദൗത്യം തന്നെയാണ് ശിഷ്യന്മാരും നിർവ്വഹിക്കുന്നത് (3:13–19; 6:7–13). യേശുവിൽനിന്നു സ്വകാര്യമായി പ്രബോധനം സ്വീകരിക്കാൻ അവസരം ലഭിച്ചവരാണവർ (4:10–34; 7:1–23; 8:27–10; 45; 13:1–37). യേശുവിന്റെ ചില പ്രവൃത്തികൾക്ക് സാക്ഷ്യം വഹിക്കാൻ അവർക്കുമാത്രമാണ് ഭാഗ്യമുണ്ടായത് (4:35–41; 5:37–43; 6:45–52; 92–8). അത്ഭുതകരമായി അപ്പം വർദ്ധിപ്പിക്കുന്ന സംഭവങ്ങളിൽ അവർ യേശുവിന്റെ സഹകാരികളായി പ്രവർത്തിക്കുന്നു. (6:30–44; 8:1–10). യേശുവിന്റെ അന്ത്യാത്താഴത്തിൽ ഭാഗഭാക്കാകാനുള്ള ഭാഗ്യവും അവരുടെതുമാത്രമാണ് (14:12–26).

ശിഷ്യത്വത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ വ്യക്തമാക്കുന്നതാണ് ശിഷ്യന്മാരെ യേശു വിളിക്കുന്നതും അയക്കുന്നതുമായ രംഗങ്ങൾ (1:16–20; 3:13–19; 6:6–13): ശിഷ്യത്വത്തിന്റെ പിന്നിൽ മുൻകയ്യെടുത്തു പ്രവർത്തിക്കുന്നത് യേശുവാണ്; അദ്ധ്വാനത്തിൽ ഏർപ്പെട്ടിരുന്ന വ്യക്തികളെയാണ് യേശു വിളിക്കുന്നത്; എന്നെ അനുഗമിക്കുക എന്ന വ്യക്തമായ ആഹ്വാനമാണ് വിളിയുടെ കാതൽ; തന്റെ ദൗത്യത്തിൽ പങ്കുചേരാനുള്ള ആഹ്വാനമാണ് യേശു ശിഷ്യർക്ക് നല്കുന്നത്. യേശുവിന്റെ വിളിയോടുള്ള ശിഷ്യന്മാരുടെ പ്രതികരണം ഉടനടിയുള്ളതു ഉദാരപൂർവ്വകവുമാണ്. എന്നും യേശുവിനോടൊപ്പമായിരിക്കുകയും എല്ലായിടത്തും യേശുവിന്റെ പ്രവൃത്തികൾ ചെയ്യുകയും ചെയ്യുക (3:13–19) എന്നതാണ് ശിഷ്യത്വത്തിന്റെ വെല്ലുവിളി.

മർക്കോസിന്റെ സുവിശേഷത്തിൽ നിരവധി ചെറിയ കഥാപാത്രങ്ങൾ യഥാർത്ഥ ശിഷ്യൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതായി നമുക്കു കാണാനാകും: പത്രോസിന്റെ അമ്മായിയമ്മ സൗഖ്യപ്രാപ്തിയ്ക്കുശേഷം എഴുന്നേറ്റ് ശുശ്രൂഷിക്കുന്നു (*ദിയാക്കൊണെയി*: 1:31), കുഷ്ഠരോഗി യേശുവിനെ പ്രഘോഷിക്കുന്നു (1:45); ചുങ്കക്കാരും പാപികളും യേശുവിനെ അനുഗമിക്കുന്നു (*അക്കൊളുത്തെയിൻ* 2:15); ലെഗിയോൺ ആവേശിച്ചിരുന്ന മനുഷ്യൻ യേശുവിനെ പ്രസംഗിക്കുന്നു (5:20); കാഴ്ച കിട്ടിയ ബർതിമേയൂസ് യേശുവിനെ അനുഗമിക്കുന്നു (10:52); ദരിദ്രയായ വിധവ സർവ്വതും നിക്ഷേപിക്കുന്നു (12:44); അജ്ഞാതയായ സ്ത്രീ യേശുവിനെ തൈലംപൂശുന്നു (14:9); ശിമയോൺ യേശുവിന്റെ കുരിശെടുക്കുന്നു (15:21); ശതാധിപൻ യേശുവിന്റെ ദൈവപുത്രത്വം ഏറ്റുപറയുന്നു (15:39); സ്ത്രീകൾ യേശുവിനെ അനുഗമിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു (15:41); അരിമത്തിയാക്കാരൻ ജോസഫ് യേശു

വിനെ സംസ്കരിക്കുന്നു (15:43-47); അതിരാവിലെ സ്ത്രീകൾ യേശുവിന്റെ കല്ലറയിൽ എത്തുകയും ഉത്ഥാനവാർത്ത ശ്രദ്ധിക്കുകയും ചെയ്യുന്നു (16:1-8). മേൽസൂചിപ്പിച്ച അറിയാപ്പെടാത്തവരും അപ്രധാനരുമായ കഥാപാത്രങ്ങളാണ് പ്രമുഖരായ ശിഷ്യന്മാർ ചെയ്യേണ്ടിയിരുന്ന ശുശ്രൂഷകൾ യേശുവിന് തക്കസമയത്ത് ചെയ്തുകൊടുക്കുന്നത്. അതായത്, മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യത്വത്തിന്റെ വിവിധമാതൃകൾ സുലഭമായി നാം കാണുന്നുവെന്നു ചുരുക്കം.

യേശുവിന്റെ ശിഷ്യന്മാരുടെ, പ്രത്യേകിച്ചു, പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടുപേരുടെ നിഷേധാത്മകമായ പെരുമറ്റം മർക്കോസ് വായനക്കാരനുമുമ്പിൽ മറനീക്കിക്കാണിക്കുന്നുണ്ട്: യേശുവിനെ ശിഷ്യർ നീരസത്തോടെ അന്വേഷിച്ചു നടക്കുന്നു (1:36); യേശുവിന്റെ അത്ഭുത പ്രവൃത്തികൾ കണ്ടശേഷവും ശിഷ്യർ വിശ്വാസമില്ലാത്തവരായിക്കഴിയുന്നു (4:40); ആരാണുതന്നെ സ്പർശിച്ചതെന്ന യേശുവിന്റെ ചോദ്യം യുക്തിയ്ക്കു നിരക്കാത്തതാണെന്നമട്ടിൽ ശിഷ്യർ പ്രതികരിക്കുന്നു (5:31); അപ്പം വർദ്ധിപ്പിച്ച സംഭവത്തിനുശേഷവും ശിഷ്യർ ധാരണാശേഷിയില്ലാത്തവരായി (6:50-52; 7:18) തുടരുന്നു. യേശു പത്രോസിനെ സാത്താൻ എന്നു വിളിക്കുന്നു (8:33); യേശുവിന്റെ മൂന്നു പീഡാനുഭവപ്രവചനങ്ങളും ശിഷ്യർ ഗൗരവമായി എടുക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല എന്നു മാത്രവുമല്ല രണ്ടവസരങ്ങളിലും അവർ തങ്ങളുടെ വലുപ്പത്തെയും സ്ഥാനമാനങ്ങളെക്കുറിച്ചുള്ള ചിന്തയിലും പ്രവൃത്തിയിലും വ്യാപൃതരാവുകയും ചെയ്യുന്നു (9:32; 10:35-45). പീഡാനുഭവരംഗങ്ങളിലാണ് ശിഷ്യരുടെ പരാജയം അതിന്റെ മൂർദ്ധന്യത്തിൽ എത്തുന്നത്. യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നു (14:10.42); ഗത്സെമൻ തോട്ടത്തിൽ യേശു പ്രാണവേദനകൊണ്ടു പിടയുമ്പോൾ ശിഷ്യപ്രമുഖർ ഉറങ്ങിവിശ്രമിക്കുന്നു (14:33-41); യേശു പിടിക്കപ്പെടുമ്പോൾ എല്ലാ ശിഷ്യരും യേശുവിനെവിട്ട് ഓടിപ്പോകുന്നു (14:15); പത്രോസ് മൂന്നുതവണ യേശുവിനെ നിഷേധിച്ചുപറയുന്നു (14:66-72); കല്ലറയിലേക്കുപോയ സ്ത്രീകൾ അവരോടു പ്രഘോഷിക്കപ്പെട്ട ഉത്ഥാനസന്ദേശം കൈമാറാൻ പരാജയപ്പെടുന്നിടത്ത് ശിഷ്യരുടെ പരാജയം പൂർണ്ണമാകുന്നു.

ശിഷ്യരുടെ പരിപൂർണ്ണപരാജയം വരച്ചുകാണിക്കുന്നതിലൂടെ എന്തു സന്ദേശമാണു മർക്കോസ് കൈമാറുന്നത്? ശത്രുക്കളാൽ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും സുഹൃത്തക്കളാൽ കൈവിടപ്പെടുകയും ചെയ്യുന്ന യേശുവിന്റെ മുഖം പഴനിയമത്തിലെ നിഷ്ളങ്കന്റെ സഹനം നമ്മെ അനുസ്മരിപ്പിക്കുന്നു. ഉറ്റവരാൽ ഒറ്റപ്പെടുത്തപ്പെടുന്നതിന്റെ സഹനത്തിന്റെ, നെരിപ്പോടിൽ വെന്തുനീറുന്ന ജറമിയായും (20:7-12) ജോബും (12:4-5; 16:20; 19:14) സങ്കീർത്തകനും (സങ്കീ 38:11-12; 41:8-9, 31:11; 8:18) സഹനദാസനും (52:13-53,12) യേശുവിൽ സമ്മേളിക്കുകയാണ്. ശിഷ്യന്മാരുടെ ദുർമാതൃക എടുത്തു കാണിക്കുക എന്നതിനെക്കാൾ പരിത്യക്തനായ നീതിദാസന്റെ സഹനത്തിന്റെ ആഴമാണ് മർക്കോസ് നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത്.





നീറോ ചക്രവർത്തിയുടെ ക്രൂരമായമതമർദ്ദനത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട സുവിശേഷമെന്ന നിലയിൽ അതിലെ ശിഷ്യന്മാരുടെ പരാജയകഥയ്ക്ക് മറ്റൊരർത്ഥം കൂടിയുണ്ട്. ക്രൂരമായ മർദ്ദനങ്ങൾക്കും ഭീഷണികൾക്കും വിധേയരായ പല വിശ്വാസികളും വിശ്വാസം ഉപേക്ഷിക്കുകയോ, മറ്റു വിശ്വാസികളെ അധികാരികൾക്ക് ഒറ്റുകൊടുക്കുകയോ ഒക്കെ ചെയ്തിട്ടുണ്ടാകാം. തങ്ങളുടെ വിശ്വാസത്യാഗത്തിലും വഞ്ചനയിലുമെല്ലാം മനസ്സു നുറുങ്ങിക്കഴിഞ്ഞിരുന്ന പ്രസ്തുത വിശ്വാസികൾക്ക് ശിഷ്യന്മാരുടെ പാരജയകഥയും പ്രത്യേകിച്ചു പത്രോസിന്റെ ഗുരുനിഷേധവുമെല്ലാം നിരാശയിൽനിന്നു കരകയറാനുള്ള പിടിവള്ളിയായിത്തോന്നിക്കാണണം. ശിഷ്യന്മാർ തങ്ങളുടെ പരാജയത്തിൽനിന്നു കരകയറി യേശുവിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കാൻ തയ്യാറായതുപോലെ തങ്ങൾക്കും സാധിക്കുമെന്ന വിശ്വാസം അവരിൽ നിറയ്ക്കാൻ പര്യാപ്തമായിരുന്നു അവർ മനസ്സിലാക്കിയ ശിഷ്യരുടെ ജീവിതകഥ. പത്രോസിനെ യേശു തിരികെ സ്വീകരിച്ച സംഭവം, തങ്ങളെ വഞ്ചിച്ചു വിട്ടുപോയവരെ സ്വീകരിക്കാനും ഉൾക്കൊള്ളാനും ക്രൈസ്തവ സമൂഹത്തെയും ശക്തിപ്പെടുത്തിക്കാണണം.

## സുവിശേഷത്തിന്റെ ഘടന

**I ആമുഖം 1:1-13**
1. ഗ്രന്ഥത്തിന്റെ തലക്കെട്ട് 1:1
2. സ്നാപകയോഹന്നാന്റെ പരസ്യജീവിതം 1:2-8
3. യേശുവിന്റെ ജ്ഞാനസ്നാനം, പ്രലോഭനം, ശുശ്രൂഷാരംഭം 1:9-15

**II അധികാരപൂർണ്ണമായ ദൈവപുത്രൻ 1:16-45**
1. ശിഷ്യരാക്കാനുള്ള അധികാരം 1:16-20
2. അശുദ്ധാത്മക്കളുടെമേലുള്ള അധികാരം 1:21-28
3. ശാരീരികരോഗങ്ങളുടെ മേലുള്ള അധികാരം 1:29-39
4. ശുദ്ധീകരണനിയമങ്ങളുടെ മേലുള്ള അധികാരം 1:40-45

**III എതിർക്കപ്പെടുന്ന ദൈവപുത്രൻ 2:1-36**
1. പാപം ക്ഷമിച്ചതിന്റെ പേരിൽ 2:1-12
2. പാപികളോടൊത്തു ഭക്ഷിച്ചതിന്റെ പേരിൽ 2:13-17
3. ശിഷ്യർക്കുള്ള ഇളവിന്റെ പേരിൽ 2:18-22
4. സാബത്തുലംഘനത്തിന്റെ പേരിൽ 2:23-28
5. സുഖപ്പെടുത്താനായി മരണമേല്കുന്നവൻ 3:1-6

**IV തിരസ്ക്കരിക്കപ്പെടുന്ന ദൈവപുത്രൻ 3:7-6:6**
1. കടൽത്തീരത്തെ അത്ഭുതങ്ങൾ 3:7-12
2. പന്ത്രണ്ടുപേരുടെ തിരഞ്ഞെടുപ്പ് 3:13-19
3. യേശുവും ബേൽസെബൂലും 3:20-30
4. യേശുവിന്റെ കുടുംബം 3:31-35

5. ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകളും പ്രബോധനങ്ങളും 4:1–34
    A. വിതക്കാരന്റെ ഉപമ 4:1–9
    B. ഉപമകളുടെ ഉദ്ദേശ്യം 4:10–12
    C. ഉപമകളുടെ വിശദീകരണം 4:13–20
    D. ദീപം മറച്ചുവയ്ക്കരുത് 4:21–25
    E. സ്വയം വളരുന്ന വിത്ത് 4:26–29
    F. കടുകുമണിയുടെ ഉപമ 4:30–34
6. യേശു തന്റെ ശക്തി വീണ്ടും വെളിപ്പെടുത്തുന്നു 4:35–5:43
    1. കടലിനെ ശാന്തമാക്കുന്നു 4:35–41
    2. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു 5:1–20
    3. രക്തസ്രാവക്കാരി, ജായ്റോസിന്റെ മകൾ 5:21–43
7. നസ്രത്തിലെ തിരസ്കാരം 6:1–6

**V മനസ്സിലാക്കപ്പെടാത്ത ദൈവപുത്രൻ 6:6–8:21**

1. ശിഷ്യന്മാരെ അയക്കുന്നു 6:7–13
2. സ്നാപകന്റെ മരണം 6:14–29
3. ശിഷ്യന്മാർ തിരിച്ചുവരുന്നു 6:30
4. യേശു ശിഷ്യർക്കു സ്വയം വെളിപ്പെടുത്തുന്നു 6:31–7:56
    A. അയ്യായിരം പേരെ തീറ്റിപ്പോകുന്നു 6:31–44
    B. വെള്ളത്തിനുമീതെ നടക്കുന്നു 6:45–52
    C. ഗനേസറത്തിലെ അത്ഭുതങ്ങൾ 6:53–56
    D. പാരമ്പര്യത്തെക്കുറിച്ച് തർക്കം 7:1–13
    E. അശുദ്ധിയുടെ സ്വഭാവത്തെക്കുറി ച്ചുള്ള പ്രബോധനം 7:14–23
    F. സീറോ-ഫിനീഷ്യൻ സ്ത്രീയുടെ വിശ്വാസം 7:24–30
    G. ബധിരനു സൗഖ്യം 7:31–37
5. യേശു ശിഷ്യർക്ക് രണ്ടാമതും സ്വയം വെളിപ്പെടുത്തുന്നു 8:1–30
    A. നാലായിരംപേരെ തീറ്റി തൃപ്തരാക്കുന്നു 8:1–9
    B. ഗലീലിയിലേക്കു തിരിക്കുന്നു 8:10
    C. ഫരിസേയരുമായുള്ള സംഘർഷം 8:11–13
    D. ഫരിസേയരുടെയും ഹേറോദേസിന്റെയും പുളിമാവ് 8:14–21
    E. അന്ധനു കാഴ്ച 8:22–26
    F. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം 8:27–30

**VI ജറുസലേമിലേക്കുള്ള ദൈവപുത്രന്റെ യാത്ര 8:31–10:52**

1. പീഡാനുഭവം : ഒന്നാം പ്രവചനവും ശിഷ്യത്വപാഠവും 8:31–9:29
    A. ഒന്നാം പീഡാനുഭവപ്രവചനം 8:31–33
    B. ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങൾ 8:34–9,1
2. രൂപാന്തരീകരണം 9:2–8
3. ഏലിയായുടെ ആഗമനം 9:9–13
4. അപസ്മാരബാധിതനായ കുട്ടിയെ സുഖപ്പെടുത്തുന്നു 9:14–29





5. പീഡാനുഭവം: രണ്ടാം പ്രവചനവും ശിഷ്യത്വ പാഠങ്ങളും 9:30–10:31
    A. പീഡാനുഭവം : രണ്ടാം പ്രവചനം 9:30–32
    B. സ്വർഗ്ഗരാജ്യത്തിലെ വലിയവൻ 9:33–37
    C. വിഭാഗീയത എന്ന ഭോഷത്തം 9:38–41
    D. അച്ചടക്കരാഹിത്യം 9:42–50
    E. വിവാഹത്തെക്കുറിച്ചുള്ള പ്രബോധനം 10,1–12
    F. ശിശുക്കളെപ്പോലെയാവുക 10:13–16
    G. ധനികനായ മനുഷ്യൻ 10:17–22
    H. സമ്പത്തിനെക്കുറിച്ചുള്ള പ്രബോധനം 10:23–31
6. പീഡാനുഭവ: മൂന്നാം പ്രവചനവും ശിഷ്യത്വപാഠങ്ങളും 10:32–52
    A. പീഡാനുഭവം: മൂന്നാം പ്രവചനം 10:32–34
    B. ശുശ്രൂഷയെക്കുറിച്ചുള്ള പ്രബോധനം 10:35–45
7. ബർതിമേയൂസിനു കാഴ്ച 10:46–52

**VII ദൈവപുത്രന്റെ ജറുസലേം ശുശ്രൂഷ 11–13**

1. രാജകീയ പ്രവേശം 11:1–11
2. അത്തിവൃക്ഷത്തെ ശപിക്കുന്നു 11:12–14
3. ദേവാലയ കൃത്യം 11:15–19
4. ഉണങ്ങിയ അത്തിവൃക്ഷത്തിന്റെ പാഠം 11:20–26
5. ദേവാലയത്തിലെ യേശുവിന്റെ പ്രബോധനം 11:27–12:44
    A. യോഹന്നാന്റെ അധികാരം 11:27–33
    B. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ 12:1–12
    C. നികുതിയെക്കുറിച്ചുള്ള പ്രബോധനം 12:13–17
    D. പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രബോധനം 12:18–27
    E. സുപ്രധാനമായ കല്പനകൾ 12:28–34
    F. മിശിഹായെക്കുറിച്ചുള്ള മിശിഹായുടെ ചോദ്യം 12:35–37
    G. നിയമജ്ഞരെ വിമർശിക്കുന്നു 12:38–40
    H. വിധവയുടെ സമർപ്പണം 12:41–44
6. ഒലീവുമലയിലെ പ്രസംഗം 13
    A. പശ്ചാത്തലം 13:1–4
    B. വഴിതെറ്റിക്കുന്നവരെക്കുറിച്ചു മുന്നറിയിപ്പ് 13:5–8
    C. വ്യക്തിപരമായ പീഡനങ്ങളെക്കുറിച്ച് 13:9–13
    D. ഭീകരദുരിതങ്ങൾ 13:14–23
    E. മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനം 13:24–31
    F. ജാഗരൂകരായിരിക്കുവിൻ 13:32–37

**VIII സഹിക്കുന്ന ദൈവപുത്രൻ 14–15**

1. തൈലാഭിഷേകവും അന്ത്യത്താഴവും 14:1–31
    A. യേശുവിനെ വധിക്കാൻ ആലോചന 14:1–2
    B. ബഥാനിയായിലെ തൈലാഭിഷേകം 14:3–9
    C. യൂദാസിന്റെ വഞ്ചന 14:10–11

D. പെസഹാ ആയിരിക്കുന്നു 14:12-21
E. പുതിയ ഉടമ്പടി 14:22-26
F. പത്രോസിന്റെ ഗുരുനിഷേധത്തെക്കുറിച്ച് 14:27-31

2. ഗത്സെമനിയിലെ പ്രാർത്ഥനയും ഒറ്റിക്കൊടുക്കലും 14:32-52
A. ഗത്സെമനിയിൽ പ്രാർത്ഥിക്കുന്നു 14:32-42
B. യൂദാസ് ഒറ്റിക്കൊടുക്കുന്നു 14:43-52

3. വിചാരണ 14:53-15:15
A. യഹൂദവിചാരണ: പ്രധാനപുരോഹിതന്റെ മുന്നിൽ 14:53-65
B. പത്രോസ് തള്ളിപ്പറയുന്നു 14:66-72
C. സാൻഹെദ്രിന്റെ വിധി 15:1
D. റോമൻ വിചാരണ 15:2-15

4. ക്രൂശിക്കലും മരണവും 15:16-47
A. പടയാളികളുടെ പരിഹാസം 15:16-20
B. കുരിശിൽ തറയ്ക്കുന്നു 15:21-32
C. യേശുവിന്റെ മരണം 15:33-41
D. യേശുവിന്റെ സംസ്കാരം 15:42-47

**IX ഉത്ഥിതനായ ദൈവപുത്രൻ 16:1-20**

1. ഉത്ഥാനത്തെക്കുറിച്ചുള്ള അറിയിപ്പ് 16:1-8
2. ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു 16:9-20
A. മറിയം മഗ്ദലേനയ്ക്കു പ്രത്യക്ഷപ്പെടുന്നു 16:9-11
B. രണ്ടു ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു 16:12-13
C. യേശു പതിനൊന്നുപേർക്കുമായി പ്രത്യക്ഷപ്പെടുന്നു 16:14-18
D. യേശുവിന്റെ സ്വർഗ്ഗാരോഹണം 6:19-20



# 4
# ലൂക്കാ എഴുതിയ സുവിശേഷം

ഡോ. കുര്യൻ വാലുപറമ്പിൽ

## ആമുഖം

പുതിയ നിയമഗ്രന്ഥങ്ങളുടെ പട്ടികയിലെ മൂന്നാമത്തെ സുവിശേഷവും അപ്പസ്തോലപ്രവർത്തനങ്ങളും ഒരു 'വിവരണ'ത്തിന്റെ (ഡിയേഗേസീസ്: ലൂക്കാ 1:1) രണ്ടു വാല്യങ്ങളാണ്; സുവിശേഷം ഒന്നാം വാല്യവും അപ്പ.പ്രവ. രണ്ടാം വാല്യവും (അപ്പ 1:1). ഇവ ഒരു 'വിവരണ'ത്തിന്റെ രണ്ടു വാല്യങ്ങളാണെന്നതിന് ആന്തരികവും (ഉദാ: ലൂക്കാ 1:1-4; 24:50-53; അപ്പ 1:1-11) ബാഹ്യവുമായ ശക്തമായ തെളിവുകളുണ്ട്. ("വിവരണം" സംബന്ധിച്ചു കൂടുതൽ വിവരങ്ങൾക്ക് 1:1-4ന്റെ വ്യാഖ്യാനം കാണുക). രണ്ടു വാല്യങ്ങളുടെയും മൂലരചനയിൽ ഗ്രന്ഥനാമമോ ഗ്രന്ഥകാരന്റെ പേരോ ഇല്ലായിരുന്നു. പാഷണ്ഡിയായിരുന്ന മാർസിയനും (+ 140) രക്തസാക്ഷിയായ വി. ജസ്റ്റിനും (+ 150) ലൂക്കായുടെ രചന പരിചിതമായിരുന്നു. 'സുവിശേഷം' ഭിഷഗ്വരനായ ലൂക്കാ എഴുതിയതാണെന്നതിന് ലഭ്യമായ ആദ്യസാക്ഷ്യം ലിയോണിലെ മെത്രാനായിരുന്ന വിശുദ്ധ ഇറനേവൂസിന്റേതാണ് (ക്രി.വ. 130-200). തുടർന്ന് തെർത്തുല്യൻ ക്രി.വ. 150-225), സഭാപിതാക്കന്മാരായ വി. ജറോം, അലക്സാണ്ഡ്രിയായിലെ ക്ലെമന്റ്, സഭാചരിത്രകാരൻകൂടിയായ എവുസേബിയൂസ്, സഭാപണ്ഡിതനായ ഒരിജൻ എന്നിവരുടെയെല്ലാം സാക്ഷ്യങ്ങളുണ്ട്. ലൂക്കായുടെ സുവിശേഷവും അപ്പസ്തോലപ്രവർത്തനങ്ങളും ലൂക്കാ എഴുതിയെന്നാണ് ആദിമുതലുള്ള അറിവും സഭാപാരമ്പര്യവും.

ലൂക്കായുടെ രചനയുടെ ഒന്നാം വാല്യത്തിന്റെ ലഭ്യമായിട്ടുള്ള പുരാതന കൈയെഴുത്തുപ്രതികളിൽ 'ലൂക്കായുടെ സുവിശേഷം' എന്ന തലക്കെട്ടില്ല; 'ലൂക്കായുടെ പ്രകാരം' (കറ്റാ ലൂകാൻ) എന്നാണുള്ളത്. മർക്കോസ്, മത്തായി എന്നിവരുടെ സുവിശേഷങ്ങളുമായുള്ള ബന്ധം 'ലൂക്കാ

യുടെ സുവിശേഷം' എന്ന ശീർഷകത്തിനു ന്യായവത്കരണമാണ്. ഇപ്പറഞ്ഞ ബന്ധംമൂലം 'ലൂക്കായുടെ സുവിശേഷ'ത്തെ സമാന്തരസുവിശേഷങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എങ്കിലും ലൂക്കായുടെ സുവിശേഷത്തിന്റെ ശരിയായ വ്യാഖ്യാനത്തിന് അപ്പസ്തോലപ്രവർത്തനങ്ങളുടെ കൂട്ടുപിടിക്കുകയെന്നത് അത്യന്താപേക്ഷിതമാണ്. പുതിയ നിയമത്തിന്റെ നാലിലൊന്നുണ്ട് ലൂക്കായുടെ രണ്ടു വാല്യങ്ങളുള്ള "വിവരണം." അതാണ് പുതിയനിയമത്തിലെ ഏറ്റവും വലിയ ഒറ്റകൃതി.

### ഗ്രന്ഥകാരൻ

ഫിലെ 24; കൊളോ 4:14; 2 തിമോ 4:11 എന്നിവിടങ്ങളിൽ പരാമർശിക്കുന്ന ലൂക്കായല്ല ലൂക്കായുടെ "വിവരണ"ത്തിന്റെ രചയിതാവ് എന്ന് അഭിപ്രായപ്പെടുന്ന ആധുനിക വ്യാഖ്യാതാക്കളുണ്ട്. ഈ അഭിപ്രായത്തോട് നമുക്ക് പൂർണ്ണമായും യോജിക്കാനാകില്ല. പുതിയ നിയമത്തിലെ മൂന്നാമത്തെ സുവിശേഷത്തിന്റെയും അപ്പസ്തോലപ്രവർത്തനങ്ങളുടെയും രചയിതാവായ ലൂക്കായെക്കുറിച്ച് ആദിമുതലുള്ള സഭാപാരമ്പര്യം സാഹിത്യനിരൂപണത്തിന്റെ നിഗമനം മാത്രം അടിസ്ഥാനപ്പെടുത്തി തള്ളിക്കളയാവുന്നതല്ല. ഫിലെ 24; കൊളോ 4:14; 2 തിമോ 4:11 എന്നീ ലേഖനഭാഗങ്ങൾ പേരുൾപ്പടെ പരാമർശിച്ച് ലൂക്കാ പൗലോസിന്റെ സഹപ്രവർത്തകനായിരുന്നു എന്ന ധാരണ പകരുന്നു. ഈ ധാരണ അപ്പ 16:10-17; 20:5-16; 21:1-18 എന്നിവിടങ്ങളിലെ "ഞങ്ങൾ" യാത്രാവിവരണങ്ങളോട് ഒത്തുപോകുന്നതായി പുറമേ തോന്നും. "ഞങ്ങൾ" യാത്രാവിവരണങ്ങളനുസരിച്ച് ലൂക്കാ പൗലോസിന്റെകൂടെ പ്രേഷിതയാത്രകൾ ചെയ്തിട്ടുണ്ട്. അത് മുഖവിലയ്ക്ക് എടുക്കേണ്ടതില്ലെങ്കിലും, "ഞങ്ങൾ" യാത്രാവിവരണങ്ങൾ ചരിത്രപരമായ അടിസ്ഥാനത്തിന്റെ കണികപോലുമില്ലാത്ത കേവലം സാഹിത്യസൃഷ്ടി മാത്രമായി കരുതാവുന്നതല്ല. ലൂക്കാ കുറെക്കാലമെങ്കിലും പൗലോസിന്റെ സഹയാത്രികനായിരുന്നു എന്ന ധാരണയും, പൗലോസിനൊപ്പം ലൂക്കാ കാരാഗൃഹവാസം അനുഭവിച്ചിട്ടുണ്ടെന്ന പാരമ്പര്യവും ഒന്നാം നൂറ്റാണ്ടിലുണ്ട് (1 തിമോ 4:11; രചനാകാലം ഒന്നാം നൂറ്റാണ്ട് അവസാനം). ലൂക്കായുൾപ്പെടെ ചിലർ സംഘമായി തന്നോടൊപ്പം യാത്ര ചെയ്തിരുന്നത് പൗലോസ്തന്നെ സൂചിപ്പിക്കുന്നു (ഫിലെ 23-24). ഫിലെമോനുള്ള ലേഖനം എഴുതപ്പെട്ടത് ക്രി.വ. 61-63ൽ പൗലോസ് റോമിൽ കാരാഗൃഹത്തിലായിരുന്നപ്പോൾ എന്നാണല്ലോ പണ്ഡിതമതം. ലൂക്കാ തന്നോടൊപ്പം കാരാഗൃഹത്തിലുണ്ടെന്നുള്ള സൂചനയൊന്നും പൗലോസ് ഫിലെ 23-24 ൽ നൽകുന്നില്ല. "സഹപ്രവർത്തകരി"ലാണ് ഫിലെ 24 ൽ പൗലോസ് ലൂക്കായെ ഉൾപ്പെടുത്തിയിട്ടുള്ളത്. റോമിലേക്കുള്ള യാത്രയിലോ റോമിൽവെച്ചോ ലൂക്കാ പൗലോസിന്റെകൂടെ പ്രവർത്തിച്ചെന്നു കരുതാം. പൗലോസ് അന്ത്യോക്യയിൽ പ്രവർത്തനമാരംഭിച്ചപ്പോൾ ലൂക്കായും പൗലോസും തമ്മിൽ ബന്ധപ്പെട്ടതായി പൗലോസോ ലൂക്കായോ സൂചിപ്പിച്ചിട്ടില്ല (അപ്പ 13:14 മുതൽ ശ്രദ്ധിക്കുക).

ക്രിസ്തുവിന്റെ ഒരു വീരപുരുഷന്റെ രൂപം ലൂക്കാ പൗലോസിനു നല്കിയിട്ടുണ്ട്. ആദിസഭയുടെ പ്രേഷിതചരിത്രത്തിലും സഭയുടെ വളർച്ചയിലും പൗലോസ് നിർവഹിച്ച പങ്ക് ലൂക്കാ അന്നേ മനസ്സിലാക്കിയിരുന്നു.





പത്രോസിന്റെ പ്രേഷിതപ്രവർത്തനത്തിനു സമാന്തരമായും തുടർച്ചയായും പൂർണതയായും പൗലോസിന്റെ പ്രേഷിത പ്രവർത്തനം ലൂക്കാ അവതരിപ്പിക്കുന്നു. എന്നാൽ, "അപ്പസ്തോലൻ" (ശ്ലീഹാ) എന്ന പ്രത്യേകസ്ഥാനം ലൂക്കാ പൗലോസിനു നൽകിയിട്ടില്ല.

പൗലോസിന്റെ ലേഖനങ്ങളോടു നേരിയ പരിചയത്തിന്റെപോലും സൂചന ലൂക്കാ നല്കുന്നില്ല. ലൂക്കാ പൗലോസിന്റെ കൂടെ പ്രവർത്തിച്ചതിനു മുമ്പെഴുതിയ കത്തുകളോ അവ കൈകാര്യം ചെയ്യുന്ന ദൈവശാസ്ത്രവിഷയങ്ങളോ ലൂക്കായ്ക്ക് പരിചയമില്ല. പൗലോസ് എഴുതിയിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായി ചരിത്രപരമായ സംഭവങ്ങൾപോലും ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട്. പൗലോസിന്റെ അനേകം ജീവിതസംഭവങ്ങളും ലൂക്കായുടെ അറിവിൽപ്പെട്ടതായി തോന്നുന്നില്ല. പൗലോസിന്റെയും ലൂക്കായുടെയും ദൈവശാസ്ത്രങ്ങൾ തമ്മിൽ വിശദാംശങ്ങളിലും ചില അടിസ്ഥാന നിലപാടുകളിലും വ്യക്തമായ വ്യത്യാസങ്ങളുണ്ട്. എങ്കിലും, പൗലോസിന്റെ പ്രധാന ദൈവശാസ്ത്രവിചാരങ്ങളിൽ ചിലതിനോടു സമാനമായവ ലൂക്കായുടെ "വിവരണ"ത്തിലുണ്ട്. അവയുടെ സമാനത ഉപരിതലത്തിൽ ഒതുങ്ങുന്നു. ഈ സമാനതതന്നെ ലൂക്കായ്ക്ക് സിറിയായിലെ അന്ത്യോക്യയിലെ ലേഖനങ്ങളിൽ പ്രതിഫലിക്കുന്ന വികസിതമായ ദൈവശാസ്ത്രവഴികൾ ലൂക്കായെ സ്വാധീനിച്ചതായി കാണുന്നില്ല. ക്രിസ്തുസുവിശേഷവും അതിന്റെ വളർച്ചയും അവതരിപ്പിക്കാൻ ലൂക്കാ തനതായ പാത സ്വീകരിച്ചു. പൗലോസിന്റെ ഭാഷയും ശൈലിയും വിചാരങ്ങളും ഉപയോഗിച്ചില്ല.

### ലൂക്കാ: ജന്മനാ വിജാതീയൻ

ക്രിസ്തീയവിശ്വാസം സ്വീകരിച്ച വിജാതീയ ശിഷ്യരുടെ കൂട്ടത്തിലാണ് കൊളോ 4:10-14ൽ ലൂക്കായുടെ പേര്. ലൂക്കാ യവനവിദ്യാഭ്യാസം ലഭിച്ച വിജാതീയ ക്രിസ്ത്യാനിയായിരുന്നു. ക്രിസ്ത്യാനിയാകുന്നതിനു മുമ്പ് ലൂക്കാ, ജായ്റോസിനെയും (ലൂക്കാ 7:1-10) കൊർണേലിയൂസിനെയുംപോലെ (അപ്പ 10), 'ദൈവഭക്തനായ' വിജാതീയനായിരുന്നിരിക്കാനും സാധ്യതയുണ്ട്. പഴയനിയമത്തോടും (യഹൂദരുടെ തിരുഗ്രന്ഥത്തോടും) യഹൂദപാരമ്പര്യങ്ങളോടും ലൂക്കായ്ക്ക് ഉറ്റ പരിചയവും ആദരവും ഉണ്ട് (ഉദാ: 4:16; 24:25-27, 44-47, 53). ജറുസലേമിനു യഹൂദർ നല്കിയിരുന്ന പ്രാധാന്യം യേശുക്രിസ്തുവിൽ പൂർത്തിയാക്കപ്പെടുകയും അതിനെക്കുറിച്ചുള്ള മൗലികവും വിശാലവുമായ ഉദ്ദേശ്യപ്രാപ്തിക്കുള്ള തുടക്കസ്ഥാനം ആക്കപ്പെടുകയും ചെയ്തെന്നും ലൂക്കാ സ്ഥാപിക്കുന്നു. ശേമ്യാചാരങ്ങളെക്കുറിച്ചുള്ള തർക്കങ്ങളും ശേമ്യപദങ്ങളും ഒഴിവാക്കാൻ ലൂക്കാ അതീവം ശ്രദ്ധിക്കുന്നു. ഈ വസ്തുതകളുടെ വെളിച്ചത്തിൽ ലൂക്കാ ആദ്യം യഹൂദനായശേഷം ക്രിസ്ത്യാനിയായെന്നോ, യവനപട്ടണത്തിൽ ജനിച്ച യഹൂദനായിരുന്നെന്നോ അഭിപ്രായപ്പെട്ടിട്ടുള്ള വ്യാഖ്യാതാക്കളുമുണ്ട് എന്ന കാര്യവും അനുവാചകരുടെ അറിവിനുവേണ്ടി ഇവിടെ കുറിക്കുന്നു.

ലൂക്കായുടെ ജന്മനഗരം സിറിയായിലെ അന്തോക്യയായിരിക്കണം. മറ്റേതൊരു പട്ടണത്തിലെ സഭയുടെ കാര്യങ്ങളിലോ സഭയിൽപ്പെട്ടവരെക്കുറിച്ചോ പ്രകടിപ്പിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ താത്പര്യം സിറി

യായിലെ അന്ത്യോക്യയിലെ സഭയെയും സഭയിൽപ്പെട്ടവരെയുംകുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങളിൽ സ്പഷ്ടമാണ്. (അന്ത്യോക്യാസഭയെക്കുറിച്ച്: 11:25; 13:1–3; 14:21–28: 16:5; 11:25; 13:2; അന്ത്യോക്യാസഭയിൽപ്പെട്ട വ്യക്തികളെക്കുറിച്ച്: 6:5; 9:27; 11:22–30; 12:25–15:4; 15:12, 22,25,36–39; 13:10). പൗലോസിന്റെ പ്രേഷിതയാത്രകൾ അന്ത്യോക്യയിൽനിന്ന് ആരംഭിച്ച് അന്ത്യോക്യയിൽ തിരിച്ചെത്തുന്നതും ശ്രദ്ധാർഹമാണ്. ജറുസലേമിന്റെ പതനത്തിനു (ക്രി.വ.70) മുമ്പുതന്നെ അന്ത്യോക്യാസഭ റോമൻ സാമ്രാജ്യത്തിലെ വിജാതീയ പട്ടണങ്ങളിലെ പ്രേഷിതപ്രവർത്തനത്തിന്റെ കേന്ദ്രമായിക്കഴിഞ്ഞിരുന്നെന്നു ലൂക്കാ വ്യക്തമായി സൂചിപ്പിക്കുന്നു. കാലാന്തരത്തിൽ അന്ത്യോക്യയിലെസഭയിൽ വികസിച്ച ആരാധനാപാരമ്പര്യത്തിന്റെ ചില ഘടകങ്ങൾ ലൂക്കായുടെ "വിവരണ"ത്തിൽ കാണാനുണ്ട്. അവ ലൂക്കായുടെ കാലത്തിൽതന്നെ അന്ത്യോക്യയിലെ സഭയുടെ ആരാധനാപാരമ്പര്യത്തിൽ നിലവിലിരുന്നവയാണ്. ലൂക്കായുടെ "വിവരണ"ത്തിലുള്ള അവയുടെ സാന്നിദ്ധ്യവും ലൂക്കാ അന്ത്യോക്യയിലെ സഭയിലെ അംഗമായിരുന്നെന്ന് സ്ഥിരീകരിക്കുന്നു. ലൂക്കായെ പരാമർശിക്കുന്ന പല ആദികാലരേഖകളും ലൂക്കാ അന്ത്യോക്യയിൽനിന്നുള്ളവൻ ആയിരുന്നെന്നു വ്യക്തമായി പറയുന്നുണ്ട്. ലൂക്കാ അന്ത്യോക്യക്കാരനായിരുന്നു എന്ന പരമ്പരാഗത ധാരണ ഖണ്ഡിക്കത്തക്ക തെളിവുകളൊന്നും ലഭ്യമായിട്ടില്ല. ലൂക്കാ മാത്രമാണ് പുതിയനിയമഗ്രന്ഥകാരന്മാരിൽ വിജാതീയ ക്രിസ്ത്യാനി.

ലൂക്കാ ഭിഷഗ്വരനായിരുന്നെന്നു കൊളോ 4:14 പരാമർശിക്കുന്നെങ്കിലും അക്കാര്യം സ്ഥിരീകരിക്കാൻ മതിയായ തെളിവ് ലൂക്കായുടെ രചനയിലില്ല. ലൂക്കാ സമർത്ഥനായൊരു ആധ്യാത്മിക ഭിഷഗ്വരനായിരുന്നു. അദ്ദേഹം ആദിമസഭയിലെ സംസ്കാരസമ്പന്നനും ഉന്നതനുമായ ഒരംഗമായിരുന്നു എന്നതിനു സംശയമില്ല. യഹൂദരുടെ ദേശം (യേശുവിന്റെ കാലത്തെ പലസ്തീന) മുഴുവനും സഭ വളർന്നതിന്റെ, ചരിത്രം, ലോകചരിത്രവുമായി കൂട്ടിയിണക്കി ആദ്യമായി എഴുതിയ ചരിത്രകാരനാണ് ലൂക്കാ. അദ്ദേഹം കേവലം ചരിത്രകാരൻ എന്നതിനേക്കാൾ നലംതികഞ്ഞ ദൈവശാസ്ത്രജ്ഞനാണ്. തന്റെ "വിവരണ"ത്തിൽ യേശുവിന്റെ അമ്മയായ മറിയത്തിന്റെ ഏറ്റവും അർത്ഥസമ്പുഷ്ടവും മനോജ്ഞവുമായ ചിത്രം അക്ഷരങ്ങളിൽ ലൂക്കാ വരച്ചിട്ടുണ്ട്. കൂടാതെ, അവളുടെ നിരവധി വ്യത്യസ്ത ഐക്കണുകൾ, വരകളും നിറങ്ങളുംകൊണ്ടും എഴുതിയിട്ടുണ്ട്. റോമിലെ സെന്റ് മേരീസ് മേജർ ബസിലിക്കായിൽ സൂക്ഷിച്ചിട്ടുള്ള 'റോമിലെ ജനത്തിന്റെ രക്ഷ' എന്ന പേരിലുള്ള പരിശുദ്ധ മറിയത്തിന്റെ ഐക്കൺ, 'വാത്സല്യത്തിന്റെ അമ്മ' എന്നപേരിലുള്ള അവളുടെ ഐക്കൺ എന്നിവ ലോകപ്രസിദ്ധങ്ങളാണ്.

ക്രി.വ. 63ൽ പൗലോസിന്റെ രക്തസാക്ഷിത്വത്തിനുശേഷം ലൂക്കാ മെഡിറ്ററേനിയൻ പ്രദേശങ്ങളിലുടനീളം സുവിശേഷം പ്രഘോഷിച്ചുവെന്നും അവസാനം രക്തസാക്ഷിത്വംവരിച്ചെന്നും കരുതപ്പെടുന്നു. ഇതെപ്പറ്റി വ്യക്തമായ പാരമ്പര്യരേഖകൾ ലഭ്യമായിട്ടില്ല.





## ഗ്രീക്കുഭാഷാനിപുണൻ

ഗ്രീക്കുഭാഷയിലാണ് ലൂക്കാ "വിവരണം" എഴുതിയത്. ആളും തരവും സന്ദർഭവും കണ്ടു ഭാഷപ്രയോഗിക്കുന്ന രചയിതാവാണ് ലൂക്കാ. അതായത്, "വിവരണ"ത്തിലെ സന്ദർഭങ്ങൾക്കും ഓരോ സന്ദർഭത്തിലെയും അനുവാചകർക്കും യുക്തമായ ഭാഷാശൈലി സ്വീകരിച്ചിട്ടുള്ള എഴുത്തുകാരൻ. ലൂക്കായുടെ "വിവരണ"ത്തിന്റെ ആദ്യത്തെ ആമുഖപ്രസ്താവനയുടേത് (ലൂക്കാ 1:1–4) രചയിതാവായ ലൂക്കായുടെ സ്വന്തം ഭാഷയാണ്. അത് ക്ലാസിക്കൽ ഗ്രീക്കിലാണ്. അതുപോലെ പൗലോസ് ആഥൻസിലെ സ്റ്റോയിക്, എപ്പിക്കൂരിയൻ തത്വശാസ്ത്രജ്ഞന്മാരോടു ക്രിസ്തുസുവിശേഷം പ്രസംഗിച്ചത് എഴുതിയിട്ടുള്ളത് ആറ്റിക് ഗ്രീക്കിലാണ് (അപ്പ 17:22–34). യേശുവിന്റെയും പത്രോസിന്റെയും പൗലോസിന്റെയും ഉദ്ഘാടനപ്രസംഗങ്ങളും (യഥാക്രമം ലൂക്കാ 4:18–27; അപ്പ 1:1–12 എന്നീ ഭാഗങ്ങളും ഗ്രീക്കുപഴയനിയമത്തിന്റെ (സപ്തതിബൈബിളിന്റെ: LXX) സെമിറ്റിക് ശൈലി കലർന്ന ഗ്രീക്ക് ഉപയോഗിച്ചിട്ടുള്ളതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. ലൂക്കാ 5:3–24:53 സാഹിത്യപരമായി മെച്ചമായ കൊയിനെ (വ്യവഹാര) ഗ്രീക്കിലാണ് എഴുതിയിട്ടുള്ളത്. വിവരിക്കുന്ന സംഭവങ്ങളുടെ സജീവത്വം നിലനിർത്താൻ വർത്തമാനകാലശൈലിയും, വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഭാഷണങ്ങളിൽ പ്രഭാഷകന്മാർ ശ്രോതാക്കളെ നേരേ അഭിസംബോധന ചെയ്യുന്നരീതിയും സ്വീകരിക്കുന്നതിൽ ലൂക്കാ പ്രത്യേകം തത്പരനാണ്. വിജാതീയ പ്രദേശങ്ങളിലെ സുവിശേഷ പ്രവർത്തനം വിവരിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്കിന് യവന ചുവയുണ്ടെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. സ്രോതസ്സുകളെ അധികം ആശ്രയിക്കാതെ എഴുതിയതിനാലാകാം, അപ്പസ്തോലപ്രവർത്തനങ്ങളിൽ ലൂക്കായുടെ സാഹിതീയസിദ്ധി കൂടുതൽ പ്രകടമാണ്. അതുപോലെതന്നെ ലൂക്കായുടെ സുവിശേഷത്തിൽ മാത്രമുള്ള ഭാഗങ്ങളിലും, ഗ്രീക്കു പ്രഭാഷണകലയുടെ ഘടകങ്ങളും സപ്തതിയിലെ പ്രഭാഷണശൈലിയും ദൃശ്യമാണ്.

## ലൂക്കാ: വേദപണ്ഡിതനും സമർത്ഥനായ വേദവ്യാഖ്യാതാവും:

പഴയനിയമം എന്ന് ക്രിസ്തീയ സഭ വിളിക്കുന്ന ഗ്രന്ഥസമുച്ചയം മാത്രമായിരുന്നല്ലോ ആദ്യഘട്ടത്തിൽ സഭയുടെ വിശുദ്ധ ഗ്രന്ഥം. അത് യഹൂദരുടെ തിരുഗ്രന്ഥമായിരുന്നു. അതിന്റെ സപ്തതി (LXX) പതിപ്പായിരുന്നു യേശുക്രിസ്തുവിന്റെയും അപ്പസ്തോലന്മാരുടെയും പുതിയ നിയമ ഗ്രന്ഥകർത്താക്കളുടെയും (സഭയുടെ) വിശുദ്ധ ഗ്രന്ഥം (തിരുവെഴുത്ത്). അതു മുഴുവൻ വിശദമായും കാച്ചിക്കുറുക്കിയും ലൂക്കായ്ക്ക് അറിയാമെന്ന് അദ്ദേഹത്തിന്റെ രണ്ടു വാല്യങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ലൂക്കായുടെ പദസമ്പത്തിന്റെ പകുതി സപ്തതിയിൽനിന്നുള്ളതാണ്. തിരുഗ്രന്ഥത്തെ മുഴുവൻ പ്രവചനമെന്നു ലൂക്കാ കാണുന്നു (24:44). അതിന്റെ പൂർത്തീകരണചരിത്രമാണ് ലൂക്കാ എഴുതിയിട്ടുള്ളത്. പ്രവചനങ്ങൾകൊണ്ട് അതിരുതീർത്ത ഒരു ഘടന തന്റെ വിവരണത്തിന് ലൂക്കാ സ്വീകരിച്ചിട്ടുണ്ട് (ലൂക്കാ 3:4–6: ഏശ 40:3–5 11 അപ്പ 28:25–28; ഏശ 6:9–10;40:5).

പല തിരുഗ്രന്ഥഭാഗങ്ങൾ അധികരിച്ചും സമഞ്ജസമായി സമ്മേളിപ്പിച്ചും ഒരേ കാര്യം വ്യാഖ്യാനിച്ചു വർണിക്കാൻ ലൂക്കായ്ക്ക് പ്രത്യേക പ്രിയവും വൈദഗ്ധ്യവുമുണ്ട്. അദ്ദേഹത്തിന്റെ മൊസായിക് ശൈലി ഏറെ ആകർഷകമാണ്. ഏതാനും ഉദാഹരണങ്ങൾ: ലൂക്കാ 1:32-33ൽ യേശുവിന്റെ ഭരണം വർണിക്കാൻ ചുരുങ്ങിയ പക്ഷം 2 സാമു 7:12-16; ഏശ 9:6; 1 രാജ 1:31; സങ്കീ 45:7;72:17; ദാനി 2:4 എന്നീ വേദഭാഗങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. "സകല ജനവും ദൈവത്തിന്റെ രക്ഷകാണും" എന്ന ദൈവത്തിന്റെ വാഗ്ദാനം (ഏശ 40:5; ലൂക്ക 3:6) യേശുക്രിസ്തുവിൽ പൂർത്തിയായതിന്റെ അവശ്യഭാഗമാണ് ലോകാതിർത്തികളോളം വിജാതീയർക്ക് ക്രിസ്തു സാക്ഷ്യം, ദൈവത്തിൽ നിന്നുള്ള രക്ഷ, രക്ഷയുടെ വചനം, എന്നിവ നല്കപ്പെട്ടത്. ഈ വസ്തുത വ്യവസ്ഥാപിതമായി ആവിഷ്കരിക്കാൻ ലൂക്കാ അനേകം തിരുഗ്രന്ഥഭാഗങ്ങൾ (പ്രവചനങ്ങൾ) അവലംബിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും തെളിഞ്ഞുനിൽക്കുന്ന കുറേ വേദഭാഗങ്ങൾ മാത്രം ഇവിടെ ശ്രദ്ധയിൽപ്പെടുത്തട്ടെ: ലൂക്കാ 2:31-32 (ഏശ 40:5; 42:6; 46:13; 49:6), ലൂക്കാ 3:4-6 (ഏശ 40:3-5), ലൂക്കാ 4:25-26 (1 രാജ 17:1,8-16); ലൂക്കാ 4:27 (2 രാജ 5:1-14); അപ്പ 1:8 (ഏശ 49:6); അപ്പ 3:25 (ഉത്പ 1:24;7:14;8:19; ലേവ്യ 10:10;11; നിയമ 12:15-16;14:3-21), അപ്പ 13:47 (ഏശ 42:6; 49:6), അപ്പ 15:16-18 (ആമോ 9:11-12); അപ്പ 28:26-27 (ഏശ 6:9-10), അപ്പ 28:28 (ഏശ 40:5). യേശുക്രിസ്തുവിന്റെ ഉയിർപ്പ് - ആരോഹണം ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണെന്നു വ്യക്തമാക്കാൻ അപ്പ 2ലും 13ലും അനേകം പാഠഭേദങ്ങളുണ്ട്. ലൂക്കാ പലപ്പോഴും വേദഭാഗങ്ങൾ അതേപടി ഉദ്ധരിക്കാതെ സംശോധനം ചെയ്താണ് ചേർത്തിട്ടുള്ളത്.

തിരുഗ്രന്ഥം സാക്ഷ്യപ്പെടുത്തിയിട്ടുള്ള ദൈവപദ്ധതിപ്രകാരം "നമ്മുടെയിടയിൽ സംഭവങ്ങൾ നിറവേറി" എന്നാണ് ലൂക്കാ രചനയിൽ സ്ഥാപിക്കുന്നത്. അദൃശ്യനായ ദൈവമാണ് ലൂക്കായുടെ വിവരണത്തിലെ മുഖ്യ കഥാപാത്രം. ദൈവപദ്ധതിയോടു സഹകരിക്കണമെന്ന സന്ദേശവും ലൂക്കാ അനുവാചകർക്കു നൽകുന്നു. നമ്മുടെയിടയിൽ യേശുക്രിസ്തുവിൽ നിറവേറിയ സംഭവങ്ങളെപ്പറ്റി പറയുന്ന കാര്യങ്ങളുടെ സത്യാവസ്ഥ നിർണയിക്കാൻ "വിശുദ്ധ ഗ്രന്ഥങ്ങൾ (തിരുവെഴുത്ത്) പരിശോധിക്കുക" എന്നും (അപ്പ 17:11;18:28), ബൈബിൾ വ്യാഖ്യാനം ശരിയോ എന്നു നിർണയിക്കാൻ ബൈബിൾ ഒത്തുനോക്കുക എന്നുമാണ് ലൂക്കായുടെ ഉറച്ച നിലപാട്.

## രചനാകാലവും സ്ഥലവും

മർക്കോസിന്റെ സുവിശേഷവും മത്തായിക്കും ലൂക്കാക്കും പൊതു സ്രോതസ്സായ 'ക്യു' സമാഹാരവും ലൂക്കാ സുവിശേഷമെഴുതാൻ പ്രയോജനപ്പെടുത്തിയിട്ടുള്ളതിനാൽ അവയ്ക്കുശേഷം ലൂക്കായുടെ സുവിശേഷം എഴുതിയെന്നു തീർച്ച. 'ക്യു' സമാഹാരത്തിനുശേഷമെന്നു പറയുമ്പോൾ മത്തായിയുടെ സുവിശേഷത്തിനു ശേഷമെന്നില്ല. ജറുസലേം ദേവാലയത്തിന്റെ നാശവും (13:35; 19:41-44;21:24) പൗലോസിന്റെ വധവും (അപ്പ 20:25,38;21:13) ലൂക്കായ്ക്ക് അറിയാമായിരുന്നെന്നതിന്റെ സൂചനകൾ "വിവരണ"ത്തിലുണ്ട്. അതിൽ കർത്താവിന്റെ പുനരാഗമനം ഉടനുണ്ടാകുമെന്ന അമിത പ്രതീക്ഷ ക്രിസ്ത്യാനികളിൽനിന്ന് മാറിത്തുടങ്ങിയ കാലഘട്ടത്തിന്റെ സൂചനകളുമുണ്ട്. ക്രി.വ.81-96 ൽ ഡൊമീഷ്യൻ ചക്രവർത്തി ക്രിസ്ത്യാനികൾക്കെതിരേ അഴിച്ചുവിട്ട മതമർദ്ദനത്തിന്റെ സൂചനകൾപോലും ലൂക്കാ നൽകുന്നില്ല. യഹൂദമതനേതൃത്വത്തിന്റെ ഭാഗത്തുനിന്നു ക്രിസ്ത്യാനികൾ നേരിട്ട പീഡനങ്ങളേ ലൂക്കാ രേഖപ്പെടുത്തിയിട്ടുള്ളൂ. ഈ കാലസൂചനകളുടെ വെളിച്ചത്തിൽ 70-75 (80) കാലഘട്ടത്തിൽ ലൂക്കായുടെ സുവിശേഷം രചിക്കപ്പെട്ടെന്നു കരുതാം.

ലൂക്കായുടെ സുവിശേഷത്തിന്റെ രചനാസ്ഥലങ്ങളായി ഈജിപ്ത്, അന്ത്യോക്യ, അക്കെയ്ദാ, റോമാ, എഫേസൂസ്, മാസിഡോണിയ, കേസറിയാ, ഗ്രീക്കു ദ്വീപുകൾ, ഏഷ്യാമൈനർ എന്നിങ്ങനെ വിവിധയിടങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. റോമിൽ രചിക്കപ്പെട്ടെന്ന് 1 ക്ലെമന്റ് 5:42ലെ പരാമർശങ്ങൾ സൂചിപ്പിക്കുന്നു. സിറിയായിലെ അന്ത്യോക്യയിൽ രചിക്കപ്പെട്ട മത്തായിയുടെയും യോഹന്നാന്റെയും സുവിശേഷങ്ങളോടുള്ള സാമ്യങ്ങളും, ലൂക്കാ അന്ത്യോക്യാക്കാരനായിരുന്നു എന്ന വസ്തുതയും പരിഗണിക്കുമ്പോൾ അന്ത്യോക്യ രചനാസ്ഥലമാകാൻ ഏറെ സാധ്യതയുണ്ട്.

## പ്രഥമ അനുവാചകർ

"തെയോഫിലൊസ്" എന്ന പേര് പ്രതിനിധീഭവിക്കുന്ന പ്രഥമ അനുവാചകരെയും ലൂക്കാ "വിവരണം" എഴുതുന്നതിന്റെ ഉദ്ദേശ്യവും 1:1-4ന്റെ വ്യാഖ്യാനത്തിൽ വിശദമാക്കുന്നതാണ്. വിജാതീയരിൽനിന്നു മാനസാന്തരപ്പെട്ടു ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവർക്കു ഭൂരിപക്ഷമുള്ള ഒരു സമൂഹമാണ് ലൂക്കായുടെ പ്രഥമ അനുവാചകർ. അതിശക്തമായ വിജാതീയാഭിമുഖ്യം ലൂക്കായുടെ "വിവരണ"ത്തിൽ പ്രകടമാണ്. വിജാതീയരെ ദൈവജനത്തിൽ ഉൾപ്പെടുത്തി ഇസ്രായേലിനെ പുനരുദ്ധരിക്കുകയെന്ന ദൈവപദ്ധതി യേശുക്രിസ്തുവിൽ നിറവേറ്റിയെന്ന് യഹൂദരുടെ തിരുഗ്രന്ഥം (പഴയനിയമം) അധികരിച്ചു സമർത്ഥിക്കുന്നതിൽ ലൂക്കാ പുതിയനിയമഗ്രന്ഥകാരന്മാരിൽ ഏറ്റവും മുമ്പിൽ നിൽക്കുന്നു. അതേസമയം സഭയുടെ യഹൂദയടിസ്ഥാനമുൾപ്പെടെ സ്ഥിരീകരിച്ച് യഹൂദ ക്രൈസ്തവ ആഭിമുഖ്യം ഏറ്റവുമധികം സ്പഷ്ടമായി പ്രകടിപ്പിക്കുന്ന പുതിയനിയമഗ്രന്ഥകാരനും ലൂക്കായാണ്. യഹൂദപുരോഹിതന്മാരുൾപ്പെടെ അനേകായിരം യഹൂദർ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചെന്നും ലൂക്കാ ആവർത്തിച്ചു പറയുന്നുണ്ട് (അപ്പ 6:7; 2:41; 21:20). സമന്വയത്തിന്റെ സമീപനം ലൂക്കായുടെ "വിവരണ"ത്തിന്റെതന്നെ ഒരു സവിശേഷതയാണ്. ആദ്യം യഹൂദരും പിന്നെ വിജാതീയരും വീണ്ടും യഹൂദരും കർത്താവിന്റെ ഇസ്രായേലിനോടു ചേർക്കപ്പെടുകയെന്നത് ദൈവപദ്ധതിയാണ് (21:24).

## ലൂക്കായുടെ ക്രിസ്തുശാസ്ത്രം

ലൂക്കാ 3:6ലെ ഇതിവൃത്തസൂത്രവാക്യം പുതിയനിയമസുവിശേഷകന്മാരിൽ ലൂക്കായുടെ ക്രിസ്തുശാസ്ത്രത്തിന്റെ അനന്യതയുടെ അടയാളമാണ്. 'രക്ഷ' എന്നു പരിഭാഷപ്പെടുത്തിയിട്ടുള്ള സോറ്റേരിയൊസ് എന്ന

പദത്തിന് രക്ഷ എന്നും രക്ഷാവാഹകൻ എന്നും അർത്ഥമാകുന്നു. ഈ പദം എഫേ 6:17; തീത്തോ 2:11 എന്നിവിടങ്ങളൊഴിച്ചാൽ പുതിയനിയമത്തിൽ ലൂക്കായുടെ പദമാണ് (ലൂക്കാ 2:30;3:6; അപ്പ 28:28). 'രക്ഷ' എന്നു മാത്രം അർത്ഥമുള്ള സോറ്റേർ എന്ന അഭിധാനവും യോഹ 4:42 ഒഴിവാക്കിയാൽ സുവിശേഷകന്മാരിൽ ലൂക്കായുടേതുമാത്രമാണ് (2:11; അപ്പ 5:31;13:23). രക്ഷയും രക്ഷകനും യേശുക്രിസ്തുവാകുന്നു എന്ന് സോറ്റേരിയൊസ് എന്ന ഒരു പദത്തിൽ ലൂക്കാ അനുവാചകരെ ബോധ്യപ്പെടുത്തുന്നു. ഈ ക്രിസ്തുശാസ്ത്രം പുതിയനിയമത്തിൽ ലൂക്കായുടേതു മാത്രമാണ്. യേശുവാണ് വാഗ്ദാനം ചെയ്യപ്പെട്ട സോറ്റേരിയൊസ് എന്ന് ലൂക്കാ മാത്രമേ പുതിയനിയമത്തിൽ പറഞ്ഞിട്ടുള്ളൂ.

"നഷ്ടപ്പെട്ടുപോയതിനെ അന്വേഷിക്കാനും കണ്ടെത്താനുമാണ് മനുഷ്യപുത്രൻ വന്നിട്ടുള്ളത്" എന്ന യേശുവിന്റെ പ്രസ്താവനയിൽ (19:10) ലൂക്കായുടെ സുവിശേഷം മുഴുവൻ സംഗ്രഹിക്കാം. ലൂക്കായുടെ ക്രിസ്തുശാസ്ത്രം സ്പഷ്ടമായി രക്ഷാശാസ്ത്രപരമാണ്. യേശുവിന്റെ ജനനം മുതലേ 'രക്ഷകൻ' (സോറ്റേർ) എന്ന അഭിധാനം ക്രിസ്തു, കർത്താവ് എന്നീ അഭിധാനങ്ങളോടു ലൂക്കാ ചേർത്തിരിക്കുന്നു (2:11). കർത്താവ് എന്ന അഭിധാനം ലൂക്കാ സുവിശേഷത്തിൽത്തന്നെ എഴുപത്തൊമ്പതു പ്രാവശ്യം യേശുവിന് ഉപയോഗിച്ചിട്ടുണ്ട്. ഈ മൂന്ന് അഭിധാനങ്ങൾക്കും രാഷ്ട്രീയ, മതാത്മക പശ്ചാത്തലങ്ങളും മാനങ്ങളുമുണ്ട് (2:10-11ന്റെ വ്യാഖ്യാനം വിശദമാക്കും). ക്രിസ്തുവും കർത്താവും എന്ന നിലയിൽ അവൻ രക്ഷകനാണ്. യേശുവിന്റെ 'രക്ഷകൻ' (സോറ്റേർ) എന്ന അഭിധാനം ലൂക്കായുടെ വ്യതിരിക്തമായ ക്രിസ്തുശാസ്ത്രാഭിധാനമാണ്. അതിൽ യേശുവിന്റെ മനുഷ്യത്വവും മനസ്സലിവും മഹത്ത്വപൂർണമായ അസ്തിത്വത്തുടർച്ചയും സംക്ഷേപിച്ചിട്ടുണ്ട്. ഉത്ഥിതാവസ്ഥയിലും (മഹത്വീകൃതാവസ്ഥയിലും) അവൻ രക്ഷകനാണ് (അപ്പ 2:36;5:31) ലൂക്കായുടെ "വിവരണ"ത്തിൽ യേശുവിന്റെ സഹനവും മരണവും അവന്റെ ഉയിർപ്പിലേക്കും മഹത്വത്തിലേക്കും ഉന്മുഖമാണ്. കർത്താവായ യേശു സഭയോടൊത്തു സന്നിഹിതനാണ്.

യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനും പൂരിതനുമായ ക്രിസ്തുവാണ്. "പരിശുദ്ധാത്മാവിനാൽ നിറഞ്ഞ" എന്ന് ലൂക്കാ മാത്രമേ യേശുവിനെ വർണിക്കുന്നുള്ളൂ. യേശുവിന്റെ ജനനം പരിശുദ്ധാത്മാവിന്റെ രണ്ടിനം പ്രവർത്തനവും (1:35) വചനവും (1:37, 38) ഒത്തുപ്രവർത്തിച്ചതിന്റെ ഫലമാണ്. യേശു ഭൗമികാവസ്ഥയിലും മഹത്ത്വീകൃതാവസ്ഥയിലും പരിശുദ്ധാത്മാവിനോടു ബന്ധപ്പെട്ടിരിക്കുന്നു. റൂഹാത്മക ക്രിസ്തുശാസ്ത്രമാണ് ലൂക്കായുടേത്.

## മറ്റുചില അനുബന്ധപ്രമേയങ്ങൾ

ലൂക്കായുടെ "വിവരണ"ത്തിൽ അതിന്റെ ഇതിവൃത്തവികാസത്തിന് അനുസൃതവും സഹായകവുമായി സജീവമായ ഒട്ടേറെ പ്രമേയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലത് ചൂണ്ടിക്കാട്ടുകയും, ശിഷ്യത്വത്തെക്കുറിച്ചുള്ള ലൂക്കായുടെ വിചാരത്തിന്റെ പ്രത്യേകതയും, സകല





ജഡത്തിനുമുള്ള രക്ഷയുടെ (സാർവത്രിക രക്ഷയുടെ) ഏതാനും മാനങ്ങളും സൂചിപ്പിക്കുകയും ചെയ്യാനേ ഇവിടെ നമുക്കു സാധിക്കൂ.

**ശിഷ്യത്വം:** ലൂക്കാ സുവിശേഷത്തിലെ ശിഷ്യത്വവിചാരത്തിന്റെ എല്ലാം ഉപേക്ഷിക്കുക, "അനുദിനം" സ്വന്തം കുരിശെടുത്ത് യേശുവിനെ അനുഗമിക്കുക, ദൈവവചനം കേൾക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നീ മൂന്നു മാനങ്ങൾക്ക് അന്യാദൃശ്യമായ ഊന്നൽ നൽകുന്നു. "അനുദിനം" എന്ന പ്രത്യേകതയും വചനശ്രവണവും പ്രാവർത്തികമാക്കലും ശിഷ്യത്വവ്യവസ്ഥകളായി യേശു പറയുന്നത് ലൂക്കാ മാത്രമേ എഴുതിയിട്ടുള്ളൂ. അപ്പ.പ്രവർത്തനത്തിൽ ക്രിസ്തുശിഷ്യർ 'മാർഗവാസികൾ'/മാർഗത്തിൽപ്പെട്ടവർ (അപ്പ 9:2) എന്നും, അവരുടെ ക്രിസ്തുവിശ്വാസവും (19:23;24:12-14) സംഘവും (സഭയും: അപ്പ 22:4) 'മാർഗം' എന്നും വിളിക്കപ്പെടും. അവർ വചനശുശ്രൂഷ ചെയ്തും യേശുക്രിസ്തുവിനെപ്രതി പീഡകളേറ്റും അവനു സാക്ഷികളാകും. വചനം ശ്രവിക്കുകയും ഹൃദയത്തിൽ സംഗ്രഹിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിന്റെ മാതൃകയായി ലൂക്കാ യേശുവിന്റെ അമ്മയെ ചൂണ്ടിക്കാട്ടുന്നു (ലൂക്കാ 8:19-21; 11:27-28; 1:46-56;2:19,51). അവൾ കർത്താവിന്റെ വചനം പൂർണമനസ്സോടെ സ്വീകരിച്ച് (1:38) ദൈവപുത്രനും പരിശുദ്ധനുമായവനെ പരിശുദ്ധാത്മപ്രവർത്തനത്താൽ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്ത് (1:35) ലോകത്തിനു വിരുന്നു നല്കി (2:6-7). അങ്ങനെ അവൾ കർത്തൃദാസിയുടെയും (1:30) കർത്തൃമാതാവിന്റെയും (1:43) ക്രിസ്തുശിഷ്യയുടെയും (ലൂക്കാ 8:19-21;11:27-28) ദൗത്യങ്ങൾ പൂർണമായി നിറവേറ്റി. സ്ത്രീകളിൽ അനുഗൃഹീതയും (1:42) ക്രിസ്തുവാഹകയുമായ അവളുടെ സ്വരംതന്നെ നീതിനിഷ്ഠരെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നതാണ് (1:41).

**സാർവത്രിക രക്ഷ:** ദൈവത്തിൽനിന്നുള്ള രക്ഷ മനുഷ്യകുലത്തിലെ എല്ലാ വിഭാഗങ്ങളിൽനിന്നും അവിടുന്നു പ്രസാദിക്കുന്ന സകലർക്കും യേശുവിൽ ലഭ്യമാണ്. ജാതീയമോ മതപരമോ ലിംഗപരമോ സാമ്പത്തികമോ സാമൂഹികമോ ആയ വേർതിരിവില്ലാതെ എല്ലാവർക്കും ലഭ്യമാണ്. ദരിദ്രവിഭാഗങ്ങളോടുള്ള ദൈവത്തിന്റെ മനസ്സലിവും കരുതലും യേശുവിൽ വളരെ പ്രത്യേകമായി വെളിപ്പെട്ടു (4:18-30). സാമ്പത്തിക ദാരിദ്ര്യം അനുഭവിക്കുന്നവരെ മാത്രമല്ല ലൂക്കാ ദരിദ്രരായി പരിഗണിക്കുന്നത്. ദൈവത്തിൽ സമ്പന്നരാകാത്തവരും ദരിദ്രരാണ് (12:15). അവരുടെ ദാരിദ്ര്യം ഉച്ചാടനം ചെയ്യാനാണ് യേശു യത്നിച്ചത്. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നു ബഹിഷ്കൃതരായവരോടുള്ള ദൈവത്തിന്റെ പ്രത്യേക കരുതലും കരുണയും അവരുടെമേൽ യേശുവിലൂടെ സമൃദ്ധമായി ചൊരിയപ്പെട്ടു. അവരിൽ പിശാചുബാധിതരും (4:31-37) കുഷ്ഠരോഗികളും (5:12-16 "ചുങ്കക്കാരും പാപികളും" (5:27-32; 7:34; 15:1) സമരിയാക്കാരും/വിജാതീയരും (10:25-37;17: 11-19) സ്ത്രീകളും (4:38-41; 7:36-50; 8:1-3) ഉണ്ട്. നശ്വരമായ സമ്പത്തിൽ ആശ്രയിക്കാതെ സമ്പത്ത് ദൈവവചനമനുസരിച്ച് രക്ഷാകരമായി വിനിയോഗിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് സമ്പന്നർക്കും സമ്പത്തിനും രക്ഷാദൂത് നല്കി (12:13-21; 16:19-31;18:18-30;16:9). യേശു എല്ലാവർക്കും നല്ലവനായ ദൈവത്തെ കൊടുത്തു (6:35-36;18:18).

എല്ലാവർക്കും നല്ലവനായ ദൈവം യേശുവിൽ ദൈവപ്രസാദമുള്ള സകലർക്കും സംലഭ്യമായി. യേശു തന്നെത്തന്നെ എല്ലാവർക്കുംവേണ്ടി നല്കിയും (22:14–21), എല്ലാ കുറ്റക്കാരുടെയും പാപക്ഷമയ്ക്കുവേണ്ടിയുള്ള ബലിയായി തന്നെത്തന്നെ പിതാവിന് അർപ്പിച്ചു.

## സാഹിത്യരൂപങ്ങളിൽ ചിലത്

ലൂക്കാ "വിവരണം" ക്രിസ്തീയ രക്ഷാചരിത്രം എന്ന സാഹിത്യരൂപമാക്കി. അത് മറ്റനേകം സാഹിത്യരൂപങ്ങൾ കൊണ്ടു സമ്പുഷ്ടവും മനോഹരവും അനുവാചകർക്ക് ആവേശമേറ്റുന്നതുമാക്കി. അതിനുള്ളിലെ പ്രമുഖസാഹിത്യരൂപങ്ങൾ ഇവയാണ്: ആമുഖപ്രസ്താവന (ലൂക്കാ 1:1–4; അപ്പ 1:1–2/5), ജനനയരുളപ്പാട്, വിളിവിവരണം, ബാല്യകാലവിവരണം, ഗീതങ്ങൾ, പ്രവചനങ്ങൾ, ദർശനങ്ങൾ, പ്രഘോഷണം, വിരുന്നുവിവരണം, സംഗ്രഹക്കുറിപ്പുകൾ/വിവരണങ്ങൾ, പ്രഖ്യാപനകഥകൾ ഉപമകൾ, ജ്ഞാനോക്തികൾ, അത്ഭുതവിവരണം, യാത്രാവിവരണം.

## ആമുഖപ്രസ്താവന (1:1–4)

തന്റെ രചനയുടെ സാഹിത്യരൂപം, ഉള്ളടക്കം, ഇതിവൃത്തം (പ്ലോട്ട്), സ്രോതസ്സ്, രചനയ്ക്കു രചയിതാവിന്റെ സംഭാവന, രചനാരീതി, ലക്ഷ്യമായ അനുവാചകർ, രചനയുടെ ഉദ്ദേശ്യം എന്നിവ സൂചിപ്പിച്ചുള്ള ആരംഭം ലൂക്കായുടെ സുവിശേഷത്തിന്റെ ഒരു പ്രത്യേകതയാണ്. (ഇക്കാര്യങ്ങളുടെ വിശദാംശങ്ങൾ 1:1–4നുള്ള നമ്മുടെ വ്യാഖ്യാനത്തിലുണ്ട്).

## ചില സാഹിതീയവിദ്യകൾ

**ഘടനാപരമായ സമന്വയം:** ലൂക്കായുടെ ഇരുവാല്യവിവരണം പലതരം ഘടനകളാൽ സുബന്ധിതമാണ്. പ്രഭാഷണം – വിവരണം എന്നൊരു ഘടന യേശുവിന്റെ ശുശ്രൂഷയുടെ ഉദ്ഘാടനരംഗം മുതലുണ്ട്. സുവിശേഷത്തിൽ, യേശു വാക്കുകളിൽ ശുശ്രൂഷചെയ്തശേഷം പ്രവൃത്തികളിൽ ശുശ്രൂഷ ചെയ്യുന്നതായി ലൂക്കാ വിവരിക്കുന്നു (ഉദാ: 4:16–30; പ്രഭാഷണം 4:31–5:32; വിവരണം). വാക്കുകളിൽ അവതരിപ്പിച്ചവയുടെ നിറവേറലായി വിവരണത്തിൽ പരാമർശിക്കുന്നവ വർത്തിക്കുന്നു. പ്രവൃത്തികൾ യേശുവിന്റെ വചനങ്ങളുടെ വ്യാഖ്യാനവും സാക്ഷ്യപ്പെടുത്തലുകളുമാണ്.

വാഗ്ദാനം/പ്രവചനം – പൂർത്തീകരണം എന്നൊരു ഘടനയും "വിവരണ"ത്തിനു പൊതുവായുണ്ട് (ലൂക്കാ 3:6; ഏശ 40:5; "സകല ജഡവും ദൈവത്തിന്റെ രക്ഷ – സൊറ്റേരിയൊൻ – കാണും" (അപ്പ 28:28). ഈ വാഗ്ദാനം/പ്രവചനം – പൂർത്തീകരണത്തിന്റെ ചട്ടക്കൂടിനുള്ളിലാണ് ലൂക്കാ വിവരിക്കുന്ന രക്ഷാചരിത്രസംഭവങ്ങൾ നടന്നത്. ഇതിന് ആമുഖമായി ലൂക്കാ 1–3 അധ്യായങ്ങൾ പ്രവചന/വാഗ്ദാന-പൂർത്തീകരണങ്ങളാൽ നിറച്ചിരിക്കുന്നു. യേശുവിന്റെ പരസ്യശുശ്രൂഷാരംഭവും പ്രവചന-പൂർത്തീകരണങ്ങളാൽ പൂരിതമാണ് (ലൂക്കാ 4:16–30). അങ്ങനെതന്നെ പരസ്യശുശ്രൂഷയുടെ പര്യവസാനവും സഹനവും ഉയിർപ്പുമെല്ലാം. വാഗ്ദാന – പൂർത്തീകരണ ഘടനയിൽ 'ആദിമുതൽ' (= നിത്യത മുതൽ:





അപ്പ 3:21) മനുഷ്യപുത്രന്റെ മഹത്വപൂർണമായ ആഗമനംവരെ എന്നൊരു കാലഘടനയും അന്തർഭവിച്ചിട്ടുണ്ട്.

ലൂക്കായുടെ "വിവരണ"ത്തിനു പൊതുവായ ഭൂമിശാസ്ത്രപരമായ ഒരു ഘടനയുമുണ്ട്. ഇതിന്റെ കേന്ദ്രം ജറുസലേമാണ്. സുവിശേഷത്തിൽ "വിവരണം" ജറുസലേമിനെ ഉന്മുഖമാക്കി പുരോഗമിക്കുന്നു. ഈ ഉന്മുഖത യേശുവിന്റെ ബാല്യകാലസംഭവങ്ങളുടെയും (2:22–38,41–49), മരുഭൂപ്പരീക്ഷകളുടെയും (4:9–13) ഗലീലിശുശ്രൂഷയുടെയും (9:31,51) വിവരണങ്ങളിൽപോലും പുലർത്തിയിട്ടുണ്ട്. യേശു പരസ്യശുശ്രൂഷ ഗലീലിയിൽ ആരംഭിക്കുകയും (ലൂക്ക 4:14–15) ഗലീലിയിലും (4:16–9:50) ഗലീലിയിൽനിന്നു ജറുസലേമിലേക്കുള്ള യാത്രയിലും തുടരുകയും (9:51–9:64) ജറുസലേമിൽ പൂർത്തിയാക്കുകയും ചെയ്തു (19:47–24:52). ഉത്ഥിതനായ യേശുവിന്റെ പ്രത്യക്ഷീകരണങ്ങളും ജറുസലേമിലും അതിന്റെ സമീപത്തുമാണ് സംഭവിച്ചത്. യേശുവിന്റെ സ്വർഗാരോഹണത്തിനുശേഷവും ശിഷ്യഗണം ജറുസലേമിൽത്തന്നെ വസിച്ചതിനുശേഷമേ (24:49) അപ്പോസ്തലന്മാർ ജറുസലേമിലും അതിനു പുറത്തേക്കുമുള്ള സാക്ഷ്യശുശ്രൂഷ ആരംഭിച്ചുള്ളൂ. രണ്ടാം വാല്യത്തിൽ ഭൂമിശാസ്ത്രപരമായ മുന്നേറ്റം ജറുസലേമിനുശേഷം അവിടെനിന്നു യൂദയായിലേക്കും സമറിയായിലേക്കും ഭൂമിയുടെ അതിർത്തിയിലേക്കുമാണ്, അതായത്, വിജാതീയരുടെ കേന്ദ്രത്തിലേക്ക്. ഘടനാസമന്വയം "വിവരണ"ത്തിന്റെ ചരിത്രപരതയും നാടകീയതയും കൂടുതൽ ശക്തവും ഉജ്ജ്വലവുമാക്കുന്നു.

**സമാന്തരത** (II): ഈ സാഹിതീയവിദ്യ ലൂക്കായുടെ വിവരണത്തിലെ ശ്രദ്ധേയവും ആകർഷകവും അർത്ഥസമ്പുഷ്ടവുമായ ഒരു പ്രത്യേകതയാണ്. പുതിയനിയമത്തിൽ ലൂക്കായുടെ മാത്രം ശൈലീവിശേഷം. സമാന്തരങ്ങളായ ശൈലികളും സംഭവങ്ങളും ധാരാളമുണ്ട്. ലൂക്കായുടെ "വിവരണ"ത്തിന്റെ രണ്ടു വാല്യങ്ങളിലും, രണ്ടിലും സമാന്തരങ്ങളായവ ഏറെയുണ്ട്. സുവിശേഷത്തിനുള്ളിൽ ധാരാളം സമാന്തരതകളുണ്ട് (ഉദാ: ഗബ്രിയേൽദൂതൻ സഖറിയായോടു ജനനയരുളപ്പാട്: 1:5–25 II ഗബ്രിയേൽദൂതൻ മറിയത്തോടു ജനനയരുളപ്പാട്: 1:26–30, ദേവാലയരംഗം കൊണ്ടു സുവിശേഷം ആരംഭിക്കുന്നു; 1:5–25 ദൈവാലയരംഗംകൊണ്ടു സുവിശേഷം അവസാനിക്കുന്നു: (24:53). അപ്പ.പ്രവർത്തനത്തിലും ധാരാളം സമാന്തരതകളുണ്ട്. ഗ്രേക്കോ-റോമൻ സാഹിത്യകലാപാരമ്പര്യങ്ങളിലും പഴയനിയമത്തിൽ പ്രബോധനഗ്രന്ഥങ്ങളിലും സങ്കീർത്തനങ്ങളിലും സമാന്തരതയ്ക്കുള്ള മാന്യസ്ഥാനമാകണം ഇക്കാര്യത്തിൽ ലൂക്കായ്ക്കു മാതൃകയും പ്രചോദനവുമായത്. ലൂക്കാ സമാന്തരതയെ തന്റെ രണ്ട് വാല്യങ്ങളും തമ്മിലുള്ള തുടർച്ചയുടെ പ്രബലമായൊരു ആവിഷ്കരണോപാധിയാക്കി. ഈ തുടർച്ച സഭാശാസ്ത്രപരമായും ക്രിസ്തുശാസ്ത്രപരമായും ഏറെ അർത്ഥവത്താണ്. പുനരുക്തികൾ, പ്രയോഗദിത്വങ്ങൾ, ജോഡികൾ, ആവർത്തനങ്ങൾ എന്നിവ ഏറ്റവും കൂടുതലുള്ള സമാന്തരസുവിശേഷമാണ് ലൂക്കായുടേത്. സമാന്തരങ്ങൾക്കൊണ്ടു ലൂക്കാ രണ്ടു സാക്ഷികളെ സന്നിഹിതമാക്കി തന്റെ സാക്ഷ്യം വിശ്വസനീയമാക്കുകയും ചെയ്യുന്നു (നിയ 19:15).

പുരുഷ-സ്ത്രീ/സ്ത്രീ-പുരുഷസമാന്തരതയ്ക്കു ലൂക്കാ നല്കിയിട്ടുള്ള സ്ഥാനം ശ്രദ്ധേയമാണ്. രക്ഷ യേശുവിൽ പൂർത്തിയായ സംഭവം വിവരിക്കുമ്പോൾ ലൂക്കാ പുരുഷ-സ്ത്രീ/സ്ത്രീ-പുരുഷ കഥാപാത്രങ്ങളെ സമാന്തരമായി അവതരിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച്, സുവിശേഷത്തിൽ. യേശുവിൽ പൂർത്തിയായരക്ഷയിൽ പുരുഷനും സ്ത്രീക്കും തുല്യമായ ഭാഗഭാഗിത്വം ദൈവം നല്കുന്നു. രക്ഷാചരിത്രം പൂർത്തിയാക്കാൻ പുരുഷന്റെയും സ്ത്രീയുടെയും സഹകരണം ദൈവം ആഗ്രഹിക്കുകയും ക്ഷണിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഇക്കാര്യം ലൂക്കാ കൃതിയിലുടനീളം ആവിഷ്കരിക്കുന്നു.

**ആവർത്തനങ്ങൾ:** ലൂക്കാ രണ്ടു വാല്യങ്ങളിലും ആവർത്തിക്കുന്ന ശൈലികളും സംഭവങ്ങളുമുണ്ട്; ഒന്നിൽത്തന്നെ ആവർത്തിക്കുന്നവയുണ്ട്. ഉത്ഥിതനായ യേശുവിന്റെ പ്രത്യക്ഷീകരണങ്ങൾ, യേശുവിന്റെ സ്വർഗാരോഹണം, ശിഷ്യസംഘത്തിനു പ്രേഷിതകല്പന, പ്രേഷിതപ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പ് അവർ ജറുസലേമിൽത്തന്നെ വസിക്കണം എന്ന നിർദ്ദേശം, പരിശുദ്ധാത്മാവിനെ അയക്കൽ എന്നിവ ജറുസലേമിന്റെ കേന്ദ്രീയതയോടു ചേർത്തുകൊണ്ട് സുവിശേഷത്തിന്റെ അവസാനവും അപ്പ.പ്രവർത്തനത്തിന്റെ ആരംഭത്തിലും എഴുതിയിട്ടുണ്ട്. ഈ ആവർത്തനങ്ങൾ പുനരവതരണങ്ങളാണ്; മുമ്പ് പറഞ്ഞ വാക്കുകളിൽത്തന്നെയുള്ള തനിയാവർത്തനങ്ങളല്ല. സുവിശേഷത്തിൽ യേശുവിന്റെ പീഡാനുഭവപ്രവചനങ്ങൾ (9:22,44; 18:31-33), അപ്പ.പ്രവർത്തനത്തിൽ പൗലോസിന്റെ വിളി (9;22;26), കൊർണേലിയൂസിന്റെ കുടുംബത്തിന്റെ മാനസാന്തരം (10:11) എന്നിവയുടെ ആവർത്തനം, യേശു അപ്പം മുറിച്ചു കൊടുത്തതിലെ സമാനതകൾ (9:16;22:19;24:30) എന്നിവയുടെ ആവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളവയാണ്. ആവർത്തനം സംഭവത്തിന്റെ മുന്തിയ പ്രാധാന്യവും അർത്ഥസാന്ദ്രതയും അഭിവ്യഞ്ജിപ്പിക്കുന്ന ഒരു സാഹിതീയവിദ്യയാണ്.

**തിരുകൽ** (insertion): ഒരു കഥയ്ക്കിടയിൽ മറ്റൊരു കഥ തിരുകിവയ്ക്കുന്ന അടപ്രയോഗം പോലുള്ള സാഹിത്യവിദ്യയാണ് തിരുകൽ, ഈ വിദ്യയാൽ ബന്ധപ്പെട്ട രണ്ടു കഥകളും അന്യോന്യം അർത്ഥവ്യാഖ്യാനം നടത്തുന്നു. ഈ വിദ്യ മറ്റ് രണ്ട് സമാന്തരസുവിശേഷങ്ങളിലും ഉണ്ട് (മാർക്കോ 5:21-43; മത്താ 9:18-26; ലൂക്കാ 8:40-56). ഗലീലിയിൽവെച്ചുള്ള അപ്പസ്തോലന്മാരുടെ പ്രേഷിതകഥയ്ക്കിടെ ലൂക്കാ ഹേറോദേസിന്റെ ഉത്കണ്ഠയുടെ കഥ തിരുകിയതിനു (ലൂക്കാ 9:7-9) മറ്റു സുവിശേഷങ്ങളിൽ സമാന്തരങ്ങളില്ല. ഈ തന്ത്രം ലൂക്കാ അപ്പ.പ്രവർത്തനത്തിൽ പലയിടത്തും പ്രയോഗിച്ചിട്ടുണ്ട്.

**ആവൃതി** (inclusion): വിവരണത്തിന്റെ രണ്ടറ്റത്തും, അല്ലെങ്കിൽ വിവിധ ഭാഗങ്ങളിൽ ഒരേ വിഷയമോ (പ്രമേയമോ) ശൈലിയോ സാഹിതീയ വിദ്യയോ പ്രയോഗിക്കുന്ന രചനാതന്ത്രമാണ് ആവൃതി. ഇത് കഥാവതരണത്തിന്റെ ഏകാഗ്രതയ്ക്കു കെട്ടുറപ്പേകുന്നു. ഇത് മിക്ക ബൈബിൾ രചയിതാക്കളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സുവിശേഷവിവരണങ്ങളിലാകട്ടെ സർവസാധാരണയാണ്. തന്റെ വിവരണത്തിന്റെ ആദിമധ്യാന്തങ്ങളെയും ഭാഗവിഭാഗങ്ങളെയും ശക്തമായും ഗാഢമായും പ്രമേയപരമായും രചനാപരമായും കൂട്ടിയണക്കാൻ ലൂക്കാ ആവൃതിതന്ത്രം താരതമ്യേന കൂടുതൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അത് ലൂക്കായുടെ "വിവരണ"ത്തിന്റെ ഘടനയെത്തന്നെയും നിയന്ത്രിക്കുന്നു. മൂന്ന് ഉദാഹരണങ്ങൾ: "വിവരണം" ഒരു ദേവാലയരംഗംകൊണ്ട് ആരംഭിക്കുകയും (1:5-25) വേറൊരു ദേവാലയരംഗംകൊണ്ട് ഒന്നാം വാല്യം (സുവിശേഷം) അവസാനിപ്പിക്കുകയും (24:52-53) ചെയ്യുന്നു. ഒന്നാം വാല്യത്തിലെ "വിവരണം" (യേശുസാക്ഷ്യം) മുഴുവൻ ദേവാലയരംഗങ്ങളുടെ ആവൃതിയിൽ ഉൾക്കൊള്ളിച്ചു. ശിഷ്യർ ദേവാലയത്തിൽ സമ്മേളിക്കുന്ന പതിവ് രണ്ടാം വാല്യത്തിന്റെ പ്രാരംഭത്തിൽ പരാമർശിക്കുന്നു (അപ്പ 2:42). ലൂക്കാ "വിവരണം" ആരംഭിക്കുന്നത് സഖറിയാക്കു ദേവാലയത്തിലുണ്ടായ ദർശനത്തിന്റെ കഥയുദ്ധരിച്ചാണ്. "വിവരണം" അവസാനിപ്പിക്കുന്നത് ഏശയ്യാ പ്രവാചകന് ജറുസലേംദേവാലയത്തിലുണ്ടായ ദർശനത്തിൽനിന്ന് (6:9-10) ഉദ്ധരിച്ചാണ് (അപ്പ 28:26-27). റോമിലെ ചക്രവർത്തിയായ അഗസ്റ്റസ് സീസറിന്റെ പേരുദ്ധരിച്ച് ലൂക്കാ യേശുവിന്റെ ജനനകഥ "വിവരണ"ത്തിന്റെ ആരംഭത്തിൽ വിവരിക്കുന്നു (ലൂക്കാ 2:21). പൗലോസ് റോമിൽ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് നിർബാധം ധൈര്യപൂർവം പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് "വിവരണ"ത്തിന്റെ അവസാനം വിവരിക്കുന്നു (അപ്പ 28:30-31). ലൂക്കായുടെ "വിവരണ"ത്തിന്റെ ഇതിവൃത്ത സൂത്രവാക്യം - "സകല ജഡവും ദൈവത്തിന്റെ രക്ഷകാണും" - (ഏശ 40:5) "വിവരണ"ത്തിന്റെ രണ്ടറ്റത്തും ചേർത്തിട്ടുണ്ട് (ലൂക്കാ 3:6; അപ്പ 28:28).

## ഉള്ളടക്കം, വിഭജനം

1:1-4 ആമുഖപ്രസ്താവന
1:5-4:13 യേശുക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കു പശ്ചാത്തലവും ഒരുക്കവും
1:5-2:52 ആമുഖം: ദൈവികവാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെ ആരംഭവിവരണം
3:1-4:13 യേശുക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കു പശ്ചാത്തലവും അടുത്ത ഒരുക്കവും
4:14-24:53 യേശുക്രിസ്തുവിന്റെ ശുശ്രൂഷ യഹൂദരുടെ ദേശം (പലസ്തീന) മുഴുവൻ
4:14-9:50 യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആരംഭവും ഒന്നാം ഭാഗവും ഗലീലിയിൽ
4:14-44 യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ ഒന്നാം ഭാഗം ഗലീലിയിൽ
9:51-19;46 യേശുക്രിസ്തുവിന്റെ ശുശ്രൂഷ രണ്ടാം ഭാഗം. ഗലീലിയിൽനിന്ന് ജറുസലേമിലേക്കുള്ള യാത്രയിൽ (യാത്രാവിവരണം)
19:47-24:53 യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ മൂന്നാം ഭാഗം ജറുസലേമിൽ
19:47-21:38 ജറുസലേം ദേവാലയത്തിൽ പ്രബോധനശുശ്രൂഷ
22:1-24:53 യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ പൂർത്തീകരണം ജറുസലേമിൽ: യേശുക്രിസ്തു സഹിച്ച് മഹത്വത്തിലേക്ക്.

5

# യോഹന്നാൻ എഴുതിയ സുവിശേഷം

ഡോ. മാത്യു വെള്ളാനിക്കൽ

## സുവിശേഷത്തിന്റെ ലക്ഷ്യം

സമാന്തരസുവിശേഷങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു പ്രതിപാദനരീതിയാണ് വി. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നത്. സമാന്തരസുവിശേഷങ്ങൾ മിശിഹായുടെ ജീവിതത്തിനും പ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുക്കുമ്പോൾ യോഹന്നാൻശ്ലീഹാ മിശിഹായുടെ വ്യക്തിത്വത്തിന്റെ ആഴങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയാണ്. പുതിയനിയമാവിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ എത്തിനിൽക്കുന്ന ഈ നാലാം സുവിശേഷം 'ആത്മീയസുവിശേഷം' 'അരൂപിയുടെ സുവിശേഷം' 'സ്നേഹത്തിന്റെ സുവിശേഷം' 'വിശ്വാസത്തിന്റെ സുവിശേഷം' 'ജീവന്റെ സുവിശേഷം' എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്നു.

വ്യക്തമായ ലക്ഷ്യത്തോടെയാണ് യോഹന്നാൻശ്ലീഹാ സുവിശേഷം എഴുതിയത്. 20:30–31 ൽ ഇത് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്: "ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും ഈശോ ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്". ഇവിടെ യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിന്റെ ഉള്ളടക്കത്തെ വിശേഷിപ്പിക്കുന്നത് 'അടയാളങ്ങൾ' എന്നാണ്. ഈശോ പ്രവർത്തിച്ച അടയാളങ്ങളാണ് സുവിശേഷത്തിന്റെ ഉള്ളടക്കം. സുവിശേഷം എഴുതിയത് 'ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് വിശ്വസിക്കുന്നതിനും അതുവഴി ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്'.



'അടയാളങ്ങൾ' എന്നതുകൊണ്ട് വിശുദ്ധഗ്രന്ഥവ്യാഖ്യാതാക്കളിൽ ചിലർ ഈശോ ചെയ്ത അത്ഭുതങ്ങളെമാത്രം അർത്ഥമാക്കുമ്പോൾ മറ്റു ചിലർ സുവിശേഷത്തിന്റെ ഉള്ളടക്കം മുഴുവനും ഈ പദംകൊണ്ട് അർത്ഥമാക്കുന്നു. 'അടയാളങ്ങൾ' അദൃശ്യമായ യാഥാർത്ഥ്യത്തെ ദൃശ്യമാക്കുന്നവയാണല്ലോ. യോഹന്നാൻശ്ലീഹായുടെ മിശിഹാനുഭവം വിവരിക്കുന്ന ലേഖനഭാഗത്ത് ഇത് കൂടുതൽ വ്യക്തമാക്കുന്നു: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു; അതിനുസാക്ഷ്യം നൽകുകയും ചെയ്യുന്നു. പിതാവിനോടുകൂടി ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ടതുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു" (1 യോഹ 1:1–2).

'ജീവൻ വെളിപ്പെട്ടു; ഞങ്ങൾ അതു കണ്ടു'. ഈശോയാണ് ഈ ജീവൻ. ദൈവത്തിന്റെ ജീവന്റെ അടയാളമാണ് ഈശോ: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1:18). അദൃശ്യനായ ദൈവത്തെ ദൃശ്യമാക്കിയത് ഈശോയാണ്. അദൃശ്യനായ ദൈവത്തിലേക്ക് വിരൽചൂണ്ടുന്ന അടയാളങ്ങളായ ഈശോയുടെ വാക്കുകൾ ശിഷ്യന്മാർ കേട്ടു; അവിടുത്തെ പ്രവൃത്തികൾ അവർ കണ്ടു; അത്ഭുതങ്ങൾ അവർ സൂക്ഷിച്ചുവീക്ഷിച്ചു. ഈശോയുടെ ജീവിതത്തെ അവർ സ്പർശിച്ചു. സ്വന്തം ജീവിതത്തിൽ ഏറ്റുവാങ്ങിയ ഈ മിശിഹാനുഭവമാണ് 'വിശ്വസിക്കുവാനും ജീവൻ ഉണ്ടാകുന്നതിനും വേണ്ടി' അവർ പകർന്നു നൽകിയത്. ഈശോയുടെ വരവിന്റെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല: "ഞാൻ വന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (10:10). വിശ്വാസം ഉണ്ടാകുന്നതിനുവേണ്ടി അടയാളങ്ങൾ എഴുതി; അതുവഴി ഒരു വ്യക്തി വിശ്വാസത്തിലേക്ക് കടന്നുവരുന്നു. ഈശോമിശിഹായിലുള്ള വിശ്വാസം ജീവൻ പ്രദാനം ചെയ്യുന്നു.

ഈശോ ദൈവപുത്രനായ മിശിഹായാണെന്ന യാഥാർത്ഥ്യമാണ് വിശ്വാസത്തിന്റെ വിഷയം. 'ദൈവപുത്രൻ', 'മിശിഹാ' എന്നീ രണ്ട് സംജ്ഞകൾ യോഹന്നാൻശ്ലീഹാ തെരഞ്ഞെടുത്തുപയോഗിച്ചത് പ്രത്യേക ലക്ഷ്യത്തോടുകൂടിയാണ്. ദൈവപിതാവിന്റെ ജീവനിൽ പങ്കുചേരുന്നവനാണ് 'ദൈവപുത്രൻ'. 'മിശിഹാ' എന്ന വാക്കിന്റെ അർത്ഥം 'അഭിഷിക്തൻ' എന്നാണ്. ദൈവം അഭിഷേകം ചെയ്ത് അയച്ചവനാണ് ഈശോ. ദൈവം തന്റെ പുത്രനെ അഭിഷേകം ചെയ്ത് അയച്ചത് ദൈവികജീവൻ മനുഷ്യന് പകർന്നുകൊടുക്കുവാനാണ്. ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് വിശ്വസിക്കുക എന്നുപറഞ്ഞാൽ ഈശോ ദൈവികജീവനിൽ പങ്കുചേരുന്നവനും ഈ ജീവൻ മനുഷ്യർക്ക് നൽകാൻ ദൈവത്താൽ അഭിഷിക്തനായി അയയ്ക്കപ്പെട്ടവനുമാണെന്ന് വിശ്വസിക്കുകയാണ്. അങ്ങനെ വിശ്വസിക്കുക നിമിത്തം ഒരുവന് ജീവൻ ലഭിക്കുന്നു. വിശ്വാസം എന്നത് ഉപരിപ്ലവമായ ഒരു പ്രവൃത്തിയല്ല. അത് ആത്മസമർപ്പണമാണ്; എന്ത് വിശ്വസിക്കുന്നുവോ അത് സ്വന്തമാക്കുക

യാണ്; ആരിൽ വിശ്വസിക്കുന്നുവോ ആ വ്യക്തിയോടുള്ള താദാത്മ്യപ്പെട ലാണ്. മിശിഹായിൽ വിശ്വസിക്കുന്നവൻ മറ്റൊരു മിശിഹായായി മാറുന്നു.

ഈശോ പ്രദാനം ചെയ്യുന്ന ജീവൻ - ദൈവികജീവൻ - നിത്യജീവ നാണ്. ഈ പ്രപഞ്ചത്തിൽ സസ്യജീവൻ, മൃഗജീവൻ, മാനുഷികജീവൻ, ദൈവികജീവൻ മുതലായ പലതരം ജീവനുണ്ട്. സസ്യജീവന്റെ പ്രവർത്തനം അതിന്റെ വളർച്ചയിലൂടെയാണ് തിരിച്ചറിയുന്നത്. മൃഗജീ വന്റേത് ചലനത്തിലൂടെയും. മാനുഷികജീവനാകട്ടെ വിശേഷബുദ്ധിയും സ്വതന്ത്രമനസ്സുംകൊണ്ട് ധന്യമാണ്. എന്നാൽ ഇതിൽനിന്നെല്ലാം വ്യത്യസ്തമായതാണ് ദൈവികജീവന്റെ പ്രവർത്തനം എന്ന് ഈശോ വ്യക്തമാക്കുന്നു: "ഏകസത്യദൈവമായ അവിടുത്തേയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17:3). ദൈവികജീവന്റെ പ്രവർത്തനം 'അറിയുക' എന്നതാണ്. ഏകസ ത്യദൈവമായ പിതാവിനെയും അവിടുന്ന് അയച്ച ദൈവപുത്രനായ ഈശോമിശിഹായെയുമാണ് അറിയേണ്ടത്.

വി. ഗ്രന്ഥപശ്ചാത്തലത്തിൽ 'അറിയുക' എന്നതുകൊണ്ട് ബന്ധം സ്ഥാപിക്കുക, സ്നേഹിക്കുക, ഐക്യപ്പെടുക എന്നൊക്കെയാണ് അർത്ഥ മാക്കുന്നത്. ദൈവികജീവന്റെ പ്രവർത്തനം അറിവിന്റെയും സ്നേഹത്തി ന്റെയും ഐക്യത്തിന്റെയും പ്രവർത്തനമാണ്. സത്യദൈവത്തെ അറി യുക, സ്നേഹിക്കുക, അവിടുത്തോട് ബന്ധം സ്ഥാപിക്കുക. സത്യദൈ വത്തെ അറിയാനുള്ള മാർഗ്ഗം ഈശോമിശിഹായാണ്. ഈശോയിലൂടെ മാത്രമേ ഈ ജീവനിൽ പങ്കുചേരാൻ സാധിക്കുകയുള്ളു. ദൈവമനുഷ്യ നായ ഈശോമിശിഹായെ അറിയുക എന്നതുകൊണ്ട് ദൈവത്തേയും മനുഷ്യനേയും സ്നേഹിക്കുക എന്നതാണ് അർത്ഥമാക്കുന്നത്. മനു ഷ്യനെ അറിയാതെ, മനുഷ്യനുമായി ബന്ധം പുലർത്താതെ, മനുഷ്യ നോട് ഐക്യപ്പെടാതെ ഈശോമിശിഹായെ അറിയുന്നു എന്നു പറയു ന്നതിൽ അർത്ഥമില്ല. ദൈവവും മനുഷ്യനുമായി ആരോഗ്യപരമായ ഒരു ബന്ധം സ്ഥാപിക്കുക - ഈ ബന്ധത്തിലുള്ള വളർച്ചയാണ് ദൈവിക ജീവനിലുള്ള വളർച്ച. അതുകൊണ്ട് നിത്യജീവൻ എന്നത് ദൈവ ത്തെയും മനുഷ്യനെയും ഈശോമിശിഹായിൽ അറിയുകയും സ്നേഹി ക്കുകയും അവരോട് ഐക്യപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാ ണ്. ദൈവംതന്നെയും ത്രിത്വമാണ്; സ്നേഹത്തിന്റെ കൂട്ടായ്മയിൽ ഒന്നായ ദൈവം. ദൈവത്തെയും ദൈവം സ്വന്തമാക്കിയ മനുഷ്യനെയും സ്നേഹിക്കുക എന്നതാണ് ദൈവികജീവനിലുള്ള വളർച്ചയുടെ അളവു കോൽ. ഈ വിധത്തിൽ ഈശോയിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപി ക്കുക എന്നതാണ് സുവിശേഷത്തിന്റെ ലക്ഷ്യം.

## സംവാദപരമായ ലക്ഷ്യങ്ങൾ

മേൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾക്കു പുറമേ സംവാദപരങ്ങളായ ചില ഉദ്ദേശ്യങ്ങളും സുവിശേഷകനുണ്ടായിരുന്നു.

### യഹൂദർക്കെതിരേ

സുവിശേഷത്തിൽ യഹൂദരെപ്പറ്റിയുള്ള പരാമർശങ്ങൾ സുവിശേഷ കന് അവരോട് ഒരു വിരുദ്ധമനോഭാവമുണ്ടായിരുന്നുവെന്ന് ചിന്തിക്കു





വാനാണ് നമ്മെ പ്രേരിപ്പിക്കുക. സുവിശേഷത്തിൽ യഹൂദമതത്തിന്റെ പദവി ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അദ്ദേഹം ഈശോയെ മിശിഹാ ആയി അവതരിപ്പിക്കുകയും അവിടുത്തെ ആഗമനത്തിൽ യഹൂദമതത്തിനുണ്ടാ യിരുന്ന ശ്രേഷ്ഠസ്ഥാനം നഷ്ടപ്പെട്ടുവെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യു ന്നു. ഈശോ തന്നെപ്പറ്റി നൽകിയ സാക്ഷ്യത്തിന്റെ വിശ്വസനീയത സ്ഥാപിക്കുവാൻ യഹൂദരുടെ നീതിന്യായതത്വങ്ങളെത്തന്നെയാണ് സുവി ശേഷകൻ ആശ്രയിക്കുന്നത് (5:31; 8:17). 8:44-45; 54-55 എന്നീ ഭാഗങ്ങ ളിൽ ഈ യഹൂദവിരുദ്ധ മനോഭാവം മൂർദ്ധന്യത്തിലെത്തുന്നു.

ഈ വസ്തുത 'യഹൂദർ' എന്ന സുവിശേഷപ്രയോഗത്തിൽ വ്യക്ത മാണ്. സമാന്തര സുവിശേഷങ്ങളിൽ ആറോ ഏഴോ തവണവീതം ഇതു കാണുമ്പോൾ, യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ 71 തവണ ഇതു പ്രത്യക്ഷപ്പെടുന്നുണ്ട്. ഏതാനും സന്ദർഭങ്ങളൊഴിച്ചാൽ, ഈശോ യോടു ശത്രുത പുലർത്തിയിരുന്ന യഹൂദമതാധികാരികളെ, പ്രത്യേകിച്ച് ജറുസലേമിലുണ്ടായിരുന്നവരെ, സൂചിപ്പിക്കുവാനുപയോഗിച്ചിരിക്കുന്ന സാങ്കേതിക പദമാണിത്. ഇതിനു സാക്ഷ്യങ്ങൾ അനേകമുണ്ട്. സാധാ രണ യഹൂദരെ 'യഹൂദരിൽ' നിന്ന് അദ്ദേഹം വേർതിരിക്കുന്നു. ഉദാഹര ണത്തിന്, സുഖംപ്രാപിച്ച കുരുടന്റെ യഹൂദമാതാപിതാക്കൾ 'യഹൂദരെ'- തെളിവെടുപ്പു നടത്തിയിരുന്ന ഫരിസേയരെ - ഭയന്നിരുന്നതായി പറ യുന്നു (9:22). ചില സന്ദർഭങ്ങളിൽ 'യഹൂദരും', പ്രധാനപുരോഹിതന്മാരും ഫരിസേയരും സൈന്യത്തെ പറഞ്ഞയയ്ക്കുന്നതായി പറഞ്ഞിരിക്കുന്നു (18:3); ഈ സൈന്യം യഹൂദരുടേതായിരുന്നു (18:12). 9:13-ൽ ചോദ്യമു ന്നയിക്കുന്നവർ ഫരിസേയരാണെങ്കിൽ 9:18-ൽ അവർ യഹൂദരാണെന്നു പറയുന്നു. 'യഹൂദർ ഈശോയെ പീലാത്തോസിന്റെ പക്കലേക്കാനയി ച്ചുവെന്നു യോഹന്നാൻ പറയുമ്പോൾ (18:28-31) മർക്കോസ് സുവിശേ ഷകൻ സാൻഹെദ്രീൻ സംഘത്തിന്മേലാണ് ഇതിന്റെ ഉത്തരവാദിത്വം ആരോപിക്കുന്നത് (15:1).

ഈശോയുടെ പരസ്യജീവിതത്തെ പരാമർശിക്കുമ്പോൾ ഈ 'യഹൂദ' പ്രയോഗത്തിനു വലിയ പ്രസക്തിയില്ലെന്നു സ്പഷ്ടം. സമാന്തരസുവി ശേഷങ്ങളിൽ പ്രാധാന്യം നല്കിയിരിക്കുന്ന സദുക്കായർ, ഹേറോദേസ് കക്ഷികൾ, തീക്ഷ്ണർ, നിയമജ്ഞർ തുടങ്ങി പലരെയും ഈ സുവി ശേഷത്തിൽ കാണുന്നതേയില്ല. ചരിത്രപശ്ചാത്തലത്തിൽവന്ന പരിവർത്ത നമാണ് ഇതു സൂചിപ്പിക്കുക. ജറുസലേമിന്റെ പതനത്തെ അതിജീവിച്ച ഏക യഹൂദവിഭാഗം ഫരിസേയരായിരുന്നു. മിശിഹായെ തിരസ്കരിച്ച വരെന്ന നിലയിലാണ് ക്രിസ്ത്യാനികൾ അവരെ പ്രായേണ വീക്ഷിച്ചി രുന്നത്. തന്മൂലം ക്രൈസ്തവരും യഹൂദരും തമ്മിൽ ആദിമസഭയിലു ണ്ടായിരുന്ന വിയോജിപ്പാണു വി. യോഹന്നാന്റെ സുവിശേഷത്തിൽ പ്രതി ഫലിക്കുന്നതെന്ന് അനുമാനിക്കാം. സുവിശേഷകനെ സംബന്ധിച്ചിടത്തോ ളം സമകാലിക യഹൂദർ ഈശോയെ തിരസ്കരിച്ച യഹൂദപ്രമാണിക ളുടെ ആദ്ധ്യാത്മിക പാരമ്പര്യം പുലർത്തുന്നവരാണ്. ഈ മനോഭാവ മാണ് സുവിശേഷത്തിലുടനീളം കാണുന്ന യഹൂദ വൈരാഗ്യത്തിനടി സ്ഥാനം.

## സ്നാപക ശിഷ്യൻമാരുമായുള്ള സംവാദം

സ്നാപകനെ ഈശോയെക്കാൾ ശ്രേഷ്ഠനായി ചിത്രീകരിച്ചിരുന്നവരെയും സുവിശേഷകൻ എതിർക്കുന്നു. ഇപ്രകാരം ഒരു വിഭാഗം നിലനിന്നിരുന്നുവെന്നതിന് നട 19:1–7 വരെയുള്ള ഭാഗം സാക്ഷ്യം നല്കുന്നുണ്ട്. സ്നാപകന്റെ മാമ്മോദീസാ സ്വീകരിച്ചവരും എന്നാൽ പരിശുദ്ധാത്മാവിനെപ്പറ്റി അറിയാതിരുന്നവരുമായ പന്ത്രണ്ടുശിഷ്യന്മാർ എഫേസൂസിൽ ഉണ്ടായിരുന്നുവത്രേ. ഈ വിഭാഗം ഈശോയെയല്ല, തങ്ങളുടെ ഗുരുവിനെയാണു മിശിഹാ ആയി ആദരിച്ചിരുന്നതുപോലും. അതുകൊണ്ടാവണം ഈശോയെയും സ്നാപകനെയുംപറ്റി പരാമർശിക്കുമ്പോഴെല്ലാം സുവിശേഷകൻ ഈശോയെ സ്നാപകനോട് താരതമ്യം ചെയ്യുവാൻപോലും കഴിയാത്തവിധം ഉന്നതനായി ചിത്രീകരിക്കുന്നത്.

### നോസ്റ്റിക്കുകൾക്കെതിരെ

നോസ്റ്റിസിസത്തിനെതിരേ സുവിശേഷം തുറന്ന ആക്രമണം നടത്തുന്നില്ല. അക്കാലത്ത് നോസ്റ്റിസിസം ഒരു ചിന്താപദ്ധതിയുടെ നിലയിലേക്ക് ഉയർന്നിരുന്നില്ലാത്തതാവാം ഇതിനു കാരണം. പക്ഷേ, സിറിയയിൽ ചില നോസ്റ്റിക് പ്രവണതകൾ ഉടലെടുത്തിരുന്നു. ചിലർ ക്രൈസ്തവസത്യങ്ങളെ നോസ്റ്റിക്കുകൾ പുലർത്തിയിരുന്ന ദ്വൈതചിന്തയായി തെറ്റിദ്ധരിക്കുവാൻ തുടങ്ങി. ദൈവത്തിനും മനുഷ്യർക്കുമിടയിൽ അനേകം മധ്യവർത്തികളെയും പണ്ഡിതാഭിഗമ്യമായ വിജ്ഞാനത്തിലൂടെയുള്ള മുക്തിയെയും അവർ സങ്കല്പിച്ചിരുന്നു. ഇക്കൂട്ടരുടെ പദാവലിക്കു ക്രൈസ്തവമായ പുതിയ അർത്ഥം നൽകിക്കൊണ്ട് യോഹന്നാൻശ്ലീഹാ അവരുടെ അണികളിൽ പരോക്ഷമായി ആക്രമണം നടത്തിയിട്ടുണ്ട്. 'വചനം' മധ്യവർത്തികളെ ആശ്രയിക്കാതെതന്നെ മാംസം ധരിച്ചുവെന്ന പ്രസ്താവനയിലൂടെ (1:14) അവരുടെ പ്രപഞ്ചശാസ്ത്രത്തെയും, 'സ്നേഹ'ത്തിനു നൽകുന്ന പരമപ്രാധാന്യത്തിലൂടെ (13:34–35) അവരുടെ വിജ്ഞാനത്തെയും അസ്വീകാര്യമായി സുവിശേഷകൻ ചിത്രീകരിക്കുന്നു.

ഇതുവരെ വിവരിച്ച വിഭിന്നോദ്ദേശ്യലക്ഷ്യങ്ങൾ സുവിശേഷത്തിൽ പലയിടത്തും ഒരുമിച്ചു പ്രകടമാണ്; അവയുടെ പ്രതിഫലനം സുവിശേഷത്തിൽ ഓരോ ഭാഗത്തും ദൃശ്യവുമത്രേ. ഇതിൽനിന്നു സുവിശേഷകൻ ഒരു തികഞ്ഞ പണ്ഡിതനും ക്രാന്തദർശിയും ആനുകാലിക പ്രവാചകനുമായിരുന്നുവെന്നു തെളിയുന്നു. തന്മൂലം സുവിശേഷപഠനത്തിനു സുദീർഘവും നിരന്തരവുമായ അനുദിനധ്യാനം കൂടിയേ തീരൂ.

## സുവിശേഷത്തിന്റെ സാർവ്വത്രികലക്ഷ്യം

വാസ്തവത്തിൽ യോഹന്നാന്റെ സുവിശേഷലക്ഷ്യം സാർവത്രികമാണെന്നതിനു സൂചനകളുണ്ട്. പ്രഥമതഃ വിശ്വാസികളായ ക്രൈസ്തവരെ പ്രതിയാണ് സുവിശേഷം എഴുതിയിട്ടുള്ളതെന്നു കരുതാം. 14–17 അദ്ധ്യായങ്ങളിലെ സംഭാഷണം തന്റെ സ്വന്തമായ, തന്നോടു ഗാഢമായ ഐക്യം പുലർത്തുന്ന ശിഷ്യസമൂഹത്തെ മുന്നിൽക്കണ്ടുകൊണ്ടുള്ളതാണ്. യുഗാന്ത സൗഭാഗ്യം യാഥാർത്ഥ്യമായതുപോലെയുള്ള പ്രതിപാദനം





(Realized eschatology) ക്രൈസ്തവപ്രതീക്ഷയുടെ സജീവത്വം നിലനിർത്താനുള്ള ശ്രമമായിരിക്കണം. കാരണം മിശിഹായുടെ ദ്വിതീയാഗമനം പ്രതീക്ഷിച്ചിരുന്നതുപോലെ ഉടനെ സംഭവിക്കാതിരുന്നതിനാൽ അവരുടെ പ്രതീക്ഷ നിർജ്ജീവമായിപ്പോകുവാൻ ഇടയുണ്ടായിരുന്നു. കൂടാതെ സുവിശേഷത്തിലുടനീളം കാണുന്ന ആശയഗാംഭീര്യം അഗാധവിശ്വാസവും തികഞ്ഞ പാരമ്പര്യബോധവും ഉള്ളവർക്കേ – ക്രൈസ്തവവിശ്വാസികൾക്കേ – ദഹിക്കുമായിരുന്നുള്ളു.

അതേസമയം യോഹന്നാൻ യഹൂദരെയും മുന്നിൽ കണ്ടിരുന്നുവെന്നതിൽ സംശയമില്ല. ഈശോയെ 'മിശിഹാ' ('മെസയാ' എന്ന പദത്തിന്റെ അറമായരൂപം) എന്നു വിളിക്കുന്നതിന്റെ സൂചന ഇതുതന്നെയാണ് (യോഹ 1:41; 4:25–26). പഴയനിയമത്തിൽ ദൈവാഭിഷിക്തന്റെ (മെസയായുടെ) അപദാനങ്ങളായി വിവരിക്കപ്പെട്ടിട്ടുള്ളവ ഈശോയിൽ നിറവേറിയിരിക്കുന്നുവെന്ന് സ്ഥാപിക്കുവാൻ സുവിശേഷകൻ തത്പരനാണ്. സ്നാപകൻ ഈശോയെ ദൈവത്തിന്റെ കുഞ്ഞാടായും (ഏശ 53; ലേവ്യ 14; പുറ 12) ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനായും (ഏശ 42) മണവാളനായും (ഹോസി 1–3) ദൈവാത്മാവ് ആവസിക്കുന്നവനായും (ഏശ 11) നിർദ്ദേശിക്കുന്നു. ശിഷ്യന്മാരുടെ സാക്ഷ്യവും പഴയനിയമശൈലിയിലാണ്. ഈശോ, മിശിഹാ ആണെന്നും മോശയുടെ പ്രവചനപാത്രമാണെന്നും ഇസ്രായേലിന്റെ രാജാവാണെന്നും മറ്റും അവർ ഏറ്റുപറയുന്നു (യോഹ 1:35–49). 'മനുഷ്യപുത്രൻ' എന്ന പഴയനിയമ സംജ്ഞയാണ് ഈശോ സ്വയം സ്വീകരിച്ചത്. വിശുദ്ധ ലിഖിതത്തിന്റെ പൂർത്തീകരണത്തെപ്പറ്റിയുള്ള പരാമർശങ്ങൾ അനേകമുണ്ട് (2:17; 12:15; 13:18; 19:36–37 തുടങ്ങിയവ). യഹൂദർക്ക് അനുയോജ്യമായ ഇത്രയേറെ ഘടകങ്ങൾ ഉൾപ്പെടുത്തി സുവിശേഷമെഴുതിയ യോഹന്നാന് ക്രൈസ്തവ വിശ്വാസത്തിന്റെ പ്രസക്തി യഹൂദരെ ബോദ്ധ്യപ്പെടുത്തുവാൻ ഉദ്ദേശ്യമില്ലായിരുന്നെന്ന് കരുതാനാവില്ല.

സുവിശേഷകൻ വിജാതീയരെ വിസ്മരിച്ചിട്ടില്ല എന്നതും പരമാർത്ഥമാണ്. യോഹന്നാൻസുവിശേഷകന്റെ പദാവലി ഇതര പുതിയനിയമപുസ്തകങ്ങളിൽനിന്ന് വിഭിന്നമാണ്. യഹൂദപശ്ചാത്തലത്തിൽ മാത്രമല്ല സുവിശേഷം രൂപവത്കൃതമായത് എന്നതിനുള്ള തെളിവാണിതും: "യഹൂദർ പരസ്പരം പറഞ്ഞു: നമുക്കു കണ്ടെത്താൻ കഴിയാത്തവിധം എവിടേക്കാണ് അവൻ പോവുക? ഗ്രീക്കുകാരുടെയിടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി ഗ്രീക്കുകാരെ പഠിപ്പിക്കാനായിരിക്കുമോ?" (യോഹ 7:35). വിജാതീയർ (ഗ്രീക്കുകാർ) ഈശോയെ അന്വേഷിക്കുന്നതോടെയാണ് അവിടുത്തെ പരസ്യജീവിതം അവസാനിക്കുക (12:20–21). എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഈശോയിലേക്ക് വരുവാൻ തുടങ്ങിയതിന്റെ സൂചനയാണത്. "ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു... അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും" (യോഹ 10:16). ഈശോയുടെ മരണം യഹൂദരെപ്രതി മാത്രമല്ല; ചിന്നിച്ചിതറിക്കിടക്കുന്ന ദൈവമക്കളെയെല്ലാം പ്രതിയാണ് (11:52). ഇതിൽനിന്നു 10:16 ലെ സൂചന വിജാതീയരെയും ബാധിക്കുന്നതാണെന്ന് അനുമാനിക്കാം. സുവിശേഷകൻ ജീവിച്ചിരുന്ന

ലോകത്തിന്റെ വ്യാപക സാംസ്കാരികപശ്ചാത്തലത്തിന്റെ പ്രതിഫലനമാണു 'വചന'മെന്ന ആശയം. "നിയമം മോശവഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ, ഈശോമിശിഹാവഴി ഉണ്ടായി" (1:17). വിജാതീയർ മോശയെ അഭയം പ്രാപിക്കുകയോ യഹൂദസമ്പ്രദായങ്ങൾ സ്വീകരിക്കുകയോ ചെയ്യേണ്ടതില്ലെന്നും പ്രത്യുത അവർക്കു മിശിഹായിൽനിന്നു നേരിട്ടു കൃപാവരവും സത്യവും പ്രാപിക്കാമെന്നുമുള്ള ഉറപ്പാണ് ഈദൃശ പ്രസ്താവനകൾ ഉൾക്കൊള്ളുക.

യോഹന്നാന്റെ സുവിശേഷം മനുഷ്യസമൂഹത്തെ മുഴുവൻ ഉദ്ദേശിച്ചുള്ളതാണെന്നു കരുതാം. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (3:16). ലോകത്തിന്റെ പ്രമാണി ബഹിഷ്കൃതനായിരിക്കുന്നു; ലോകം ദൈവത്തിന്റെ അവകാശമായിത്തീർന്നിരിക്കുന്നു (12:31-32). സമരിയാക്കാർ ഈശോയെ സമീപിക്കുന്നു (4:39-42); വർഗ്ഗഭേദങ്ങൾ അപ്രത്യക്ഷമാവുന്നു. ഇനിമുതൽ ആരാധന ജറുസലേമിലോ ഗരീസിമിലോ ആയിരിക്കയില്ല. ആത്മാവിലും സത്യത്തിലുമായിരിക്കും പുതിയ ആരാധന (4:20-24).

## സുവിശേഷം എഴുതിയത് ആര്?

വി. യോഹന്നാന്റെ സുവിശേഷം ആര് എഴുതി എന്നത് ബൈബിൾ വ്യാഖ്യാതാക്കൾ ചർച്ച ചെയ്യുന്ന ഒരു വിഷയമാണ്. യോഹന്നാൻശ്ലീഹാ തന്നെയാണ് എഴുതിയത് എന്ന് സഭാപിതാക്കന്മാർ അഭിപ്രായപ്പെടുന്നുണ്ട്. വി. ഇരണേവൂസിന്റെയും ഒരിജന്റെയും അഭിപ്രായത്തിൽ, കർത്താവിന്റെ മാറിൽ ചാരിക്കിടന്ന ശിഷ്യനായ യോഹന്നാൻ തന്നെയാണ് ഈ സുവിശേഷം എഴുതിയത്. വി. ആഗസ്തീനോസ് പറയുന്നു: "യോഹന്നാൻ കർത്താവിന്റെ മാറിൽ ചാരിക്കിടന്ന് പാനം ചെയ്തത് പാനം ചെയ്യാൻ നമുക്കു തരുന്നു".

ഈശോയുടെ ജീവിതത്തിൽ യോഹന്നാന് ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. ഈശോയുടെ ജീവിതത്തിലെ ചില പ്രധാനസംഭവങ്ങൾക്കു സാക്ഷികളാകുവാൻ പത്രോസിനേയും യക്കോബിനേയും യോഹന്നാനേയും അവിടുന്ന് അനുവദിച്ചു. ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്ന അവസരത്തിലും ഈശോയുടെ രൂപാന്തരീകരണ സമയത്തും ഗത്സെമനിയിലുമൊക്കെ ഈ മൂന്നു ശിഷ്യന്മാരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. ശിഷ്യപ്രമുഖനായ പത്രോസിനോടും യോഹന്നാന് ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നു. പത്രോസിനോടുകൂടി യോഹന്നാനെ കാണുന്ന പല രംഗങ്ങൾ യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. അന്ത്യത്താഴത്തിൽ ഈശോയെ ഒറ്റിക്കൊടുക്കുന്നവൻ ആരെന്ന് അവിടുത്തോടു ചോദിക്കാൻ യോഹന്നാനെ പ്രേരിപ്പിക്കുന്നത് പത്രോസാണ് (13:24). ഈശോയുടെ പീഡാനുഭവവേളയിൽ പത്രോസിനെ പ്രധാനാചാര്യന്റെ കൊട്ടാരത്തിൽ പ്രവേശിക്കാൻ സഹായിക്കുന്നത് യോഹന്നാനാണ് (18:15-16). ഈശോയുടെ ശൂന്യമായ കല്ലറ കാണാൻ ഒരുമിച്ചോടുന്നത് പത്രോസും യോഹന്നാനുമാണ് (20:2-9). ഉത്ഥാനശേഷം ഈശോ കടൽക്കരയിൽ പ്രത്യക്ഷനാകുമ്പോഴും പത്രോസും യോഹന്നാനുമുണ്ടായിരുന്നു. അവിടെ ഈശോയെ തിരിച്ചറിയുന്നത് യോഹന്നാനാണ് (21:7). ഉത്ഥാനശേഷം ഈശോ തന്റെ ദൗത്യവാഹകരായി ശിഷ്യന്മാരെ നിയോഗിക്കുന്ന അവസരത്തിലും 'ഇവന്റെ കാര്യമെന്ത്?' എന്ന് ചോദിച്ചുകൊണ്ട് യോഹന്നാന്റെ കാര്യത്തിൽ തല്പരനായ പത്രോസിനെ നാം കാണുന്നുണ്ട് (21:20-21).





ഈശോയോടും ശിഷ്യപ്രമുഖനായ പത്രോസിനോടും വൈയക്തികമായ ബന്ധം പുലർത്തിയ യോഹന്നാൻശ്ലീഹാ, അവിടുത്തെ മരണത്തിന് കുരിശിന്റെ ചുവട്ടിൽനിന്ന് സാക്ഷിയായ ഏകശിഷ്യനാണ്. 'പടയാളികളിലൊരുവൻ ഈശോയുടെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തി. അവിടെ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു'. ഈ സംഭവത്തിനു ദൃക്സാക്ഷിയായി യോഹന്നാൻശ്ലീഹാ തന്നെത്തന്നെ അവതരിപ്പിക്കുന്നു (19:35). ഈശോയുടെ കുരിശിനരികിൽ ഒരു ശിഷ്യൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ഈ ശിഷ്യനാണ് ഈശോ തന്റെ അമ്മയെ നൽകിയത്.

യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ 'യോഹന്നാൻ' എന്ന പേര് അദ്ദേഹം ഉപയോഗിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. ഇതൊരു സൂചനയാണ്. മറ്റൊരുപേരിൽ അറിയപ്പെടാനാണ് അദ്ദേഹം ആഗ്രഹിച്ചത് – 'ഈശോ സ്നേഹിച്ച ശിഷ്യൻ'. ഈ വിശേഷണം ഒരു അടയാളമാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിന്റെ പ്രത്യേകതയാണ് അത് കാണിക്കുന്നത്. മറ്റ് സുവിശേഷങ്ങളിൽനിന്നും വ്യത്യസ്തമായി ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന് ഊന്നൽ കൊടുക്കുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ദൈവത്തിന് മനുഷ്യനോടുള്ള നിലയ്ക്കാത്ത, അനന്തമായ, അചഞ്ചലമായ, താഴേയ്ക്കിറങ്ങി വരുന്ന സ്നേഹം അതിന്റെ തീവ്രതയിൽ വരച്ചുകാണിക്കുന്നത് യോഹന്നാൻശ്ലീഹായാണ്.

മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് ഈശോ: "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (3:16). ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'നൽകി' എന്ന ക്രിയ ബലിയെ സൂചിപ്പിക്കുന്നതാണ്. അബ്രാഹം തന്റെ പുത്രനെ നൽകി എന്നു പറയുമ്പോൾ ഇസഹാക്കിനെ ബലിയർപ്പിക്കാൻ തയ്യാറായി എന്നാണ് വിവക്ഷ. ദൈവം ഇത്രമാത്രം സ്നേഹിച്ച ഓരോ മനുഷ്യന്റെയും പ്രതീകമാണ് 'ഈശോ സ്നേഹിച്ച ശിഷ്യൻ'. ദൈവം ഇത്രമാത്രം സ്നേഹിച്ച ഓരോ മനുഷ്യവ്യക്തിയെയുമാണ് 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന വിശേഷണത്തിലൂടെ ഇവിടെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നത്.

മറ്റെല്ലാവരേയുംകാൾ ഈശോയുടെ സ്നേഹത്തോട് ക്രിയാത്മകമായി പ്രതികരിച്ചവനാണ് യോഹന്നാൻ. അന്ത്യത്താഴവേളയിൽ ഈശോയുടെ മാറിൽ ചാരിക്കിടക്കുന്നത് യോഹന്നാനാണ്. ചാരിക്കിടക്കുന്നത് സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടയാളമാണ്. ഈശോയുടെ

സ്നേഹത്താൽ ആഴത്തിൽ സ്പർശിക്കപ്പെടുകയും ആ സ്നേഹത്തിന് പരമാവധി പ്രത്യുത്തരം നൽകുകയും ചെയ്ത യോഹന്നാൻ തന്റെ പേരിനേക്കാൾ 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന വിശേഷണത്താൽ അറിയപ്പെടാനാണ് ആഗ്രഹിച്ചത്. അതുകൊണ്ടാണ് യോഹന്നാൻ അറിയിച്ച സുവിശേഷത്തിൽ അദ്ദേഹത്തിന്റെ പേര് ഉപയോഗിക്കാത്തത്. ഈശോ സ്നേഹിച്ച "ഈ ശിഷ്യൻ തന്നെയാണ് ഈ കാര്യങ്ങൾക്കു സാക്ഷ്യം നല്കുന്നതും ഇവ എഴുതിയതും" (21:24) എന്ന് സുവിശേഷത്തിൽന്നെ വ്യക്തമായി പറയുന്നുണ്ട്.

വി. യോഹന്നാന്റെ ഈ മിശിഹാനുഭവം പകർന്നു നല്കിയതാണ് 'യോഹന്നാൻ എഴുതിയ സുവിശേഷം'. ദൈവത്തെ സ്നേഹിക്കുന്നതിനെക്കുറിച്ചല്ല, ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും ആ സ്നേഹം അനുഭവിച്ചറിഞ്ഞ സമൂഹത്തിലുണ്ടായിരിക്കേണ്ട പരസ്പരസ്നേഹത്തെക്കുറിച്ചുമാണ് യോഹന്നാൻശ്ലീഹാ എഴുതുന്നത്: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (13:34). ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തെക്കുറിച്ചുള്ള ആഴമായ അവബോധവും അനുഭവവും, ആ സ്നേഹാനുഭവത്തിനു കൊടുത്ത പരമാവധി പ്രത്യുത്തരവുമാണ് 'ഈശോ സ്നേഹിച്ച ശിഷ്യൻ' എന്ന് സ്വയം വിശേഷിപ്പിക്കുവാനും ഈ സ്നേഹത്തിന്റെ സുവിശേഷം ലോകത്തിന് പകരുവാനും യോഹന്നാന് പ്രേരണയായത്

## സുവിശേഷവും ചരിത്രാധിഷ്ഠിതപാരമ്പര്യവും

അടുത്തകാലംവരെ നാലാമത്തെ സുവിശേഷത്തിന്റെ ചരിത്രാധിഷ്ഠിതപാരമ്പര്യത്തെ പലരും ചോദ്യം ചെയ്തിരുന്നു. എന്നാൽ അടുത്ത കാലത്തു നടത്തിയ പുരാവസ്തുഗവേഷണങ്ങൾ സുവിശേഷത്തിലെ പല വിശദാംശങ്ങളുടെയും വിശ്വസനീയത തെളിയിച്ചിരിക്കുന്നു. നാലാമദ്ധ്യായത്തിൽ പരാമർശിക്കപ്പെടുന്ന സമരിയാക്കാർ, അവരുടെ ദൈവശാസ്ത്രം, ഗരിസിംമലയിൽ അവർ നടത്തിയിരുന്ന ആരാധന, യാക്കോബിന്റെ കിണർ എല്ലാം വളരെ കൃത്യമാണെന്നു തെളിയിക്കപ്പെട്ടു. അഞ്ചാമദ്ധ്യായം വിവരിക്കുന്ന ബേത്സദാക്കുളം, അതിന്റെ സ്ഥാനം, നിർമ്മാണപ്രത്യേകതകൾ തുടങ്ങിയ വിശദാംശങ്ങൾ ഗവേഷണഫലങ്ങളോടു യോജിക്കുന്നു. സീലോഹാക്കുളം (9:7), ശീതകാലത്ത് അഭയസ്ഥാനമായി വർത്തിച്ചിരുന്ന സോളമന്റെ മണ്ഡപം (10:22-23), പീലാത്തോസിന്റെ അരമനയിലെ കൽത്തളം (19:13) എന്നിവയും വളരെ കൃത്യമാണെന്നു വ്യക്തമായിട്ടുണ്ട്. എ.ഡി. 70-ൽ പലസ്തീനാ നശിപ്പിക്കപ്പെടുന്നതിനു മുമ്പുള്ള സ്ഥിതിഗതികളാണ് യോഹന്നാൻശ്ലീഹാ ചിത്രീകരിച്ചിട്ടുള്ളത്. പെസഹാത്തിരുനാൾ (അദ്ധ്യായം 6), കൂടാരത്തിരുനാൾ (അദ്ധ്യായങ്ങൾ 7,9) എന്നിവയോടനുബന്ധിച്ച് അവതരിപ്പിച്ചിരിക്കുന്ന ദൈവശാസ്ത്രപ്രമേയങ്ങൾ, ജറുസലേം ദൈവാലയം നശിപ്പിക്കപ്പെടുന്നതിനുമുമ്പ് പ്രസ്തുത തിരുനാളുകളോടനുബന്ധിച്ചുണ്ടായിരുന്ന ആഘോഷങ്ങളും തിരുലിഖിതവായനകളും സുവിശേഷകനു കൃത്യമായി അറിയാമായിരുന്നുവെന്നതിന് തെളിവുകളാണ്. ഇവയിൽനിന്നെല്ലാം വി. യോഹന്നാൻ





ഈശോയെ അവതരിപ്പിക്കുന്ന പശ്ചാത്തലം ചരിത്രാധിഷ്ഠിതമാണെന്നു വ്യക്തമാകുന്നു.

നാലാമത്തെ സുവിശേഷത്തിന്റെ ചരിത്രാടിസ്ഥാനത്തെ സംശയാസ്പദമാക്കിയിരുന്ന ഒരു മുഖ്യഘടകം സുവിശേഷകനിലെ ഈശോയുടെ പ്രത്യേക സംഭാഷണരീതിയാണ്. പ്രകാശം-അന്ധകാരം, സത്യം-അസത്യം തുടങ്ങിയ, സമാന്തരസുവിശേഷങ്ങളിലില്ലാത്ത, ദ്വന്ദ്വാത്മകപ്രയോഗങ്ങൾ ഈശോയുടെ സ്ഥലകാലങ്ങളിൽനിന്നു വിഭിന്നമായ ചിന്താരീതിയെ പ്രതിഫലിപ്പിക്കുന്നു എന്ന നിലപാടായിരുന്നു പലർക്കുമുണ്ടായിരുന്നത്. രണ്ടാംനൂറ്റാണ്ടിലെ യവനലോകത്തിലായിരിക്കണം യോഹന്നാനിലെ ഈശോ ജീവിച്ചിരിക്കുക എന്ന ചിന്തയാണ് അവർക്കുണ്ടായിരുന്നത്. പക്ഷേ ഈ പ്രയോഗങ്ങൾ ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പലസ്തീനായിൽ പ്രയോഗത്തിലിരുന്ന വാക്കുകൾ തന്നെയാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1947 മുതൽ ഖുമ്റാനിൽനിന്നും കണ്ടെടുക്കപ്പെട്ട 'ചാവുകടൽ ചുരുളുകൾ' (Dead Sea Scrolls) യോഹന്നാന്റെ ദ്വന്ദ്വാത്മകപ്രയോഗങ്ങൾക്കും പ്രത്യേക പദാവലികൾക്കും സദൃശമായ പ്രമേയങ്ങളും പദങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ഈ തുകൽച്ചുരുളുകളുടെ ഉടമകളായ ഖുമ്റാൻ സമൂഹം ബി.സി. 168 മുതൽ എ.ഡി. 68 വരെയുള്ള കാലയളവിലാണ് നിലവിലുണ്ടായിരുന്നത്. തന്മൂലം യോഹന്നാന്റെ ഭാഷാപരമായ പ്രത്യേകതളും സുവിശേഷത്തിന്റെ ചരിത്രാധിഷ്ഠിത പാരമ്പര്യത്തെ സംശയാസ്പദമാക്കുന്നില്ല.

പൊതുവിവരങ്ങളിൽ യോഹന്നാൻശ്ലീഹാ ചില കാര്യങ്ങൾ സമാന്തരസുവിശേഷകന്മാരെക്കാൾ വസ്തുനിഷ്ഠമായി പ്രതിപാദിച്ചിരിക്കുന്നതു കാണാം. സമാന്തരസുവിശേഷങ്ങളിലെ വിവരണമനുസരിച്ച് ഈശോ ഒരിക്കൽ മാത്രമേ ജറുസലേമിലേക്കു പോയിട്ടുള്ളൂ. യോഹന്നാനാകട്ടെ അവിടുന്നു പലതവണ അവിടെ പോയതായി രേഖപ്പെടുത്തിയിരിക്കുന്നു. ജറുസലേം നിവാസികളിൽ വിശ്വാസമുളവാക്കുവാൻ ഈശോ പല തവണ ശ്രമിച്ചുവെന്ന ലൂക്കായുടെ പ്രസ്താവനയും (ലൂക്കാ 13:34), ജറുസലേമിൽ ഈശോയ്ക്ക് പല പരിചയക്കാരുമുണ്ടായിരുന്നുവെന്ന മർക്കോസിന്റെ പ്രസ്താവനയും (മർക്കോ 14:13-14), യോഹന്നാന്റെ ഈ അവതരണം കൃത്യമായിട്ടുള്ളതെന്നു ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

## യോഹന്നാന്റെ ദൈവശാസ്ത്രം

### 1. മിശിഹാവിജ്ഞാനീയം

യോഹന്നാന്റെ മിശിഹാവിജ്ഞാനീയം മനസ്സിലാക്കാൻ സാധിക്കണമെങ്കിൽ യോഹന്നാന്റെ മിശിഹാദർശനത്തെ സ്വാധീനിച്ച മൂന്നു ഘടകങ്ങൾ കണക്കിലെടുക്കണം: 1. ചരിത്രവും വിശ്വാസവും തമ്മിലുള്ള ബന്ധം; 2. മാംസവും മഹത്ത്വവും അഥവാ മനുഷ്യത്വവും ദൈവത്വവും തമ്മിലുള്ള ബന്ധം; 3. വ്യക്തിയും ദൗത്യവും തമ്മിലുള്ള ബന്ധം.

### ചരിത്രവും വിശ്വാസവും തമ്മിലുള്ള ബന്ധം

യോഹന്നാന്റെ മിശിഹാദർശനം ചരിത്രത്തിൽ ജീവിച്ച ഈശോയെ അറിയുന്നവന്റെയും അതേസമയം ഉത്ഥിതനായ ഈശോയിൽ വിശ്വസിക്കുന്നവന്റെയും ദർശനമായിരുന്നു. ഈ ദർശനത്തിന് നാലു ഘടകങ്ങൾ ഉണ്ടായിരുന്നിരിക്കണം. 1. ഈശോയോടൊത്ത് ജീവിച്ച ദൃക്സാക്ഷിയുടെ അനുഭവം: "അതു കണ്ടയാൾ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു" (19:35). 2. ദൈവനിവേശനം അഥവാ പരിശുദ്ധാത്മാവിന്റെ പ്രബോധനം: ഉത്ഥാനശേഷം ഈശോ പറഞ്ഞ കാര്യങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ സഹായകമായ പ്രബോധനം ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് നല്കുമെന്ന വാഗ്ദാനം ശിഷ്യർക്ക് ലഭിച്ചിരുന്നു (14:26). 3. സഭയുടെ പാരമ്പര്യം: ഈശോയിൽ വിശ്വസിച്ചവരുടെ സമൂഹമാണല്ലോ സഭ. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വാസികളായിത്തീർന്ന സഭാസമൂഹത്തിന്റെ വിശ്വാസപാരമ്പര്യവും സുവിശേഷത്തിന്റെ മിശിഹാദർശനം രൂപപ്പെടുത്തുന്നതിൽ സ്വാധീനിച്ചിട്ടുണ്ട്. 4. യോഹന്നാന്റെ പ്രത്യേക ശൈലി: ഈശോയുടെ വാക്കുകൾ യോഹന്നാൻ അവതരിപ്പിച്ചത് യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേക ഭാഷയിലും ശൈലിയിലുമാണ്.

### മാംസവും മഹത്ത്വവും

യോഹന്നാന്റെ മിശിഹാദർശനം വ്യക്തമാക്കുന്ന വാക്കുകളാണ് ആമുഖത്തിൽ നാം വായിക്കുന്നത്: "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം" (1:14). ദൈവമായ വചനം പൂർണ്ണ മനുഷ്യനായെങ്കിൽ പിന്നെ അവന്റെ ദൈവികമഹത്വം എങ്ങനെ ദൃശ്യമാകും? ദൈവമഹത്ത്വം മനുഷ്യത്വത്തിൽ മറയ്ക്കപ്പെട്ടിരിക്കുന്നതിനാൽ വിശ്വാസത്തിലൂടെ മാത്രമേ അതു ദർശിക്കാൻ കഴിയുകയുള്ളൂ. മനുഷ്യത്വത്തിൽ ദൈവമഹത്ത്വം ദർശിക്കാൻ പരിശ്രമിക്കുമ്പോൾ മനുഷ്യത്വത്തിന് അടിമപ്പെടാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

### വ്യക്തിയും ദൗത്യവും

ഈശോ ചെയ്യുന്ന കാര്യങ്ങൾ ഈശോയുടെ വ്യക്തിത്വവുമായി എങ്ങനെ ബന്ധപ്പെടുന്നു എന്ന് മനസ്സിലാക്കി മാത്രമേ യോഹന്നാന്റെ മിശിഹാദർശനം അറിയാൻ കഴിയൂ. പക്ഷേ ഇവിടെയും വ്യക്തിക്കോ ദൗത്യത്തിനോ പ്രാധാന്യം നൽകുന്നത് എന്നതിനെ ആശ്രയിച്ച് മിശിഹാദർശനം വ്യത്യസ്തമാകാം.

### ഈശോ: മിശിഹായും ദൈവപുത്രനും

യോഹന്നാന്റെ സുവിശേഷത്തിന്റെ ലക്ഷ്യം ഈശോ മിശിഹായും ദൈവപുത്രനുമായി എല്ലാവരാലും അംഗീകരിക്കപ്പെടുക എന്നതാണ് (20:30-31). യോഹന്നാൻശ്ലീഹാ സുവിശേഷം എഴുതിയത് പ്രധാനമായും ക്രൈസ്തവവിശ്വാസികൾക്കുവേണ്ടിയാണ്. അതിനാൽ മിശിഹായും ദൈവപുത്രനും ഒരേ അർത്ഥത്തിലല്ല മനസ്സിലാക്കേണ്ടത്. യഹൂദരെ സംബന്ധിച്ചിടത്തോളം ഈശോ അവർ പ്രതീക്ഷിച്ചിരുന്നതുപോലെ ദാവീദുഗോത്രജനായ മിശിഹാ തന്നെയാണ്. എന്നാൽ അതോടൊപ്പം അവിടുന്ന് ദൈവത്തിന്റെ അതുല്യപുത്രനും അതിനാൽത്തന്നെ ദൈവികമിശിഹായുമാണ്.





യോഹന്നാന്റെ സുവിശേഷത്തിൽ 20-ാം അദ്ധ്യായം 30-ാം വാക്യത്തിനു സമാനമായി വേറെ ഒരു പ്രസ്താവനയേ ഉള്ളൂ. അത് 11:27 ആണ്. അവിടെ മർത്താ ഈശോയെ 'ദൈവപുത്രനായ മിശിഹാ' എന്ന് ഏറ്റുപറയുന്നു. മർത്തായെ സംബന്ധിച്ചിടത്തോളം ഈ അഭിസംബോധനക്ക് യഹൂദവിശ്വാസപ്രകാരമുള്ള മിശിഹായെന്നേ അർത്ഥമുള്ളുവെന്നുവരാം. എങ്കിലും അതിനുശേഷംവരുന്ന അത്ഭുതകൃത്യം (ലാസറിന്റെ പുനരുജ്ജീവനം) തെളിയിക്കുന്നത് അതിനെക്കാൾ കൂടിയ ഒരർത്ഥം ഇതിനുണ്ട് എന്നാണ്. ജീവൻ നല്കാൻ കഴിവുള്ള ദൈവപുത്രനാണ് ഈശോ. യോഹ 20:30-31 ലും ഈ അർത്ഥത്തിലാവണം ഈശോ ദൈവപുത്രനും മിശിഹായുമായി പ്രഖ്യാപിക്കപ്പെടുന്നത്.

## 2. സഭാവിജ്ഞാനീയം

വി. യോഹന്നാന്റെ സുവിശേഷത്തിൽ 'സഭ', 'ദൈവജനം' 'മിശിഹായുടെ ശരീരം' തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചിട്ടില്ല. അതുകൊണ്ട് സഭാവിജ്ഞാനീയമില്ലാത്ത ഒരു സുവിശേഷമായി ഈ സുവിശേഷത്തെ ചിലർ ചിത്രീകരിക്കാറുണ്ട്. പരമ്പരാഗതമായ ചില സഭാത്മകപദങ്ങൾ ഉപയോഗിക്കാത്തതുകൊണ്ട് സഭാവിജ്ഞാനീയം യോഹന്നാന്റെ സുവിശേഷത്തിലില്ല എന്നു പറയുന്നതു ശരിയല്ല. സഭയെ സൂചിപ്പിക്കുന്ന 'മണവാട്ടി' (3:29) 'ദൈവരാജ്യം' (3:3,5), 'തൊഴുത്ത്' (10:16) തുടങ്ങിയ പദങ്ങൾ ഈ സുവിശേഷത്തിൽ ഉപയോഗിക്കുന്നുണ്ട്. വ്യക്തിപരമായി മിശിഹായോടുള്ള ബന്ധത്തിന് യോഹന്നാൻ പ്രാധാന്യം നൽകുന്നു എന്നത് ശരിയാണ്. എന്നാൽ സഭാത്മകമല്ലാത്ത ഒരു വ്യക്തിബന്ധം മിശിഹായോടുണ്ടാവുക സാദ്ധ്യമല്ല. മിശിഹാ മുന്തിരിച്ചെടിയും ശിഷ്യർ ശാഖകളുമായി അവതരിപ്പിക്കപ്പെടുന്നത് (15:1-17) മിശിഹായിലുള്ള സഭാത്മക ജീവിതത്തെ സൂചിപ്പിക്കുന്നതാണ്. മിശിഹായുമായുള്ള അംഗങ്ങളുടെ ഐക്യം പരസ്പരസ്നേഹത്തിൽ പ്രകടമാകുന്നു എന്നത് (15:12,17) ഈ സഭാത്മകമാനത്തെ വ്യക്തമാക്കുന്നു. തന്നിൽ വിശ്വസിക്കുന്നവർ ഒന്നായിരിക്കണമെന്നും, അത് പുറമേയുള്ളവർക്ക് സാക്ഷ്യമായിരിക്കണമെന്നും ഈശോ പ്രാർത്ഥിക്കുന്നത് (17:20-26) സുവിശേഷത്തിന്റെ സഭാത്മക സ്വഭാവം വ്യക്തമാക്കുന്നതാണ്.

യോഹന്നാൻശ്ലീഹായുടെ ലേഖനങ്ങളും വെളിപാടുപുസ്തകവും അദ്ദേഹത്തിന്റെ സഭാത്മകമാനത്തെ അനുകൂലിക്കുന്നുണ്ട്. വ്യാജപ്രവാചകന്മാരെപ്പറ്റി പറയുമ്പോൾ "അവർ നമ്മുടെ കൂട്ടത്തിൽനിന്നും പുറത്തുപോയവരാണ്" എന്നു പറയുന്നു (1 യോഹ 2:19). വെളിപാടുപുസ്തകവും മിശിഹായുടെ മണവാട്ടിയായി സഭയെ അവതരിപ്പിക്കുന്നുണ്ട് (വെളി 19:6-8; 21:2). സഭയെ ദൈവം തങ്ങളുടെ മദ്ധ്യേ വസിക്കുന്ന ദൈവജനമായിട്ടും പഴയ ഇസ്രായേലിന്റെ തുടർച്ചയായിട്ടും വെളിപാടുപുസ്തകം അവതരിപ്പിക്കുന്നു (വെളി 21:3). വി. യോഹന്നാന്റെ ലിഖിതങ്ങളിൽ സഭാവിജ്ഞാനീയമുണ്ട് എന്ന് ഇവയെല്ലാം സൂചിപ്പിക്കുന്നു.

സഭയിലെ ഹയരാർക്കിക്കൽ ശുശ്രൂഷയുടെ സൂചനകളും യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. ഉത്ഥാനശേഷം ശിമയോൻപത്രോസിനെ തന്റെ അജഗണങ്ങളെ മേയിക്കുവാനുള്ള ഉത്തരവാദിത്വം ഏല്പിക്കുന്നു (21:15–17). തന്റെ ദൗത്യം തുടർന്നു നിർവ്വഹിക്കുവാൻ ശിഷ്യന്മാരെ ഈശോ പ്രത്യേകം നിയോഗിക്കുന്നുണ്ട് (4:35–38; 13:20). ഉത്ഥിതനായ ഈശോ തന്റെ അരൂപിയെ നല്കി പാപമോചനദൗത്യം നിർവ്വഹിക്കുവാനായി ശിഷ്യന്മാരെ ഭരമേല്പിക്കുന്നത് സഭയിലെ വിശുദ്ധീകരണശുശ്രൂഷയെ പ്രത്യേകം സൂചിപ്പിക്കുന്നതാണ് (20:22–23).

ദൈവരാജ്യത്തെപ്പറ്റി സമാന്തരസുവിശേഷങ്ങൾ പ്രതിപാദിക്കുന്നിടത്തോളം വി. യോഹന്നാന്റെ സുവിശേഷം പരാമർശിക്കുന്നില്ല. മൂന്നാമദ്ധ്യായത്തിൽ രണ്ടുപ്രാവശ്യം (3:3,5) മാത്രമേ യോഹന്നാൻ 'ദൈവരാജ്യം' എന്ന പദം ഉപയോഗിക്കുന്നുള്ളൂ. അതുകൊണ്ട് ദൈവരാജ്യത്തിന്റെ കൂദാശയായ സഭയ്ക്ക് യോഹന്നാന്റെ സുവിശേഷത്തിൽ പ്രാധാന്യമില്ല എന്നു ചിലർ പറയാറുണ്ട്. പക്ഷേ, ഇത് ശരിയല്ല. 'ദൈവരാജ്യം' 'മിശിഹായുടെ വ്യക്തിത്വ'വുമായി താദാത്മ്യപ്പെടുന്ന ഒരു വളർച്ച പുതിയനിയമകാലഘട്ടത്തിൽ സംഭവിക്കുന്നുണ്ട്. 'ദൈവരാജ്യം' എന്നത് 'ദൈവഭരണം' ആണ്. ദൈവഭരണം അതിന്റെ പൂർണ്ണതയിൽ യാഥാർത്ഥ്യമായത് ഈശോയുടെ ജീവിതത്തിലാണ്. അതുകൊണ്ട് സമാന്തരസുവിശേഷങ്ങളിലെ 'ദൈവരാജ്യം' യോഹന്നാന്റെ സുവിശേഷത്തിലെ 'മിശിഹാ' ആയി രൂപാന്തരപ്പെട്ടു. ഈശോ രാജാവാണെന്ന പരാമർശം 15 പ്രാവശ്യം യോഹന്നാന്റെ സുവിശേഷത്തിൽ കാണപ്പെടുന്നു. സമാന്തരസുവിശേഷത്തിൽ ദൈവരാജ്യത്തെ ഉദാഹരിക്കുന്ന ഉപമകൾ യോഹന്നാന്റെ സുവിശേഷത്തിൽ മിശിഹായെ സൂചിപ്പിക്കുന്ന പ്രതീകങ്ങളായി മാറുന്നുണ്ട്. ഉദാഹരണത്തിന് സമാന്തരസുവിശേഷങ്ങളിൽ ദൈവരാജ്യം പുളിമാവിനു സദൃശമാണെങ്കിൽ (മത്താ 13:33) യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ ജീവന്റെ അപ്പമാണ് (യോഹ 6:35–59). സമാന്തരസുവിശേഷങ്ങളിലെ കാണാതെപോയ ആടിനെ തേടി പ്പുറപ്പെട്ട് കണ്ടുപിടിക്കുന്ന ദൈവം (ലൂക്കാ 15:1–7) യോഹന്നാന്റെ സുവിശേഷത്തിലെ നല്ല ഇടയനായ മിശിഹായാണ് (യോഹ 10:1–18). സമാന്തരസുവിശേഷങ്ങളിൽ ഫലം പുറപ്പെടുവിക്കുന്നവർക്ക് ഏല്പിച്ചുകൊടുക്കുന്ന മുന്തിരിത്തോപ്പ് (മത്താ 21:33–44) യോഹന്നാന്റെ സുവിശേഷത്തിലെ മുന്തിരിവള്ളിയായ ഈശോയാണ് (15:1–17). മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമായിട്ടാണ് യോഹന്നാൻശ്ലീഹാ സഭയെ അവതരിപ്പിക്കുന്നത്.

## 3. കൂദാശകളുടെ ദൈവവിജ്ഞാനീയം

യോഹന്നാന്റെ സുവിശേഷം കൂദാശകളെപ്പറ്റി വ്യക്തമായ സൂചനകൾ നല്കുന്നുണ്ട്. മാമ്മോദീസാ, പരി. കുർബാന, കുമ്പസാരം എന്നീ കൂദാശകളെക്കുറിച്ചാണ് സുവിശേഷം പ്രത്യേകമായി പ്രതിപാദിക്കുന്നത്.

**മാമ്മോദീസാ**

മാമ്മോദീസായെ 'വീണ്ടുമുള്ള' അഥവാ 'ഉന്നതത്തിൽനിന്നുള്ള' ജനനമെന്നും (3:3) ജലത്താലും അരൂപിയാലുമുള്ള ജനനമെന്നും (3:5) സുവിശേഷകൻ വിശേഷിപ്പിക്കുന്നു. 'ജനനം' എന്നു വിശേഷിപ്പിക്കുന്നതുകൊണ്ട് ഒരു പുതിയജീവിതത്തിനു തുടക്കംകുറിക്കുന്ന കൂദാശയാണ് മാമ്മോദീസാ എന്നത് വ്യക്തമാണ്. വിശ്വാസികളുടെ സമൂഹമായ സഭയിലേയ്ക്കുള്ള പ്രവേശനകൂദാശയായതുകൊണ്ട് സഭ ഈ പുതിയ ജീവിതത്തിലേക്കു പ്രവേശിച്ചവരുടെ സമൂഹമാണെന്ന് സുവിശേഷം വ്യക്തമാക്കുന്നു. ജനനത്തിൽ മുൻകൈ എടുക്കുന്നത് ജനിക്കുന്ന ആളല്ല; ജനിപ്പിക്കുന്ന ആളാണ്. സഭയുടെ വിശ്വാസത്തിലേക്കു ഒരുവനെ ജനിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. അതുകൊണ്ട് സഭാംഗങ്ങളുടെ വിശ്വാസം ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന്റെ ആത്മാവാണ് സഭയുടെ വിശ്വാസത്തിലേക്ക് ഒരുവനെ പ്രവേശിപ്പിക്കുന്നതും വളർത്തുന്നതും. സഭയിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ തിരിച്ചറിഞ്ഞ് സഭയുടെ വിശ്വാസജീവിതത്തോട് സഹകരിക്കുകയാണ് ക്രൈസ്തവർ ചെയ്യേണ്ടത്.

മാമ്മോദീസായെക്കുറിച്ച് വ്യക്തമായ പഠനങ്ങൾ 3-ാം അദ്ധ്യായത്തിൽ നല്കുമ്പോൾ പ്രതീകാത്മകമായി മറ്റു സുവിശേഷ ഭാഗങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്: മാമ്മോദീസായിൽ ആരംഭിക്കുന്ന പരിശുദ്ധാത്മാവിലുള്ള ജീവിതത്തിൽ നിരന്തരമായി വളരുന്നത് ജീവജലത്തിന്റെ ഉറവിടമായ മിശിഹായിലുള്ള ജീവിതത്തിലൂടെയാണ് (7:37–39). ഇങ്ങനെ അരൂപിയിൽ ജീവിക്കുന്നവർ നിത്യജീവൻ അവകാശമാക്കും (4:13–14).

മാമ്മോദീസായെ ദൈവരാജ്യപ്രവേശനമായിട്ടാണ് വി. യോഹന്നാൻ അവതരിപ്പിക്കുന്നത്. സഭ ദൈവരാജ്യത്തിന്റെ കൂദാശയാണെന്നും സഭയുടെ വിശ്വാസം ദൈവരാജ്യത്തിന്റെ സുവിശേഷത്തോടുള്ള ആഭിമുഖ്യമാണെന്നും ഇത് സൂചിപ്പിക്കുന്നു. സുവിശേഷം സ്വീകരിച്ച് അതിനനുസൃതമായി ജീവിക്കുന്നവരുടെ സമൂഹമാണ് സഭ. അതുകൊണ്ട് സഭയുടെ അംഗങ്ങൾ സുവിശേഷാത്മകമായ ജീവിതം നയിച്ചുകൊണ്ടാണ് തങ്ങളിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് സഹകരിക്കേണ്ടത്.

**പരി. കുർബാന**

പരി. കുർബനയെക്കുറിച്ചുള്ള സുവിശേഷദർശനം വ്യക്തമായി അവതരിപ്പിക്കുന്നത് 6-ാമദ്ധ്യായം 35 മുതൽ 59 വരെയുള്ള വാക്യങ്ങളിലാണ്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള ദീർഘമായ പ്രഭാഷണമാണ് ഇവിടെ ജീവന്റെ അപ്പമായി അവതരിപ്പിക്കപ്പെടുന്നത്. ഈ പ്രഭാഷണത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, 35–50 വാക്യങ്ങൾ; രണ്ട്, 51–59 വാക്യങ്ങൾ. ഒന്നാം ഭാഗം കുർബാനയിലെ വചനശുശ്രൂഷയെ സൂചിപ്പിക്കുന്നുവെങ്കിൽ, രണ്ടാംഭാഗം കുർബാനയിലെ കൂദാശാശുശ്രൂഷയെയാണ് സൂചിപ്പിക്കുക. രണ്ടുംകൂടി ചേർന്നാണ് വിശ്വാസികൾക്ക് ജീവന്റെ അപ്പമായിത്തീരുന്നത്. 'ജീവന്റെ അപ്പം' എന്നു വിശേഷിപ്പിക്കുന്നതുകൊണ്ട്, അരൂപിയിൽ വളരുവാനുള്ള പോഷണമാണ് പരി. കുർബാന എന്നു മനസ്സിലാക്കാം: "അരൂപിയാണ് ജീവൻ നല്കുന്നത്" (6:63).

യോഹന്നാൻ പരി. കുർബാന എന്ന യാഥാർത്ഥ്യത്തോടൊപ്പം കുർബാനയുടെ ഫലങ്ങളും അവതരിപ്പിക്കുന്നുണ്ട്. പരി. കുർബാനയുടെ പ്രധാനഫലങ്ങൾ നിത്യജീവൻ, ദൈവവുമായുള്ള സഹവാസം, പുനരു

ത്ഥാനം എന്നിവയാണ് (6:51–59). ഇങ്ങനെ പരി. കുർബാന എന്ന കൂദാശയെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നതോടൊപ്പം പ്രതീകങ്ങളിലൂടെ പരി. കുർബാനയെ സൂചിപ്പിക്കുന്ന ഭാഗങ്ങളും സുവിശേഷത്തിലുണ്ട്. വെള്ളം വീഞ്ഞാക്കുന്ന അത്ഭുതം (2:1–11), മുന്തിരിവള്ളിയും ശാഖകളും (15:1–17), പാർശ്വം പിളർക്കപ്പെടുന്ന സംഭവം (19:31–37) എന്നിവയെല്ലാം കൂദാശകളെ സൂചിപ്പിക്കുന്നവയാണ്. വെള്ളം വീഞ്ഞാക്കുന്ന അത്ഭുതം പരി. കുർബാനയിലൂടെ പഴയനിയമ വ്യവസ്ഥിതിയെ മാറ്റി പുതിയ നിയമവ്യവസ്ഥിതി നടപ്പിൽവരുത്തുന്ന ഈശോയെ അവതരിപ്പിക്കുന്നുവെങ്കിൽ, മുന്തിരിവള്ളിയും ശാഖകളും മിശിഹായുടെ ശരീരമായി സഭയെ കെട്ടിപ്പടുക്കുന്ന പരി. കുർബാനയെ സൂചിപ്പിക്കുന്നു. പാർശ്വം പിളർക്കപ്പെടുകയും രക്തവും വെള്ളവും പുറപ്പെടുകയും ചെയ്യപ്പെടുന്ന സംഭവം (19:31–37) മാമ്മോദീസായെയും പരി. കുർബാനയെയും സൂചിപ്പിക്കുന്നുണ്ട്. തന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലമായി പരിശുദ്ധാത്മാവിനെ നല്കുന്നവനായി ഈശോ പ്രവർത്തിക്കുന്നത് തന്റെ പാർശ്വത്തിൽനിന്നും രൂപംകൊള്ളുന്ന സഭയിലൂടെയും സഭയുടെ കൂദാശകളിലൂടെയുമാണ്: പ്രത്യേകിച്ച് മാമ്മോദീസായും (വെള്ളം) പരി. കുർബാനയും (രക്തം).

## 4. യുഗാന്തവിജ്ഞാനീയം

യോഹന്നാന്റെ സുവിശേഷത്തിന് യുഗാന്തവിജ്ഞാനീയത്തെ സംബന്ധിച്ചിടത്തോളം തനതായ ഒരു സമീപനമുണ്ട്. പ്രധാനമായും യുഗാന്തവിജ്ഞാനീയത്തിന്റെ രണ്ടു പ്രധാന വശങ്ങളാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്: 1. ലംബമാനവും സമാന്തരമാനവും; 2. നിറവേറിയ മാനവും നിറവേറാനിരിക്കുന്ന മാനവും.

### 1. ലംബമാനവും സമാന്തരമാനവും

സാധാരണ രീതിയിൽ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തെ ബൈബിൾ അവതരിപ്പിക്കുന്നത് സമാന്തരമാനരീതിയിലാണ്. സൃഷ്ടിയുടെ നിമിഷംമുതൽ ദൈവം ചരിത്രത്തെ മുന്നോട്ടു നയിക്കുന്നു. പാപവും പാപത്തിൽനിന്നുള്ള വീണ്ടെടുപ്പും ചരിത്രസംഭവങ്ങളിലൂടെയും വ്യക്തികളിലൂടെയും പ്രായോഗികമാക്കുന്നു. ചരിത്രത്തിന്റെ നിർണ്ണായക ഘട്ടത്തിൽ ദൈവം തന്റെ പുത്രനിലൂടെ മനുഷ്യരക്ഷ സാധിക്കുന്നു. എന്നാൽ രക്ഷ ആവശ്യമുള്ള ഈ ലോകവും രക്ഷ നല്കുന്ന ദൈവത്തിന്റെ ലോകവും ഒരേസമയം പ്രവർത്തനനിരതമാകുകയും രക്ഷ ആവശ്യമുള്ള ലോകം രക്ഷ നല്കുന്ന ദൈവത്തിന്റെ ലോകത്താൽ എടുക്കപ്പെടുകയും ചെയ്യുന്ന സമാന്തരമാനവും ബൈബിളിൽ കാണാവുന്നതാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ഈ രണ്ടു മാനങ്ങളും ഉള്ളതായി കാണുന്നുണ്ട്. സഭയിലൂടെ മിശിഹാ തന്റെ രക്ഷാകരപ്രവർത്തനം പൂർത്തിയാക്കുന്നു എന്നത് യുഗാന്ത്യോന്മുഖതയുടെ സമാന്തരമാനത്തിന് ഉദാഹരണമാണ്. സഭയുടെ പ്രേഷിതസ്വഭാവവും യോഹന്നാന്റെ സുവിശേഷം എടുത്തുകാണിക്കുന്നുണ്ട് (4:35–38; 20:21). ലോകവുമായുള്ള സംഘർഷം (16:8), വചനംവഴി തന്നിൽ വിശ്വസിക്കാനിരിക്കുന്നവർ (യോഹ 17:20) എല്ലാം ഈ സമാന്തരമാനത്തെ എടുത്തുകാണിക്കുന്നവയാണ്.





എന്നാൽ യുഗാന്ത്യോന്മുഖതയുടെ ലംബമാനത്തിനും വി. യോഹന്നാന്റെ സുവിശേഷത്തിൽ ഒരു ഊന്നൽ കാണുന്നുണ്ട്. “സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല” (3:13); “വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു” (1:14); തന്റെ ജീവിതത്തിന്റെ മൂർദ്ധന്യാവസ്ഥ താൻ ഉയർത്തപ്പെടുന്ന നിമിഷമാണെന്നും അപ്പോൾ താൻ എല്ലാവരെയും തന്റെ പക്കലേക്കാകർഷിക്കും (12:32) എന്നെല്ലാം പറയുന്നത് ഈ ലംബമാനത്തെ സൂചിപ്പിക്കുന്നുണ്ട്; രണ്ടു ലോകങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം യോഹന്നാൻ പലപ്പോഴും പ്രസ്താവിക്കുന്നുണ്ട്. “മുകളിൽനിന്നുള്ളവരും താഴെനിന്നുള്ളവരും(3:31; 8:23), അരൂപിയിൽനിന്നുള്ളവരും മാംസത്തിൽനിന്നുള്ളവരും (3:6; 6:63) തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈശോ നല്കുന്നത് യഥാർത്ഥ ദാനങ്ങൾ അഥവാ സ്വർഗ്ഗീയദാനങ്ങളാണ്: സാധാരണജലത്തിൽനിന്നും വ്യത്യസ്തമായ ജീവജലം (4:10–14); നശ്വരമായ അപ്പമല്ല, അനശ്വരമായ ജീവന്റെ അപ്പം (6:27); ലോകത്തിലേക്കു വന്ന യഥാർത്ഥ വെളിച്ചം (3:19).

### 2. നിറവേറിയതും (Realized) നിറവേറാനിരിക്കുന്നതുമായ (Futuristic) മാനങ്ങൾ

യുഗാന്ത്യോന്മുഖതയുടെ നിറവേറിയ മാനങ്ങൾ യോഹന്നാന്റെ സുവിശേഷം പ്രത്യേകം എടുത്തുകാണിക്കുന്നുണ്ട്. ദൈവത്തിന്റെ മഹത്വത്തിലുള്ള വരവിനെക്കുറിച്ച് പഴയനിയമ പ്രതീക്ഷകൾ ഈശോയിൽ യാഥാർത്ഥ്യമായി. “ഞങ്ങൾ അവന്റെ മഹത്വം ദർശിച്ചു” (1:14). ദൈവത്തിന്റെ അന്ത്യഇടപെടലാകുന്ന വിധി ഈശോയിൽ സന്നിഹിതമായി: “ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നു” (3:19). വിശ്വസിക്കാൻ തയ്യാറാകാത്തവർ ശിക്ഷയ്ക്കു വിധിക്കപ്പെട്ടുകഴിഞ്ഞു (3:18). മരണശേഷം സ്വന്തമാക്കാമെന്നു പ്രതീക്ഷിക്കുന്ന നിത്യജീവൻ (മർക്കോ 10:30) ഈശോയിൽ വിശ്വസിക്കുന്നവർ സ്വന്തമാക്കിക്കഴിഞ്ഞു: “പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്” (3:36). “സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. ...അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു” (5:24).

അതേസമയം, യുഗാന്ത്യോന്മുഖതയുടെ ഭാവിമാനങ്ങളും യോഹന്നാന്റെ സുവിശേഷം അവഗണിക്കുന്നില്ല. നിത്യജീവൻ ഈ ലോകത്തിൽ തന്നെ വിശ്വാസത്തിലൂടെ സ്വന്തമാക്കാമെങ്കിലും, ശാരീരികമരണമുണ്ടാകും എന്നു വ്യക്തമാക്കുന്നുണ്ട്: “ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും” (11:25). ശാരീരികമരണത്തിന് നിത്യജീവനെ നശിപ്പിക്കാൻ സാധിക്കുകയില്ല. പക്ഷേ, മരണത്തിനു മുൻപില്ലാതിരുന്ന ഒരു പൂർണ്ണത മരണശേഷം നിത്യജീവന് ഉണ്ടാകും. പാപംമൂലം നിത്യജീവൻ നഷ്ടപ്പെടാനുള്ള സാദ്ധ്യത മരണശേഷം ഉണ്ടാവുകയില്ല. ശിഷ്യർ ഈ ഭൂമിയിൽ ഈശോയുടെ മഹത്വം ദർശിക്കുമെങ്കിൽ, അവർ പിതാവിന്റെ സന്നിധിയിൽ ഈശോയൊടൊത്ത് ഒന്നുചേരുമ്പോൾ അവർക്ക് ഈശോയുടെ ഒരു ഭാവിമഹത്വത്തിന്റെ ദർശനമുണ്ടാകും (17:24). ഇങ്ങനെ നിറവേറിയതും നിറവേ

റാനിരിക്കുന്നതുമായ വർത്തമാന-ഭാവി മാനങ്ങളുള്ളതാണ് യോഹന്നാൻ സുവിശേഷകന്റെ യുഗാന്തദൈവശാസ്ത്രം.

## 5. പരിശുദ്ധാത്മ വിജ്ഞാനീയം

'അരൂപിയുടെ സുവിശേഷം' എന്ന അപരനാമത്താൽ വി. യോഹന്നാന്റെ സുവിശേഷം അറിയപ്പെടുന്നു. കാരണം പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തെ ആഴമായി അപഗ്രഥിച്ച് ഈ സുവിശേഷം അവതരിപ്പിക്കുന്നു. യോഹന്നാന്റെ വീക്ഷണത്തിൽ ക്രൈസ്തവജീവിതം വിശ്വാസത്തിൽ അധിഷ്ഠിതമാണ്. പരിശുദ്ധാരൂപിയാണ് ഈ ജീവിതത്തിലേക്ക് ഒരുവനെ ആനയിക്കുന്നതും അതിൽ നിലനിർത്തുന്നതും. മിശിഹായുടെ ദൗത്യത്തിനു വഴിയൊരുക്കിയത് പരിശുദ്ധാത്മാവാണ് (1:32). അരൂപിയിൽ വിശ്വാസജീവിതം നയിക്കുന്നവർക്ക് അരൂപി നൽകുന്ന ഏറ്റവും വലിയ സമ്മാനം നിത്യജീവനാണ്. നിത്യജീവനിലേക്കു നയിക്കുന്ന ഉറവിടമായി അരൂപി അവരിൽ വസിക്കുന്നു (4:13-14; 7:37-39). ഉത്ഥാനാനന്തരം തന്റെ ദൗത്യം പിന്തുടരാൻ അവിടുന്ന് പരിശുദ്ധാരൂപിയെ തന്റെ ശിഷ്യസമൂഹത്തിലേയ്ക്കയയ്ക്കുന്നു. (20:21-22).

### സഹായകനായ പരിശുദ്ധാത്മാവ്

യോഹന്നാന്റെ സുവിശേഷത്തിൽ പരിശുദ്ധാരൂപിയെ 'പാറക്ലേത്താ' യായി അവതരിപ്പിക്കുന്ന ഒരു പ്രത്യേക കാഴ്ചപ്പാടുണ്ട്. യോഹ 14:16-17ൽ വിശ്വാസികളിൽ വസിക്കുന്ന അരൂപിയായി 'പാറക്ക്ലേത്തായെ ചിത്രീകരിക്കുന്നു. ഇതിൽനിന്ന്, സഭയ്ക്കാണ് അരൂപിയുടെ ശാശ്വത സാന്നിദ്ധ്യം വാഗ്ദാനം ചെയ്തിരിക്കുന്നതെന്നു വ്യക്തമാകുന്നു: "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരുകയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല.... എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും" (14:16-17).

### അരൂപിയുടെ പ്രവർത്തനങ്ങൾ

'പാറക്ലേത്താ' എന്ന വാക്കിന്റെ അർത്ഥം 'സഹായകൻ' എന്നാണ്. വിശ്വാസികളെ, തങ്ങളുടെ വിശ്വാസജീവിതത്തിൽ സഹായിക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനമായി യോഹന്നാൻസുവിശേഷകൻ അവതരിപ്പിക്കുന്നത്. മൂന്നു വിധത്തിലാണ് ഈ സഹായം അരൂപി നൽകുന്നത്. 1. പഠിപ്പിക്കുക; 2. സാക്ഷ്യംവഹിക്കുക; 3. ബോധ്യപ്പെടുത്തുക. പരിശുദ്ധാത്മാവിന്റെ ഒന്നാമത്തെ പ്രവർത്തനം വിശ്വാസികളെ പഠിപ്പിക്കുക എന്നതാണ്. വിശ്വാസത്തിന്റെ വിഷയം ദൈവവചനമാണല്ലോ. ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിന്റെ പൊരുൾ മനസ്സിലാക്കുവാൻ അരൂപി വിശ്വാസികളെ സഹായിക്കും: "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (14:26). അരൂപിയുടെ രണ്ടാമത്തെ പ്രവർത്തനം 'സാക്ഷ്യം വഹിക്കുക' എന്നതാണ്. "ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നല്കും" (15:26). ലോകത്തിന്റെ വിദ്വേഷത്തെയും പീഡനങ്ങളെയുംപറ്റി പ്രതിപാദിക്കുന്നതാണ് സന്ദർഭം (15:18-28; 16:1-4). അതിനാൽ ഇവിടെ പറയുന്ന സാക്ഷ്യംവഹിക്കൽ, പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും പീഡനങ്ങളുടെയും മദ്ധ്യേ, വിശ്വാസത്തിൽ സ്ഥിരതയോടുകൂടി നില്ക്കാൻ സഹായിക്കുന്ന അരൂപിയുടെ പ്രവർത്തനമാണ്. അരൂപിയുടെ മൂന്നാമത്തെ പ്രവർത്തനം "ബോദ്ധ്യപ്പെടുത്തുക" എന്നതാണ്. "അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും-അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തും" (16:8-11).

ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'ഏലെഗ്കെയിൻ' എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം 'തെറ്റിനെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുക' അല്ലെങ്കിൽ 'കുറ്റം വിധിക്കുക' എന്നാണ്. ലോകത്തെയാണ് അരൂപി കുറ്റംവിധിക്കുന്നത്. പക്ഷേ, അരൂപിയുടെ പ്രവർത്തനം ശിഷ്യരിൽ അഥവാ ഈശോയിൽ വിശ്വസിക്കുന്നവരിലാണ്. അതുകൊണ്ട് വിശ്വാസികളിൽ പ്രവർത്തിക്കുന്ന ലോകത്തെ ആയിരിക്കണം അരൂപി കുറ്റപ്പെടുത്തുന്നത്. യോഹന്നാന്റെ കാഴ്ചപ്പാടിൽ പാപം വിശ്വാസമില്ലായ്മയാണ്. അതുകൊണ്ട് വിശ്വാസമില്ലായ്മ സംഭവിക്കുമ്പോൾ അരൂപി വിശ്വാസികളിൽ പാപബോധമുളവാക്കുകയും പാപത്തെ ജയിച്ച മിശിഹായുടെ നീതിയെക്കുറിച്ചും, പാപത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന അന്ധകാരശക്തികളുടെ ശിക്ഷാവിധിയെക്കുറിച്ചും അവർക്കു ബോധ്യം നല്കുകയും ചെയ്യും.

## സുവിശേഷത്തിന്റെ ക്രമീകരണം

ആദ്യം എഴുതപ്പെട്ട സുവിശേഷം വി. മർക്കോസിന്റെ സുവിശേഷമാണ്. വി. യോഹന്നാൻ അടിസ്ഥാനപരമായി ഈ ഘടനയാണ് സ്വീകരിച്ചിരിക്കുന്നതെങ്കിലും തന്റേതായ ദൈവശാസ്ത്ര വീക്ഷണങ്ങൾ സുവിശേഷരചനയിൽ ഉൾച്ചേർത്തിട്ടുണ്ട്. ഈ സുവിശേഷത്തെ പ്രധാനമായും രണ്ട് ഭാഗങ്ങളായി തിരിക്കാം: ഈശോയുടെ പരസ്യജീവിതം വിവരിച്ചിരിക്കുന്ന അടയാളങ്ങളുടെ പുസ്തകവും (1:19-12:50) അവിടുത്തെ പീഡാസഹനമരണോത്ഥാനങ്ങൾ വിവരിച്ചിരിക്കുന്ന മഹത്ത്വത്തിന്റെ പുസ്തകവും (13-20 അദ്ധ്യായങ്ങൾ). അതോടൊപ്പം ഒരു ആമുഖവും (1:1-18) അനുബന്ധവും (അദ്ധ്യായം 21) ഇതിനുണ്ട്.

### രൂപരേഖ

I. 1:1-18 ആമുഖം

II. 1:19-12:50 അടയാളങ്ങളുടെ പുസ്തകം

III. 13:1–20:31 മഹത്ത്വത്തിന്റെ പുസ്തകം

IV. 20:1–25 അനുബന്ധം

അത്ഭുതങ്ങളും പ്രഭാഷണങ്ങളും ഒന്നിനു പുറകേ മറ്റൊന്നായി വിവരിക്കുന്ന രീതി യോഹന്നാൻ സുവിശേഷകന്റെ ഒരു പ്രത്യേകതയാണ്. പ്രഭാഷണങ്ങൾ അത്ഭുതങ്ങളുടെ (അടയാളങ്ങളുടെ) വിശദീകരണങ്ങളും (വ്യാഖ്യാനങ്ങളും) അത്ഭുതങ്ങൾ, വിശദീകരിക്കുന്ന യാഥാർത്ഥ്യത്തിന്റെ അടയാളങ്ങളുമാണ് (ചിത്രീകരണങ്ങളുമാണ്). സുവിശേഷത്തിന്റെ ആദ്യഭാഗത്ത്, അടയാളങ്ങളുടെ പുസ്ത കത്തിൽ, ആദ്യം അടയാളങ്ങളും പിന്നീട് പ്രഭാഷണങ്ങളുമാണെങ്കിൽ (ഉദാ. അദ്ധ്യായം 6 – ആദ്യം അപ്പം വർദ്ധിപ്പിക്കുന്ന അടയാളം; അതിനുശേഷം 'ജീവന്റെ അപ്പ'ത്തെക്കുറിച്ചുള്ള പ്രബോധനം), രണ്ടാം ഭാഗത്ത്, മഹത്ത്വത്തിന്റെ പുസ്തകത്തിൽ, ആദ്യം പ്രഭാഷണങ്ങളും (അന്ത്യപ്രഭാഷണം) പിന്നീട് അടയാളങ്ങളുമാണ് കൊടുത്തിരിക്കുന്നത് (പീഡാസഹനമരണോത്ഥാന വിവരണം).

## സുവിശേഷത്തിന്റെ ക്രമീകരണം: വിശദാംശങ്ങൾ

ആമുഖത്തിനുശേഷം 1:19–51 വരെ സ്നാപകയോഹന്നാന്റെ സാക്ഷ്യവും ആദ്യശിഷ്യന്മാർ ഈശോയെ അനുഗമിക്കുന്നതും വിവരിക്കുന്നു. "ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേര് യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു – വെളിച്ചത്തിന് സാക്ഷ്യം നല്കാൻ; അവൻ വഴി എല്ലാവരും വിശ്വസിക്കാൻ" (1:6–7). ഈ വചനത്തിന്റെ പൂർത്തീകരണമാണ് സ്നാപക യോഹന്നാനെ അവതരിപ്പിക്കുന്നതിൽ ദർശിക്കാനാവുക.

ദൈവം ഈശോയിലൂടെ മനുഷ്യവംശത്തോട് സംസാരിച്ചു. ദൈവത്തിന്റെ സ്നേഹത്തിലേക്ക് മനുഷ്യനെ തിരിച്ചുകൊണ്ട് ഈ സ്നേഹത്തിന് പ്രത്യുത്തരം കൊടുക്കാൻ അവനെ പ്രാപ്തനാക്കുക എന്നതായിരുന്നു ഈശോയുടെ ദൗത്യം. ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലിന് മനുഷ്യൻ അനുകൂലവും പ്രതികൂലവുമായ പ്രത്യുത്തരം നല്കി. തുറന്ന മനസ്സോടെ ക്രിയാത്മകമായി ഈശോയുടെ വെളിപ്പെടുത്തലുകളെ സ്വീകരിച്ച വ്യക്തികളെയാണ് 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങളിൽ വരച്ചുകാട്ടുക. അദ്ധ്യായം ഒന്നിൽ ശിഷ്യത്വത്തിലേക്കു വിളിക്കപ്പെട്ടവരുടെ ക്രിയാത്മകമായ പ്രതികരണത്തെക്കുറിച്ച് ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നുണ്ട്. 2–ാം അദ്ധ്യായത്തിൽ ഈശോയിൽ വിശ്വസിക്കുന്ന ശിഷ്യന്മാരേയും (2:11) പെസഹാത്തിരുനാളിൽ ജറുസലേമിൽ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് അവന്റെ നാമത്തിൽ വിശ്വസിച്ച അനേകരേയും (2:23) അവതരിപ്പിക്കുന്നു. യഹൂദരുടെ പ്രതിനിധിയായി നിക്കൊദേമോസ് ഈശോയിലുള്ള വിശ്വാസത്തിലേക്കു കടന്നുവരുന്ന സംഭവം 3–ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. 4–ാം അദ്ധ്യായത്തിൽ, ആദ്യഭാഗത്ത് സമറിയാക്കാരി സ്ത്രീയും അവളിലൂടെ അനേകം സമറിയാക്കാരും ഈശോയിലുള്ള വിശ്വാസത്തിലേക്കു കടന്നുവരുന്നതും, അവസാനഭാഗത്ത് വിജാതീയരുടെ പ്രതിനിധിയായി രാജസേവകനും കുടുംബവും ഈശോയിൽ





വിശ്വസിച്ച സംഭവവും രേഖപ്പെടുത്തുന്നു (4:53). ചുരുക്കത്തിൽ, 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങളുടെ പ്രതിപാദ്യം വിശ്വാസമാണ്.

5 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങൾ പ്രതികൂലമായ (നിഷേധാത്മകമായ) പ്രത്യുത്തരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. "അവൻ സ്വന്തജനത്തിന്റെ അടുത്തേക്കു വന്നു; എന്നാൽ അവർ അവനെ സ്വീകരിച്ചില്ല" (1:11) എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിരുന്നതിന്റെ പൂർത്തീകരണമാണ് ഈ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നത്. യഹൂദതിരുനാളുകളുടെ പശ്ചാത്തലത്തിലാണ് ഈശോയുടെ പ്രവർത്തനങ്ങൾ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

5–ാം അദ്ധ്യായത്തിൽ സാബത്ത് തിരുനാളിനോടനുബന്ധിച്ച് തളർവാതരോഗിയെ സുഖപ്പെടുത്തുന്ന സംഭവമാണുള്ളത്. സാബത്തിൽ ജോലി ചെയ്യുന്ന ദൈവത്തിന്റെ സഹപ്രവർത്തകനായി ഇവിടെ ഈശോ സ്വയം അവതരിപ്പിക്കുന്നു. 6–ാം അദ്ധ്യായം പെസഹാതിരുനാളിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു. പുളിപ്പില്ലാത്ത അപ്പത്തിന്റെ സ്ഥാനത്ത് സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവന്റെ അപ്പമായി ഇവിടെ ഈശോ സ്വയം അവതരിപ്പിക്കുന്നു. 7 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളിൽ കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിലുള്ള രണ്ട് കർമ്മങ്ങളെ – വെള്ളത്തിന്റെ കർമ്മവും വെളിച്ചത്തിന്റെ കർമ്മവും – അടിസ്ഥാനമാക്കി ഈശോ സ്വയം വെളിപ്പെടുത്തുന്നു. ആദ്യകാലങ്ങളിൽ വിളവെടുപ്പുമായി ബന്ധപ്പെട്ടാണ് ഈ തിരുനാൾ ആഘോഷിച്ചിരുന്നത്. പിന്നീട് ദൈവാലയത്തെ കേന്ദ്രമാക്കി ഇത് ആഘോഷിച്ചു തുടങ്ങിയപ്പോൾ ദൈവത്തിന്റെ രക്ഷാകര കർമ്മവും മരുഭൂമിയിലൂടെയുള്ള അവരുടെ യാത്രയും അനുസ്മരണാ വിഷയങ്ങളായി. വെള്ളത്തിന്റെ കർമ്മത്തിന്റെ അവസരത്തിൽ ഈശോ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രഖ്യാപിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (7:37). വെളിച്ചത്തിന്റെ കർമ്മത്തിന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെ പ്രകാശമായി ഈശോ സ്വയം വെളിപ്പെടുത്തുന്നു: "ഈശോ വീണ്ടും അവരോടു പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" (8:12). 10–ാം അദ്ധ്യായത്തിന് പ്രതിഷ്ഠാതിരുനാളിന്റെ പശ്ചാത്തലമാണുള്ളത് (10:22). അസ്സീറിയാക്കാർ അശുദ്ധമാക്കിയ ദൈവാലയം B.C.165 –ൽ പുതുക്കി പണിയപ്പെട്ടു. അത് പുനഃപ്രതിഷ്ഠിച്ച സംഭവത്തിന്റെ ഓർമ്മയാചരിക്കുന്ന തിരുനാളാണിത്. ഈ തിരുനാളിൽ 'മിശിഹാ'യായി, അഥവാ ദൈവത്താൽ അഭിഷിക്തനായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവനായി സ്വയം ലോകത്തിനുവെളിപ്പെടുത്തി. പിതാവിനു പ്രതിഷ്ഠിക്കപ്പെട്ടവനായി സ്വയം ചിത്രീകരിക്കുന്ന ഈശോ, പഴയ ദൈവാലയത്തിനു പകരം അഭിഷിക്തനായി ലോകത്തിലേക്ക് പിതാവിനാൽ അയയ്ക്കപ്പെട്ട പുതിയ ദൈവാലയമാണ് താനെന്നു വ്യക്തമാക്കുന്നു. പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച ദൈവപുത്രനാണ് ഈശോ (10:36).

11-12 അദ്ധ്യായങ്ങൾ മഹത്ത്വീകരണത്തിനുള്ള ഒരുക്കമാണ്. 'അടയാളങ്ങളുടെ പുസ്തകം' എന്നറിയപ്പെടുന്ന ആദ്യഭാഗം അവസാനിക്കുന്നത് ലാസറിനെ ഉയിർപ്പിക്കുന്ന സംഭവത്തോടെയാണ്. ഇതോടെ യഹൂദരുടെ ശത്രുത വർദ്ധിച്ചു. അത് ഈശോയുടെ മരണത്തിനും അവിടുത്തെ മഹത്ത്വീകരണത്തി നും കാരണമാകുകയും ചെയ്തു (11:53).

13-20 അദ്ധ്യായങ്ങൾ മഹത്ത്വത്തിന്റെ പുസ്തകം എന്നറിയപ്പെടുന്നു. കാരണം ഈശോയുടെ മഹത്ത്വീകരണത്തിന്റെ ഘട്ടങ്ങളായ പീഡാനുഭവ, മരണ, ഉത്ഥാന സംഭവങ്ങളാണ് യോഹന്നാൻശ്ലീഹാ ഇവിടെ രേഖപ്പെടുത്തുന്നത്. പീഡാനുഭവ, മരണ, ഉത്ഥാനങ്ങൾ ഈശോയുടെ മഹത്ത്വത്തിലേയ്ക്കുള്ള വഴിയാണ്. "ആകയാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് അവിടുത്തോടുകൂടെയുണ്ടായിരുന്ന മഹത്ത്വത്താൽ ഇപ്പോൾ അവിടുത്തെ സന്നിധിയിൽ എന്നെ മഹത്ത്വപ്പെടുത്തണമേ" (17:5) എന്നാണ് പീഡാനുഭവത്തിനുമുമ്പ് ഈശോ പ്രാർത്ഥിച്ചതും.

## രൂപരേഖ വിശദമായി

I 1:1-18 ആമുഖം
II 1:19-12:50 അടയാളങ്ങളുടെ പുസ്തകം
1. 1:19-51 സ്നാപകന്റെ സാക്ഷ്യവും ആദ്യശിഷ്യരുടെ അനുഗമിക്കലും
2. 2:1-4:54 ക്രിയാത്മകമായ പ്രത്യുത്തരം
A. 2:1-12 കാനായിലെ ഒന്നാം അത്ഭുതം - വെള്ളം വീഞ്ഞാക്കുന്നു
B. 2:13-25 ജറുസലേം ദൈവാലയശുദ്ധീകരണം
C. 3:1-21 നിക്കൊദേമോസുമായുള്ള സംഭാഷണം
D. 3:22-36 സ്നാപകന്റെ രണ്ടാം സാക്ഷ്യം
E. 4:1-45 സമറിയാക്കാരിയുമായുള്ള സംഭാഷണം
F. 4:46-54 കാനായിലെ രണ്ടാം അത്ഭുതം - രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു
3. 5:1-10:42 യഹൂദതിരുനാളുകളുടെ പശ്ചാത്തലത്തിൽ ഈശോയുടെ സ്വയം വെളിപ്പെടുത്തൽ
A. 5:1-47 സാബത്തിന്റെ പശ്ചാത്തലം - ഈശോ ദൈവത്തിന്റെ സഹപ്രവർത്തകൻ, ജീവദായകൻ
B. 6:1-71 പെസഹാത്തിരുനാളിന്റെ പശ്ചാത്തലം - ഈശോ ജീവന്റെ അപ്പം
C. 7:1-9:41 കൂടാരത്തിരുനാളിന്റെ പശ്ചാത്തലം - ഈശോ ജീവജലത്തിന്റെ ഉറവിടം; ഈശോ ലോകത്തിന്റെ വെളിച്ചം
D. 10:1-42 പ്രതിഷ്ഠാതിരുനാളിന്റെ പശ്ചാത്തലം - ഈശോ നല്ല ഇടയൻ; ഈശോ പിതാവിനാൽ അഭിഷേകം ചെയ്യപ്പെട്ട് ലോകത്തിലേക്ക് അയയ്ക്കപ്പെട്ട ദൈവപുത്രൻ
4. 11:1-12:50 മഹത്ത്വീകരണത്തിനൊരുക്കം
A.11:1-44 ഈശോ ലാസറിനെ പുനരുജ്ജീവിപ്പിക്കുന്നു
B. 11:45-57 സാൻഹെദ്രീൻസംഘം ഈശോയെ മരണത്തിനു വിധിക്കുന്നു





C. 12:1-8 തൈലാഭിഷേകം
D. 12:9-19 രാജകീയപ്രവേശനം
E. 12:20-36 ഗ്രീക്കുകാരുടെ വരവും ഈശോയുടെ മഹത്ത്വീകരണ പ്രഖ്യാപനവും
F. 12:37-50 പരസ്യജീവിതത്തിന്റെ വിലയിരുത്തൽ
III 13:1-20:31 മഹത്ത്വത്തിന്റെ പുസ്തകം
1. 13:1-17:26 അന്ത്യപ്രഭാഷണവും പാദംകഴുകൽ ശുശ്രൂഷയും
A. 13:1-30 പാദം കഴുകലും അപ്പം മുറിക്കലും
B. 13:31-38 അന്ത്യപ്രഭാഷണം - ആമുഖം
C. 14:1-31 അന്ത്യപ്രഭാഷണം - ഒന്നാം ഭാഗം
D. 15:1-16:33 അന്ത്യപ്രഭാഷണം - രണ്ടാം ഭാഗം
E. 17:1-26 ഈശോയുടെ പുരോഹിത പ്രാർത്ഥന
2. 18:1-20:31 പീഡാനുഭവവിവരണം
A. 18:1-19:42 പീഡാനുഭവം, മരണം, മൃതസംസ്ക്കാരം
B. 20:1-31 ഉത്ഥാനവും പ്രത്യക്ഷീകരണവും
IV 21:1-25 അനുബന്ധം

6

# അപ്പസ്തോല പ്രവർത്തനങ്ങൾ

**ഡോ. ജോസഫ് കോട്ടയ്ക്കൽ**

## ആമുഖം

സുവിശേഷങ്ങളിലൂടെ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെയും മനസ്സിലാക്കിയവർക്ക് സ്വാഭാവികമായി ഉണ്ടാകാവുന്ന ജിജ്ഞാസയ്ക്കും ആകാംക്ഷയ്ക്കും പ്രത്യുത്തരമായിട്ടാണ് ഒരു സുവിശേഷകൻ തന്നെയായ ലൂക്കാ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിനു രൂപം നൽകിയത്. ക്രിസ്തുവിന്റെ കാലശേഷം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അപ്പസ്തോലന്മാർ സഭ സ്ഥാപിച്ചതും അതിനെ വളർത്തി വലുതാക്കിയതുമാണ് ഈ ഗ്രന്ഥത്തിലെ പ്രധാന പ്രതിപാദ്യം. എന്നാൽ എല്ലാ അപ്പസ്തോലന്മാരുടെയും പ്രവർത്തനങ്ങൾ ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടില്ല. പ്രധാനമായും സഭയിലെ നെടുംതൂണുകളായ പത്രോസിന്റെയും പൗലോസിന്റെയും പ്രവർത്തനങ്ങളാണ് വിവരിച്ചിരിക്കുന്നത്.

## ഗ്രന്ഥകർത്താവ്

ഈ ഗ്രന്ഥത്തിന്റെ ആദ്യവാചകം തന്നെ ഇതിന്റെ ഗ്രന്ഥകർത്താവിനെ കണ്ടുപിടിക്കുവാൻ സഹായകമാണ്:

അപ്പ 1:1 "അല്ലയോ തെയോഫിലോസ്, യേശു താൻ തിരഞ്ഞെടുത്ത അപ്പസ്തോലന്മാർക്ക് പരിശുദ്ധാത്മാവുവഴി കല്പന നൽകിയതിനുശേഷം സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ട ദിവസംവരെ പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്ത എല്ലാക്കാര്യങ്ങളെയുംകുറിച്ച് ആദ്യഗ്രന്ഥത്തിൽ ഞാൻ എഴുതിയിട്ടുണ്ടല്ലോ."

തെയോഫിലോസിന് യേശുക്രിസ്തുവിനെപ്പറ്റി ഈ ഗ്രന്ഥകർത്താവ് എഴുതി എന്നു പറയുന്ന ഗ്രന്ഥം മൂന്നാമത്തെ സുവിശേഷമാണെന്നു വ്യക്തം (ലൂക്ക 1:3). ഈ സുവിശേഷം എഴുതിയത് ലൂക്കായാണെന്ന്





പൊതുവേ എല്ലാവരും സമ്മതിച്ചിട്ടുള്ളതാകയാൽ അപ്പസ്തോലപ്രവർത്തനങ്ങളുടെ ഗ്രന്ഥകർത്താവും ലൂക്കാതന്നെയാണെന്നു വിശ്വസിക്കാം. ഇതിനും പുറമേ, ഭാഷാശൈലിയിലും സാഹിത്യരൂപങ്ങളിലും പദപ്രയോഗങ്ങളിലും മൂന്നാമത്തെ സുവിശേഷവും ഈ ഗ്രന്ഥവും തമ്മിൽ വളരെയേറെ സാമ്യങ്ങളും ദൃശ്യമാണ്. രണ്ടിലും ക്രിസ്തുവിന്റെ സന്ദേശം ആനന്ദവും ആവേശവും നല്കുന്ന ഒരു സദ്വാർത്തയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. മാത്രമല്ല, സമരിയാക്കാരെപ്പറ്റി രണ്ടിലും നല്ല അഭിപ്രായമാണ് രേഖപ്പെടുത്തിക്കാണുന്നത് (ലൂക്ക 10:25-37; അപ്പ 8:5-25).

ലൂക്കായെപ്പറ്റി പഠിതാക്കൾ പൊതുവേ വിലയിരുത്തുന്നത് ഇപ്രകാരമാണ്: അപ്പസ്തോലന്മാരുടെ കാലത്ത് ജീവിച്ചിരുന്ന പണ്ഡിതനായ ഒരു ക്രൈസ്തവവിശ്വാസി; ഗ്രീക്ക് സപ്തതി (LXX) നന്നായി അറിയാമായിരുന്ന ഒരു ഗ്രീക്കുകാരൻ, പൗലോസ്ശ്ലീഹായുടെ രണ്ടാമത്തെയും മൂന്നാമത്തെയും മിഷനറിയാത്രകളിലും റോമായിലേയ്ക്കുള്ള യാത്രയിലും അദ്ദേഹത്തോടൊപ്പം യാത്രചെയ്ത ആൾ (അപ്പ. 16:10-24; 20:5-19; 21:1-18; 27:1-28:16; 2 തിമോ 4:11); ഒരു ഭിഷഗ്വരൻ (കൊളൊ 4:14); എല്ലായിടത്തും പ്രസിദ്ധിനേടിയവനും എല്ലാവർക്കും പ്രിയങ്കരനും (2 കോറി. 8:18; കൊളൊ. 4:14); എല്ലാകാര്യങ്ങളും സൂക്ഷ്മമായി പരിശോധിച്ചശേഷം കൃത്യമായും ക്രമമായും എഴുതുന്ന ആൾ (ലൂക്കാ. 1:3) എന്നിങ്ങനെ പോകുന്നു ലൂക്കായുടെ വിശേഷണങ്ങൾ! അദ്ദേഹം അവിവാഹിതനായിരുന്നെന്നും 74-ാമത്തെ വയസ്സിൽ ബിത്തീനിയയിൽ വച്ച് നിര്യാതനായെന്നും ഒരു പാരമ്പര്യം ഉണ്ട് (The Anti-Marcionite Prologue).

## രചനാകാലം

ലൂക്കായുടെ സുവിശേഷത്തിനുശേഷമാണ് ഈ ഗ്രന്ഥം എഴുതപ്പെട്ടത് എന്ന കാര്യം ന്യായമായി അനുമാനിക്കാം (അപ്പ 1:1-2). ലൂക്കായുടെ സുവിശേഷത്തിന്റെ ഒരു സ്രോതസ്സ് മർക്കോസിന്റെ സുവിശേഷമാണെന്നാണ് പൊതുവേ പണ്ഡിതന്മാരുടെ അഭിപ്രായം. അങ്ങനെയെങ്കിൽ മർക്കോസിന്റെ സുവിശേഷത്തിനുശേഷമാവണമല്ലോ ലൂക്കായുടെ സുവിശേഷം എഴുതപ്പെട്ടത്.

പത്രോസിന്റെ ശിഷ്യനായിരുന്ന മർക്കോസ് തന്റെ സുവിശേഷത്തിന് പൂർണ്ണരൂപം നൽകിയത് പത്രോസിന്റെ മരണത്തിനു (എ.ഡി. 70) മുമ്പാണെന്നാണ് പണ്ഡിതന്മാർ വിലയിരുത്തുന്നത്. ആ സ്ഥിതിക്ക് എ.ഡി. 65 നോടടുത്ത് മർക്കോസിന്റെ സുവിശേഷം പൂർത്തിയായെന്ന് പറയാവുന്നതാണ്. അങ്ങനെയെങ്കിൽ ലൂക്കായുടെ സുവിശേഷം എഴുതപ്പെട്ടത് എ.ഡി. 68 ൽ ആകാനാണ് സാധ്യത. ഇതിനുശേഷം ലൂക്കാ എഴുതിയ അപ്പസ്തോല പ്രവർത്തനങ്ങൾ ഉദ്ദേശം എ.ഡി. 70-ൽ പൂർത്തിയായെന്ന് വിശ്വസിക്കാവുന്നതാണ്. ലൂക്കാ റോമിലോ ഗ്രീസിലോ വച്ചായിരിക്കണം ഈ ഗ്രന്ഥം പൂർത്തിയാക്കിയത് എന്നും അനുമാനിക്കാവുന്നതാണ് (2 തിമോ 4:11).

## രചനയുടെ ലക്ഷ്യം

വിശ്വാസികളെയും വിജാതീയരെയും ഒരുപോലെ കണ്ടുകൊണ്ടാണ് ഗ്രന്ഥകാരൻ രചന നടത്തുന്നത്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം,

യേശുവിന്റെ മരണശേഷവും അവിടുത്തെ വചനങ്ങൾ നിലനിൽക്കുന്നുവെന്നു മാത്രമല്ല, അവ അദ്ഭുതകരമായി വളർന്ന് ഭൂമിയുടെ അതിർത്തികൾവരെയും വ്യാപിച്ചിരിക്കുന്നുവെന്ന് ബോധ്യപ്പെടുത്തി, അവരെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാൻ ഈ ഗ്രന്ഥം ഉപകരിക്കണം. അതുപോലെതന്നെ, വിജാതീയരെയും അവിശ്വാസികളെയും പശ്ചാത്താപത്തിലേക്കു നയിക്കുകവഴി മാനസാന്തരം ഭവിച്ച് വിശ്വാസികളായിത്തീരണം. ഈ ഉദ്ദേശ്യങ്ങൾ സാധിക്കുവാൻ പ്രാധാനമായും, പ്രമുഖരായ രണ്ട് അപ്പസ്തോലന്മാരുടെ, പത്രോസിന്റെയും പൗലോസിന്റെയും പ്രവർത്തനങ്ങൾ വിശദമായി രേഖപ്പെടുത്തുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്.

യേശു സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെപക്കലേക്ക് തിരിച്ചുപോയെങ്കിലും പരിശുദ്ധാത്മാവിലൂടെ യേശു എന്നും വിശ്വാസികളോടുകൂടിഉള്ളതുകൊണ്ടാണ് സഭയുടെ വളർച്ച ഇത്ര അത്ഭുതകരമായിത്തീർന്നതെന്ന് സ്ഥാപിക്കുവാനും ഗ്രന്ഥകാരന് ഉദ്ദേശ്യമുള്ളതായി കാണാം. അതോടൊപ്പം, യേശു തന്നെയാണ് പ്രവാചകന്മാർ വാഗ്ദാനം ചെയ്തിരുന്ന ക്രിസ്തുവെന്ന് യഹൂദർക്ക് ബോധ്യപ്പെടാനും ഈ ഗ്രന്ഥം ഉപകരിക്കണമെന്നും തോന്നിയിട്ടുണ്ടാകും. യഹൂദരല്ലാത്തവരെ സംബന്ധിച്ച്, പഴയ നിയമാനുഷ്ഠാനങ്ങൾക്ക് അക്ഷരാർത്ഥത്തിലുള്ള പ്രസക്തി യേശുവിന്റെ വരവോടെ നഷ്ടപ്പെട്ടെന്നും ക്രിസ്തു എല്ലാ നിയമങ്ങളുടെയും പൂർത്തീകരണമാണെന്നും നിത്യജീവന്റെ വചസ്സുകളാണ് അവിടുന്ന് അരുൾചെയ്തിട്ടുള്ളതെന്നും ഗ്രഹിക്കുവാൻ ഈ ഗ്രന്ഥത്തിനു കഴിയണമെന്നും ലൂക്കാ വിചാരിച്ചുകാണണം.

## ഘടനയും ഉള്ളടക്കവും

ലൂക്കായുടെ സുവിശേഷം അവസാനിക്കുന്നിടത്ത് അപ്പസ്തോല പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് ദൃക്സാക്ഷികളായ അപ്പസ്തോലന്മാർ "അത്യന്തം ആനന്ദത്തോടെ ജറുസലെമിലേക്കു മടങ്ങി" (ലൂക്ക 24:52). സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പായി യേശു അപ്പസ്തോലന്മാരോട് പറഞ്ഞ വാക്കുകളോടെയാണ് അപ്പസ്തോല പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്: "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും" (അപ്പ 1:8).

ഉള്ളടക്കം പ്രധാനമായും അഞ്ചുകാര്യങ്ങളെ ആസ്പദമാക്കിയാണെന്നു പറയാം:

1. സ്വർഗ്ഗാരാഹോണത്തിനുശേഷം ജറുസലെമിൽ ശിഷ്യന്മാരും വിശ്വാസികളും ചെയ്ത കാര്യങ്ങൾ (അപ്പ 1-5).
2. മാനസാന്തരങ്ങൾ വർദ്ധിച്ചതിന്റെ പേരിലുണ്ടായ പീഡനങ്ങളും മറ്റു പ്രവർത്തനങ്ങളും (അപ്പ 6-8).
3. പത്രോസ്ശ്ലീഹായുടെ പ്രസംഗങ്ങളും വിജാതീയരോടുള്ള സമീപനവും (അപ്പ 9-12).
4. പൗലോസ്ശ്ലീഹായുടെ പ്രസംഗങ്ങളും വിജാതീയരുടെ മാനസാന്തരവും (അപ്പ 13-20).
5. പൗലോസ് ശ്ലീഹായും മിഷനറിയാത്രകൾക്കുശേഷം റോമിലേയ്ക്ക് യാത്രതിരിക്കാനുണ്ടായ സാഹചര്യം (അപ്പ 21-28).

**ശിഷ്യന്മാരുടെയും വിശ്വാസികളുടെയും പ്രവർത്തനങ്ങൾ (1-5)**: യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യന്മാർ യേശുവിന്റെ വാക്കുകൾ വിശ്വസിച്ച് (അപ്പ 1:4-8) ജറുസലെമിൽ മാതാവിനോടൊത്ത് പ്രാർത്ഥനയിൽ മുഴുകിയിരുന്നു (1:14). യൂദാസിനുപകരം മത്തിയാസിനെ തിരഞ്ഞെടുത്ത് അപ്പസ്തോലന്മാരുടെ സംഖ്യ 12 ആക്കി (1:25-26). തുടർന്ന്, യേശു വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാത്മാവ് പന്തക്കുസ്താ ദിവസം തീനാവുകളുടെ രൂപത്തിൽ ഓരോരുത്തരുടെമേലും വന്ന് ആവസിച്ചു (2:1-4). അതോടെ ശിഷ്യന്മാർക്ക് അത്ഭുതസിദ്ധിയും ഭാഷാവരവും ലഭിച്ചു (2:5-13).

പത്രോസിന്റെ പ്രവർത്തനങ്ങളാണ് ഇനി മുതൽ പ്രധാനമായി ലൂക്കാ വിവരിക്കുന്നത്. അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗത്തിൽ (2:14-36), ദൈവം യേശുവിനെ മരണത്തിന്റെ യാതനകളിൽനിന്നും വിമുക്തനാക്കി ഉയിർപ്പിച്ചുവെന്ന സത്യം കേൾവിക്കാരെ ബോധ്യപ്പെടുത്തുകയായിരുന്നു ലക്ഷ്യം (2:24-28; 1 കോറി. 15:12-14). "യേശുവിനെ ദൈവം ഉയിർപ്പിച്ചു; ഞങ്ങൾ എല്ലാവരും അതിനു സാക്ഷികളാണ്... നിങ്ങൾ കുരിശിൽതറച്ച യേശുവിനെ, അങ്ങനെ ദൈവം, കർത്താവും ക്രിസ്തുവുമാക്കി ഉയർത്തിയെന്ന് ഇസ്രായേൽ ജനം മുഴുവനും വ്യക്തമായി അറിയട്ടെ" (2:32-36).

പത്രോസിന്റെ ആദ്യ പ്രസംഗം കേട്ടവരിൽ മൂവായിരത്തോളം പേർ അന്നുതന്നെ ക്രൈസ്തവ വിശ്വാസികളായി ജ്ഞാനസ്നാനം സ്വീകരിച്ചു (2:41). അന്നുമുതൽ അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ താല്പര്യപൂർവ്വം പങ്കുചേർന്നു (2:42).

പത്രോസ് ആദ്യമായി ചെയ്ത അത്ഭുതം ജന്മനാ മുടന്തനായ ഒരു മനുഷ്യനെ യേശുവിന്റെ നാമത്തിൽ സുഖപ്പെടുത്തിയതാണ് (3:1-10). ദേവാലയ കവാടത്തിനരികെ ഇരുന്ന് ഭിക്ഷയാചിച്ചുകൊണ്ടിരുന്ന ഒരു മനുഷ്യനോട് പത്രോസ് പറഞ്ഞു: "വെള്ളിയോ സ്വർണ്ണമോ എന്റെ കൈയിൽ ഇല്ല; നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക" (3:6). ഉടനെ അത്ഭുതകരമായി ആ മനുഷ്യൻ എഴുന്നേറ്റ് അവരോടൊപ്പം ദേവാലയത്തിൽ പ്രവേശിച്ചു. പത്രോസിന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട്, പന്തക്കുസ്താ കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച സ്വർണ്ണ വെള്ളി എന്നാണ് സീറോ മലബാർ ആരാധന കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

പത്രോസിന്റെ അടുത്ത സുവിശേഷപ്രസംഗം സോളമന്റെ മണ്ഡപത്തിൽ നിന്നുകൊണ്ടാണ് (3:11-26). ഈ പ്രസംഗത്തിൽ, യേശുവിന്റെ നാമത്തിലുള്ള വിശ്വാസത്തിന്റെ ശക്തികൊണ്ടാണ് ജന്മനാമുടന്തനായ ആ മനുഷ്യൻ അത്ഭുതകരമായി എണീറ്റുനടക്കുന്നതെന്നും ആ യേശു

വിനെ തിരസ്കരിച്ചുകൊണ്ടാണ് അവർ ബറാബ്ബാസിനെ മോചിപ്പിക്കുവാനും ക്രിസ്തുവിനെ കുരിശിൽ തറയ്ക്കുവാനും പീലാത്തോസിനോടഭ്യർത്ഥിച്ചതെന്നും പത്രോസ് പ്രസ്താവിച്ചു (മത്താ. 27:17–22). അങ്ങനെ അവർ കുരിശിൽതറച്ച യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റുവെന്നതിന് സാക്ഷ്യം വഹിച്ചുകൊണ്ടാണ് താൻ അവരുടെ മുമ്പിൽ നിൽക്കുന്നതെന്ന് പത്രോസ് ഉദ്ഘോഷിച്ചു. പ്രസംഗം അവസാനിച്ചപ്പോൾ അനേകംപേർ മുന്നോട്ട് വന്ന് ജ്ഞാനസ്നാനം സ്വീകരിച്ചു (4:4) അതോടെ വിശ്വാസികളുടെ എണ്ണം അയ്യായിരത്തോളമായി. യഹൂദർ കൂട്ടത്തോടെ മാനസാന്തരപ്പെട്ട് ക്രിസ്ത്യാനികളാകുന്നതുകണ്ട പുരോഹിതരും പ്രമാണികളും അപ്പസ്തോലന്മാരെ ഭയപ്പെട്ടു. അവർ ഒരുമിച്ചുകൂടി അപ്പസ്തോലന്മാരെ വിളിച്ച്, യേശുവിന്റെ നാമത്തിൽ ഇനിമേൽ ഒന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുതെന്ന് ഭീഷണിപ്പെടുത്തി (4:18). പക്ഷേ, ശിഷ്യന്മാർ ദൈവത്തോട് മനസ്സുരുകി പ്രാർത്ഥിച്ചശേഷം കൂടുതൽ ശക്തിയോടെ യേശുവിനെപ്പറ്റി പ്രസംഗിക്കുകയാണുണ്ടായത് (4:24–31).

**ആദിമസഭയുടെ ജീവിതം (4:32–5:16):** ക്രൈസ്തവവിശ്വാസികൾ എല്ലാവരും ഏകോദര സഹോദരങ്ങളെപ്പോലെ ഐക്യത്തിലും പരസ്പരസ്നേഹത്തിലും പരിത്യാഗത്തിലും പ്രാർത്ഥനയിലും ഒറ്റക്കെട്ടായി ജീവിച്ചിരുന്നുവെന്നകാര്യം അപ്പസ്തോലപ്രവർത്തനങ്ങളിൽ ലൂക്കാ ആവർത്തിച്ചു പറയുന്നുണ്ട് (1:14; 4:32; 4:34–35). യേശുവിന്റെ വാക്കുകളും മാതൃകയും ഇതുതന്നെയാണല്ലോ പഠിപ്പിക്കുന്നത് (യോഹ. 13:34–35; 15:17–18; 17:11, 21–23).

അനനിയാസും ഭാര്യ സഫീറയും അവരുടെ വസ്തുക്കൾ വിറ്റ് ആ പണം പത്രോസിന്റെ പക്കൽ സമർപ്പിച്ച് കൂട്ടായ്മയിൽ ജീവിക്കാൻ തീരുമാനിച്ചു. പക്ഷേ, കുറച്ചു പണം അവർ സ്വന്തം കാര്യത്തിനായി മാറ്റി വച്ചിട്ട് ബാക്കിയുള്ള തുക പത്രോസിനെ ഏൽപ്പിച്ചു. ദിവ്യദർശനം വഴി പത്രോസ് അത് മനസ്സിലാക്കി അവരോട് അത്രയും തുകയ്ക്കുതന്നെയാണോ എല്ലാം വിറ്റതെന്ന് ചോദിച്ചു. രണ്ടുപേരും അതേ എന്നു പറയുകയും ആ നിമിഷത്തിൽത്തന്നെ അവർ മരിച്ചുവീഴുകയും ചെയ്തു. വിശ്വാസികൾ സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടവരാണെന്ന് യേശു നേരത്തെപഠിപ്പിച്ചിരുന്നതും അതിനുവേണ്ടി പ്രാർത്ഥിച്ചിരുന്നതും ഓർക്കുക (മത്താ. 5:37; 12:36–37; യോഹ. 17:17). ഇതുപോലെ നിരവധി അത്ഭുതങ്ങൾ അപ്പസ്തോലന്മാർ ചെയ്തിരുന്നതായി രേഖപ്പെടുത്തുന്നുണ്ട് (5:12–16).

**കാരാഗൃഹത്തിലും അത്ഭുതം (5:19):** അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ അസൂയയും വിദ്വേഷവും നിറഞ്ഞ പ്രധാനാചാര്യനും സദൂക്കായരും അവരെ പിടിച്ച് കാരാഗൃഹത്തിലാക്കി (5–18). എന്നാൽ ആ രാത്രിതന്നെ സ്വർഗ്ഗീയദൂതൻ അത്ഭുതകരമായി അവരെ മോചിപ്പിച്ച് പ്രസംഗിക്കുവാൻ ദേവാലയത്തിലേക്കയച്ചു. പിറ്റേന്ന് അവരെ ന്യായാധിപസംഘത്തിന്റെ മുമ്പിൽ ഹാജരാക്കാൻ ചെന്നപ്പോൾ കാരാഗൃഹത്തിന്റെ വാതിൽ പൂട്ടിക്കിടക്കുന്നതും പടയാളികൾ കാവൽനിൽക്കുന്നതും കണ്ടുവെങ്കിലും അവരെ അകത്തെങ്ങും കണ്ടില്ല; അവർ ദേവലയത്തിൽ





പ്രസംഗിക്കുന്നുവെന്നാണറിഞ്ഞത്. എല്ലാവരും സംഭ്രാന്തരായി (5:22–24). ദേവാലയത്തിൽ ചെന്ന് അവരെ പിടിച്ച് ന്യായാധിപസംഘത്തിന്റെ മുമ്പിൽ ഹാജരാക്കി ചോദ്യം ചെയ്തപ്പോൾ അപ്പസ്തോലന്മാർ പറഞ്ഞത് മനുഷ്യരേക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത് എന്നായിരുന്നു (5:29). ഇതുകേട്ടപ്പോൾ അവർ ക്ഷുഭിതരാകുകയും അപ്പസ്തോലന്മാരെ കൊന്നുകളയാൻ ആഗ്രഹിക്കുകയും ചെയ്തു. പക്ഷേ, അവരുടെ നിയമോപദേഷ്ടാവായ ഗമാലിയേൽ അവരെ നിരുത്സാഹപ്പെടുത്തിക്കൊണ്ടു പറഞ്ഞു: ഇവരുടെ ഉദ്യമങ്ങൾ മനുഷ്യരിൽനിന്നുള്ളതാണെങ്കിൽ തന്നെ പരാജയപ്പെട്ടു കൊള്ളും; മറിച്ച് ദൈവത്തിൽ നിന്നുള്ളതാണെങ്കിൽ, ആർക്കും പരാജയപ്പെടുത്താൻ കഴിയില്ലെന്നുമാത്രമല്ല, ദൈവതിരുമുമ്പിൽ കുറ്റക്കാരായി നാം കാണപ്പെടുകയും ചെയ്യും (5:40).

**ആദ്യത്തെ ഏഴു ഡീക്കന്മാർ (6:1–7):** അയ്യായിരത്തിലധികമായ വിശ്വാസികളുടെ ദൈനംദിന ഭക്ഷണകാര്യങ്ങളും മറ്റും അപ്പസ്തോലന്മാരെക്കൊണ്ട് അന്വേഷിക്കാൻ സാധിക്കാതെ വന്നപ്പോഴാണ് അതിനുവേണ്ടി ഏഴുപേരെ തിരഞ്ഞെടുത്തത്. പന്ത്രണ്ടുപേർ വിശ്വാസികളുടെ സമൂഹത്തെ ഒന്നിച്ചുകൂട്ടി പറഞ്ഞു: "ഞങ്ങൾ ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷകാണിച്ച് ഭക്ഷണമേശകളിൽ ശുശ്രൂഷിക്കു ന്നത് ശരിയല്ല. അതിനാൽ സഹോദരരേ, നല്ല സാക്ഷ്യം ലഭിച്ചിട്ടുള്ളവരും ആത്മാവും ജ്ഞാനവും കൊണ്ട് നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങളിൽ നിന്നു കണ്ടുപിടിക്കുവിൻ... അവരുടെമേൽ കൈകൾവച്ചു പ്രാർത്ഥിച്ചു" (6:2–6).

ഈ ഏഴു ഡീക്കന്മാരിൽ ഏറ്റവും തീക്ഷ്ണമതിയും സമർത്ഥനുമായ എസ്തപ്പാനോസിന്റെ (സെഫാനോസ് = കിരീടം) പ്രസംഗവും സഹനവും രക്തസാക്ഷിത്വവുമാണ് 6–7 അധ്യായങ്ങൾ. ഇവിടെയാണ് പൗലോസ് അപ്പസ്തോലന്റെ സാന്നിധ്യം ആദ്യമായി സാവൂൾ എന്ന പേരിൽ രേഖപ്പെടുത്തിയിരിക്കുന്നത് (7:58; 8:1). സഭാവിശ്വാസികളെ പീഡിപ്പിച്ചിരുന്ന പട്ടാളഉദ്യോഗസ്ഥന്മാരുടെ മേധാവിയായിരുന്നു, സാവൂൾ എന്നു വിളിക്കപ്പെട്ടിരുന്ന പൗലോസ് (7:58; 8:1; 9:1; 22:4; 26:9; 1 കോറി 15:9).

ജറുസലെമിൽ പീഡനം ശക്തമായപ്പോൾ അപ്പസ്തോലന്മാരും വിശ്വാസികളും പല ദിക്കുകളിലേക്കും പോകുകയും അവിടെയെല്ലാം സുവിശേഷം അറിയിക്കുകയും ചെയ്തതാണ് 8–ാം അധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. അങ്ങനെ പീലിപ്പോസും കൂട്ടരും സമരിയായിലെത്തി ക്രിസ്തുവിനെ പ്രസംഗിക്കുകയും അനേകരെ അത്ഭുതകരമായി സുഖപ്പെടുത്തുകയും ചെയ്തു. മന്ത്രവാദിയായിരുന്ന ശിമയോൻ ജ്ഞാനസ്നാനം സ്വീകരിച്ചു (8:13). അപ്പോഴേയ്ക്കും പത്രോസും യോഹന്നാനും സമരിയായിലെത്തി പ്രസംഗിക്കുകയും നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. അവരുടെ കൈവെപ്പുവഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ അത്ഭുതസിദ്ധി നേടുകയും ചെയ്തു (8:18–22). തത്സമയം പീലിപ്പോസിനു ഒരു ദർശനമുണ്ടായതനുസരിച്ച്, എത്യോപ്യാരാജ്ഞിയുടെ ഭണ്ഡാരവിചാരിപ്പുകാരന്റെ രഥത്തിൽ കയറി അതിൽ യാത്രചെയ്തിരുന്ന അദ്ദേഹത്തെ പീലിപ്പോസ് മാനസാന്തരപ്പെടുത്തി (8:26–38). അതിനുശേഷം പീലിപ്പോസ് കേസറിയായിലേക്കു പോയി (8:40).

**പത്രോസ്, പൗലോസ്, യാക്കോബ് എന്നിവരെപ്പറ്റി:** 9-ാം അധ്യായത്തിന്റെ ആദ്യഭാഗത്ത് പൗലോസിനുണ്ടായ ദർശനവും മാനസാന്തരവുമാണ് വിവരിച്ചിരിക്കുന്നത്. ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ ഡമാസ്കസിലേക്ക് പോകുമ്പോഴാണ് അത് സംഭവിച്ചത്. മാനസാന്തരപ്പെട്ട് ഡമാസ്കസിലെത്തിയ പൗലോസ് ക്രിസ്തുവിന് അനുകൂലമായി പ്രസംഗിക്കുവാൻ തുടങ്ങി. ക്രിസ്തുവിരോധികളായ യഹൂദർ പൗലോസിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തി. ഇക്കാര്യം മനസ്സിലാക്കിയ പൗലോസ് രക്ഷപെട്ട് ജറുസലെമിലേക്കുപോയി (9:1-25). ജറുസലേമിൽവച്ച് സ്വന്തം നാട്ടുകാരനും ഒരുത്തമ ശിഷ്യനുമായ ബർണബാസിനെ കണ്ടുമുട്ടി (9:27). അദ്ദേഹം പൗലോസിനെ അപ്പസ്തോലന്മാരുടെ അടുത്തുകൊണ്ടുപോയി എല്ലാക്കാര്യങ്ങളും പറഞ്ഞുകേൾപ്പിച്ചു. അനന്തരം രണ്ടുപേരുംകൂടി സ്വന്തംനാടായ താർസൂസിലേക്കു പോയി (9:28-30).

പത്രോസിന്റെ അത്ഭുതപ്രവൃത്തികളും പ്രസംഗങ്ങളുമൊക്കെയാണ് ഇനി ലൂക്കാ വിവരിക്കുന്നത് (9:32-11:18). ലിദായിൽവച്ച് ഒരു തളർവാത രോഗിയെയും യോപ്പായിൽവച്ച് മരിച്ചുപോയ തബീത്ത എന്നുപേരുള്ള ഒരു സ്ത്രീയെയും ഉയിർപ്പിച്ചത് വിവരിച്ചിരിക്കുന്നു (9:32-43).

ഇതിനിടെ കേസറിയായിലെ വിജാതീയനായ കൊർണേലിയൂസ് എന്ന ശതാധിപന്റെ മാനസാന്തരവും അതോടനുബന്ധിച്ചുണ്ടായ ദർശനങ്ങളും പത്രോസിന്റെ അത്ഭുതകരമായ സാന്നിധ്യവുമെല്ലാം 10-ാം അധ്യായത്തിൽ കാണാം (10:1-20). കൊർണേലിയൂസിനുണ്ടായ ദർശനമനുസരിച്ച് പത്രോസിനെ വരുത്തുവാൻ യോപ്പായിലേയ്ക്ക് ആളെ വിടുന്നു. പത്രോസിനുണ്ടായ ദർശനത്തിൽ, എല്ലാത്തരം ജീവികളും നിറഞ്ഞ ഒരു വലിയ പാത്രം പ്രത്യക്ഷപ്പെട്ടതും പത്രോസിനോട് അവയെ കൊന്നു ഭക്ഷിക്കുവാൻ ആവശ്യപ്പെട്ടതുമായിരുന്നു കണ്ടത്. പത്രോസ് ഉത്തരമായി, അശുദ്ധമായ ജീവികളെ (ലേവ്യ 11) യൊന്നും ഇതുവരെ താൻ ഭക്ഷിച്ചിട്ടില്ലെന്നു പറഞ്ഞപ്പോൾ, ആവർത്തിച്ചാവർത്തിച്ച് പത്രോസിനോട് പറഞ്ഞത്: ''ദൈവം വിശുദ്ധീകരിച്ചവ മലിനമെന്ന് നീ കണക്കാക്കരുത്'' എന്നായിരുന്നു (10:15).

ഈ ദർശനത്തെക്കുറിച്ച് പത്രോസ് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ, കേസറിയായിൽനിന്നു കൊർണേലിയൂസ് അയച്ച ദൂതൻ പത്രോസിന്റെ അടുത്തെത്തി. കൊർണേലിയൂസിനുണ്ടായ ദർശനമനുസരിച്ച് പത്രോസിനെ കൂട്ടിക്കൊണ്ടുപോകാനാണ് താൻ വന്നിരിക്കുന്നതെന്ന് ദൂതൻ പറഞ്ഞപ്പോൾ, പത്രോസിന് കാര്യങ്ങൾ വ്യക്തമാകുകയും ദൂതനൊരുമിച്ച്, കേസറിയായിലേക്ക് പോകുകയും ചെയ്തു. രക്ഷ ഇസ്രായേൽ ജനത്തിനു മാത്രമുള്ളതല്ല, വിജാതീയർക്കും ദൈവം സൃഷ്ടിച്ച സകല മനുഷ്യർക്കും വേണ്ടിയുള്ളതാണെന്നു വ്യക്തമായതുകൊണ്ട്, കൊർണേലിയൂസിനോടും അവിടെ കൂടിയിരുന്ന വിജാതീയരോടും പത്രോസ് യേശുക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുകയും അവരെല്ലാം ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു (10:19-48).

ഈ വിവരം ജറുസലെമിലുള്ളവർ അറിഞ്ഞപ്പോൾ അപരിച്ഛേദിതർക്ക് ജ്ഞാനസ്നാനം നല്കിയതിന്റെ പേരിൽ അവർ പത്രോസിനെ





എതിർത്തു. എന്നാൽ പത്രോസ് സംഭവിച്ചതെല്ലാം വിസ്തരിച്ചുകൊണ്ട് അവരെ സമാധാനിപ്പിച്ചു (11:1-18).

**അന്ത്യോക്യായിൽ സഭ സ്ഥാപിക്കപ്പെടുന്നു (11:19-30):** എസ്തപ്പാനോസിനെ കല്ലെറിഞ്ഞുകൊന്ന സമയത്ത് പീഡനം ഭയപ്പെട്ട് ചിതറിപ്പോയ വിശ്വാസികളിൽ ഒരു നല്ലഭാഗം അന്ത്യോക്യായിലെത്തിയിരുന്നു. അവർ അവിടെ നടത്തിയ സുവിശേഷ പ്രഘോഷണത്തിന്റെ ഫലമായി ധാരാളംപേർ ക്രിസ്ത്യാനികളായതറിഞ്ഞ് ജറുസലെമിലുള്ളവർ ബർണബാസിനെ അവരുടെ അടുക്കലേയ്ക്കയച്ചു. ബർണബാസ് അവിടെ ചെന്ന് അവരെ ഉപദേശിച്ചുകൊണ്ട്, ദൃഢനിശ്ചയത്തോടെ എന്നും കർത്താവിനോടുകൂടി നിലകൊള്ളണമെന്നു പറഞ്ഞു (11:23-24). അനന്തരം പൗലോസിനെ താർസൂസിൽ ചെന്നു കാണുകയും അന്ത്യോക്യായിലേക്ക് കൂട്ടിക്കൊണ്ട് വരികയും ചെയ്തു (11:25-26). ഒരു വർഷം അവർ ഇരുവരും അന്ത്യോക്യായിൽ താമസിച്ച് അവരെ പഠിപ്പിച്ചു. അന്ത്യോക്യായിൽവച്ചാണ് വിശ്വാസികളെ ആദ്യമായി ''ക്രിസ്ത്യാനികൾ'' എന്നു വിളിക്കാൻ തുടങ്ങിയത്. അതുവരെ ശിഷ്യന്മാർ, സഹോദരർ, വിശുദ്ധർ എന്നൊക്കെയാണ് വിളിച്ചിരുന്നത് (11:26).

**ജറുസലെമിൽ യാക്കോബ് അപ്പസ്തോലന്മാരിൽ ആദ്യത്തെ രക്തസാക്ഷി:** യാക്കോബിന്റെ രക്തസാക്ഷിത്വം വിശദമായി വിവരിച്ചിട്ടില്ല. പത്രോസിന്റെകൂടെ യേശുവിനോടൊത്ത് പലപ്പോഴും കാണപ്പെടുന്നത് യാക്കോബും യോഹന്നാനുമാണ് (മർക്കോ. 5:37; മത്താ 17:1; മത്താ 26:37) പൗലോസിന്റെ ലേഖനത്തിൽ ഇവരെ സഭയുടെ നേതൃസ്തംഭങ്ങൾ, അഥവാ നെടുംതൂണുകൾ എന്നും വിളിക്കുന്നു (ഗലാ 2:9) ഹേറോദേസ് ആഗ്രിപ്പാ ഒന്നാമൻ യഹൂദരെ സന്തോഷിപ്പിക്കുവാൻ യാക്കോബിനെ വാളിനിരയാക്കി എന്നുപറയുന്നു (12:1-3 എ.ഡി. 43). പത്രോസിനെ പിടിച്ച് കാരാഗൃഹത്തിലും ഇട്ടു (12:4). വിശ്വാസികൾ അവർക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു (12:5).

**വീണ്ടും കാരാഗൃഹത്തിലെ അത്ഭുതം (12:6-10; 5:19):** ചങ്ങലകളാൽ ബന്ധിതനായി, കാവൽക്കാരാൽ സുരക്ഷിതനായി പത്രോസ് കാരാഗൃഹത്തിൽ കിടന്നുറങ്ങുമ്പോൾ ഒരു മാലാഖവന്ന് പത്രോസിനെ സ്വതന്ത്രനാക്കി, തന്നെ അനുഗമിക്കുവാൻ പറഞ്ഞു. പട്ടണത്തിനുപുറത്തുവരെ പത്രോസിനെ കൊണ്ടുചെന്നാക്കിയശേഷം മാലാഖ അപ്രത്യക്ഷനായി (12:10). പത്രോസ് നടന്ന് മർക്കോസിന്റെ ഭവനത്തിലെത്തി തനിക്കുണ്ടായ അത്ഭുതസംഭവം വിവരിച്ചു (12:12-17). പിറ്റേന്ന് പത്രോസ് മറ്റൊരു സ്ഥലത്തേക്ക് പോവുകയും ചെയ്തു. പത്രോസ് രക്ഷപ്പെട്ടതിന്റെ പേരിൽ ഹേറോദേസ് കാവൽ നിന്നവരെ കൊന്നുകളഞ്ഞു (12:19).

ഹേറോദേസ് ജറുസലെമിൽനിന്ന് കേസറിയായിലേക്കു പോയി. അവിടെ പ്രസംഗിച്ചു നില്ക്കുമ്പോൾ കർത്താവിന്റെ ഒരു ദൂതൻ അദ്ദേഹത്തെ അടിച്ചു വീഴ്ത്തിക്കൊല്ലുകയാണുണ്ടായത് (12:23).

**പൗലോസിന്റെ മിഷനറി യാത്രകൾ (എ.ഡി. 45-58 അപ്പ 12-20):** മൂന്നു മിഷനറിയാത്രകളാണ് പ്രധാനമായും പൗലോസ് നടത്തിയത്. നാലാമതൊരു യാത്ര റോമിലേക്കുനടത്തിയത് കുറ്റവാളിയായിട്ടായിരു

ന്നു. ആ യാത്രയിലും കിട്ടിയ അവസരം ഉപയോഗിച്ച് പൗലോസ് മാൾട്ട ദ്വീപിലും റോമിലുമൊക്കെ ക്രൈസ്തവവിശ്വാസം പ്രചരിപ്പിച്ചു. മറ്റ് അപ്പ സ്തോലന്മാരെപ്പോലെ, പൗലോസ് ആദ്യമാദ്യം ക്രിസ്തുവിനെപ്പറ്റി പ്രസം ഗിച്ചത് യഹൂദരോടായിരുന്നു. അവർ അദ്ദേഹത്തെ സ്വീകരിക്കാതായ പ്പോൾ അദ്ദേഹം പറഞ്ഞു:

"ദൈവവചനം ആദ്യം നിങ്ങളോടു പ്രസംഗിക്കുക ആവശ്യമായിരു ന്നു. എന്നാൽ നിങ്ങൾ അതു തള്ളിക്കളയുന്നതുകൊണ്ടും നിത്യജീവനു നിങ്ങളെത്തന്നെ അയോഗ്യരാക്കിത്തീർത്തിരിക്കുന്നതുകൊണ്ടും ഇതാ, ഞങ്ങൾ (പൗലോസും ബർണബാസും) വിജാതീയരുടെ അടുക്കലേക്കു തിരിയുന്നു" (13:46; 15:14-19; ഗലാ 1:15-16).

അന്ത്യോക്യായിലെ പ്രധാനികൾക്ക് പരിശുദ്ധാത്മാവിന്റെ അരുളപ്പാ ടുണ്ടായതനുസരിച്ച് പൗലോസിനെയും ബർണബാസിനെയും അനുഗ്ര ഹിച്ച് ആദ്യത്തെ സുവിശേഷ പ്രഘോഷണത്തിനായി പറഞ്ഞയക്കുന്നു (13:1-3). രണ്ടുപേരും ആദ്യം കപ്പൽ കയറിയത് സൈപ്രസ്സിലേക്കാണ്. സൈപ്രസിലെ ദേശാധിപതി സെർജിയുസ് പാവുളൂസിനെ സമീപിക്കാൻ ശ്രമിച്ചപ്പോൾ എലിമാസ് എന്നു പേരുള്ള മന്ത്രവാദി അവരെ തടഞ്ഞു (13:8). പൗലോസ് അയാളെ അന്ധനാക്കുകയും സെർജിയുസിനെ ക്രിസ്ത്യാനിയാക്കുകയും ചെയ്തു (13:12).

സൈപ്രസിൽ നിന്ന് അവർ പ്സീദിയായിലേക്കാണ് പോയത്. അവിടെ അന്ത്യോക്യ എന്നൊരു സ്ഥലത്തുണ്ടായിരുന്ന സിനഗോഗിൽ കയറി പ്രസംഗിച്ചു (13:16-41). അടുത്ത സാബത്തിലും വന്ന് പ്രസംഗിക്കണമെന്ന് ശ്രോതാക്കൾ പറഞ്ഞതനുസരിച്ച് ചെന്നപ്പോൾ കുറേ യഹൂദർ ശക്തി യായി പൗലോസിനെ എതിർത്തു അപ്പോഴാണ് വിജാതീയരുടെ അടു ക്കലേയ്ക്ക് പോകാൻ ദൃഢനിശ്ചയം ചെയ്തത് (13:46).

വിജാതീയർ പൗലോസിനെയും ബർണ്ണബാസിനെയും സന്തോഷ പൂർവ്വം സ്വീകരിച്ചു. അസൂയാലുക്കളായ യഹൂദർ അവരെ അവിടെ നിന്ന് ഓടിച്ചു. അങ്ങനെ അവർ ഇക്കോണിയത്തിലെത്തി, അവിടെ വിജാതീ യരും പൗലോസിനെ ശ്രവിച്ച യഹൂദരും ക്രിസ്തുവിനെ സ്വീകരിച്ചു (14:1-7). ഇതറിഞ്ഞ അസൂയാലുക്കളായ വിജാതീയരും യഹൂദരുംകൂടി പൗലോസിനെ കല്ലെറിഞ്ഞ് ഓടിച്ചു. അങ്ങനെ അവർ ദർബായിലും ലിസ്ത്രായിലും പ്സീദിയായിലും മറ്റും ചുറ്റിത്തിരിഞ്ഞ് പാംഫീലിയാ യിൽ എത്തി (14:24). പിന്നീട് പെർഗായിൽ വചനം പ്രസംഗിക്കുകയും അത്താലിയ തുറമുഖത്തെത്തുകയും ചെയ്തു. അവിടെ നിന്ന് മടക്കയാ ത്രയ്ക്കായി അന്ത്യോക്യായിലേക്ക് കപ്പൽ കയറി (14:26). അന്ത്യോക്യാ യിലെത്തി കുറേക്കാലം വിശ്രമിച്ചു (14:28). ഈ ഒന്നാമത്തെ മിഷനറി യാത്ര ഏകദേശം നാലുവർഷം നീണ്ടുനിന്നതായി കണക്കാക്കാം (എ. ഡി. 45-49). ഇതിനിടെ യൂദായായിൽനിന്ന് ചില യഹൂദർ അന്ത്യോക്യാ യിലെത്തി അപ്പസ്തോലന്മാർക്കെതിരേ വാദപ്രതിവാദം നടത്തുകയുണ്ടാ യി. പരിച്ഛേദിതരല്ലാത്തവരെ മോശയുടെ നിയമമനുസരിച്ച് ക്രൈസ്തവ വിശ്വാസികളാക്കുന്നതു തെറ്റാണെന്നായിരുന്നു അവരുടെ വാദം. തന്മൂ ലം, ഈ പ്രശ്നം ജറുസലെമിൽ ചെന്ന് അപ്പസ്തോലന്മാരുമായി ചർച്ച





ചെയ്തു തീരുമാനിക്കാൻ പൗലോസും സഹപ്രവർത്തകരും ജറുസലെ മിലേക്കു പുറപ്പെട്ടു (15:1-2).

**ജറുസലെം സൂനഹദോസ് (15:6-35 എ.ഡി. 49):** ജറുസലെമിലെ അപ്പസ്തോലന്മാരും വിശ്വാസികളുടെ സമൂഹവും പൗലോസിനെയും സഹയാത്രികരെയും സന്തോഷത്തോടെ സ്വീകരിച്ചു. പക്ഷേ, ഫരിസേ യരിൽ നിന്ന് വിശ്വാസം സ്വീകരിച്ചവർക്ക്, പരിച്ഛേദനവാദികൾക്ക്, അസം തൃപ്തിയാണനുഭവപ്പെട്ടത്. അതിനുള്ള പ്രധാന കാരണം, വിജാതീയ രിൽനിന്ന് വിശ്വാസം സ്വീകരിച്ചവരെ പൗലോസും കൂട്ടരും പരിച്ഛേദന ത്തിനു വിധേയരാക്കിയില്ലെന്നുള്ളതായിരുന്നു. ഇക്കാര്യം തീരുമാനി ക്കാൻവേണ്ടി അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരും ചേർന്ന ഒരു സൂനഹ ദോസ് ജറുസലെമിൽ വിളിച്ചുകൂട്ടുവാൻ തീരുമാനമായി (15:6).

സമ്മേളിച്ചപ്പോൾ ആദ്യം പത്രോസ് എല്ലാവരോടുമായി പറഞ്ഞു, ദൈവത്തിന് മനുഷ്യർ തമ്മിൽ വ്യത്യാസങ്ങളൊന്നുമില്ല; എല്ലാവരും രക്ഷപ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. വിജാതീയരിൽനിന്ന് വിശ്വാസം സ്വീകരിച്ചവർക്കും അവിടുന്ന് പരിശുദ്ധാത്മാവിനെ നല്കി യല്ലോ. അതുകൊണ്ട് ഇനി പരിച്ഛേദനംകൂടി അവരുടെമേൽ കെട്ടിയേ ല്പിക്കേണ്ട ആവശ്യമുണ്ടോ എന്ന് പത്രോസ് ചോദിച്ചു (15:7-11). ഇതു തന്നെ പൗലോസും ബർണബാസും പറഞ്ഞു. മാത്രമല്ല, ഇങ്ങനെ വിശ്വാസം സ്വീകരിച്ച വിജാതീയരുടെയിടയിൽ ധാരാളം അത്ഭുതങ്ങളും ദൈവം പ്രവർത്തിച്ചതായി അവർ ചൂണ്ടിക്കാട്ടി (15:12).

അനന്തരം സഭയിൽ അഭിപ്രായം പറഞ്ഞത് യാക്കോബായിരുന്നു (15:13). ഈ യാക്കോബ് അപ്പസ്തോലന്മാരിൽ ഏറ്റവും പ്രായം കൂടിയ വനും യേശുവിന്റെ സഹോദരരിൽ ഒരുവനും (12:17; ഗലാ 1:19; മർക്കോ 3:31; മത്താ 27:56; മർക്കോ 3:18) ആയിരുന്നുവെന്നു വേണം ഊഹിക്കു വാൻ. സെബദീപുത്രനായ യാക്കോബിനെയായിരിക്കണം നേരത്തേ ഹെറോദേസ് വാളിനിരയാക്കിയത് (12:2).

യാക്കോബ് ഒരു സമവായശ്രമമാണ് നടത്തിയത് എന്നു വേണം വിചാ രിക്കാൻ. അതായത്, പത്രോസും പൗലോസുമൊക്കെ പറഞ്ഞപോലെ ദൈവം വിജാതീയരെ സ്നേഹിക്കുകയും അവരുടെ രക്ഷ കാംക്ഷിക്കു കയും ചെയ്യുന്നു. അതുകൊണ്ട് അവർക്ക് ഇനി പരിച്ഛേദനത്തിന്റെ ആവ ശ്യമില്ല. എന്നാൽ വിഗ്രഹാരാധനയും അശുദ്ധമെന്നു കരുതുന്ന ജീവി കളുടെ മാംസഭോജനവും (ലേവ്യ 11:1-47) വ്യഭിചാരവും രക്തത്തോടു കൂടിയ മാംസഭക്ഷണവും ഒഴിവാക്കണമെന്ന് വിജാതീയ ക്രിസ്ത്യാനി കളെ എഴുതി അറിയിക്കണമെന്നാണ് തന്റെ അഭിപ്രായമെന്ന് പ്രസ്താ വിച്ചു (15:13-20). ഈ അഭിപ്രായം എല്ലാവർക്കും സ്വീകാര്യമായി തോന്നു കയും വിവരം അന്ത്യോക്യായിലുള്ളവരെ അറിയിക്കുവാൻ പൗലോസി ന്റെയും ബർണബാസിന്റെയുംകൂടെ ഒരെഴുത്തുമായി യൂദാസിനെയും സീലാസിനെയും അയക്കുകയും ചെയ്തു (15:22-29). അന്ത്യോക്യായി ലുള്ളവർ ഈ തീരുമാനം സന്തോഷത്തോടെ സ്വീകരിച്ചു (15:30-34). പൗലോസും ബർണബാസും മറ്റു പലരോടുമൊപ്പം കർത്താവിന്റെ വചനം

പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ട് കുറേനാൾ അന്ത്യോക്യായിൽ താമസിച്ചു (15:35).

**രണ്ടാമത്തെ മിഷനറിയാത്ര (15:36–18:22; ഏ.ഡി. 50–52):** അന്ത്യോക്യായിൽ ഏതാനും മാസങ്ങൾ ചിലവഴിച്ചശേഷം പൗലോസും ബർണബാസും രണ്ടാമതൊരു മിഷൻ യാത്രക്കു ഒരുമ്പെട്ടു. ഇതിന്റെ പ്രധാന ഉദ്ദേശ്യം ആദ്യം പോയ സ്ഥലങ്ങളിൽചെന്ന് വിശ്വാസികളുടെ ക്ഷേമാന്വേഷണം നടത്തുകയായിരുന്നു (15:36). എന്നാൽ ആരെയൊക്കെ കൊണ്ടുപോകണമെന്ന കാര്യത്തിൽ പൗലോസും ബർണബാസും തമ്മിൽ രൂക്ഷമായ അഭിപ്രായഭിന്നതയുണ്ടായി. ബർണബാസ് അദ്ദേഹത്തിന്റെ പിതൃസഹോദരന്റെ പുത്രനായ മർക്കോസിനെക്കൂടി കൊണ്ടുപോകാനാഗ്രഹിച്ചു (12:12; കൊളോ 4:10). എന്നാൽ പൗലോസ് അതിനു വിസമ്മതിച്ചു; കാരണം, ആദ്യയാത്രയിൽ പാംഫീലിയായിൽ വച്ച് മർക്കോസ് വീട്ടിലേക്കു മടങ്ങിപ്പോയിട്ട് പിന്നെ തിരിച്ചുവന്നതേയില്ല (13:13; 12:12; 15:37). തർക്കം മൂത്ത് രണ്ടുപേരും രണ്ടുവഴിക്കുപോകാൻ തീരുമാനിച്ചു. ബർണബാസും മർക്കോസും ഒരുമിച്ച് ആദ്യയാത്രയിൽപോയ വഴിക്ക്, സൈപ്രസിലേക്കു കപ്പൽ കയറി (15:39). പൗലോസാകട്ടെ സിൽവാനോസ് എന്നും വിളിക്കപ്പെടുന്ന (1 തെസ 1:1) സീലാസിനേയുംകൂട്ടി സിറിയ വഴി ലിസ്ത്രായിലെത്തി (16:1). ലിസ്ത്രായിൽ വച്ച് പൗലോസിന് സമർത്ഥ നായ തിമോത്തിയോസിനെയും കൂട്ടിനു കിട്ടി (16:1–5). അവർ ഫ്രീജിയായിലൂടെ ഗലാത്തിയായിലെത്തി (16:6) പിന്നീട് പൗലോസിനുണ്ടായ ഒരു ദർശനമനുസരിച്ച് അവർ മക്ക ദോനിയായിലേക്കു പുറപ്പെട്ടു. അപ്പോൾ മുതൽ അപ്പസ്തോലപ്രവർത്തനങ്ങളുടെ ഗ്രന്ഥകർത്താവായ ലൂക്കായും പൗലോസിനൊപ്പം യാത്രയിൽ ചേർന്നു (16:10). മക്കദോനിയായിൽ നിന്ന് ഫിലിപ്പിയായിൽ എത്തിയപ്പോൾ ലീദിയ എന്നൊരു സ്ത്രീ അവരെ സ്വീകരിച്ചു (16:15). അവിടെ നിന്ന് പോകുന്ന വഴി, ഭാവി ഫലം പറഞ്ഞിരുന്ന ഒരു പെൺകുട്ടിയെ മാനസാന്തരപ്പെടുത്തിയതിന്റെ പേരിൽ പൗലോസിന് പീഡനവും കാരാഗൃഹവാസവും അനുഭവിക്കേണ്ടി വന്നു (16:16–24). എന്നാൽ ദൈവം അത്ഭുതകരമായി പൗലോസിനെ കാരാഗൃഹത്തിൽ നിന്നു മോചിപ്പിച്ചു (16:25–27). പിന്നീട് തെസലോനിക്കയിലെത്തി മൂന്നു സാബത്തുകളിൽ സിനഗോഗിൽ പ്രസംഗിച്ചു. ഇതറിഞ്ഞ തത്വജ്ഞാനികളും പണ്ഡിതരും പൗലോസിനെ പ്രസംഗിക്കുവാൻ ടൗൺ ഹാളായ ആരെയോപ്പാഗസിലേക്കു ക്ഷണിച്ചു. അവിടെ പൗലോസ് ചിന്തോദ്ദീപകമായ ഒരു നല്ല പ്രസംഗം ഒരുങ്ങി ചെയ്തെങ്കിലും ഫലം നിരാശാജനകമായിരുന്നു (17:22–34). ഈ അനുഭവം പൗലോസിനെ ഒരു പാഠംപഠിപ്പിച്ചുവെന്ന് അവിടെനിന്ന് കോറിന്തോസിലെത്തി നടത്തിയ സാക്ഷ്യം പറയലിൽ വ്യക്തമാണ്: മാനുഷിക വിജ്ഞാനമല്ല, പരിശുദ്ധാത്മാവിന്റെ ശക്തിയാണ് സുവിശേഷത്തിനു സാക്ഷ്യം നൽകാൻ അത്യാവശ്യം (1 കോറി 2:1–5).

ആയിടെ ഇറ്റലിയിൽനിന്ന് കോറിന്തോസിലെത്തിയ അക്വീല എന്ന ഒരു യഹൂദനെ പൗലോസ് പരിചയപ്പെട്ടു. അയാളുടെ തൊഴിൽ കൂടാരപ്പണിയായിരുന്നു. ആ തൊഴിൽ പൗലോസിനും അറിയാമായിരുന്നതുകൊണ്ട് അയാളുടെ വീട്ടിൽ തന്നെ താമസമാക്കി (18:3). അയാളുടെ ഭാര്യ





പ്രിഷില്ല ഒരു ഉത്തമ വിശ്വാസിയായിരുന്നതുകൊണ്ട് പൗലോസിനെ പല വിധത്തിൽ സഹായിക്കുകയും ചെയ്തു (റോമ 16:3; 1 കോറി 16:19; 2 തിമോ 4:19). സീലാസും തിമോത്തിയോസും മാസിഡോണിയായിൽ നിന്ന് പൗലോസിന്റെപക്കൽ എത്തിച്ചേർന്നപ്പോൾ വീണ്ടും സുവിശേഷപ്രഘോഷണത്തിനിറങ്ങി (18:5). എന്നാൽ യഹൂദരിൽനിന്ന് ശക്തിയായ എതിർപ്പു തുടങ്ങിയപ്പോൾ വീണ്ടും വിജാതീയരുടെ പക്കലേക്കുതന്നെ തിരിഞ്ഞു (18:6; 13:46).

ആ രാത്രിയിൽ ഒരു ദർശനത്തിലൂടെ കർത്താവിന്റെ സ്വരം പൗലോസ് ശ്രവിച്ചു: ''നീ ഭയപ്പെടേണ്ട; പ്രസംഗിക്കുക, ഞാൻ നിന്റെ കൂടെയുണ്ട്'' (18:9–10). അതുകൊണ്ട് ഒന്നരവർഷം പൗലോസ് കോറിന്തോസിൽ സുവിശേഷം പ്രസംഗിച്ചു (18:11). യഹൂദർ വീണ്ടും പൗലോസിനെതിരേ തിരിയുകയും കേസുകൊടുക്കുകയും ചെയ്തു. പക്ഷേ ന്യായാധിപനായ ഗാളിയൊ മതാനുഷ്ഠാനപരമായ അവരുടെ കേസ് തള്ളിക്കളയുകയാണുണ്ടായത് (18:15). അങ്ങനെ കുറേനാൾ അവിടെ താമസിച്ചിട്ട് അവരോട് യാത്രപറഞ്ഞ് മടക്കയാത്ര ആരംഭിച്ചു. എഫേസോസിലെത്തിയപ്പോൾ അക്വീലായെയും പ്രിഷില്ലയേയും കൂടെയുണ്ടായിരുന്ന മറ്റു ചിലരേയും അവിടെയാക്കിയിട്ട് അന്ത്യോക്യായിലേക്കു കപ്പൽ കയറി (18:19–22).

ഇതിനുശേഷം അലക്സാൺഡ്രിയാക്കാരനായ ഒരു യഹൂദപണ്ഡിതൻ എഫേസോസിലെത്തി ക്രിസ്തുവിനെപ്പറ്റി പ്രസംഗിച്ചു. പക്ഷേ, പരിശുദ്ധാത്മാവിനെക്കുറിച്ച് അദ്ദേഹത്തിനറിവില്ലായിരുന്നു. അതുകൊണ്ട് സ്നാപകയോഹന്നാൻ നൽകിയ വിധത്തിലുള്ള ജ്ഞാനസ്നാനമാണ് ആളുകൾക്ക് നൽകിയത്. അദ്ദേഹത്തെ അക്വീലായും പ്രിഷില്ലയും കൂട്ടിക്കൊണ്ടുപോയി ക്രിസ്തുമാർഗ്ഗം വ്യക്തമായി പഠിപ്പിക്കുകയുണ്ടായി (18:24).

**18:23–21:16: മൂന്നാമത്തെ മിഷനറിയാത്ര (ഏ.ഡി. 54–58)** പതിവുപോലെ അന്ത്യോക്യായിൽ നിന്നാണ് യാത്രപുറപ്പെടുന്നതെങ്കിലും ഈ യാത്ര അവസാനിക്കുന്നത് ജറുസലെമിലാണ് (19:21). പൗലോസിനോടൊപ്പം തിമോത്തിയോസും എറാസ്തൂസും മറ്റു സഹായികളും ഉണ്ടായിരുന്നു (19:22). ഫ്രീജിയ വഴി ഗലേഷ്യയിൽ എത്തുകയും അവിടെ നിന്ന് വീണ്ടും എഫേസോസിൽ വരികയും ചെയ്തു. എഫേസോസിൽ വന്നപ്പോൾ അറിയുന്നു, അവിടെ അപ്പോളോ എന്നുപറയുന്ന ഒരു പണ്ഡിതൻ അലക്സാൺഡ്രിയായിൽ നിന്നുവന്ന് ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുകയും കുറേപ്പേർക്ക് ജ്ഞാനസ്നാനം നൽകുകയും ചെയ്തെന്ന്. പൗലോസ് അവരെ വിളിച്ച് സംഭവിച്ചതെല്ലാം ചോദിച്ചറിഞ്ഞപ്പോൾ, അവർ പരിശുദ്ധാത്മാവിനെപ്പറ്റി കേട്ടിട്ടുപോലും ഇല്ലെന്ന് മനസ്സിലായി (19:2). പൗലോസ് വീണ്ടും അവർക്ക് ജ്ഞാനസ്നാനം നല്കി, കൈ കൾവച്ച് പ്രാർത്ഥിച്ച് പരിശുദ്ധാത്മാവിനെ കൊടുത്തു (19:5–7).

പൗലോസ് അവിടെ നിരവധി അത്ഭുതങ്ങളും രോഗശാന്തിയുമൊക്കെ നൽകുന്നതുകണ്ടപ്പോൾ ചില മന്ത്രവാദികൾ പൗലോസിനെ അനുകരിച്ച് അത്ഭുതങ്ങൾ ചെയ്യുവാൻ തീരുമാനിച്ചു. സ്കേവ എന്ന ഒരു യഹൂദ

പുരോഹിതന്റെ ഏഴുമക്കളാണ് അതിനുശ്രമിച്ചവർ. അവർ ഒരു പിശാചുബാധിതനെ മുമ്പിൽ നിർത്തിയിട്ട് പറഞ്ഞു: പൗലോസ് പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ നിന്നോടു ഞാൻ കല്പിക്കുന്നു, അശുദ്ധാത്മാവേ, പുറത്തുപോകുക (19:13); എന്നാൽ പിശാചുപറഞ്ഞു, പൗലോസിനെയും യേശുവിനെയും ഒക്കെ എനിക്കറിയാം; ഇവരിലൊന്നും വിശ്വാസമില്ലാത്ത നിങ്ങൾക്ക് എന്നോടു കല്പിക്കുവാൻ എന്തു അവകാശമാണുള്ളത്? ഇതു പറഞ്ഞ് പിശാച് അവരുടെ മേൽ ചാടിവീണ് അവരെ ഉപദ്രവിച്ച് ഓടിച്ചു (19:15–20). പൗലോസ് തിമോത്തിയോസിനെയും എറാസ്തൂസിനെയും മുൻകൂട്ടി മക്കദോനിയായിലേക്ക് അയച്ചിട്ട് കുറേ നാൾകൂടി എഫേസോസിൽ താമസിച്ചു (19:8–10; 20:31).

ഇതിനിടെ വിജാതീയർ പൗലോസിനെതിരേ ബഹളം തുടങ്ങി. അവരുടെ അർത്തേമിസ് ദേവിയുടെ ക്ഷേത്രത്തിന്റെ വെള്ളികൊണ്ടുള്ള മാതൃകകൾ ധാരാളം ഉണ്ടാക്കി വിറ്റിരുന്ന മുതലാളിമാർ പൗലോസിന്റെ പ്രസംഗം കേട്ടു. വിഗ്രഹാരാധനയ്ക്ക് എതിരായി പൗലോസ് പറഞ്ഞിരുന്നത്, കൈകൊണ്ടുണ്ടാക്കിയ ദൈവങ്ങൾ ദൈവങ്ങളേയല്ല എന്നായിരുന്നു (19:26). അതോടെ വിഗ്രഹങ്ങൾക്ക് ചെലവില്ലാതായി. അവർ പൗലോസിനെയും ശിഷ്യരെയും ഉപദ്രവിക്കുകയും വലിച്ചിഴച്ച് നഗരാധികാരിയുടെ പക്കൽ കൊണ്ടുചെന്ന് പരാതി പറയുകയും ചെയ്തു (19:29–35). നഗരാധിപൻ പൗലോസിന്റെ പേരിൽ കേസെടുക്കുവാൻ കുറ്റം കാണാതെ ജനക്കൂട്ടത്തെ പിരിച്ചുവിടുകയാണുണ്ടായത് (19:40–41).

അധികം താമസിയാതെ പൗലോസ് മക്കദോനിയായിലൂടെ ഗ്രീസിലെത്തി. പിന്നീട് ഫിലിപ്പിയായിലെത്തി അഞ്ചു ദിവസത്തെ കപ്പൽയാത്രചെയ്ത് ത്രോവാസിൽ വന്നു. ഇപ്രാവശ്യം ലൂക്കായും (20:5) തിമോത്തിയോസുമുൾപ്പെടെ ഏഴുപേരും (20:4) പൗലോസിന്റെകൂടെയുണ്ടായിരുന്നു. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളായിരുന്നതുകൊണ്ട് ഏഴു ദിവസം ത്രോവാസിൽത്തന്നെ കഴിച്ചുകൂട്ടി (20:6).

അപ്പംമുറിക്കൽ ശുശ്രൂഷയുടെ അവസരത്തിൽ വൈകിട്ട് പൗലോസ് പാതിരാവരെ പ്രസംഗിച്ചു (20:7). മൂന്നാം നിലയിലായിരുന്നു സമ്മേളനം (20:4) ജനൽപ്പടിയിലിരുന്നിരുന്ന എവുത്തിക്കോസ് എന്നൊരു യുവാവ് ഉറക്കംതൂങ്ങി താഴേക്കുവീണു മരിച്ചു. പൗലോസ് ഇറങ്ങിവന്ന് അയാളെ ഉയിർപ്പിച്ചു (20:10). അവിടുന്ന് ജറുസലെമിലേക്കുള്ള മടക്കയാത്രയിൽ പലയിടത്തും കപ്പലിൽനിന്ന് ഇറങ്ങി ചുരുങ്ങിയ സമയംകൊണ്ട് വിശ്വാസികളെ സന്ദർശിച്ചശേഷമാണ് ജറുസലെമിൽ എത്തിച്ചേർന്നത്. ജറുസലെമിൽ തല്ക്കാലത്തേക്ക് മ്നാസോണിന്റെ വീട്ടിൽ താമസമാക്കുകയും ചെയ്തു (21:16).

**21:17–28:31 അപ്പസ്തോലന്റെ റോമായാത്ര (ഏ.ഡി. 58):** അപ്പസ്തോലന്റെ അവസാന വർഷങ്ങൾ അധികവും കഴിച്ചുകൂട്ടിയത് കാരാഗൃഹത്തിലും വീട്ടുതടങ്കലിലുമായിരുന്നു. ആ സമയത്താണ് അദ്ദേഹം പല ലേഖനങ്ങളും എഴുതിയത്.

ജറുസലെമിൽ എത്തിയ ഉടനെ പൗലോസ് യാക്കോബ് ശ്ലീഹായെ സന്ദർശിച്ചു (21:18). ശ്ലീഹാ അദ്ദേഹത്തെ സന്തോഷപൂർവ്വം സ്വീകരിച്ചെ





ങ്കിലും അവിടെയുള്ള യഹൂദർ പൗലോസിനെതിരായിരുന്നു. അതിനു കാരണം, പരിച്ഛേദിതരല്ലാത്ത വിജാതീയ ക്രിസ്ത്യാനികളെ പൗലോസ് കൂടെക്കൊണ്ടു നടക്കുകയും, അവരൊരുമിച്ച് ദേവാലയത്തിൽ പ്രവേശിക്കുന്നത് കണ്ടതുകൊണ്ടുമായിരുന്നു (21:29). അവർ പൗലോസിനെ കൊല്ലുവാൻ ഗൂഢാലോചന തുടങ്ങി (22:1–22). പരാതിനൽകി കോടതിയിലെത്തിച്ചു, ദേവാലയം അശുദ്ധമാക്കിയെന്നു പറഞ്ഞു. കോടതി ചമ്മട്ടിയടി വിധിച്ചപ്പോൾ പൗലോസ് ചോദ്യം ചെയ്തു, റോമൻ പൗരനെ ജറുസലെം കോടതിക്ക് ശിക്ഷിക്കാൻ അധികാരമില്ലെന്നു ചൂണ്ടിക്കാട്ടി (22:27–30).

തുടർന്ന് ആലോചനാ സംഘത്തിന്റെ മുമ്പിലെത്തിച്ചപ്പോൾ പൗലോസ് തന്റെ കുറ്റം എന്താണെന്ന് വ്യക്തമാക്കാൻ അവരോട ഭ്യർത്ഥിച്ചു. അവരിൽ നല്ലൊരു ഭാഗം ഉയിർപ്പിൽ പ്രത്യാശയുള്ള ഫരിസേയരും മറുഭാഗം ഉയിർപ്പിൽ വിശ്വാസമില്ലാത്ത സദൂക്കായരുമായിരുന്നു. പൗലോസ് പ്രസംഗിച്ചിരുന്നത് യേശുക്രിസ്തുവിന്റെ ഉയിർപ്പിനെക്കുറിച്ചും നിത്യജീവനിലുള്ള പ്രത്യാശയെക്കുറിച്ചുമായിരുന്നതുകൊണ്ട് ആലോചനാ സംഘത്തിൽ അഭിപ്രായഭിന്നതയുണ്ടാകുകയും പൗലോസ് രക്ഷപെടുകയും ചെയ്തു (23:6–11).

അടുത്തദിവസം ഏതാനും യഹൂദർ പൗലോസിനെ കൊന്നിട്ടല്ലാതെ ഭക്ഷണംപോലും കഴിക്കുകയില്ലെന്ന് ദൃഢപ്രതിജ്ഞചെയ്തു (23:12–21). ജറുസലെമിലുണ്ടായിരുന്ന പൗലോസിന്റെ സഹോദരീപുത്രൻ (23:16–22; 22:3) ഈ വിവരം അറിയുകയും രഹസ്യമായി പൗലോസിനെയും സഹസ്രാധിപനെയും അറിയിക്കുകയും ചെയ്തതുവഴി, സഹസ്രാധിപൻ പൗലോസിനെ രഹസ്യമായി മാറ്റി റോമൻ ഗവർണറുടെ സംരക്ഷണത്തിലാക്കി (23: 16–30).

നാലഞ്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ പ്രധാനപുരോഹിതനായ അനനിയാസും ജനപ്രമാണികളും പൗലോസിനെതിരേ പരാതിയുമായി റോമൻ ഗവർണറുടെ പക്കലെത്തി. പൗലോസിനോട് അതേപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം തന്റെ വിശ്വാസം ഏറ്റുപറഞ്ഞതല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ലെന്നു ഗവർണ്ണർക്കും ബോധ്യമായി (24:1–27). മതപരമായ കുറ്റമായതുകൊണ്ട് പൗലോസിനെ ജറുസലെമിൽകൊണ്ടുപോയി വിചാരണചെയ്യണമെന്ന് യഹൂദർ ആവശ്യപ്പെട്ടപ്പോൾ പൗലോസ് റോമൻ പൗരനാണെന്നു പറഞ്ഞു സീസറിനു അപ്പീൽ നൽകി (25:10–12). പൗലോസിന്റെ ആഗ്രഹമനുസരിച്ച് അദ്ദേഹത്തെ റോമിലേക്ക് അയക്കുവാൻ ഗവർണർ തീരുമാനിച്ചു (27:1–6; 19:21).

ഒരു ശതാധിപന്റെ മേൽനോട്ടത്തിൽ പൗലോസുൾപ്പെടെ 276 കുറ്റവാളികളെയാണ് കപ്പൽ മാർഗ്ഗം റോമിലേക്ക് അയച്ചത് (27:37). കൊടുങ്കാറ്റിൽപ്പെട്ട് കപ്പൽ പലപ്പോഴും തകരുമെന്ന അവസ്ഥയിലായി. അവസാനം മെഡിറ്ററേനിയൻ കടലിൽ ആഴം കുറഞ്ഞ ഒരു സ്ഥലത്ത് കപ്പൽ ചെന്നുറച്ചു (27:13–44). തടവുകാർ നീന്തിരക്ഷപെടാതിരിക്കാൻവേണ്ടി എല്ലാവരേയും കൊന്നുകളയുവാൻ പട്ടാളക്കാർ ഒരുമ്പെട്ടെങ്കിലും, പൗലോസിനെ രക്ഷിക്കണമെന്നുള്ള ആഗ്രഹം ശതാധിപനുണ്ടായി

രുന്നതുകൊണ്ട്, എല്ലാവരോടും നീന്തിരക്ഷപെട്ടുകൊള്ളുവാൻ കല്പി ക്കുകയാണുണ്ടായത് (27:42-43).

അവസാനത്തെ അധ്യായത്തിൽ (28) അവരെല്ലാവരും നീന്തി മാൾട്ട ദ്വീപിൽ ചെന്നെത്തിയതും പിന്നീട് മറ്റൊരു കപ്പലിൽകയറി റോമിലെ ത്തിയതുമാണ് ലൂക്കാ വിവരിച്ചിരിക്കുന്നത് (28:1). മൂന്നുമാസം മാൾട്ട ദ്വീപിൽ കഴിഞ്ഞുകൂടേണ്ടി വന്നു (28:11). ഇതിനിടെ പൗലോസ് പല അത്ഭുതങ്ങളും അവിടെ പ്രവർത്തിച്ചു. തീ കാഞ്ഞിരിക്കുമ്പോൾ തന്റെ കൈയ്യിൽ ചുറ്റിയ അണലിപാമ്പിനെ പൗലോസ് കുടഞ്ഞ് തീയിലിട്ടു. ദ്വീപിലെ പ്രമാണിയായ പുബ്ളിയൂസിന്റെ പിതാവിനെ സുഖപ്പെടുത്തി (28:8). നിരവധി രോഗികൾ പൗലോസിനെ സമീപിച്ച് സൗഖ്യം പ്രാപി ച്ചു. പൗലോസ് അവരോടെല്ലാം ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുകയും എല്ലാവരേയും മാനസാന്തരപ്പെടുത്തുകയും ചെയ്തു (28:9-10).

അപ്പോഴേയ്ക്കും ഒരലക്സാൻഡ്രിയൻ കപ്പൽ റോമിലേക്കുള്ള യാത്ര യിൽ മാൾട്ടയിലെത്തി നങ്കൂരമടിച്ചു, ആ കപ്പലിൽ പൗലോസും ലൂക്കായും മറ്റുള്ളവരുമെല്ലാം കയറി റോമിലെത്തി. റോമിൽ ഒരു പട്ടാള ക്കാരന്റെ കാവലിൽ പൗലോസ് ഒരു വീട്ടിൽ തനിച്ചു താമസിച്ചു. റോമിലെ യഹൂദരെയും പരിചയക്കാരെയുമെല്ലാം അവിടെ വിളിച്ചുകൂട്ടി അവരോടും പൗലോസ് ക്രിസ്തുവിനെക്കുറിച്ചുള്ള സദ്വാർത്ത അറിയിച്ചു. അങ്ങനെ രണ്ടു വർഷം പൗലോസ് റോമിലെ വീട്ടുതടങ്കലിൽ കഴിയുന്നതായി പറ ഞ്ഞുകൊണ്ട് ലൂക്ക അപ്പസ്തോല പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിരി ക്കുന്നു (28:31).

## വ്യാഖ്യാനത്തിന് ഒരാമുഖം

സഭയെയും സഭാവിശ്വാസികളെയും സംബന്ധിച്ച് ഏറ്റവും പ്രാധാന്യം അർഹിക്കുന്ന പുസ്തകങ്ങളിലൊന്നാണ് ബൈബിളിലെ അപ്പസ്തോല പ്രവർത്തനങ്ങൾ. സഭയെ സംബന്ധിച്ച്, അതിന്റെ ഉത്ഭവം, പരിശുദ്ധാ ത്മാവിനാൽ പ്രവർത്തനനിരതമായ അതിന്റെ വളർച്ച, സഭാസമൂഹത്തെ നയിക്കുന്നതു സംബന്ധിച്ച അടിസ്ഥാനതത്വങ്ങളും പ്രബോധനങ്ങളും, സഭയുടെ ആദ്യത്തെ പരമാധികാരി യായിരുന്ന പത്രോസിന്റെ മാതൃകാ സമ്പന്നമായ ജീവിതരീതിയും തീക്ഷ്ണതയേറിയ പ്രബോധനങ്ങളും (മത്താ 16:17-19; യോഹ 21:15-17) ഈ ഗ്രന്ഥത്തിൽ ലഭ്യമാണ്. സഭയുടെ നേതൃസ്തംഭങ്ങളായി (ഗലാ 2:9) പൗലോസ് കരുതുന്നവരാണല്ലോ പത്രോസും യാക്കോബും യോഹന്നാനും. അതുപോലെതന്നെ, സഭയുടെ നെടുംതൂണുകളിലൊരാളായി പൗലോസും കണക്കാക്കപ്പെടുന്നു. ഇവരിരുവരുടെയും ആദ്യകാലപ്രവർത്തനങ്ങളാണ് അപ്പസ്തോല പ്രവർത്തനങ്ങളുടെ ഉള്ളടക്കം.

സഭാവിശ്വാസികളെ സംബന്ധിച്ചു നോക്കിയാൽ, ആദിമ ക്രൈസ്തവ സമൂഹത്തിന്റെ വിശിഷ്ടമായ മാതൃക, വചനാധിഷ്ഠിത ജീവിതം, പ്രാർത്ഥന, അപ്പസ്തോലന്മാരിലൂടെ പരിശുദ്ധാത്മാവ് അവർക്കു നല്കിയ അത്ഭുതസിദ്ധികൾ, തൽഫലമായി അവർക്കു അപ്പസ്തോല ന്മാരോടുണ്ടായിരുന്ന വിധേയത്വവും ബഹുമാനവും തുടങ്ങിയ കാര്യങ്ങൾ





ഇന്നും വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതും അനുവർത്തിക്കേ ണ്ടതുമാണല്ലോ.

ഈ ഗ്രന്ഥത്തിനു മറ്റൊരു പ്രാധാന്യം കൂടിയുണ്ട്: ഇതിന്റെ ഗ്രന്ഥ കർത്താവ് സുവിശേഷം എഴുതിയ ലൂക്കാ തന്നെയാണെന്നുള്ളതാണത്. അദ്ദേഹം പൗലോസ് അപ്പസ്തോലന്റെ മിഷനറി യാത്രകളിൽ പൗലോ സിനോടൊപ്പം യാത്രചെയ്തിട്ടുണ്ട് (അപ്പ 16:10-24; 20:5-19; 21:1-18; 27:1-28:16). തന്നിമിത്തം ദൃക്സാക്ഷി വിവരണംപോലെ ഇതിനെ കരുതാം. മാത്രമല്ല, ലൂക്കാ എല്ലാക്കാര്യങ്ങളും കൃത്യമായി അന്വേഷി ച്ചറിയുന്ന സ്വഭാവക്കാരനുമാണ് (ലൂക്കാ 1:3). സുവിശേഷം എഴുതിയ ആളായതുകൊണ്ട് യേശുക്രിസ്തുവിനെ സംബന്ധിച്ച എല്ലാ വിവരണ ങ്ങളും ലൂക്കായ്ക്ക് വ്യക്തമായി അറിയാം. തന്നിമിത്തം വിവരണങ്ങളിൽ കൃത്യതയും വിശ്വസ്തതയും പ്രതീക്ഷിക്കാം.

ഈ ഗ്രന്ഥത്തിൽ ലൂക്കാ 110 വ്യക്തികളുടെയും നിരവധി സ്ഥലങ്ങ ളുടെയും പേരെടുത്ത് പറഞ്ഞിട്ടുള്ളത് വളരെ കൃത്യമായിട്ടാണ്. ഒരു ചരിത്രകാരനും ഭിഷഗ്വരനും (കൊളോ 4:14) കൂടിയായിരുന്നു ലൂക്കാ. 27-ാം അധ്യായം മുതലുള്ള കപ്പൽ യാത്രാവിവരണം, ലോകസാഹിത്യ ത്തിൽപോലും ഉന്നത നിലവാരം പുലർത്തുന്ന ചരിത്രപ്രസിദ്ധമായ ഒരു യാത്രാവിവരണമാണ്.

ലൂക്കാ ഈ ഗ്രന്ഥം അവസാനിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "പൗലോസ് സ്വന്തംചെലവിൽ ഒരു വീടു വാടകയ്ക്കെടുത്തു രണ്ടു വർഷം മുഴുവൻ അവിടെ താമസിച്ചു. തന്നെ സമീപിച്ച എല്ലാവരെയും അവൻ സ്വാഗതം ചെയ്തിരുന്നു. അവൻ ദൈവരാജ്യം പ്രസംഗിക്കുകയും കർത്താവായ യേശു ക്രിസ്തുവിനെക്കുറിച്ച് നിർബാധം ധൈര്യപൂർവ്വം പഠിപ്പിക്കുകയും ചെയ്തു" (28:30-31). ഈ വരികൾ എഴുതുമ്പോൾ ലൂക്കാ പൗലോസിനോടുകൂടി റോമിൽത്തന്നെ ഉണ്ടെന്നാണ് സൂചന. അപ്പസ്തോലൻ തിമോത്തിക്ക് എഴുതുന്നു: "ലൂക്കാ മാത്രമേ എന്നോടു കൂടിയുള്ളൂ. മർക്കോസിനെകൂടി നീ കൊണ്ടുവരണം (2 തിമോ 4:11)".

അങ്ങനെയെങ്കിൽ എന്തുകൊണ്ടു ലൂക്കാ പൗലോസിന്റെ വിചാര ണയും രക്തസാക്ഷിത്വവുംവരെ രേഖപ്പെടുത്തിയില്ല എന്നൊരു ചോദ്യം സ്വാഭാവികമായി എല്ലാവരിലും സംശയം ഉയർത്താവുന്നതാണ്. ഇതേപ്പറ്റി നിരവധി ഊഹാപോഹങ്ങൾ പണ്ഡിതന്മാരുടെയിടയിലുണ്ട്: ലൂക്കാ മൂന്നാമതൊരു വോളിയംകൂടി എഴുതുവാൻ ഉദ്ദേശിച്ചെങ്കിലും അതു സാധി ക്കാതെ പോയതുകൊണ്ടാവാമെന്നും അപ്പസ്തോലന്മാരുടെ ജീവചരിത്ര ത്തിനല്ല, പ്രവർത്തനങ്ങൾക്കു മാത്രമാണ് ഊന്നൽ നൽകുവാൻ ഉദ്ദേശി ച്ചതെന്നും വചനപ്രഘോഷണം അന്നത്തെ ലോകതലസ്ഥാനമായ റോമിൽ എത്തുകവഴി ഭൂമിയുടെ അതിർത്തികൾവരെ എത്തിയെന്നും (1:8), അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണെന്നും വായന ക്കാരെ ധരിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടായിരുന്നതുകൊണ്ടായിരിക്കാ മെന്നുമൊക്കെ (28:31) അഭിപ്രായപ്പെടുന്നു.

# 7

# വിശുദ്ധ പൗലോസ്: വ്യക്തിയും ദർശനവും

**(നടപടി ഗ്രന്ഥവും ലേഖനങ്ങളും ആധാരമാക്കിയുള്ള പഠനം)**

**ഡോ. ജോസഫ് പാംപ്ലാനി**

പുതിയനിയമത്തിലെ 27 പുസ്തകങ്ങളിൽ 13 എണ്ണവും വി. പൗലോസ് ശ്ലീഹായുടെ രചനകളായാണ് അറിയപ്പെടുന്നത്. പുതിയനിയമത്തിൽ ആദ്യമായി രചിക്കപ്പെട്ട ഗ്രന്ഥങ്ങളും ഈ രചനകളാണ്. അപ്പസ്തോല പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിന്റെയും ഭൂരിഭാഗം വി. പൗലോസിന്റെ പ്രവർത്തനങ്ങളും പ്രഭാഷണങ്ങളുമാണ് വിവരിക്കുന്നത്.

## പൗലോസ് എന്ന മഹാപ്രേഷിതൻ

ക്രിസ്തുവിന്റെ അപ്പസ്തോലനും ആദിമസഭയിലെ ഏറ്റവും ശക്തനായ പ്രേഷിതനും സഭയിലെ ആദ്യത്തെ ദൈവശാസ്ത്രജ്ഞനും സഭൈക്യത്തിന്റെ പ്രണേതാവുമാണ് പൗലോസ് ശ്ലീഹാ. ക്രൈസ്തവസഭയുടെ രണ്ടാമത്തെ സ്ഥാപകനെന്നും ചിലപ്പോൾ അദ്ദേഹം അറിയപ്പെടാറുണ്ട്. അദ്ദേഹത്തിന്റെ മാനസാന്തരത്തിനുമുമ്പ് അരമായ ഭാഷയിൽ 'സാവൂൾ' എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. എന്നാൽ, മാനസാന്തരത്തിനുശേഷം അരമായ വാക്കിന്റെ റോമൻ രൂപമായ 'പൗലോസ്' എന്ന് അദ്ദേഹം അറിയപ്പെട്ടുതുടങ്ങി. പുതിയ നിയമപുസ്തകങ്ങളിൽ പകുതിയോളം പൗലോസ് ശ്ലീഹായുടെ പേരിലാണ് അറിയപ്പെടുന്നത്.

പൗലോസിന്റെ ജീവിതത്തെയും ചിന്തയെയുംകുറിച്ചുള്ള അറിവു നമുക്ക് പ്രധാനമായും ലഭിക്കുന്നത് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽനിന്നാണ്. അപ്പസ്തോല പ്രവർത്തനങ്ങളിൽനിന്നും അദ്ദേഹത്തെക്കുറിച്ചുള്ള ജീവചരിത്രപരമായ അറിവു ലഭിക്കുന്നുണ്ട്. പതിമൂന്നു ലേഖനങ്ങളാണ് പരമ്പരാഗതമായി അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നത്.

അപ്പ 21:39; 22:3-ൽ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് പൗലോസ് കീലിക്യായിലെ പ്രധാനപട്ടണമായ താർസോസിൽ ജനിച്ച ഒരു യഹൂദ പൗരനാണ്. ജനിച്ചത് എ.ഡി. 10-ലാണെന്നാണ് പൊതുവായ അഭിപ്രാ





**അപ്പ 13-14 അധ്യായങ്ങളിൽ വിവരിക്കുന്ന ഒന്നാംപ്രേഷിത യാത്രയിൽ (എ.ഡി. 47-49) പൗലോസ് സന്ദർശിച്ച സ്ഥലങ്ങൾ (സഹയാത്രികൻ - ബാർണബാസ്)**

| | | |
|---|---|---|
| 1. അന്ത്യോക്യാ | - | യാത്രയുടെ തുടക്കം |
| 2. സൈപ്രസ് | - | ബാർണബാസിന്റെ പട്ടണം |
| 3. സലാമിസ് | - | മർക്കോസ് കൂട്ടുചേരുന്നു |
| 4. പാഫോസ് | - | സെർജിയൂസിന്റെ മാനസാന്തരം |
| 5. പെർഗാ | - | മർക്കോസ് വേർപിരിയുന്നു |
| 6. പിസീഡിയ | - | ആദ്യവിജാതീയക്രൈസ്തവ സമൂഹം |
| 7. ഇക്കോണിയാ | - | അനേകർ വിശ്വസിക്കുന്നു |
| 8. ലിസ്ട്രാ | - | പൗലോസും ബാർണബാസും ദേവൻമാരായി കരുതപ്പെടുന്നു |
| 9. ദർബേ | - | പൗലോസിന്റെ വിജയം |
| 10. ലിസ്ട്രാ | - | പൗലോസ് മൂപ്പന്മാരെ നിയമിക്കുന്നു |
| 11. ഇക്കോണിയാ | - | പൗലോസ് മൂപ്പന്മാരെ നിയമിക്കുന്നു |
| 12. പിസീദിയ | - | പൗലോസ് മൂപ്പന്മാരെ നിയമിക്കുന്നു |
| 13. പെർഗാ | - | പൗലോസ് മൂപ്പന്മാരെ നിയമിക്കുന്നു |
| 14. അത്താലിയാ | - | മടക്കയാത്ര |
| 15. അന്ത്യോക്യാ | - | തിരിച്ചെത്തുന്നു |



യം. ബി.സി. 63-ൽ പലസ്തീനായും പ്രാന്തപ്രദേശങ്ങളും റോമൻ ഭരണത്തിലായതിനാൽ റോമൻ ആധിപത്യത്തിലായിരുന്നു തർസോസ്. അപ്പ 22:28-ൽ പൗലോസ് അവകാശപ്പെടുന്നതനുസരിച്ച് അദ്ദേഹം ജന്മനാ ഒരു റോമൻ പൗരനാണ്. പൗലോസ് യവനസംസ്ക്കാരത്തിൽ (Hellenistic) വളർത്തപ്പെട്ട ഒരു ഡയാസ്പൊറ (പലസ്തീനായ്ക്കു പുറത്ത് താമസിച്ചിരുന്ന) യഹൂദനായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ഗ്രീക്കുഭാഷയിലുള്ള പാണ്ഡിത്യംതന്നെ സൂചിപ്പിക്കുന്നു. അതായത് യവനറോമാ സാമ്രാജ്യത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിലാണ് അദ്ദേഹം വളർത്തപ്പെട്ടത്.

അദ്ദേഹത്തിന്റെ ആദ്യകാല വിദ്യാഭ്യാസം സ്വഭവനത്തിൽവെച്ചുതന്നെയായിരുന്നിരിക്കണം. പൗലോസ് തന്നെ അഭിമാനത്തോടുകൂടി തന്റെ കുടുംബത്തിലെ നിഷ്ഠയുള്ള ജീവിതത്തെക്കുറിച്ച് സംസാരിക്കുന്നുണ്ട്. എട്ടാം ദിവസം പരിച്ഛേദനം ചെയ്യപ്പെട്ട ബഞ്ചമിൻ ഗോത്രത്തിൽ പിറന്ന യഹൂദനാണദ്ദേഹം (ഫിലി 3:5). താർസോസ് ബുദ്ധിജീവികളുടെ കേന്ദ്രമായിരുന്നു. സ്റ്റോയിക്ക് തത്വശാസ്ത്രത്തിന്റെയും ചിന്തയുടെയും പശ്ചാത്തലമാണ് താർസോസിലുണ്ടായിരുന്നത്. എങ്കിലും ഈ ചിന്തയുടെ സ്വാധീനമൊന്നും പൗലോസിൽ കാണുന്നില്ല. അപ്പ 22:3 അനുസരിച്ച് ജറുസലേമിൽ ഗമാലിയേലിന്റെ അടുത്താണ് പഠനം നടത്തിയത്. തൻമൂലം ബൈബിൾ വ്യാഖ്യാനങ്ങളിൽ പൗലോസ് യഹൂദറബ്ബിമാരുടെ ശൈലി സ്വീകരിച്ചിട്ടുണ്ട്. ഫിലി 3:5 അനുസരിച്ച്, റബ്ബിമാരെപ്പോലെ പൗലോസും ഒരു ഫരിസേയനാണ്. അപ്പ 26:10; ഫിലി 3:5-6 ഉം അനുസരിച്ച് പൗലോസ് സാൻഹെദ്രിൻ സംഘത്തിൽ അംഗമായിരുന്നിരിക്കണം. പൗലോസ് ജറുസലേമിലുണ്ടായിരുന്ന ഒരു യുവവിദ്യാർത്ഥിയെന്നനിലയിൽ ഈശോയെ കണ്ടിരിക്കാനിടയുണ്ട്. പക്ഷേ, അത്തരം സംഭവങ്ങളെക്കുറിച്ചോ, ഈശോയുടെ ജീവിതത്തെക്കുറിച്ചോ പഠനങ്ങളെക്കുറിച്ചോ പൗലോസ് യാതൊന്നും സൂചിപ്പിക്കുന്നില്ല. തുകൽപണിയും കൂടാരമുണ്ടാക്കുന്ന വിദ്യയും അദ്ദേഹം പഠിച്ചിരുന്നു (അപ്പ 18:3). ഇത് അദ്ദേഹത്തിന് പിന്നീടുള്ള പ്രേഷിത പ്രവർത്തനങ്ങളിൽ സഹായകമായിരുന്നു. (1 കോറി 9:6; 1 തെസ 2:9).

മാനസാന്തരത്തിനുമുമ്പ് ഒരു മതമർദ്ദകനായി വർത്തിച്ചിരുന്ന അദ്ദേഹം (അപ്പ 8:3; 26:11) ജറുസലേമിനു പുറത്തുള്ള ക്രൈസ്തവരെയും ജറുസലേമിലേക്കു കൊണ്ടുവന്നു ശിക്ഷിക്കാൻ അധികാരം സിദ്ധിച്ച വ്യക്തിയായിരുന്നു (അപ്പ 9:1-2; 22:5; 1 കോറി 15:9; ഗലാ 1:13,23). അപ്പസതോല പ്രവർത്തനത്തിൽ പൗലോസിന്റെ പേര് ആദ്യമായി സൂചിപ്പിക്കുന്നത് സ്തേഫാനോസിന്റെ വധത്തോടനുബന്ധിച്ചാണ്: കൊലയാളികളുടെ വസ്ത്രസൂക്ഷിപ്പുകാരനായിട്ട് (അപ്പ 7:58). വിജയശ്രീലാളിതനായ ഒരു മിശിഹായെ പ്രതീക്ഷിച്ചിരുന്ന പൗലോസിന് ക്രൂശിതനായ കർത്താവിനെ ആദ്യം അംഗീകരിക്കാനായില്ല (ഗലാ 3:13).

പൗലോസിന്റെ ശാരീരിക സാന്നിധ്യം അശക്തവും ഭാഷണം മനസ്സിലേശാത്തതുമാണെന്ന് കോറിന്തോസുകാരിൽ ചിലർ അഭിപ്രായപ്പെട്ടിരുന്നു (2 കോറി 10:10). ഈ ശാരീരികാശക്തിയെ ദൈവം തനിക്കു





നൽകിയ മുള്ള് (2 കോറി 12:7) എന്നാണ് പൗലോസ് വിശേഷിപ്പിക്കുന്നത്. ഈ മുള്ള് എന്താണെന്ന് വ്യക്തമായി സൂചിപ്പിക്കുന്നില്ലെങ്കിലും വിശദീകരണങ്ങൾ നൽകുന്നുണ്ട്. മലേറിയ, കണ്ണിന്റെ അസുഖം അല്ലെങ്കിൽ തലവേദന ഇതിലേതെങ്കിലുമായിരിക്കാമെന്ന് പറയപ്പെടുന്നു. ഏതു രോഗമായിരുന്നാലും ഏത് പ്രതിബന്ധങ്ങളെയും തരണം ചെയ്യാൻ പോരുന്ന മനോധൈര്യം അദ്ദേഹത്തിനു കൈമുതലായുണ്ടായിരുന്നു (2 കോറി 11:24-28).

**മാനസാന്തരം:** ദമാസ്ക്കസിലേക്കുള്ള യാത്രയിലാണ് പൗലോസിന് മാനസാന്തരം സംഭവിക്കുന്നത് (അപ്പ 9:1-9). ഈ മാനസാന്തരം ഒരു അപ്രതീക്ഷിത സംഭവമല്ല. കാരണം പൗലോസും മിശിഹായെ പ്രതീക്ഷിച്ചുകഴിയുകയായിരുന്നു. അദ്ദേഹം യഹൂദനിയമത്തിന്റെ മുന്നിൽ നീതിമാനായിരുന്നു (ഫിലി 3:6). മാനസാന്തരകഥ (അപ്പ 9:1-20) ദൈവം പ്രവാചകന്മാരെ വിളിക്കുന്നതുപോലെ ചിത്രീകരിക്കപ്പെട്ടിരിക്കുകയാണ് (cfr. ജറെ 1:4-10). പൗലോസിന്റെ വിളിയുടെ വ്യക്തമായ വിവരണം ഗലാ 1:11-17ൽ കാണാൻ സാധിക്കും. ക്രിസ്തു ദൈവപുത്രനാണെന്നും വിജാതിയരോട് സുവിശേഷം പ്രസംഗിക്കാൻ നിയോഗിക്കപ്പെട്ടവനാണ് താനെന്നും പൗലോസിന് ബോധ്യമായത് ദമാസ്ക്കസ് അനുഭവത്തിലൂടെയാണ്. അപ്പ.പ്രവർത്തനങ്ങളിൽതന്നെ പൗലോസിന്റെ മാനസാന്തരകഥ ആവർത്തിക്കപ്പെട്ടിരിക്കുന്നു. (അപ്പ 9:1-20; 22:6-16; 26:9-18). ഈ വിവരണങ്ങളിൽ മാനസാന്തരസംഭവത്തിലുണ്ടായിരുന്ന അതിസ്വാഭാവിക വസ്തുതകൾ ഊന്നിപറയപ്പെട്ടിരിക്കുകയാണ് (ഉദാ. സ്വർഗ്ഗത്തിൽനിന്നുള്ള ശബ്ദവും വെളിച്ചവും പൗലോസിന്റെ അന്ധതയും സൗഖ്യമാകലും). പൗലോസിന്റെ ഈ മാനസാന്തരം കർത്താവിന്റെ ശിഷ്യനായ അനനിയാസ് മുഖേനയാണ് സംഭവിക്കുന്നത് (അപ്പ 9:16-18; 22:12-16). അതുപോലെതന്നെ പൗലോസിന് മാമ്മോദീസാ നൽകുന്നതും അദ്ദേഹമാണ് (9:18; 22:16). ഇതൊന്നും ലേഖനങ്ങളിൽ സൂചിപ്പിക്കപ്പെട്ടിട്ടില്ല. എങ്കിലും 1 കോറി 9:1; 15:8 എന്നിവയുടെ വെളിച്ചത്തിൽ ദമാഡ്കഡ് സംഭവത്തെ തനിക്കു ലഭിച്ച ഉത്ഥിതന്റെ ദർശനമായിട്ടാണ് പൗലോസ് മനസ്സിലാക്കിയത് എന്നു വ്യക്തമാണ്. അങ്ങനെ ക്രൂശിതനായ ഈശോ, മിശിഹാതന്നെയാണെന്ന് അദ്ദേഹത്തിന് ബോധ്യമായി.

**പ്രേഷിത പ്രവർത്തനം:** മാനസാന്തരത്തിനുശേഷമുള്ള കാലഘട്ടം പൗലോസ് തന്റെ ജീവിതം പൂർണ്ണമായും ദൈവീക ആഹ്വാനത്തിനുവിട്ടുകൊടുത്തു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ കാലനിർണ്ണയം നടത്തുവാൻ ബുദ്ധിമുട്ടുണ്ട്. കാരണം, വിശുദ്ധഗ്രന്ഥത്തിലെ വിവിധ പുസ്തകങ്ങൾ തന്നെ ഒരേ കാര്യത്തെക്കുറിച്ച് വ്യത്യസ്തമായ അറിവാണ് നൽകുന്നത്. ഉദാഹരണമായി, പൗലോസ്, ജറുസലേമിലേക്ക് അഞ്ചുപ്രാവശ്യം യാത്രനടത്തിയതായി അപ്പ. പ്രവർത്തനങ്ങൾ പറയുമ്പോൾ (അപ്പ 9:26; 11:30) കേവലം മൂന്നുപ്രാവശ്യം മാത്രമേ യാത്രനടത്തിയിട്ടുള്ളൂവെന്ന് ലേഖനങ്ങൾ സാക്ഷിക്കുന്നു (ഗലാ 2:1; 12:18; റോമ 15:25) അതുപോലെതന്നെ ജെറുസലേം കൗൺസിലിന്റെ കാര്യത്തിലും വ്യത്യസ്ത സൂചനകളാണ് ലഭിക്കുന്നത്. അപ്പ 15:6-21 അനുസരിച്ച് ഇത് നടക്കുന്നത് പൗലോസിന്റെപ്രേഷിത പ്രവർത്തനങ്ങളുടെ കാലഘട്ടത്തിലാണ്.

എന്നാൽ ഗലാ 2:1–10 അനുസരിച്ച് ജറുസലേം കൗൺസിൽ നടക്കുന്നത്. പൗലോസിന്റെ മാനസാന്തരത്തിനുശേഷം പതിനഞ്ച് – പതിനാറ് വർഷം കഴിഞ്ഞാണ്. ഈ കൗൺസിലിൽവച്ച് പൗലോസ് നടത്താമെന്നേറ്റിരുന്ന ധനശേഖരണത്തെക്കുറിച്ച് അപ്പ. പ്രവർത്തനങ്ങളിൽ കാര്യമായ സൂചന യില്ല. എന്നാൽ ലേഖനങ്ങളിൽ സൂചിപ്പിക്കുന്നുണ്ട് (1 കോറി 16:1–4; 2 കോറി 8–9; റോമ 15:25–28). പൗലോസിന്റെ പ്രേഷിത പ്രവർത്തനം തുട ങ്ങുന്നത് ജറുസലേമിൽനിന്നാണ്. അതുപോലെ അദ്ദേഹം പലപ്രാവശ്യം ജറുസലേമിൽ വരുകയും തിരികെപോകുകയും ചെയ്യുന്നുണ്ട് (അപ്പ 13:46; 18:6). ഇത് യഹൂദരിൽനിന്നും ദൈവവചനം വിജാതീയരിലേക്ക് തിരിയുന്നതിന്റെ പ്രതീകമാണ്. എന്നാൽ പൗലോസ് മൂന്നുപ്രാവശ്യം മാത്രമേ പ്രേഷിത യാത്ര നടത്തിയിട്ടുള്ളുവെന്നാണ് പണ്ഡിതമതം. ജറു സലേം കൗൺസിലിനുമുമ്പുതന്നെ അദ്ദേഹം മക്കദോനിയായിലും അക്കായിയായിലും സുവിശേഷം പ്രസംഗിച്ചു എന്നുകരുതപ്പെടുന്നു. നീണ്ട പതിനാലുവർഷത്തെ നിശബ്ദജീവിതം (ഗലാ 1:21; 2:1) ഇതാണ് സൂചിപ്പിക്കുന്നത്.

ലേഖനങ്ങളിൽനിന്നും കിട്ടുന്ന അറിവിന്റെ വെളിച്ചത്തിൽ മാനസാ ന്തരത്തിന് (34–35 എ.ഡി.) ശേഷം അദ്ദേഹം മൂന്നുവർഷം അറേബ്യായിൽ ചെലവഴിച്ചു (ഗലാ 1:17). കുറേ നാളത്തെ വിചിന്തനങ്ങൾക്കുശേഷം ദമാ സ്കസിലും മറ്റും സുവിശേഷം പ്രസംഗിക്കാൻ തുടങ്ങിയിരിക്കണം. തൻമൂലം ഏറെ താമസിയാതെ അവിടെനിന്നും പോരേണ്ടിവന്നു (2 കോറി 11:32–33; അപ്പ 9:23–25). മാനസാന്തരത്തിനുശേഷമുള്ള ആദ്യത്തെ ജറു സലേം യാത്ര എ.ഡി. 37–ൽ ആയിരിക്കാനാണു സാധ്യത.

ജറുസലേമിൽ 15 ദിവസത്തെ സന്ദർശനത്തിനുശേഷം അദ്ദേഹം സിറി യായിലും കിലിക്യായിലും പ്രേഷിത പ്രവർത്തനത്തിനായി തിരിച്ചു (ഗലാ 1:21). അപ്പ 13,14 അദ്ധ്യായങ്ങളിൽ സൈപ്രസിലേക്കും മദ്ധ്യ ഏഷ്യാമൈ നറിലേക്കുമുള്ള പ്രേഷിത യാത്രയെപറ്റി വിവരിക്കുന്നു (പിസീദിയി യായിലെ അന്ത്യോക്യാ, ഇക്കോണിയം, ദർബെ, ലിസ്ത്രാ). ലിസ്ത്രാ യിൽവച്ച് അദ്ദേഹം കല്ലെറിയപ്പെട്ടു (അപ്പ 14:19; 2 കോറി 11:25). ഈ പതിനാലു വർഷങ്ങൾക്കുള്ളിൽ അദ്ദേഹം വടക്കേഗലാത്തിയായിൽ സഭ കൾ സ്ഥാപിച്ചിരിക്കണം (മക്കദോനിയ, ഫിലിപ്പി, തെസലോനിക്ക, അക്കായിയാ (cfr. 1 തെസ 1:2–3:10). അപ്പ പ്രവർത്തനങ്ങളുടെ അടി സ്ഥാനത്തിൽ ജറുസലേം സൂനഹദോസിനുശേഷമാണ് പൗലോസ് പ്രേഷിത പ്രവർത്തനം നടത്തിയത് (അപ്പ 16:11–18:21). ഈ സ്ഥലങ്ങളി ലെല്ലാം പൗലോസിനോടൊപ്പം സിൽവാനോസും (സീലാസ്) തിമോത്തേ യോസും ഉണ്ടായിരുന്നു. (1 തെസ 1:1; 2കോറി 1:19). ഫിലിപ്പിയിൽ വച്ചാണ് അദ്ദേഹത്തിനു വടികൊണ്ട് അടിയേറ്റത് (അപ്പ 16:22). കോറിന്തോസിൽ അദ്ദേഹം ഒന്നരവർഷം തടവുകാരനായി കഴിഞ്ഞു (അപ്പ 18:11). ഇവിടെ വച്ചായിരിക്കണം ആദ്യലേഖനമായ തെസലോനിക്കർക്കുള്ള ഒന്നാം ലേഖനം എഴുതിയത്. ഇവിടെവച്ചുതന്നെയാണ് അദ്ദേഹം ഗാല്ലിയോയുടെ മുന്നിൽ വിചാരണ ചെയ്യപ്പെടുന്നത്. ഗാല്ലിയോ ഗവർണ്ണറാകുന്നത് 50 –51ൽ ആണ്





**അപ്പ 15:36 മുതൽ 18:22 വരെ വിവരിക്കുന്ന പൗലോ സിന്റെ രണ്ടാംപ്രേഷിതയാത്രയിൽ (എ.ഡി. 50–53) സന്ദർശിച്ച സ്ഥലങ്ങൾ (സഹയാത്രികൻ – സീലാസ്)**

| | | |
|---|---|---|
| 1. അന്ത്യോക്യാ | – | യാത്രയുടെ തുടക്കം |
| 2. സിലീസിയ | – | സിറിയായിലെ പട്ടണം |
| 3. ദർബേ | – | യാത്ര തുടരുന്നു |
| 4. ലിസ്ട്രാ | – | തിമോത്തിയോസ് കൂട്ടുചേരുന്നു |
| 5. ഫ്രീജിയാ, ഗലാത്തിയാ | – | ബിഥീനിയായിലേക്കു പോകുന്നത് പരിശുദ്ധാത്മാവു തടയുന്നു |
| 6. ത്രോവാസ് | – | പൗലോസിന്റെ ദർശനം |
| 7. ഫിലിപ്പി | – | ലിദിയായുടെ മാനസാന്തരം, പൗലോസ് കാരാഗൃഹത്തിൽ, അത്ഭുതകരമായ രക്ഷപെടൽ |
| 8. തെസലോണിക്കാ | – | യാത്ര തുടരുന്നു |
| 9. ബേറേയാ | – | പൗലോസിന്റെ പ്രഭാഷണം |
| 10. ആഥൻസ് | – | അരയോപ്പലസിലെ പ്രസംഗം |
| 11. കോറിന്ത് | – | ഒന്നരവർഷം താമസിക്കുന്നു |
| 12. എഫേസോസ് | – | വിടവാങ്ങൽ |
| 13. ജറുസലേം | – | പൗലോസിന്റെ പ്രഭാഷണം |
| 14. സിറിയാ | – | മടങ്ങിയെത്തുന്നു |



ജറുസലേം സൂനഹദോസ് മിക്കവാറും 50-ലോ 51-ലോ ആയിരിക്കാനാണ് സാധ്യത (cfr. ഗലാ 2:1-10; അപ്പ 15:1-21). വിശ്വാസം സ്വീകരിച്ച വിജാതിയർ പരിഛേദനം സ്വീകരിക്കണമോ വേണ്ടയോ എന്നതായിരുന്നു പ്രധാന ചർച്ചാവിഷയം. പരിഛേദനം ആവശ്യമില്ല എന്നുതന്നെ തീരുമാനിക്കപ്പെട്ടു. ജറുസലേമിലെ സഭയുടെ നേതാക്കൾ ആയിരുന്ന പത്രോസും യാക്കോബും യോഹന്നാനും പൗലോസിന്റെ പ്രവർത്തനങ്ങളെഅംഗീകരിച്ചു. കൂടാതെ ജറുസലേമിലേക്കുള്ള പാവപ്പെട്ടവർക്കുവേണ്ടി പണം പിരിക്കാനും പൗലോസ് ചുമതലയേറ്റു (റോമ 15:26; 1 കോറി 16:1-4; 2കോറി 8-9). ജറുസലേം സുനഹദോസിനുശേഷം പൗലോസ് അന്ത്യോക്യായിലേക്കു യാത്രതിരിച്ചു (അപ്പ 15:30). അധികം താമസിയാതെ കേപ്പായും അന്ത്യോക്യായിൽവന്നു (ഗലാ 2:11). ഇവിടെവച്ചാണ് പൗലോസ് പത്രോസിനെ കുറ്റപ്പെടുത്തുന്നത് (ഗലാ 2:11-14).

ഇതിനുശേഷം പൗലോസ് എഫേസോസിലേക്ക് ഒരു പ്രേഷിതയാത്ര നടത്തി (എ.ഡി. 52-54). ഇവിടെ വച്ചാണ് കൊറിന്തോസുകാർക്കുള്ള ലേഖനമയക്കുന്നത്. ഇവിടെനിന്നു കൊറിന്തോസിലേക്ക് ഒരു സന്ദർശനം നടത്താൻ പൗലോസ് ശ്ലീഹാ ആഗ്രഹിച്ചെങ്കിലും ദു:ഖമുളവാക്കുമായിരുന്ന ആ സന്ദർശനം മാറ്റിവച്ച് കണ്ണീരോടുകൂടിയ ഒരു കത്ത് അയയ്ക്കുകയാണ് അദ്ദേഹം ചെയ്തത് (2 കോറി 2:1-4:7:8). 2 കോറി 10-13 അദ്ധ്യായങ്ങൾ ഈ എഴുത്തിന്റെ ഭാഗമാണെന്നു കരുതപ്പെടുന്നു. ഗലാത്തിയർക്കുള്ള ലേഖനവും ഈ കാലഘട്ടത്തിലാണ് എഴുതപ്പെടുന്നത്. കാരണം, അവിടെയും കൊറിന്തോസിലെ പോലെ മറ്റൊരു ക്രിസ്തുവോ (2 കോറി 11:4) മറ്റൊരു സുവിശേഷം പ്രസംഗിക്കുന്ന ആളോ ഉണ്ടായിരുന്നു (ഗലാ 1:6)

എഫോസോസിലെ പ്രേഷിതപ്രവർത്തനത്തിനിടയിൽ അദ്ദേഹം ജയിലിലടയ്ക്കപ്പെട്ടിരിക്കണം (2 കോറി 1:8-11). അപ്പ. പ്രവർത്തനങ്ങളിൽ ഈ ജയിൽവാസത്തെകുറിച്ചു സൂചനയൊന്നുമില്ലെങ്കിലും (അപ്പ 19-ാം അദ്ധ്യായം) 2 കോറി 11:23-ൽ താൻ വളരെ കൂടുതൽ കാരാഗൃഹവാസമനുഭവിച്ചു എന്ന് പൗലോസുതന്നെ പറയുന്നുണ്ട്. എന്നാൽ അപ്പ. പ്രവർത്തനത്തിൽ (16:23-39) ഫിലിപ്പിയിലെ കാരാഗൃഹവാസത്തെക്കുറിച്ചു മാത്രമേ സൂചനയുള്ളു. എഫേസോസിലെ കാരാഗൃഹവാസത്തിനിടയിലായിരിക്കണം എപ്പഫ്രോദിത്തോസിനെക്കുറിച്ചുള്ള വിവരണം നൽകുന്നത് (ഫിലി 2:25-30). തന്മൂലം ഫിലിപ്പിയർക്കും ഫിലെമോനുമുള്ള ലേഖനങ്ങൾ എഴുതിയതും ഈ ജയിൽവാസകാലത്തായിരിക്കണം.

എഫേസോസിൽനിന്ന് അദ്ദേഹം ത്രോവാസിലേക്കും തുടർന്ന് മക്കദോനിയായിലേക്കുംപോയി (2 കോറി 2:12-13). അവിടെവച്ച് അദ്ദേഹം തീത്തോസിനെ കണ്ടുമുട്ടുന്നു. തീത്തോസ് കോറിന്തോസിൽനിന്നു നല്ല വാർത്തകൾ പൗലോസിനെ അറിയിച്ചു (2 കോറി 7:5-7). ഇതിനു മറുപടിയായി പൗലോസ് ഒരു അനുരജ്ഞനകത്ത് അയക്കുന്നു 2 കോറി 1-9 അദ്ധ്യായങ്ങൾ ഈ കത്ത് ആയിരിക്കണം. പിന്നീട് അദ്ദേഹം കോറിന്തോസിലേക്ക് പോയി (55-56) മൂന്നു മാസം അവിടെ ചെലവഴിച്ചു. അവിടെവച്ച് റോമക്കാർക്കുള്ള ലേഖനമെഴുതി. അവിടെനിന്നു തനിക്ക്ലഭിച്ച പിരിവ് കൊണ്ട്, യൂദന്മാരിൽനിന്ന് എതിർപ്പ് പ്രതീക്ഷിച്ചുകൊ





**അപ്പ 18:23-28:31 ൽ വിവരിക്കുന്നതും റോമിൽ അവസാനിക്കുന്നതുമായ പൗലോസിന്റെ മൂന്നാംപ്രേഷിതയാത്രയിൽ (എ.ഡി. 53-58) സന്ദർശിച്ച സ്ഥലങ്ങൾ (സഹയാത്രികൻ - തിമോത്തിയോസ്)**

| | | |
|---|---|---|
| 1. ഫ്രീജിയാ, ഗലാത്തിയാ | - | യാത്ര തുടങ്ങുന്നു |
| 2. എഫേസോസ് | - | പൗലോസ് രണ്ടുവർഷം താമസിക്കുന്നു 1 കോറിന്തോസ്, ഗലാത്തിയാ ലേഖനങ്ങൾ എഴുതുന്നു |
| 3. മാസിഡോണിയാ | - | കോറിന്തോസുകാർക്കുള്ള രണ്ടാം ലേഖനം എഴുതുന്നു |
| 4. കോറിന്ത് | - | മൂന്നുമാസം താമസിക്കുന്നു, റോമാക്കാർക്കുള്ള ലേഖനം എഴുതുന്നു |
| 5. ത്രോവാസ് | - | ഏഴുദിവസം താമസിക്കുന്നു, യവുത്തിക്കസിനെ കണ്ടുമുട്ടുന്നു |
| 6. മാസോസ് | - | അപ്പ 20:13-14 |
| 7. മിത്തലേനെ, സാമോസ് | - | യാത്ര തുടരുന്നു |
| 8. മിലേത്തൂസ് | - | എഫേസോസിനോടു വിടവാങ്ങുന്നു |
| 9. ജറുസലേം | - | തടവിലാകുന്നു |
| 10. കേസറിയാ | - | പൗലോസ് രണ്ടുവർഷം കാരാഗൃഹത്തിൽ, തടവുകാല ലേഖനങ്ങൾ എഴുതുന്നു |
| 11. മാൾട്ടാ | - | കപ്പലപകടം |
| 12. റോമാ | - | പൗലോസിന്റെ മരണംവരെ ഇവിടെ പ്രവർത്തനം തുടരുന്നു |



ണ്ടുതന്നെ ജറുസലേമിലേക്ക് യാത്രതിരിച്ചു (റോമ 15:31). അപ്പ 20:3 –21:16–ൽ പൗലോസിന്റെ ജറുസലേമിലേക്കുള്ള അവസാനയാത്രയെപറ്റി വിവരിക്കുന്നുണ്ട് (21:27–30). ജയിൽവാസത്തെക്കുറിച്ചും (23:31–26:32) കേസറിയായിലേക്കുള്ള മടക്കത്തെക്കുറിച്ചും (27:1–28) റോമായിലേക്കുള്ള കപ്പൽ യാത്രയെക്കുറിച്ചും പ്രതിപാദിക്കുന്നു. അജപാലനലേഖനങ്ങളായ തിമോത്തേയോസിനും തീത്തോസിനുമുള്ള ലേഖനങ്ങളും പൗലോസിന്റേതുതന്നെ എന്നു വിശ്വസിക്കപ്പെടുന്നു. റോമായിലെ ആദ്യത്തെ ജയിൽവാസത്തിൽനിന്നു രണ്ടുവർഷത്തിനുശേഷം പൗലോസ് മോചിക്കപ്പെട്ടിരുന്നു എന്ന് കരുതാം (2 തിമോ 4:16–17). അതേ തുടർന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നതുപോലെ സ്പെയിനിലേക്ക് യാത്ര നടത്തി (റോമ 15:24, 28) എന്നു കരുതുന്നവരുണ്ട്. അവിടെനിന്നു ക്രേത്തേ (തീത്തോ1:5), എഫേസോസ്, മക്കദോനിയ (1 തിമോ 1:3) മിലേത്തൂസ്, കോറിന്തോസ് (2 തിമോ 4:20) ത്രോവാസ് (1 തിമോ 4:13) നിക്കോപോളിസ് (തീത്തോ 3:12) മുതലായ പ്രദേശങ്ങളിലൂടെ യാത്ര ചെയ്തു റോമിലേക്കുതിരിച്ചുപോന്നു. എ.ഡി. 64–ൽ നീറോയുടെ മതമർദ്ദന കാലത്ത് അദ്ദേഹം വീണ്ടും ജയിലിലടയ്ക്കപ്പെട്ടു. തിമോത്തേ യോസിനുള്ള രണ്ടാം ലേഖനം ഈ കാലഘട്ടത്തിലാണ് എഴുതപ്പെട്ടത്. എ.ഡി. 65–നും 67–നും ഇടയ്ക്ക് അദ്ദേഹം ശിരച്ഛേദം ചെയ്യപ്പെട്ടു എന്ന് വിശ്വസിക്കപ്പെടുന്നു.

## പൗലോസിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ

| വർഷം (എ.ഡി) | സംഭവങ്ങൾ | ബൈബിൾ സൂചന |
|---|---|---|
| 10 | ജനനം – താർസൂസിൽ | |
| 22 | ഗമാലിയേലിന്റെ കീഴിൽ വിദ്യാഭ്യാസം | അപ്പ 22:3 |
| 30 | ഈശോയുടെ മരണം | |
| 32 | ദമാസ്കസിൽവെച്ചുള്ള മാനസാന്തരം, അറേബ്യായിലെ വാസം | ഗലാ 1:15–17, അപ്പ 9:23–25 |
| 35 | ജറുസലേമിലേക്കുള്ള ആദ്യയാത്ര | ഗലാ 1:17, അപ്പ 9:26–29 |
| 45–48 | ഒന്നാം പ്രേഷിതയാത്ര – സൈപ്രസ് ഏഷ്യാമൈനറിന്റെ തെക്ക് ഭാഗം | അപ്പ 13:1–14:28 |
| 48 | ജറുസലേം കൗൺസിൽ | അപ്പ 15:1–27 |
| 48–51 | രണ്ടാം പ്രേഷിതയാത്ര – ഏഷ്യാമൈനർ, ഗ്രീസ്, ഫിലിപ്പി, തെസലോണിക്കാ – ജറുസലേമിലേക്കുള്ള ധനശേഖരണം | അപ്പ 15:36–18:22 |
| 49 ഡിസം.– 51 ജൂൺ | കോറീന്തിലെ വാസം (ഒന്നര വർഷം), തെസലോണിക്കാർക്കുള്ള ഒന്നാം ലേഖനം എഴുതുന്നു | അപ്പ 18:1–18; അപ്പ 18:11 |
| 51 മെയ് | പൗലോസ് ഗാലിയോയുടെ മുമ്പിൽ, കോറിന്തിൽ നിന്ന് കേസറിയായിലേക്കു പോകുന്നു | അപ്പ 18:12 |
| 53–55 | മൂന്നാം പ്രേഷിതയാത്ര – ഏഷ്യാമൈനർ, ഗ്രീസ് | അപ്പ 18:23–21:26 |
| 52–54 | എഫേസോസിലെ താമസം (രണ്ട് വർഷം) | അപ്പ 19:10; 1 കോറി 16:1–8 |
| 53 | കോറിന്തോസുകാർക്കുള്ള ആദ്യത്തെ എഴുത്ത് | 1 കോറി 5:9 |
| 53 | സ്തേഫാനോസ്, ഫോർത്തുണാത്തൂസ്, അക്കായിക്കൂസ് എന്നിവരുടെ സന്ദർശനം | 1 കോറി 1:11; 7:1 |
| 54 | 1 കോറിന്തോസ്, ഫിലിപ്പി, ഫിലെമോൻ എന്നീ ലേഖനങ്ങൾ എഴുതുന്നു | |
| 54 | കോറിന്തിലേക്കുള്ള ക്ഷിപ്രസന്ദർശനം, എഫേസോസിലേക്ക് മടങ്ങിവരുന്നു. തുടർന്ന് "കണ്ണീരിന്റെ കത്ത്" രചിച്ച് തീത്തോസിന്റെ കൈവശം കൊറീന്തിലേക്ക് കൊടുത്തയക്കുന്നു | 2 കോറി 2:1;13:2 2 കോറി 2:4; 7:8,12 |
| 54 | എഫേസോസിൽനിന്ന് ത്രോവാസിലേക്കും തുടർന്ന് മാസിഡോണിയായിലേക്കും പോകുന്നു | 2 കോറി 2:12–13; അപ്പ 20:1 |
| 54 | മാസിഡോണിയായിൽവച്ച് 2 കോറിന്തോസ്, ഗലാത്തിയാ എന്നീ ലേഖനങ്ങൾ എഴുതുന്നു | |

| | | |
|---|---|---|
| 54–55 | കോറിന്തിലേക്കുള്ള മൂന്നാം സന്ദർശനം (മൂന്ന് മാസം) | റോമാ 15:26; 16:1; അപ്പ 20:2–3 |
| 55 | കോറിന്തിൽവച്ച് റോമാക്കാർക്കുള്ള ലേഖനം എഴുതുന്നു | |
| 55 | ജറുസലേമിലേക്കുള്ള മൂന്നാം സന്ദർശനം – സംഭാവന കൈമാറുന്നു | അപ്പ 25:11–23, 30 |
| 55–57 | പൗലോസ് കേസറിയായിൽ തടവിലാകുന്നു | അപ്പ 23:21–26 |
| 58 | റോമിലേക്കുള്ള യാത്ര | അപ്പ 27:1–28 |
| 58–67 | റോമിലെ തടവ് | അപ്പ 28:15–31 |
| 67 | ശിരച്ഛേദം | |

## vi. പൗലോസിന്റെ 13 ലേഖനങ്ങൾ

പൗലോസിന്റെ 13 ലേഖനങ്ങളെ സാധാരണഗതിയിൽ രണ്ടായി തരംതിരിക്കാറുണ്ട്: (1) പൊതുലേഖനങ്ങൾ ഏതെങ്കിലും പ്രാദേശികസഭകളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ലേഖനങ്ങളാണിവ. റോമാ, കോറിന്തോസ് (2 ലേഖനങ്ങൾ), എഫേസൂസ്, ഫിലിപ്പി, കൊളോസൂസ് തെസലോനിക്ക (2 ലേഖനങ്ങൾ) എന്നീ 9 ലേഖനങ്ങളാണ് ഈ വിഭാഗത്തിൽ പെടുന്നത്. (2) സ്വകാര്യലേഖനങ്ങൾ പൗലോസ്ശ്ലീഹാ സഭയിലെ വ്യക്തികളെ അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയ ലേഖനങ്ങളാണിവ. തിമോത്തെയോസ് (രണ്ടു ലേഖനങ്ങൾ), തീത്തോസ്, ഫിലെമോൻ എന്നീ നാലു ലേഖനങ്ങൾ ഈ വിഭാഗത്തിൽപെടുന്നു. ഈ ലേഖനങ്ങളുടെ കാനോനികക്രമം അവയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ആദ്യം പൊതുലേഖനങ്ങളെ അവയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിലും തുടർന്ന് സ്വകാര്യലേഖനങ്ങളെ അവയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിലും തുടർന്ന് സ്വകാര്യലേഖനങ്ങളെ അവയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിലും ക്രമീകരിച്ചിരിക്കുന്നു. ചുവടെ ചേർക്കുന്ന പട്ടികയിലെ ഓരോ ലേഖനത്തിലെയും വാക്കുകളുടെ എണ്ണം ഈ നിഗമനത്തെ സാധൂകരിക്കുന്നു:





| | |
|---|---|
| റോമാ | 7,114 |
| 1 കോറി | 6,841 |
| 2 കോറി | 4,488 |
| ഗലാ | 2,232 |
| എഫേ | 2,423 |
| ഫിലി | 1,631 |
| കൊളോ | 1,582 |
| 1 തെസ്സ | 1,482 |
| 2 തെസ്സ | 823 |
| 1 തിമോ | 1,591 |
| 2 തിമോ | 1,239 |
| തീത്തോ | 659 |
| ഫിലെ | 335 |

പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെ അവയുടെ കർതൃത്വത്തിന്റെ ആധികാരികതയെ ആധാരമാക്കി മൂന്നായി തരംതിരിക്കാറുണ്ട്: (1) പൗലോസിന്റെ രചനകളെന്ന് പണ്ഡിത ലോകം ഒന്നടങ്കം അംഗീകരിക്കുന്ന ലേഖനങ്ങൾ റോമാ, 1,2 കോറിന്തോസ്, ഗലാത്തിയാ ഫിലിപ്പി, 1 തെസ്സലോണിക്ക, ഫിലെമോൻ എന്നീ ഏഴുലേഖനങ്ങൾ ഈ ഗണത്തിൽ (Proto-Pauline letters) പെടുന്നു.

(2) പൗലോസ് ശ്ലീഹാ രചിച്ചതാണോ എന്നതിനെക്കുറിച്ച് ചില പണ്ഡിതരെങ്കിലും സംശയം ഉന്നയിക്കുന്ന ലേഖനങ്ങൾ (Deutero-Pauline letters): 2 തെസ്സലോണിക്കാ, എഫേസൂസ്, കൊളോസൂസ് എന്നീ മൂന്നു ലേഖനങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. പൗലോസിന്റെ ശിഷ്യഗണങ്ങളിലാരെങ്കിലും പൗലോസിന്റെ പ്രഭാഷണങ്ങളെ ആധാരമാക്കി രചിച്ചവയാണ് ഈ ലേഖനങ്ങൾ എന്നു കരുതപ്പെടുന്നു.

(3) പൗലോസിന്റെ രചനകളല്ലെന്ന് പണ്ഡിതരിൽ ഭൂരിഭാഗവും വാദിക്കുന്ന ലേഖനങ്ങൾ (Trito-Pauline letters): 1,2 തിമോത്തി, തീത്തോസ് എന്നീ ലേഖനങ്ങളാണിവ. എന്നാൽ ഇപ്രകാരമൊരു വിഭജനം ചില നിക്ഷിപ്ത താല്പര്യങ്ങളോടെയുള്ളവയാണെന്നു വ്യക്തമാണ്. സഭയുടെ ഘടനയെക്കുറിച്ചും പൗരോഹിത്യം, മെത്രാൻ പദവി തുടങ്ങിയവയെക്കുറിച്ചും പരാമർശിക്കുന്ന അജപാലക ലേഖനങ്ങളൊന്നും പൗലോസിന്റെ ലേഖനങ്ങളല്ല എന്നു വാദിക്കുന്നവരുടെ ഗൂഢലക്ഷ്യങ്ങൾ വ്യക്തമാണല്ലോ. 13 ലേഖനങ്ങളും വി. പൗലോസിന്റെ രചനകളാണെന്ന നിഗമനമാണ് ആൽഫാ ബൈബിൾ വ്യാഖ്യാനത്തിൽ സ്വീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ഓരോ ലേഖനത്തോടുമൊപ്പമുള്ള ആമുഖ പഠനങ്ങളിൽ ലഭ്യമാണ്.

പൗലോസിന്റെ ലേഖനങ്ങളുടെ ഇതര വിഭജനങ്ങൾ ചുവടെ ചേർക്കുന്നു:

| വിഭജനം/മാനദണ്ഡം | ലേഖനങ്ങൾ |
|---|---|
| പ്രധാന ലേഖനങ്ങൾ – (ദൈവശാസ്ത്രം, ഉള്ളടക്കം എന്നിവയെ ആധാരമാക്കിയുള്ള നിഗമനം) | റോമാ 1,2 കോറിന്തോസ്, ഗലാത്തിയ |
| തടവുകാല ലേഖനങ്ങൾ – (പൗലോസ് തടവിലായിരുന്ന കാലത്ത് എഴുതപ്പെട്ട ലേഖനങ്ങൾ) | ഫിലിപ്പി, എഫേസോസ്, കൊളോസോസ്, ഫിലമോൻ |

| | |
|---|---|
| അജപാലന ലേഖനങ്ങൾ - (താൻ സ്ഥാപിച്ച സഭകളിലെ അജപാല കർക്ക് പൗലോസ് എഴുതിയ ലേഖന ങ്ങൾ) | 1,2 തിമോത്തെയോസ്, തീത്തോസ് |
| ആദ്യകാല ലേഖനങ്ങൾ - (രചനാകാ ലത്തെ ആധാരമാക്കിയുള്ള വിഭ ജനം) | 1 തെസ്സലോണിക്കാ, കോറിന്തോസു കാർക്കുള്ള ലേഖനങ്ങൾ |

പൗലോസ് ശ്ലീഹായുടെ 13 ലേഖനങ്ങളെ ആധികാരികഗ്രന്ഥങ്ങളായി എ.ഡി. 367 ൽ വി. അത്തനാഗോറസ് പ്രഖ്യാപിച്ചിരുന്നു. എ.ഡി. 397 ൽ കാർത്തേജിൽ ചേർന്ന സൂനഹദോസ് ഈ ലേഖനങ്ങളെ വിശുദ്ധ ബൈബിളിന്റെ അനിവാര്യഭാഗമായി പ്രഖ്യാപിച്ചത്. 1 പത്രോസ് 3:16 ൽ പൗലോസിന്റെ ലേഖനങ്ങളെ തിരുവചനങ്ങളായി പരാമർശിക്കുന്നുണ്ട് എന്നത് ഏറെ ശ്രദ്ധാർഹമാണ്.

## ഉറവിടങ്ങൾ

പൗലോസിന്റെ ലേഖനങ്ങളുടെ ഉറവിടങ്ങൾ പലതാണെന്ന് പൊതുവിൽ അനുമാനിക്കപ്പെടുന്നു. ഇവയിൽ പ്രധാനപ്പെട്ടവയെ ചുവടെ ചേർക്കുന്ന പട്ടികയിൽനിന്നു മനസ്സിലാക്കാം:

1. വാചിക സുവിശേഷ പാരമ്പര്യങ്ങൾ
   - ഈശോയുടെ ഉത്ഥാനവിവരണങ്ങൾ (1 കോറി 15:1-8)
   - ഈശോയുടെ പ്രബോധനങ്ങൾ (1 കോറി 7:10; 1 കോറി 9:14; 1 തെസ്സ 4:15)
2. ആരാധനാക്രമ പാരമ്പര്യങ്ങൾ
   - കർത്താവിന്റെ അത്താഴം (1 കോറി 11:23-25)
   - മാമ്മോദീസ (ഗലാ 3:27-29; റോമാ 6:4-5; 1 കോറി 6:11)
   - ക്രിസ്തു വിജ്ഞാനീയ ഗീതങ്ങൾ (ഫിലി 2:6-11; കൊളോ 1:12-20; 1 തിമോ 3:16; എഫേ 5:14)
   - വിശ്വാസ പ്രഖ്യാപനങ്ങൾ (റോമാ 1:3-4; 3:30; 10:9; 1 കോറി 12:3; ഗലാ 2:20)
3. വിവിധ പ്രാർത്ഥനകൾ
   - ആമ്മേൻ പ്രാർത്ഥനകൾ (ഗലാ 6:18;1 കോറി 14:16)
   - മാറാനാത്ത പ്രാർത്ഥന (1 കോറി 16:22)
   - ആബ്ബാ പ്രാർത്ഥന (ഗലാ 4:6; റോമാ 8:15)
   - സ്തുതിപ്പുകളും ആശീർവ്വാദങ്ങളും (റോമാ 1:25; 11:36; 16:25-27; 2 കോറി 11:31)
4. ഇതര പാരമ്പര്യങ്ങൾ
   - വിജ്ഞാന സൂക്തങ്ങൾ (ഗലാ 6:3; 2 കോറി 9:6; 1 കോറി 15:33)
   - നന്മ-തിന്മകളുടെ പട്ടിക (1 കോറി 5-6; ഗലാ 5)
   - ഗാർഹിക മര്യാദകൾ (1 തിമോത്തി)





## പൗലോസിന്റെ ലേഖനങ്ങളുടെ പ്രാധാന്യം

പൗലോസിന്റെ ലേഖനങ്ങൾ ആരംഭകാലത്ത് ഏറെയൊന്നും ശ്രദ്ധാർഹങ്ങളായിരുന്നില്ല എന്നതാണു സത്യം. എന്നാൽ യഹൂദരും ക്രൈസ്തവരും തമ്മിലുള്ള പിളർപ്പ് പൂർണ്ണമാകുകയും സഭയുടെ വളർച്ച വിജാതീയരുടെയിടയിൽ ത്വരിതപ്പെടുകയും ചെയ്തപ്പോൾ വിജാതീയരുടെ അപ്പസ്തോലനും അദ്ദേഹത്തിന്റെ നിഗമനങ്ങളും ഏറെ പ്രസക്തമാകുകയായിരുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ ഇതൾവിടർത്തുന്ന ദൈവശാസ്ത്രവീക്ഷണം സഭാചരിത്രത്തെ എപ്രകാരം രൂപപ്പെടുത്തി എന്ന് സംക്ഷിപ്തമായ ചില സൂചനകൾ നൽകാൻ മാത്രമേ ഈ പഠനത്തിന്റെ പരിമിതിയിൽ സാധിക്കുകയുള്ളൂ.

1. യഹൂദമതത്തിനുള്ളിലെ ഒരു വിഘടിത വിഭാഗമായി (Sect) ഒതുങ്ങിനിന്നിരുന്ന ക്രിസ്തീയ ജീവിതക്രമത്തെ യഹൂദമതത്തിനു വെളിയിലിറക്കി സ്വതന്ത്രമായ ഒരു മതവും ജീവിതശൈലിയുമാക്കി വളർത്തിയത് പൗലോസ് ശ്ലീഹായാണ്. ക്രൈസ്തവരെയെല്ലാം പരിച്ഛേദനം സ്വീകരിച്ച് യഹൂദരാകണം എന്ന നിലപാടിനെ പൗലോസ് എതിർത്തു. പരിച്ഛേദനമല്ല, യേശുവിലുള്ള വിശ്വാസമാണ് ഒരുവനെ ക്രിസ്ത്യാനിയാക്കുന്നത് എന്നു പൗലോസ് വാദിച്ചു. പൗലോസിന്റെ വാദത്തെ ജെറുസലേം കൗൺസിൽ അംഗീകരിച്ചു. യഹൂദമതത്തിനുവെളിയിൽ ക്രിസ്തീയ വിശ്വാസത്തിനു സാർവ്വത്രികമാനം നൽകി എന്നതാണ് പൗലോസ് ശ്ലീഹായുടെ ഏറ്റവും ശ്രദ്ധേയമായ സംഭാവന.

2. എ.ഡി. 33 മുതൽ 67 വരെയുള്ള ആധിമസഭയുടെ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന ഏറ്റവും ആധികാരിക രേഖകളായി പൗലോസിന്റെ ലേഖനങ്ങളെ പരിഗണിക്കാം. ക്രൈസ്തവവിശ്വാസരൂപീകരണത്തിന്റെ ശൈശവദശയിലെ പ്രതിസന്ധികൾ (intra muros), ആദിമ ദശകങ്ങളിൽ അനുഭവിക്കേണ്ടിവന്ന മതമർദ്ദനങ്ങൾ (extra muros) എന്നിവയെക്കുറിച്ചുള്ള അറിവുകളിലേക്കു വെളിച്ചം വീശുന്നത് ലേഖനങ്ങളാണ്.

3. യഹൂദപാരമ്പര്യങ്ങളോടു സമ്പൂർണ്ണ വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ ഉത്ത ക്രിസ്ത്യാനിയായി ജീവിക്കാനാകുമെന്നതിന്റെ സജീവ മാതൃകയാണ് പൗലോസ് തന്റെ ലേഖനങ്ങളിൽ അവതരിപ്പിക്കുന്നത്. ക്രിസ്ത്യാനിയാകാൻ യഹൂദവിദ്വേഷിയാകേണ്ടതില്ല. പഴയനിയമം പഠിപ്പിച്ചതത്രെയും സത്യമാണ്; കാരണം അവയെല്ലാം ക്രിസ്തുവിലേക്കു വിരൽ ചൂണ്ടുന്നവയാണ്. ക്രിസ്തുവിനെ കേന്ദ്രമാക്കി പഴയനിയമം വ്യാഖ്യാനിക്കുമ്പോഴേ അവയുടെ അർത്ഥം കൂടുതൽ മിഴിവുറ്റതാകുകയുള്ളൂ എന്ന് പൗലോസിന് ഉത്തമബോധ്യമുണ്ടായിരുന്നു. വിശ്വാസങ്ങളുടെ പേരിലുള്ള ഭിന്നത അർത്ഥശൂന്യമാണെന്ന് ശ്ലീഹാ വ്യക്തമാക്കുകയാണിവിടെ.

4. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഊടുംപാവും മെനഞ്ഞെടുത്തത് പൗലോസിന്റെ ലേഖനങ്ങളുടെ വീക്ഷണഗതികളാണ്. യഹൂദ

രുടെ ഏകദൈവവിശ്വാസം മുറുകെ പിടിച്ചുകൊണ്ടുതന്നെ യേശുവിന്റെ ദൈവപുത്രസ്ഥാനം അസന്ദിഗ്ദ്ധമായി അവതരിപ്പിച്ചുകൊണ്ട് പൗലോസ് പുതിയനിയമത്തിന്റെ ക്രിസ്തുവിജ്ഞാനീയത്തിന് അടിത്തറപാകി. സഭയെ ക്രിസ്തുവിന്റെ ശരീരമായി അവതരിപ്പിച്ചുകൊണ്ട് സഭാവിജ്ഞാനീയത്തിന്റേയും വിശ്വാസം വഴിയുള്ള നീതീകരണം അവതരിപ്പിച്ചുകൊണ്ട് ക്രൈസ്തവ രക്ഷാശാസ്ത്രത്തിന്റേയും തലതൊട്ടപ്പനാകാൻ പൗലോസിനു കഴിഞ്ഞു. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പ്രബോധനങ്ങളിലൂടെ ക്രൈസ്തവയുഗാന്ത്യദൈവശാസ്ത്രത്തിനും മാമ്മോദീസായുടെ അർത്ഥതലങ്ങളും കർത്താവിന്റെ അത്താഴത്തിന്റെ ആന്തരിക മാനങ്ങളും വിശദീകരിച്ചുകൊണ്ട് കൗദാശിക ദൈവശാസ്ത്രത്തിനും പൗലോസ് അടിസ്ഥാനം കുറിച്ചു. ചുരുക്കത്തിൽ ക്രൈസ്തവദൈവശാസ്ത്രത്തിന്റെ പ്രാഥമിക ഗ്രന്ഥങ്ങളായി പരിഗണിക്കപ്പെടേണ്ടവയാണ് പൗലോസിന്റെ ലേഖനങ്ങൾ.

# പൗലോസിന്റെ ലേഖനങ്ങളിലെ ദൈവശാസ്ത്ര പ്രമേയങ്ങൾ

പുതിയനിയമദൈവശാസ്ത്രത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്ന വി. പൗലോസിന്റെ ലേഖനങ്ങളിൽ ഇതൾവിടർത്തുന്ന ദൈവശാസ്ത്രപ്രമേയങ്ങളെ സംക്ഷിപ്തമായി വിവരിക്കാനേ ഈ പഠനത്തിന്റെ പരിമിതമായ പരിപ്രേക്ഷ്യത്തിൽ സാധിക്കുകയുള്ളു.

## വിശ്വാസംവഴിയുള്ള നീതീകരണം

ഹീബ്രുഭാഷയിലെ *സാദക്, സദ്ദിക്, സെദെക്, സെദാക്കാ (sadaq, saddiq, sedaqa)* എന്നീ പദങ്ങൾക്കു സമാനമായി ഗ്രീക്കുഭാഷയിലുള്ള *ദികായിയോസ് (dikaios), ദികായി യോസ്യുനേ (dikaiosyne), ദികായിയോമ (dikaioma)* എന്നീ പദങ്ങളാണ് ഈ ആശയത്തെ സൂചിപ്പിക്കാനായി പൗലോസ് ഉപയോഗിക്കുന്നത്. നിർഭാഗ്യവശാൽ മേൽപ്പറഞ്ഞ മൂലഭാഷകളിലെ ആന്തരികാർത്ഥം തൃപ്തികരമാം വിധം ഉൾകൊണ്ട് പ്രകടിപ്പിക്കാൻ ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന Justification, righteousness മുതലായ വാക്കുകൾക്കോ മലയാളത്തിലെ നീതീകരണം എന്ന വാക്കിനോ ആവില്ല. കാരണം, ഇവയൊക്കെ നിയമത്തെ സംബന്ധിക്കുന്ന പദങ്ങളാണ്. എന്നാൽ, റോമ 5:16 ൽ സൂചിപ്പിക്കുംപോലെ, ദൈവികദാനമായ രക്ഷയെ ദ്യോതിപ്പിക്കാനാണ് ഈ പദം പൗലോസ് ഉപയോഗിക്കുന്നത്. ഉപയോഗിക്കുന്ന പദമാണിത്. ആദിമാതാപിതാക്കളുടെ (ദൈവത്തെപ്പോലെയാകാനുള്ള) ദുരാഗ്രഹത്തിന്റെ ഫലമായുണ്ടായ വിധി മനുഷ്യവർഗ്ഗത്തിന് ശിക്ഷയ്ക്കു കാരണമായി. എന്നാൽ, യേശുക്രിസ്തുവിലൂടെ അനുഭവവേദ്യമായ കൃപാദാനം എല്ലാ മനുഷ്യരുടെയും നീതീകരണത്തിനു വഴിതെളിച്ചു (റോമാ 5:15-16). അങ്ങനെ ദൈവവും മനുഷ്യനും തമ്മിലുള്ള യഥാർത്ഥ ബന്ധം പുന:സ്ഥാപിക്കപ്പെട്ടു. ഇപ്രകാരം സാധിതമായ അനുരഞ്ജനം - നീതികരണം ദൈവത്തിന്റെ കൃപാദാനം മാത്രമാണ്.

നീതീകരണം പഴയനിയത്തിൽ ഒരു അമൂർത്തസങ്കൽപ്പമല്ല, മറിച്ച്, ദൈവ - മനുഷ്യ ഉടമ്പടിബന്ധത്തിന്റെ വിവിധ മാനങ്ങളെ ഉൾകൊള്ളുന്നതാണ്. ഈ ബന്ധത്തെ ഹനിക്കുന്നതെന്തും നീതിക്കെതിരാണ്. അതിനാൽ, അളവിലും തൂക്കത്തിലും (ലേവ്യ 19:36) സംസാരത്തിലും (സുഭ 8:8) സാമൂഹികവും കുടുംബപരവുമായ ബന്ധങ്ങളിലും (ഉൽപ 38:26) നീതിപൂർവ്വകമായ സമീപനം നിഷ്കർഷിച്ചിരുന്നു. നീതിപാലനം രാജാക്കന്മാരുടെയും ന്യായാധിപന്മാരുടെയും ധർമ്മമായിരുന്നു (നിയ 16:18-19; 1 രാജാ 10:9).

ഉടമ്പടിയിൽ വിശ്വസ്തനായ ദൈവമാണ് യഥാർത്ഥ നീതിമാൻ (ഏശ 24:16). കാരണം, അവിടുന്നു തന്റെ രക്ഷാകരപ്രവൃത്തികളിലൂടെ (മിക്കാ 6) ഉടമ്പടി ബന്ധം മുന്നോട്ടുനയിക്കുന്നു; അടിച്ചമർത്തപ്പെടുന്നവനും (സങ്കീ 9:7-12; 103:6; സുഭാ 22:22-23). നീതിനിഷേധിക്കപ്പെടുന്ന നിഷ്കളങ്കനും (1 രാജ 8:32) ദൈവം നീതി നടത്തിക്കൊടുക്കുന്നു. ദൈവം ഇസ്രായേലിനെ ന്യായം വിധിക്കുകയും (ഏശ 3:13-15; ജറെ 2:9; ഹോസി 4:1) സൃഷ്ടികളെയെല്ലാം അതിനുസാക്ഷികളാകാൻ ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. (സങ്കീ 50:6; 98:7-9; മിക്കാ 6:1-2) നിയമം അനുസരിച്ചുകൊണ്ട് തന്നോട് നീതിപൂർവ്വം പ്രത്യുത്തരിക്കാൻ നീതിമാനായ ദൈവം തന്റെ ജനത്തോടാവശ്യപ്പെടുന്നുണ്ട്. (നിയ 6:25; 24:10-13; ജോബ് 29:14-17). നീതി പ്രവർത്തിക്കുന്നതിലൂടെ ഒരുവൻ ജീവിക്കുമെന്ന് യഹൂദർ വിശ്വസിച്ചിരുന്നു (എസെ 18:5-9; ഹബ 2:4).

പൗലോസിന്റെ ദൈവശാസ്ത്ര വീക്ഷണത്തിൽ യേശുക്രിസ്തുവാണ് മനുഷ്യകുലത്തിന്റെ നീതിയും വിശുദ്ധീകരണവും (1 കോറി 1:30). ദൈവത്തിന്റെ നീതിയും മനുഷ്യന്റെ നീതിയും വ്യത്യസ്തമാണ് (റോമ 10:3). ദൈവനീതിയെക്കുറിച്ച് പ്രധാനമായും അഞ്ച് ആശയങ്ങളാണ് പൗലോസ് അവതരിപ്പിക്കുന്നത്.

a. നീതികരണം ദൈവത്തിന്റെ ദാനമാണ് (റോമ 3:21-5:21). ഈ നീതീകരണത്തിന്റെ പൂർണ്ണത യേശുക്രിസ്തുവാണ്. യേശുവിന്റെ സുവിശേഷത്തിലൂടെയാണ് 'വിശ്വാസത്തിൽനിന്നു രക്ഷയിലേക്കു നയിക്കുന്ന' നീതി വെളിപ്പെടുത്തപ്പെട്ടത്. (റോമ 1:16-17). ഇപ്രകാരം വെളിപ്പെടുത്തപ്പെട്ട യേശുവിൽ വിശ്വസിക്കുന്നവർക്കാണ് പിതാവായ ദൈവം രക്ഷ ദാനമായി നൽകുന്നത് (റോമ 3:25-26).

b. നീതീകരണം ദൈവവുമായുള്ള ബന്ധത്തിലേക്കു നയിക്കുന്നു. നീതീകരിക്കപ്പെടുന്നവർ ദൈവത്തിന്റെ ദത്തുപുത്രരായിത്തീരുന്നു.

c. നീതീകരണം പുതുജീവിതത്തിന്റെ കർമ്മോത്സുകമായ പ്രകാശനമാണ്. ഈ പുതുജീവിതം പരിശുദ്ധാത്മാവിലുള്ളതും നീതീകരിക്കപ്പെട്ടവർക്കുള്ള ദൈവത്തിന്റെ സമ്മാനവുമാണ് (റോമ 8:9-11). ഈ പുതുജീവിതം സ്നേഹത്തിലേക്കു വഴിതുറക്കുന്നതാണ് (ഗല 5:22-26).

d. നീതീകരണം പ്രത്യാശയുടെ അടയാളം കൂടിയാണ്. കാരണം, നീതീകരണത്തിന്റെ പൂർണ്ണത യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിലാണ് പൂർണ്ണമാകുന്നത്. അവിടുത്തെ ആഗമനത്തിൽ നീതീകരിക്കപ്പെട്ടവർ മഹത്ത്വീകരിക്കപ്പെടും (റോമ 8:30). ദൈവരാജ്യം പൂർണ്ണമഹത്ത്വത്തിൽ പ്രത്യക്ഷപ്പെടുന്ന യുഗത്തിലേക്കാണ് രക്ഷാകരചരിത്രം നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത് സാധ്യമാകുന്നത് എല്ലാ സൃഷ്ടികളും യേശുക്രിസ്തുവിലുള്ള ദൈവത്തിന്റെ പദ്ധതിയോട് അനുരൂപപ്പെടുമ്പോഴാണ്. മറ്റൊരുവാക്കിൽ പറഞ്ഞാൽ, എല്ലാ സൃഷ്ടികളും നീതീകരിക്കപ്പെടുമ്പോഴാണ്.

e. നീതീകരണം ദാനമാണെങ്കിലും അത് നൈയാമികം കൂടിയാണ്. കാരണം നീതീകരണത്തിലൂടെ ഒരുവൻ യേശുവിന്റെ നീതിയിലും വിശുദ്ധിയിലുമാണ് പങ്കുപറ്റുന്നത് (1 കോറി 1:30). ഒരുവൻ നീതീകരിക്കപ്പെടുവാൻ വേണ്ടി നന്മചെയ്യുകയല്ല മറിച്ച് നീതീകരിക്കപ്പെട്ടതിനാൽ നന്മ ചെയ്യുകയാണ്. അതായത് സുകൃതജീവിതം നീതീകരണത്തിന്റെ അനന്തരഫലമാണ് (ഫിലി 1:11).

പൗലോസ് ശ്ലീഹാ റോമക്കാർക്കും ഗലാത്തിയാക്കാർക്കും എഴുതിയ ലേഖനങ്ങളുടെ അന്തസ്സത്ത വിശ്വാസംവഴിയുള്ള നീതീകരണമാണ്.

പൗലോസിന്റെ വീക്ഷണമനുസരിച്ച് യേശുക്രിസ്തു മനുഷ്യന്റെ നീതീകരണമാണ്. നിയമം അനുശാസിക്കുന്ന പ്രവൃത്തികൾ അനുഷ്ഠിക്കുന്നതിലൂടെയോ സ്വന്തം കഴിവിലൂടെയോ ആരും നീതീകരിക്കപ്പെടുന്നില്ല (ഗലാ 2:6-9) നീതീകരണം ദൈവത്തിന്റെ ദാനമാണെങ്കിലും ഇതിനു തടസ്സമായി നിൽക്കുന്നത് മനുഷ്യന്റെ പാപാവസ്ഥയാണ്. ഈ പാപാവസ്ഥയ്ക്കുള്ള പരിഹാരം യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിലൂടെ ദൈവം മനുഷ്യനു സൗജന്യമായി നൽകുന്ന നീതീകരണത്തെ മനുഷ്യൻ അംഗീകരിക്കുന്നതാണ് വിശ്വാസം. തന്മൂലം 'ദൈവത്തിന്റെ നീതി' (റോമ 10:3) എന്നത് ദൈവത്തിന്റെ ഒരു ഗുണത്തെയല്ല ദൈവത്തിന്റെ രക്ഷാകര പദ്ധതിയെ മുഴുവനുമാണ് അർത്ഥമാക്കുന്നത്. മനുഷ്യനുമായുള്ള ബന്ധം പുനസ്ഥാപിക്കുക എന്നത് ഈ രക്ഷാകരപദ്ധതിയുടെ അന്തസത്ത തന്നെയാണ്. ഈ ബന്ധം നിയമാനുഷ്ഠാനത്തിലൂടെ നേടാനാവുകയില്ല (ഗലാ 3:15-25). വിശ്വാസം വെളിപ്പെടുന്നതുവരെ മാത്രമേ നിയമത്തിനു പ്രാധാന്യമുണ്ടായിരുന്നുള്ളു (3:23). പഴയ നിയമകാലത്ത് നിയമത്തിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവനീതി ഇപ്പോൾ യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു (റോമ 3:21-26). ഈ വെളിപാടിനെ അംഗീകരിക്കുന്നതാണ് വിശ്വാസം. ഈ വിശ്വാസം വഴിയാണ് നാം നീതീകരിക്കപ്പെടുന്നത്, അല്ലാതെ നിയമാനുഷ്ഠാനത്തിലൂടെയല്ല.

പാപാവസ്ഥയിലുള്ള മനുഷ്യന്റെ നീതീകരണം ദൈവത്തിന്റെ കൃപാവരത്തെ മാത്രം ആശ്രയിച്ചാണിരിക്കുന്നത്. ഈ കൃപാവരമാണ് യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ടത്. തന്മൂലം, യേശുക്രിസ്തുവിലുള്ള വിശ്വാസം മാത്രമാണ് രക്ഷയുടെ ആധാരം (റോമാ 3:22; 5:1). വിശ്വാസം എന്നതിലൂടെ പൗലോസ് അർത്ഥമാക്കുന്നത്, യേശുക്രിസ്തു തന്റെ രക്ഷാകരപദ്ധതിയിലൂടെ മനുഷ്യകുലത്തെ വീണ്ടെടുത്തു എന്ന അവ





ബോധത്താൽ പ്രേരിതനായി ഒരുവൻ തന്നെതന്നെ യേശുവിനോടും അവിടത്തെ വചനത്തോടും അനുരൂപപ്പെടുത്താനും ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ പ്രാവർത്തികമാക്കാനും ശ്രമിക്കുന്നതാണ്. ദൈവവുമായി തനിക്കുള്ള ബന്ധം തന്റെ കഴിവുകളുടെയോ പുണ്യപ്രവൃത്തികളുടെയോ ഫലമായി ഉളവായതല്ല; മറിച്ച്, ദൈവത്തിന്റെ കൃപകൊണ്ടുമാത്രമാണ് എന്നതാണ് നീതീകരിക്കപ്പെട്ട മനുഷ്യന്റെ ചിന്ത.

വിശ്വാസംവഴിയുള്ള നീതീകരണത്തെ പഴയനിയമത്തിലെ ഉദാഹരണങ്ങളിലൂടെയാണ് പൗലോസ് സമർത്ഥിക്കുന്നത്. അബ്രാഹം നീതീകരിക്കപ്പെട്ടതു വിശ്വാസം വഴിയാണ് (റോമ 4: ഗലാ 3:6-9 cfr. ഉൽപ 15:6). ഹബ 2:4 നെ ആധാരമാക്കിയാണ് വിശ്വാസം വഴിയുള്ള നീതികരണം എന്ന ആശയം പൗലോസ് അവതരിപ്പിക്കുന്നത് (റോമ 1:17; ഗലാ 3: 11). സങ്കീർത്തനങ്ങളും പൗലോസിന്റെ ചിന്തയ്ക്കു പിൻബലമേകുന്നു (cfr. സങ്കീ 9:4; 7-8; 17:1-15; 18:20; 35:22-25; 143:2; റോമാ 3:20; ഗലാ 2:16). അവസാനകാലങ്ങളിൽ ദൈവം എല്ലാവരെയും നീതീകരിക്കും എന്ന പ്രവാചകദർശനവും പൗലോസിന്റെ ചിന്തയെ സ്വാധീനിച്ചിട്ടുണ്ട് (cfr. ഏശ 46:12-13 ജറെ 31: 31-34).

എന്നാൽ പൗലോസിന്റെ ഈ ദൈവശാസ്ത്ര വിചിന്തനം യാക്കോ 2:18-26 ന് വിരുദ്ധമാണെന്ന് പ്രത്യക്ഷത്തിൽ തോന്നാം. പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണെന്നും വിശ്വാസം വഴിയല്ല പ്രവൃത്തികൾ മുഖേനയാണ് ഒരുവൻ നീതീകരിക്കപ്പെടുന്നതെന്നും യാക്കോബ് വ്യക്തമാക്കുന്നു. (2:17,26). എന്നാൽ സൂക്ഷ്മാപഗ്രഥനത്തിൽ ഇവ രണ്ടും വിരുദ്ധാശയങ്ങളല്ലെന്ന് വ്യക്തമാകും; വിശ്വാസം പ്രവൃത്തിയിലൂടെയാണ് പൂർണ്ണമാകുന്നത് എന്നാണ് യാക്കോബ് അർത്ഥമാക്കുന്നത്. നീതീകരണത്തിന്റെ അനന്തരഫലം സുകൃതജീവിതമാണെന്ന പൗലോസിന്റെ ആശയവുമായി ഇത് ഒത്തുപോകുന്നുണ്ട്.

വിശ്വാസം വഴിയുള്ള നീതീകരണം എന്ന ആശയം 16-ാം നൂറ്റാണ്ടിൽ മാർട്ടിൻലൂഥറും കത്തോലിക്കാസഭയും തമ്മിൽ ശക്തമായ അഭിപ്രായ വ്യത്യാസത്തിനു കാരണമായി.

### കൃപാവരം

മനുഷ്യന്റെമേൽ ദൈവം ചൊരിയുന്ന അതുല്യമായ അനുഗ്രഹത്തെയാണ് പൗലോസ് കൃപാവരം എന്നതിലൂടെ വിവക്ഷിക്കുന്നത്. പഴയനിയമത്തിൽ കൃപാവരത്തിന്റെ മാധ്യമംഉടമ്പടിയായിരുന്നെങ്കിൽ പുതിയ നിയമത്തിൽ അത് യേശുക്രിസ്തുവാണ്.

മൂന്ന് ഹീബ്രുപദങ്ങളാണ് പഴയനിയമത്തിൽ ഈ ആശയം സൂചിപ്പിക്കാനായി ഉപയോഗിച്ചിരുന്നത്: 1. *ഹെൻ* (Hen): രാജാക്കന്മാരും മറ്റും തങ്ങളുടെ അധീനതയിലുള്ളവരോട് കാണിക്കുന്ന ഔദാര്യപൂർണ്ണമായ അനുഭാവം (cfr. 1 സാമു 27:5; എസ്തേ 5:8). ദൈവകൃപയെ സൂചിപ്പിക്കാനും (ഉൽപ 6:8; പുറ 33:12ff; ജറെ 31:2) ദൈവാനുഗ്രഹം നേടിത്തരുന്ന വൈയക്തികഗുണങ്ങളെ സൂചിപ്പിക്കാനും (സുഭാ 3:4; 3:34; 13:15) ഈ പദം ഉപയോഗിച്ചിട്ടുണ്ട്. 2. *ഹനാൻ* (Hanan): ആവശ്യനേരത്ത് ഒരു

വനു നൽകുന്ന അനർഹമായ കാരുണ്യത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്. ഇതിന് പ്രേരകമായിട്ടുള്ളത് സ്നേഹമാണ് (നിയ 7:7–8). എന്നാൽ, ഇത് അവകാശമല്ല (പുറ 33:19). ഏകാന്തതയിലും (സങ്കീ 25:16) വിശപ്പിലും (111:4–5) പാപത്തിലും (51:1) തങ്ങളോട് കരുണ കാട്ടണമെന്ന് സങ്കീർത്തകൻ പ്രാർത്ഥിക്കുന്നുണ്ട്. പശ്ചാത്തപിക്കുന്നവരോടും (ആമോ 5:15) തന്നെ കാത്തിരിക്കുന്നവരോടും (ഏശ 30:18) ദൈവം കാരുണ്യം കാണിക്കും. പ്രത്യാശിക്കുന്നവർക്കും (ഉൽപ 43:29; സംഖ്യ 6:25) ദൈവത്തെ സ്തുതിക്കുന്നവർക്കുമാണ് (സങ്കീ 67) അവിടുത്തെ കാരുണ്യം ലഭിക്കുന്നത്. 3. *ഹെസെദ്* (Hesed): അനുകമ്പ എന്നാണ് ഈ പദത്തിന്റെ സാമാന്യാർത്ഥം. ആദ്യ രണ്ടു പദങ്ങൾ ചില പ്രത്യേക അവസരങ്ങളിൽ ദൈവം നൽകുന്ന കാരുണ്യത്തെ സൂചിപ്പിക്കുന്നതാണെങ്കിൽ ഹെസദ് ദൈവത്തിന്റെ മാറ്റമില്ലാത്ത കാരുണ്യത്തെയാണ് സൂചിപ്പിക്കുന്നത്.

*കാരിസ്* (charis) എന്ന ഗ്രീക്കുപദമാണ് കൃപയെ സൂചിപ്പിക്കാൻ പുതിയനിയമം ഉപയോഗിക്കുന്നത്. *കാരിത്തൂൻ* (charitun) എന്ന ക്രിയാരൂപം, കൃപ നൽകുന്നതിനെയാണ് സൂചിപ്പിക്കുന്നത് (എഫേ 1:6). *കെക്കരിത്തോമെനേ* (Kecharitomene) എന്ന പ്രത്യയരൂപമാകട്ടെ, സംബോധനാ രൂപത്തിലാണ് ഉപയോഗിച്ചിട്ടുള്ളത് (ലൂക്കാ 1:28). *കരിസ്മ* (charisma), *കാരിസ്* (charis) എന്നീപദങ്ങൾ സമാനാർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും സൂക്ഷ്മാർത്ഥത്തിൽ ഇവ തമ്മിൽ വ്യത്യാസമുണ്ട്. കരിസ്മ എന്നത്, ഒരുവനോട് കാണിക്കുന്ന കാരുണ്യത്തെ സൂചിപ്പിക്കുമ്പോൾ (റോമാ 1:11; 1 കോറി 1:7) കാരുണ്യം കാണിക്കുന്നതിനു കാരണമായ മനോഭാവത്തെയാണ് കാരിസ് എന്ന പദം സൂചിപ്പിക്കുന്നത് (റോമാ 1:7; 16:20; 1 പത്രോ 1:2; 2 പത്രോ 1:2; 2 യോഹ 3; വെളി 1:4; 22:21).

പൗലോസിന്റെ വിചിന്തനങ്ങളുടെ കേന്ദ്രാശയം ദൈവകൃപയാണ്. യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹം തന്നെയാണ് കൃപ (റോമാ 1:7; 1 കോറി 1:3). യേശുവിന്റെ രക്ഷാകരപ്രവൃത്തികളെ ദൈവകൃപയുടെ ആവിഷ്കരണങ്ങളായാണ് പൗലോസ് അവതരിപ്പിക്കുന്നത്. ഉദാ: സമ്പന്നനായിരുന്നിട്ടും അവിടുന്ന് ദരിദ്രനായി (2 കോറി 8:9); ദാസന്റെ രൂപം സ്വീകരിച്ചു (ഫിലി 2:7); നാം പാപികളായിരിക്കെ (റോമാ 5:8) ദൈവം നമ്മെ യേശുക്രിസ്തുവിൽ അനുരഞ്ജിപ്പിച്ചു (2 കോറി 5:18–21).

യേശുക്രിസ്തുവിന്റെ കൃപ നമുക്ക് ലഭിക്കുന്നത് കുരിശിലൂടെയാണ് (റോമാ 5:9; ഗലാ 2:20; എഫേ 1:20). വിശ്വാസംവഴി കൃപയാലാണ് നാം നീതികരിക്കപ്പെടുന്നത് (റോമാ 3:24–25; 5:1). കൃപ നിയമത്തിനും (ഗലാ 5:2–6) മാനുഷിക വിജ്ഞാനത്തിനും (2 കോറി 1:12) പാപത്തിനും (റോമാ 6:1) അതീതമാണ്. പാപത്തിൽ മൃതരായ നമ്മെ കൃപാസമ്പന്നനായ ദൈവം യേശുക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചു (എഫേ 2:4–5).

വിശ്വാസം വഴിയാണ് കൃപ ലഭിക്കുന്നത് (എഫേ 2:8). കൃപയുടെ സമൃദ്ധി പ്രകടമാകുന്നതും വിശ്വാസത്തിലാണ് (റോമാ 5:17; എഫേ 1:7; 2:7). കൃപയെ അവഗണിക്കുന്നതും (1 കോറി 15:2; 2 കോറി 6:1) നിയമാനുഷ്ഠാനത്തിൽ വ്യഗ്രതകാണിക്കുന്നതും (ഗലാ 2:21; 5:4) കൃപയെ





നിഷ്ഫലമാക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ച് ജീവിക്കുന്നവന്റെ ഏതു പാപവും ദൈവം തന്റെ കൃപയാൽ ക്ഷമിക്കും (1 തിമോ 1:15–16).

ദൈവകൃപ ലോകംമുഴുവൻ വ്യാപിക്കുന്നത് കൃപ സ്വീകരിച്ച ജനങ്ങളിലൂടെയാണ് (2 കോറി 4:15). വിജാതീയരോട് സുവിശേഷം പ്രസംഗിക്കാനുള്ള കൃപ (charisma) പൗലോസിന് നൽകിയത് ദൈവമാണ് (റോമാ 15:15; എഫേ 3:8). സഭയിലെ ദാനങ്ങളും സ്ഥാനങ്ങളും ദൈവകൃപയാൽ ലഭിക്കുന്നതാണ് (റോമാ 12:3–8; എഫേ 4:7,11–12). തന്റെ ലേഖനങ്ങളിൽ അഭിവാദനങ്ങളും ആശംസകളും അർപ്പിക്കാൻ പൗലോസ് കൃപ എന്ന പദം ഉപയോഗിക്കുന്നുണ്ട് (റോമാ 16:20; ഗലാ 6:18; 1 കോറി 1:3; 16:23; 2 കോറി 1:2; 13:13; എഫേ 1:2; 6:24; ഫിലി 1:2; 4:23; കൊളോ 1:2; 4:18; 1 തെസ 1:1; 5:8).

## വിശുദ്ധീകരണം

നന്മയിൽ വളർന്നുകൊണ്ട് ദൈവവുമായി താദാത്മ്യം പ്രാപിക്കുന്ന പ്രക്രിയയെയാണ് പൗലോസ് വിശുദ്ധീകരണം എന്ന് വിവക്ഷിക്കുന്നത്. ഇത് കൃപാവരത്താൽ സംജാതമാകുന്ന അവസ്ഥയോ മനുഷ്യൻ ലക്ഷ്യം വയ്ക്കേണ്ട പൂർണ്ണതയുടെ അവസ്ഥയോ ആകാം.

ദൈവവുമായുള്ള മനുഷ്യ ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് പഴയനിയമം വിശുദ്ധിയെക്കുറിച്ച് പഠിപ്പിക്കുന്നത്. വിശുദ്ധിയെക്കുറിച്ചുള്ള വീക്ഷണത്തിൽ പ്രധാമായും രണ്ടു ചിന്താധാരകൾ പഴയനിയമത്തിൽ കാണാം. ഒന്നാമതായി, വിശുദ്ധി ദൈവമായ കർത്താവിന് ഏറ്റവും അനുയോജ്യമായ വിശേഷണമാണ്; വിശുദ്ധിയുടെ ഉറവിടം ദൈവമാണ് (ജോബ് 6:10; ഏശ 6:1–5; 11:9). ദൈവം വിശുദ്ധിയുടെ പൂർണ്ണതയാകയാൽ ദൈവിക കർമ്മങ്ങൾ അനുഷ്ഠിക്കുന്ന പുരോഹിതരും, ദൈവസാന്നിധ്യമുള്ള ദേവാലയവും വിശുദ്ധമാണ് (പുറ 19:6; 29:42–44; ലേവ്യ 19:2; 1 രാജാ 9:3; ജറെ 1:5). "ഇസ്രായേലിന്റെ പരിശുദ്ധൻ" എന്നാണ് യാഹ്വെ അറിയപ്പെട്ടിരുന്നത്. ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ച് ഏശയ്യായും (5:16; 40:25) എസെക്കിയേലും (20:41; 28:22,25; 36:23; 38:16; 38:27) പ്രതിപാദിക്കുന്നുണ്ട്. രണ്ടാമതായി, ദൈവത്തിന്റെ പരിശുദ്ധിക്ക് മനുഷ്യൻ സാക്ഷ്യം വഹിക്കുന്നത് ധാർമ്മികമായ ജീവിതം നയിച്ചുകൊണ്ടാണ് എന്ന ചിന്ത പ്രവാസാനന്തര കാലഘട്ടത്തിൽ ശക്തിപ്രാപിച്ചു. അതായത്, ധാർമ്മിക ജീവിതവും വിശുദ്ധിയും തമ്മിൽ അഭേദ്യബന്ധമുണ്ടെന്നതാണ് ഈ ചിന്തയുടെ ഉള്ളടക്കം (ഏശ 5; ജറെ 5–7; ആമോ 4–5; ഹോസി 11; എസെ 18).

"വിശുദ്ധീകരണം" എന്ന പദത്തിന് ദൈവശാസ്ത്രപരമായ മാനം നൽകുന്നത് പൗലോസ്ശ്ലീഹായാണ്.

ക്രിസ്ത്യാനികളെ 'വിശുദ്ധർ' എന്നാണ് പൗലോസ് അഭിസംബോധന ചെയ്തിരുന്നത് (റോമാ 1:7; 12:13; 1 കോറി 6:1; 16:1). ധാർമ്മികമായി പൂർണ്ണത പ്രാപിച്ചവർ എന്ന അർത്ഥത്തിലല്ല, ഇവിടെ ഈ പദം ഉപയോഗിക്കുന്നത്. മറിച്ച്, ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളിൽ ഭാഗഭാക്കുകളായവർ എന്ന അർത്ഥത്തിലാണ്. എന്നാൽ, കാലക്രമത്തിൽ വിശുദ്ധിയുടെ മാനദണ്ഡം ധാർമ്മികതയാണെന്ന ചിന്ത ആദിമസഭയിൽ വള

ർന്നുവന്നു (എഫേ 1:4; 5:26). വിശുദ്ധീകരണത്തെക്കുറിച്ച് രണ്ടുതരം ചിന്താഗതികൾ ആദിമസഭയിൽ നിലനിന്നിരുന്നു. ഒന്നാമതായി, സഭ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധജനവും വിശുദ്ധിയുടെ ഉറവിടമായ കർത്താവിന്റെ ശരീരവുമാകയാൽ, സഭയിൽ അംഗങ്ങളാകുന്നതിലൂടെയാണ് ഒരുവൻ വിശുദ്ധീകരിക്കപ്പെടുന്നത്. രണ്ടാമതായി, സഭയെ നിയന്ത്രിക്കുന്നത് ദൈവമാകയാൽ വിശുദ്ധീകരണം തികച്ചും ദൈവികമായ കർമ്മമാണ്.

പാപത്തിന്റെ ബന്ധത്തിലാണ്ടുപോയ മനുഷ്യരെ ദൈവം തന്റെ കൃപയാൽ വിശുദ്ധീകരിച്ചു. കാരണം, ദൈവകൃപ, പാപത്തേക്കാൾ ശക്തമായിരുന്നു (റോമാ 5:20). ദൈവകൃപയാൽ മനുഷ്യൻ നീതികരിക്കപ്പെടുമ്പോഴാണ് വിശുദ്ധീകരണം സാധ്യമാകുന്നത്. ഗതകാലതിന്മകളെ വിട്ടുപേക്ഷിച്ച് നന്മയുടെവഴിയിലൂടെ ചരിക്കുന്നതാണ് വിശുദ്ധീകരണം (റോമാ 6:4,12-19). ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിന്റെ ലക്ഷണമായ വിശുദ്ധീകരണം നന്മയിലും ധാർമ്മികതയിലുമുള്ള വളർച്ചയെയാണ് ലക്ഷ്യം വയ്ക്കുന്നത് (1 തെസ 4:3,7).

വിശുദ്ധീകരണം, അടിസ്ഥാനപരമായി പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് (റോമാ 7:6; 8:2-4,11-13; ഗലാ 5:16-25). നീതിമത്കരണത്തിനു സമാനമായ അർത്ഥത്തിലും "വിശുദ്ധീകരണം" എന്ന പദം പൗലോസ് ഉപയോഗിക്കുന്നുണ്ട്. 1 കോറി 1:2-ൽ, ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരെയാണ് വിശുദ്ധർ എന്ന് പൗലോസ് അഭിസംബോധന ചെയ്യുന്നത്. നമ്മുടെ വിശുദ്ധീകരണമായ ക്രിസ്തുവാണ് (1 കോറി 1:30) നമ്മുടെ പ്രവർത്തനങ്ങളുടെയെല്ലാം മാനദണ്ഡമായി വർത്തിക്കേണ്ടത് (cfr. 1 കോറി 10:14-21; 2 കോറി 6:14-7:1; എഫേ 1:4-5). ഈ വാചകങ്ങളിലെല്ലാം വിശുദ്ധീകരിക്കപ്പെട്ടവൻ മറ്റുള്ളവരിൽനിന്ന് വേർതിരിക്കപ്പെട്ടവനാണ് എന്ന പഴയനിയമചിന്തയുടെ അനുരണനങ്ങൾ ദർശിക്കാനാവും.

ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തെ മാത്രമല്ല, ക്രിസ്തീയ ജീവിതത്തെ മുഴുവൻ നിരന്തരമായ ഒരു വിശുദ്ധീകരണ പ്രക്രിയയായിട്ടാണ് പൗലോസ് വിലയിരുത്തുന്നത് (റോമാ 12:1; 15:16; 2 കോറി 7:1; എഫേ 2:19-22). ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തോടെയാണ് ഈ വിശുദ്ധീകരണ പ്രക്രിയ പൂർത്തിയാകുന്നത് (1 തെസ 5:23-24). ഈ വിശുദ്ധീകരണ പ്രക്രിയ അഭംഗുരം മുമ്പോട്ടു നയിക്കുന്നത് ക്രിസ്തുവാണ് (എഫേ 5:25-30). ക്രിസ്ത്യാനിയാകുന്നതോടെ ഒരുവന്റെ വിശുദ്ധീകരണം പൂർണ്ണമാകുന്നില്ല, ആരംഭിക്കുന്നതേയുള്ളൂ, എന്ന ആശയം പൗലോസ് ആവർത്തിച്ചു പറയുന്നുണ്ട് (എഫേ 4:12-13; 22-5:2; ഫിലി 1:9-11; 2:12-16).

## വീടെുപ്പ്

ഒരു പ്രത്യേക മോചനദ്രവ്യംകൊടുത്തു വീണ്ടെടുക്കുക എന്ന നൈയാമിക പ്രവൃത്തി വി. ഗ്രന്ഥത്തിൽ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നുണ്ട്. നിയമാവർത്തനം, സങ്കീർത്തനങ്ങൾ, രണ്ടാം ഏശയ്യാ എന്നിവിടങ്ങളിലാണ് ഈ ആശയം വളരെ കൂടുതലായി കാണുന്നത്.





*പാദാ, ഗാൽ, കോപെർ* എന്നീ ഹീബ്രുപദങ്ങളാണ് വീണ്ടെടുപ്പ് (മോചനം) എന്ന അർത്ഥത്തിൽ പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഈ മൂന്നുപദങ്ങൾ സാധാരണ വ്യവഹാരഭാഷയിൽ ഉപയോഗിച്ചിരുന്ന പദങ്ങളാണ്. അവകാശം നഷ്ടപ്പെട്ടുപോയ വസ്തുവിനെ അല്ലെങ്കിൽ വ്യക്തിയെ അല്ലെങ്കിൽ അവസ്ഥയെ പ്രത്യേക തുകകൊടുത്ത് വീണ്ടെടുത്ത് പുനഃസ്ഥാപിക്കുക എന്നതാണ് ഈ വാക്കുകൾകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്.

പാദാ (Pada): വീണ്ടെടുപ്പിനെ സൂചിപ്പിക്കാൻ ഏറ്റവും കൂടുതലായി ഉപയോഗിച്ചിരിക്കുന്ന ഈ പദം വ്യക്തികളെ അല്ലെങ്കിൽ മൃഗങ്ങളെ വീണ്ടെടുക്കുക എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്. അടിമയായി വിൽക്കപ്പെട്ട സ്ത്രീ (പുറ 21:8), കാളയും അതിന്റെ ഉടമസ്ഥനും (21:30) മനുഷ്യന്റെയും മൃഗത്തിന്റെയും കടിഞ്ഞൂലുകൾ, (സംഖ്യ 18:15-16) എന്നിവയെ നിശ്ചിത മോചനദ്രവ്യം നൽകി വീണ്ടെടുക്കാം. ലേവ്യരെ മോചനദ്രവ്യമായി പരിഗണിച്ചിട്ടുണ്ട് (3:46-51). പാദാ എന്നപദം ആരാണ്, ആർക്കാണ്, എന്തിനാണ് മോചനദ്രവ്യം കൊടുക്കുന്നത് എന്ന കാര്യം പരിഗണിക്കാതെ മോചനം എന്ന പ്രവൃത്തിയിൽ ഒതുങ്ങി നിൽക്കുന്നു.

ഗാൽ (Gaal): ഒരുവൻ ദരിദ്രനായിത്തീർന്ന് തന്റെ അവകാശത്തിന്റെ ഒരു ഭാഗം വിറ്റാൽ അടുത്ത ചാർച്ചക്കാരൻ അതു വീണ്ടെടുക്കുന്നതിന് 'ഗാൽ' എന്ന പദം ഉപയോഗിക്കുന്നു (ലേവ്യ 25:25). റൂത്ത് 4:4-6, ജറെ 32:6-12 എന്നിവിടങ്ങളിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ദരിദ്രനായിത്തീർന്നു സ്വയം അന്യർക്കായി വിൽക്കപ്പെട്ട ഒരുവനെ അവന്റെ ബന്ധുക്കൾക്ക് വീണ്ടെടുക്കാമെന്നും ഇവിടെ പറയുന്നുണ്ട് (ലേവ്യ 25:47-49). അതിനാൽ ഇവിടെ വീണ്ടെടുക്കുന്നവൻ ഒരു ബന്ധുവാണ്. വസ്തുവകകളുടെ വീണ്ടെടുപ്പിനെ സൂചിപ്പിക്കാനും ഈ പദം ഉപയോഗിക്കുന്നുണ്ട് (ലേവ്യ 27:15a, 19-20).

കോപെർ (Kopher): ഈ മൂലക്രിയാധാതുവിന് മതപരമായ അർത്ഥമാണുള്ളതെങ്കിലും കോപെർ എന്ന നാമപദം മോചനദ്രവ്യം (പുറ 21:30; സങ്കീ 49:7-8) കോഴ (ആമോ 5:12) എന്നീ അർത്ഥങ്ങളിലാണ് ഉപയോഗിച്ചിരിക്കുന്നത്.

വീണ്ടെടുപ്പ്, മോചനം, മോചനദ്രവ്യം എന്നീ പദങ്ങൾ മേൽവിവരിച്ചതിനു പുറമേ പ്രതീകാത്മകമായും വി. ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഇസ്രായേൽ മുഴുവന്റെയും, വ്യക്തികൾ ഓരോരുത്തരുടെയും മോചനം എന്നീ അർത്ഥങ്ങളിൽ ഈ പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ദൈവമാണ് ഇവിടെ വീണ്ടെടുപ്പു നടത്തുന്നത്.

ദൈവത്തിന്റെ രക്ഷാകര പ്രവൃത്തികളെ വീണ്ടെടുപ്പ് (മോചനം) എന്നു വിളിക്കാം. ഈജിപ്തിന്റെ അടിമത്തത്തിൽനിന്നു ഇസ്രായേൽ ജനതയെ മോചിപ്പിച്ചതിനെ സൂചിപ്പിക്കാനാണ് ഈ ആദ്യത്തെ രണ്ടുപദങ്ങളും കൂടുതലായി ഉപയോഗിച്ചിരുന്നത്. ദൈവം ഇതു സാധിച്ചതു തന്റെ സ്വന്തം ശക്തിയാലാണ്, എന്തെങ്കിലും മോചനദ്രവ്യം നൽകിയില്ല (പുറ 6:6; 15:13; നിയ 7:8; 9:26; 13:6; 15:15; 24:18; ഹോസി 13:14; മിക്ക 6:4).

ദുരിതത്തിൽനിന്നും പ്രവാസത്തിൽനിന്നും കർത്താവ് ഇസ്രായേലിനെ മോചിച്ചു (2 സാമു 4:8; 1 രാജാ 1:29; സങ്കീ 29:22; 78:42; ജറെ 31:11).

രണ്ടാം ഏശയ്യായുടെ ഒരു സുപ്രധാന വിഷയം മോചനമാണ് (ഏശ 43:1; 44:22–23; 52:9). ദൈവത്തെ ഏശയ്യാ പ്രവാചകൻ രക്ഷകൻ എന്നു വിളിക്കുന്നുണ്ട് (44:24; 47:4). തന്റെ സ്വന്തം ജനമായതുകൊണ്ടാണ് അവിടുന്ന് അവരെ രക്ഷിച്ചത്.

'വീണ്ടെടുപ്പിനെ' സൂചിപ്പിക്കാൻ പൗലോസ് ഉപയോഗിക്കുന്നത് ഗ്രീക്കിലെ മൂലപദമായ *ലിത്രോ* (Lytro) യും അതിന്റെ മറ്റു രൂപങ്ങളുമാണ്. ഗ്രീക്കിലെ സാമൂഹിക സംവിധാനത്തിൽ ഈ വാക്ക് അടിമകളുടെയും തടവുകാരുടെയും സ്വാതന്ത്ര്യത്തിനായി ദേവാലയത്തിൽ അർപ്പിക്കുന്ന മോചനദ്രവ്യത്തെ സൂചിപ്പിക്കുന്നു. മോചനം, മോചനദ്രവ്യം തുടങ്ങിയപദങ്ങൾ വളരെ കുറച്ചുമാത്രമേ പുതിയനിയമത്തിൽ ഉപയോഗിക്കുന്നുള്ളൂ. തന്റെ പീഡാസഹനത്തെയും മരണത്തെയും മോചനദ്രവ്യമായി യേശു അവതരിപ്പിക്കുന്നുണ്ട് (മത്താ 20:28; മർക്കോ 10:45). ഈ പ്രസ്താവനയ്ക്ക് ഏശയ്യായിലെ കർത്തൃദാസനുമായി ബന്ധമുണ്ട് (ഏശ 53:5–6, 10). ദൈവഹിതത്തിന് സ്വയം വഴങ്ങിയ യേശു അവിടുത്തേക്ക് സ്വയം സമർപ്പിച്ചു. എല്ലാവർക്കുമുള്ള പാപമോചനത്തിനാണ് യേശു തന്റെ ജീവനെ മോചനദ്രവ്യമായി നൽകിയത് (1 തിമോ 2:6; തീത്തോ 2:14). യേശു കുരിശുമരണംവഴി തന്റെ ജീവനെ മോചനദ്രവ്യമായി നൽകി അനേകരുടെ രക്ഷ സാധിച്ചു (1 തിമോ 2:6). ഇവിടെ വീണ്ടെടുപ്പിന്റെ ഗുണം ലഭിക്കുന്നത് വീണ്ടെടുക്കപ്പെടുന്നവനാണ്. കർത്താവിന്റെ സഹനദാസനെക്കുറിച്ചുള്ള ഗീതത്തിൽ ഈ ആശയം കാണാം (ഏശ 53:6, 12). യേശു തന്റെ ജീവൻ മോചനദ്രവ്യമായി നൽകിയത് ആർക്ക് എന്ന ചോദ്യം പ്രസക്തമാണ്. പിതാവിന്റെ ഹിതത്തിന് സ്വയം സമർപ്പിച്ച പുത്രൻ, പിതാവിനു തന്നെയാണോ മോചനദ്രവ്യമായി തന്റെ ജീവിതം നൽകിയത്. അഗസ്റ്റിനെപ്പോലെ ചില സഭാപിതാക്കന്മാർ പിശാചിനാണ് യേശു മോചനദ്രവ്യം നൽകിയതെന്നു പറഞ്ഞു. ആർക്ക് മോചനദ്രവ്യം നൽകി എന്നതിനേക്കാളും പ്രസക്തം, മനുഷ്യനു രക്ഷ ലഭിച്ചു എന്നതാണ്.

വീണ്ടെടുപ്പിന് ശരീരത്തിന്റെ ഉയിർപ്പ് എന്നയർത്ഥത്തിൽ യുഗാന്ത്യോന്മുഖമായ ഒരുതലം വി. പൗലോസിൽ കാണാം (റോമാ 8:23). ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളുടെയെല്ലാം ആത്യന്തികലക്ഷ്യം മനുഷ്യനെ സ്വന്തമാക്കലാണ് (എഫേ 1:14). യേശു തന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വഴിയാണ് വീണ്ടെടുപ്പ് നടത്തിയതെന്ന് പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ ആവർത്തിക്കുന്നുണ്ട്. അവൻ തിന്മയിൽനിന്നു നമ്മെ മോചിച്ചു (തീത്തോ 2:14). സ്വന്തം രക്തത്താൽ ആവിടുന്നു നമ്മെ ദൈവസന്നിധിയിലെത്തിച്ചു. യേശുക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പിലൂടെ നമ്മൾ നീതീകരിക്കപ്പെടുന്നു (റോമാ 3:24). നമ്മുടെ വീണ്ടെടുപ്പിനുവേണ്ടിയാണ് അവിടുന്ന് മരിച്ചത് (1 കൊളോ 1:30; എഫേ 1:7).

വീണ്ടെടുപ്പിനെ സൂചിപ്പിക്കാൻ വിലയ്ക്കു വാങ്ങപ്പെടുക എന്ന വാക്കും പൗലോസ് ഉപയോഗിച്ചിട്ടുണ്ട് (1 കോറി 6:20; 7:23). നമ്മുടെ





രക്ഷയ്ക്കായി യേശു കൊടുത്തവില അവിടുത്തെ ജീവനാണ്. നിയമത്തിന്റെ ശാപത്തിൽനിന്ന് നമ്മെ രക്ഷിക്കാൻ ശപിക്കപ്പെട്ട കുരിശുതന്നെ അവിടുന്ന് തിരഞ്ഞെടുത്തു (ഗലാ 3:3). പുതിയനിയമത്തിൽ രക്ഷാകര പ്രവർത്തനത്തെ കുറിക്കാൻ വീണ്ടെടുപ്പ് എന്ന വാക്ക് വളരെ കുറച്ചു മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. എന്നാൽ, ക്രമേണ ആ വാക്ക് ദൈവശാസ്ത്രത്തിൽ രക്ഷാകര പ്രവർത്തനങ്ങളെയെല്ലാം സൂചിപ്പിക്കാൻ ഉപയോഗിച്ചുതുടങ്ങി.

## പൗലോസിന്റെ സഭാദർശനം

വിളിച്ചുകൂട്ടപ്പെട്ടവർ എന്നർത്ഥമുള്ള *എക്ളേസിയ* എന്ന ഗ്രീക്കുപദമാണു സഭയെ സൂചിപ്പിക്കാനായി പൗലോസ് ഉപയോഗിക്കുന്നത്. ഈ പദത്തിന് പല അർത്ഥതലങ്ങളുണ്ട്. (1) യേശുവിൽ വിശ്വസിക്കുന്നവരുടെ പ്രാദേശിക സമൂഹം. (2) യേശുവിൽ വിശ്വസിക്കുന്ന എല്ലാ മനുഷ്യരെയും പൊതുവായി വിളിക്കുന്ന സംജ്ഞ. (3) സംഘടിതമായ ഏതാനും വിശ്വാസികളുടെ കൂട്ടായ്മ. പൗലോസിന്റെ സഭാദർശനത്തിലെ സുപ്രധാനമായ കാഴ്ചപ്പാടുകൾ താഴെപ്പറയുന്നവയാണ്:

1. പന്തക്കുസ്താ തിരുനാൾ മുതൽ യേശുവിന്റെ രണ്ടാമത്തെ ആഗമനംവരെയുള്ള കാലഘട്ടത്തിൽ വിശ്വാസം സ്വീകരിച്ച് പുതിയ സൃഷ്ടികളായി തീർന്നവരുടെ സമൂഹത്തെയാണ് പുതിയ നിയമത്തിൽ സഭ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് (1 കോറി 15:52; 1 തെസ 4:13–17). പരിശുദ്ധാത്മാവിൽ ജ്ഞാനസ്നാനം സ്വീകരിച്ച സഭാംഗങ്ങൾ ക്രിസ്തുവിനോടും അന്യോന്യവും അഭേദ്യമായി ഐക്യപ്പെട്ടിരിക്കുന്നു (റോമാ 6:3–4; 1 കോറി 12:12–13; ഗലാ 3:27; എഫേ 4:5; കൊളോ 2:10–12). സഭ ക്രിസ്തുവിന്റെ ശരീരവും ക്രിസ്തു സഭയുടെ ശിരസ്സുമാണ് (1 കോറി 12:27). പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവാലയമാണ് സഭ (എഫേ 2:21–22). സഭ ക്രിസ്തുവിന്റെ ശരീരവും (എഫേ 5:30–31) ക്രിസ്തുവിന്റെ മണവാട്ടിയുമാണ് (2 കോറി 11:2–4).

2. യേശുവിന്റെ മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ രഹസ്യങ്ങളാണു സഭയുടെ അടിസ്ഥാനം. തന്മൂലം ഈ പെസഹാ രഹസ്യങ്ങളുടെ പൂർത്തീകരണത്തിനുമുൻപു സഭ ഉണ്ടായിരുന്നില്ല (ഗലാ 3:23–25).

3. യേശുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെടുന്നതിനു മുൻപും (എഫെ 5:25–27), അവിടുത്തെ ഉത്ഥാനത്തിനു മുൻപും (കൊളോ 3:1–3), അവിടുന്ന് സൃഷ്ടവസ്തുക്കൾ മുഴുവന്റെയും കർത്താവാകുന്നതിനു മുമ്പും (എഫെ 1:20–21), പരിശുദ്ധാത്മാവിന്റെ ആഗമനത്തിനു മുൻപും സഭ ഉണ്ടായിരുന്നില്ല.

4. സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കാൻ പൗലോസ്ശ്ലീഹാ ഉപയോഗിക്കുന്ന ചില പ്രതീകങ്ങൾ ഏറെ അർത്ഥവ്യാപ്തിയുള്ളതാണ്: ഭവനത്തിന്റെ മൂലക്കല്ലും മറ്റുകല്ലുകളും (1 കോറി 3:9; എഫേ 2:19–22), ശിരസ്സും ശരീരത്തിലെ അവയവങ്ങളും (1 കോറി

12:12-13; 27; എഫേ 4:4), രണ്ടാമത്തെ ആദവും പുതിയ സൃഷ്ടിയും (1 കോറി 15:22,45; 2 കോറി 5:17), വരനും വധുവും (2 കോറി 11:2; എഫേ 5:25-33).

*5. സഭയെ* പ്രതിനിധാനം ചെയ്യുന്നതിനായി നിരവധി സംജ്ഞകൾ പൗലോസിന്റെ ലേഖനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.

*വിശുദ്ധജനം*: യേശുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെടുകയും നീതീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്തവരുടെ സമൂഹമാണ് സഭ (1 കോറി 1:2). പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് ദൈവജനം വിശുദ്ധീകരിക്കപ്പെടുന്നത് (റോമാ 15:16; 1 കോറി 14:33; 2 കോറി 1:1; എഫേ 2:19; 5:26). വിശുദ്ധമാകുന്നതിലൂടെ സഭാംഗങ്ങൾ ക്രിസ്തുവിന്റെ വിശുദ്ധിയിൽ പങ്കുകാരാകുന്നു (1 കോറി 1:30). സഭപിതാവിന്റെയും (1 തെസ 4:7) പുത്രന്റെയും (1 കോറി 1:2; 6:11; എഫേ 5:26) പരിശുദ്ധാത്മാവിന്റെയും (റോമാ 8) പ്രവർത്തനഫലമായി രൂപം കൊണ്ടതാണ് എന്ന ആശയമാണ് വിശുദ്ധ ജനം എന്ന സങ്കൽപത്തിനു പിന്നിലുള്ളത്. സംഭാംഗങ്ങൾ ദൈവത്താൽ നീതീകരിക്കപ്പെട്ടവരാണ്.

*വിശ്വാസികളുടെ സമൂഹം*: തങ്ങളെ വിശുദ്ധജനമായി വിളിച്ചുചേർത്ത ദൈവത്തോടുള്ള ജനത്തിന്റെ പ്രത്യുത്തരമാണ് വിശ്വാസം. ഇപ്രകാരം വിശ്വസിക്കുന്ന സമൂഹത്തോടു ദൈവം വിശ്വസ്തനായിരിക്കും (1 കോറി 1:9; 10:13; 2 കോറി 1:18; 1 തെസ 5:24; ഹെബ്രാ 2:17; 3:2; 1 യോഹ 1:9). ഈ വിശ്വാസം വഴിയാണ് ദൈവജനം നീതീകരിക്കപ്പെടുന്നതും വിശുദ്ധീകരിക്കപ്പെടുന്നതും.

*ദാസൻമാരുടെ സമൂഹം*: തന്നെത്തന്നെ ദാസനാക്കിയ ക്രിസ്തുവിനെ (ഫിലി 2:7) പ്രതി വിശ്വാസികൾ അന്യോന്യം ദാസന്മാരാണ് (2 കോറി 4:5; ഗലാ 5:13). എല്ലാവരെയും നേടേണ്ടതിനു വിശ്വാസി എല്ലാവരുടെയും ദാസനാകണം (1 കോറി 9:19). യേശുവിന്റെ പ്രബോധനങ്ങളുടെയും മാതൃകയുടെയും വെളിച്ചത്തിലാണ് ഈ സങ്കല്പം ആദിമസഭയിൽ രൂപപ്പെട്ടുവന്നത് (മത്താ 6:24; 10:24; 20:27; മർക്കോ 10:44; ലൂക്കാ 17:10; യോഹ 13:16). തങ്ങളെത്തന്നെ ദൈവത്തിന്റെ ദാസന്മാരായി ചിത്രീകരിക്കുക എന്നത് ആദിമ സഭയിലെ പാരമ്പര്യമായിരുന്നു (റോമാ 1:1; ഫിലി 1:1; യാക്കോ 1:1; 2 പത്രോ 1:1; യൂദാ 1:1; വെളി 1:1). ഈ മനോഭാവമാണു സഭയിലെ കൂട്ടായ്മയുടെ അടിസ്ഥാനം. എന്നാൽ ഈ ദാസ്യം ഭയമോ പാരതന്ത്ര്യമോ ആയിരുന്നില്ല. മറിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിന്റെ പ്രകടനമായിട്ടാണ് പൗലോസ് വിലയിരുത്തുന്നത് (റോമാ 6:18; 8:12-15; ഗലാ 4:3; 5:1). സഭയിലെ അധികാരികളെ ശുശ്രൂഷകരായി പരിഗണിച്ചിരുന്നതിന്റെ കാരണവും ഇതുതന്നെയായിരുന്നു (അപ്പ 6:1; 2 കോറി 8:9; 1 കോറി 12:5).

*ദൈവജനം*: സഭയെക്കുറിച്ച് പുതിയനിയമത്തിലുള്ള വിവിധ സങ്കൽപ്പങ്ങളിൽ ഏററവും സുന്ദരമായത് സഭ ദൈവജനമാണ് എന്ന പൗലോസിന്റെ ആശയമാണ്. പഴയ നിയമത്തിലെ ദൈവജനത്തിന്റെ എല്ലാ പ്രത്യേകതകളും പുതിയ ദൈവജനമായ സഭയുടെ പേരിലും ആരോപിക്കുന്നുണ്ട്. ഉദാ. പുതിയ ഇസ്രായേലായ സഭ (ഗലാ 6:16) ദൈവവുമായി പുതിയ ഉടമ്പടിയിലേർപ്പെട്ടവളാണ്. പുതിയ പരിച്ഛേദനവും (റോമാ 2:29), അബ്രാഹത്തിന്റെ സന്താനപരമ്പരയിലെ ഭാഗഭാഗിത്വവുംവഴി (റോമാ 4; ഗലാ 3:29) സഭ പഴയനിയമത്തിലെ ദൈവജനത്തിന്റെ പിന്തുടർച്ചാവകാശിയാണ്. സഭ ദൈവജനമാണ് എന്ന പ്രസ്താവനയ്ക്ക് പൗലോസ് നൽകുന്ന വിവിധ അർത്ഥതലങ്ങൾ ചുവടെ ചേർക്കുന്നു: (i) ദൈവം തന്റെ സ്വന്തമായി തിരഞ്ഞെടുത്ത ജനമാണ് സഭ (2 കോറി 6:16). (ii) ഹൃദയത്തിൽ എഴുതപ്പെട്ട ഉടമ്പടിയിലൂടെ സഭ ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലം കുടുംബബന്ധത്തിനു തുല്യമായ ബന്ധമാണു സഭാംഗങ്ങൾക്കു ദൈവത്തോടുള്ളത് (2 കോറി 6:18; ഗലാ 4:24). (iii) എല്ലാ അംഗങ്ങളും ദൈവജനമാകയാൽ ആർക്കും ആരുടെമേലും അധികാരമില്ല (ഗലാ 3:28). (iv) സഭ ദൈവമക്കളുടെ സമൂഹമാണ് (റോമാ 9:26; 2 കോറി 6:16-18). (v) അതിനാൽ അംഗങ്ങൾ അന്യോന്യം സഹോദരരുമാണ് (1 കോറി 6:5).

6. സഭ ക്രിസ്തുവിൽ ഒരു ശരീരമാണ് (റോമാ 12:5). മാത്രമല്ല, സഭ ക്രിസ്തുവിന്റെ ശരീരംകൂടിയാണ് (എഫേ 1:23). ഇതിന് വളരെ ആഴമേറിയ അർത്ഥതലങ്ങളുണ്ട്. (i) ക്രിസ്തു തന്റെശരീരം ബലിയർപ്പിച്ചുകൊണ്ടാണ് മനുഷ്യനെ വീണ്ടെടുത്തത്. തന്മൂലം, രക്ഷിക്കപ്പെട്ടവരെല്ലാം യേശുവിന്റെ ശരീരത്തിന്റെ ഭാഗമാണ്. ഈ ഐക്യം പലപ്രയോഗങ്ങളിലൂടെ പ്രകടിപ്പിക്കാറുണ്ട്. (ഉദാ. റോമാ 6:1-5; 1 കോറി 12:13; ഗലാ 2:19-21; 6:14-17). ഏക ശരീരമാണെന്ന അവബോധമാണു സഭയുടെ ഐക്യത്തിന് അടിസ്ഥാനം (cfr. റോമാ 5:15-21). (ii) തന്റെ ശരീരത്തെ ബഹുമാനിക്കാനും (റോമാ 12:4; 1 കോറി 6:13-19; 2 കോറി 5:10; കൊളോ 2:16-23) അന്യോന്യം സഹായിക്കാനും (റോമാ 12:5; 1 കോറി 12: 14-26; 2 കോറി 4:7-12; എഫേ 4:16; ഫിലി 3:10-21; കൊളോ 1:24) അംഗങ്ങൾ തമ്മിലുള്ള വർണ്ണവർഗ്ഗ വൈജാത്യങ്ങളെ അതിജീവിക്കാനും (1 കോറി 12:13; എഫേ 2:14-22) ഈ ആശയം പ്രചോദനമേകുന്നു.

# പാപവും രക്ഷയും പൗലോസിന്റെ വീക്ഷണത്തിൽ

മനുഷ്യന്റെ പരമലക്ഷ്യമായ രക്ഷയെ വിശദീകരിക്കുക എന്നത് ദൈവശാസ്ത്രത്തിലെ വിഷമപ്രശ്നം തന്നെയാണ്. ഒരു മനുഷ്യന്റെ പാപം മൂലം മനുഷ്യകുലമൊന്നാകെ പാപികളാകുകയും മറ്റൊരു മനുഷ്യന്റെ നന്മവഴി സകലരും നീതീകരിക്കപ്പെടുകയും ചെയ്ത വിശ്വാസ രഹസ്യമാണ് രക്ഷ എന്ന പദത്തിന്റെ പരിപ്രേക്ഷ്യത്തിൽ വിവക്ഷിക്കപ്പെടുന്നത്. പാപത്തിന്റെ സാർവ്വത്രികതപോലെ രക്ഷയുടെ സാർവ്വത്രികതയും യുക്തിപരമായി ഗ്രഹിക്കുക ദുഷ്കരമാണ്. ക്രിസ്തുവിലൂടെ കൈവന്ന രക്ഷയുടെ ദൈവിക രഹസ്യങ്ങളെ വിശ്വാസത്തിന്റെയും യുക്തിയുടെയും സമഗ്രതയിൽ ആദ്യമായി അവതരിപ്പിച്ചത് വി. പൗലോസാണ്.


പുതിയനിയമ ദൈവശാസ്ത്രം

## പാപം പൗലോസിന്റെ വീക്ഷണത്തിൽ

പൗലോസിന്റെ രക്ഷാശാസ്ത്രം പാപത്തേക്കുറിച്ചുള്ള വീക്ഷണവുമായി ബന്ധപ്പെട്ടതാണ്. പാപം എന്നത് പൗലോസിന്റെ കാഴ്ചപ്പാടിൽ ഒന്നാമതായി ദൈവനിഷേധമാണ് (asebeia). ദൈവത്തെ ദൈവമായി അംഗീകരിച്ച് ആരാധിക്കാത്ത അവസ്ഥയാണിത്. എല്ലാത്തരം തിന്മകളും (adikia) ഉത്ഭവിക്കുന്നത് ദൈവനിഷേധത്തിൽ നിന്നാണ്. ദൈവനിഷേധവും തിന്മയും മാനുഷികതയുടെ ലംബ-തിരശ്ചീനമാനങ്ങളായാണ് പൗലോസ് കരുതുന്നത് (റോമ 1:18-27). ദൈവത്തെ അംഗീകരിക്കുന്നതിലുള്ള വിമുഖതയാണ് പാപപ്രവർത്തികൾക്കുള്ള അടിസ്ഥാനകാരണം. വിജാതിയരുടെ പാപത്തിന്റെ മൂലകാരണം ദൈവനിഷേധമാണ്. അനുഷ്ഠാനപരതയിലൂടെ രക്ഷ ഉറപ്പാക്കുന്ന നിയമം സ്വന്തമായുണ്ടെന്ന അഹന്ത യഹൂദരെ താൻപോരിമയിലേക്കും അതുവഴി അവിശ്വാസത്തിലേക്കും നയിച്ചു. യഹൂദരും വിജാതിയരും പാപികളായത് പാപകരമായ പ്രവർത്തികളിലൂടെയല്ല മറിച്ച് തലതിരിഞ്ഞതും നിഷേധാത്മകവുമായ മനോഭാവത്തിലൂടെയാണ്.

രണ്ടാമതായി മനുഷ്യനിലെ ദൈവികതയുടെ അടയാളം നഷ്ടപ്പെടുന്ന അവസ്ഥയാണ് പാപം (hamartia). പാപംമൂലം ആദം വരപ്രസാദം നഷ്ടമാക്കിയപ്പോഴാണ് പാപം ലോകത്ത് രംഗപ്രവേശനം ചെയ്തത് (റോമ 5:12). സകലേരേയും അധീനമാക്കിയ ഈ പാപത്തിന്റെ അവസാനം മരണമാണ് (റോമ 6:23). ക്രിസ്തുവിന്റെ ആഗമനംവരെ പാപം അജയ്യശക്തിയായി ലോകത്തിൽ ഭരണം നടത്തി (റോമ 5:21).

മൂന്നാമതായി പാപത്തെ മനുഷ്യനിൽ നിന്നു വ്യത്യസ്തമായി സ്വതന്ത്രമായ തിന്മയുടെ ശക്തി എന്ന നിലയിൽ മനസ്സിലാക്കുന്നു. മനുഷ്യനുമേൽ പിടിമുറുക്കുകയും (റോമ 7:8); വഞ്ചിക്കുകയും കൊല്ലുകയും ചെയ്യുന്ന (7:21) ദുഷ്ടശക്തിയാണ് പാപം. അതിനാൽ മനുഷ്യന്റെ പ്രവർത്തികളുടെ ഉത്തരവാദിത്വം പാപത്തിനാണെന്നും വ്യക്തിപരമല്ലെന്നും പൗലോസ് വാദിക്കുന്നുണ്ട് (റോമ 7:11). എന്നാൽ പാപത്തിലൂടെ ദൈവമഹത്വം നഷ്ടമാകുന്നതിന് മനുഷ്യന് വ്യക്തിപരമായ ഉത്തരവാദിത്വമുണ്ടെന്ന് പൗലോസ് കരുതുന്നു (റോമ 3:23).

പാപത്തെ സൂചിപ്പിക്കാൻ നിയമലംഘനം (Parabasis - റോമ 2:23; 5:14), നിയമരാഹിത്യം (anomia - റോമ 6:19), അതിക്രമം (Paraptoma റോമ 4:25; 5:13), അനുസരണക്കേട് (Parakoe റോമ 5:19; 2 കോറി 10:6) തുടങ്ങിയ പദങ്ങളും പൗലോസിന്റെ രചനകളിൽ കാണാം. പാപകരമായ പ്രവർത്തികളുടെ പട്ടികകളും പൗലോസിന്റെ രചനകളിലുടനീളം കണാം (റോമ 1:29-32; 1 കോറി 5:11; 6:9; 2 കോറി 12:20; ഗലാ 5:19-21; എഫേ 4:31; 5:3-4; കൊളോ 3:5-9). പാപകൃത്യങ്ങളെ അഞ്ചുവിഭാഗങ്ങളിലാണ് പൗലോസ് കാണുന്നത്.

1. ലൈംഗിക പാപങ്ങൾ - പരസംഗം, അശുദ്ധി, ജഡികാസക്തി, അഗമ്യഗമനം, വ്യഭിചാരം, സ്വവർഗ്ഗഭോഗം, മൃഗഭോഗം.
2. സ്വാർത്ഥതയുടെ പാപങ്ങൾ - അത്യാഗ്രഹം, ദ്രവ്യാസക്തി





3. സംസാരം മൂലമുള്ള പാപങ്ങൾ - പിറുപിറുപ്പ്, വാദപ്രതിവാദം, പൊങ്ങച്ചം പറച്ചിൽ, ലജ്ജാകര ഭാഷണം, ഭോഷഭാഷണം.
4. മനോഭാവത്തിലും ബന്ധങ്ങളിലുമുള്ള പാപങ്ങൾ - ശത്രുത വൈരാഗ്യം, കോപം, അസൂയ, അസംതൃപ്തി
5. മദ്യപാനാസക്തി - മദ്യപാനം, ലഹരി മരുന്നിന്റെ ഉപയോഗങ്ങൾ etc...

തിന്മയുടെ പട്ടിക യവന-വിജാതീയ കൃതികളിലും സർവ്വസാധാരണമായിരുന്നെങ്കിലും അവ പൗലോസിന്റെ വീക്ഷണത്തിൽനിന്നു വ്യത്യസ്തമായിരുന്നു. മാന്യനായ മനുഷ്യൻ ഒഴിവാക്കേണ്ട കൃത്യങ്ങളുടെ പട്ടികയായിട്ടാണ് വിജാതീയ ഗ്രീക്കുഗ്രന്ഥങ്ങൾ തിന്മയുടെ പട്ടിക നൽകിയിരുന്നത്. എന്നാൽ യേശുവിൽ നവജീവിതമാരംഭിച്ചവരുടെ ജീവിതത്തിന്റെ വൈരുധ്യമായിട്ടാണ് (antithesis) പൗലോസ് തിന്മയുടെ പട്ടിക നൽകുന്നത്.

പാപത്തിലൂടെ അന്യവത്കരിക്കപ്പെട്ട മനുഷ്യകുലം ദൈവത്തിന്റെ ശത്രുപക്ഷത്താകുന്നു (റോമ 5:10; കൊളോ 1:21; എഫേ 2:12; 4:18). ദൈവത്തിന്റെ "ശത്രു" (Echthros) എന്ന പദത്തിന് പാപംമൂലം "ദൈവകോപത്തിന് അർഹനായവൻ" (റോമ 5:19; എഫേ 2:3) എന്നും പാപംമൂലം ദൈവത്തെ ശത്രുവായി കരുതുന്നവർ" (കൊളോ 1:21) എന്നുമുള്ള അർത്ഥവ്യതിയാനങ്ങൾ പൗലോസ് നിരൂപിക്കുന്നുണ്ട്. പാപം മനുഷ്യനെ മരണത്തിനും (എഫേ 2:1) നിത്യനാശത്തിനും (ഫിലി 3:19; റോമ 2:12) അർഹരാക്കുന്നു.

## നിയമം രക്ഷാകരമല്ല

നിയമത്തെ സംബന്ധിച്ചുള്ള പൗലോസിന്റെ കാഴ്ച്ചപ്പാടിൽ പ്രത്യക്ഷ വൈരുധ്യം ദൃശ്യമാണ്. നിയമം ദൈവദത്തവും നല്ലതുമാണെന്ന് (റോമ 7:12,14) കരുതുമ്പോൾ തന്നെ മാനുഷിക ബലഹീനതയാൽ നിയമം ശിക്ഷാവിധിക്കും (റോമ 5:13), കോപത്തിനും (റോമ 4:15) മരണത്തിനും (റോമ 7:19) കാരണമായി. നിയമാനുഷ്ഠാനം മരണത്തിലേക്കും ലൗകികദാസ്യത്തിലേക്കും നയിക്കുമെന്നതിനാൽ നിയമാധിഷ്ഠിത ജീവിതമെന്നത് മനുഷ്യൻ രക്ഷപെടേണ്ട അടിമത്തമാണെന്നും പൗലോസ് വാദിക്കുന്നു.

നിയമത്തേക്കുറിച്ചുള്ള പൗലോസിന്റെ വിരുദ്ധവീക്ഷണം പ്രത്യക്ഷത്തിൽ സങ്കീർണ്ണമായി അനുഭവപ്പെടുമെങ്കിലും പ്രായോഗികതയിൽ സത്യമാണ്. നിയമം അനുസരിക്കുന്നതുകൊണ്ട് രക്ഷപെടുന്നില്ല, എന്ന കാഴ്ചപ്പാട് ശരിയാണ് എന്ന് പ്രായോഗിക ജീവിതം നമ്മെ ബോധ്യപ്പെടുത്തുന്നു. ഉദാഹരണമായി, നിയമംഘനം നടത്തുന്നവർക്ക് ശിക്ഷാവിധിയുള്ളപ്പോൾ നിയമം അനുസരിക്കുന്നവർക്ക് പ്രത്യേക രക്ഷയൊന്നുമില്ലല്ലോ. കൊല്ലരുത് എന്നനിയമം ലംഘിക്കുന്നവന് ശിക്ഷാവിധിയുണ്ടാകും എന്നാൽ ആരെയും കൊല്ലാതെ ജീവിക്കുന്നവന് അതിന്റെ പേരിൽ പ്രത്യക പാരിതോഷികമൊന്നും ആരും നൽകാറില്ല. നിയമം അതിരുകളുടെ പട്ടിക നൽകാനും അരുതാത്തവയുളവാക്കുന്ന ശിക്ഷാ

വിധിയുടെ ഓർമ്മയുണർത്താനും മാത്രമേ സഹായകമാകുന്നുള്ളു. തിന്മയെ ഓർമ്മിപ്പിക്കാൻമാത്രം ഉപകരിക്കുന്ന നിയമം രക്ഷാകരമല്ല എന്ന കാഴ്ചപ്പാട് തികച്ചും യുക്തിസഹമാണ്. രക്ഷയ്ക്ക് ദൈവാത്മാവിന്റെ പ്രവർത്തനം സാധിതമാകുന്ന ക്രിസ്തുവിൽ വിശ്വസിക്കണമെന്ന് പൗലോസ് വാദിക്കുന്നു. നിയമാനുഷ്ഠാനം വ്രതമാക്കിയിട്ടും യഹൂദർ രക്ഷ പ്രാപിക്കാത്തതിന്റെ കാരണമെന്തെന്നും ക്രിസ്തു സംഭവം എന്തുകൊണ്ട് അനിവാര്യമായിത്തീർന്നു എന്നുമാണ് നിയമത്തേക്കുറിച്ചും പാപത്തെക്കുറിച്ചുമുള്ള വീക്ഷണത്തിലൂടെ പൗലോസ് വ്യക്തമാക്കാൻ ശ്രമിക്കുന്നത്. ക്രിസ്തുസംഭവത്തിന്റെ രക്ഷാകരമാനത്തെ അവതരിപ്പിക്കാനായി വി. പൗലോസ് ഉപയോഗിക്കുന്ന ദൈവശാസ്ത്ര സങ്കേതങ്ങളായ അനുരഞ്ജനം, നീതീകരണം, പാപപരിഹാരം, വിമോചനം തുടങ്ങിയവയെ യഥോചിതം ഗ്രഹിച്ചെങ്കിൽ മാത്രമേ പൗലോസിന്റെ രക്ഷാശാസ്ത്രം മനസ്സിലാക്കാനാകൂ.

### അനുരഞ്ജനം

രക്ഷയെ ദൈവമനുഷ്യ അനുരഞ്ജനമായിട്ടാണ് വി. പൗലോസ് അവതരിപ്പിക്കുന്നത് (റോമ 5:1–15; 2 കോറി 5:11–21). ദൈവം മനുഷ്യരോട് അനുരഞ്ജനപ്പെടുകയല്ല മറിച്ച് മനുഷ്യൻ ദൈവത്തോടാണ് അനുരഞ്ജനപ്പെടുന്നത്. ഈ അനുരഞ്ജനമാകട്ടെ മനുഷ്യന്റെ പ്രാർത്ഥനയോ പരിത്യാഗമോ, നന്മപ്രവർത്തികളോ വഴിയല്ല മറിച്ച് ദൈവത്തിന്റെ കൃപാപൂർണ്ണമായ സൗജന്യദാനമാണ് എന്നും പൗലോസ് സ്ഥാപിക്കുന്നു.

രക്ഷയെ ദ്യോതിപ്പിക്കാൻ അനുരഞ്ജനം എന്ന പദം ഉപയോഗിച്ചു തുടങ്ങിയത് വി. പൗലോസാണ്. യവനകൃതികളിൽ അനുരഞ്ജനം (കത്തലാഗെ) എന്ന പദം രാഷ്ട്രീയമോ, സൈനികമോ ആയ ഉടമ്പടിയെ സൂചിപ്പിക്കാനാണ് ഉപയോഗിച്ചിരുന്നത്. നയതന്ത്രതലത്തിലെ സമാധാന ഉടമ്പടിയുടെ അർത്ഥതലത്തിലാണ് പൗലോസ് ഈ പദം ഉപയോഗിക്കുന്നതെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ അനുരഞ്ജനം (കത്തലാഗെ) എന്ന പദം ദൈവമനുഷ്യ ബന്ധത്തിലെ പുനക്രമീകരണത്തെ സൂചിപ്പിക്കാൻ മക്കബായരുടെ ഗ്രന്ഥത്തിൽ ഉപയോഗിക്കുന്നുണ്ട് (2 മക്ക 8:29; cf. 5:20; 7:32–33). 'അനുരഞ്ജനപ്പെടുക' (കത്തലാഗെയ്ൻ) എന്ന ക്രിയാരൂപം ഫിലോ (on the life of Moses; 2:166; on Joseph 11-8), ജോസേഫൂസ് (JW 5:415; JA 7:153) എന്നിവരുടെ രചനകളിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവം തന്റെ ജനവുമായുള്ള ബന്ധം പുനസ്ഥാപിക്കുന്നതിനെ സൂചിപ്പിക്കാനാണ് ഈ ക്രിയാരൂപം ഉപയോഗിച്ചിരുന്നത്.

രക്ഷയെ സൂചിപ്പിക്കാൻ "അനുരഞ്ജനം" എന്ന അധികാരസംജ്ഞയെ അവതരിപ്പിച്ചത് വി. പൗലോസാണെങ്കിലും നിയമാന്തര കാലഘട്ടത്തിലെ (intertestamental Period) വിവിധ രചനകളിൽ ദൈവമനുഷ്യബന്ധത്തിന്റെ പുനക്രമീകരണം എന്ന നിലയിൽ 'അനുരഞ്ജനപ്പെടുക' (Katallasein) എന്ന ക്രിയാരൂപം ഉപയോഗിച്ചിട്ടുണ്ട് (on the life of Moses; 2:166; on Joseph 11-8; Jewish Antiquities 7:153). പഴയനിയമത്തിലെന്നപോലെ മനുഷ്യനുമായുള്ള ദൈവത്തിന്റെ അനുരഞ്ജനം എന്ന അർത്ഥത്തിലാണ് പൗലോസും ഈ പദം ഉപയോഗിക്കുന്നത്. നീതീകരണം (justification) ലഭിച്ച മനുഷ്യവ്യക്തി ദൈവവുമായുള്ള ഐക്യത്തിലേക്കു പ്രവേശിക്കുന്നതിനേയാണ് അനുരഞ്ജനം എന്നു പൗലോസ് വിശേഷിപ്പിക്കുന്നത്. നീതീകരണവും അനുരഞ്ജനവും പരസ്പരബന്ധിയായ പദങ്ങളാണ്. പാപത്തിലൂടെ ദൈവത്തിൽ നിന്ന് അന്യവത്കരിക്കപ്പെട്ട മനുഷ്യൻ ക്രിസ്തുസംഭവത്തിലൂടെ അനുരഞ്ജിതനാകുന്നു എന്നതാണ് വിവക്ഷ. എന്നാൽ അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ ഇവിടെ അവശേഷിക്കുന്നു. പാപംചെയ്ത് അകന്നുപോയ മനുഷ്യനിൽനിന്ന് ദൈവം അകന്നുപോയിട്ടുണ്ടോ? അനുരഞ്ജനപ്പെടേണ്ടത് ദൈവമാണോ മനുഷ്യനാണോ അതോ രണ്ടുപേരും ആണോ? അനുരഞ്ജനം എന്ന സത്യം മനുഷ്യന്റെ വൈയക്തികമായ അനുഭവതലത്തിനധീന (subjective) മാണോ അതോ അതീത (objective) മാണോ?

പൗലോസിന്റെ വീക്ഷണത്തിൽ അനുരഞ്ജിപ്പിക്കുക എന്ന ക്രിയയുടെ കർത്താവ് എപ്പോഴും ദൈവവും കർമ്മം മനുഷ്യനോ ലോകമോ ആണ് (2 കോറി 5:19; റോമ 5:10; കൊളോ 1:21–22; എഫേ 2:15–16). തന്നിൽനിന്ന് അകന്ന മനുഷ്യനെ തന്നോട് അനുരഞ്ജനപ്പെടുത്താനുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി പൂർത്തിയായത് യേശുക്രിസ്തുവിലാണ്. മനുഷ്യർ പാപികളായിരുന്നപ്പോഴും മനുഷ്യരോടുള്ള തന്റെ സ്നേഹം അഭംഗം തുടരുന്നു എന്നു ദൈവം സ്പഷ്ടമാക്കിയത് യേശുവിന്റെ കുരിശുമരണത്തിലൂടെയാണ് (റോമ 5:8). ദൈവത്തോടുള്ള ശത്രുതയിൽ മനുഷ്യൻ തുടരുമ്പോഴാണ് ക്രിസ്തു കുരിശിൽ മരിക്കുന്നത്. തന്മൂലം അനുരഞ്ജനം എന്നത് നിയതമായ അർത്ഥത്തിൽ മനുഷ്യന്റെ വൈയക്തികമായ അനുഭവമല്ല. ദൈവത്തേക്കുറിച്ചുള്ള മനുഷ്യന്റെ മനോഭാവത്തിൽ മാറ്റം വരുത്തി മനുഷ്യൻ യേശു ക്രിസ്തുവിൽ വിശ്വസിച്ചു തുടങ്ങുമ്പോൾ സംഭവിക്കുന്ന വൈയക്തികമായ അനുഭവമായിട്ടല്ല പൗലോസ് അനുരഞ്ജനത്തേ അവതരിപ്പിക്കുന്നതെന്നു വ്യക്തമാണ്. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി യേശുക്രിസതുവിൽ ദൈവമൊരുക്കിയ രക്ഷയുടെ അവസ്ഥയും സാധ്യതയുമാണ് അനുരഞ്ജനം. അതിനാൽ മനുഷ്യപ്രവർത്തികൾ മൂലമല്ല ദൈവദാനമായാണ് മനുഷ്യൻ അനുരഞ്ജിതരാകുന്നത്. ക്രിസ്തുവിൽ ദൈവം സാധിതമാക്കിയ അനുരഞ്ജനത്തേക്കുറിച്ചു പ്രഘോഷിക്കാനാണ് ദൈവം അപ്പസ്തോലന്മാരെ നിയോഗിച്ചത്. തന്മൂലം സുവിശേഷം കേൾക്കുന്നതിനുമുമ്പേ ദൈവം മനുഷ്യനുവേണ്ടി ഒരുക്കിയ രക്ഷാസാധ്യതയാണ് അനുരഞ്ജനം എന്നു സമ്മതിക്കേണ്ടതുണ്ട്. ദൈവം മനുഷ്യന്റെ പാപത്തെ പരിഗണിക്കുന്ന കാലത്തോളം മനുഷ്യർ പാപികളും ശത്രുക്കളുമാണ്. എന്നാൽ ക്രിസ്തുവിന്റെ മരണം വഴിയായി ദൈവം മനുഷ്യന്റെ പാപങ്ങൾ പരിഗണിക്കാത്ത അവസ്ഥയാണ് (2 കോറി 5:19) അനുരഞ്ജനം.

എന്നാൽ, അനുരഞ്ജനത്തിന് വൈയക്തികമായ ഒരു തലം ശേഷിക്കുന്നുണ്ട്. ദൈവം സൗജന്യമായി ഒരുക്കിയതും അപ്പസ്തോലന്മാരിലൂടെ പ്രഘോഷിക്കപ്പെട്ടതുമായ അനുരഞ്ജനത്തെ മനുഷ്യൻ സ്വന്തമാക്കേണ്ടതുണ്ട് (2 കോറി 5:20). ദൈവത്തോടുള്ള ശത്രുത വെടിയാതെ അനു

രജ്ഞനത്തിന്റെ രക്ഷാകരഫലമനുഭവിക്കാൻ മനുഷ്യനു കഴിയില്ല (റോമ 8:7; കൊളോ 1:21).

## പാപത്തിൽനിന്നുള്ള നീതീകരണം

ക്രിസ്തുവിലൂടെ കൈവന്ന രക്ഷാനുഭവത്തെ വിശദീകരിക്കാൻ പൗലോസ് പ്രധാനമായും ഉപയോഗിക്കുന്നത് ''നീതീകരണം'' (dikaiosis) എന്ന പദമാണ്. മുൻപ് സൂചിപ്പിച്ചതുപോലെ യഹൂദപശ്ചാത്തലത്തിൽ നിന്നാണ് പൗലോസ് ഈ പദം കടമെടുക്കുന്നത് എന്ന് അനുമാനിക്കാം. യഹൂദവീക്ഷണത്തിൽ ഒരു വ്യക്തി നീതിമാൻ (dikaios) ആകുന്നത്, ദൈവപ്രമാണങ്ങളനുസരിച്ച് ജീവിക്കുന്നതിനാൽ ദൈവത്തിന്റെ സംപ്രീതിക്ക് അർഹമാണെന്ന് മതപരമായ കോടതിയുടെ വിധിനേടുമ്പോഴാണ് (ഉദാ. പുറ 23:7; 1 രാജാ 8:32). സ്വന്തം പാപത്തെയോർത്ത് അനുതപിക്കുന്നവന്റെ ഹൃദയത്തിൽ ദൈവം നൽകുന്ന ആശ്വാസമാണ് നീതീകരണം എന്ന് ഖുംറാൻ രേഖകൾ സാക്ഷ്യപ്പെടുത്തുന്നു (1 QS 11:9-12). നീതീകരണം എന്ന ആശയത്തിന് പൗലോസ് നൽകുന്ന അർത്ഥതലങ്ങളെ സംക്ഷിപ്തീകരിക്കാം:

1. തന്റെ പീഢാസഹനവും മരണവും ഉത്ഥാനവുംവഴി ക്രിസ്തു മനുഷ്യകുലത്തിന്റെ പാപത്തിന് പരിഹഹാരമായതിനാൽ ദൈവനീതിക്കുമുന്നിൽ മനുഷ്യന്റെ പാപമല്ല ക്രിസ്തുവിന്റെ പരിഹാരമാണ് നിലനിൽക്കുന്നത് (റോമ 4:25).

2. യേശുവിൽ വിശ്വസിക്കുന്ന സകലർക്കും സൗജന്യ ദാനമായി ദൈവം നീതീകരണം നൽകുന്നു (റോമ 3:26).

3. നീതീകരിക്കുന്നവൻ ദൈവമാണ് (ഫിലി 3:9) മനുഷ്യനല്ല (റോമ 10:3) എന്നതിനാൽ മാനുഷിക പ്രവൃത്തികളിലൂടെ നീതീകരണം സാധ്യമാകില്ല.

4. ക്രിസ്തുവിന്റെ ബലിയിലൂടെ നീതീകരിക്കപ്പെട്ടവരായി മനുഷ്യകുലം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഈ നീതീകരണം ഓരോരുത്തരും വ്യക്തിപരമായി അനുഭവിക്കാൻ പര്യാപ്തരാകുന്നത് വിശ്വാസംവഴിയാണ്.

നീതീകരണം എന്ന ആശയത്തെ ഒരു ദൃഷ്ടാന്ത സഹായത്താൽ സ്പഷ്ടമാക്കാം. തന്റെ വീടും പറമ്പും സകല ആസ്തികളും വിറ്റാലും കടം വീട്ടാൻ കഴിയാത്ത ഒരു മനുഷ്യന്റെ ഗതികേട് സങ്കൽപ്പിക്കുക. സകലതും നഷ്ടമാക്കിയാലും കടം ശേഷിക്കുകയേയുള്ളു എന്ന സങ്കടകരമായ വിഷമവൃത്തത്തിലാണയാൾ. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ കടം വീട്ടൽ എന്നത് അയാളുടെ കഴിവിന് അതീതമായ സത്യമാണ്. എന്നാൽ സർക്കാർ സകല കടങ്ങളും എഴുതിത്തള്ളാൻ തീരുമാനിച്ചപ്പോൾ അയാളുടെ കടവും പരിഹരിക്കപ്പെട്ടു. അയാളുടെ നിസ്സാഹായതയിൽ അലിവു തോന്നിയ സർക്കാർ അയാൾക്കുവേണ്ടി കടംവീട്ടിയതിനാൽ അയാൾ കടബാദ്ധ്യതയില്ലാത്തവനായി. പാപത്തിന്റെ ബാധ്യത (കടബാധ്യത) യിൽ നിന്നുള്ള മോചനം മാനുഷിക കഴിവിനാൽ അസാധ്യമാണെന്നുകണ്ട് കരുണതോന്നിയ ദൈവം ക്രിസ്തുവിൽ മനുഷ്യകുലത്തിന്റെ പാപം ഇല്ലാതാക്കി. വീട്ടാനാകാത്ത കടംവീട്ടിയ ക്രിസ്തുവിന്റെ ബലി പാപപരിഹാരാർത്ഥമായിരുന്നു.





## പാപപരിഹാരം (Expiation)

പാപപരിഹാരം (Hilasterion) ക്രിസ്തു സംഭവത്തിന്റെ വെളിച്ചമായിരുന്നു. പാപപരിഹാരത്തെ സൂചിപ്പിക്കുന്ന ഗ്രീക്കുപദം (Hilasterion) 'കപ്പോറെത്' (Kaporeth) എന്ന ഗ്രീക്കുപദത്തിന്റെ ഭാഷാന്തരമാണ്. വാഗ്ദാനപേടകത്തിനു മൂടിയായി നിർമ്മിച്ചിരുന്ന സ്വർണ്ണ നിർമ്മിതമായ കൃപാസനത്തേയാണ് ഹീബ്രുവിൽ 'കപ്പോറെത്' എന്നു വിളിച്ചിരുന്നത് (പുറ 25:17). ആണ്ടിലൊരിക്കൽ പാപപരിഹാരത്തിരുനാളിൽ വിശുദ്ധിയുടെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്ന പ്രധാനപുരോഹിതൻ പരിഹാരബലിയുടെ രക്തം തളിച്ചിരുന്നത് ഇതിന്മേലായിരുന്നു (ലേവ്യ 16:14-20). ക്രിസ്തുവിന്റെ ബലിയിലൂടെ, പാപപരിഹാരദിനത്തിൽ (yom ha kippurim) യഹൂദർ പ്രതീകാത്മമായി നേടിയിരുന്ന വാർഷിക പാപമോചനം ക്രിസ്തുവിൽ വിശ്വസിക്കുന്നവർ നിത്യമായും സത്യമായും നേടുന്നതായി പൗലോസ് സ്ഥാപിക്കുന്നു (റോമ 3:25). അപ്രകാരം പുതിയ കൃപാസനമായി ക്രിസ്തു മാറുന്നു.

മനുഷ്യപാപം മൂലം കോപിഷ്ഠനായിരുന്ന പിതാവായ ദൈവത്തെ പ്രസാദിപ്പിക്കുക (placate or propitate = hilaskethal) എന്ന അർത്ഥത്തിൽ ക്രിസ്തുവിന്റെ പരിഹാരക്രിയയെ കാണാനാവില്ല. ദൈവകോപം എന്നത് തിന്മയോടുള്ള ദൈവത്തിന്റെ സമ്പൂർണ്ണ വൈപരീത്യത്തെ സൂചിപ്പിക്കുന്ന സംജ്ഞയാണ്. പാപികളായവരോട് ദൈവത്തിനുള്ള വൈയക്തികവും വൈകാരികവുമായ രോഷമോ പ്രതികാരമോ ആയിട്ടല്ല ദൈവകോപത്തെ മനസ്സിലാക്കേണ്ടത്. ക്രിസ്തുവിന്റെ മരണം മാറ്റമുണ്ടാക്കുന്നത് ദൈവത്തിന്റെ മനോഭാവത്തിലും വൈകാരികതയിലുമല്ല മറിച്ച് മനുഷ്യന്റെ പാപാഭിമുഖ്യത്തിലാണ്. ക്രിസ്തുസംഭവത്തിലൂടെ മനുഷ്യന്റെ പാപം സമ്പൂർണ്ണമായി കഴുകി ഇല്ലാതാക്കപ്പെടുന്നു എന്ന അർത്ഥത്തിലാണ് പലോസ് ക്രിസ്തുവിന്റെ ബലിയെ പാപപരിഹാരബലിയായി വിവരിക്കുന്നത് (1 തെസ 1:10; റോമ 5:9). രക്തംചിന്താതെ പാപമോചനമില്ല എന്ന ചിന്ത യഹൂദർക്കുണ്ടായിരുന്നു (ഹെബ്ര 9:21). മൃഗബലികളിൽ മനുഷ്യന്റെ പാപത്തിൽ കോപിഷ്ഠനായ ദൈവത്തെ മൃഗരക്തം കൊണ്ടു പ്രസാദിപ്പിക്കാനുള്ള ശ്രമമല്ല നടത്തുന്നത്; മറിച്ച് രക്തം ജീവന്റെ ഇരിപ്പിടമാകയാലും വിശുദ്ധീകരണ ശക്തിയുള്ളതായതിനാലും പ്രതീകാത്മകമായി രക്തബലി പാപമോചനം നൽകുന്നു. കൂടാതെ പാപിയായ മനുഷ്യനെ ദൈവത്തിനു സമ്പൂർണ്ണമായി സമർപ്പിക്കുന്നതിന്റെ അടയാളമായി മൃഗത്തെ ദൈവത്തിനു സമർപ്പിക്കുന്നു. പാപപരിഹാര ബലികളൊന്നും ദൈവത്തിന്റെ കോപം അണയ്ക്കാനുള്ള വഴികളായിരുന്നില്ല എന്നു സ്പഷ്ടം.

## പാപവിമോചനം (Redemption)

രക്ഷയെ സൂചിപ്പിക്കാൻ വിമോചനം (apolytrosis) എന്ന പദം പൗലോസ് ഉപയോഗിക്കുന്നുണ്ട്. അടിമകളെ മോചനദ്രവ്യം നൽകി വീണ്ടെടുക്കുന്ന പ്രക്രിയയെ അനുസ്മരിപ്പിക്കുന്നതാണ് ഈ സംജ്ഞ (apolytrosis-ദാനി

4:34). ദൈവം ഇസ്രായേലിന്റെ വിമോചകൻ -ഗോയേൽ- (goel) ആണ് എന്ന പഴയനിയമ സങ്കൽപ്പവും ഈ ആശയത്തിനു പിന്നിലുണ്ട്. സ്വന്തം കുടുംബാംഗങ്ങളിലോ ചാർച്ചക്കാരിലോ ഉൾപ്പെടുന്ന ആരെങ്കിലും അടിമകളായിതീർന്നിട്ടുണ്ടെങ്കിൽ അവരെ മോചനദ്രവ്യം നൽകി വീണ്ടെടുത്തു രക്ഷിക്കാൻ ചുമതലപ്പെടുത്തിയ വ്യക്തിയെയാണ് 'ഗോയേൽ' (goel) എന്നു വിളിച്ചിരുന്നത്. (ഏശ 41:14). അടിമകളായിത്തീർന്ന ഇസ്രായേലിന്റെ വിമോചകൻ (goel) ദൈവമാണ്. ഈ ദൈവിക വിമോചന പ്രക്രിയ മാനവകുലത്തിനാകെ പ്രദാനം ചെയ്ത ദൈവപുത്രനാണ് ക്രിസ്തു എന്നാണ് വി. പൗലോസ് വിവക്ഷിക്കുന്നത്. പൗലോസ് ക്രിസ്തുവിനെ വിമോചകനെന്നോ (lytrotes) മോചനദ്രവ്യമെന്നോ (lytron) വിളിക്കുന്നില്ല; മറിച്ച് ക്രിസ്തു നമ്മുടെ മോചനമാണെന്ന് (apolytrosis) പ്രഖ്യാപിക്കുന്നു (1 കോറി 1:30). ക്രിസ്തുവിലൂടെ കൈവന്ന വിമോചനത്തിലൂടെ മനുഷ്യകുലം സ്വതന്ത്രരും നീതീകരിക്കപ്പെട്ടവരുമായി. മനുഷ്യകുലത്തിന്റെ അടിമത്തം നീക്കാൻ നൽകപ്പെട്ട വിലയാണ് ക്രിസ്തുവിന്റെ കുരിശുമരണം.

വിമോചനത്തിന് യുഗാന്ത്യമാനമുണ്ടെന്നും ശരീരത്തിന്റെ വീണ്ടെടുപ്പ് യുഗാന്ത്യത്തിലാണെന്നും പൗലോസ് വിശ്വസിക്കുന്നു (റോമ 8:23). സൃഷ്ടപ്രപഞ്ചത്തിന്റെ സമ്പൂർണ്ണ വിമോചനം യുഗാന്ത്യസംഭവമാണ് (റോമ 8:19-22). ക്രിസ്തുസംഭവത്തിലൂടെ സാധിതമായ വിമോചനം സമ്പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നത് യുഗാന്ത്യത്തിലാണെന്നും അതിനുള്ള മാർഗ്ഗം ക്രിസ്തുവിലുള്ള വിശ്വാസമാണെന്നും പൗലോസ് സ്ഥാപിക്കുന്നു.

### രക്ഷയുടെ യുഗാന്ത്യമാനം

ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളിലൂടെ സമാരംഭിച്ച രക്ഷ സമ്പൂർണ്ണമാകുന്നത് യുഗാന്ത്യത്തിൽ സംഭവിക്കുന്ന അവന്റെ രണ്ടാമത്തെ ആഗമനത്തിലാണ്. 2 കോറി 5:1-10 ന്റെ വെളിച്ചത്തിൽ മരണത്തിനും ഉയർപ്പിനുമിടയിൽ നിശ്ചിത കാലത്തിന്റെ ഇടവേള പലോസ് നിരൂപിക്കുന്നതായി അഭിപ്രായപ്പെടുന്നവരുണ്ട്. "ഇന്നു നീ എന്നോടുകൂടി പറുദീസായിലായിരിക്കും" (ലൂക്കാ 23:46) എന്ന് നല്ല കള്ളനോടു ക്രിസ്തു പറയുന്ന വചനം മരണത്തിനും ഉയർപ്പിനുമിടയിലുള്ള ഇടവേളയെ നിഷേധിക്കുന്നതിനാൽ പൗലോസിന്റെ രക്ഷാവീക്ഷണവും സുവിശേഷങ്ങളിലെ രക്ഷാവീക്ഷണവും സുവിശേഷങ്ങളിലെ രക്ഷാദർശനവും തമ്മിൽ വൈരുദ്ധ്യമുണ്ടെന്ന് ഇക്കൂട്ടർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ മരണത്തോടെ ദൈവത്തോട് ചേരാൻ ഭാഗ്യം ലഭിക്കുന്ന മനുഷ്യാത്മാവിനേക്കുറിച്ച് പൗലോസ് പരാമർശിക്കുന്നുണ്ട്. മരണത്തിലും അഭേദ്യമായ ബന്ധമാണ് ക്രിസ്തുവും സഭയും തമ്മിലുള്ളതെന്ന് പൗലോസ് സമർത്ഥിക്കുന്നു (റോമ 8:38). തന്മൂലം പൗലോസിന്റെ രക്ഷാശാസ്ത്രം തികച്ചും യുഗാന്ത്യപരമാണെന്ന വാദത്തിൽ കഴമ്പില്ല. മരണത്തിലൂടെ ആത്മാവ് ദൈവസന്നിധിയിലെത്തുമ്പോൾ ശരീരം യുഗാന്ത്യം വരെ മഹത്വീകരണത്തിനായി കാത്തിരിക്കുന്നു എന്നതാണ് പൗലോസ് വിവക്ഷിക്കുന്നത്. മരിച്ചവർ നിദ്ര ചെയ്യുന്നു എന്ന പദപ്രയോഗമാണ് (1 തെസ്സ 4:13; 1 കോറി





15:16) ഇടവേളയേക്കുറിച്ചുള്ള ചിന്തയ്ക്ക് ആധാരം. പക്ഷെ മരണത്തെ നിദ്രയായി കരുതുന്നു എന്നത് ഭാഷാപരമായ ഒരു ശൈലി എന്നതിനപ്പുറം അതിനു ദൈവശാസ്ത്രപരമായ അർത്ഥസാന്ദ്രത കൽപ്പിക്കേണ്ടതില്ല. യുഗാന്ത്യത്തിൽ ക്രിസ്തു "തന്റെ വിശുദ്ധരോടൊത്തു വരും" (1 തെസ്സ 3:13) എന്ന വിശ്വാസവും മരണമടഞ്ഞ നീതിമാന്മാരുടെ ആത്മാവ് ദൈവത്തോടൊത്താണെന്ന വസ്തുതയാണ് സ്പഷ്ടമാക്കുന്നത്.

### സർവ്വം ക്രിസ്തുകേന്ദ്രീകൃതം

രക്ഷയുടെ പൂർണത സർവ്വതും ക്രിസ്തുവിൽ കേന്ദ്രീകരിക്കപ്പെടുന്ന യുഗാന്ത്യത്തിലാണ്. സൃഷ്ടിക്കപ്പെട്ട സർവ്വതും ക്രിസ്തുവിലൂടെ പിതാവുമായി അനുരഞ്ജനപ്പെടുന്ന അവസ്ഥയയാണിത് (കൊളോ 1:20). എല്ലാം ക്രിസ്തുവിലൂടെയും ക്രിസ്തുവിനു വേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത് (കൊളോ 1:16). കുരിശിലെ രക്തത്തിലൂടെ സൃഷ്ടപ്രപഞ്ചം ദൈവവുമായുള്ള ഏറ്റുമുട്ടൽ അവസാനിപ്പിച്ച് സൃഷ്ടാവുമായി സമാധാനത്തിലും ഐക്യത്തിലുമാകുന്നു (1:20). എല്ലാത്തരം ദുഷ്ടശക്തികൾക്കും തിന്മയുടെ ആധിപത്യങ്ങൾക്കുംമേലുള്ള വിജയമാണ് ക്രിസ്തുവിന്റെ കുരിശുമരണം (2:14-15). ക്രിസ്തുവിനു കീഴടങ്ങുന്ന അവസാനശത്രു മരണമാണെന്നും (1 കോറി 15:25) അതിനുശേഷം അവിടുന്ന് രാജ്യം പിതാവിനു സമർപ്പിക്കുമെന്നും പിതാവിന്റെ വലതുഭാഗത്തിരുന്നു ഭരണം നടത്തുമെന്നും (എഫേ 1:20-23; ഫിലി 2:9) അപ്പസ്തോലൻ വിശ്വസിക്കുന്നു. ക്രിസ്തുവിലുള്ള അന്തിമ കേന്ദ്രീകരണം കേവലം ആത്മീയമല്ലെന്ന് പൗലോസ് സമർത്ഥിക്കുന്നു. പാപനാശങ്ങളിൽനിന്ന് മുക്തമായി പ്രപഞ്ചമാകെ ദൈവമക്കളുടെ സ്വാതന്ത്ര്യമനുഭവിച്ചു തുടങ്ങുന്നു (റോമ 8:19-23).

# 8

# അജപാലന ലേഖനങ്ങൾ

പൗലോസ്ശ്ലീഹാ തിമോത്തിയ്ക്ക് എഴുതിയ രണ്ട് ലേഖനങ്ങളും തിത്തോസിനെഴുതിയ ലേഖനവും 18-ാം നൂറ്റാണ്ടുമുതൽ അജപാലന ലേഖനങ്ങൾ എന്ന് അറിയപ്പെടുന്നു. അജപാലശ്രേഷ്ഠനായ പൗലോസ് തന്റെ ശിഷ്യഗണത്തിന് അജപാലദൗത്യത്തെക്കുറിച്ചുള്ള അറിവു പകരാനായി എഴുതിയ ലേഖനങ്ങളായതിനാലാണ് ഈ പേരുലഭിച്ചത്.

പൗലോസ്ശ്ലീഹായുടെ മറ്റ് ലേഖനങ്ങളിൽനിന്നും വ്യത്യസ്തമായി ഇവ വ്യക്തികൾക്ക് എഴുതപ്പെട്ടതാണെങ്കിലും വലിയൊരു സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ഇവ എഴുതപ്പെട്ടത്. ഈ ലേഖനങ്ങൾ മുഖ്യമായും സഭയിൽ ഉടലെടുത്ത ചില പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനങ്ങളും ആദിമ സഭയെക്കുറിച്ചുള്ള ചില സൂചനകളുമാണ്. തിമോത്തിയോസിനെഴുതിയ ഒന്നാം ലേഖനത്തിലും തീത്തോസിനെഴുതിയ ലേഖനത്തിലും സഭാതനയരെ തെരഞ്ഞെടുക്കേണ്ട മാനദണ്ഡങ്ങൾ പരാമർശിക്കപ്പെടുന്നു. തിമോത്തിക്കുള്ള ലേഖനം തങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ ധൈര്യപൂർവ്വം നേരിടാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു. കൂടാതെ, സഭയിൽ ഒരുവൻ എപ്രകാരം ജീവിക്കണം എന്ന പ്രബോധനവും നല്കുന്നു. വ്യാജ പ്രബോധനങ്ങളെ നേരിടേണ്ട വിധത്തെക്കുറിച്ചും ഈ ലേഖനങ്ങളിൽ പരാമർശങ്ങൾ കാണാം.

യേശുവിന്റെ മനുഷ്യത്വത്തിനും ദൈവീകതയ്ക്കും അജപാലനലേഖനങ്ങളിൽ ഊന്നൽ നല്കിയിരുന്നെങ്കിലും ദൈവികതയ്ക്കാണ് പ്രമുഖസ്ഥാനം നല്കുന്നത് (cfr. 1 തിമോ 6:15f) യേശുവിനെ രക്ഷകനായി അവതരിപ്പിക്കുന്നതിലും പൗലോസ്ശ്ലീഹാ പ്രത്യേകം ശ്രദ്ധിക്കുന്നു.





## തിമോത്തേയോസിന് എഴുതിയ ഒന്നാം ലേഖനം

ഡോ. ജോസഫ് നാൽപതിൽച്ചിറ

### ആമുഖം

വിശുദ്ധ പൗലോസിന്റെ പേരിൽ അറിയപ്പെടുന്ന ലേഖനങ്ങളിൽ സഭാസമൂഹങ്ങൾക്ക് എഴുതിയ ലേഖനങ്ങൾക്കുശേഷം കാണുക വ്യക്തികളെ അഭിസംബോധനചെയ്ത് എഴുതപ്പെട്ട നാല് ലേഖനങ്ങളാണ്. ഇവയിൽ തിമോത്തേയോസിനുള്ള രണ്ടുലേഖനങ്ങൾ, തീത്തോസിനുള്ള ലേഖനം എന്നിവയാണ് 'അജപാലകർക്കുള്ള ലേഖനങ്ങൾ' എന്നപേരിൽ അറിയപ്പെടുന്നത്. സഭയിലെ അജപാലന പരമായ പ്രവർത്തനങ്ങളെ സംബന്ധിച്ച്, പ്രത്യേകമായി, സഭയിൽ നൽകേണ്ടതായ ശരിയായ പ്രബോധനങ്ങൾ, ശിക്ഷണക്രമങ്ങൾ, വിവിധ സ്ഥാനങ്ങളിലേക്കു നിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾ ഇവയെക്കുറിച്ചുള്ള പ്രായോഗിക നിർദ്ദേശങ്ങളാണ് പ്രധാനമായും ഈ മൂന്നു ലേഖനങ്ങളിൽ പരാമർശിക്കുന്നത്. ഇക്കാരണത്താൽ 18-ാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ ഈ ഗ്രന്ഥങ്ങൾ അജപാലകർക്കുള്ള ലേഖനങ്ങൾ എന്ന വിശേഷണത്താൽ അറിയപ്പെടുവാൻ തുടങ്ങി. നൂറ്റാണ്ടുകൾക്കു മുൻപ് വിശുദ്ധ തോമസ് അക്വീനാസ് ഈ ലേഖനങ്ങളെ 'അജപാലകർക്കുള്ള നിയമങ്ങൾ' എന്ന് വിശേഷിപ്പി ച്ചിരുന്നു.

സഭയിൽ നടപ്പാക്കേണ്ട ശിക്ഷണക്രമങ്ങളെയും ഭരണസംവിധാനങ്ങളെയും സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ഈ ലേഖനങ്ങളിൽ ഉള്ളതിനാൽ ഏ.ഡി 2-ാം നൂറ്റാണ്ടുമുതൽ ഇവ പുതിയ നിയമത്തിലെ കാനോനിക ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരുന്നു (Muratonian Fragment). സഭയിലെ നടപടിക്രമങ്ങളെക്കുറിച്ച് പരാമർശം നടത്തുന്നതോടൊപ്പം വിശ്വാസികളുടെ വിശ്വാസ ജീവിതത്തെ സംബന്ധിക്കുന്ന കാര്യങ്ങളും ഈ ലേഖനങ്ങളുടെ പ്രതിപാദ്യവിഷയമാണ്. താഴെപറയുന്ന കാരണങ്ങളാൽ അജപാലകർ ക്കുള്ള ലേഖനങ്ങൾക്ക് സഭാചരിത്രത്തിൽ പ്രത്യേകമായി വിലകൽപ്പിക്കപ്പെട്ടുപോന്നിരുന്നു: സഭയിലെ ശുശ്രൂഷാ സംവിധാനങ്ങൾ, സഭയിലെ ഭരണപരമായ സംഘടനാക്രമീകരണങ്ങൾ (മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ) തുടങ്ങിയവ നിർവ്വചിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഈ ലേഖനങ്ങൾ ഏറെ സഹായകരമായിരുന്നു. ഇത്തരത്തിലുള്ള ഭരണസംവിധാനം സഭ ആദ്യകാലങ്ങളിൽ നേരിട്ട പ്രതിസന്ധികളായ Marcionism, Gnosticism എന്നിവയെ നേരായവിധത്തിൽ തരണം ചെയ്യുന്നതിനും ഉറപ്പുള്ള ഒരു അടിത്തറയിൽ സഭാസമൂഹങ്ങളെ പടുത്തുയർത്തുന്നതിനും സഹായിച്ചു. തെറ്റായതും വ്യാജവുമായ പ്രബോധനങ്ങൾക്കും സിദ്ധാന്ത ങ്ങൾക്കും എതിരായി സത്യപ്രബോധനം നൽകുന്ന അളവുകോലായി ഈ ലേഖനങ്ങൾ പരിഗണിക്കപ്പെട്ടുപോന്നു.

വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ച് പലയിടങ്ങളിലും പരാമർശമുള്ള

തിനാൽ ഈ ലേഖനങ്ങൾ വി. പൗലോസ് എഴുതിയതാണ് എന്ന ഒരു ധാരണ നൽകുന്നതിന് ഏറെ സാധ്യതകൾ നൽകുന്നു. ഇതിൽ പ്രധാന മായി ഉള്ളത് തിമോത്തേയോസിനും, തീത്തോസിനും നൽകുന്ന വ്യക്തി പരമായ നിർദ്ദേശങ്ങളാണ് (1 തിമോ 1,3.18; 5:23; 6:13. 20; 2 തിമോ, തീത്തോ 1:5; 2:1 തുടങ്ങിയവ); ഭാവിയിൽ കണ്ടുമുട്ടുന്നതിനെക്കുറിച്ച് നടത്തുന്ന പരാമർശങ്ങൾ (1 തിമോ 2:14; 4:13; 2 തിമോ 4:9–21; തീത്തോ 3:12). ഇവയെ കൂടാതെ കാണുന്ന മറ്റു ചില കാര്യങ്ങൾ ഉദാ: തിമോത്തേയോസ് പൗലോ സിനെ കാണുന്നതിനായി വരുമ്പോൾ പൗലോസ് ത്രോവാസിൽ ഏൽപ്പി ച്ചിട്ടുപോന്ന അദ്ദേഹത്തിന്റെ സ്വകാര്യ വസ്തുക്കൾ തിമോത്തേയോസ് കൊണ്ടുപോരണം എന്നുള്ള നിർദ്ദേശം; (2 തിമോ 4:13). മേൽപ്പറഞ്ഞ കാരണങ്ങൾ വി. പൗലോസിന് ഈ ലേഖനങ്ങളുടെ രചനയിലുള്ള പങ്കിലേയ്ക്ക് വിരൽ ചൂണ്ടുമെങ്കിലും പൗലോസിന്റെ ആധികാരികത പൊതുവേ അംഗീകരിക്കപ്പെട്ട ലേഖനങ്ങളിൽ കാണാൻ സാധിക്കാത്ത പല ആശയങ്ങളും, പദങ്ങളും അജപാലകർക്കുള്ള ലേഖനങ്ങളിൽ കാണുന്നുണ്ട്. അതിൽ ഏതാനും ചിലത് താഴെപ്പറയുന്നവയാണ്:

a) ദൈവഭക്തി (eusebeia) 1 തിമോ 2:2; 3:16; 4:78; 6:3.5.11; 2 തിമോ 3:5; തീത്തോ 1:1–2.

b) വിശുദ്ധജീവിതം നയിക്കുക (ദൈവഭക്തിയുള്ള ജീവിതം നയിക്കുക) (eusebos zen) 2 തിമോ 3:12; തീത്തോ 2:12.

c) അന്യൂനമായ സിദ്ധാന്തം – 1 തിമോ 1:10;2 തിമോ 4:2;തീത്തോ 1:9;2:1.

d) സത്യത്തിന്റെ ജ്ഞാനം – 1 തിമോ 2:4; 2തിമോ 2:25; 3:7;തീത്തോ 1:1.

e) സത്പ്രവൃത്തികൾ – 1 തിമോ 2:10; 5:10–25;6–18;തീത്തോ 2:7–14;3:8–14.

f) നിഷ്കപടമായ വിശ്വാസം – 1 തിമോ 1:5; 2 തിമോ 1:5.

g) നിർമലമനഃസാക്ഷി – 1 തിമോ 3:9; 2 തിമോ 1:3.

കൂടാതെ വി. പൗലോസിന്റെ ആധികാരിക ലേഖനങ്ങളിൽ കാണുന്ന പലപ്രധാന ആശയങ്ങളും ഈ മൂന്നു ലേഖനങ്ങളിൽ കാണുന്നില്ല – ദൈവനീതി, സ്വാതന്ത്ര്യം, കുരിശ്, ദൈവപുത്രൻ, വെളിപാട്, ക്രിസ്തുവിന്റെ ശരീരം, ശരീരവും ആത്മാവും തമ്മിലുള്ള എതിർപ്പ് – തുടങ്ങിയവ. ഇക്കാരണങ്ങളാൽ വി. പൗലോസാണ് ഈ ലേഖനങ്ങളുടെ കർത്താവ് എന്നുള്ള കാര്യത്തിൽ സംശയങ്ങൾ ജനിക്കുന്നു.

അതിനാൽ വി. പൗലോസ് അല്ല അജപാല കർക്കുള്ള ലേഖനങ്ങൾ എഴുതിയത് എന്നു ള്ളതാണ് പണ്ഡിതർക്കിടയിൽ പൊതുവേ ഉള്ളതായ അഭിപ്രായം. പൗലോസിനുശേഷം ആരോ പൗലോസ് എന്ന നാമധേയ ത്തിൽ എഴുതിയതാണ് ഈ ലേഖനങ്ങൾ. വി പൗലോസിനുശേഷം എഴുതപ്പെട്ടവയാണ് ഈ ലേഖനങ്ങൾ എന്ന് 20 –ാം നൂറ്റാണ്ടുമുതൽ പൊതുവേ അംഗീകരിക്കപ്പെടുകയുണ്ടായി; പ്രധാനമായും നാലു കാരണങ്ങളാണ് ഇതിനായി ചൂണ്ടിക്കാണിക്കപ്പെടുന്നത്:

(1) വി. പൗലോസിന്റെ ആധികാരിക ലേഖനങ്ങളുമായുള്ള ഭാഷാ പരമായ വ്യത്യാസങ്ങൾ

(2) പ്രതിപാദിക്കുന്ന വിഷയങ്ങളിലുള്ള വ്യത്യാസങ്ങൾ





(3) പൗലോസിന്റെ ജീവചരിത്രപരമായി ഈ ലേഖനങ്ങളിൽ കാണുന്ന പരാമർശങ്ങൾ (തിമോത്തേയോസിനെയും, തീത്തോസിനെയും എഫേ സോസിലെയും ക്രേത്തേയിലെയും ഇടയന്മാരായി ചിത്രീകരിച്ചിരിക്കു ന്നതും അക്കാലത്തെ സഭാസംവിധാനങ്ങളും)

(4) ഈ മൂന്നു ലേഖനങ്ങളിലും സൂചിപ്പിച്ചിരിക്കുന്ന സഭയിലെ പ്രത്യേക സാഹചര്യങ്ങൾ (സഭ അകത്തുനിന്നും പുറത്തുനിന്നും നേരിടുന്ന വെല്ലുവിളികൾ).

## തിമോത്തേയോസിന് എഴുതിയ ഒന്നാം ലേഖനം

സഭാനിയമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിലുപരിയായി തിമോ ത്തേയോസിന് എഴുതിയ ഒരു കത്ത് ആയിട്ടാണ് ഈ ലേഖനത്തെ കണക്കാക്കേണ്ടത്. ഭാഷാപരമായ വിശകലനത്തിൽനിന്നും തിമോത്തേ യോസിനെ മാത്രം പരാമർശിച്ചാണ് ലേഖനത്തിന്റെ വിശദാംശങ്ങൾ പുരോഗമിക്കുന്നത്. ലേഖനത്തിൽ പരാമർശിക്കപ്പെടുന്ന എല്ലാവരും തിമോത്തേയോസുമായി ബന്ധപ്പെട്ട ആളുകളാണ്. ഈ ലേഖനത്തിന്റെ ഘടന അപഗ്രഥിക്കുമ്പോൾ വ്യക്തമാകുന്ന ഒരു കാര്യം, സമൂഹത്തിന്റെ ആവശ്യത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകപ്പെടുന്നത് തിമോത്തേ യോസിനാണ് എന്നതാണ്. ഈ നിർദ്ദേശങ്ങൾ ആവശ്യാനുസരണം അംഗങ്ങൾക്ക് കൈമാറുവാൻ അദ്ദേഹത്തിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ഉദാഹരണമായി 1 തിമോ 3:14 നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ തിമോത്തേയോസ് എപ്രകാരം ദൈവഭവനത്തിൽ പെരുമാറണം എന്നതിനെക്കുറിച്ചാണ്. ഇത് സൂചിപ്പിക്കുന്ന സഭയിൽ നിയതമായ ഘടന സ്ഥാപിക്കുന്നതിനേക്കാളും, വിവിധങ്ങളായ നാസ്തികത്വങ്ങളെ നേരിടുന്നതിനേക്കാളും ഈ ലേഖനത്തിലൂടെ തന്റെ സഹായിയും സഹപ്രവർത്തകനുമായ തിമോത്തേയോസിന് ഇത്തരത്തിലുള്ള സാഹചര്യങ്ങളെ നേരിടുന്നതിനുള്ള വ്യക്തിപരവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ നൽകുന്നതിനാണ് ലേഖനകർത്താവ് ശ്രമിക്കുന്നത്.

**ഘടന:** മറ്റു ലേഖനങ്ങളെപ്പോലെ ഇതിലും ഒരു കത്തിൽ കാണുന്ന ഘടകങ്ങൾ ഉണ്ട്, പ്രത്യേകിച്ച് ആരംഭത്തിലും അവസാനഭാഗത്തും. ലേഖനത്തിന്റെ ബാക്കിയുള്ള ഭാഗത്ത് പ്രധാനമായും തിമോ ത്തേ യോസിനു നൽകുന്ന പെരുമാറ്റചട്ടങ്ങളും, സഭാസമൂഹത്തിൽ അയാൾ നിർവ്വഹിക്കേണ്ട ചുമതലകളും സംബന്ധിച്ച നിർദ്ദേശങ്ങളാണ്. ഇതനു സരിച്ച് ഈ ലേഖനത്തെ താഴെ കാണുന്ന വിധത്തിൽ ഘടനാപരമായി വിഭജിക്കാവുന്നതാണ്:

1:1–2: അഭിവാദനം.

1:3–11: തെറ്റായ പഠനങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്.

1:12–17: പൗലോസിന്റെ കൃതജ്ഞതാപ്രകാശനം.

1:18–20: തിമോത്തേയോസിനുള്ള നിർദ്ദേശങ്ങൾ.

2:1–7: എല്ലാ മനുഷ്യർക്കും, അധികാരത്തിൽ ഉള്ളവർക്കും വേണ്ടിയുള്ള പ്രാർത്ഥന.

2:8-15: പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള നിർദ്ദേശങ്ങൾ.
3:1-7: മെത്രാൻ സ്ഥാനത്തെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ.
3:8-13: ഡീക്കന്മാരെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ.
3:14-16: ശുശ്രൂഷയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളുടെ സമാപനം; ക്രിസ്തുവിജ്ഞാനീയ ഗീതം.
4:1-5: കപടപ്രബോധകരെ സംബന്ധിച്ചുള്ള പ്രഖ്യാപനം.
4:6-16: കപടപ്രബോധകരെപ്പറ്റി തിമോത്തേയോസിനു നൽകുന്ന നിർദ്ദേശങ്ങൾ.
5:1-8: പുരുഷന്മാരോടും, വിവാഹിതരായ സ്ത്രീകളോടും, വിധകളോടും പുലർത്തേണ്ട പെരുമാറ്റക്രമം.
5:9-16: വിധവകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ.
5:17-22: ശ്രേഷ്ഠന്മാരെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ.
5:23-25: തിമോത്തേയോസിനുള്ള വ്യക്തിപരായ നിർദ്ദേശങ്ങൾ.
6:1-2: ഭൃത്യന്മാരെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ.
6:3-5: വ്യാജപ്രവാചകന്മാരെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ.
6:6-10: ദൈവഭക്തിയും സ്വയംപര്യാപ്തതയും
6:11-16: തിമോത്തേയോസിനു നൽകുന്ന അന്തിമനിർദ്ദേശങ്ങൾ.
6:17-19: ധനവാന്മാരെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ.
6:20: വിജ്ഞാനാഭാസത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്.
6:21: അന്തിമ ആശീർവാദം.

# തിമോത്തേയോസിന് എഴുതിയ രണ്ടാം ലേഖനം

ഡോ. തെരേസ് നടുപടവിൽ SABS

## ആമുഖം

പൗലോസ്ശ്ലീഹായുടെ അജപാലനപരമായ മൂന്നു ലേഖനങ്ങളിൽ രണ്ടാമതായി വരുന്ന തിമോത്തേയോസിനെഴുതിയ രണ്ടാം ലേഖനം പേരു സൂചിപ്പിക്കുന്നതുപോലെ വ്യക്തിഗതലേഖനമാണ്.

അജപാലനലേഖനമെങ്കിലും ഉള്ളടക്കത്തിലും രൂപത്തിലും മറ്റു രണ്ടു ലേഖനങ്ങളിൽനിന്നും ഇത് വ്യത്യസ്തത പുലർത്തുന്നു. തിമോത്തേയോസിനെഴുതിയ ഒന്നാം ലേഖനത്തിൽ, തന്റെ അസാന്നിധ്യത്തിൽ എഫേസോസിലെ സഭയെ നയിക്കുന്നതിനാവശ്യമായ നിർദ്ദേശോപദേശങ്ങളാണ് പൗലോസ് തിമോത്തേയോസിനു നല്കുന്നത്. തീത്തോസിനെഴുതുന്ന ലേഖനത്തിലും, ഇപ്രകാരം ക്രേത്തിലെ സഭയെ





നയിക്കുന്നതിന് അദ്ദേഹത്തിന് പ്രായോഗിക ഉപദേശങ്ങൾ നല്കിയിരിക്കുന്നതാണു കാണുന്നത്. എന്നാൽ, തിമോത്തേയോസിനെഴുതിയ രണ്ടാം ലേഖനമാകട്ടെ, മറ്റു രണ്ടു ലേഖനങ്ങളുടെ അജപാലനസ്വഭാവം പുലർത്തുമ്പോഴും, കുറച്ചുകൂടി വൈയക്തികമാണ്. കാരണം, ഇത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അന്ത്യനാളുകളിൽ (4:6-8), എല്ലാ വരും തന്നെ വിട്ടുപോയപ്പോഴുള്ള ഏകാന്തതയിൽ (4:9-12, 16), തന്റെ "പ്രേഷ്ഠപുത്രനായ തിമോത്തേയോസി" (1:1) നെ കാണാൻ അതിയായി ആഗ്രഹിച്ചുകൊണ്ട് (1:4), തന്റെ അടുക്കലേക്കു വരുവാനാവശ്യപ്പെട്ടുകൊണ്ടുകൂടി (4:9, 21) എഴുതുന്നതാണ്. അങ്ങനെ തന്റെ ജീവിതത്തെ അഗാധമായി സ്പർശിച്ചുകൊണ്ടാണ് ശ്ലീഹാ ഈ ലേഖനരചന നടത്തിയത് എന്നതിന് സംശയമില്ല.

## ലേഖനരചന

ഈ ലേഖനത്തിന്റെ പശ്ചാത്തലം പൗലോസ്ശ്ലീഹായുടെ റോമൻ കാരാഗൃഹവാസമാണ്. ഇതു നടപടിപ്പുസ്തകത്തിന്റെ അവസാനത്തിൽ കാണുന്ന ആദ്യത്തെ കാരാഗൃഹവാസമല്ല (ഏ.ഡി. 62-63), രണ്ടാമത്തേതാണെന്ന അഭിപ്രായവുമുണ്ട് (66-67). ഇങ്ങനെയൊക്കെയാണെങ്കിലും അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്നുവെങ്കിലും അദ്ദേഹം തന്നെയാണിതിന്റെ രചന നിർവ്വഹിച്ചിരിക്കുന്നതെന്ന അഭിപ്രായം ആധുനികപണ്ഡിതർ പൊതുവേ പുലർത്തുന്നില്ല. എങ്കിലും, ശ്ലീഹാ എഴുതിയ കത്തുതന്നെ അദ്ദേഹത്തിന്റെ ശിഷ്യന്മാരിലാരെങ്കിലും അവസാന സംശോധന നടത്തി വേണ്ടത്ര സ്വാതന്ത്ര്യം ലേഖനഘടനയിലും ആശയവിന്യാസത്തിലും നല്കിയതാണെന്നു വിചാരിക്കാൻ ന്യായമുണ്ട്.

കത്തെഴുതുമ്പോൾ അദ്ദേഹം തടവിലാണെന്നുള്ള സൂചന ലേഖനത്തിൽത്തന്നെ ഉണ്ട് (1:8; 2:9;). അങ്ങനെയെങ്കിൽ, ഇതു അദ്ദേഹത്തിന്റെ തടവുകാല ലേഖനമാണെന്നും ഏ.ഡി. 67-നുമുമ്പ് ഇതിന്റെ രചന പൂർത്തിയായെന്നും അനുമാനിക്കാം.

## ഗ്രന്ഥഘടനയും ഉള്ളടക്കവും

മൂന്നുഭാഗങ്ങളായുള്ള ഒരു ഘടനയാണ് ഈ ലേഖനത്തെ ഉള്ളടക്കമനുസരിച്ചു നോക്കുമ്പോൾ വ്യക്തമാകുന്നത്. ആദ്യരണ്ടു വാക്യങ്ങളിലുള്ള അഭിവാദനത്തിനുശേഷം ഒരു ആത്മീയനേതാവിനു അവശ്യം വേണ്ട മൂന്നുകാര്യങ്ങളെക്കുറിച്ചുള്ള വിശദീകരിച്ച ഉപദേശങ്ങൾ ഒരു പിതാവിന്റെ സ്ഥാനത്തുനിന്നുകൊണ്ടു തിമോത്തേയോസിന് പൗലോസ് നൽകുന്നു. ദൈവജനത്തെ നയിക്കാനൊരുങ്ങുന്നവൻ അവശ്യം അറിഞ്ഞിരിക്കുകയും പാലിക്കുകയും ചെയ്യേണ്ട ഈ മൂന്നു കാര്യങ്ങൾ ഇവയാണ്: 1) തന്നെത്തന്നെ വിശ്വാസത്തിലും വിശ്വസ്തതയിലും ഉള്ള ജീവിതത്തിനൊരുക്കുക 2) തന്നെ ഭരമേല്പിച്ചിരിക്കുന്നവരെ അതേ വിശ്വാസത്തിലും വിശ്വസ്തതയിലും ജീവിക്കാൻ പഠിപ്പിക്കുക 3) സഭയെ തളർത്തുകയും നശിപ്പിക്കുകയും ചെയ്യുന്ന അബദ്ധസിദ്ധാന്തങ്ങളോടും തിന്മകളോടും പോരാടുക. തന്റെ ഈ ത്രിവിധനിർദ്ദേശങ്ങൾ വെറും നിർദ്ദേശങ്ങൾ മാത്രമല്ലായെന്നും അവ അനുസരിക്കുവാൻ താൻ

തന്നെയാണു മാതൃക എന്നും പറയുവാൻ തക്കവിധം ആധികാരികത അദ്ദേഹത്തിനുണ്ട് എന്നത് അദ്ദേഹത്തിന്റെ വിശുദ്ധിയെയും സഭയ്ക്കു വേണ്ടിയുള്ള സമർപ്പണത്തെയും വെളിപ്പെടുത്തുന്നു.

മേൽപ്പറഞ്ഞവിധം ഉള്ളടക്കത്തിന്റെ വെളിച്ചത്തിൽ ലേഖനത്തെ വിഭജിക്കുന്നത് പഠനത്തിനും വ്യാഖ്യാനത്തിനും സഹായകമാണ്.

1. അഭിവാദനം 1:1-2
2. ക്രിസ്തുവിന്റെ വിശ്വസ്തനായ പടയാളി ആയിരിക്കാനുള്ള ഉപദേശം 1:3-2:13
3. അജപാലകന് പ്രായോഗികനിർദ്ദേശം 2:14-26
4. തിന്മയോടു പോരാടുവാനുള്ള ഉപദേശം 3:1-4:5
5. അവസാന ഉപദേശവും ആശംസയും 4:19-22

സഭയിൽ അജപാലനധർമം നിറവേറ്റുന്നവർ എപ്രകാരം തന്റെയും തന്റെ ജനത്തിന്റെയും ജീവിതത്തെ ക്രമപ്പെടുത്തണം എന്നതിനെക്കുറിച്ച് ഊന്നിപ്പറയുന്നതും തിന്മയോടുശക്തമായി പോരാടുന്നതിനെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്നതും അന്നത്തെ സഭയിൽ വിശ്വാസപരവും ധാർമികവുമായ പ്രശ്നങ്ങൾ നിലനിന്നിരുന്നുവെന്നും, അവ ശ്ലീഹാ മനസ്സിലാക്കിയിരുന്നുവെന്നും ഉള്ളതിനുതെളിവാണ്. അങ്ങനെ, ശ്ലൈഹിക കാലത്തുതന്നെയുണ്ടായിരുന്ന സഭാസമൂഹത്തിന്റെ പ്രശ്നങ്ങളെ മനസ്സിലാക്കാനും നഷ്ടധൈര്യരാകാതെ ഇന്നും സഭ നേരിടുന്ന പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനും തിമോത്തേയോസിനെഴുതിയ രണ്ടാം ലേഖനം വിശ്വാസികൾക്ക്, പ്രത്യേകിച്ചു അജപാലകർക്ക് മാർഗ്ഗദർശിയാണ്.

# തീത്തോസിന് എഴുതിയ ലേഖനം

ഡോ. ജോസഫ് പാംപ്ലാനി

## ആമുഖം

ഈ ലേഖനം പൗലോസിന്റെ അജപാലന ലേഖനങ്ങളിൽപ്പെടുന്നു. സഭയുടെ ദൃശ്യഘടനയെ ഏറ്റവും സൂക്ഷ്മമായി അവതരിപ്പിക്കുന്ന പുതിയനിയമഗ്രന്ഥം എന്നനിലയിലാണ് ഈ ഗ്രന്ഥം അറിയപ്പെടുന്നത്.

## ലേഖനകർത്താവ്

പൗലോസാണ് ലേഖനകർത്താവ് എന്ന് വിശ്വസിച്ചുപോരുന്നു. കാരണം, ലേഖനം ആരംഭിച്ചിരിക്കുന്നതുതന്നെ പൗലോസിന്റെ അഭിവാദനത്തോടെയാണ് (1: 1-3). തീത്തോസിനോടുള്ള ബന്ധത്തെപ്പറ്റിയും (വാ.4) അദ്ദേഹത്തിന് ഏൽപിച്ചുകൊടുത്ത ദൗത്യത്തെപ്പറ്റിയും (വാ. 5) പൗലോസ് പറയുന്നുണ്ട്. ലേഖനത്തിന്റെ അവസാനത്തിൽ (3:12-13) തന്റെ പേരു പൗലോസ് സൂചിപ്പിക്കുന്നുണ്ട്. ലേഖനത്തിലുടനീളം തന്റെ വ്യക്തിപരമായ അനുഭവങ്ങൾ പൗലോസ് പങ്കുവയ്ക്കുന്നു. എന്നാൽ, ആധുനിക ബൈബിൾ പണ്ഡിതർ ഇന്നു നിലവിലുള്ള ലേഖനത്തെ സംബന്ധിച്ചിടത്തോളം പൗലോസിന്റെ കർതൃത്വത്തെ ചോദ്യം ചെയ്യുന്നവരാണ്.

പൗലോസിന്റെ 13 ലേഖനങ്ങളിൽ ഒന്നായ ഇതിന്റെ കർത്താവ് പൗലോസാണെന്ന് ലേഖനത്തിന്റെ ശീർഷകത്തിൽത്തന്നെ വ്യക്തമാക്കുന്നുണ്ട് (1:1-4). എന്നാൽ, പൗലോസിന്റെ കർതൃത്വത്തെ ചോദ്യംചെയ്യുന്നവർ നിരവധി വാദമുഖങ്ങൾ ഉന്നയിക്കാറുണ്ട്.

(1) ഈ ലേഖനത്തിന്റെ ഭാഷാശൈലിയും പദാവലിയും പൗലോസിന്റെ ഇതരലേഖനങ്ങളിൽനിന്നും വ്യത്യസ്തമാണ്.

(2) ഈ ലേഖനത്തിൽ വിഭാവനംചെയ്യുന്ന നിതയമായ രൂപഘടനയോടുകൂടിയ സഭാസംവിധാനം പൗലോസ്ശ്ലീഹായുടെ കാലത്ത് നിലവിൽവന്നിരിക്കാൻ സാധ്യതയില്ല.

(3) പൗലോസ് ക്രേത്തേയിൽ സുവിശേഷം പ്രസംഗിക്കുന്നതായി (1:5) ഈ ലേഖനത്തിൽമാത്രമേ പരാമർശിക്കുന്നുള്ളൂ.

മേൽപറഞ്ഞ വാദഗതികൾ അംഗീകരിക്കുന്നവർക്കുതന്നെ ഈ ലേഖനത്തിന്റെ കർത്താവ് പൗലോസ് അല്ലായെന്നു സ്ഥാപിക്കാൻ അവ അപര്യാപ്തമാണെന്നു സമ്മതിക്കേണ്ടിവരും. ഈ ലേഖനം പൗലോസിന്റെ രചനയാണെന്നുകരുതാൻ സഹായകമായ ചില ചിന്തകൾ ചുവടെ ചേർക്കുന്നു:

(1) തീത്തോസിനെ തന്റെ സഹപ്രവർത്തകനായി കരുതിക്കൊണ്ടാണ് ലേഖനവിവരണം ലേഖനകർത്താവ് നടത്തുന്നത്. തീത്തോസ് പൗലോസിന്റെ സഹപ്രവർത്തകനായിരുന്നു എന്നതിനുള്ള തെളിവുകൾ ഇതരഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ഗലാ 2:1-3; 2 കോറി 7:6-7; 8:6, 16-24; 12:18).

(2) ഈ ലേഖനത്തിലുടനീളം പൗലോസിന്റെ ഇതരലേഖനങ്ങളിലെ ആശയങ്ങളും പ്രതീകങ്ങളും അവതരിപ്പിക്കുന്നുണ്ട്:

- സഭ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമാണ് (1:1 = റോമാ 8:33;16:13)

- കൃപയാൽ നീതീകരിക്കപ്പെട്ടവർ എന്ന പൗലോസിന്റെ വിഖ്യാതമായ പ്രയോഗം ഈ ലേഖനത്തിലുണ്ട് (3:7=റോമാ 3:24; 1 കൊറി 6:13).

തന്മൂലം ഈ ലേഖനം പൗലോസിന്റെ രചനയല്ലാ എന്ന് കരുതാനുള്ള ന്യായങ്ങൾ നിയതമായ അർത്ഥത്തിൽ യാതൊന്നുമില്ല. സഭയുടെ ഘടന പൗലോസിന്റെ കാലത്ത് ഇല്ലായിരുന്നു എന്നത് കേവലം ഊഹംമാത്രമാണ്. താൻ സ്ഥാപിച്ച സഭകളിലെ ഭരണക്രമം എപ്രകാരമായിരിക്കണം എന്ന സ്വപ്നം പൗലോസ് തന്റെ സഹപ്രവർത്തകനായ തീത്തോസി

നോടു പങ്കുവയ്ക്കുന്നതായും ഈ ലേഖനത്തിൽ മനസ്സിലാക്കാം. തന്മൂലം ഈ ലേഖനത്തിൽ വിഭാവനം ചെയ്യപ്പെടുന്ന സഭാസംവിധാനം ചരിത്രപരമായി നിലവിൽവന്നിരുന്നില്ല എന്ന് സ്ഥാപിക്കാനായാൽപോലും ഈ ലേഖനത്തിന്റെ കർത്താവ് പൗലോസ്ശ്ലീഹാ അല്ലെന്ന് കരുതാനാവില്ല.

സഭാപിതാക്കന്മാരും ഈ ലേഖനത്തിന്റെ കത്താവ് പൗലോസ്ശ്ലീഹായാണെന്ന് ഐകകണ്ഠേന സാക്ഷ്യപ്പെടുത്തുന്നുണ്ട്. മൊപ്സുവെസ്ത്യായിലെ തെയൊഡോറും ജോൺ ക്രിസോസ്തോമും ചേർന്ന് ഈ ലേഖനത്തെക്കുറിച്ച് 6 പ്രസംഗങ്ങൾ തയ്യാറാക്കിയിട്ടുണ്ട്: 1:5-6; 1:12-14; 2:2-5; 2:11-14 എന്നിവയാണ് പ്രസ്തുത പ്രസംഗങ്ങൾക്ക് ആധാരമായ വചനഭാഗങ്ങൾ. ഈ ലേഖനത്തെക്കുറിച്ച് ഒരിജൻ ഒരു വ്യാഖ്യാനംതന്നെ എഴുതിയിട്ടുണ്ട്. ഈ വ്യാഖ്യാനം ഇന്നു ലഭ്യമല്ലെങ്കിലും ഇവയിൽനിന്നുള്ള ഉദ്ധരണികൾ പാംഫീലിയൂസിന്റെ കൃതിയിൽ (*Apologia Hyper Origenous*). ലഭ്യമാണ്. ഒരിജന്റെ ചെൽസൂസിനെതിരായ കൃതിയിലും (*Contra Cel*. 1. 64) ഈ ലേഖനത്തിൽനിന്നുള്ള ഉദ്ധരണികളുണ്ട്. മാർസിയോണിനെതിരായ പ്രബോധനത്തിൽ ഈ ലേഖനത്തെ ആലംബമാക്കി തെർത്തുല്യൻ പഠിപ്പിക്കുന്നുണ്ട് (*Adv. Marc.* 5. 21).

ലത്തീൻപാരമ്പര്യത്തിൽ ജറോമാണ് ഈ ലേഖനത്തെ ഏറ്റവുമധികം അവലംബമാക്കുന്നത് (*De Viris Illustribus* 135). മനിക്കേയൻ പാഷണ്ഡതക്കെതിരായ പ്രബോധനങ്ങളിൽ ആഗസ്തീനോസ് ഈ ലേഖനത്തെ അവലംബമാക്കുന്നുണ്ട്. ഡൊസേറ്റിസത്തിനെതിരേയും പെലാജിയനിസത്തിനെതിരേയും പൊരുതുമ്പോൾ അഗസ്തീനോസ് ഈ ലേഖനത്തിൽനിന്നും ഉദ്ധരിക്കുന്നുണ്ട് (*Epistle* 93). തോമസ് അക്വീനാസ് ഈ ലേഖനത്തെക്കുറിച്ച് വിശദമായ ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ട് എന്നത് മധ്യകാലഘട്ടത്തിലെ ഈ ലേഖനത്തിന്റെ സ്വീകാര്യതയ്ക്ക് തെളിവാണ്.

## സ്വീകർത്താവ്

ക്രേത്തേയിലെ ക്രിസ്തീയ സമൂഹത്തിന്റെ നേതാവായ തീത്തോസിനാണ് പൗലോസ് ഈ ലേഖനമെഴുതിയത്. പൗലോസിന്റെ അജപാലന ലേഖനങ്ങളുടെ സ്വീകർത്താക്കളായ തിമോത്തേയോസും തീത്തോസും അപ്പസ്തോലന്റെ സന്തതസഹചാരികളായിരുന്നു. തീത്തോസ് വിജാതീയരുടെ ഇടയിൽനിന്നു വിശ്വാസംസ്വീകരിച്ചവരിൽ ഒരുവനും ജറുസലേംകൗൺസിലിൽ പൗലോസിനോടൊത്ത് പങ്കെടുത്തവനുമായിരുന്നു. തീത്തോസിനെ പരിച്ഛേദനവിധേയനാക്കാനുള്ള നിർദ്ദേശത്തെ പൗലോസ് എതിർക്കുന്നുണ്ട് (ഗലാ 2:1,3-5). പൗലോസും കോറിന്തിലെ സഭയുംതമ്മിലുള്ള ബന്ധം വഷളായപ്പോൾ അവർക്കിടയിൽ മദ്ധ്യസ്ഥന്റെ ഭാഗധേയം വിജയകരമായി നിർവ്വഹിച്ചത് തീത്തോസായിരുന്നു (2 കോറി 2:13; 7:6-7,13-16; 12:18).

## രചനാകാലഘട്ടം

ഏ.ഡി. 60 മുതൽ 160 വരെയുള്ള കാലഘട്ടം ഈ ലേഖനത്തിന്റെ രചനാകാലഘട്ടമായി പരിഗണിക്കപ്പെടുന്നുണ്ട്. പൗലോസിന്റെ ലേഖന





കർത്തൃത്വം നിഷേധിക്കുന്നവർ മറ്റ് രണ്ട് അജപാലന ലേഖനങ്ങളും പോലെ, പൗലോസിന്റെ മരണശേഷം സഭയിൽ അന്നുണ്ടായിരുന്ന വിവിധ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ശിഷ്യന്മാരിലാരോ എഴുതിയതെന്നു വാദിക്കുന്നു. പൗലോസ് തന്നെയാണു ലേഖനകർത്താവ് എന്നതിനാൽ പൗലോസിന്റെ റോമിലുള്ള ആദ്യത്തെ കാരാഗൃഹവാസത്തിനു ശേഷമാണ് ഈ ലേഖനം എഴുതപ്പെട്ടതെന്നു കരുതാം. പൗലോസിന്റെ അജപാലനലേഖനങ്ങളിൽ (1,2 തിമോത്തിയോസ്, തീത്തോസ്) ആദ്യമെഴുതപ്പെട്ടത് തീത്തോസിന്റെ ലേഖനമായിരിക്കാനാണ് സാധ്യത. കാരണം തിമോത്തിക്കുള്ള രണ്ടാം ലേഖനത്തിൽ പൗലോസിന്റെ മരണം തൊട്ടുമുമ്പിലെത്തിയതിന്റെ സൂചനകളുണ്ട് (2 തിമോ 4:6-8). ഈ ലേഖനത്തിന്റെ ആശംസ വളരെ സുദീർഘമാണ്. 65 വാക്കുകളുള്ള ഈ ആശംസയ്ക്കു സമാനമായ ദൈർഘ്യമുള്ള ആശംസയുൾക്കൊള്ളുന്ന ലേഖനങ്ങൾ റോമാ, ഗലാത്തിയ എന്നിവമാത്രമാണ്. അജപാലനലേഖനങ്ങളിൽ പ്രഥമസ്ഥാനത്ത് വിവക്ഷിക്കപ്പെട്ടത് തീത്തോസിന്റെ ലേഖനമാകയാലാണ് ഇപ്രകാരം സുദീർഘമായ ഒരു ആശംസ താരതമ്യേന ഹ്രസ്വമായ ഈ ലേഖനത്തിനുള്ളത് എന്നു കരുതുന്നവരുണ്ട് (R. A. Wild, *NJBC*, p. 891). ഈ ലേഖനം ഏ.ഡി. 60നോടടുത്തു രചിക്കപ്പെട്ടു എന്നു കരുതാനാണ് കൂടുതൽ സാധ്യതകളുള്ളത്.

പൗലോസ് ക്രേത്തേ വിട്ടുപോകുന്നതിനോടനുബന്ധിച്ചാണ് (1:5) ഈ ലേഖനത്തിന്റെ രചന നിർവ്വഹിക്കപ്പെടുന്നത്. പൗലോസ് എഫേസോസിലേക്കുള്ള യാത്ര ആരംഭിക്കുന്നതാകാം ഇതിന്റെ സന്ദർഭം. എഫേസോസുകാരനായ തിക്കിക്കോസിനെ പൗലോസ് ദൂതനായി അയയ്ക്കുന്നതിൽനിന്നും (3:12) പൗലോസ് പോയത് എഫേസോസിലേക്കാണെന്ന് അനുമാനിക്കാം. അപ്പ 20:4; കൊളോ 4:7; 2 തിമോ 4:12 എന്നീ വിവരണങ്ങളും ഈ നിഗമനത്തെ സാധൂകരിക്കുന്നുണ്ട്.

## ലേഖനത്തിന്റെ ലക്ഷ്യം

ഒരു വ്യക്തിയെ അഭിസംബോധന ചെയ്താണ് ലേഖനമെഴുതിയിരിക്കുന്നതെങ്കിലും വളർന്നുകൊണ്ടിരിക്കുന്ന ആദിമസഭയെ മുഴുവൻ ഈ ലേഖനം വിവക്ഷിക്കുന്നുണ്ട്. ക്രേത്തേയിലെ സഭയിൽ, പരിച്ഛേദനത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു സമൂഹത്തിൽ പിളർപ്പു സൃഷ്ടിച്ചവരെ ശാസിക്കാൻ പൗലോസ് തീത്തോസിനോട് ആവശ്യപ്പെടുന്നുണ്ട് (1:10,14-15; 3:9). അവർക്ക് അന്യൂനമായ വിശ്വാസസംഹിതയിൽ ബോധനം നൽകുകയും വേണം (1:9). ക്രിസ്തീയ വിശ്വാസത്തെ അപഗ്രഥിക്കുന്നില്ലെങ്കിലും, ക്രിസ്തുവിൽ എല്ലാവർക്കുമുള്ള രക്ഷ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം, ക്രിസ്തുവിന്റെ ദ്വിതീയാഗമനം എന്നിവയെപ്പറ്റി പൗലോസ് ഈ ലേഖനത്തിൽ പ്രബോധനങ്ങൾ നൽകുന്നുണ്ട് (2:11,13; 3:4-7). സുവിശേഷാനുസൃതമായ ജീവിതശൈലി എല്ലാത്തരത്തിലുമുള്ളവർ പിൻതുടരാൻ പൗലോസ് ആവശ്യപ്പെടുന്നു (2:2-3:11).

## ലേഖനഘടന

1:4 അഭിവാദനം.

1:5-6 ഒരു സുസ്ഥാപിത സമൂഹമെന്നനിലയിൽ സഭയുടെ പ്രശ്നങ്ങൾ.

1:5-9 ശ്രേഷ്ഠന്മാർക്കുവേണ്ട ഗുണങ്ങൾ.

1:10-16 വ്യാജപ്രബോധകർക്കെതിരേ ശക്തമായി നിൽക്കേണ്ട ആവശ്യം.
2:1-10 ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ടവർക്കുള്ള നിർദ്ദേശങ്ങൾ.
2:11-15 ക്രിസ്തീയ ജീവിതത്തിനു പ്രേരണ.
3:1-11 ക്രിസ്തീയ ജീവിതചര്യ.
3:12-15 ഉപസംഹാരം, ആശംസകൾ.

## ദൈവശാസ്ത്ര വിചിന്തനങ്ങൾ

ഈ ലേഖനത്തിലെ ദൈവശാസ്ത്രപ്രമേയങ്ങളിൽ കേന്ദ്രസ്ഥാനത്തു വർത്തിക്കുന്നത് സഭാവിജ്ഞാനീയമാണ്. സഭ എന്ന പദം ഒരിക്കൽ പോലും ഉപയോഗിക്കുന്നില്ലെങ്കിലും സഭ എന്ന സത്യത്തെയും അതിന്റെ അർത്ഥലക്ഷ്യങ്ങളെയും ഏറ്റവും സമഗ്രമായി വിശകലനംചെയ്യാൻ ലേഖനകർത്താവ് ശ്രമിക്കുന്നുണ്ട്. സഭയെ വിശേഷിപ്പിക്കാൻ ഗ്രന്ഥകർത്താവ് ഉപയോഗിക്കുന്ന പ്രതീകങ്ങൾതന്നെ ശ്രദ്ധാർഹങ്ങളാണ്:

- ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർ (1:1). സമാനമായ പ്രതീകം 2 തിമോ 2:10 ലും 1 തെസ്സ 1:4 ലും കാണാം.
- സഭ ദൈവജനമാണ് (2:16). രണ്ടാംവത്തിക്കാൻകൗൺസിൽ ഈ സംജ്ഞയെ ഏറ്റവും ആധികാരികമായി അവലംബിക്കുന്നുണ്ട് (LG 9-17).
- സഭയെ മെത്രാന്റെ കുടുംബമായാണ് (1:7) ലേഖനകർത്താവ് വിശേഷിപ്പിക്കുന്നത് (2:1-10 കാണുക). മെത്രാനെ കുടുംബകാര്യസ്ഥൻ (ഓയിക്കോണോമോസ്) ആയിട്ടാണ് കണക്കാക്കുന്നത്.

ഗ്രേക്കോ റോമൻ ലോകത്തെ നിയമസംഹിതകൾക്ക് ക്രിസ്തീയ ഭാഷ്യം ചമച്ച പുതിയനിയമ എഴുത്തുകാരിൽ പ്രധാനിയായാണ് ഈ ലേഖനത്തിന്റെ കർത്താവ് കരുതപ്പെടുന്നത്. സമാനമായ നിലപാടുകൾ പൗലോസിന്റെ ഇതര ലേഖനങ്ങളിൽ കാണാം (എഫേ 5:22-6:9; കൊളോ 3:18-24; 1 പത്രോ 2:18-3:7). ക്രിസ്തീയഭവനങ്ങൾക്കുള്ള പെരുമാറ്റസംഹിതയായി ഇവിടെ പരാമർശിക്കപ്പെടുന്ന കാര്യങ്ങൾ ഭവനങ്ങളിൽ സമ്മേളിക്കുന്ന പ്രാദേശികസഭയെ ലക്ഷ്യമാക്കിയുള്ളതാണ് എന്ന് അനുമാനിക്കാം.

സഭയെ സത്യത്തിന്റെ നെടുതൂണും കാവലാളുമായി അവതരിപ്പിക്കുന്ന ശൈലിയും ഈ ലേഖനത്തിലുണ്ട് (1:1,14). സമാനമായ ശൈലി 1 തിമോ 2:4; 4:3; 6:5; 2 തിമോ 2:15,18 എന്നീഭാഗങ്ങളിൽ കാണാം. ശരിയായതും സത്യവുമായ പ്രബോധനങ്ങൾ നൽകുന്നവളായാണ് സഭയെ ലേഖനകർത്താവ് കരുതുന്നത് (1:9,13; 2:2,8). പൗലോസിന്റെ സുവിശേഷപ്രഘോഷണത്താൽ രൂപീകരിക്കപ്പെട്ട സഭകളാണ് ലേഖനത്തിൽ വിവക്ഷിതം എന്നതിനാൽ സത്യപ്രബോധനം എന്നതിലൂടെ പൗലോസ്ശ്ലീഹായുടെ പ്രബോധനങ്ങൾ എന്നാണ് അർത്ഥമാക്കുന്നത് എന്ന് അനുമാനിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. കർത്താവിന്റെ അപ്പസ്തോലന്മാരിൽ ഏറ്റവും പ്രമുഖനായി അജപാലനലേഖനങ്ങളിൽ പരാമർശിക്കപ്പെടുന്നത് പൗലോസാണ് എന്നത് ശ്രദ്ധേയമാണ് (തീത്തോ 1:1; 1 തിമോ 1:1; 2 തിമോ 1:1). തന്റെ സുവിശേഷംപറയാൻ കർത്താവ് പൗലോസിനെയാണ് ഭരമേൽപിച്ചത് എന്നതിനെക്കുറിച്ച് ലേഖനകർത്താവിന് തെല്ലും ശങ്കയില്ല (1:3).





സഭയെ 'സത്യത്തിന്റെ കോട്ട'യായി അവതരിപ്പിക്കുന്നത് വ്യാജപ്രബോധകന്മാരുടെ കടന്നാക്രമങ്ങളുടെ പശ്ചാത്തലത്തിലാണ് (1:10-16; 3:8-11). ലേഖനകർത്താവ് ഇവിടെ വിവക്ഷിക്കുന്ന വ്യാജപ്രബോധകർ ആരാണ് എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണകൾ ഒന്നും നമുക്ക് ലഭ്യമല്ല. എന്നാൽ തീത്തോ 1:10-16 നെ 1 തിമോ 4:1-5 നോട് താരതമ്യം ചെയ്ത് പഠിക്കുമ്പോൾ ലേഖനകർത്താവ് വിവക്ഷിക്കുന്ന വ്യാജപ്രബോധകരെക്കുറിച്ച് ഏകദേശ ധാരണ സ്വരൂപിക്കാവുന്നതാണ്. വിവാഹം, ഭക്ഷണം എന്നിവയെ പാപമായി പ്രഖ്യാപിച്ച് ഇവയിൽനിന്നകന്ന് കഠിന താപസജീവിതമനുഷ്ഠിക്കാൻ സകലരെയും നിർബന്ധിക്കുന്ന തീവ്രവാദവിഭാഗങ്ങളെയാണ് വ്യാജപ്രബോധകരായി ഇവിടെ അനുമാനിക്കുന്നത് എന്നുകരുതാം.

സഭയുടെ രൂപഘടനയെക്കുറിച്ച് വ്യക്തമായ ചിത്രം നല്കിക്കൊണ്ട് സത്യപ്രബോധനം എപ്രകാരമാണ് സഭയിൽ സംരക്ഷിക്കേണ്ടത് എന്ന ചിന്ത പങ്കുവയ്ക്കുന്ന തീത്തോസിനുള്ള ഈ ലേഖനം തികച്ചും അജപാലനപരമായ ലേഖനമാണ്.

ഈ ലേഖനത്തിലെ വിവരണങ്ങളെ അവലംബമാക്കി രണ്ടു വാദമുഖങ്ങൾ സഭാപിതാക്കന്മാർ അവതരിപ്പിക്കുന്നുണ്ട്:

(1) മെത്രാന്റെ കടമകൾ എന്തെന്ന് വ്യക്തമാക്കിയത് ഈ ലേഖനമാണ് (1:5-9). തെർത്തുല്യൻ ഈ വാദം ഉന്നയിക്കുന്നുണ്ട് (*Adv. Marc.* 5. 21).

(2) വ്യാജപ്രബോധകർക്കെതിരേയുള്ള വ്യക്തമായ പഠനമായി തീത്തോ 13:9-10 സഭയിൽ ചിരപ്രതിഷ്ഠനേടി. ഇരണേവൂസ് (*Adv. Haer.* 3.3.4), തെർത്തുല്യൻ (*De preser. haer.* 6) എന്നിവർ ഈ പഠനത്തെ അവലംബമാക്കി വാദമുഖങ്ങൾ നിരത്തിയിട്ടുണ്ട്.

(3) യേശുവിന്റെ ദൈവികതയെക്കുറിച്ചുള്ള വ്യക്തമായ പ്രബോധനമായി തീത്തോ 2:13 നെ സഭാപിതാക്കന്മാർ അവതരിപ്പിക്കുന്നുണ്ട് (തെയഡോർ, നൈസായിലെ ഗ്രിഗറി).

(4) തീത്തോ 3:5-6 നെ മാമ്മോദീസായെക്കുറിച്ചുള്ള പ്രബോധനക്കുറിപ്പായി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്.

## സഭയിലെ പദവികൾ

ഈ ലേഖനത്തിൽ പരാമർശിക്കപ്പെടുന്ന മെത്രാൻ, ശ്രേഷ്ഠൻ, ഡീക്കൻ തുടങ്ങിയ പദങ്ങളുടെ നിയതമായ അർത്ഥം ആദിമസഭയുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കാനായെങ്കിൽമാത്രമേ ഈ ലേഖനത്തിന്റെ സഭാവിജ്ഞാനീയത്തെ അതിന്റെ സമഗ്രതയിൽ ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ.

**മെത്രാൻ, ശ്രേഷ്ഠൻ:** മെത്രാൻ എന്ന പദത്തിനു തത്തുല്യമായി ഗ്രീക്കിൽ ഉപയോഗി ച്ചിരിക്കുന്ന '*എപ്പിസ്കോപ്പോസ്*' (episkopos) എന്ന

പദത്തിന്റെ അർത്ഥം 'മേൽനോട്ടക്കാരൻ' എന്നാണ്. ഒരു പട്ടണത്തിന്റെ മേധാവിയാണ് എപ്പിസ്കോപ്പോസ്. പട്ടാളമേധാവി, തൊഴിലാളികളുടെ മേൽനോട്ടക്കാർ, ഗോത്രാധിപന്മാർ എന്നിവരെയും സൂചിപ്പിക്കാൻ സപ്തതിബൈബിളിൽ എപ്പിസ്കോപ്പോസ് എന്ന പദമാണുപയോഗിക്കുന്നത്. ശുശ്രൂഷിയുടെ സ്ഥാനത്തെ സൂചിപ്പിക്കാൻ അപ്പ 1:20–ൽ എപ്പിസ്കോപ്പോസ് ഉപയോഗിച്ചിരിക്കുന്നു. സഭയിലെ അധികാരികളെ മെത്രാൻ എന്ന് ശ്ലീഹന്മാരുടെ കാലംമുതൽതന്നെ വിളിക്കാൻ തുടങ്ങിയിരുന്നെങ്കിലും ആ സ്ഥാനത്തിന് ഇന്നുള്ള അർത്ഥമായിരുന്നില്ല. കാരണം, എപ്പിസ്കോപ്പോസ് എന്ന പദവും പ്രെസ്ബിത്തോർ എന്ന പദവും പൗലോസ് ഒരേയർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട് (തീത്തോ 1:5–7). എഫേസോസിലെ ശ്രേഷ്ഠന്മാരെ പൗലോസ് മെത്രാന്മാർ എന്നാണ് വിളിക്കുന്നത് (അപ്പ 20:8). എന്നാൽ ഇവർ ഡീക്കന്മാരിൽനിന്നും വ്യത്യസ്തരായിരുന്നു (ഫിലി 1:1). ഇവിടെയെല്ലാം ശ്രേഷ്ഠൻ, മെത്രാൻ തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ നിയമിക്കപ്പെട്ട, അജഗണങ്ങളുടെ നേതൃത്വസ്ഥാനം വഹിക്കുന്നവരെയാണ്. അങ്ങനെയെങ്കിൽ, യേശുവാണ് എറ്റവും വലിയ ആട്ടിടയനും മെത്രാനും (1 പത്രോ 2:25). ഈ നേതൃസ്ഥാനീയരെ (ഹെഗെമൊനോയി) നേതാക്കന്മാർ എന്നാണ് ഹെബ്രായർക്കുള്ള ലേഖനത്തിൽ വിളിക്കുന്നത് (ഹെബ്രാ 13:17). ഒരു മെത്രാനുവേണ്ട ഗുണങ്ങൾ 1 തിമോ 3:1–8 ലും തീത്തോ 11:6–9 ലും വിവരിക്കുന്നുണ്ട്. തീത്തോ 1–5ൽ മെത്രാന്മാരെ ശ്രേഷ്ഠന്മാരെന്നു വിളിച്ചിരിക്കുന്നതിനാൽ മെത്രാന്മാരും ശ്രേഷ്ഠന്മാരും തമ്മിൽ പ്രകടമായ വ്യത്യാസമൊന്നുമില്ലായിരുന്നുവെന്നു മനസ്സിലാക്കാം. തീത്തോസിനോട് ക്രേത്തേയിലെ പട്ടണങ്ങളിൽ ശ്രേഷ്ഠന്മാരെ നിയമിക്കണമെന്ന് പൗലോസ് ആവശ്യപ്പെടുന്നുണ്ട്. ഇതിന്റെ അർത്ഥം ശ്ലീഹന്മാരും ശ്ലീഹന്മാരുടെ പിൻഗാമികളുമാണ് മെത്രാന്മാരെ നിയമിച്ചിരുന്നത് എന്നാണ്. അപ്പ 20:17; തീത്തോ 1:5 എന്നിവയിൽനിന്ന് മെത്രാന്മാരും ശ്രേഷ്ഠന്മാരുംകൂടി സംഘടിതമായി പ്രവർത്തിച്ചിരുന്നതായി അനുമാനിക്കാം. പുതിയനിയമത്തിൽ ഒരിടത്തും മെത്രാൻ ഒരു പ്രദേശത്തെ ക്രൈസ്തവസഭയുടെ പൂർണ്ണ അധികാരിയായി കാണുന്നില്ല. ഓരോ സ്ഥലത്തും സഭകൾ സ്ഥാപിച്ച അപ്പസ്തോലന്മാരുടെ കീഴിൽ ഓരോ പട്ടണത്തിലെയും സഭാധികാരികൾ മാത്രമായിരുന്നു അവർ. അതുപോലെതന്നെ ശ്രേഷ്ഠന്മാരിൽനിന്നും അവർ കാര്യമായി ഉന്നതരല്ലായിരുന്നുതാനും. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ ഗ്രന്ഥങ്ങളിൽ മെത്രാൻ സ്ഥാനത്തിന്റെ വളർച്ചയെയും അധികാരങ്ങളെയുംപറ്റി അറിയുവാൻ കഴിയും. അതനുസരിച്ച് മെത്രാന് അധികാരം ലഭിക്കുന്നത് പിതാവായ ദൈവത്തിൽ നിന്നാണ്. ജ്ഞാനസ്നാനം, കുർബാന എന്നിവയ്ക്ക് നേതൃത്വം കൊടുത്തിരുന്നത് സ്ഥലത്തെ മെത്രാനായിരുന്നു. ശ്രേഷ്ഠന്മാർ അദ്ദേഹത്തിന്റെ ഉപദേശകരും സഹായികളുമായിരുന്നു. ഒരു സ്ഥലത്ത് അനേകം ശ്രേഷ്ഠന്മാരുണ്ടായിരുന്നുവെങ്കിലും മെത്രാൻ ഒന്നേ ഉണ്ടായിരുന്നുള്ളൂ. ഡീക്കന്മാർ മെത്രാന്റെ സഹായികളായിരുന്നു. ചുരുക്കത്തിൽ, മെത്രാൻ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഒരു പ്രദേശത്തിന്റെ അധിപനായി മാറി.

ഒരു പ്രദേശത്തെ ജനങ്ങളെല്ലാവരും കൂടിയായിരുന്നു മെത്രാനെ





തെരഞ്ഞെടുത്തിരുന്നത്. പ്രാർത്ഥനയും കൈവയ്പുശുശ്രൂഷയും വഴിയായിരുന്നു മെത്രാനെ വാഴിച്ചിരുന്നതെന്ന് ആദ്യകാലകൃതികളിൽ സൂചനകളില്ലെങ്കിലും അപ്പസ്തോലന്മാർക്കുശേഷം അയൽപ്രദേശത്തെ മെത്രാന്മാരായിരുന്നു കൈവയ്പുശുശ്രൂഷ നടത്തിയിരുന്നതെന്ന് ഹിപ്പോളിറ്റസിന്റെ കൃതികളിൽനിന്നും മനസ്സിലാക്കാം.

**ഡീക്കൻ:** ഗ്രീക്കിലെ *ഡിയാക്കോണെയിൻ* (diakonein-diakonos) എന്ന ക്രിയയിൽ നിന്നാണ് ഡീക്കൻ എന്ന വാക്കുണ്ടായിരിക്കുന്നത്. ഇതിന്റെ അർത്ഥം ഭക്ഷണമേശയിൽ ശുശ്രൂഷിക്കുന്നവൻ എന്നാണ്. ചില ഗ്രീക്കു പപ്പീറസ് എഴുത്തുകളിൽ കണക്കുകൾ സൂക്ഷിക്കുന്നവൻ എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട് (അപ്പ 6:2). നാമരൂപമായും ക്രിയാരൂപമായും ഈ പദം പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട് (ലൂക്കാ 10:40; യോഹ 2:5,9; അപ്പ 6:1). ശുശ്രൂഷകൻ, സേവകൻ എന്നീ അർത്ഥങ്ങളിൽ പുതിയ ഉടമ്പടിയുടെയും (2 കോറി 3:6) ദൈവത്തിന്റെയും (2 കോറി 6:4) നീതിയുടെയും (2 കോറി 11:15) ക്രിസ്തുവിന്റെയും (2 കോറി 11:23) സേവകരെന്ന നിലയിൽ ഈ വാക്ക് ശിഷ്യന്മാരെ സൂചിപ്പിക്കുന്നു. ശുശ്രൂഷകളുടെ വൈവിധ്യത്തെപ്പറ്റിയും (1 കോറി 12:3) പ്രവചനവും പ്രബോധനവുമായി ബന്ധപ്പെട്ട ശുശ്രൂഷയെപ്പറ്റിയും (റോമാ 12:7) പഠിപ്പിക്കുമ്പോൾ സഭയിലെ ഔദ്യോഗികശ്രേണിയായായാണോ ഡീക്കൻ സ്ഥാനം വിവക്ഷിക്കപ്പെടുന്നതെന്ന കാര്യം തർക്കവിഷയമാണ്.

ഫിലി 1:1 പ്രകാരം ഡീക്കൻ എന്നത് ഒരു ഔദ്യോഗിക സ്ഥാനമാണ്. ബിഷപ്പിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ പ്രതിപാദിച്ചുകഴിഞ്ഞയുടനെ പൗലോസ് ശ്ലീഹാ ഡീക്കനുണ്ടായിരിക്കേണ്ട ഗുണങ്ങൾ സൂചിപ്പിക്കുന്നുണ്ട് (1 തിമോ 3:8–13). സഭയിൽ ഡീക്കന്റെ ജോലിയെന്താണെന്ന് പുതിയനിയമം വ്യക്തമാക്കുന്നതേയില്ല. ഭക്ഷണമേശയിൽ ശുശ്രൂഷകരാകാനാണ് ഇവർ തിരഞ്ഞെടുക്കപ്പെട്ടതെന്ന സൂചനയുണ്ട് (അപ്പ 6:1–6). അവർ ആത്മാവിനാലും ജ്ഞാനത്താലും നിറഞ്ഞവരും (അപ്പ 6:3) വിശ്വാസവും പരിശുദ്ധാത്മാവുള്ളവരും (അപ്പ 6:5) ആയിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. കൈവയ്പുശുശ്രൂഷവഴിയാണ് അവർ ഈ ദൗത്യത്തിനായി നിയുക്തരാകുന്നത് (അപ്പ 6:6). സ്തേഫാനോസും പീലിപ്പോസും ശിഷ്യന്മാരെപ്പോലെതന്നെ പ്രസംഗിക്കുകയും മാമ്മോദീസ നല്കുകയും ചെയ്യുന്നുണ്ട്. ഇതും അവരുടെ ജോലിയായി പിന്നീട് കരുതപ്പെട്ടിരിക്കാം. പക്ഷേ, അപ്പ 6:1–6 ൽ പ്രതിപാദിക്കപ്പെടുന്ന ഏഴുപേർ ഒരിക്കലും 'ഡീക്കൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്നില്ല. അതിനാൽ, എന്തെങ്കിലും ഒരു പ്രത്യേക ജോലിക്കായി നിയോഗിക്കപ്പെട്ടവൻ എന്നതിലുപരി മെത്രാന്റെ സഹായിയായിട്ടാവും ഡീക്കൻ നിയോഗിക്കപ്പെട്ടത്. ഭക്ഷണമേശയിലെ സഹായിയെന്നതിനേക്കാൾ, ഡീക്കൻ കർത്താവിന്റെ മേശയിലെ സഹായിയായിരുന്നിരിക്കണം. കുർബാന അർപ്പിക്കുമ്പോൾ ഡീക്കൻ ബിഷപ്പിനെ സഹായിച്ചിരുന്നിരിക്കണം. സിനഗോഗിലെ ശുശ്രൂഷകയായ ഫോയ്ബെയെപ്പറ്റി പൗലോസ്ശ്ലീഹാ പറയുന്നുണ്ട് (റോമാ 16). പക്ഷേ, ജോലിയെന്നതിലുപരി സഭയ്ക്കു ചെയ്ത സേവനത്തെയാവും ഇവിടെ വിവക്ഷിക്കുന്നത്. സഭയെ ശുശ്രൂഷിക്കുവാനും ഡീക്കന്മാരെ സഹായിക്കുവാനും സ്ത്രീകളുണ്ടായിരുന്നുവെന്ന് 1 തിമോ 3:11 വ്യക്തമാക്കുന്നു.

9

# ഹെബ്രായർക്കുള്ള ലേഖനം

ഡോ. അബ്രാഹം നെല്ലിക്കൽ

## ആമുഖം

പുതിയനിയമത്തിലെ 19-ാമത്തെ പുസ്തകമാണ് ഹെബ്രായലേഖനം. പുതിയനിയമത്തിൽ ദൈവശാസ്ത്രപരമായും ഗ്രീക്കുഭാഷാപരമായും ഏറ്റവും ഔന്നത്യം പുലർത്തുന്ന ഗ്രന്ഥമാണ് ഈ ലേഖനം. ഗ്രീക്കുഭാഷാപ്രയോഗത്തിൽ ലൂക്കായുടെ ഭാഷാശൈലിയേക്കാളും ശ്രേഷ്ഠമായ ഭാഷയാണ് ഹെബ്രായലേഖനകർത്താവിന്റേത്. ദൈവശാസ്ത്രഗരിമയിൽ വി. പൗലോസിനോടും വി. യോഹന്നാനോടും കിടപിടിക്കുന്നതാണ് ഈ ലേഖനത്തിന്റെ പ്രമേയം. എങ്കിലും പുതിയനിയമത്തിലെ ജനപ്രിയ ഗ്രന്ഥങ്ങളിലൊന്നായി ഹെബ്രായലേഖനം കരുതപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്. ഇതിനുള്ള കാരണങ്ങളെക്കുറിച്ച് പണ്ഡിതർ വ്യത്യസ്ത നിഗമനങ്ങളിലെത്തിച്ചേർന്നിട്ടുണ്ട് (F.B. Craddock, *Hebrews*, NIBC, 12). ഇവയിലെ പ്രധാനനിഗമനങ്ങൾ ചുവടെ ചേർക്കുന്നു:

1. പുതിയനിയമത്തിന്റെ കാനനിൽ അവസാനഭാഗത്തുമാത്രമാണ് ആരംഭകാലംമുതൽ ഈ ഗ്രന്ഥത്തിനു സ്ഥാനംനൽകിയിരുന്നത് എന്നതിൽനിന്നും ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം ആരംഭകാലംമുതലേ അവഗണിക്കപ്പെട്ടതായിരുന്നു എന്ന് അനുമാനിക്കുന്നവരുണ്ട്.

2. ഇതിന്റെ ശീർഷകം ക്രൈസ്തവരെ ഈ ഗ്രന്ഥം വായിക്കുന്നതിൽനിന്ന് അകറ്റിയിരുന്നു എന്നുകരുതുന്നവരുണ്ട്. ആദിമകാലംമുതലേ ക്രൈസ്തവരും ഹെബ്രായരുംതമ്മിൽ നടന്ന സംഘർഷങ്ങൾ ഈ ഗ്രന്ഥത്തിന്റെ സ്വീകാര്യതയെ സാരമായി ബാധിച്ചു എന്നുകരുതാം. തങ്ങൾ ഹെബ്രായരല്ലാത്തതിനാൽ ഹെബ്രായർക്കുള്ള ലേഖനം തങ്ങൾക്കു ബാധകമല്ല എന്നു പ്രത്യക്ഷത്തിൽ ആദിമക്രൈസ്തവർ തെറ്റിദ്ധരിച്ചിരിക്കാൻ ഇടയുണ്ട് എന്നാണ് ഇക്കൂട്ടരുടെ വാദം.

3. ശീർഷകത്തിൽമാത്രമല്ല ഉള്ളടക്കത്തിലും ഈ ഗ്രന്ഥം ഹെബ്രായരുടെ മതാത്മകതയെയും വിശ്വാസസംഹിതകളെയും മുറുകെപ്പിടിക്കുന്നതായി പ്രഥമദൃഷ്ട്യാ തോന്നാം. ഹെബ്രായരുടെ മതാത്മകതയിലെ നിർണ്ണായകസംഭവങ്ങളായ മരുഭൂമിയാത്ര, ഉടമ്പടി, ദൈവാലയം, ബലി, ബലിപീഠം, പാപപ്പരിഹാരരക്തം, ശുദ്ധീകരണകർമ്മങ്ങൾ എന്നിവ ക്രിസ്തുസംഭവത്തേക്കാൾ പ്രാധാന്യംനൽകി വിവരിച്ചിരിക്കുന്നതായി വായനക്കാർക്കു പ്രഥമദൃഷ്ട്യാ തോന്നാനിടയുണ്ട്. തന്മൂലം ലേഖനകർത്താവിന്റെ യഥാർത്ഥലക്ഷ്യം മനസ്സിലാക്കാതെ വായനക്കാർ ഈ ഗ്രന്ഥത്തെ അവഗണിച്ചിരിക്കാം.

4. ഇതരപുതിയനിയമ ഗ്രന്ഥങ്ങളിൽനിന്ന് വ്യത്യസ്തമായി ക്രിസ്തുവിനെ യഹൂദപൗരോഹിത്യത്തിന്റെ പരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കുന്നു എന്നത് ഈ ലേഖനത്തെക്കുറിച്ച് വായനക്കാരിൽ സംശയം ജനിപ്പിച്ചിരിക്കാൻ ഇടയുണ്ട്. ഉദാഹരണമായി സങ്കീ 110:1 നെ ഉദ്ധരിച്ചുകൊണ്ട് ഇതര പുതിയനിയമഗ്രന്ഥങ്ങൾ യേശു കർത്താവും ദൈവവുമാണെന്ന് സ്ഥാപിക്കാൻ പരിശ്രമിക്കുമ്പോൾ ഹെബ്രായലേഖനകർത്താവാകട്ടെ ഈ വാക്യം ഉപയോഗിച്ച് യേശുവിനെ മെൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതനായിട്ടാണ് അവതരിപ്പിക്കുന്നത്.

എന്നാൽ മേൽപറഞ്ഞ നിരീക്ഷണങ്ങളെല്ലാംതന്നെ ഈ ഗ്രന്ഥത്തിന്റെ ഉപരിപ്ലവമായ വായനയിൽനിന്ന് ഉത്ഭവിക്കുന്നതാണ്. ഹെബ്രായരുടെ വിശ്വാസത്തെ സാധൂകരിക്കാനല്ല ഹെബ്രായവിശ്വാസം സാധൂകരിക്കപ്പെടുന്നത് യേശുവിലാണെന്നു സമർത്ഥിക്കാനാണ് ലേഖനകർത്താവു പരിശ്രമിക്കുന്നത്. തങ്ങളുടെ ഹെബ്രായശൈലികളിലേക്കു പിന്തിരിയാനുള്ള അനുവാചകരുടെ സാധ്യതയും ലേഖനകർത്താവു ശക്തമായ ഭാഷയിൽ തിരുത്തുന്നുണ്ട് (6:4-6; 10:26-29). തന്റെ ജന്മാവകാശം നിസ്സാരമൂല്യത്തിനു കൈമോശംവരുത്തിയ ഏസാവിനോടാണ് വിശ്വാസത്യാഗത്തിനു മുതിരുന്നവരെ ലേഖനകർത്താവ് ഉപമിക്കുന്നത് (12:17).

യഹൂദ മതവിശ്വാസങ്ങളെ വ്രണപ്പെടുത്താതെ എപ്രകാരമാണ് സുവിശേഷം പ്രസംഗിക്കാനാവുന്നത് എന്നതിന്റെ സ്പഷ്ടമായ ദൃഷ്ടാന്തമായി ഈ ഗ്രന്ഥത്തെ മനസ്സിലാക്കാവുന്നതാണ്. ക്രിസ്തുമതത്തെ പഴയനിയമത്തിന്റെ യഥാർത്ഥ ലക്ഷ്യവും പൂർത്തീകരണവുമായി അവതരിപ്പിക്കുന്നതിൽ മറ്റേതൊരു പുതിയനിയമഗ്രന്ഥത്തെക്കാളും വിജയിച്ചിട്ടുള്ളത് ഹെബ്രായലേഖനമാണെന്നു നിസ്സംശയം പറയാം. ഇതരമതങ്ങളെ അധിക്ഷേപിക്കാതെ അവയുടെ മതാത്മകതയെ പ്രയോജനപ്പെടുത്തി എപ്രകാരം സുവിശേഷപ്രഘോഷണം നടത്താം എന്നതിന്റെ മാർഗ്ഗസൂചികയായും ഈ ഗ്രന്ഥത്തെ കരുതാം.

ഗ്രന്ഥകർത്താവിനെക്കുറിച്ചോ ഗ്രന്ഥത്തിന്റെ സ്വീകർത്താക്കളെക്കുറിച്ചോ കൃത്യമായ അറിവ് ലഭ്യമല്ലെങ്കിലും ദൈവശാസ്ത്ര ദർശനങ്ങളുടെ വെളിച്ചത്തിൽ റോമാക്കാർക്കുള്ള ലേഖനത്തിന് തൊട്ടടുത്തുള്ള സ്ഥാനമാണ് ബൈബിൾപണ്ഡിതന്മാർ ഈ ലേഖനത്തിനു നല്കിയിട്ടുള്ളത്. ഒരേസമയംതന്നെ സൈദ്ധാന്തികവും പ്രായോഗികവുമായ സമീപനമാണ് ലേഖനത്തിലുടനീളം ദൃശ്യമാകുന്നത്. ഈ ലേഖന

ത്തിലെ ഓരോ വരികൾക്കുപിന്നിലും ദൈവാനുഭവമുള്ള ഒരു അജപാല കന്റെ ഹൃദയവികാരങ്ങൾ ദർശിക്കാനാവും.

പുതിയനിയമത്തിലെ മറ്റു ലേഖനങ്ങളിൽനിന്നു വ്യത്യസ്തമായി, ഈ ലേഖനത്തിന് ഒരു ആമുഖമോ അഭിസംബോധനാഭാഗമോ ഇല്ല. ഗ്രന്ഥ കർത്താവ് ആരാണെന്ന് വെളിപ്പെടുത്തുന്നുമില്ല. ആർക്കുവേണ്ടിയാണ് ഈ ലേഖനം എഴുതപ്പെടുന്നത് എന്നകാര്യവും പരാമർശിക്കപ്പെടുന്നില്ല. ഇത് ഒരു "ആശ്വാസ വചനമാണെന്ന്" (13:22) ഗ്രന്ഥകർത്താവുതന്നെ ഏറ്റുപറയുന്നുണ്ട്. കൂടുതൽ പറയാൻസമയം അനുവദിക്കുന്നില്ല" (11:32) എന്ന പ്രസ്താവനയും ഇത് ലിഖിതരൂപത്തിലാക്കപ്പെട്ട ഒരു പ്രസംഗ മാണ് എന്ന വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. എന്നാൽ, ഈ ലേഖനത്തിന്റെ ഉപസംഹാരം (13:22-25) പുതിയ നിയമത്തിലെ മറ്റു ലേഖനങ്ങളുടേതിനുസമാനമാണ്. പ്രസംഗരൂപത്തിൽനിന്ന് ലേഖന രൂപത്തിലേക്കുള്ള ക്രമാനുഗതമായ വളർച്ച ഈ ലേഖനത്തിൽ ദർശിക്കാ നാവുമെന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട് (cfr. 4:1; 13:22-25).

## ഗ്രന്ഥകർത്താവ്

ഈ ലേഖനത്തിന്റെ കർത്താവ് ആരാണെന്നതിനെക്കുറിച്ച് വളരെ യേറെ ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭ ത്തിൽ ജീവിച്ചിരുന്ന അലക്സാണ്ഡ്രിയായിലെ ക്ലെമന്റിന്റെ (+ എ.ഡി. 220) അഭിപ്രായത്തിൽ, ഈ ലേഖനത്തിന്റെ കർത്താവ് പൗലോസ് ശ്ലീഹായാണ്. പൗലോസ് ഹെബ്രായഭാഷയിൽ യഹൂദർക്കെഴുതിയ ലേഖനം ലൂക്കാ ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തു എന്നാണ് ക്ലെമന്റിന്റെ നിഗമനം. ക്ലെമന്റിന്റെ ശിഷ്യനായ ഒരിജന്റെ (+ എ.ഡി. 254) അഭിപ്രായത്തിൽ, ഈ ലേഖനത്തിന്റെ ആശയം പൗലോസിന്റേതാണെ ങ്കിലും ഭാഷയും ശൈലിയും പൗലോസിന്റേതല്ല. എന്നാൽ സഭാപിതാക്ക ന്മാരായ ജറോമും (+ എ.ഡി. 419) ആഗസ്തിനോസും (+ എ.ഡി. 430) ഈ ലേഖനത്തിന്റെ കർത്താവ് പൗലോസ്ശ്ലീഹാ തന്നെയാണെന്ന് വാദിച്ചു. മൂന്നാം നൂറ്റാണ്ടിൽനിന്നുള്ള $P^{46}$ എന്ന പപ്പീറസിൽ ഇത് പൗലോസിന്റെ ലേഖനമാണെന്ന സൂചനയുണ്ട്. റോമാലേഖനത്തെത്തു ടർന്ന് പൗലോസ് രചിച്ച ലേഖനമാണിതെന്ന നിഗമനമാണ് ചെസ്റ്റർബെ യാത്തി ശേഖരത്തിലെ ഈ പപ്പീറസിൽ പ്രതിഫലിക്കുന്നത്. ഇത് പൗലോസിന്റെ ലേഖനമാണ് എന്ന നിഗമനത്തിന്റെ വെളിച്ചത്തിൽ തെർത്തുല്യൻ ഈ ലേഖനത്തിന്റെ കർത്താവ് ബാർണ്ണബാസാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്. ബാർണ്ണബാസ് പൗലോസിന്റെ സന്തതസഹചാ രിയായിരുന്നു (അപ്പ 9:27; 13:2-15:39). കൂടാതെ ബാർണ്ണബാസിനെ ആശ്വാ സത്തിന്റെ പുത്രൻ എന്ന് അപ്പ 4:36 ൽ വിശേഷിപ്പിക്കുന്നുണ്ട്. ഹെബ്രാ 13:22 ൽ ഈ ലേഖനത്തെ *ആശ്വാസത്തിന്റെ വാക്ക്* എന്ന് വിശേഷിപ്പി ക്കുന്നതിൽനിന്നും ഈ ലേഖനത്തിന്റെ കർത്താവ് ലേവ്യനായ ബാർണ്ണ ബാസാണെന്ന് അനുമാനിക്കാം എന്നാണു തെർത്തുല്യന്റെ വാദം.

എന്നാൽ ലേഖനകർത്താവ് പൗലോസായിരിക്കാനിടയില്ല. കാരണം,

1. ലേഖനത്തിന്റെ ആമുഖം പൗലോസി ന്റെ പതിവുശൈലിയിൽനിന്ന് വ്യത്യസ്തമാണ്.





2. ക്രിസ്തുസംഭവത്തിന് ദൃക്സാക്ഷികളായവരുടെ ശിഷ്യനാണ് താൻ എന്ന് ഗ്രന്ഥകർത്താവ് അവകാശപ്പെടുന്നുണ്ട് (2:3). ഈ അവകാശവാദം പൗലോസാണ് രചിച്ചതെന്ന വാദഗതിക്കെതിരാണ്. ഉത്ഥിതനിൽനിന്ന് നേരിട്ടു ലഭിച്ചതാണ് തന്റെ ദൗത്യം എന്നാണ് പൗലോസ് തന്റെ ലേഖ നങ്ങളിൽ അവകാശപ്പെടുന്നത് (ഗലാ 1:11-12).

3. ഈ ഗ്രന്ഥത്തിൽ പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണികൾ ചേർത്തിരിക്കുന്നത് പൗലോസിന്റെ തനതുശൈലിയിലല്ല (F.F. Bruce, *Commentary on the Epistel to the Hebrews*).

4. ലേഖനത്തിന്റെ പ്രധാന ആശയങ്ങൾ പലതും പൗലോസിന്റെ ചിന്താഗതിക്കെതിരാണ് (F.F. Bruce, *op.cit*).

5. പൗലോസിന്റെ കർത്തൃത്വം എ.ഡി. മൂന്നാം നൂറ്റാണ്ടുമുതൽ ചോദ്യംചെയ്യപ്പെട്ടിരുന്നു എന്നതും ഇതിന്റെ കർത്തൃത്വത്തെ സംബന്ധിച്ച സംശയത്തെ ബലപ്പെടുത്തുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ, തെർത്തു ല്യന്റെ (+ എ.ഡി. 200) അഭിപ്രായത്തിൽ, ബാർണബാസാണ് ഈ ലേഖനത്തിന്റെ കർത്താവ്. അപ്പ 4:36ൽ "ആശ്വാസത്തിന്റെ പുത്രൻ" എന്നാണ് ബാർണബാസ് അറിയപ്പെടുന്നത് (cfr. ഹെബ്രാ 13:22). കൂടാതെ, ലേവ്യഗോത്രത്തിൽപ്പെട്ട ബാർണബാസിന് യഹൂദബലികളെ ക്കുറിച്ച് നല്ല അറിവുണ്ടായിരുന്നു എന്നും അനുമാനിക്കാം. ഈ ലേഖനം അപ്പോളോസിന്റെ സൃഷ്ടിയാണെന്നാണ് മാർട്ടിൻ ലൂഥറുടെ അഭിപ്രായം. അലക്സാണ്ട്രിയൻ സ്വദേശിയായ അപ്പോളോസിന് (അപ്പ 13:24) പ്രതീകാത്മകവിവരണത്തിൽ പ്രത്യേക പ്രാവീണ്യമുണ്ടായിരുന്നെന്ന് അനുമാനിക്കാം. ഇതിന്റെ അനുരണനങ്ങളായാണ് ലേഖന ത്തിലെ പ്രതീകാത്മക വിവരണങ്ങളെ ലൂഥർ കണക്കാക്കുന്നത്. കാൽവിന്റെ അഭിപ്രായത്തിൽ, വി. ലൂക്കായോ അലക്സാണ്ഡ്രിയായിലെ ക്ലെമന്റോ ആയിരിക്കണം ഈ ലേഖനത്തിന്റെ കർത്താവ്. ജറുസലേ മിൽനിന്നുള്ള യഹൂദക്രിസ്ത്യാനിയായ സീലാസാണ് (അപ്പ 15:22) ഈ ലേഖനത്തിന്റെ കർത്താവെന്ന് കരുതുന്നവരുമുണ്ട്. ചുരുക്കത്തിൽ, "ഈ ലേഖനത്തിന്റെ കർത്താവ് ആരാണെന്നതിനെക്കുറിച്ച് ദൈവത്തിനു മാത്രമേ അറിയൂ" എന്ന അലക്സാണ്ഡ്രിയായിലെ ഒരിജന്റെ അഭിപ്രായത്തിനപ്പുറമൊന്നും പറയാൻ ഇന്നും പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടില്ല.

ഈ ലേഖനത്തിന്റെ കർത്താവിനെക്കുറിച്ച് ചുവടെപറയുന്ന നിഗമ നങ്ങളിൽ നമുക്ക് എത്തിച്ചേരാനാകും:

1. അപ്പസ്തോലിക പാരമ്പര്യത്തിൽ ജീവിച്ചിരുന്ന ആദിമക്രൈസ്ത വനായിരുന്നു ലേഖനകർത്താവ് (2:3).

2. ഗ്രന്ഥകർത്താവ് അനുവാചകരോടൊത്ത് ഒരുകാലത്തുണ്ടായി രുന്നയാളും വീണ്ടും അവരുടെ അടുക്കലേക്കു മടങ്ങിച്ചെല്ലാൻ ആഗ്ര ഹിക്കുന്ന വ്യക്തിയുമാണ് (13:19,23).

3. അനുവാചകരുടെ സമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ ക്കുറിച്ച് വ്യക്തമായ ധാരണ ഗ്രന്ഥകർത്താവിനുണ്ട്. ഇത് നേരിട്ടുള്ള

സമ്പർക്കത്തിലൂടെയോ നേതാക്കന്മാരുമായുള്ള സമ്പർക്കത്തിലൂടെയോ (13:7-17,24) ലഭിച്ചതാകാം.

4. അനുവാചകരുടെമേൽ വ്യക്തമായ അജപാലന അധികാരമുള്ള വ്യക്തിയാണ് ലേഖനകർത്താവ്. അനുവാചകർക്കു നൽകുന്ന ശക്തമായ താക്കീതുകളിൽനിന്നും തിരുത്തലുകളിൽനിന്നും ഈ അധികാരസ്വരം ഗ്രഹിക്കാവുന്നതാണ്. അനുവാചകർക്കുമേൽ അധികാരമുള്ള അജപാലകരിൽ ഒരാളാണ് ലേഖനകർത്താവ്.

5. ഗ്രീക്ക് പ്രബോധനകലയിലും യഹൂദമത സംഹിതകളിലും ഒരുപോലെ പ്രാവീണ്യമുള്ള വ്യക്തിയാണ് ഗ്രന്ഥകർത്താവ്. ഹീബ്രുബൈബിളിനേക്കാൾ സപ്തതിബൈബിളിനെയാണ് ഗ്രന്ഥകർത്താവ് അവലംബമാക്കുന്നത് എന്നതിൽനിന്നും ഈ ഗ്രന്ഥകർത്താവ് യവനപശ്ചാത്തലത്തിൽ വളർന്ന ആളാണെന്ന് അനുമാനിക്കാം.

## ചരിത്രപശ്ചാത്തലം

ലേഖനത്തിന്റെ ശീർഷകം സൂചിപ്പിക്കുന്നതുപോലെ, പലസ്തീനായ്ക്കുവെളിയിലുള്ള യഹൂദക്രിസ്ത്യാനികളെ ലക്ഷ്യമാക്കി എഴുതപ്പെട്ടതാണ് ഈ ലേഖനം. ഇതിന്റെ ചരിത്രപശ്ചാത്തലത്തെക്കുറിച്ച് ലേഖനത്തിൽത്തന്നെ ചില സൂചനകളുണ്ട്. വിശ്വാസം സ്വീകരിച്ചിട്ട് ഏറെത്താമസിയാതെ മതമർദ്ദനത്തിനു വിധേയരായവരാണ് ലേഖനത്തിന്റെ സ്വീകർത്താക്കൾ (ഹെബ്രാ 10:32-36). പലതരത്തിലുള്ള പീഡനം ഏല്ക്കേണ്ടിവന്നെങ്കിലും അവർക്ക് രക്തസാക്ഷിത്വം വരിക്കേണ്ടിവന്നിട്ടില്ല (12:4). പ്രതിബന്ധങ്ങൾക്കുനടുവിലും അവർ ക്രൈസ്തവസ്നേഹം അഭ്യസിച്ചിരുന്നു (6:10; 10:34).

എന്നാൽ, ക്രിസ്തീയ പക്വതയിലേക്ക് വളരുന്നതിൽ അവർക്ക് വീഴ്ചകൾ സംഭവിച്ചിരുന്നു (5:11-13). യേശുവിന്റെ രണ്ടാമത്തെ ആഗമനം പ്രതീക്ഷിച്ചതിലും വൈകുന്നത് അവരെ നിരാശരാക്കി. തന്മൂലം, ക്രിസ്തുമതം ഉപേക്ഷിച്ച് റോമിൽ നിയമത്തിന്റെ സംരക്ഷണം ലഭിക്കുന്ന യഹൂദമതം സ്വീകരിക്കാനുള്ള പ്രവണത അവരിൽ വർദ്ധമാനമായി. ചില വ്യാജപ്രബോധകർ ഈ സന്ദിഗ്ദ്ധാവസ്ഥയെ അവസരോചിതമായി ചൂഷണം ചെയ്യാൻ ഒരുമ്പെട്ടിറങ്ങുകയും ചെയ്തു (13:9). തന്മൂലം പല വിശ്വാസികളും സഭായോഗങ്ങൾ ബഹിഷ്കരിക്കുകയും (10:25) ആധ്യാത്മിക നേതാക്കന്മാരെ ധിക്കരിക്കുകയും (13:17) ചെയ്യുക പതിവാക്കി. ഈ ദുരവസ്ഥയെ തിരുത്താനാണ് ഈ ലേഖനം എഴുതപ്പെടുന്നത് (cfr. 6:4-6; 10:26-31; 13:12-19).

## രചനാകാലം

ഈ ലേഖനത്തിന്റെ രചനാകാലം കൃത്യമായി നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ലേഖനത്തിന്റെ കർത്താവ് ക്രിസ്തുസംഭവത്തിന് ദൃക്സാക്ഷികളായിരുന്നവരുടെ ശിഷ്യനാണ് (2:3). 13:23-ൽ തിമോത്തേയോസിനെ പരാമർശിക്കുന്നതിൽനിന്നു പൗലോസിന്റെ മരണത്തിന് (എ.ഡി. 64) ശേഷമാണ് ഈ ലേഖനം എഴുതപ്പെട്ടതെന്ന് അനുമാനിക്കാം.





ജറുസലേമിന്റെ നാശത്തെക്കുറിച്ച് (എ.ഡി. 70) ഈ ലേഖനത്തിൽ യാതൊരു പരാമർശവുമില്ല. യഹൂദരുടെ ബലിയർപ്പണങ്ങൾ ലേഖനം എഴുതപ്പെടുന്ന കാലത്തും അഭംഗുരം തുടർന്നിരുന്നു എന്നാണ് ലേഖനം സൂചിപ്പിക്കുന്നത് (9:6-10; 10:1-4,11-14). ഈ വസ്തുതകളുടെ വെളിച്ചത്തിൽ എ.ഡി. 64 നും 70 നും ഇടക്കാണ് ഈ ലേഖനത്തിന്റെ രചനാകാലം എന്ന് കണക്കാക്കാം. എ.ഡി. 95 നും 96 നും ഇടയിൽ എഴുതപ്പെട്ട വി. ക്ലെമന്റിന്റെ ലേഖനങ്ങളിൽ ഹെബ്രാ 1-3 അധ്യായങ്ങളുടെ സംഗ്രഹം നൽകിയിട്ടുണ്ട്. ഹെബ്രായലേഖനം ഏ.ഡി 90കളിൽ സഭയിൽ അറിയപ്പെട്ടിരുന്നു എന്ന് ഇതിൽനിന്നു വ്യക്തമാണ്. ഈ നിഗമനവും ലേഖനത്തിന്റെ രചനാകാലം എ.ഡി. 70 നു മുമ്പാണെന്ന നിഗമനത്തെ ശരിവയ്ക്കുന്നു. 13:17-19 ൽ പരാമർശിക്കപ്പെടുന്ന "നാല്പതു വർഷത്തെ മരുഭൂമി വാസം" കർത്താവിന്റെ മരണശേഷമുള്ള സഭയുടെ നാല്പതു വർഷത്തെ ദുരനുഭവങ്ങളിലൂടെയുള്ള യാത്രയെയാണ് സൂചിപ്പിക്കുന്നതെന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. അങ്ങനെയെങ്കിൽ എ.ഡി. 70 നു മുമ്പാണ് ലേഖനം എഴുതപ്പെട്ടതെന്ന് അനുമാനിക്കാം. കാരണം, കർത്താവിന്റെ കുരിശുമരണം എ.ഡി. 30 ൽ ആയിരുന്നു എന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ലേഖനത്തിന്റെ രചനാകാലം ഒന്നാംനൂറ്റാണ്ടിന്റെ ഒടുവിലാണെന്ന് (എ.ഡി 100) വാദിക്കുന്നവരുണ്ട്. ഈ ലേഖനത്തിലെ സമുന്നതമായ ക്രിസ്തുവിജ്ഞാനീയവും യേശുവിന്റെ അനാദിയിലെയുള്ള അസ്ഥിത്വത്തെക്കുറിച്ചുള്ള പരാമർശവുമാണ് ഇപ്രകാരമൊരു നിഗമനത്തിന് ഇക്കൂട്ടരെ പ്രേരിപ്പിക്കുന്നത്. എന്നാൽ സമാനമായ സമുന്നത ക്രിസ്തുവിജ്ഞാനീയശൈലികൾ പൗലോസിന്റെ ലേഖനത്തിലും ദൃശ്യമാണ് (1 കോറി 8:6; 2 കോറി 8:9; ഫിലി 2:5-11). തന്മൂലം സമുന്നതമായ ക്രിസ്തുവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ ഈ ലേഖനത്തിന്റെ രചനാകാലം വൈകിയാണ് എന്ന് അനുമാനിക്കുന്നതിൽ അർത്ഥമില്ല. എ.ഡി. 65 നും 70 നും ഇടയിൽ ഈ ലേഖനം രചിക്കപ്പെട്ടു എന്നു കരുതാനാണ് കൂടുതൽ ന്യായങ്ങളുള്ളത്.

## എഴുതപ്പെട്ട സ്ഥലം, സ്വീകർത്താക്കൾ

ചില പ്രധാന കയ്യെഴുത്തുപ്രതികളിൽ 'റോമിൽ നിന്നെഴുതപ്പെട്ടത്' എന്ന ശീർഷകത്തോടുകൂടിയാണ് ഈ ലേഖനം ആരംഭിക്കുന്നത്. 13:24-ലെ "ഇറ്റലിയിൽനിന്നു വന്നവർ നിങ്ങൾക്കു വന്ദനം പറയുന്നു" എന്ന വാചകത്തിന്റെ ചുവടുപിടിച്ചാണ് ഇത്തരം ഒരു ശീർഷകം രൂപം കൊണ്ടതെന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ, ഈ വാദഗതി തികച്ചും അടിസ്ഥാനരഹിതമാണ്. കാരണം, 13:24 ന്റെ വെളിച്ചത്തിൽ ഈ ലേഖനം ഇറ്റലിയിലെ ഏതെങ്കിലും ഒരു സഭയ്ക്ക് എഴുതപ്പെട്ട താണെന്ന് മാത്രമേ അനുമാനിക്കാനാവൂ. ഈ ലേഖനം എഴുതപ്പെട്ടത് എവിടെവച്ചാണെന്ന് അതുവഴി നിർണ്ണയിക്കാൻ കഴിയില്ല.

ഈ ലേഖനം പലസ്തീനായിലെ യഹൂദർക്ക് എഴുതപ്പെട്ടതാണെന്നു പരമ്പരാഗതമായി വിശ്വസിച്ചിരുന്നു. എന്നാൽ, ഈ വാദഗതിയും ശരിയാകാനിടയില്ല. കാരണം,

(1) ജറുസലേം ദേവാലയത്തെക്കുറിച്ച് ഈ ലേഖനത്തിൽ യാതൊരു പരാമർശവുമില്ല. (2) വായനക്കാർക്ക് യേശുവിനെക്കുറിച്ച് ദൃക്സാക്ഷി കളെന്നനിലയിൽ വ്യക്തിപരമായ അറിവില്ല (2:3). ഒന്നാം നൂറ്റാണ്ടിന്റെ പകുതിയിൽ പലസ്തീനായിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾക്ക് തീർച്ച യായും യേശുവിനെക്കുറിച്ച് വ്യക്തിപരമായ അറിവുണ്ടായിരിക്കണം. (3) വായനക്കാർ രക്തസാക്ഷിത്വംവരിക്കാൻ മാത്രം സഹിച്ചവരല്ല (12:4) എന്ന പരാമർശം പലസ്തീനായിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചിട ത്തോളം ശരിയല്ല. (4) ജറുസലേം സഭയുടെ ദാരിദ്ര്യം പരിഗണിക്കു മ്പോൾ വായനക്കാരുടെ ദാനശീലം (10:34; 13:16) വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടുളവാക്കുന്നു. (5) റബ്ബായ സ്വാധീനത്തേക്കാൾ യവനസ്വാധീ നമാണ് ലേഖനത്തിൽ ദൃശ്യമാകുന്നത്.

തന്മൂലം ഈ ലേഖനം അയയ്ക്കപ്പെട്ടത് ഏതു സഭയിലേക്കാണ് എന്നതും തർക്കവിഷയമാണ്. കേസറിയാ, സൈപ്രസ്, എഫേസോസ്, കൊളോസോസ്, അലക്സാണ്ഡ്രിയ തുടങ്ങിയ വിവിധ സഭകളുടെ പേരുകൾ ലേഖനത്തിന്റെ സ്വീകർത്താക്കളായി പരിഗണിക്കപ്പെടുന്നു ണ്ടെങ്കിലും വിശ്വസനീയമായ തെളിവുകളുടെ അഭാവത്തിൽ ഇവ അസ്വീകാര്യങ്ങളാണ്.

ആധുനിക ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം ഈ ലേഖനം റോമിലെ യഹൂദ ക്രൈസ്തവർക്കായി എഴുതപ്പെട്ടതാണ്. കാരണം, (1) എ.ഡി. 96നു മുമ്പ് ഈ ലേഖനത്തെക്കുറിച്ച് റോമായിലെ സഭയ്ക്ക് അറിവുണ്ടായിരുന്നു എന്നതിന് ക്ലെമെന്റിന്റെ ലേഖനങ്ങളിൽ തെളിവു കളുണ്ട്. (2) റോമാ 11:13,18 പ്രകാരം റോമിലെ സഭയിൽ യഹൂദ ക്രൈസ്തവർ ന്യൂനപക്ഷമായിരുന്നു. (3) ലേഖനത്തിൽ പരാമർശിക്ക പ്പെടുന്ന മതപീഡ നങ്ങൾ കൂടുതലായും നടന്നത് റോമിലാണ് (10:32,33; 12:4). (4) 'ഇറ്റലിയിൽ നിന്നുവന്ന വിശുദ്ധർ വന്ദനം പറയുന്നത്' (13:25) സ്വന്തം സഭയിൽപ്പെട്ട അംഗങ്ങളോടാകാനാണ് സാധ്യത. (5) ഖുംറാൻ സമൂഹത്തിന്റെ ദൈവശാസ്ത്രസങ്കല്പങ്ങളും അനുഷ്ഠാനരീതികളും റോമൻ സഭയെ സ്വാധീനിച്ചിരുന്നു. ഈ ലേഖനത്തിൽ ഖുംറാൻ ചിന്തയുടെ അനുരണനങ്ങൾ കാണാനുള്ള കാരണം ഇതു റോമിലെ സഭയ്ക്ക് എഴുതപ്പെട്ടതുകൊണ്ടായിരിക്കണം.

ഈ ലേഖനത്തിന്റെ സ്വീകർത്താക്കൾ സുവിശേഷം സ്വീകരിച്ചിട്ട് ഏറെനാളുകളായവരാണെങ്കിലും (5:12) വിശ്വാസത്തിൽ ഇനിയും ദൃഢ തപാലിക്കാത്തവരാണ് (5:13-14). വിശ്വാസസത്യങ്ങളെ മുറുകെപിടിക്കാ നുള്ള നിരന്തരമായ ആഹ്വാനങ്ങൾ ഈ ലേഖനത്തിൽ ആവർത്തിക്ക പ്പെടുന്നതിന്റെ കാരണമിതാണ് (4:14; 10:29; 12:25). ഈ ലേഖനത്തിന്റെ സ്വീകർത്താക്കൾ യേശുവിന്റെ രണ്ടാമത്തെ ആഗമനം വൈകുന്നതിന്റെ പേരിൽ വിശ്വാസത്തിൽനിന്നും വിശുദ്ധജീവിതത്തിൽനിന്നും വ്യതിച ലിക്കാൻ പ്രലോഭിതരായിരുന്നു (10:25,35-39).

ഈ ലേഖനത്തിന്റെ സ്വീകർത്താക്കളിൽ ചിലർ വിശ്വാസത്തിന്റെപേ രിൽ തടവുശിക്ഷ അനുഭവിച്ചവരും (10:34) വസ്തുവകകൾ കണ്ടുകെട്ട പ്പെട്ടവരുമാണ്. നിരന്തരമായ ശത്രുതയും (12:3) പീഡനങ്ങളും (13:3)





പരസ്യമായ അവഹേളനങ്ങളും (10:33) അവർക്ക് അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. ഈ നിഗമനങ്ങളെല്ലാം റോമിലെ യഹൂദക്രൈസ്തവരാണ് ലേഖനത്തിന്റെ സ്വീകർത്താക്കൾ എന്ന അനുമാനത്തെ സാധൂകരിക്കു ന്നുണ്ട്.

## ലേഖനത്തിന്റെ ഘടന

**1:1-4, ആമുഖം: വെളിപാടിന്റെ പൂർണ്ണത**

**ഭാഗം 1**

**1:5-2:18, *ദൈവപുത്രനും മാലാഖമാരും***

**1:5-14, ദൈവപുത്രൻ മാലാഖമാരേക്കാൾ ശ്രേഷ്ഠനാണ്**

**2:1-4, ദൈവപുത്രനെ മുറുകെ പിടിക്കുക**

**2:5-18, തന്നെത്തന്നെ വിനീതനാക്കിയ പുത്രനെ ദൈവം ഉയർത്തുന്നു**

2:5-9, അവൻ നമ്മിലൊരുവനായി

2:10-18, വിശ്വസ്തനും കരുണാസമ്പന്നനുമായ പ്രധാനപുരോഹിതൻ

**ഭാഗം 2**

**3:1-5:10, *യേശു കാരുണ്യവാനും വിശ്വസ്തനുമായ പ്രധാനപുരോഹിതൻ***

**3:1-4:13, ക്രിസ്തുവിന്റെ വിശ്വസ്തത**

3:1-6, ക്രിസ്തുവിന്റെ വിശ്വസ്തത

3:7-11, അവിശ്വസ്തരായ ജനം

3:12-19, ദൈവത്തിന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കാത്തവർ

4:1-11, വിശ്രമകവാടം ഇപ്പോഴും തുറന്നു കിടക്കുന്നു

4:12-13, ദൈവവചനം സജീവമാണ്

**4:14-5:10, ക്രിസ്തുവിന്റെ കാരുണ്യം**

4:14-16, ഉറച്ചു നിൽക്കുക

5:1-10, ക്രിസ്തു പ്രധാന പുരോഹിതൻ

**ഭാഗം 3**

**5:11-10:39, *മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം നിത്യ പുരോഹിതനായ യേശു നിത്യരക്ഷയുടെ ഉറവിടമാണ്***

**5:11-6:20, പഠിക്കാനും വളരാനും ആഹ്വാനം**

5:11-6:3, പക്വതയിലേക്കുള്ള വിളി

6:4-12, പ്രത്യാശക്കുള്ള മുന്നറിയിപ്പ്

6:13-20, പ്രത്യാശയുടെ അടിത്തറ

**7:1-28, യേശുവിന്റെ നിത്യപൗരോഹിത്യം**

7:1-3, മെൽക്കിസെദേക്ക് രാജാവും പുരോഹിതനും

7:4-10, ലേവ്യപുരോഹിതരേക്കാൾ ശ്രേഷ്ഠൻ

7:11-19, പുതിയ പൗരോഹിത്യം

7:20–25, ദൈവപ്രതിജ്ഞയിലൂടെയുള്ള സാധൂകരണം
7:26–28, ക്രിസ്തു നിത്യപുരോഹിതൻ

**8:1–10:18, ക്രിസ്തുവിന്റെ പ്രധാനപുരോഹിത ശുശ്രൂഷ**

8:1–5, ക്രിസ്തുവിന്റെ ശ്രീകോവിൽ
8:6–13, ക്രിസ്തുവിന്റെ ഉടമ്പടി
9:1–10:18, ക്രിസ്തുവിന്റെ ബലി

**10:19–39, ക്രിസ്തുവിന്റെ ശുശ്രൂഷയോടു സഹകരിച്ചുള്ള ജീവിതം**

10:19–25, ത്രിതല ഉപദേശങ്ങൾ
10:26–31, ഭാവിയെക്കുറിച്ചുള്ള മുന്നറിയിപ്പ്
10:32–39, കഴിഞ്ഞകാലത്തെക്കുറിച്ചുള്ള പ്രോത്സാഹനങ്ങൾ

**ഭാഗം 4**

**11:1–12:17, *വിശ്വാസവും സഹനവും***

**11:1–40, വിശ്വാസത്തിന്റെ ജീവസ്സുറ്റ മാതൃകകൾ**

11:1–2, വിശ്വാസം: നിർവ്വചനം
11:3–7, വിശ്വാസം: സൃഷ്ടിമുതൽ നോഹവരെ
11:8–22, വിശ്വാസം: അബ്രാഹംമുതൽ ജോസഫുവരെ
11:23–31, വിശ്വാസം: മോശയും ഇസ്രായേലും
11:32–38, വിശ്വാസം: പ്രവാചകരും രക്തസാക്ഷികളും
11:39–40, വിശ്വാസം: ക്രൈസ്തവരിൽ പൂർത്തീകരിക്കപ്പെടുന്നു

**12:1–17, സഹനത്തിലെ വിശ്വാസസ്ഥിരതക്കുള്ള ആഹ്വാനം.**

12:1–3, ക്രിസ്തുവിനെ നോക്കുക
12:4–11, സഹനം അച്ചടക്കത്തിന്
12:12–13, ശക്തി വീണ്ടെടുക്കുക
12:14–17, വീണ്ടും മുന്നറിയിപ്പുകൾ

**ഭാഗം 5**

**12:18–13:19, *ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിത രീതി***

**12:18–29, ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കുക**

**13:1–19, വിശ്വാസികളുടെ സമൂഹത്തിലെ ജീവിതരീതികൾ**

13:1–6, പരസ്പരമുള്ള കടമകൾ
13:7–8, ജീവിതമാതൃകകൾ
13:9–16, ക്രിസ്തുവിന്റെ ബലി
13:17–19, നേതൃത്വത്തെക്കുറിച്ച്

**13:20–25, വ്യക്തിപരമായ ആശംസകളും സമാപനാശീർവാദവും**

## ദൈവശാസ്ത്രവിചിന്തനങ്ങൾ

**1. ക്രിസ്തുവിജ്ഞാനീയം:** പുതിയ നിയമത്തിന്റെ പൊതുവായ ചിന്താധാരയിൽ നിന്ന് വ്യത്യസ്തമായ ഒരു ദൈവശാസ്ത്ര ദർശനമാണ് ഹെബ്രായ ലേഖനത്തിനുള്ളത്. എന്നാൽ ഹെബ്രായ ലേഖനത്തിന്റെ





അന്തസ്സത്തയായി വർത്തിക്കുന്ന സുവിശേഷവും മറ്റ് പുതിയ നിയമ ഗ്രന്ഥങ്ങളുടെ അടിസ്ഥാനമായ സുവിശേഷവും ഒന്നുതന്നെയാണെന്ന് അന്തിമാപഗ്രഥനത്തിൽ വ്യക്തമാകും.

ദൈവപുത്രനായ യേശുവിൽ പുതിയ യുഗം ആരംഭിച്ചിരിക്കുന്നു (4:14). കാലത്തിന്റെ പൂർണ്ണതയിൽ അവൻ എന്നേക്കുമായി പ്രത്യക്ഷനായി (9:26); തന്റെ വചനത്തിന്റെ ശക്തിയാൽ സൃഷ്ടികർമ്മത്തിൽ അവൻ നിർണ്ണായക പങ്കുവഹിച്ചു (1:1–3; cfr. യോഹ 1:1–3; കൊളോ 1:15–17; വെളി 3:14). യേശു ദാവീദിന്റെ വംശത്തിൽ പിറന്നവനും (ഹെബ്രാ 7:14) ലോകത്തിന്റെ പാപങ്ങൾ നീക്കാനായി മരിച്ചവനുമാണ് (9:26; cfr. റോമാ 4:25; 1 കോറി 15:3). മരണശേഷം ഉയിർത്തെഴുന്നേറ്റവനും (ഹെബ്രാ 13:20) മഹത്ത്വീകരിക്കപ്പെട്ടവനുമാണ് (cfr. റോമാ 8:34; ഫിലി 2:9–11). തന്റെ ജനങ്ങളുടെ രക്ഷയ്ക്കായി (ഹെബ്രാ 9:28) അവൻ വീണ്ടുംവരും (10:37). യേശുവിന്റെ ആത്മാവ് വിശ്വാസികളിൽ സദാപ്രവർത്തന നിരതമാണ് (2:4; cfr. 1 കോറി 12:4; ഗലാ 3:2–5).

**2. പ്രധാന പുരോഹിതനായ യേശു:** യേശു മോശയേക്കാളും (3:3) മാലാഖമാരേക്കാളും (1:4) ഉന്നതനാണ്. ദൈവപുത്രനായ യേശു സൃഷ്ടി കർമ്മത്തിൽ നിർണ്ണായക പങ്കുവഹിച്ചു (1:1–3). എന്നാൽ, മനുഷ്യപുത്രൻ കൂടിയായ യേശു തന്നെത്തന്നെ എളിമപ്പെടുത്തി മരണത്തിന് ഏല്പിച്ചു കൊടുത്തു (2:5–18). തന്മൂലം അവിടുന്ന് മഹത്ത്വീകൃതനായി (1:3; 4:14).

യേശുവിന്റെ രക്ഷാകരദൗത്യത്തെ പ്രധാനപുരോഹിതന്റെ ദൗത്യ വുമായാണ് ഹെബ്രായ ലേഖനം താരതമ്യം ചെയ്യുന്നത്. യേശുവിന്റെ പൗരോഹിത്യത്തെക്കുറിച്ച് പ്രത്യക്ഷത്തിൽ പരാമർശമുള്ള ഏകപുതിയ നിയമഗ്രന്ഥമാണത്. സങ്കീ 110:4 ന്റെ പശ്ചാത്തലത്തിലാണ് "മെൽക്കി സെദെക്കിന്റെ ക്രമപ്രകാരം നിത്യപുരോഹിതനായ" യേശുവിനെ ലേഖന കർത്താവ് അവതരിപ്പിക്കുന്നത് (7:1–3). ഉൽപ 14:18–20–ലെ മെൽക്കി സെദേക്കിന്റെ വിവരണം ലേഖനകർത്താവ് അതേപടി ആവർത്തി ക്കുന്നില്ല; മറിച്ച്, യേശുവിന്റെ പൗരോഹിത്യത്തിന്റെ അനന്യശ്രേഷ്ഠ തയാണ് ഊന്നിപ്പറയാൻ ശ്രമിക്കുന്നത്. മറ്റു പ്രധാനപുരോഹിത ന്മാരിൽനിന്ന് വ്യത്യസ്തനായ യേശു "പരിശുദ്ധനും ദോഷരഹിതനും നിഷ്കളങ്കനും സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ടവനുമാണ്" (7:26). നമ്മുടെ ബലഹീനതയിൽ നമ്മോടൊത്ത് സഹതപിക്കാൻ കഴിയുന്ന പ്രധാന പുരോഹിതനാണവിടുന്ന് (4:15–16; 5:7–10).

യേശുവിന്റെ പൗരോഹിത്യം അഹറോന്റെ ആചാരശുശ്രൂഷയിൽ നിന്നു വ്യത്യസ്തമാണ്. ജറെമിയ പ്രവചിച്ച പുതിയ ഉടമ്പടിയുടെ (ജറെ 31:3–34) ശുശ്രൂഷകനാണവിടുന്ന്. അഹറോനാകട്ടെ സീനായ് മലയിലെ പഴയ ഉടമ്പടിയുടെ ശുശ്രൂഷകനും (ഹെബ്രാ 7:11–19; 8:6–13). യുഗാരംഭം മുതൽ അർപ്പിക്കപ്പെട്ട എല്ലാ ബലികളെയുംകാൾ ശ്രേഷ്ഠമായ ബലിയാണ് യേശു അർപ്പിച്ചത് (9:23). ഈ ബലിനടന്ന ശ്രീകോവിലും അനന്യശ്രേഷ്ഠമായിരുന്നു (9:11). പൗരോഹിത്യവും ബലിയർപ്പ ണവും അഭേദ്യമാംവിധം ബന്ധപ്പെട്ട യാഥാർത്ഥ്യങ്ങളാണ്. അഹറോന്റെ

വംശത്തിൽപ്പെട്ട പുരോഹിതൻ അനുദിനം മൃഗബലി അർപ്പിച്ചിരുന്നു (7:27). കൂടാതെ, പാപപരിഹാര ദിനത്തിൽ പ്രത്യേക ബലിയും (9:7). എന്നാൽ, ജനത്തിന്റെ പാപം മോചിപ്പിക്കാൻ ഇവയ്ക്കൊന്നിനും കഴിവുണ്ടായിരുന്നില്ല (10:4). മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കാൻ ഈ ബലികൾ അപര്യാപ്തമായിരുന്നു (9:9). തന്നെത്തന്നെ ബലിയായി അർപ്പിച്ച (9:26) യേശുവിന്റെ പരിപൂർണ്ണമായ ബലിയിലൂടെയാണ് ഈ ന്യൂനതകൾ പരിഹരിക്കപ്പെട്ടത് (9:14).

സങ്കീ 40:6-8ന്റെ പാശ്ചാത്തലത്തിലാണ് ലേഖനകർത്താവ് യേശുവിന്റെ ബലിയെ അവതരിപ്പിക്കുന്നത് (10:5-7). പിതാവിനോ ടുള്ള പരിപൂർണ്ണ വിധേയത്വമായിരുന്നു യേശുവിന്റെ ബലിയുടെ വൈശി ഷ്ട്യത്തിനാധാരം (10:10-22). യേശുവിന്റെ ബലിയിലൂടെ സ്ഥാപിതമായ പുതിയ ഉടമ്പടിയുടെ നിയമങ്ങൾ ഹൃദയ ഫലകങ്ങളിലാണ് എഴുത പ്പെട്ടത് (10:15-18). ആവർത്തിക്കപ്പെടാനാ വാത്തവിധം പരിപൂർണ്ണമായ യേശുവിന്റെ ബലിയുടെ ഫലം അനുഭവിച്ചശേഷവും ഒരുവൻ മനഃപൂർവ്വം പാപം ചെയ്താൽ നിത്യശിക്ഷ മാത്രമായിരിക്കും അവനുള്ള പ്രതിഫലം (10:26-31).

**3. യുഗാന്ത്യദർശനം:** പ്ലേറ്റോയുടെ ചിന്താഗതിക്കു സമാനമായി നിത്യതയുടെയും അമർത്യതയുടേതുമായ രണ്ടു ലോകങ്ങളെക്കു റിച്ചുള്ള ധാരണ ലേഖനകർത്താവിനുണ്ടായിരുന്നു എന്ന് ആരോപി ക്കുന്നവരുണ്ട്. 8,9 അദ്ധ്യായങ്ങളിൽ ദൈവത്തിന്റെ വാസസ്ഥലവും ഭൂമിയും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ലേഖനകർത്താവ് എണ്ണിപ്പറയുന്ന താണ് ഇതിനുള്ള തെളിവായി നിരത്തപ്പെടുന്നത്. പ്ലേറ്റോയുടെ ചിന്ത ലേഖനകർത്താവിനെ സ്വാധീനിച്ചിട്ടുണ്ടെന്നത് ശരിയാണെങ്കിലും അദ്ദേഹത്തിന്റെ ആത്യന്തികമായ യുഗാന്ത്യവീക്ഷണത്തിനാധാരം യഹൂദചിന്താഗതി തന്നെയാണ് (അതായത്, രണ്ടുലോകങ്ങളല്ല; രണ്ടു യുഗങ്ങളാണുള്ളത്). യേശുവിന്റെ വരവോടെ പുതുയുഗം ആരംഭിച്ചു കഴിഞ്ഞു (1:2; കൂടാതെ 1 കോറി 10:11; 1 പത്രോ 1:20 എന്നിവ കാണുക). ഈ പുതുയുഗത്തിന്റെ പൂർണ്ണത യേശുവിന്റെ രണ്ടാമത്തെ ആഗമന ത്തിലാണ് (12:28-13:14).



# 10
# സാർവ്വത്രിക ലേഖനങ്ങൾ

പുതിയ നിയമഗ്രന്ഥങ്ങളിൽ ഇരുപത്തിയൊന്ന് എണ്ണം ലേഖന വിഭാ ഗത്തിൽപെടുന്നവയാണ്. പൗലോസിന്റെ ലേഖനങ്ങൾ, അജപാലന ലേ ഖനങ്ങൾ, കാതോലിക ലേഖനങ്ങൾ എന്നിവയാണിവ. ഇതിൽ, ഹെബ്രാ യർക്കുള്ള ലേഖനങ്ങൾ സാരോപദേശങ്ങൾ ലേഖനരൂപത്തിൽ കോർത്തി ണക്കിയതാണ്. അതേസമയം, യാക്കോബ്ശ്ലീഹായുടെ ലേഖനങ്ങളിൽ ലേഖനത്തിന്റെ പല അടിസ്ഥാന സ്വഭാവസവിശേഷതകളും ദൃശ്യമല്ല. യൂദായുടെയും പത്രോസിന്റെയും ലേഖനങ്ങളും ഉപരിപ്ലവമായേ ലേഖന ഗ്രന്ഥവിഭാഗത്തിൽ ഉൾപ്പെടുന്നുള്ളൂ. ഇവ പലപ്പോഴും ഒരു സരോപദേശ ശൈലിയാണ് പിന്തുടരുന്നത്. വെളിപാട് ഗ്രന്ഥം യഥാർത്ഥത്തിൽ ലേഖ നരൂപത്തിലാണെങ്കിലും ഇത് വെളിപാട് സാഹിത്യരൂപത്തിലാണ് ഉൾപ്പെ ടുത്തിയിരിക്കുന്നത്. സാധാരണയായി ലേഖനങ്ങൾ പ്രത്യേക സാഹച ര്യങ്ങളിൽ പ്രത്യേക വ്യക്തികൾക്കോ സമൂഹത്തിനോ നേരിട്ട് ആശയ ങ്ങൾ കൈമാറുന്നതിനുള്ള ഉപാധിയായിരുന്നു. സുവിശേഷങ്ങളെപോ ലെതന്നെ ലേഖനങ്ങൾക്കും ആദ്യകാല ക്രൈസ്തവസാഹിത്യ രംഗത്ത് ഉന്നതമായ സ്ഥാനം ലഭിച്ചു. ഉപദേശരൂപേണയുള്ള ഭാഷാശൈലി ലേഖ നങ്ങൾക്ക് ജനങ്ങളുടെ ഇടയിൽ സ്വാധീനം വളർത്തി.

**കാതോലിക ലേഖനങ്ങൾ**

പൗലോസിന്റെ ലേഖനത്തിനുപുറമേ എട്ടു ലേഖനങ്ങൾകൂടി പുതിയ നിയമത്തിലുണ്ട്. ഒരു പ്രത്യേക ക്രൈസ്തവസമൂഹത്തിന് എന്നതിലു പരി, സഭയ്ക്ക് മുഴുവനായി എഴുതപ്പെട്ട ഈ ലേഖനങ്ങൾ ഇക്കാരണ ത്താൽതന്നെ കാതോലിക ലേഖനങ്ങൾ എന്നറിയപ്പെടുന്നു. യാക്കോ ബിന്റെ ലേഖനം, പത്രോസിന്റെ രണ്ടു ലേഖനങ്ങൾ, യൂദായുടെ ലേഖ നം, യോഹന്നാന്റെ മൂന്നു ലേഖനങ്ങൾ എന്നിവയാണവ. വി. ഗ്രന്ഥത്തിൽ

അഞ്ചു യാക്കോബുമാർ പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും 'യേശു ക്രിസ്തുവിന്റെ സഹോദരൻ' എന്നു വിശേഷണം ലഭിച്ച യാക്കോബാണ് (മത്താ 13:55; മർക്കോ 6:3; അപ്പ 12:17; 15:13; 21:18) ലേഖന കർത്താവായി പരിഗണിക്കപ്പെടുന്നത്. ചിലരുടെ അഭിപ്രായത്തിൽ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യാക്കോബിന്റെ ശിഷ്യരിൽ ഒരുവനാണിത് എഴുതിയത്. ഈ യാക്കോബിന്റെ സഹോദരൻ യൂദാസാണ് 'യൂദാ' ലേഖന കർത്താവ്. യോഹന്നാന്റെ ഒന്നാം ലേഖനം യോഹന്നാൻതന്നെ എഴുതിയതാണെന്ന് വിശ്വസിക്കപ്പെടുന്നു. എന്നാൽ, രണ്ടും മൂന്നും ലേഖനങ്ങളുടെ കാര്യത്തിൽ പണ്ഡിതർക്ക് ഭിന്നാഭിപ്രായമാണ്.

# യാക്കോബ് എഴുതിയ ലേഖനം

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

## ആമുഖം

പുതിയനിയമ ഗ്രന്ഥങ്ങളിൽ ആദ്യം എഴുതപ്പെട്ടതു ലേഖനങ്ങളാണ്. വി. പൗലോസ്ശ്ലീഹായാണ് താൻ സുവിശേഷമറിയിച്ചു വിശ്വാസത്തിലേക്കു നയിച്ച സഭാസമൂഹങ്ങൾക്കു ലേഖനമെഴുതുന്ന രീതി ആരംഭിച്ചത്. രക്ഷയുടെ സുവിശേഷമറിയിച്ചുകൊണ്ടു പട്ടണങ്ങൾതോറും ചുറ്റി സഞ്ചരിച്ചിരുന്ന പൗലോസ്ശ്ലീഹാ, തന്നിൽനിന്ന് അകലെയായിരുന്ന വിശ്വാസി സമൂഹങ്ങൾക്ക്, അതതു സമൂഹത്തിന്റെ പ്രത്യേക സാഹചര്യങ്ങളും ആവശ്യങ്ങളുമനുസരിച്ച്, ഈശോയുടെ സുവിശേഷവും സുവിശേഷമൂല്യങ്ങളും വ്യാഖ്യാനിച്ചു നല്കി. അപ്രകാരം ആദ്യനൂറ്റാണ്ടിന്റെ രണ്ടാം പകുതിയുടെ ആരംഭത്തിൽ പൗലോസ് ശ്ലീഹാ വിവിധ ക്രൈസ്തവ സമൂഹങ്ങൾക്കായി വിവിധ ലേഖനങ്ങളെഴുതി. ഇതേ കാലയളവിൽത്തന്നെ ആദിമസഭയിലെ പ്രമുഖരായിരുന്ന വി. പത്രോസ്, വി. യാക്കോബ്, വി. യോഹന്നാൻ. വി. യൂദാ തുടങ്ങിയ ശ്ലീഹന്മാരും ലേഖനങ്ങളെഴുതി. ഏതെങ്കിലും ഒരു പ്രത്യേക ക്രൈസ്തവ സമൂഹത്തെ ഉദ്ദേശിച്ചെന്നതിലുപരി, സാർവത്രിക സഭയെ ലക്ഷ്യംവച്ചാണ് അവർ എഴുതിയത്. അതുകൊണ്ട് ഇവ 'സാർവത്രിക ലേഖനങ്ങൾ' അഥവാ 'കാതോലിക ലേഖനങ്ങൾ' എന്നറിയപ്പെടുന്നു. സാർവത്രികസഭയിൽ അവർക്കുണ്ടായിരുന്ന സ്ഥാനമാണ് ഇപ്രകാരം എഴുതുവാൻ അവർക്ക് ആധികാരികത നല്കിയത്. ഏതു സഭാസമൂഹത്തിലെയും പ്രശ്നങ്ങളും സംശയങ്ങളും ചോദ്യങ്ങളുമെല്ലാം മിക്കവാറും ഒരുപോലുള്ളവയായിരുന്നു. ലോകമെമ്പാടുമുള്ള വിശ്വാസികളേവരെയും ഉദ്ദേശിച്ച് എഴുതപ്പെട്ടവ എന്ന നിലയിൽ ഇവയ്ക്കു സാർവത്രിക പ്രസക്തിയുണ്ട്.

ഈ ലേഖനത്തിന്റെ ദൈവനിവേശിത സ്വഭാവത്തെപ്പറ്റി ക്രൈസ്തവ ഗ്രന്ഥകാരന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നതായി സഭാചരിത്രകാരനായ എവുസേബിയൂസ് (തിരുസഭാചരിത്രം, 3:25-3) രേഖപ്പെടുത്തുന്നുണ്ട്. വിജാതീയ ക്രൈസ്തവരിലൂടെ വളർന്നുവന്ന സഭയിൽ സെമിറ്റിക് ശൈലിയും സമീപനവുമുള്ള ഈ ലേഖനത്തെപ്പറ്റി സംശയമുണ്ടായതു സ്വാഭാവികം മാത്രം. അലക്സാൺഡ്രിയായിലെ ഒരിജൻ (മിശിഹാവർഷം 185-254) ആണ് യാക്കോബിന്റെ ലേഖനത്തിൽനിന്ന് ആദ്യം ഉദ്ധരിച്ചു കാണുന്നത്. തുടർന്ന് പാശ്ചാത്യസഭയിലെ പിതാക്കന്മാരായ പറ്റിലെയിലെ ഹിലാരി, ആഗസ്തീനോസ്, ജറോം തുടങ്ങിയവർ യാക്കോബിന്റെ ലേഖനം ഉപയോഗിച്ചിരുന്നു. നാലാം നൂറ്റാണ്ടിൽ ഹിപ്പോയിലും (393) കാർത്തേജിലും (397) കൂടിയ കൗൺസിലുകളും ഈ ലേഖനം ദൈവനിവേശിതഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുറിയാനി സഭയുടെ ഔദ്യോഗിക പരിഭാഷയായ പ്ശീത്തായിൽ ആരംഭംമുതൽ യാക്കോബിന്റെ ലേഖനമുണ്ട്. വിശ്വാസത്തിലൂടെ നീതീകരണം എന്ന പൗലോസ്ശ്ലീഹായുടെ പ്രബോധനത്തിനെതിരാണു യാക്കോബ് എന്നു തെറ്റുദ്ധരിച്ചതുകൊണ്ട് ലൂഥറും കൂട്ടരും ഈ ലേഖനത്തെ പൂർണമായി അവഗണിച്ചു. എന്നാൽ, ഇന്നു പ്രോട്ടസ്റ്റന്റ് ഗ്രൂപ്പുകൾപോലും യാക്കോബിന്റെ ലേഖനം കാനോനികമായി അംഗീകരിക്കുന്നുണ്ട്.

## ലേഖന കർത്താവ്

എഴുതുന്നയാൾ ലേഖനാരംഭത്തിൽ സ്വയം പരിചയപ്പെടുത്തുന്നുണ്ട്: "ദൈവത്തിന്റെയും നമ്മുടെ കർത്താവായ ഈശോമിശിഹായുടെയും ദാസനായ യാക്കോബ്" (1:1). നമ്മുടെ കർത്താവു തിരഞ്ഞെടുത്ത ശ്ലീഹന്മാരുടെ ഗണത്തിൽ രണ്ടു യാക്കോബ് നാമധാരികളാണുള്ളത്: സെബദിയുടെ പുത്രനും യോഹന്നാന്റെ സഹോദരനുമായ യാക്കോബും (മർക്കോ 1:19) ഹല്പൈയുടെ പുത്രനായ യാക്കോബും (മർക്കോ 3:18). ജറുസലെംസഭയുടെ ആദ്യാദ്ധ്യക്ഷനായിരുന്നു സെബദിയുടെ പുത്രനായ യാക്കോബ്. മിശിഹാവർഷം 44 നോടടുത്ത് ഹേറോദേസ് അഗ്രിപ്പായുടെ ഭരണകാലത്ത് രക്തസാക്ഷിയായി (അപ്പ. പ്രവ. 12:2). 44 മുമ്പുള്ള പശ്ചാത്തലമല്ല ലേഖനത്തിൽ പ്രതിഫലിക്കുന്നത്. അതുകൊണ്ട് രണ്ടാമത്തെ യാക്കോബായ ഹല്പൈയുടെ പുത്രനായിരിക്കണം ഈ ലേഖനകർത്താവ്. നമ്മുടെ കർത്താവിന്റെ സഹോദരൻ എന്നുകൂടി അറിയപ്പെട്ടിരുന്ന ഇദ്ദേഹം ജറുസലേംസഭയുടെ രണ്ടാമത്തെ തലവൻ (അപ്പ. പ്രവ. 12:17). ജറുസലേംകൗൺസിലിനു നേതൃത്വം നല്കിയത് ഇദ്ദേഹമാണ് (അപ്പ. പ്രവ. 15:13; 21:18). വി. പൗലോസ്ശ്ലീഹാ തന്നെയും യാക്കോബിനെ കാണാൻ ജറുസലേമിൽ എത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (ഗലാ 1:19). അദ്ദേഹവും യാക്കോബിനെ വിശേഷിപ്പിക്കുന്നത് "കർത്താവിന്റെ സഹോദരൻ" എന്നാണ്.

വി. യാക്കോബിന്റെ മരണത്തെക്കുറിച്ചു രണ്ടു പ്രബലപാരമ്പര്യങ്ങൾ നിലവിലുണ്ട്. യഹൂദചരിത്രകാരനായ ജോസേഫൂസിന്റെ (Jewish War, 2.200) അഭിപ്രായത്തിൽ യാക്കോബിന്റെ രക്തസാക്ഷിത്വം മിശിഹാവർഷം 62-ഓടുകൂടിയാവണം. എന്നാൽ ഹെഗേസിപ്പൂസിന്റെ അഭിപ്രായത്തിൽ (കാണുക, എവുസേബിയൂസ്, തിരുസഭാചരിത്രം, 2:23-18) മിശിഹാവർഷം 67 ഓടുകൂടിയാണത്. ലേഖനം അറുപതുകളിൽ എഴുതപ്പെട്ടു എന്നുമാത്രമേ നമുക്കു പറയാനാവൂ. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുത

പ്പെട്ട ഹെർമാസിന്റെ ഇടയൻ എന്ന ശ്ലൈഹികപിതാക്കന്മാരുടെ ഗ്രന്ഥം യാക്കോബിന്റെ ലേഖനത്തെ ഏറെ ആശ്രയിക്കുന്നുണ്ട്.

## പന്ത്രണ്ടു ഗോത്രങ്ങൾക്ക്

വിജാതീയരുടെ ഇടയിൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്ക് അഭിവാദനം അർപ്പിച്ചുകൊണ്ടാണ് വി. യാക്കോബ് ലേഖനം ആരംഭിക്കുന്നത്. പന്ത്രണ്ടു ഗോത്രങ്ങൾ എന്ന പ്രയോഗം പഴയനിയമത്തിലെ യാക്കോബിന്റെ സന്തതിപരമ്പരയിൽപ്പെട്ട പന്ത്രണ്ടു ഗോത്രങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. ആ പഴയനിയമ ജനതയുടെ തുടർച്ചയും പൂർത്തീകരണവുമായാണ് വി. യാക്കോബ് പുതിയനിയമ ദൈവജനത്തെ വീക്ഷിക്കുന്നത്. പഴയനിയമ യാക്കോബിന്റെ പന്ത്രണ്ടു മക്കളുടെ സ്ഥാനത്താണല്ലോ പന്ത്രണ്ടു ശ്ലീഹന്മാർ. പുതിയനിയമ ദൈവജനമായ ക്രൈസ്തവർക്കെഴുതുന്നതിനു യാക്കോബ് ശ്ലീഹായ്ക്കുള്ള ആധികാരികത കൂടി വ്യംഗ്യമായി സൂചിപ്പിക്കപ്പെടുന്നുണ്ടിവിടെ.

വിജാതീയർക്കിടയിൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ടു ഗോത്രങ്ങൾക്കാണല്ലോ വി. യാക്കോബ് എഴുതുന്നത്. അക്രൈസ്തവരായ ജനതകൾക്കിടയിൽ ജീവിക്കുന്ന ലോകമെമ്പാടുമുള്ള വിശ്വാസികളെയാണ് അദ്ദേഹം ലക്ഷ്യം വയ്ക്കുന്നത്. വി. പത്രോസ്ശ്ലീഹായും വിവിധ സ്ഥലങ്ങളിൽ ചിതറിപ്പാർക്കുന്ന പ്രവാസികൾക്കാണു ലേഖനമെഴുതുന്നത് (1 പത്രോ 1:17; 2:11). വിജാതീയർ സത്യദൈവത്തെ അറിയുന്നതിനു ചിതറിക്കപ്പെട്ട യഹൂദരുടെ സാന്നിദ്ധ്യം അവസരമൊരുക്കിയതുപോലെ, ചിതറിപ്പാർക്കുന്ന ക്രൈസ്തവരിലൂടെ മറ്റുമതവിശ്വാസികൾ സത്യദൈവത്തെ അറിയാനിടയാവട്ടെ എന്ന ആശംസയും ഇവിടെയുണ്ട്.

യാക്കോബിന്റെ ലേഖനത്തിലെ ആമുഖവചനങ്ങൾ മറ്റു പുതിയനിയമ ലേഖനങ്ങളിലെ ആമുഖങ്ങളോടു സദൃശമെന്നു തോന്നാമെങ്കിലും വളരെയേറെ വ്യത്യസ്തയുള്ള ലേഖനമാണ് ഇത്. ഈ ലേഖനത്തിന്റെ സ്വീകർത്താക്കൾ ആരാണെന്നു വ്യക്തമല്ല. ആരാണു ലേഖനകർത്താവ് എന്നുള്ളതും അവ്യക്തമാണ്. ആധികാരികതയോടെയാണു സംസാരിക്കുന്നതെങ്കിലും അദ്ദേഹത്തിനു സമൂഹത്തോടു വ്യക്തിപരമായ എന്തെങ്കിലും ബന്ധമുണ്ടെന്നതിനുള്ള സൂചനയും ലേഖനത്തിലില്ല. മറ്റു ലേഖനങ്ങളിലേതുപോലുള്ള ഉപസംഹാരവും ഈ ലേഖനത്തിൽ ഇല്ല. ഏതെങ്കിലും ഒരു പ്രത്യേക പ്രശ്നത്തെയോ സാഹചര്യത്തെയോ അഭിസംബോധന ചെയ്യുന്നില്ല എന്നതും ഈ ലേഖനത്തിന്റെ പ്രത്യേകതയാണ്. ലേഖനത്തിന്റെ പൊതുപ്രമേയമായി ഒരു വിഷയം ചൂണ്ടിക്കാണിക്കാനും എളുപ്പമല്ല. എന്നും ഏതു സഭയിലും ഒരുപോലെ പ്രസക്തമായ പല വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെടുന്നു. അതുകൊണ്ടുതന്നെ ഇന്നും ഈ കാതോലിക അഥവാ സാർവത്രിക ലേഖനത്തിനു പ്രാധാന്യമുണ്ട്.

## ലേഖനഘടന

വി. യാക്കോബിന്റെ ലേഖനത്തിലെ ഒന്നാം അദ്ധ്യായം ലേഖനം മുഴുവന്റെയും പ്രമേയം അവതരിപ്പിക്കുന്നുണ്ട്. ഈ അദ്ധ്യായത്തിന്റെ ഘടന ഗ്രഹിച്ചാൽ ലേഖനം മുഴുവന്റെയും ഘടന മനസ്സിലാക്കാൻ





എളുപ്പമാകും. ആദ്യവാചകം ലേഖനകർത്താവിന്റെ സ്വയം പരിചയ പ്പെടുത്തലും ആരെ ഉദ്ദേശിച്ചാണു എഴുതുന്നത് എന്ന വസ്തുതയും പ്രാരംഭാശംസയും ഉൾക്കൊള്ളുന്നു. തുടർന്നുള്ള ഭാഗത്തു താഴെ പറയുന്ന ക്രമം കാണുവാൻ സാധിക്കും.

A 1:2-4 വിശ്വാസപരീക്ഷകൾ

B 1:5-8 വിശ്വാസത്തിലെ ഇരട്ടത്താപ്പ്

C 1:9-16 ജീവന്റെ കിരീടത്തെക്കുറിച്ചുള്ള വാഗ്ദാനം

D 1:17-18 സത്യത്തിന്റെ വചനത്തിലൂടെ വിശ്വാസജീവിതത്തിലേക്ക്

C' 1:19-21 രക്ഷാകരമായ വചനം

B' 1:22-25 വചനവുമായി ബന്ധപ്പെട്ട ഇരട്ടത്താപ്പ്

A' 1:26-27 വിശ്വാസജീവിതം

വിശ്വാസജീവിതമാണ് മുഖ്യപ്രമേയമെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാകും. വിശ്വാസ ജീവിതത്തിലുണ്ടാകുന്ന പരീക്ഷകളെക്കുറിച്ചു പരാമർശിച്ചുകൊണ്ട് ആരംഭിക്കുന്ന അദ്ധ്യായം (A) വിശ്വാസത്തിന്റെ പ്രായോഗികമാനം ചൂണ്ടിക്കാണിച്ചുകൊണ്ട് അവസാനിക്കുന്നു (A'). ഈശോയിൽ വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുകയും ദൈവിക വാഗ്ദാനങ്ങളെക്കുറിച്ചു സംശയിക്കുകയും ചെയ്യുന്നത് ഇരട്ടത്താപ്പു നയമാണ് (B). സ്വീകരിക്കുന്ന വചനമനുസരിച്ചു ജീവിക്കാതി രിക്കുന്നതും ഇരട്ടത്താപ്പുതന്നെ (B'). വിശ്വാസപരീക്ഷകളിൽ വീഴാതെ ഉറച്ചു നില്ക്കുന്നവർക്ക് നിത്യജീവന്റെ കിരീടം ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു (C). ഈ വാഗ്ദാനം നമുക്കു ലഭിച്ചിരിക്കുന്നത് യഥാർത്ഥ വചനമായ ഈശോമിശിഹായിലൂടെയാണ്. ഈ വചനം നമ്മുടെ ആത്മാക്കളെ രക്ഷിക്കുവാൻ ശക്തിയുള്ളതാണ് (C').

അദ്ധ്യായത്തിന്റെ കേന്ദ്രഭാഗത്ത് ക്രൈസ്തവാസ്തിത്വത്തിന്റെ അടിസ്ഥാനം അവതരിപ്പിക്കുന്നു (D). സത്യത്തിന്റെ വചനത്തിലൂടെ പുതിയൊരു ജീവിതത്തിലേക്കുള്ള ജനനമാണിത്. വിശ്വാസി സമൂഹത്തിൽ നിലനില്ക്കുന്ന വിവിധങ്ങളായ പരീക്ഷകളെക്കുറിച്ചു പരാമർശിച്ചുകൊണ്ട് ആരംഭിക്കുന്ന യാക്കോബ്ശ്ലീഹാ അവയെ വിശ്വാസത്തിന്റെ മാറ്റു തെളിയിക്കുന്നതിനുള്ള അവസരങ്ങളായാണ് വിശദീകരിക്കുന്നത്. അവയെ വിജയകരമായി തരണം ചെയ്താൽ, ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം ഉറപ്പാണ്. ഈ കിരീടം പ്രാപിക്കുന്നതിനു സഹായകമായ മനോഭാവങ്ങളും മാർഗങ്ങളും നിർദ്ദേശിക്കുകയാണ് ശ്ലീഹാ ലേഖനത്തിലുടനീളം. ഈ പ്രബോധനങ്ങൾക്കെല്ലാം അടിസ്ഥാനം നവജന്മം നല്കുന്ന സത്യത്തിന്റെ വചനമാണ്. ദൈവ പുത്രനും മിശിഹായുമായ നസ്രായനായ ഈശോയാണ് ഈ വചനം. ക്രൈസ്തവന്റെ പുതുജന്മം വചനത്തിൽ നിന്നാകയാൽ ജീവിതവും വചനാധിഷ്ഠിതമാകണമെന്നു ശ്ലീഹാ സ്ഥാപിക്കുന്നു. വചനം ശ്രവിക്കുന്നവരും അനുദിനജീവിതത്തിൽ അതു പ്രാവർത്തികമാക്കുന്നവരും ആകണം എന്നു സാരം. ഈ വചനത്തിന്റെ കാതലാകട്ടെ, നിന്നപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്നതാണ്. ഇതിനെ സ്വാതന്ത്ര്യ

ത്തിന്റെ, പരിപൂർണതയുടെ നിയമം എന്നാണു യാക്കോബ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്. യഥാർത്ഥ ദൈവഭക്തി അഥവാ വിശ്വാസജീവിതം ഈ നിയമത്തിന്റെ പ്രാവർത്തികമാക്കലിനെ ആശ്രയിച്ചാണിരിക്കുന്നത്. 1:26-27 ൽ ഇതാണു വിവരിക്കപ്പെടുന്നത്. ഈ നിയമപ്രകാരം നാവിനെ നിയന്ത്രിക്കുന്നതും സമൂഹത്തിൽ ക്ലേശമനുഭവിക്കുന്നവരുടെ വേദന യകറ്റാൻ സാധിക്കുന്നതൊക്കെ ചെയ്യുന്നതും അനാഥരെയും വിധവക ളെയും അവരുടെ ദുരിതങ്ങളിൽ സഹായിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥവിശ്വാസജീവിതം. ലോകത്തിന്റെ കളങ്കമേശാതെ ജീവിക്കു ന്നതും ഇതിന്റെ ഭാഗമാണ്. ഇപ്രകാരമുള്ള ജീവിതം വിശ്വാസപരീക്ഷ കളെ വിജയകരമായി തരണംചെയ്യാൻ ഒരുവനെ പ്രാപ്തനാക്കും. തുടർന്നുവരുന്ന അദ്ധ്യായങ്ങളിൽ ഈ മൂന്നാശയങ്ങളാണ് വിശകലനം ചെയ്യ പ്പെടുന്നത്. അതിന്റെ ഘടന താഴെ കാണും വിധം അവതരിപ്പിക്കാം. വിശ്വാസജീവിതത്തിന്റെ പ്രായോഗിക മാനങ്ങളാണ് ഇവിടെ വിശദീകരി ക്കപ്പെടുന്നത്.

2:1-13 സ്നേഹത്തിന്റെ നിയമപ്രകാരം പാവങ്ങളോടു പരിഗണന കാണി ക്കേണ്ടതിന്റെ ആവശ്യകത

2:14-26 വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധം

3:1-12 നാവിന്റെ ദുരുപയോഗം മൂലമുണ്ടാകുന്ന പാപങ്ങൾ

3:13-18 ദൈവികജ്ഞാനവും ഭൗമിക ജ്ഞാനവും

4:1-10 ലോകമൈത്രി - ദൈവത്തോടുള്ള ശത്രുത

4:11-12 വിധിക്കുന്നതിനെക്കുറിച്ച്

4:13-17 ദൈവം മനസ്സാകുന്നെങ്കിൽ

5:1-6 സാമൂഹികനീതി

5:7-11 പ്രത്യാശയോടെ കാത്തിരിക്കുക

5:12 ആണയിടരുത്

5:13-18 അനുരഞ്ജന - രോഗീലേപന കൂദാശകൾ

5:19-20 ലേഖനത്തിനുള്ള പ്രചോദനത്തെപ്പറ്റി പരോക്ഷപരാമർശം

പഴയനിയമത്തിൽ പ്രഭാഷകനും പുതിയ നിയമത്തിൽ പൗലോസ് ശ്ലീഹായും അവലംബിക്കുന്ന ധാർമ്മികോപദേശ ശൈലി (paraenesis: 1 തെസ 4:1-12; 5:1-22; ഗലാ 5:1-6:10 കൊളോ 3:1-4:5 റോമ 12-13 ഹെബ്രാ 13) യാണ് യാക്കോബും സ്വീകരിക്കുന്നത്. മദ്ധ്യമപുരുഷ സർവനാമം ഉപയോഗിച്ചുള്ള ഉപദേശങ്ങളാണവയിലധികവും. എതിരാളിയോടു വാദ പ്രതിവാദത്തിലേർപ്പെടുന്ന ഒരു പ്രസംഗകന്റെ ശൈലിയും (diatribe) ഇടയ്ക്കു കാണാം. തന്റെ ധാർമ്മിക നിലപാടു സ്ഥാപിക്കുന്നതിനുവേണ്ടി എതിരാളിയുടെ വാദഗതികൾതന്നെ ഉദ്ധരിച്ചും അതിനെ ഖണ്ഡിച്ചും കേൾവിക്കാരെ സ്വന്തപക്ഷത്തുചേർത്തു നിർത്താനുള്ള ശ്രമമാണ് ഈ ശൈലിയുടെ പ്രത്യേകത (റോമാ 3:1-8 കാണുക). ഗ്രീക്കുഭാഷയും ശൈലികളും നല്ലവശമുള്ള വ്യക്തിയാണുലേഖനകർത്താവ്. വ്യാഖ്യാനം ആവശ്യമില്ലാത്തതരത്തിൽ അത്ര ലളിതവും ഋജുവുമാണ് യാക്കോബിന്റെ ഭാഷ.





ലേഖനത്തിന്റെ ഉള്ളടക്കം, യഹൂദ-ക്രൈസ്തവ പശ്ചാത്തലം വ്യക്ത മാക്കുന്നതാണ്. യഹൂദമതവും ക്രിസ്തുമതവും തമ്മിലുള്ള ബന്ധം ഈ ലേഖനത്തിൽ വളരെ പ്രകടമാണ്. ഈ ലേഖനത്തിലൂടെ കടന്നുപോ കുമ്പോൾ നമ്മൾ പഴയനിയമകാലഘട്ടത്തിലാണോ പുതിയനിയമകാ ലഘട്ടത്തിലാണോ എന്നു സംശയം തോന്നും. അത്രമാത്രം സാമ്യം ഇവിടെ പ്രതിപാദിക്കപ്പെടുന്ന വിഷയങ്ങൾക്കു പഴയനിയമ വിഷയങ്ങ ളോടുണ്ട്. നിയമത്തെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കാനല്ല, പൂർത്തി യാക്കാനാണ് താൻ വന്നത് എന്നരുളിച്ചെയ്ത നസ്രായന്റെ പാതയിൽ തന്നെയാണ് ഈ ലേഖനകർത്താവും.

# പത്രോസ് എഴുതിയ ഒന്നാം ലേഖനം

**ഡോ. ജോസഫ് പാംപ്ലാനി**

## ആമുഖം

വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾക്കു പുറമേ ഏഴു ചെറിയ ലേഖ നങ്ങൾകൂടി പുതിയനിയമത്തിൽ ഉൾക്കൊള്ളുന്നു. ഇവയെ പൊതുവേ 'കാതോലിക ലേഖനങ്ങൾ' എന്നാണ് വിളിക്കുക. പത്രോസിന്റെ ഒന്നാം ലേഖനം കാതോലിക ലേഖനങ്ങളുടെ ഗണത്തിൽ രണ്ടാമത്തേതാണ്. ദൈവശാസ്ത്രപരമായ ഒട്ടേറെ പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത ലേഖനം എല്ലാ കാലങ്ങളിലും പണ്ഡിതന്മാരുടെ പഠനത്തിന് വിധേയ മായിട്ടുണ്ട്.

## ലേഖനകർത്താവ്

ഈ ലേഖനത്തിന്റെ കർത്താവ് പത്രോസ് ശ്ലീഹായാണ് എന്ന് ആദി മസഭയുടെ കാലംമുതലേ വിശ്വസിച്ചിരുന്നു. യൗസേബിയൂസിന്റെ സഭാ ചരിത്രം ഇതിനു സാക്ഷ്യം നൽകുന്നുണ്ട്. (HE 4:14-9 ). 19-ാം നൂറ്റാ ണ്ടുവരെ ഈ നിലപാട് പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നു. എന്നാൽ ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈ രചനകൾ ഒന്നു കിൽ പത്രോസിന്റെ ശിഷ്യഗണങ്ങളിൽപ്പെട്ടവരുടെ (Petrine school) രച നയാകാം (ഇ. ബെസ്റ്റ്, എൽ. ഗോപ്പെൽറ്റ്, ജെ.എച്ച് ഏലിയട്ട് തുടങ്ങിയ വർ ഈ ചിന്താഗതിയുടെ വക്താക്കളാണ്); അല്ലെങ്കിൽ ഇതിന്റെ രചയി താവ് പത്രോസിന്റെ പേര് ആധികാരിതയ്ക്കുവേണ്ടി വ്യാജമായി ഉപ യോഗിക്കുന്നതാകാം (എൻ. ബ്രോക്സിന്റെ വ്യാഖ്യാനം - EKKNT, 21 - ഈ നിലപാടാണ് സ്വീകരിക്കുന്നത്).

യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ പത്രോസാണ് ഗ്രന്ഥ കർത്താവെന്ന് ലേഖനത്തിന്റെ ആരംഭത്തിൽത്തന്നെ സ്പഷ്ടമായി അവ തരിപ്പിക്കുന്നു (1:1). പരമ്പരാഗതമായി സഭയും ഇതുതന്നെ പഠിപ്പിക്കു ന്നു. കൂടാതെ സഭാപിതാവായ യൗസേബിയൂസിന്റെ കാലം മുതൽ (HE 4. 14.9) 19-ാം നൂറ്റാണ്ടുവരെ ആരും ഈ ലേഖനത്തിന്റെ കർതൃത്വത്തെപ്പറ്റി

കാര്യമായി സംശയം ഉന്നയിച്ചിരുന്നില്ല. എന്നാൽ ആധുനിക പണ്ഡിതന്മാരിൽ പലരും പത്രോസിന്റെ കർതൃത്വത്തെ എതിർക്കുന്നു. ഒന്നുകിൽ പത്രോസിന്റെ ശിഷ്യന്മാരോ അതുമല്ലെങ്കിൽ അടുത്ത ബന്ധമുള്ളവരോ ലേഖനം എഴുതി പത്രോസിന്റെ പേരിൽ പ്രസിദ്ധീകരിച്ചിരിക്കാമെന്ന് വാദിക്കുന്നു. പത്രോസിന്റെ കർതൃത്വത്തിനു എതിരായി നിരത്തുന്ന വാദഗതികൾ പ്രധാനമായും താഴെപ്പറയുന്നവയാണ്:

(1) താരതമ്യേന മെച്ചമേറിയ ഗ്രീക്കുശൈലിയും പഴയനിയമത്തിന്റെ ഗ്രീക്കു തർജ്ജമയായ സപ്തതി (LXX) യിൽ നിന്നുള്ള ഉദ്ധരണികളും. അറമായ ഭാഷ മാത്രമറിയാമായിരുന്ന ഗലീലിയിൽനിന്നുള്ള മുക്കുവനായ പത്രോസിൽനിന്നും ഇത്തരത്തിലുള്ള സുന്ദരമായ ഗ്രീക്കുഭാഷയും ശൈലിയും ഉടലെടുക്കാൻ സാധ്യതയില്ലായെന്ന് ചില ആധുനിക പണ്ഡിതന്മാർ വാദിക്കുന്നു. ആകയാൽ പഴയനിയമത്തിന്റെ ഗ്രീക്കുതർജ്ജമയുമായി അടുത്ത ബന്ധമുള്ള ആരോ ആണ് ഈ ലേഖനം രചിച്ചതെന്ന് ഇക്കൂട്ടർ വാദിക്കുന്നു. കൂടാതെ ഈശോയുടെ ശിഷ്യപ്രമുഖൻ ഗുരുവിനോടൊത്തുള്ള തന്റെ ജീവിതാനുഭവങ്ങളും അവിടുത്തെ പ്രബോധനങ്ങളും ദിവ്യോക്തികളും വിട്ടുകളയുന്നതു മനസ്സിലാക്കാൻ ഏറെ പ്രയാസമുണ്ട്.

(2) പൗലോസ് അപ്പസ്തോലന്റെ ലേഖനങ്ങളിലെ പല ആശയങ്ങളും ഭാഷാശൈലിയും ഇതിൽ അങ്ങിങ്ങായി പ്രതിഫലിക്കുന്നു. പത്രോസിന്റെ ചില ഉപദേശങ്ങൾ (ഉദാ: ഭാര്യാഭർത്താക്കന്മാർ, ദാസന്മാർ എന്നിവർക്ക് നൽകുന്നത്) ആശയത്തിലും ശൈലിയിലും എഫേസോസ് ലേഖനത്തേയും റോമാക്കാർക്കുള്ള ലേഖനത്തെയും അനുസ്മരിപ്പിക്കുന്നു. പൗലോസിന്റെ സഹപ്രവർത്തകനായ സിൽവാനോസ് മുഖേനയാണ് ഈ ലേഖനം രചിക്കപ്പെട്ടതെന്ന് ലേഖനാരംഭത്തിൽത്തന്നെ പരാമർശിക്കുന്നുണ്ട് (5:12). പൗലോസിന്റെ ശിഷ്യനായ സിൽവാനോസിന്റെ പങ്കാളിത്തമുള്ളതുകൊണ്ട് പൗലോസിന്റെ ആശയങ്ങളും ഭാഷാശൈലിയും ഈ ലേഖനത്തിലും പ്രതിഫലിക്കുക സ്വാഭാവികമാണ്. ആകയാൽ അക്കാലത്തെ പാരമ്പര്യമനുസരിച്ച് സിൽവാനോസിനെക്കൊണ്ട് ശ്ലീഹാ തന്റെ ആശയങ്ങൾ എഴുതിപ്പിച്ചതാകാമെന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. പൗലോസിന്റെ ശിഷ്യനായ സിൽവാനോസ് എഴുതിയതുകൊണ്ടായിരിക്കണം ഈ ലേഖനത്തിൽ പൗലോസിന്റെ ആശയങ്ങളും ഭാഷാശൈലിയും പ്രതിഫലിക്കുന്നത്. ഏതാനുംചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 പത്രോ 1:14 = റോമാ 12:2
1 പത്രോ 2:4-8 = റോമാ 9:32-33
1 പത്രോ 2:13-17 = റോമാ 13:1-7
1 പത്രോ 3:9 = റോമാ 12:17
1 പത്രോ 3:18 = റോമാ 5:2; എഫേ 2:18
1 പത്രോ 3:12,22 = എഫേ 1:20-21
1 പത്രോ 4:1 = റോമാ 6:6
1 പത്രോ 4:10-11 = റോമാ 12:6





പൗലോസിന്റെ സന്തതസഹചാരിയായിരുന്ന സിൽവാനോസ് പൗലോസിന്റെ ആശയങ്ങൾ ഈ ലേഖനത്തിൽ അനുസ്മരിക്കുന്നത് സ്വാഭാവികമാണ്.

(3) ലേഖനത്തിൽ പരാമർശിക്കുന്നതുപോലെയുള്ള രൂക്ഷവും വ്യാപകവുമായ മതമർദ്ദനം (2:12, 19; 3:9, 14-17; 4:4, 12-16, 19; 5:9) പത്രോസിന്റെ കാലഘട്ടത്തിൽ വ്യാപകമായ രീതിയിൽ നടന്നിരുന്നില്ല. നീറോ ചക്രവർത്തിയുടെ ഭരണകാലത്ത് ക്രി.വ. 67ൽ അഴിച്ചുവിട്ട മതപീഡനത്തിലാണ് അപ്പസ്തോലൻ രക്തസാക്ഷിമകുടം ചൂടിയതെന്ന് പാരമ്പര്യം തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നീറോയുടെ കാലത്തെ മതമർദ്ദനം ഹ്രസ്വവും പ്രാദേശികവുമായിരുന്നു. അദ്ദേഹത്തെത്തുടർന്ന് റോമൻ ചക്രവർത്തിമാരായ ട്രാജൻ, ഡൊമീഷ്യൻ (ക്രി.വ. 98-107), എന്നിവരുടെ ഭരണകാലത്താണ് മതമർദ്ദനം വ്യാപകമായത്. ദൈവികപദവിയും ബഹുമാനവും ആവശ്യപ്പെട്ട ഡൊമീഷ്യൻ അദ്ദേഹത്തെ "കർത്താവും ദൈവവും" (Dominus et Deus) എന്ന് വിളിക്കണമെന്ന് ജനങ്ങളോട് കല്പിച്ചു ജൂപ്പിറ്റർ ദൈവത്തിന്റെ പുത്രനാണ് താനെന്ന് അവകാശപ്പെട്ടുകൊണ്ട് അയാൾ സ്വന്തം പ്രതിമ ജൂപ്പിറ്ററിന്റെ പ്രതിമക്കുസമീപം സ്ഥാപിക്കാൻ ഉത്തരവായി. ഇതൊന്നും ക്രൈസ്തവ വിശ്വാസികൾക്ക് സ്വീകാര്യമായില്ല. തത്ഫലമായി കഠിനമായ മതമർദ്ദനം അഴിച്ചുവിട്ടു. ഇക്കാരണങ്ങളാൽ പത്രോസിന്റെ കാലഘട്ടത്തിനുശേഷം ക്രി.വ. 90-നും 95-നും ഇടയ്ക്കായിരിക്കും ഈ ലേഖനം വിരചിതമായതെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു.

(4) ആർക്കുവേണ്ടിയാണോ ഈ ലേഖനം എഴുതപ്പെട്ടത്, ആ സഭകൾ ശ്ലീഹായുടെ കാലത്ത് നിലവിൽ ഇല്ലായിരുന്നുവെന്ന് ഒരുപറ്റം ബൈബിൾ പണ്ഡിതന്മാർ വാദിക്കുന്നു.

(5) യാക്കോബിന്റെ ലേഖനവുമായുള്ള സമാനമായ ഒട്ടേറെ ആശയങ്ങൾ ഈ ലേഖനത്തിൽ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

1 പത്രോ 1:1 = യാക്കോ 1:1;
1 പത്രോ 1:6-7 = യാക്കോ 1:2-3
1 പത്രോ 1:23-2:2 = യാക്കോ 1:17-22
1 പത്രോ 4:8 = യാക്കോ 5:19-20
1 പത്രോ 5:5-6 = യാക്കോ 4:6

ഈ ലേഖനമെഴുതിയ വ്യക്തി യാക്കോബിന്റെ ലേഖനത്തെ ആശ്രയിച്ചിട്ടുണ്ടെന്ന് വ്യക്തം. പത്രോസാണ് ഈ ലേഖനത്തിന്റെ കർത്താവെങ്കിൽ ഇപ്രകാരമൊരു അവലംബം ഉണ്ടാകുമായിരുന്നില്ലായെന്ന് വാദിക്കുന്നു.

മുകളിൽ സൂചിപ്പിച്ച വാദഗതികളൊക്കെ നിലനിൽക്കുന്നുണ്ടെങ്കിൽത്തന്നെയും ഇവയൊന്നും സംശയരഹിതമായി ഇതുവരെയും സ്ഥാപിക്കപ്പെട്ടിട്ടില്ലായെന്നതാണ് വാസ്തവം. ആകയാൽ അക്കാലഘട്ടങ്ങളിലെ പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നതുപോലെ, പൗലോസിന്റെ

ശിഷ്യനായ സിൽവാനോസിന്റെ സഹായത്തോടെ (5:12) പത്രോസ് ഈ ലേഖനം രചിച്ചു എന്നുള്ള അഭിപ്രായമാണ് കൂടുതൽ അഭികാമ്യം.

ഈ ലേഖനം സിൽവാനോസിലൂടെ പത്രോസ് രചിച്ചതാണ് എന്ന നിലപാട് തികച്ചും യുക്തിസഹമാണ്. ലേഖനത്തിൽതന്നെയുള്ള സാക്ഷ്യവും (1:1) സഭാപിതാക്കന്മാരുടെ സാക്ഷ്യവും (*HE* 4:14-9) ഈ വാദഗതിയെ ശരിവയ്ക്കുന്നുണ്ട്. കൂടാതെ, താഴെപ്പറയുന്ന കാരണങ്ങൾ ഈ ലേഖനത്തിന്റെ ഗ്രന്ഥകർത്താവ് പത്രോസ് ശ്ലീഹായാണെന്ന സത്യത്തെ ബലപ്പെടുത്തുന്നുണ്ട്.

(1) ലേഖനത്തിന്റെ ആമുഖത്തിൽതന്നെ ലേഖനമെഴുതാൻ സഹായിച്ച വ്യക്തിയെ (സിൽവാനോസ്) പരാമർശിക്കുന്നതിലൂടെ പ്രസ്തുത വ്യക്തിക്ക് ലേഖനരചനയിൽ കേവലം കേട്ടെഴുത്തുകാരന്റെ ഭാഗധേയം മാത്രമായിരുന്നില്ല ഉണ്ടായിരുന്നത് എന്ന് അനുമാനിക്കാം. ലേഖനത്തിന്റെ കേന്ദ്രാശയങ്ങൾ പറഞ്ഞുകൊടുത്തശേഷം സഹായികൾക്ക് ലേഖനത്തിലെ ആശയങ്ങളെ പരിപുഷ്ടിപ്പെടുത്താനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്ന പതിവ് ആദിമസഭയിലുണ്ടായിരുന്നതായി ഗവേഷകൻ സമർത്ഥിക്കുന്നുണ്ട് (W.G. Doty, *Letters in Primitive Christianity*, Philadelphia 1971, p. 41) താൻ പറഞ്ഞുകൊടുത്ത് എഴുതിച്ച ആശയങ്ങളെ പ്രൗഢമായ ഭാഷയിലും പഴയനിയമ ഉദ്ധരണികളുടെ സഹായത്താലും കൂടുതൽ പരിപുഷ്ടമാക്കാൻ പത്രോസ്ശ്ലീഹാ സിൽവാനോസിനു സ്വാതന്ത്ര്യം നൽകി എന്നു കരുതുന്നത് യുക്തിസഹമാണ്. ഗ്രീക്കു ഭാഷാശൈലിയുടെ പ്രത്യേകതയും സപ്തതിയിൽനിന്നുള്ള ഉദ്ധരണികളും ഇപ്രകാരം ന്യായീകരിക്കാവുന്നതാണ്.

(2) പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലെ ആശയങ്ങൾ ഈ ലേഖനത്തിൽ പ്രതിഫലിക്കുന്നു എന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല. ആദിമസഭയുടെ വിശ്വാസത്തെ വിശേഷിച്ചും വിജാതീയ സഭകളുടെ വിശ്വാസത്തെ രൂപപ്പെടുത്തുന്നതിൽ പൗലോസിന്റെ പങ്ക് നിർണ്ണായകമായിരുന്നു. പത്രോസും പൗലോസും ആദിമസഭയിൽ ബദ്ധവൈരികളായാണ് വർത്തിച്ചിരുന്നത് എന്ന തെറ്റിദ്ധാരണയിൽനിന്നുമാണ് പൗലോസിന്റെ ആശയങ്ങൾ പ്രതിഫലിക്കുന്നു എന്ന കാരണത്താൽ ഈ ലേഖനത്തിന് പത്രോസിന്റെ കർതൃത്വം നിഷേധിക്കുന്നത്. പൗലോസിന്റെ ചിന്തകളെ കേവലം വൈയക്തിക ചിന്തകളായിട്ടല്ല സഭയുടെ വിശ്വാസപ്രബോധനങ്ങളായി ആദിമസഭ സ്വീകരിച്ചിരുന്നു എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല.

(3) പത്രോസ്ശ്ലീഹാ റോമിൽ സുവിശേഷം പ്രസംഗിക്കുകയും അവിടെത്തന്നെ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തിരുന്ന വ്യക്തിയാണ്. അതിനാൽ ഏഷ്യാമൈനറിലെ സഭയ്ക്ക് എഴുതാൻ സാധ്യതയില്ല എന്ന വാദം ബാലിശമാണ്. തങ്ങൾക്കു വ്യക്തിപരമായി പരിചയമില്ലാത്ത സഭകൾക്ക് എഴുത്തുകൾ അയയ്ക്കുന്ന പതിവ് ആദിമസഭാനേതാക്കന്മാരുടെയിടയിൽ ഉണ്ടായിരുന്നു. ക്ലെമെന്റിന്റെ ഒന്നാം ലേഖനം, റോമാക്കാർക്ക് എഴുതപ്പെട്ട ലേഖനം തുടങ്ങിയവ ഉദാഹരണങ്ങളാണ്. പത്രോസിന്റെ പ്രാഥമികതയും പ്രാമാണ്യവും ആദിമസഭയിൽ തർക്കമറ്റ വിഷയമായിരുന്നതിനാൽ സഭാനേതാവായ അപ്പസ്തോലൻ ഏഷ്യാമൈനറിലെ പീഡിതസഭയെ ശക്തിപ്പെടുത്താൻ എഴുത്തയച്ചു എന്നു ചിന്തിക്കുന്നത് അർത്ഥപൂർണ്ണമാണ്.

(4) പത്രോസിന്റെ കാലത്ത് മതമർദ്ദനമില്ലായിരുന്നു എന്ന വാദം ചരിത്രപരമായി ശരിയല്ല. നീറോയുടെ കാലത്തെ മതമർദ്ദനങ്ങൾ സാമ്രാജ്യം മുഴുവൻ വ്യാപിച്ചിരുന്നില്ല എന്നതു സത്യമാണെങ്കിലും റോമിലും ഏഷ്യാമൈനറിലും മതമർദ്ദനത്തിന്റെ അനുരണനങ്ങൾ ഉണ്ടായി എന്നത് സത്യമാണ്. നീറോയുടെ കാലത്തെ മതമർദ്ദനങ്ങളെക്കുറിച്ചുള്ള ചരിത്രരേഖകൾ ലേഖനകർത്താവിന്റെ വാദങ്ങളെ ശരിവയ്ക്കുന്നുണ്ട്. ബിഥിനിയായിലെ (Pliny, *Ep*. 10.96) മതമർദ്ദനംതന്നെയാണ് സ്പഷ്ടമായ ഉദാഹരണം. കൂടാതെ, ലേഖനത്തിൽ വിവക്ഷിക്കുന്ന മതമർദ്ദനം എന്നത് വിശ്വാസത്തിനെതിരായ സകല അധിക്ഷേപങ്ങളും കടന്നാക്രമങ്ങളുമാണ്. യഹൂദമതനേതാക്കളിൽനിന്ന് ക്രൈസ്തവർ ആരംഭകാലം മുതലേ പീഡനങ്ങൾ ഏല്ക്കേണ്ടിവന്നിട്ടുണ്ട്. സ്തേഫാനോസിന്റെ വധവും പത്രോസിനു ലഭിക്കുന്ന ചമ്മട്ടിയടിയുമൊക്കെ നടപടി പുസ്തകത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ടല്ലോ. തന്മൂലം മതമർദ്ദനം പത്രോസിന്റെ കാലഘട്ടത്തിൽ കേവലം സാങ്കല്പികമായിരുന്നു എന്ന വാദം നിലനിൽക്കുന്നതല്ല.

(5) യുഗാന്ത്യത്തെക്കുറിച്ചും ക്രിസ്തു വിജ്ഞാനീയസത്യങ്ങളെക്കുറിച്ചും ലേഖനകർത്താവിനുള്ള കാഴ്ച്ചപ്പാടുകൾ ഏറ്റവും പ്രാരംഭദശയിലെ കാഴ്ചപ്പാടുകൾ തന്നെയാണ്. പത്രോസിന്റെ കാലശേഷമാണ് ഈ ലേഖനം രചിക്കപ്പെട്ടത് എങ്കിൽ റോമിലെ കിരാതമായ മതമർദ്ദനങ്ങളുടെ വിവരണങ്ങളും പത്രോസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള സൂചനകളും ഈ ലേഖനത്തിൽ രേഖപ്പെടുത്തുമായിരുന്നു (2 പത്രോ 1:14-15; *1 ക്ലെമന്റ്* 5:4 എന്നിവ കാണുക).

## രചനാകാലം, സ്വീകർത്താക്കൾ

റോമിൽ വച്ചുള്ള പത്രോസിന്റെ രക്തസാക്ഷിത്വത്തിനു മുമ്പ്, അതായത് നീറോ ചക്രവർത്തിയുടെ മതപീഡനകാലത്ത് (ക്രി.വ. 64) ക്രി.വ. 64 നും 66 നും ഇടയ്ക്ക് ഈ ലേഖനം എഴുതപ്പെട്ടുവെന്ന് പൊതുവേ കരുതപ്പെടുന്നു. ലേഖനസ്വീകർത്താക്കളായി ഗ്രന്ഥകാരൻ അഭിസംബോധന ചെയ്തിരിക്കുന്നത് "പോന്തൂസിലും ഗലാത്തിയായിലും കപ്പദോസിയായിലും ഏഷ്യയിലും ബിഥീനിയായിലും പ്രവാസികളായി ചിതറിപ്പാർക്കുന്ന"വരെയാണ് (1 പത്രോ 1:1). ഇതിൽ കപ്പദോസിയ, പോന്തൂസ്, എന്നീ സ്ഥലങ്ങൾ അപ്പസ്തോലപ്രവർത്തനങ്ങൾ 2:9-ൽ പരാമർശിക്കപ്പെടുന്നുണ്ട്. ബിഥീനിയായിലേക്ക് വചനപ്രഘോഷണവുമായി മുന്നേറാൻ യേശുവിന്റെ ആത്മാവ് പൗലോസിനെ അനുവദിച്ചില്ലായെന്ന് അപ്പ 16:7-ൽ വായിക്കുന്നു. സാധാരണയായി, ഏതെങ്കിലും അപ്പസ്തോലൻ സ്ഥാപിച്ച സഭാസമൂഹത്തിലേക്ക് മറ്റൊരു അപ്പസ്തോലൻ സുവിശേഷ പ്രവർത്തനങ്ങളുമായി കടന്നുചെന്നിരുന്നില്ല.

ഈ ലേഖനത്തിന്റെ സ്വീകർത്താക്കളായി കരുതപ്പെടുന്നത് പോന്തൂസിലും ഗലാത്തിയാ യിലും കപ്പദോസിയായിലും ഏഷ്യയിലും "പ്രവാസികളായി" കഴിയുന്നവർക്കും (1:1), "പരദേശികളും പ്രവാസികളും വിപ്രവാസികളും" (2:11) ആയവർക്കുംവേണ്ടിയാണ്. വിജാതീയരുടെ മൃഗീയ ഭൂരിപക്ഷത്തിനിടയിൽ ഒറ്റപ്പെട്ടുപോയ ന്യൂനപക്ഷമായ സഭാവിഭാഗങ്ങളായിരുന്നു ലേഖനത്തിന്റെ അനുവാചകർ എന്ന് ഈ പരാമർശങ്ങളിൽനിന്നും അനുമാനിക്കാം. ഇവരെക്കുറിച്ചുള്ള വ്യക്തമായ ചിത്രം ലഭ്യമല്ലെങ്കിലും താഴെപ്പറയുന്ന അനുമാനങ്ങൾ സാധ്യമാണ്.

- വിജാതീയരിൽനിന്നും മാനസാന്തരപ്പെട്ട് വിശ്വാസം സ്വീകരിച്ചവരാണിവർ (1:14; 2:9-10; 4:3-4).

- വിശ്വാസം സ്വീകരിച്ചിട്ട് ഏറെക്കാലമാകാത്തവരാണ് ഈ ലേഖനത്തിന്റെ അനുവാചകർ (1:14; 2:2; 4:12).

- വിജാതീയരുടെ എതിർപ്പിനുമുന്നിൽ വിശ്വാസം പരിത്യജിച്ച് പഴയമാർഗ്ഗങ്ങളിലേക്ക് പിന്തിരിയാൻ സാധ്യതയുള്ളവരാണിവർ (1:14-15).

- രാഷ്ട്രീയാധികാരികളുടെ മുന്നിൽ ശത്രുക്കൾവഴി തെറ്റായി ചിത്രീകരിക്കപ്പെടു ന്നതിനാൽ പീഡനത്തിന്റെ നിഴലിൽ കഴിയുന്നവരാണിവർ (2:13-17).

## ഭാഷാശൈലി

ലേഖനത്തിന്റെ ഭാഷാശൈലിയെക്കുറിച്ച് പണ്ഡിതന്മാരുടെയിടയിൽ ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ 1:3-2:10 വരെയുള്ളഭാഗം മാമ്മോദീസായുടെ ഗീതവും 1:13-2:10 ഭാഗം ജ്ഞാനസ്നാനാർത്ഥികൾക്കുള്ള ഉപദേശവുമാണ്. ആദിമക്രൈസ്തവർക്ക് ആഘോഷമായി മാമ്മോദീസ നൽകിയിരുന്ന വേളയിൽ ചെയ്തിരുന്ന പ്രസംഗത്തിന് പിന്നീട് ലിഖിതരൂപം നൽകിയെന്ന് സാരം. ഏതായാലും മാമ്മോദീസായെക്കുറിച്ചുള്ള ഒട്ടേറെ പരാമർശങ്ങൾ ഈ തരത്തിലുണ്ടെന്ന് സുവ്യക്തം (1:4, 23; 2:2; 3:18). ജ്ഞാനസ്നാനാർത്ഥികൾക്കായുള്ള മതബോധനത്തെ ആധാരമാക്കി എഴുതപ്പെട്ടതാണ് ഈ ലേഖനമെന്നു വാദിക്കാൻ പണ്ഡിതന്മാരെ പ്രേരിപ്പിക്കുന്നത് മുകളിൽ സൂചിപ്പിച്ച ഈ പരാമർശങ്ങളാണ്. ഏതായാലും ലേഖനത്തിന് എഴുത്തിന്റെ ബാഹ്യരൂപം ഉണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നു. അതായത് ആരംഭത്തിലെ അഭിസംബോധനയും (1:1-2), കൃതജ്ഞതാ പ്രകാശനവും (1:3-5), അന്ത്യത്തിലെ അഭിവാദനങ്ങളുമെല്ലാം ആ കാലഘട്ടത്തിലെ കത്തുകളിൽ അനുവർത്തിച്ച ബാഹ്യഘടകങ്ങളാണ്. ജ്ഞാനസ്നാന ഉപദേശങ്ങളും ധാർമ്മിക പഠനങ്ങളുമെല്ലാം ദൈവശാസ്ത്രപരമായ പിൻബലത്തോടെ ഗ്രന്ഥകർത്താവ് അവതരിപ്പിച്ചിരിക്കുന്നുവെന്നത് ഈ ലേഖനത്തിന്റെ പ്രത്യേകതയാണ്.

മാമ്മോദീസാവേളയിൽ നൽകപ്പെട്ട ഒരു പ്രഭാഷണവും (1:3-4:11) മതമർദ്ദനത്തിനു കീഴ്പ്പെട്ട ഒരു സഭാസമൂഹത്തിനു നൽകിയ കത്തും (4:12-5:14) സംയോജിപ്പിച്ചതാണ് എന്നൊരുവാദം നിലനിൽക്കുന്നു. എന്നാൽ ഇതിനും ഈ ലേഖനത്തിനുള്ളിൽ കാര്യമാത്ര പ്രസക്തമായ അടിസ്ഥാനങ്ങൾ ഒന്നും ഇല്ല.





## ലേഖനത്തിന്റെ ലക്ഷ്യം

പ്രവാസജീവിതം നയിക്കുന്ന ഏഷ്യാമൈനറിലെ ദൈവജനത്തെ ഉപദേശിച്ചുകൊണ്ടാണ് ഈ ലേഖനം എഴുതപ്പെട്ടതെന്ന് നേരത്തെ നാം കണ്ടുവല്ലോ. 'പ്രവാസികളായി ചിതറിപ്പാർക്കുന്നവർ' എന്ന പ്രയോഗം വിജാതീയലോകത്തെ ക്രിസ്ത്യാനികളുടെ അവസ്ഥയെ സൂചിപ്പിക്കുന്നു. വിജാതീയജനതകളുടെയിടയിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ പരദേശവാസം അനുഷ്ഠിക്കുന്നവരെന്നാണ് അറിയപ്പെട്ടിരുന്നത്. ഇവിടുത്തെ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും വിജാതീയരുടെയിടയിൽനിന്നും അടുത്ത നാളുകളിൽ മാനസാന്തരപ്പെട്ടവരായിരുന്നുവെന്നുള്ള സൂചന ലേഖനത്തിൽനിന്നും വ്യക്തമാണ് (1:14, 18; 2:9, 10; 4:3-4; 2:2; 4:12); കൂടാതെ വിജാതീയ എതിർപ്പുമൂലം തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തിൽ ആടിയുലഞ്ഞവരും.

ആദിമസഭയ്ക്ക് തീർച്ചയായും ആന്തരികവും ബാഹ്യവുമായ ധാരാളം പ്രതിസന്ധികളെ നേരിടേണ്ടതായി വന്നിട്ടുണ്ട്. സഭാശത്രുക്കളിൽനിന്നുള്ള എതിർപ്പും തത്ഫലമായ പീഡനങ്ങളുമാണ് ഇവിടെ പ്രധാനമായും അനുഭവിക്കേണ്ടിവന്നത്. ബാഹ്യശത്രുക്കളിൽനിന്നുള്ള എതിർപ്പ് വിശ്വാസികളിൽ കുറേപ്പേർക്കെങ്കിലും സംശയങ്ങൾക്കും മനംമാറ്റത്തിനും കാരണമായിട്ടുണ്ട്. ഏതായാലും ഇപ്രകാരമുള്ള പ്രതിസന്ധിഘട്ടങ്ങളിൽ അവരുടെ മഹത്തായ ദൈവവിളിയിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടും പീഡനങ്ങളെ കൃപയുടെ അടയാളമായി കണ്ടുകൊണ്ടും പീഡകളിലും ഞെരുക്കങ്ങളിലും വിശ്വാസസ്ഥിരതയുള്ളവരായി ജീവിക്കുവാൻ ഗ്രന്ഥകർത്താവ് ദൈവജനത്തെ ഇവിടെ ഉദ്ബോധിപ്പിക്കുന്നു. ചുരുക്കത്തിൽ ഏഷ്യാമൈനറിലെ വിജാതീയരുടെയിടയിൽ ചിതറിപ്പാർത്തിരുന്ന ക്രിസ്ത്യാനികൾക്ക് അവരുടെ പീഡനങ്ങളിലും വേദനകളിലും ഉണർവും ഉൾക്കരുത്തും വിശ്വാസസ്ഥിരതയും പ്രത്യാശയും പ്രദാനം ചെയ്യുകയാണ് ലേഖനലക്ഷ്യം.

## ലേഖന ഘടന

**I. 1:1-2, ആമുഖം**

**II. 1:3-2:10, ക്രിസ്തീയവിളിയുടെ ശ്രേഷ്ഠതയും അതിന്റെ കടമകളും**

- **A. 1:3-12, ക്രിസ്തീയ വിളി**
  - a. 1:3-12, പിതാവിനാൽ ആരംഭിച്ചതും പുത്രനാൽ പൂർത്തീകരിക്കപ്പെട്ടതും റൂഹായാൽ വെളിപ്പെടുത്തപ്പെട്ടതുമായ രക്ഷ.
  - b. 1:13-25, വിശുദ്ധ ജീവിതത്തിനുള്ള ആഹ്വാനം
- **B. 2:1-10, ക്രിസ്തീയ ജീവിതത്തിന്റെ കടമകൾ**
  - a. 2:1-3, ദൈവമക്കളായി ജീവിക്കാനുള്ള ആഹ്വാനം
  - b. 2:4-10, പുതിയ ദൈവഭവനം

**III. 2:11-3:12, ക്രിസ്തീയ സാക്ഷ്യം**

- **A. 2:11-12, വിജാതീയരുടെ ഇടയിലെ ക്രിസ്ത്യാനികളുടെ പെരുമാറ്റം**
- **B. 2:13-3:7, പരമ്പരാഗതമായ മതബോധനം**

a. 2:13-17, പ്രാദേശിക അധികാരികളോടുള്ള കടമ
b. 2:18-25, യജമാനൻമാരോടുള്ള കടമ
c. 3:1-7, ദമ്പതിമാരുടെ കടമ

**C. 3:8-12, സഹോദരനോടുള്ള കടമ**

**IV. 3:13-5:11, ക്രിസ്ത്യാനികളും പീഡനങ്ങളും**

**A. 3:13-4:11, പീഡനത്തോടുള്ള ക്രിസ്തീയ സമീപനം**

a. 3:13-17, പീഡനത്തിൽ ആത്മവിശ്വാസം
b. 3:18-4:6, ആത്മവിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തു
i. 3:18-22, പാപത്തിൻമേലുള്ള യേശുവിന്റെ വിജയം മാമ്മോദീസായിലൂടെ അനുഭവവേദ്യമാകുന്നു
ii. 4:1-6, ക്രിസ്ത്യാനി പീഡനത്തിലൂടെ പാപത്തെ നിരാകരിക്കുന്നു
c. 4:7-10, ക്രിസ്തീയ ജീവിതവും യേശുവിന്റെ മഹത്വപൂർണ്ണമായ വെളിപ്പെടുത്തലും

**B. 4:12-5:11, സഹനത്തെ യാഥാർത്ഥ്യത്തോടെ നേരിടണം**

a. 4:12-5:11, യഥാർത്ഥ സഹനത്തിലുള്ള സന്തോഷം
b. 5:1-5, ശ്രേഷ്ഠന്മാർക്കും വിശ്വാസികൾക്കുമുള്ള ഉപദേശം
c. 5:6-11, സത്യവാനായ ദൈവം നമ്മെ സഹനത്തിലൂടെ മഹത്വത്തിലേക്ക് ആനയിക്കുന്നു

**V. 5:12-14, സമാപനാശീർവാദം**

## ദൈവശാസ്ത്ര പ്രമേയങ്ങൾ

വിജാതീയരുടെ ഇടയിൽ ചിതറിപ്പാർത്തിരുന്ന വിശ്വാസികൾക്ക് അവരുടെ പീഡനങ്ങളിലും ഞെരുക്കങ്ങളിലും ഉണർവും ഉൾക്കരുത്തും, വിശ്വാസസ്ഥിരതയും പ്രദാനംചെയ്യുന്ന ഈ ലേഖനത്തിൽ ഉന്നതമായ പല ദൈവശാസ്ത്രചിന്തകളും നിറഞ്ഞുനിൽക്കുന്നു. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഈ ലേഖനത്തിലെ പശ്ചാത്തലവും ദൈവശാസ്ത്രപരമായ ആശയങ്ങളുമൊക്കെ ഇന്നും ഏറെ പ്രസക്തമാണ്.

**1. പത്രോസിന്റെ ആത്മാവബോധം:** തന്നെത്തന്നെ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന പത്രോസിനെയാണ് "യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ പത്രോസ്" എന്ന വിശേഷണത്തിലൂടെ നാം കണ്ടുമുട്ടുന്നത്. താൻ എന്താണെന്നും എന്തായിരുന്നെന്നും തന്റെ ദൗത്യം എന്താണെന്നും ഒക്കെ വ്യക്തമായ ബോധ്യമുള്ള ശ്ലീഹായുടെ ആത്മാവബോധം "യേശുക്രിസ്തുവിന്റെ അപ്പസ്തോലൻ (1 പത്രോ 1:1; 2 പത്രോ 1:1) എന്നുള്ളതാണ്. അതായത്, യേശുവിനാൽ തിരഞ്ഞെടുക്കപ്പെടുകയും, യേശുവിനോടുകൂടെ ജീവിക്കുകയും, യേശുവിനെ അനുഗമിക്കുകയും അവിടുത്തേയ്ക്കുവേണ്ടി ജീവൻ സമർപ്പിക്കുകയും ചെയ്ത വ്യക്തി. അതായിരുന്നു പത്രോസിന്റെ ശ്രേഷ്ഠത. താൻ ആരാണ്, എന്തിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം ഓരോ ക്രൈസ്തവനും ഉണ്ടായിരിക്കണം.





ഓരോ ക്രൈസ്തവനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനാണ്. ദൈവീക തിരഞ്ഞെടുപ്പിനാധാരം അവിടുത്തെ കരുണയും സ്നേഹവുമാണ്. വീണ്ടും നാം രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ് (1 പത്രോസ് 2:9). തെരഞ്ഞെടുക്കപ്പെട്ട വംശമെന്നനിലയിൽ ക്രിസ്ത്യാനികൾ പുതിയ ഇസ്രായേലാകുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നതിനുമുമ്പ് തങ്ങൾ പരിത്യക്തരാണ് എന്ന ചിന്ത ഇസ്രായേൽക്കാർക്കുണ്ടായിരുന്നു എന്നാൽ അബ്രാഹത്തിലൂടെ എല്ലാവരേയും ദൈവം തിരഞ്ഞെടുത്ത് അനുഗ്രഹിച്ചു. പുതിയനിയമത്തിൽ യേശുവിന്റെ രക്തത്തിൽ രൂപംകൊണ്ടവരാണ് സഭാതനയർ. അങ്ങനെ വിശുദ്ധമായ സഭ ദൈവത്തിന്റെ സ്വന്തം തിരഞ്ഞെടുക്കപ്പെട്ട ജനമാണ്. അവസാന വിധിക്കുശേഷം ക്രിസ്തുവിനോടുകൂടി ജീവിക്കാനുള്ളവരെന്ന നിലയിൽ തീർച്ചയായും രാജകീയ പദവിയുണ്ട്. ദൈവഭവനത്തിൽ യേശുക്രിസ് തുവഴി സ്വീകാര്യമായ ബലിയർപ്പിക്കുന്നവരെന്ന നിലയിൽ ഒരു പുരോഹിതഗണവുമാണ്.

ദൈവജനവും പുരോഹിതഗണവുമായ ക്രൈസ്തവവിശ്വാസികൾ തങ്ങളുടെ ശ്രേഷ്ഠമായ പദവികൾക്ക് ചേർന്നവിധം ജീവിക്കണം. വിശ്വാസത്താൽ അടിസ്ഥാനമുറപ്പിക്കപ്പെട്ട് വചനത്താലും കൂദാശകളാലും പരിപോഷിപ്പിക്കപ്പെടുന്ന വിശ്വാസികൾ വിശുദ്ധിയോടെ ജീവിക്കണം. ചുരുക്കത്തിൽ, ഒരു ക്രിസ്ത്യാനിക്ക് ലഭിക്കുന്ന ഏറ്റവും വലിയ വിശേഷണം "ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ" എന്നുള്ളതാണ്. മറ്റുള്ള പദവികളും അലങ്കാരങ്ങളുമൊക്കെ ഇതിനോടു താരതമ്യം ചെയ്യുമ്പോൾ ഒന്നുമല്ല. പത്രോസിന്റെ ആത്മാവബോധം അപ്പസ്തോലികത്വത്തിൽ ശക്തമായിരിക്കുന്നതുപോലെ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പുത്രൻ/പുത്രി എന്ന ആത്മാവബോധം നമ്മിലും നിറയണം.

**2. പ്രവാസികളായി ചിതറിപ്പാർക്കുന്നവർക്ക്.......:** ഏഷ്യാമൈനറിലെ വിജാതീയരുടെ ഇടയിൽ ചിതറിപ്പാർത്തിരുന്ന യഹൂദക്രൈസ്തവർക്ക് അവരുടെ പീഡനങ്ങളിലും ഞെരുക്കങ്ങളിലും ഉണർവും ഉൾക്കരുത്തും വിശ്വാസസ്ഥിരതയും പ്രത്യാശയും പ്രാധാനം ചെയ്യുകയായിരുന്നുവല്ലോ ലേഖനലക്ഷ്യം. വിദൂരങ്ങളിൽ പ്രവാസികളായി കഴിയുന്നവരെപ്പോലും ശ്രദ്ധിക്കുകയും അവരും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരാണെന്നുള്ള ഉൾക്കാഴ്ചയോടെ അവരെ സമീപിക്കുകയും ചെയ്യുന്ന ശ്ലീഹായുടെ മാതൃക ഉന്നതമാണ്. വിപ്രവാസമെന്നു പറയുന്നത് ഒരു വ്യക്തിയെ ജന്മനാട്ടിൽനിന്നും നിർബന്ധമായി അകറ്റിനിർത്തുന്ന പ്രവൃത്തിയാണ്. അന്യദേശത്തായിരിക്കുന്ന വ്യക്തിയെയോ സമൂഹത്തെയോ സൂചിപ്പിക്കാൻ ഈ പദം ബൈബിളിൽ പലയിടത്തും ഉപയോഗിക്കുന്നുണ്ട്. രാഷ്ട്രീയവും ദേശീയവുമായ അവകാശങ്ങളും അധികാരങ്ങളുമില്ലാത്ത വിദേശവാസമാണത്. അന്യരാജ്യത്ത് പൗരത്വമില്ലാത്തവരായി ജീവിക്കുന്നവരാണ് വിപ്രവാസികൾ. ഇസ്രായേൽജനം പലപ്പോഴും വിപ്രവാസം അനുഷ്ഠിച്ചവരായിരുന്നു. പഴയനിയമത്തിൽ, പരദേശികളായവർക്കു ചില ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കാനും അവകാശങ്ങൾ അനുഭവിക്കാനും നിയമം അനുവദിച്ചിരുന്നില്ല (പുറ

12-45). എന്നാൽ പരദേശികളായി ജീവിച്ച ഇസ്രായേൽക്കാർക്ക് ദൈവം ഉറപ്പുള്ള സങ്കേതമായി നിലകൊണ്ടു.

പുതിയനിയമത്തിൽ ഈശോയും വിപ്രവാസത്തിൽ കഴിയുന്നുണ്ട്. ക്രിസ്ത്യാനികൾ ലോകത്ത് എവിടെയാണെങ്കിലും എല്ലാവരെയും സഹോദരീസഹോദരന്മാരായി കാണുവാനും വേദനിക്കുന്നവരോടും വിപ്രവാസികളോടുമൊക്കെ കൂടുതൽ താല്പര്യവും പരിഗണനയുമൊക്കെ പ്രകടിപ്പിക്കാനും സാധിക്കണം. തിരുസ്സഭ എല്ലാവർഷവും കുടിയേറ്റദിനമായി ആചരിക്കുകയും അവരുടെ അജപാലനശുശ്രൂഷയിൽ സഹകാരിയാവുകയും ചെയ്യുന്നത് എന്നും പ്രശംസനീയമാണ്.

**3. സഹനത്തിൽ രക്ഷാകരമൂല്യം:** പീഡനങ്ങളിലൂടെ യേശുവിന്റെ സഹനങ്ങളിൽ പങ്കുചേരുന്നതിന്റെ മൂല്യം കാണിച്ചുകൊണ്ട് വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ അപ്പസ്തോലൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നു. എതിർപ്പുകളുടെയും പീഡനങ്ങളുടെയും മുന്നിൽ ക്രൈസ്തവർ വിശ്വാസത്തിൽനിന്ന് വ്യതിചലിക്കരുത് (1 പത്രോ 1:6ff). നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിവന്നാൽ അവർ ഭാഗ്യവാന്മാർ (1 പത്രോ 3:14). ഈശോയുടെ നാമം നിമിത്തം നിന്ദിക്കപ്പെടുന്നവർ അനുഗൃഹീതരാണ് (1 പത്രോ 4:14). പീഡനം അനുഭവിക്കേണ്ടിവരുന്നതിൽ അവർ ലജ്ജിക്കേണ്ടതില്ല (4:16). സഹനംവഴി നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. അങ്ങനെ സഹനത്തിൽ രക്ഷാകരമൂല്യം കാണുവാൻ അപ്പസ്തോലൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. പീഡനങ്ങളിലുള്ള ക്രിസ്തീയ വിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്നത് ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തിയിലാണ് (1 പത്രോ 3:18ff).

**4. യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ വെളിപ്പെടുത്തൽ:** ലേഖനത്തിലുടനീളം കാണുന്ന പ്രധാനപ്പെട്ട ദൈവശാസ്ത്രചിന്തകളിലൊന്നാണ് "യേശുക്രിസ്തുവിന്റെ പ്രത്യാഗമനം" (1 പത്രോ 1:7-13; 2:12). ക്രിസ്തീയ വിശ്വാസത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽതന്നെ ഈ ചിന്ത ആഴത്തിലുണ്ടായിരുന്നു. മിശിഹായാണ് ജീവിതലക്ഷ്യമെന്ന് അടിയുറച്ചു വിശ്വസിച്ചിരുന്ന ക്രിസ്തീയവിശ്വാസികൾ "കർത്താവേ വേഗം വരണമേ" (Maran ata) എന്നു ആദ്യകാലംമുതൽ പ്രാർത്ഥിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി വി. ഗ്രന്ഥത്തിലും സഭാപാരമ്പര്യത്തിലും അധിഷ്ഠിതമായ ഒരു യുഗാന്ത്യോന്മുഖ ദൈവശാസ്ത്രം സഭയിൽ ഉടലെടുത്തു.

ഈശോ മിശിഹായുടെ രക്ഷാകരപ്രവർത്തനങ്ങളുടെ പൂർത്തീകരണമാണ് അവിടുത്തെ മഹത്വപൂർണ്ണമായ വരവ്. അവിടുത്തെ പ്രഥമ ആഗമനത്തിന്റെ ലക്ഷ്യം രക്ഷയായിരുന്നെങ്കിൽ മഹത്വപൂർണ്ണമായ പ്രത്യക്ഷീകരണം (പറൂസിയ) രക്ഷയുടെ പൂർത്തീകരണമാണ്. ഇതിൽ പ്രധാനമായും നാല് സംഭവങ്ങളാണ് നടക്കുക: 1. ലോകത്തിന്റെ മുഴുവനായ അന്ത്യം, 2. രക്ഷാകരചരിത്രത്തിന്റെ പൂർത്തീകരണം, 3. മിശിഹായുടെ ദൈവീകതയുടെ പൂർണ്ണമായ വെളിപ്പെടുത്തൽ, 4. വിശ്വാസികളുടെ മഹത്വീകരണം. പ്രധാനമായും ഈശോ മിശിഹായിലൂടെയുള്ള ദൈവത്തിന്റെ പരമമായ വെളിപ്പെടുത്തലാണിത്. എന്നാൽ ഇതിന്റെ സമയത്തേയോ കാലത്തേയോക്കുറിച്ച് വ്യക്തമായി ഒരിടത്തും പറയുന്നില്ല.





ഈ യുഗാന്ത്യചിന്തയുടെ വീക്ഷണത്തിൽ നിന്നുകൊണ്ടാണ് ലേഖനകർത്താവ് ധാർമ്മികതയെ അവതരിപ്പിക്കുന്നത്. യുഗാന്ത്യത്തിന്റെ ഓർമ്മയിൽ സമചിത്തതയോടും ജാഗ്രതയോടും സർവ്വോപരി ഉത്തരവാദിത്വത്തോടുംകൂടി വ്യാപരിക്കണം. ചുരുക്കത്തിൽ അന്ധകാരത്തിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ച് പ്രകാശത്തിന്റെ പാതയിൽ പ്രതീക്ഷയോടെ വ്യാപരിക്കുന്ന ക്രിസ്തീയ ജീവിതം നയിക്കണം.

**5. സ്നേഹത്തിൽ അധിഷ്ഠിതമായ അജപാലനം:** പത്രോസ് അപ്പസ്തോലൻ ഇടയന്മാർക്ക് നൽകുന്ന ഉപദേശം ശ്രേഷ്ഠവും ഹൃദയസ്പർശകവുമാണ്. ശ്രേഷ്ഠന്മാരുടെ ശ്രേഷ്ഠൻ എന്ന നിലയിലല്ല, പ്രത്യുത ഒരു "സഹശ്രേഷ്ഠൻ" എന്ന നിലയിലാണ് അദ്ദേഹം ഉപദേശം നൽകുക. യേശുവാണ് ഇടയന്മാരുടെ തലവൻ (1 പത്രോ 5:4). ഒരു ഇടയൻ വിനയവും ക്ഷമയും ഉള്ളവനായിരിക്കണം. അധിക്ഷേപം അവന്റെ അധരങ്ങളിൽ നിന്ന് ഉണ്ടാവരുത്. സൗമ്യവും ശാലീനവുമായ സംസാരമാണ് ഇടയനുവേണ്ടത്. അധർമ്മം അവന്റെ പ്രവൃത്തികളിൽനിന്ന് അകന്നിരിക്കണം. വിനയത്തോടുകൂടി ദൈവഹിതം നിവർത്തിക്കുന്നതിന് അവൻ ശ്രദ്ധിക്കണം. ചുരുക്കത്തിൽ "പൂർണ്ണവിനയത്തോടെ ഞാൻ കർത്താവിനുശുശ്രൂഷ ചെയ്തു"വെന്നു (അപ്പ 20:17-38) ഓരോ ഇടയനും പറയുവാൻ സാധിക്കണം.

**6. ദൈവത്തിന്റെ പരിശുദ്ധി:** ദൈവം പരമപരിശുദ്ധനും (1:15) സ്രഷ്ടാവും (4:19) ആണ് എന്ന പഴയനിയമ ചിന്തയോടൊപ്പം അവിടുന്ന് സ്നേഹമുള്ള പിതാവാണെന്ന പുതിയ നിയമ ചിന്തയും (1:17) ലേഖനത്തിൽ പ്രതിഫലിക്കുന്നുണ്ട്. എല്ലാത്തിനെയും വിധിക്കുന്ന ദൈവത്തിൽ (4:5) വിശ്വസിക്കാൻ എല്ലാ സൃഷ്ടികളും ബാധ്യസ്ഥരാണ് (1:21; 3:18). നിങ്ങളുടെ ദൈവമായ കർത്താവ് പരിശുദ്ധനായിരിക്കുന്നതിനാൽ നിങ്ങളും പരിശുദ്ധരായിരിക്കണം എന്ന പഴയനിയമ ചിന്ത (ലേവ്യ 11:24-25) ഈ ലേഖനത്തിൽ ഉടനീളം പ്രതിഫലിക്കുന്നുണ്ട്.

**7. ക്രിസ്തുവിജ്ഞാനീയം:** പഴയ നിയമത്തിന്റെ പശ്ചാത്തലത്തിലാണ് ലേഖന കർത്താവ് യേശുവിനെ അവതരിപ്പിക്കുന്നത്. അവിടുന്ന് യഥാർത്ഥപെസഹാ കുഞ്ഞാടും (1:19) ദൈവത്തിന്റെ സഹനദാസനുമാണ് (2:22-24). ആദിമസഭയിലെ ക്രിസ്തുവിജ്ഞാനീയത്തിന്റെ വളർച്ചയുടെ പ്രാരംഭദശയെയാണ് ഈ ക്രിസ്തുവിജ്ഞാനീയശൈലി വെളിപ്പെടുത്തുന്നത്. യേശുവിന്റെ മരണവും (2:23-24) മഹത്വീകരണവും (1:3; 23) അവിടുത്തെ അസ്തിത്വത്തിന്റെ രണ്ടു ധ്രുവങ്ങളാണെന്നാണ് ലേഖനകർത്താവിന്റെ അഭിപ്രായം. സഹനത്തിലൂടെ മഹത്വീകരിക്കപ്പെട്ട യേശുവിനെയാണ് മതമർദ്ദനം അനുഭവിക്കുന്ന ജനത്തിന് മാതൃകയായി ലേഖന കർത്താവ് ചൂണ്ടിക്കാണിക്കുന്നത്.

**8. യേശുവിന്റെ പാതാള സന്ദർശനം:** പുതിയ നിയമത്തിൽ മറ്റൊരിടത്തും പരാമർശിച്ചിട്ടില്ലാത്ത ഈ സന്ദർശനത്തിന്റെ (3:19-4:6) അർത്ഥത്തെക്കുറിച്ച് വ്യത്യസ്ത വ്യാഖ്യാനങ്ങൾ നിലവിലുണ്ട്. പാതാളത്തെ ദുഷ്ടശക്തികളുടെ വാസസ്ഥാനമായിട്ടാണ് ബൈബിൾ ചിത്രീകരിക്കുന്നത്. തന്മൂലം, യേശുവിന്റെ പാതാള സന്ദർശനം ദുഷ്ടശക്തികളുടെ

മേലുള്ള അവിടുത്തെ ആധിപത്യത്തിനുള്ള തെളിവാണ്. മതമർദ്ദകരായ ദുഷ്ടശക്തികളെ യേശു വിജയിച്ചു കഴിഞ്ഞു എന്ന പ്രത്യാശയുടെ സന്ദേശമാണ് ഈ വിവരണത്തിലൂടെ ലേഖന കർത്താവ് വിശ്വാസികൾക്ക് പകർന്നുനൽകുന്നത്.

**9. പരിശുദ്ധാത്മാവ്:** പരിശുദ്ധാത്മാവിനെക്കുറിച്ച് ഈ ലേഖനം കാര്യമായി പ്രതിപാദിക്കുന്നില്ല എന്ന കാരണത്താൽ ഈ ലേഖനം പത്രോസിന്റേതല്ല എന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ, ഈ വാദം ശരിയല്ല. പരിശുദ്ധാത്മാവിനെക്കുറിച്ച് ഈ ലേഖനത്തിൽ പരാമർശങ്ങളുണ്ട് (1:2; 11,12; 4:14). മാമ്മോദീസായിൽ ലഭിക്കുന്ന പരിശുദ്ധാത്മാവ് യുഗാന്ത്യത്തിലെ നിത്യജീവിതത്തിന്റെ അടയാളവും മുന്നാസ്വാദനവുമാണ്. പരിശുദ്ധാത്മാവിലുള്ള ജീവിതത്തെ "വീണ്ടും ജനന"മായിട്ടാണ് അപ്പസ്തോലൻ ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നത്.

**10. സഭ:** മാമ്മോദീസാ വഴി നവജന്മം സിദ്ധിച്ചവരുടെ സമൂഹമാണ് സഭ. സഭയെ ആത്മീയ ഭവനമായിട്ടാണ് ലേഖനകർത്താവ് ചിത്രീകരിക്കുന്നത് (2:4-8). ഈ ഭവനത്തിന്റെ, ദൈവം തിരഞ്ഞെടുത്ത അമൂല്യ ശിലയാണ് ക്രിസ്തു; സഭാംഗങ്ങൾ ദൈവത്തിന്റെ രാജകീയ പുരോഹിതജനവും (2:9). സഭയിലെ വിവിധ അധികാരികളെക്കുറിച്ചും അവരുടെ കടമകളെക്കുറിച്ചും ലേഖനത്തിൽ പരാമർശിക്കുന്നുണ്ട് (5:1-3).

# പത്രോസ് എഴുതിയ രണ്ടാം ലേഖനം

ഡോ. തെരേസ് നടുപടവിൽ

## ആമുഖം

കത്തോലിക്കാബൈബിളിലെ ഗ്രന്ഥങ്ങളുടെ ക്രമമനുസരിച്ച്, ഏഴു കാതോലികലേഖനങ്ങളിൽ മൂന്നാമത്തേതാണ് മൂന്നധ്യായങ്ങൾ മാത്രമുള്ളതും വിശുദ്ധ പത്രോസിന്റെ രണ്ടാമത്തെ ലേഖനമായി അറിയപ്പെടുന്നതുമായ ഈ പുതിയനിയമഗ്രന്ഥം. വെളിപാടുസാഹിത്യത്തിന്റെ മേമ്പൊടി ചേർത്തു രചിക്കപ്പെട്ടിട്ടുള്ള ഈ ലേഖനത്തിനു യൂദാസിന്റെ ലേഖനവുമായുള്ള സാമ്യം ശ്രദ്ധേയമാണ്.

പത്രോസിന്റെ ഒന്നാംലേഖനത്തിനു ലഭിച്ചതുപോലെ ഒരു സ്വീകാര്യത ഈ രണ്ടാം ലേഖനത്തിന് ആദ്യകാലങ്ങളിൽ ലഭിച്ചിട്ടില്ല. ഇതിന്റെ രചയിതാവിനെക്കുറിച്ചുള്ള സംശയമാണ് പ്രധാനകാരണം. കാനോനികമെന്ന് അംഗീകരിക്കപ്പെടാൻ താരതമ്യേന കാലതാമസമെടുത്ത യൂദാസിന്റെ ലേഖനവുമായി ഇതിനുള്ള സാമ്യവും മറ്റൊരു കാരണമാണ്. ഏ.ഡി. 400- നോടടുത്താണ് ഈ ഗ്രന്ഥം കാനോനികമായി അംഗീകരിക്കപ്പെട്ടത്.





## കർതൃത്വവും കാലവും

താൻ, "അപ്പസ്തോലനായ ശിമയോൻ പത്രോസാ"ണെന്ന് ആമുഖത്തിലും (1:1), യേശുവിന്റെ രൂപാന്തരീകരണസമയത്ത് അവനോടൊപ്പം ഉണ്ടായിരുന്നവനാണെന്നു ആദ്യ അധ്യായത്തിലും (1:16-18) ഗ്രന്ഥകർത്താവ് തന്നെത്തന്നെ പരിചയപ്പെടുത്തുന്നതുകൊണ്ട് ആരാണ് ഈ ലേഖനത്തിന്റെ രചയിതാവ് എന്ന അന്വേഷണത്തിനു സാംഗത്യമില്ല എന്നു ലേഖനം വായിക്കുന്ന ആർക്കും തോന്നാം. മാത്രവുമല്ല, ഇതു തന്റെ രണ്ടാമത്തെ ലേഖനമാണെന്ന്വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നതും (3:1) പൗലോസിനെ സഹോദരൻ എന്നു സംബോധന ചെയ്യുന്നതും (3:15-16) മറ്റു ലേഖനങ്ങളിൽ തികച്ചും അസാധാരണമാണ്. ഇവയെല്ലാം ലേഖനത്തിന്റെ ഗ്രന്ഥകർതൃത്വത്തിന് ആധികാരികത നല്കുന്നതായി പരിഗണിക്കപ്പെടാം. എന്നിരുന്നാലും, ഇത് ശിഷ്യപ്രമുഖനായിരുന്ന പത്രോസിന്റേതല്ല എന്ന അഭിപ്രായം രണ്ടാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽത്തന്നെ പ്രബലമായിരുന്നു എന്നതാണു വസ്തുത. സഭാപിതാക്കന്മാരും, ഒപ്പം ആധുനികപണ്ഡിതരും ലേഖനകർത്താവ് അപ്പസ്തോലനായ പത്രോസല്ല എന്നഭിപ്രായപ്പെടുന്നുണ്ട്. ഉദാഹരണമായി ഇരണേവൂസ് (*ca.*ഏ.ഡി. 185), തന്റെ രചനയിൽ (*Against Heresis* IV. 9.2) "പത്രോസ് പറഞ്ഞിരിക്കുന്നപ്രകാരം" എന്നുപയോഗിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആദ്യലേഖനത്തെ ഉദ്ധരിക്കുന്നുണ്ടെങ്കിലും രണ്ടാം ലേഖനത്തിന്റെ കർതൃത്വം പത്രോസിൽ ആരോപിക്കുന്നില്ല. ഒരിജനാകട്ടെ (ഏ.ഡി. 217-251), പത്രോസിൽനിന്ന് "ഒരു ലേഖനം മാത്രമേ വാസ്തവമായി ലഭിച്ചിട്ടുള്ളൂ" എന്നു രേഖപ്പെടുത്തിയിട്ടുണ്ട് (*Commentary on John* V.3). അതുപോലെ സഭാചരിത്രകാരനായ എവുസേബിയൂസ്, ഒന്നാം ലേഖനമൊഴിച്ചുള്ള പത്രോസിന്റെ പേരിലറിയപ്പെടുന്ന മറ്റു രചനകളോടൊപ്പം രണ്ടാംലേഖനവും അന്നത്തെ സഭാശ്രേഷ്ഠന്മാർ അംഗീകരിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു (*Church History*, II.23, 25; III.3.1,4).

എന്നാൽ, തുടർന്നുവന്ന സഭാപിതാക്കന്മാരായ അത്തനാസിയൂസ്, ജറോം എന്നിവർ ഈ ലേഖനത്തെ കാനോനികമായി അംഗീകരിക്കുന്നുണ്ട്. എന്നിരുന്നാലും, പത്രോസിന്റേതാണ് ഈ ലേഖനമെന്ന അഭിപ്രായം പൊതുവേ അക്കാലത്ത് സ്വീകാര്യമല്ലായിരുന്നു എന്ന കാര്യം ജറോം തുറന്നു സമ്മതിക്കുന്നുണ്ട്. ആദ്യതലമുറയിൽപ്പെട്ട ക്രൈസ്തവരെ പിതാക്കന്മാർ എന്നു വിളിക്കുന്നതും (3:4) പത്രോസിന്റെ ഒന്നാം ലേഖനത്തിൽനിന്നു വ്യതിരിക്തമായിരിക്കുന്ന ശൈലിയും രചനാകാലം അപ്പസ്തോലിക കാലഘട്ടത്തിന്റേതല്ല എന്ന് അനുമാനിക്കുന്നതിന് അവരെ പ്രേരിപ്പിക്കുന്നു. മാത്രമല്ല, പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ചുള്ള പരാമർശവും ഈ ലേഖനകാലഘട്ടം കുറച്ചുകൂടി വൈകിയതാണെന്ന സൂചനയാണു നല്കുക. അതുകൊണ്ട് പത്രോസിന്റെ ശിഷ്യരിലൊരാൾ അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹത്തിന്റെ പേരിൽ രചിച്ചതാണ് ഇത് എന്നു കരുതുകയാണുത്തമം. ഭാഷാശൈലി നോക്കിയാൽ യവന-യഹൂദ പശ്ചാത്തലമുള്ള ഒരു ക്രൈസ്തവനായിരിക്കണം

ഇതിന്റെ കർത്താവ്. മേൽപറഞ്ഞ കാരണങ്ങളാൽത്തന്നെ ഒന്നാംനൂറ്റാണ്ടിന്റെ അവസാനത്തിലോ രണ്ടാംനൂറ്റാണ്ടിന്റെ ആരംഭത്തിലോ ഇതിന്റെ രചന നടന്നുവെന്നനുമാനിക്കാം.

## ലേഖനത്തിന്റെ സ്വീകർത്താക്കൾ

ലേഖനം ആരംഭിക്കുന്നതുതന്നെ, തങ്ങളോടൊത്ത് "ഒരേ വിശ്വാസം തന്നെ സ്വീകരിച്ചവർക്ക്" (1:1) എഴുതുന്നു എന്നുപറഞ്ഞുകൊണ്ടാണ്. ഏതെങ്കിലും പ്രത്യേക സഭയെ ഉദ്ദേശിച്ച് എഴുതിയതാണോ എന്നതിന് ആമുഖത്തിലോ, അതിന്റെ ഉള്ളടക്കത്തിലോ തെളിവില്ല. അതിനാൽ ത്തന്നെ അപ്പസ്തോലിക കാലഘട്ടം കഴിഞ്ഞ് സഭാസമൂഹത്തിൽ പൊതുവായുണ്ടായിരുന്ന പ്രശ്നങ്ങൾക്ക്, പ്രത്യേകിച്ച് യേശുവിന്റെ പ്രത്യാഗമനം ഒരു കെട്ടുകഥയാണെന്നും അതുണ്ടാവുകയില്ലെന്നും പഠിപ്പിക്കുകയും അധാർമ്മികമായി ജീവിച്ച് വിശ്വാസികൾക്ക് ഉറപ്പുനല്കുകയും ചെയ്ത വ്യാജപ്രവാചകരിൽനിന്ന് അവരെ രക്ഷിക്കുന്നതിന് എഴുതപ്പെട്ടതാണിത് എന്നു കരുതാം.

അവർക്ക് യേശുവിന്റെ രൂപാന്തരീകരണത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായിരുന്നു. പത്രോസിന്റെ ഒന്നാംലേഖനത്തെക്കുറിച്ചും പൗലോസിനെയും അദ്ദേഹത്തിന്റെ ലേഖനങ്ങളെയുംകുറിച്ചും ലേഖനത്തിൽ ത്തന്നെ പരാമർശമുള്ളതുകൊണ്ട് വിശ്വാസം സ്വീകരിച്ച് അതിൽ വളർന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവസമൂഹമാണ് ലേഖനത്തിന്റെ സ്വീകർത്താക്കൾ എന്നും മനസ്സിലാക്കാം. ലേഖനത്തിൽനിന്നു സമകാല ക്രൈസ്തവസമൂഹത്തെയും അവരുടെ പ്രധാനപ്രശ്നങ്ങളെയും മനസ്സിലാക്കാൻ കഴിയും. സഭാസമൂഹം യഹൂദ - വിജാതീയ ക്രിസ്ത്യാനികളുടെ ഒരു ഗ്രൂപ്പായിരുന്നു എന്നതും വ്യക്തമാണ്. 2-3 അധ്യായങ്ങളിൽ കാണുന്ന പഴയനിയമ പരാമർശങ്ങൾ ഇരുകൂട്ടർക്കും പരിചിതമാണെന്നതുതന്നെയാണ് ഇതിനുപോദ്ബലകമായിരിക്കുന്നത്. നോഹയുടെ കാലത്തെ പ്രളയം, സ്വർഗീയദൂതരുടെ വീഴ്ച (2:4; ഉൽപ 6) എന്നിവയെക്കുറിച്ച് ഇസ്രായേലിനു പുറത്തുള്ളവരുടെ പുരാണങ്ങളിലും കാണാവുന്നതാണ്. യുഗാന്ത്യപ്രതീക്ഷ വിജാതീയസമൂഹങ്ങൾക്കുകൂടി പൊതുവായിട്ടുള്ളതായിരുന്നു. അതിനാൽ വിവിധ മത-സാംസ്കാരിക പശ്ചാത്തലങ്ങളുള്ള ക്രിസ്തീയ സമൂഹങ്ങളെ പൊതുവായി അഭിസംബോധന ചെയ്യുന്നതിനും അവരുടെ പ്രശ്നങ്ങളെ വിശദീകരിക്കുന്നതിനും പഴയനിയമപ്രതീകങ്ങൾ ഉപയോഗിക്കുന്നതിന് ലേഖനകർത്താവിനു കഴിഞ്ഞുവെന്നു കരുതാം.

വ്യാജപ്രബോധനങ്ങളെ, പ്രത്യേകിച്ച്, ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് അപ്പസ്തോലന്മാർ നല്കിയ പ്രബോധനത്തിനെ തിരായി പ്രചരിച്ചിരുന്ന തെറ്റായ പഠനങ്ങളെയാണ് ലേഖനം നേരിടുന്നത്. വിശ്വാസത്തിൽ ബലം പ്രാപിക്കാത്ത സഭാസമൂഹത്തിന്റെ നിലനില്പിനെത്തന്നെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന ഇത്തരം പഠനങ്ങളെ തിരിച്ചറിയുന്ന ലേഖനകർത്താവ് അടിയന്തിരശ്രദ്ധ കൊടുത്തുകൊണ്ട് അവയെ തിരുത്തുന്നു.





## ആദിമസഭയും യുഗാന്ത്യപ്രതീക്ഷയും

"ക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണമായ അറിവി"ന്റെ ഭാഗമായിരുന്നു അവിടുന്നു വീണ്ടുംവരുമെന്നും അതോടൊപ്പം നന്മതിന്മകൾക്കനുസരിച്ചുള്ള ന്യായവിധി ഉണ്ടാകുമെന്നുമുള്ള വിശ്വാസം. പ്രത്യക്ഷപ്പെടൽ എന്നർത്ഥം വരുന്ന *പരൂസിയ* (parousia) എന്ന പദമാണ് കർത്താവിന്റെ പ്രത്യാഗമനം എന്നതിനു ഗ്രീക്കിൽ ഉപയോഗി ച്ചിരിക്കുന്നത്. ചക്രവർത്തിയുടെ/ദേവന്റെ ആഗമനത്തെ സൂചിപ്പിച്ചിരുന്ന ഈ പദം ബൈബിളിൽ ദൈവത്തിന്റെ രക്ഷാകര ഇടപെടലിനെ ദ്യോതിപ്പിക്കുന്നു. പുറപ്പാടു സംഭവത്തിൽ ദൈവത്തിന്റെ രക്ഷാകരമായ ഇടപെടൽ അനുഭവിച്ച ഇസ്രായേൽജനം അവർക്കുണ്ടാകുന്ന ഓരോ പ്രതിസന്ധിഘട്ടത്തിലും ദൈവത്തിന്റെ ഇടപെടൽ പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. കാലാന്തരത്തിൽ ഇത് ദൈവം അയയ്ക്കുന്ന രക്ഷകനെക്കുറിച്ചുള്ള മെസയാനിക പ്രതീക്ഷ ആയിത്തീരുകയും യുഗാന്ത്യചിന്തകളാൽ സ്വാധീനിക്കപ്പെടുകയും ചെയ്തു (ഉദാ. ആമോ 5:18ff; ജോയേ 1:15; 2:30ff; ഏശ 2:9ff; 65:17ff).

പുതിയനിയമത്തിൽ മിശിഹായുടെ ആഗമനത്തെ തിരിച്ചറിഞ്ഞ ദൈവജനം മിശിഹായുടെ രണ്ടാം ആഗമനത്തെ പ്രതീക്ഷിച്ചു. ദൈവിക ഇടപെടലിന്റെ പരകോടിയായ ഈ ദിവസത്തെ "പ്രത്യാഗമ നദിന"മെന്നും "യുഗാന്ത്യ"മെന്നും ഒപ്പം, "കർത്താവിന്റെ ദിനം" (1 കോറി 1:18; 2 പത്രോ 3:10), "ദൈവത്തിന്റെ ദിവസം" (1 കോറി 5:5; 1 തെസ 5:2; 2 തെസ 2:2), "മനുഷ്യപുത്രന്റെ ദിവസം" (ലൂക്കാ 12:22; 24:26-30), "ക്രിസ്തുവിന്റെ ദിവസം" (ഫിലി 1:6, 10; 2:16), "ക്രോധത്തിന്റെ ദിവസം" (1 തെസ 5:4; ഹെബ്രാ 10:20) എന്നിങ്ങനെ പലരീതിയിൽ വിളിച്ചിരുന്നു. യേശുവിന്റെ മനുഷ്യാവതാര-മരണ-ഉത്ഥാന രഹസ്യങ്ങളുടെ തുടർച്ചയും പൂർത്തീകരണവുമായി അവിടുത്തെ ദ്വിതീയാഗമനത്തെ അവർ കണ്ടു. ഈ വിശ്വാസം സുവിശേഷങ്ങളുടെയും (മത്താ 24:24; 25:31; മർക്കോ 8:38-9:1; 10:37; 13:6-7, 22, 27; 14:62; ലൂക്കാ 12:8ff, 37ff; 17:20ff; 21:27; യോഹ 14:3, 28; 21:22-23) മറ്റു പുതിയനിയമഗ്രന്ഥങ്ങ ളുടെയും (ഉദാ 1 കോറി 1: 7-8; 7:25,15:23-24; കൊളോ 3:4; 1 തെസ 1:9-10; 2:19; 3:13; 4:15-17; 5:2ff, 23; ഹെബ്രാ 9: 28; 1 പത്രോ 1:8; 2:12; 1 യോഹ 2:28; യൂദാ 6, 21, 24) പ്രധാന പ്രബോധനമാണെന്നു കാണാം. വെളിപാടുഗ്രന്ഥമാകട്ടെ, മതപീഡനത്തിന്റെ പശ്ചാത്തലത്തിൽനിന്നുകൊണ്ട് ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷ പ്രതീകാത്മകമായി അവതരിപ്പിക്കുന്നതുതന്നെയാണ്. എല്ലാറ്റിന്റെയും കർത്താവായി ക്രിസ്തു മഹത്വീകൃതനാകുന്ന നിമിഷവും രക്ഷാകരകർമ്മത്തിന്റെ പൂർത്തീകരണവുമാണ് അവിടുത്തെ പ്രത്യാഗമനം.

ഗ്രീക്കു പുതിയനിയമത്തിൽ, *പരൂസിയ* എന്ന പദം 24 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് എന്നതിൽനിന്ന് ആദിമസഭയിൽ ഈ പ്രതീക്ഷ എത്ര പ്രബലമായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. ഈ വിശ്വാസത്തിനുതട്ടിയ കോട്ടമാണ് ലേഖനപശ്ചാത്തലമായിരിക്കുന്നത്. ആസന്നമാണെന്നു പ്രതീക്ഷിച്ചിരുന്ന ക്രിസ്തുവിന്റെ പ്രത്യാഗമനം വൈകുന്നത്

പല വ്യാജപ്രബോധനങ്ങളും ഉടലെടുക്കുന്നതിനു കാരണമായി. പ്രത്യാഗമനത്തെക്കുറിച്ചുളള പ്രബോധനം സത്യമല്ലെന്നും, യുഗാന്ത്യവിധി എന്നൊന്നില്ലായെന്നും അവർ പ്രചരിപ്പിച്ചുതുടങ്ങി. യുഗാന്ത്യപ്രതീക്ഷയിൽ ഭക്തിയിലും പ്രാർത്ഥനയിലും കഴിഞ്ഞിരുന്ന വിശ്വാസികൾക്ക് പ്രലോഭനഹേതുവാകത്തക്കവണ്ണം അധാർമികപ്രവൃത്തികളിൽ മുഴുകിയ ഇത്തരം വ്യാജപ്രബോധകർ പെരുകിയ സാഹചര്യത്തിൽ സത്യവിശ്വാസത്തിനു സാധൂകരണം നല്കുകയെന്നതാണ് ലേഖന ലക്ഷ്യം.

സഭ നേരിടുന്ന ഈ ഒരു പ്രതിസന്ധിയിൽ അപ്പസ്തോലനും സഭയുടെ തലവനുമായിരുന്ന പത്രോസിന്റെ പേരിൽ, അദ്ദേഹം തന്റെ വേർപാടിന്റെ സമയമായി എന്നനുസ്മരിപ്പിച്ചുകൊണ്ട് മരണപത്രികയായി നല്കുന്നു എന്ന തോന്നലുളവാകത്തക്കവണ്ണം അദ്ദേഹത്തിന്റെ പിൻഗാമികളിലാരോ രചിച്ച ലേഖനമാണിത്. യേശുവിന്റെ പ്രത്യാഗമനം ഉറപ്പാണെന്നും, വ്യാജപ്രബോധകരെ അകറ്റിനിർത്തണമെന്നും യുഗാന്ത്യപ്രതീക്ഷയിൽ അടിസ്ഥാനമിട്ട് ജീവിതത്തെ ക്രമീകരിക്കണമെന്നും ഗ്രന്ഥകർത്താവ് ഉപദേശിക്കുന്നു. യേശുവിന്റെ പ്രത്യാഗമനം ഉണ്ടാകുകയില്ലെന്നു ധരിപ്പിച്ചുകൊണ്ട് അധാർമ്മികജീവിതത്തിനു പ്രലോഭിപ്പിക്കുന്ന വ്യാജപ്രബോധകർക്ക്/പ്രവാചകർക്കെതിരേയുള്ള അദ്ദേഹത്തിന്റെ വാക്കുകൾ അതിശക്തമാണ്. എന്തുകൊണ്ട് യേശുവിന്റെ പ്രത്യാഗമനം വൈകുന്നുഎന്നതിനു കാരണവും, അതിനായി ഒരുങ്ങിയിരിക്കാൻ ആഹ്വാനവും നല്കിക്കൊണ്ടാണ് ലേഖനം ഉപസംഹരിക്കുക.

## ലേഖനത്തിന്റെ ഘടന

ഇതിൽ പ്രതിപാദിച്ചിരിക്കുന്ന പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ലേഖനത്തിന്റെ ഘടന വളരെ ലളിതമാണ്. യേശു വിന്റെ പ്രത്യാഗമനമാണ് ഇതിലെ കേന്ദ്രപ്രമേയം. ഈ പ്രമേയത്തെ വിശദീകരിക്കുന്ന മൂന്നു ഭാഗങ്ങളെ മൂന്നധ്യായങ്ങളിലായി ഉൾക്കൊള്ളിച്ചിരിക്കുന്നു. ക്രൈസ്തവന്റെ വിളിയെക്കുറിച്ചും യേശുവിന്റ മഹത്ത്വത്തിനു ദൃക്സാക്ഷിയായവരുടെ വചനങ്ങൾക്ക് വിളിലഭിച്ചവർ നല്കേണ്ട അനുസരണത്തെക്കുറിച്ചും ഒന്നാമധ്യായത്തിൽ വിവരിക്കുമ്പോൾ രണ്ടാമധ്യായം അതിനെതിരായ പ്രബോധനം നല്കുന്നവരെക്കുറിച്ചാണ്. മൂന്നാമധ്യായം, ക്രിസ്തുവിന്റെ രണ്ടാമാഗമനത്തെ വീണ്ടും ഉറപ്പിക്കുന്നു. ഉള്ളടക്കമനുസരിച്ച് ഘടന ഇപ്രകാരമാണ്:

1:1–2 ആമുഖം

**I. 1:3–21 ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ്**

1:3–15 ക്രിസ്തീയജീവിതം

1:16–21 അപ്പസ്തോലന്റെ സാക്ഷ്യം

**II. 2:1–22 വ്യാജപ്രവാചകരും വിനാശവും**

2:1–3 വ്യാജപ്രവാചകന്മാർ

2:4–9 വ്യാജപ്രവാചകരുടെ ശിക്ഷാവിധി





2:10–22 വ്യാജപ്രവാചകരുടെ ഹീനത്വം

**III. 3:1–18 കർത്താവിന്റെ പ്രത്യാഗമനം.**

3:1–7 വ്യാജപ്രബോധനം

3:8–13 യുഗാന്ത്യം

3:13–18 പ്രതീക്ഷയോടെയുള്ള ജീവിതം

# യോഹന്നാൻ എഴുതിയ 1,2,3 ലേഖനങ്ങൾ

ഡോ. മാത്യു വെള്ളാനിക്കൽ, ഡോ. ജോയ് പഞ്ഞിക്കാരൻ

## യോഹന്നാന്റെ ലേഖനങ്ങൾക്ക് പൊതു ആമുഖം

പുതിയനിയമത്തിലെ 27 പുസ്തകങ്ങളിൽ കാതോലിക ലേഖനങ്ങൾ എന്ന് വിളിക്കപ്പെടുന്ന 7 കൃതികളിൽ 3 എണ്ണമാണ് യോഹന്നാന്റ പേരിൽ അറിയപ്പെടുന്ന ഈ ഗ്രന്ഥങ്ങൾ. ദൈവവും മനുഷ്യനുമായ ചരിത്രത്തിലെ യേശുവിനെ അറിഞ്ഞ്, അവിടുത്തെ പ്രബോധനങ്ങൾ, പ്രത്യേകിച്ചു, സ്നേഹത്തിന്റെ പ്രമാണം, അനുസരിച്ച് ജീവിക്കുകയാണ് ക്രൈസ്തവ ധർമ്മം എന്ന് നമ്മെ ലേഖനങ്ങൾ ഓർമ്മിപ്പിക്കുന്നു.

## ഗ്രന്ഥകർത്താവ്

സുവിശേഷകനായ യോഹന്നാൻശ്ലീഹാ യുടെ പേരിലാണ് ഈ മൂന്നു ലേഖനങ്ങളും പരമ്പരാഗതമായി അറിയപ്പെടുന്നത്. മൂന്നു ലേഖനങ്ങളും പ്രയോഗങ്ങളിലും ശൈലിയിലും ആശയങ്ങളിലും വളരെയേറെ ഐക്യരൂപമുള്ളവയാകയാലും യോഹന്നാന്റെ സുവിശേഷവുമായി വളരെ അടുപ്പമുള്ളവയാകയാലും ഇവ മൂന്നും സുവിശേഷകനായ യോഹന്നാന്റേതുതന്നെയായി പരിഗണിക്കപ്പെടുന്നു.

എങ്കിലും ദൈവശാസ്ത്രവീക്ഷണത്തിലും ആശയങ്ങളിലും കാണുന്ന താദാത്മ്യത്തോടൊപ്പം വ്യതിരിക്തതയും തനതാത്മകതയും കാരണം യോഹന്നാന്റെ സുവിശേഷവും ഈ മൂന്ന് ലേഖനങ്ങളും വ്യത്യസ്ത വ്യക്തികളിൽനിന്നോ സമൂഹത്തിൽനിന്നോ രൂപപ്പെട്ടുവന്നതാണെന്ന് അനുമാനിക്കുന്നവരും ഉണ്ട്. കൂടാതെ രണ്ടും മൂന്നും ലേഖനങ്ങളുടെ തുടക്കത്തിൽ "സഭാശ്രേഷ്ഠന്" എഴുതുന്നു എന്ന് പറയുന്നുണ്ടെങ്കിലും ഒന്നാം ലേഖനത്തിൽ അങ്ങനെ കാണുന്നില്ലാത്തതിനാൽ ഇവ വ്യത്യസ്തവ്യക്തികളിൽനിന്ന് വന്നതാവാം എന്ന് കരുതുന്നവരുമുണ്ട്. എന്നാൽ ഈ മൂന്ന് കൃതികളും യോഹന്നാൻ സുവിശേഷകന്റേതു തന്നെയാണ് എന്ന് ഉറപ്പിച്ചുപറയാൻ പ്രത്യക്ഷ തെളിവുകൾ ഇല്ലെങ്കിലും, ഗ്രന്ഥങ്ങളുടെ ഉള്ളടക്കങ്ങളും പശ്ചാത്തലവും, ദൈവശാസ്ത്രവീക്ഷണങ്ങളും പരിഗണിക്കുമ്പോൾ, പല സഭാപിതാക്കന്മാരുടെയും,

ബൈബിൾ പണ്ഡിതന്മാരുടെയും അനുമാന പ്രകാരം, ഇവ മൂന്നും ഒരേ ഗ്രന്ഥകാരന്റേതുതന്നെയാണെന്നും അത് സുവിശേഷകനായ യോഹന്നാൻ ആണ് എന്നും നമുക്ക് അനുമാനിക്കാം.

നാലാം സുവിശേഷകനായ യോഹന്നാനുമായുള്ള അടുപ്പം കൊണ്ടാണ് ഈ ലേഖനങ്ങൾക്ക് നാലാം നൂറ്റാണ്ടിൽതന്നെ പാശ്ചാത്യസഭകളിൽ കാനോനിക പദവി ലഭിച്ചത്. അഞ്ചാംനൂറ്റാണ്ടിലെ സിറിയൻ പെഷിത്ത (peshitha) യിൽ ഒന്നാം യോഹന്നാനും ഫിലെക്സീനിയൻ പതിപ്പിൽ (philexinion version) രണ്ടും മൂന്നും യോഹന്നാനും ഉണ്ട്.

## സ്വീകർത്താവ്

ഏഷ്യാമൈനറിലെ എഫെസൂസിന് ചുറ്റുമുള്ള യോഹന്നാൻ സമൂഹങ്ങൾക്ക് (Johannine community) ആണ് ഈ ലേഖനങ്ങൾ എഴുതുന്നതെന്ന് പൊതുഅഭിപ്രായം ഉണ്ട്. ലേഖനങ്ങളിൽനിന്ന് ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ സഭകളിൽ യഥാർത്ഥ ക്രിസ്തുദർശനത്തെക്കുറിച്ചും, ക്രൈസ്തവ ജീവിതത്തെക്കുറിച്ചും വ്യത്യസ്ത പഠനങ്ങളും വിഭാഗീയതകളും ഉടലെടുത്തുകൊണ്ടിരുന്ന പശ്ചാത്തലമാണ് നാം കാണുക. അത്തരത്തിലുള്ള പ്രതിസന്ധിയിൽ യഥാർത്ഥ വിജ്ഞാനം നൽകി അവിടങ്ങളിലുള്ള ക്രിസ്തുവിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ ലേഖനങ്ങളുടെ ലക്ഷ്യം.

### രചനാകാലം

ബൈബിൾ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടെങ്കിലും, ക്രിസ്തുവർഷം ഏകദേശം 90 നും 105 നും ഇടയിൽ ആണ് ഈ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതെന്നാണ് പൊതു നിഗമനം.

## യോഹന്നാന്റെ ലേഖനങ്ങളും സുവിശേഷവും

യോഹന്നാന്റെ ലേഖനങ്ങളും സുവിശേഷവും തമ്മിൽ വളരെയേറെ സാമ്യങ്ങളും, പൊതുവായ സവിശേഷതകളും ആശയങ്ങളും കാണാൻ കഴിയും. ഒന്നാംലേഖനവും സുവിശേഷവുമായി ആണ് കൂടുതൽ സാമ്യങ്ങളും. പൊതുവായ ചില പദങ്ങളും ആശയങ്ങളും ഇവിടെ നൽകാം: ജീവൻ (ഉദാ. യോഹ 1:4; 1 യോഹ 1:2; 4:9; 5:11–12, 16). നിത്യജീവൻ (ഉദാ. യോഹ 3:16; 1 യോഹ 1:2; 2:25; 3:15; 5:11, 13, 20), പ്രകാശവും അന്ധകാരവും (ഉദാ. യോഹ 3:32; യോഹ 1:5; 2:8), സത്യം (ഉദാ. യോഹ 8:32; 1 യോഹ 2:21; 3:18; 5:7; 2 യോഹ 1, 2, 3, 4; 3 യോഹ 1, 3, 4, 8, 12), പിതാവ്/പുത്രൻ (ഉദാ. യോഹ 3:35; 1 യോഹ 2:22, 23; 4:14; 2 യോഹ 3, 9). പുത്രൻ (ക്രിസ്തു) (ഉദാ. യോഹ 5:23; 1 യോഹ 1:7; 2:24; 3:23; 4:9, 10, 14; 5:9, 10, 11, 12, 20), വസിക്കുക (ഉദാ. യോഹ 15:5; 1 യോഹ 2:24, 27, 28; 3:15, 24; 4:13, 15, 16; 2 യോഹ 2, 9). പുതിയ കല്പന: പരസ്പരം ക്ഷമിക്കുക (ഉദാ. യോഹ 13:34; 15:12, 17; 1 യോഹ 2:7–8; 3:23; 2 യോഹ 5); വിശ്വാസികളുടെ സന്തോഷം പൂർണ്ണമാവുക (ഉദാ. യോഹ 13:33; 21:5; 1 യോഹ 2:1, 14, 18, 24), ഈശോ സഹായകൻ (ഉദാ. യോഹ 14:16; യോഹ 2:16; 3:1, 13; 4:5).





സുവിശേഷവും ലേഖനങ്ങളും തമ്മിൽ സാമ്യങ്ങൾ ഏറെയുണ്ടെങ്കിലും പ്രകടമായ വ്യത്യാസങ്ങളും ഉണ്ട്. നാം ലേഖനത്തിൽ മാത്രം കാണുന്ന ചില കാര്യങ്ങൾ പറയാം: ആസന്നമായ അന്ത്യമണിക്കൂർ (imminent "last hour," 2:18), പരിഹാരബലി (expiation, 2:1; 4:10), വിശ്വാസികളെ അഭിഷേകം ചെയ്യൽ (anointing of the believers, 2:20, 27), ദുരാശ Lust (2:16–17), അന്തിക്രിസ്തുമാർ (antichrists, 2:18; 22; 4:3), അരാജകത്വം (Lawlessness, 3:4), കപട പ്രവാചകന്മാർ (false prophets, 4:1), തെറ്റിന്റെ അരൂപി (spirit of error, 4:6), വിധി ദിവസം (day of judgment, 4:17), മർത്യവും അമർത്യവും ആയ പാപങ്ങൾ (mortal nonmortal sins, 5:16-17), ധാർമ്മിക പരിഗണനകൾ (ethical consideration, 3:4; 4:20). യോഹന്നാന്റെ രണ്ടാം ലേഖനത്തിൽ മാത്രം കാണുന്നവ: തത്വം (doctrine, 9-10), മഹതിയായ സഭ (the church as "lady", 1, 5), അന്തിക്രിസ്തു (anti Christ, 7), പ്രതിഫലം (reward, 8). യോഹന്നാന്റെ മൂന്നാം ലേഖനത്തിൽ ഉള്ളതും സുവിശേഷത്തിൽ ഇല്ലാത്തതും: സഭ (6, 9, 10), വിജാതീയൻ (7), അധികാരം (9).

യുഗാന്ത്യദർശനത്തിലും (Eschatology) വ്യത്യാസങ്ങൾ ഉണ്ട്: സുവിശേഷത്തിൽ, സാക്ഷാത്കൃതവും (realized) എന്നാൽ ഭാവ്യോന്മുഖവുമായ (futuristic) യുഗാന്ത്യദർശനം ഉള്ളപ്പോൾ ആസന്നയുഗാന്ത്യദർശനം (imminent eschatology) ആണ്.

## ചരിത്ര-ദൈവശാസ്ത്ര പശ്ചാത്തലം

യോഹന്നാൻ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനംമൂലം വളർന്ന് വന്നതും യോഹന്നാനുമായി അടുപ്പമുള്ളതുമായ എഫെസൂസിലും ചുറ്റുമുള്ള ക്രൈസ്തവ സമൂഹങ്ങളിൽ (Johannine community) ക്രിസ്തുവർഷം 90 കളിൽ ചില പ്രശ്നങ്ങൾ ഉടലെടുത്തതായി നമുക്ക് മനസ്സിലാക്കാൻ കഴിയും. വ്യത്യസ്ത ആശയഗതികൾ ഉള്ളവരെ രണ്ടുവിഭാഗങ്ങളായി കാണാം. 1. യഹൂദ ക്രൈസ്തവർ: യഹൂദ പാരമ്പര്യത്തിൽ നിന്നുവന്ന ക്രൈസ്തവരിൽ ചിലർക്ക് ഈശോയുടെ ദൈവത്വത്തെക്കുറിച്ചും, മിശിഹാത്വത്തെക്കുറിച്ചുംഉള്ള വിശ്വാസ ആഴക്കുറവും എന്നാൽ, യഹൂദനിയമത്തോടും പാരമ്പര്യ അനുഷ്ഠാനങ്ങളോടും അമിതമായ താത്പര്യവും വിധയത്വവും. 2. യവന ക്രൈസ്തവർ: യവന-വിജാതീയ പാരമ്പര്യത്തിലുള്ള ക്രിസ്ത്യാനികളിൽകുറച്ചു പേർക്ക് വിജാതീയ സംസ്കാരങ്ങളോടും ജീവിതക്രമങ്ങളോടുമുള്ള അടുപ്പവും ഈശോയുടെ മനുഷ്യത്വത്തെ അംഗീകരിക്കാനുള്ള വൈമനസ്യവും.

ഈ കാഴ്ചപ്പാടുകൾ അബദ്ധ പഠനങ്ങളിലേക്കും ഭിന്നിപ്പുകളിലേക്കും ഭിന്നസമൂഹ ധ്രുവീകരണങ്ങളിലേക്കും എത്തിപ്പെട്ടു കാണും. അങ്ങനെ ഒരു യഹൂദ താത്പര്യ (ebionitic) വിഭാഗവും (താഴ്ന്ന ക്രിസ്തുവിജ്ഞാനീയം-low Christology) ഡോസ്റ്റിക് (docetic) ചായ്വുള്ള വിഭാഗവും (High Christology) പ്രബലപ്പെട്ട് വരികയും തമ്മിൽ പരസ്പര വിയോജിപ്പും, ശത്രുതയും, മാത്സര്യവും വളർന്നുവരികയും ചെയ്തു കാണും. ഇതു ക്രിസ്തീയ സ്നേഹത്തിൽനിന്ന് അകന്നുപോകാനും

ധാർമികമായ (right conduct) പെരുമാറ്റങ്ങൾക്ക് കോട്ടംതട്ടാനും ഇടയായിട്ടുണ്ടാകണം.

ചുരുക്കി പറഞ്ഞാൽ, ദൈവദർശനം (theology), സന്മാർഗദർശനം (ethics), യുഗാന്ത്യദർശനം (eschatology) എന്നിവയിൽ ഈ വിഭാഗത്തിൽപെട്ടവർക്ക് സാരമായ വ്യത്യാസങ്ങൾ ഉണ്ട്. ഇത്തരത്തിലുള്ള ആശയവ്യതിചലനങ്ങൾമൂലം തായിത്തണ്ട് സമൂഹത്തിൽനിന്ന് വേർപിരിഞ്ഞുപോയ ചില സമൂഹങ്ങൾ (1 യോഹ 2:18–19; 2 യോഹ 7; 3 യോഹ 9–10) ഉണ്ടായിരുന്നു. എന്നാൽ യോഹന്നാൻ വ്യാഖ്യാനത്തിനനുസരിച്ചുള്ള യേശു ദർശനത്തിൽ ജീവിക്കുന്ന യഥാർത്ഥ ക്രൈസ്തവരും ധാരാളം ഉണ്ടായിരുന്നു.

അതിനാൽ ഈശോ ദൈവവും മനുഷ്യനും ആണെന്നുള്ള ക്രിസ്തു ദർശനമാണ് യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങ ളിലും കാണുന്നത്.

യോഹന്നാൻ സമൂഹത്തിൽനിന്നും ഒറ്റപ്പെട്ടു മാറിനിൽക്കുന്ന ദിയോത്രെഫെസ് (Diotrephes) ന്റെ സമൂഹത്തെ സംബന്ധിക്കുന്നതാണ് യോഹന്നാന്റെ മൂന്നാം ലേഖനം. ഇവിടെ ദൈവശാസ്ത്ര വിഷയങ്ങളിലുള്ള ആശയ വ്യത്യാസങ്ങളല്ല പ്രശ്നം. മറിച്ച് സഭാഘടനയും അധികാരവും ആണ്.

## അക്ഷയം (Purpose)

1. യോഹന്നാൻ സമൂഹത്തിലുള്ളവരുടെ ക്രൈസ്തവ വിശ്വാസ ജീവിതത്തെ ശക്തി പ്പെടുത്തുക.

2. അപ്പസ്തോലിക സുവിശേഷാനുസരണം ജീവിക്കാൻ പ്രേരിപ്പിക്കുക. ഇതിനു യേശുവിന്റെ വ്യക്തിത്വത്തെ ശരിയായി മനസ്സിലാക്കുകയും, ക്രിസ്തീയ ധാർമിക തയ്ക്കനുസരിച്ച് ദൈവമക്കളെന്ന നിലയിൽ പ്രകാശത്തിൽ ജീവിക്കുകയും വേണം.

3. തെറ്റായ പഠനങ്ങളും അധാർമിക ജീവിതരീതികളും പുലർത്തുന്നവരുടെ സിദ്ധാന്തങ്ങളെയും രീതികളെയും എതിർക്കുകയും തിരുത്തുകയും ചെയ്യുക. ഇതു കൂടുതൽപേർ അബദ്ധ പഠനങ്ങളിലേക്ക് വഴുതി പോകാതിരിക്കാനും, സഭയുടെ ഐക്യം നിലനിർത്തുവാനുംവേണ്ടിയാണ്.

## സാഹിത്യ രൂപവും ശൈലിയും (Literary genre)

ഒന്നാം ലേഖനവും രണ്ടും മൂന്നും ലേഖനങ്ങളും തമ്മിൽ ദൈർഘ്യത്തിലും രചനാശൈലിയിലും അന്തരങ്ങൾ ഉണ്ട്. രണ്ടും മൂന്നും ലേഖനങ്ങളെ പൊതുവേയുള്ള ഗ്രേക്കോ-റോമൻ കത്ത് രചനാശൈലിയിൽ അപഗ്രഥിക്കാൻ കഴിയുമെങ്കിലും ഒന്നാം ലേഖനത്തെ ആ ശൈലിയിൽ ഉൾപ്പെടുത്താനാകില്ല. ഒന്നാം ലേഖനത്തിൽ ലേഖനകർത്താവിന്റെയോ സ്വീകർത്താക്കളുടെയോ പേരുകൾ ഇല്ല; ആമുഖാശംസ, പ്രാർത്ഥന, നന്ദി, സമാപനാശംസ എന്നിവയും ഇല്ല; സംഭാഷണശൈലിയും കുറവാണ്. അതിനാൽ യോഹന്നാന്റെ ഒന്നാം ലേഖനത്തെ എല്ലാ





സഭകൾക്കും പൊതുവായോ, അതോ ഒരു പ്രദേശത്തുള്ള സഭകൾക്ക് പൊതുവായോ എഴുതിയ ഒരു പൊതുലേഖനം എന്നോ, ഒരു പ്രബോധന ലഘുപുസ്തകം എന്നോ, ഒരു അപ്പസ്തോലിക ലേഖനമെന്നോ, ഒരു പ്രസംഗസമാഹാരം എന്നോ വിളിക്കാം.

## സഭാപിതാക്കന്മാരുടെ സാക്ഷ്യം

രണ്ടാം നൂറ്റാണ്ടിൽതന്നെ ഈ ലേഖനങ്ങളെക്കുറിച്ചു സൂചനകൾ ഉള്ളതായി കാണാം (Ep. Barn 5:9-11). ഇരനെയൂസിന്റെ ഗ്രന്ഥങ്ങളിൽ കാണുന്ന ഉദ്ധരണികളിൽനിന്ന് അദ്ദേഹത്തിന് യോഹന്നാന്റെ ഒന്നും രണ്ടും ലേഖനങ്ങളെ അറിയാമായിരുന്നു എന്ന് അനുമാനിക്കാം (haer. 1.16.3; 3.16.5). പൊതുവേ ആധികാരികം എന്ന് കരുതപ്പെടുന്ന മുരടോറിയാൻ രേഖ (muaratorian document) യിൽ ഒന്നും രണ്ടും ഗ്രന്ഥങ്ങളെ സൂചിപ്പിക്കുകയും അവ നാലാം സുവിശേഷകൻ എഴുതിയതാണെന്ന് പറയുകയും ചെയ്യുന്നുണ്ട്. രണ്ടാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ക്ലെമെന്റിന്റെ പുതിയനിയമ പുസ്തകങ്ങളുടെ വ്യാഖ്യാനത്തിൽ യോഹന്നാന്റെ ഒന്നും രണ്ടും ലേഖനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. മൂന്നാം യോഹന്നാനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത് മൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് (Eusebius, Hist. Eccl. 6.25.10).

## ദൈവശാസ്ത്ര അഭിമുഖങ്ങൾ

എഫെസൂസിലും ചുറ്റിലും താമസിക്കുന്ന യോഹന്നാൻ സമൂഹങ്ങളിലെ രണ്ടുതരത്തിലുള്ള വീക്ഷണഗതി പുലർത്തുന്ന ക്രൈസ്തവർക്കാണ് യോഹന്നാൻ ഈ ലേഖനങ്ങൾ എഴുതുന്നത് എന്ന് നാം കാണുകയുണ്ടായി (ചരിത്ര പശ്ചാത്തലം). അതിനാൽ യഹൂദ-യവന ചായ്‌വുള്ള ഈ സമൂഹങ്ങൾക്ക് ഒരു സമീകൃത ക്രിസ്തുദർശനം ആണ് യോഹന്നാൻ അവതരിപ്പിക്കുന്നത്.

സുവിശേഷത്തിലെപോലെ ലേഖനങ്ങളിലെയും മുഖ്യവ്യക്തി (central figure) ജീവദായകനായ ചരിത്രത്തിലെ യേശു ആണ് (historical and life giving Jesus) ആ യേശുവിനോട് വിധേയത്വം ഉണ്ടാകണം (allegiance, 1 യോഹ 4:1–6) അംഗീകരിക്കണം.

**a) യേശുവിന്റെ വിധേയത്വം (Divinity of Jesus):** യേശുവും പിതാവായ ദൈവവും ഒന്നാണ്. ഇത് ദൈവകേന്ദ്രീകൃത ക്രിസ്തു ദർശനം ആണ് (theocentric Christology). ദൈവം പ്രകാശമാകുന്നു, അവിടുന്നിൽ അന്ധകാരമില്ല (1 യോഹ 1:5). ദൈവം നന്മയാകുന്നു (3 യോഹ 11), പ്രകാശമാകുന്നു (1 യോഹ 5, 7), വിശുദ്ധിയാകുന്നു (1 യോഹ 3:3). സത്യമാകുന്നു (1 യോഹ 5:20), സ്നേഹമാകുന്നു (1 യോഹ 4:14). ഈ പുത്രനിലൂടെ എല്ലാവരും ദൈവത്തെ അറിയുന്നു (1 യോഹ 2:23; 4:7–8; 2 യോഹ 9). യേശു അഭിക്ഷിക്തനാണ് (anointed one,1 യോഹ 2:22; 5:1); യേശു ദൈവപുത്രനാണ് (son of God, 1 യോഹ 2:22–23; 4:15; 5:5, 10, 20); ഈശോ പിതാവായ ദൈവവുമായി വളരെ അടുത്ത ബന്ധത്തിലാണ് (intimate relation, 1 യോഹ 1:3; 2:23–24; 4:13), ഈശോ സൃഷ്ടി

പൂർവ്വനും (pre-existent) പരിശുദ്ധനും, നിർമലനും യുഗാന്ത്യത്തിൽ മഹിമയോടെ തിരിച്ചുവരുന്നവനുമാണ് (1 യോഹ 2:13-14, 20, 28, 29; 3:2, 3, 5,7; 5:20).

**b) യേശുവിന്റെ മനുഷ്യത്വം (Humanity of Jesus):** ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾക്ക് ഇങ്ങനെ തിരിച്ചറിയാം: യേശുക്രിസ്തു ശരീരം ധരിച്ചുവന്നു എന്ന് ഏറ്റു പറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ് (1 യോഹ 4:2); വളരെയധികം വഞ്ചകർ ലോകത്തിലേക്ക് ഇറങ്ങിയിട്ടുണ്ട്. യേശുക്രിസ്തു മനുഷ്യശരീരം ധരിച്ചുവന്നു എന്നു സമ്മതിക്കാത്തവരാണ് അവർ. ഇങ്ങനെയുള്ളവനാണു വഞ്ചകനും അന്തിക്രിസ്തുവും (2 യോഹ 7). യേശുവിന്റെ രക്തത്താൽ എല്ലാ വിശ്വാസികളും ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (1 യോഹ 1:7-9); അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (1 യോഹ 1:9; 2:12); ഈശോ ലോകത്തിന്റെ പാപങ്ങൾമായിച്ചുകളഞ്ഞിരിക്കുന്നു (1 യോഹ 2:2; 3:5); ഈശോ പാപങ്ങൾക്കുവേണ്ടിയുള്ള ഹോമയാഗമാണ് (atoning sacrifice 1 യോഹ 2:2; 4:10). ഈശോയുടെ ദൈവത്വത്തിനു ഉയർന്ന പ്രാധാന്യം നൽകി മനുഷ്യത്വത്തിൽ താഴ്ന്ന പരിഗണന നൽകുന്ന യവന-വിജാതീയ വിഭാഗത്തോട് യോഹന്നാൻ പറയുന്നു ഈശോയുടെ ജീവിതവും മരണവും യാഥാർത്ഥ്യങ്ങളായിരുന്നു എന്ന് (1 യോഹ 1:7; 9; 2:2, 6, 12; 3:5, 8,16; 4:2, 9, 10, 7). രണ്ടു കൂട്ടരോടുമായി പറയുന്നു: ഈശോ ദൈവത്തോടും മനുഷ്യരോടും കൂടെയാകുന്നു (1 യോഹ 1:1-4; 2:22-23; 5:1).

**c) യാഥാസ്ഥിതികത്വം (orthodoxy):** യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും അംഗീകരിക്കുന്നതാണ് ക്രിസ്തുവിനെക്കുറിച്ചുള്ള യഥാർത്ഥ അവബോധം (proper understanding). ഇതിൽ അധിഷ്ടിതമാണ് വിശ്വാസം. വിശ്വാസം മാനുഷികമോ വ്യക്തിഗതമോ ആയ അഭിപ്രായത്തിനനുസരിച്ചുള്ളതല്ല, അപ്പസ്തോലിക പാരമ്പര്യവിശ്വാസസംഹിതകൾക്കനുസരിച്ചുള്ളതാണ്. വിശ്വാസം സ്നേഹത്തിൽനിന്നും വേർപെടുത്താവുന്നതുമല്ല. സ്നേഹരാഹിത്യം വിശ്വാസരാഹിത്യത്തിനു തെളിവാണ്. വിശ്വാസമില്ലാത്ത സ്നേഹം യഥാർത്ഥ സ്നേഹമല്ല. വിശ്വാസം സ്നേഹത്തിലും, ധാർമികതയിലും പാപരാഹിത്യത്തിലും പ്രകടമാകണം.

**d) ധാർമികത (morality):** ഒരു യഥാർത്ഥ ക്രൈസ്തവ ധാർമികത വളർത്തുക ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാണ് (2 യോഹ 5:6; 3 യോഹ 11). ക്രൈസ്തവ ധാർമികത എന്നാൽ അർത്ഥമാക്കുക: പ്രകാശത്തിൽ നടക്കുക (1 യോഹ 1:7), യേശുവിന്റെ കല്പനകൾ പാലിക്കുക (1 യോഹ 2:3), സത്യത്തിൽ ആയിരിക്കുക (1 യോഹ 2:4) എന്നതൊക്കെയാണ്. ധാർമ്മിക ജീവിതത്തിലൂടെയാണ് ക്രൈസ്തവർ തങ്ങൾ ദൈവത്താൽ ജനിച്ചവരാണ് (1 യോഹ 2:4), ദൈവമക്കളാണ് (children of God) (1 യോഹ 3:1), ദൈവത്തിലും ക്രിസ്തുവിലും വസിക്കുന്നവരാണ് (abide in God or Christ) (1 യോഹ 2:6, 24) എന്നൊക്കെ പ്രകടിപ്പിക്കുക. മറ്റുള്ളവരെ സ്നേഹിക്കുക എന്നതാണ് ക്രൈസ്തവർ മരണത്തിൽനിന്നു ജീവനിലേക്കുകടന്നിരിക്കുന്നു എന്നതിന്റെ അടയാളം





(1 യോഹ 3:14). സ്നേഹിക്കുന്നവർ ദൈവത്തിൽനിന്ന് ജനിച്ചവരാണ്, ദൈവത്തെ അറിയുന്നവരാണ്.

സുവിശേഷത്തിലെ സ്നേഹത്തിന്റെ കല്പനയെ (യോഹ 13:34-35; 14:15; 15:10, 12, 17) തെറ്റായി വ്യാഖ്യാനിക്കുന്നവരോട് യോഹന്നാൻ പറയുന്നു: സ്നേഹം സാർവത്രികമാണ്, പരസ്പരം സ്നേഹിക്കുക ദൈവഹിതമാണ്.

**e) സ്നേഹം (Love):** ധാർമിക ജീവിതം സ്നേഹത്തിലധിഷ്ടിതമാണ് എന്ന് യോഹന്നാൻ ഊന്നിപ്പറയുന്നു.

**i) ദൈവസ്നേഹം (divine Love):** സ്നേഹത്തിന്റെ ആരംഭം ദൈവത്തിലാണ്, കാരണം ദൈവം സ്നേഹമാണ് (1 യോഹ 4:16), സ്നേഹം ദൈവത്തിൽനിന്നാണ് (1 യോഹ 4:7). ദൈവസ്നേഹം യേശുക്രിസ്തുവിൽ പ്രകടിപ്പിക്കപ്പെട്ടു (1 യോഹ 4:9), അതിനാൽ ദൈവം മനുഷ്യരെ ആദ്യം സ്നേഹിച്ചു (1 യോഹ 4:10).

**ii) മനുഷ്യസ്നേഹം:** ദൈവം മനുഷ്യരെ ആദ്യം സ്നേഹിച്ചതിനാൽ മനുഷ്യർക്ക് പരസ്പരം സ്നേഹിക്കാൻ (1 യോഹ 4:11-19) കഴിയണം. കാണപ്പെടാത്ത ദൈവം മനുഷ്യരിൽ വസിക്കുന്നത് സ്നേഹമായാണ് (1 യോഹ 4:12). ആയതിനാൽ സ്നേഹത്തെക്കുറിച്ച് സംസാരിച്ചാൽ പോരാ, സ്നേഹം പ്രവൃത്തിയിൽ കാണണം (1 യോഹ 3:18, 4:20; 5:1).

**iii) സ്നേഹപ്രകടനം:** മറ്റുള്ളവർക്ക് ആധിധേയത്വവും സഹകരണവും നൽകി സ്നേഹം പ്രകടമാക്കണം (3 യോഹ 5-8). തനിക്കുള്ള സമ്പത്ത് മറ്റുള്ളവർക്ക് കൊടുക്കുന്നതിനാലാണ് സ്നേഹം (1 യോഹ 3:17). ഇത് യേശുവിന്റെ സ്വജീവാർപ്പണത്തിൽനിന്ന് മാതൃക സ്വീകരിച്ചായിരിക്കണം. ഓരോ ക്രൈസ്തവനും യേശുവിനെപ്പോലെ സ്വന്തംജീവൻ മറ്റുള്ളവർക്കുവേണ്ടി അർപ്പിക്കണം (1 യോഹ 3:16).

## ഉപസംഹാരം

ഒരിക്കൽ യോഹന്നാൻ സമൂഹത്തിലായിരിക്കുകയും എന്നാൽ അബദ്ധസിദ്ധാന്തങ്ങൾമൂലം വിട്ടുപോകുകയോ കൂട്ടായ്മക്കെതിരേ പ്രവർത്തിക്കുകയോ ചെയ്യുന്നവരെ തിരുത്തുവാനും സഭാമക്കൾക്ക് അബദ്ധപഠനങ്ങളെയും അവ പഠിപ്പിക്കുന്നവരെയുംകുറിച്ചു മുന്നറിയിപ്പ് നൽകാനും ആണ് ഈ ലേഖനങ്ങളിലൂടെ യോഹന്നാൻ പരിശ്രമിക്കുന്നത്. മുന്നറിയിപ്പ് മാത്രമല്ല സഭയുടെ യഥാർത്ഥക്രിസ്തുദർശനവും ക്രിസ്തീയജീവിതവും പഠിപ്പിക്കുന്നതിനുമാണ് ഈ ലേഖനങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ സഭയുടെ തനാത്മകതയും (identity) ഘടനയും (order) നിലനിർത്തുന്നതിനുള്ള പരിശ്രമവും ഈ ഗ്രന്ഥകർത്താവ് നടത്തുന്നുണ്ട്.

ഈ മൂന്നു ലേഖനങ്ങളും അന്നത്തെ വിഭാഗീയതയ്ക്ക് തടയിടാൻ കുറെ സഹായിച്ചിട്ടുണ്ടാകണം. എന്നാൽ സാർവ്വത്രിക സഭയുടെ സർവ്വകാലങ്ങളിലും പാലിക്കേണ്ട ദൈവശാസ്ത്രപരവും ധാർമികപരവും, സഭാശാസ്ത്രപരവും ആയ സത്യങ്ങൾ അവയിലുണ്ട്: യേശു ദൈവമാണ്,

മനുഷ്യനാണ്, ദൈവത്തോടും മനുഷ്യരോടും കൂടെയുണ്ട്, വിശ്വാസിക്ക് സ്നേഹവും ധർമവും അനിവാര്യമാണ്, ദൈവമകനെപ്പോലെ പ്രകാശത്തിൽ സഞ്ചരിക്കണം, ഐക്യം സഭയുടെ അനിവാര്യഘടകമാണ്. ഇത്തരം പ്രമേയങ്ങളുള്ള ഈ ലേഖനങ്ങൾക്ക് ചിരകാലപ്രസക്തിയുണ്ട്.

## യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

### ലേഖനത്തിന്റെ ലക്ഷ്യം

യോഹന്നാൻ തന്റെ ഒന്നാം ലേഖനമെഴുതിയതിന്റെ ലക്ഷ്യം ലേഖനത്തിന്റെ അവസാനഭാഗത്ത് വ്യക്തമായി പറയുന്നു: “ഞാൻ ഇവയെല്ലാം എഴുതിയത് ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ട് എന്ന് നിങ്ങൾ അറിയേണ്ടതിനാണ്” (5:13). വിശ്വാസികളുടെ സമൂഹമായ സഭാംഗങ്ങൾക്ക് നിത്യജീവനുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സഹായകരമായിട്ടുള്ള ചില മാനദണ്ഡങ്ങളാണ് തന്റെ ലേഖനത്തിലൂടെ യോഹന്നാൻ നല്കുന്നത്. ആ ഉറപ്പ് വിശ്വാസികൾക്ക് അവരുടെ ജീവിതത്തിൽ യഥാർത്ഥ സന്തോഷത്തിന് കാരണമായിത്തീരും - അവരുടെ ക്രിസ്തീയജീവിതം യഥാർത്ഥത്തിലുള്ളതാണെന്നും അതിന്റെ ഫലമായി അവർ ദൈവവുമായി ഐക്യത്തിലാണെന്നുമുള്ള ഉറപ്പ് നല്കുന്ന സന്തോഷം. ഈ ലക്ഷ്യം ആമുഖത്തിലും യോഹന്നാൻ സൂചിപ്പിക്കുന്നുണ്ട്: “.... ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മയുണ്ടാകുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഇത് പ്രഘോഷിക്കുന്നത്.... ഞങ്ങൾ ഇതെഴുതുന്നത് നമ്മുടെ സന്തോഷം പൂർണ്ണമാകാനാണ്” (1:3-4). ഇതിന് പശ്ചാത്തലമൊരുക്കിയത് സഭയുടെ വിശ്വാസത്തിന് നിരക്കാത്ത വിധത്തിൽ ദൈവാനുഭവവും ദൈവികകൂട്ടായ്മയും നിത്യജീവനും ഉണ്ടെന്ന് അവകാശപ്പെടുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്ത ചില വ്യാജപ്രബോധകരുടെ സാന്നിദ്ധ്യമാണ്. ഇങ്ങനെയൊരു പശ്ചാത്തലത്തിൽ വിശ്വാസികൾക്ക് അവരുടെ വിശ്വാസത്തെക്കുറിച്ചും ദൈവാനുഭവത്തെക്കുറിച്ചും സംശയം തോന്നുക സ്വാഭാവികമാണ്. അത് അവരുടെ ക്രിസ്തീയ സന്തോഷത്തിന് തടസ്സമായിത്തീരുകയും ചെയ്യും.

യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷമെഴുതിയത് ‘വിശ്വസിക്കുന്നതിനും അതുവഴി നിത്യജീവനുണ്ടാകുന്നതിനും’ (യോഹ 20:31) വേണ്ടിയാണെങ്കിൽ, ലേഖനമെഴുതിയത് വിശ്വസിക്കുന്നവർക്ക് നിത്യജീനുണ്ടെന്ന് ഉറപ്പുനല്കുന്നതിനുവേണ്ടിയാണ്. നിത്യജീവൻ ആന്തരികമാണെങ്കിൽ മാനദണ്ഡങ്ങൾ ബാഹ്യമാണ്. ബാഹ്യമായ മാനദണ്ഡങ്ങളിലൂടെ ആന്തരികമായ നിത്യജീവനെ തിരിച്ചറിയുവാൻ സഹായകമായ വിധത്തിലാണ് യോഹന്നാൻ തന്റെ ലേഖനം ക്രമീകരിക്കുന്നത്. ആന്തരികവും ബാഹ്യവുമായ ഈ രണ്ട് യാഥാർത്ഥ്യങ്ങളെ, അതായത്, നിത്യജീവനെയും അതിന്റെ മാനദണ്ഡങ്ങളെയും സൂചിപ്പിക്കുന്ന പദപ്രയോഗങ്ങൾ ലേഖനത്തിലുടനീളം കാണാവുന്നതാണ്. ഉദാഹരണമായി, നിത്യജീവനെ സൂചിപ്പിക്കുവാൻ ‘കൂട്ടായ്മയുണ്ടാവുക’ (1:3,6,7), ‘ദൈവത്തിൽനിന്നും ജനിക്കുക’ (2:29; 3:9-10; 4:7; 5:1,4), ‘ദൈവത്തിൽനിന്നായിരിക്കുക’ (4:3,4,6), ‘ദൈവമക്കളായിരിക്കുക’ (3:1-2), ‘അവനിൽ ആയിരിക്കുക’ (2:5), ‘ദൈവത്തിൽ’ അല്ലെങ്കിൽ ‘പുത്രനിൽ നിലനില്ക്കുക’ (2:6,24,27,28; 3:6,24; 4:15-16), ‘പ്രകാശത്തിൽ നിലനില്ക്കുക’ (2:10), ‘പിതാവ്’ അല്ലെങ്കിൽ ‘പുത്രൻ ഉണ്ടായിരിക്കുക’ (2:23; 5:12), ‘ജീവനുണ്ടായിരിക്കുക’ (5:12-13), ‘ദൈവത്തെ’, ‘പിതാവിനെ’, ‘സത്യസ്വരൂപനെ അറിയുക’ (2:3-4,13-14; 3:2,6; 4:6,7; 5:20), ‘അവനെ കാണുക’ (3:6) തുടങ്ങിയ പദപ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു. അതുപോലെതന്നെ മാനദണ്ഡങ്ങളെ സൂചിപ്പിക്കുവാൻ, ‘കല്പനകൾ പാലിക്കുക’ (2:3; 3:24), ‘വചനം പാലിക്കുക’ (2:5), ‘നീതി പ്രവർത്തിക്കുക’ (3:10), ‘ഏറ്റുപറയുക’ (4:2), ‘വാക്കു ശ്രവിക്കുക’ (4:6), ‘ദൈവത്തെ സ്നേഹിക്കുക’ (5:2) തുടങ്ങിയവയും ഉപയോഗിക്കുന്നു. നിത്യജീവനെയും മാനദണ്ഡത്തെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ‘ഇതുവഴി നമുക്ക് തിരിച്ചറിയാം’ എന്ന പ്രയോഗവും ലേഖനത്തിലുടനീളം കാണാം. ഉദാഹരണത്തിന്, “നാം *അവന്റെ കല്പനകൾ പാലിച്ചാൽ* (മാനദണ്ഡം) അതുവഴി *നാം അവനെ അറിയുന്നു*വെന്ന് (നിത്യജീവൻ) തീർച്ചയാക്കാം” (2:3).

മാനദണ്ഡങ്ങളെയും നിത്യജീവനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് അടിസ്ഥാനമായി യോഹന്നാൻ കാണുന്നത് അതിനോടുബന്ധപ്പെട്ട ദൈവത്തിന്റെ സവിശേഷതയാണ്. ഉദാഹരണമായി, ദൈവം പ്രകാശമായതുകൊണ്ട് പ്രകാശത്തിൽ സഞ്ചരിക്കുന്നവൻ ദൈവവുമായി കൂട്ടായ്മയിലാണ് (1:5-7). മറ്റൊരു ഉദാഹരണം, ദൈവം നീതിമാനായതുകൊണ്ട് നീതി പ്രവർത്തിക്കുന്നവൻ ദൈവത്തിൽ നിന്നും ജനിച്ചവനാണ് (2:29). വേറൊരു ഉദാഹരണം, ദൈവം സ്നേഹമായതുകൊണ്ട് സ്നേഹിക്കുന്നവൻ ദൈവത്തിൽനിന്നും ജനിച്ചവനാണ് (4:7). ഈ രീതിയിലുള്ള അവതരണത്തിന്റെ അടിസ്ഥാനത്തിലാണ് ലേഖനത്തിന്റെ പൊതുവായ ഘടന ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

### ലേഖനത്തിന്റെ ഘടന

ലേഖനത്തെ പ്രധാനമായും മൂന്നു ഭാഗങ്ങളായാണ് വിഭജിച്ചിരിക്കുന്നത്. കൂടാതെ ഇതിന് ഒരു ആമുഖവും ഒരു അനുബന്ധവുമുണ്ട്.

**1:1-4, ആമുഖം**

**ഒന്നാം ഭാഗം 1:5-2:28,** ദൈവം പ്രകാശമാണ്; പ്രകാശത്തിൽ നടക്കുന്നവന് ദൈവത്തോട് കൂട്ടായ്മയുണ്ട്.

**രണ്ടാം ഭാഗം 2:29-4:6,** ദൈവം നീതിമാനാണ്; നീതി പ്രവർത്തിക്കുന്നവൻ ദൈവത്തിൽനിന്നും ജനിച്ചവനാണ്.

**മൂന്നാം ഭാഗം 4:7-5:12,** ദൈവം സ്നേഹമാണ്; സ്നേഹിക്കുന്നവൻ ദൈവത്തിൽനിന്നും ജനിച്ചവനാണ്.

**5:13, ഉപസംഹാരം**

**5:14-21, അനുബന്ധം**

## യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

### ആമുഖം

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചു തെറ്റായ ധാരണകൾ പുലർത്തുന്ന അബദ്ധസിദ്ധാന്തക്കാരും വിഘടനവാദികളും, സത്യവിശ്വാസത്തിൽനിന്ന് വിശ്വാസികളെ വഴിതെറ്റിക്കുവാൻ ശ്രമിക്കുന്നവരുമായ കുറേപ്പേരുടെ പ്രശ്നങ്ങൾക്കൊണ്ട് വിഷമിക്കുന്ന ക്രൈസ്തവസമൂഹത്തിനു സത്യവിശ്വാസം എന്തെന്നു പറഞ്ഞുകൊടുക്കുന്നതിനും അബദ്ധസിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നവർക്കെതിരേ ജാഗ്രത പുലർത്തുവാൻ പ്രേരിപ്പിക്കുന്നതിനുമാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. സത്യത്തിലും സ്നേഹത്തിലും ജീവിക്കാനുള്ള ആഹ്വാനമാണ് ഈ ലേഖനത്തിലൂടെ നൽകുന്നത്. ഒരു സഭാശ്രേഷ്ഠന്റെ അധികാരത്തോടും ഒരു പിതാവിന്റെ വാത്സല്യത്തോടുംകൂടിയാണ് യോഹന്നാന്റെ ഈ ലേഖനം എഴുതുന്നത്.

### വിഭജനം

ഈ ലേഖനത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം.

1. അഭിവാദനം (1-3)
2. സത്യത്തിലും സ്നേഹത്തിലും ജീവിക്കുക (4-11)

## യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

### ആമുഖം

യോഹന്നാന്റെ സമൂഹത്തിൽ ഉടലെടുത്ത സഭാധികാരസംബന്ധമായ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ ലേഖനം എഴുതപ്പെടുന്നത്. ഗായിയൂസും ദെമെട്രിയൂസും യോഹന്നാന് വിധേയപ്പെട്ടു കഴിയുമ്പോൾ ദിയോത്രെഫെസ് യോഹന്നാന്റെ അധികാരത്തെ അംഗീകരിക്കുന്നില്ല. അതിനാൽ ശരിയും തെറ്റും തമ്മിലും, നന്മയും തിന്മയും തമ്മിലും തിരിച്ചറിയാനും, നന്മയെ അനുകരിച്ച്, നന്മ പ്രവർത്തിച്ച് സത്യത്തിന് സാക്ഷ്യം വഹിക്കാനുമുള്ള ആഹ്വാനമാണ് ഈ കത്തിലൂടെ ലഭിക്കുന്നത്. രണ്ടാംലേഖനംപോലെ ഇതും വളരെ ചെറിയ കത്താണ്.

### വിഭജനം

ഈ ലേഖനത്തെ അഞ്ച് ഭാഗങ്ങളായി തിരിക്കാം.

1. അഭിവാദനം (1-4)





2. ഗായിയൂസിന്റെ സൽപ്രവൃത്തി (5-7)
3. ദിയോത്രെഫെസിന്റെ ദുഷ്പ്രവൃത്തി (8-10)
4. നന്മയെ അനുകരിക്കുക (11-12)
5. സമാപനാശംസകൾ (13-15)

## യൂദാസ് എഴുതിയ ലേഖനം

ഡോ. മൈക്കിൾ കാരിമറ്റം

### ആമുഖം

പുതിയനിയമത്തിലെ ഏറ്റവും ചെറിയ ഗ്രന്ഥങ്ങളിൽ ഒന്നാണ് യൂദാസിന്റെ പേരിൽ അറിയപ്പെടുന്ന, ഒറ്റ അധ്യായവും 25 വാക്യങ്ങളും മാത്രമുള്ള, ലേഖനം. അധികമൊന്നും അറിയപ്പെടാത്തതും പൊതുവേ അവഗണിക്കപ്പെടുന്നതുമായ ഈ ഗ്രന്ഥം കാതോലിക ലേഖനങ്ങളുടെ കൂട്ടത്തിലാണ് എണ്ണപ്പെടുക. വ്യാജപ്രബോധകരുടെ ഭാഗത്തുനിന്ന് ആദിമ ക്രൈസ്തവസമൂഹം നേരിട്ട ഒരു ഭീഷണിയെ ചെറുക്കുന്നതിനായിട്ടാണ് താൻ ലേഖനം എഴുതുന്നത് എന്ന് ഗ്രന്ഥകർത്താവുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആരാണ് ഈ വ്യാജപ്രബോധകർ, എന്താണ് അവരുടെ തെറ്റായ പ്രബോധനങ്ങൾ, ഏതുകാലത്ത്, എവിടെയാണ് ഈ പ്രബോധനങ്ങൾ പ്രചാരത്തിൽ വന്നത് എന്നതിനെക്കുറിച്ചൊന്നും ലേഖനത്തിൽനിന്നും വ്യക്തമായ അറിവ് ലഭ്യമല്ല. അതിനാൽത്തന്നെ വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്.

### ഗ്രന്ഥകർത്താവ്

"യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാസ്" എന്നാണ് ഗ്രന്ഥകാരൻ തന്നെത്തന്നെ വിശേഷിപ്പിക്കുന്നത്. "യൂദാസ്" എന്നത് യൂദാ എന്ന ഹീബ്രു നാമത്തിന്റെ ഗ്രീക്ക് രൂപമാണ്. ആരാണീ യൂദാസ്? ഈ പേരിൽ അറിയപ്പെടുന്ന രണ്ട് അപ്പസ്തോലന്മാരുണ്ട്. യൂദാസ് സ്കറിയോത്തായാണ് ഒരാൾ. രണ്ടാമത്തേത് യാക്കോബിന്റെ മകൻ യൂദാസ് എന്ന് ലൂക്കായും (ലൂക്കാ 6:16) തദേവൂസ് എന്ന് മറ്റു രണ്ട് സമാന്തര സുവിശേഷകന്മാരും (മത്താ 10:3; മർക്കോ 3:18) വിശേഷിപ്പിക്കുന്നയാൾ. ഈ രണ്ടുപേരുമല്ല ലേഖന കർത്താവ്. അദ്ദേഹം അപ്പസ്തോലനേയല്ല എന്ന സൂചനയാണ് 17-ാം വാക്യം നല്കുന്നത്. യാക്കോബിന്റെ സഹോദരൻ എന്ന് വിശേഷിപ്പിക്കുമ്പോൾ ഏത് യാക്കോബിനെയാണ് ഉദ്ദേശിക്കുന്നത് എന്നതിലും അവ്യക്തതയുണ്ട്. സെബദിപുത്രൻ യാക്കോബ്, ഹൽപൈയുടെ പുത്രൻ യാക്കോബ് എന്നീ രണ്ട് അപ്പസ്തോലന്മാരുമല്ല അയാൾ.

യേശുവിന്റെ സഹോദരൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന മറ്റൊരു യാക്കോബിനെക്കുറിച്ച് സുവിശേഷകന്മാർ പ്രതിപാദിക്കുന്നുണ്ട് (മത്താ 13:53; മർക്കോ 6:3). ഈ യാക്കോബ് ജറുസലേമിൽ മെത്രാനായിരുന്നു. ഏ.ഡി. 62ൽ അഗ്രിപ്പാരാജാവ് അദ്ദേഹത്തെ വധിച്ചു. ഈ യാക്കോബിന്റെ സഹോദരനാണ് ലേഖനകർത്താവായ യൂദാസ് എന്ന് ബൈബിൾ പണ്ഡിതന്മാർ പൊതുവേ അഭിപ്രായപ്പെടുന്നു. യാക്കോബിന്റെ മരണത്തിനു ശേഷം സഭയിൽ പ്രാബല്യമുണ്ടായിരുന്ന വ്യക്തിയാണ് യൂദാസ് എന്ന് കരുതപ്പെടുന്നു.

ഈ അഭ്യൂഹം ശരിയാണെങ്കിൽ യാക്കോബിനെപ്പോലെ യൂദാസും യേശുവിന്റെ സഹോദരഗണത്തിൽപ്പെടും. സഹോദരൻ എന്നതുകൊണ്ട് അടുത്ത ബന്ധു (cousin) എന്നേ അർത്ഥമാക്കുന്നുള്ളൂ. എന്നാൽ "യേശുക്രിസ്തുവിന്റെ ദാസൻ" എന്നല്ലാതെ "സഹോദരൻ" എന്ന് സ്വയം വിശേഷിപ്പിക്കാത്തത് എന്തുകൊണ്ട് എന്ന് ചോദിക്കാറുണ്ട്. ഈ വിശേഷണം അമിതമായ ഒരു അധികാരധ്വനി ഉൾക്കൊള്ളുന്നതിനാലാവാം അതുപേക്ഷിച്ച്, വിനീതമായ ദാസന്റെ സ്ഥാനം മാത്രം അവകാശപ്പെടുന്നത്. രക്തബന്ധത്തേക്കാൾ പ്രധാനം വിശ്വാസവും വിധേയത്വവുമാണ്. യാക്കോബ് സഭയിൽ ഏറെ അറിയപ്പെടുന്ന വ്യക്തിയായതിനാൽ ആ പേര് എടുത്തുപറയുന്നു. യൂദാസ് എന്നത് ഒരു തൂലികാനാമം മാത്രമാണെന്ന വാദത്തിനുകാര്യമായ പിന്തുണയില്ല. സഭയിൽ അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നില്ല യൂദാസ്. അതിനാൽ ആ പേര് എടുക്കുന്നതിന് പ്രസക്തിയില്ല.

## കാലം

ലേഖനം എഴുതപ്പെട്ട കാലത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. ഏ.ഡി. 50 മുതൽ 150 വരെയുള്ള കാലം എടുത്തുകാട്ടുന്നവരുണ്ട്. അപ്പസ്തോലന്മാരുടെ കാലം കഴിഞ്ഞു (വ. 17) എന്നും ക്രിസ്തീയ വിശ്വാസം ഏതാണ്ട് ഒരു നിശ്ചിതരൂപത്തിലുള്ള വിശ്വാസ സംഹിതയായി രൂപപ്പെട്ടു (വ. 3:20) എന്നുമുള്ള സൂചനകൾ ലേഖനത്തിൽ കാണാം. അതേസമയം പത്രോസിന്റെ രണ്ടാം ലേഖനത്തിൽ ഈ ലേഖനത്തിന്റെ വലിയ സ്വാധീനം ദൃശ്യമാണ്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ ഏ.ഡി. 80നും 90നും മധ്യേയാണ് രചന നടന്നതെന്ന് കരുതാം.

## കാനോനികത

രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഈ ലേഖനം സഭയുടെ ഔദ്യോഗിക പട്ടികയിൽ പെട്ടിരുന്നതായി കരുതാനാവും. ലൂദോവിക്കോ അന്തോണിയോ മുരത്തോരി (1672-1750) എന്ന സുപ്രസിദ്ധ ഇറ്റാലിയൻ ചരിത്രകാരൻ മിലാനിലെ അംബ്രോസിയൻ ലൈബ്രറിയിൽ കണ്ടെത്തി 1740 ൽ പ്രസിദ്ധീകരിച്ച ഒരു പുരാതന കയ്യെഴുത്തുപ്രതി ഇതിന് തെളിവായി നില്ക്കുന്നു. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ (170) ഗ്രീക്കിൽ പ്രസിദ്ധീകരിച്ച പുതിയ നിയമഗ്രന്ഥങ്ങളുടെ പട്ടികയുടെ ലത്തീൻ വിവർത്തനമാണ് മുരത്തോരിയൻ ശകലം (Muretorian Fragment) എന്നറിയപ്പെടുന്ന ഈ കയ്യെഴുത്ത് പ്രതി. തെർത്തുല്യൻ (160-215), അലക്സാണ്ട്രിയായിലെ ക്ലെമന്റ് (155-220), ഒരിജൻ (185-254) തുടങ്ങിയ സഭാപണ്ഡിതന്മാർ ഈ ലേഖനത്തെ പുതിയ നിയമഭാഗമായി കരുതിയിരുന്നു. സഭാചരിത്രകാരനായ കേസറിയായിലെ എവുസേബിയൂസ് (265-339) ഈ പുസ്തകം പുതിയനിയമത്തിന്റെ ഭാഗമായി കരുതുന്നെങ്കിലും അന്ത്യോക്യായിലും സിറിയായിലും ഇത് അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു. അഞ്ചാം നൂറ്റാണ്ടോടെ സാർവ്വത്രിക സഭയിൽ യൂദായുടെ ലേഖനം ബൈബിളിന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു.





## രചനയുടെ സാഹചര്യം - ലക്ഷ്യം

ക്രിസ്തീയ വിശ്വാസത്തെ ദുഷിപ്പിക്കുകയും വിശ്വാസികളെ വഴിതെറ്റിക്കുകയും ചെയ്യുന്ന അബദ്ധ പ്രബോധനങ്ങളും ജീവിതരീതികളും പ്രചരിപ്പിക്കുന്ന ചില 'ദുഷ്ട മനുഷ്യർ' ക്രിസ്തീയ സമൂഹങ്ങളിൽ കടന്നുകൂടിയതിനാലാണ് താൻ ഇപ്രകാരം ഒരു ലേഖനം എഴുതാൻ നിർബന്ധിതനായതെന്ന് ലേഖന കർത്താവ് ആരംഭത്തിൽത്തന്നെ പറയുന്നു. ലേഖനത്തിന്റെ സിംഹഭാഗവും ഈ പ്രവണതകളെ തള്ളിപ്പറയാൻവേണ്ടി മാറ്റിവച്ചിരിക്കുന്നു (വ. 3-16). ഏ.ഡി. രണ്ടാം നൂറ്റാണ്ടോടെ പ്രചാരത്തിൽ വന്ന ജ്ഞാനവാദ (gnosticism)ത്തിന്റെ പ്രാഗ്‌രൂപമാണ് ഇവിടെ യൂദാ ശപിച്ചുതള്ളുന്ന അബദ്ധസിദ്ധാന്തം എന്ന് കരുതപ്പെടുന്നു.

നിയമനിഷേധകർ (antinomians) എന്നും വിശേഷിപ്പിക്കപ്പെടുന്ന ഇവർ തങ്ങളുടെ ഇഷ്ടത്തെ നിയമമായി കരുതുകയും മറ്റെല്ലാ നിയമങ്ങളെയും നിഷേധിക്കുകയും ചെയ്യുന്നു. സകലവിധ അധാർമ്മികതയിലും ആവേശത്തോടെ മുഴുകുന്ന ഇവർ ദൈവത്തെയും ക്രിസ്തുവിനെയും നിഷേധിക്കുകയും ദൈവദൂതന്മാരെ നിന്ദിക്കുകയും ചെയ്യുന്നു. അതേസമയം ആത്മീയരാണ് തങ്ങൾ എന്ന് അവകാശപ്പെടുകയും ചെയ്യുന്നു. (വിശദമായ ചിത്രീകരണത്തിന് വ്യാഖ്യാനം കാണുക) അത്യന്തം വിനാശകരമായ ഈ പ്രവണതയ്ക്കെതിരേ ശക്തമായി പ്രതികരിക്കുകയും വിശ്വാസികളെ ബലപ്പെടുത്തുകയുമാണ് ലേഖനത്തിന്റെ ലക്ഷ്യം.

## സാഹിത്യരൂപം

ഗ്രന്ഥത്തിന്റെ ആമുഖം ഒരു ലേഖനത്തിന്റെ രൂപത്തിലാണ് എഴുതിയിരിക്കുന്നത്. എന്നാൽ ബാക്കിഭാഗം മുഴുവൻ ഒരു പ്രസംഗശൈലി (homily)യിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു. വിശ്വാസത്തെയും ധാർമികതയെയും സംബന്ധിച്ച ആഴമേറിയ പ്രബോധനങ്ങൾ നല്കുന്നതിനേക്കാൾ തങ്ങൾ സ്വീകരിച്ചിട്ടുള്ള വിശ്വാസത്തെയും ജീവിതരീതിയെയും അക്രമണത്തിൽ നിന്ന് രക്ഷിക്കാനുള്ള ശ്രമമാണ് ഈ ലേഖനത്തിൽ നടക്കുന്നത്. എതിരാളികളുടെ വാദമുഖങ്ങളെ എടുത്ത് പറഞ്ഞ് ഖണ്ഡിക്കുന്നതിനുപകരം അവരുടെ ജീവിതരീതിയുടെ ഭോഷത്തം തുറന്നുകാട്ടി എതിരിടാൻ ശ്രമിക്കുന്നു. രണ്ടാം നൂറ്റാണ്ടുമുതൽ സഭയിൽ ഏറെ പ്രചാരത്തിൽവന്ന, എതിരാളികളിൽനിന്ന് വിശ്വാസത്തെ സംരക്ഷിക്കുന്ന 'അപ്പോളോജെറ്റിക്' ശൈലിയുടെ തുടക്കം ഇവിടെ കാണാം. പഴയനിയമത്തിൽനിന്നും അപ്രമാണിക ഗ്രന്ഥങ്ങളിൽനിന്നും ഉദാഹരണങ്ങൾ നിരത്തി എതിരാളികളുടെ ജീവിതവീക്ഷണങ്ങളെ അപഹാസ്യവും അപകടകരവുമായി അവതരിപ്പിക്കുകയും വിശ്വാസികൾക്ക് ശക്തമായ താക്കീത് നൽകുകയും ചെയ്യുന്നു.

തെറ്റില്ലാത്ത, നല്ല ഗ്രീക്ക് ഭാഷയിലാണ് ഗ്രന്ഥം രചിച്ചിരിക്കുന്നത്. പുതിയനിയമഗ്രന്ഥങ്ങളിൽവച്ച് ഏറ്റം മികവാർന്ന ഗ്രീക്കുഭാഷാ പ്രയോഗം യൂദാസിന്റേതാണെന്നാണ് പണ്ഡിതമതം. ചുരുക്കമായി സെമിറ്റിക് ശൈലിയും കടന്നുവരുന്നുണ്ട്. ഗലീലിയിലെ ഒരു ഗ്രാമീണനായ യൂദാസിന് എങ്ങനെ ഇത്രനല്ല ഗ്രീക്കു രചന നടത്താൻ സാധിച്ചു എന്ന് അത്ഭുതപ്പെടുന്നവരുണ്ട്. തൂലികാനാമവാദികൾ ഇക്കാര്യം പ്രത്യേകം എടുത്തുകാട്ടുന്നു. എന്നാൽ ഗലീലിയിൽ വസിച്ചിരുന്നവർക്കും ഗ്രീക്കുഭാഷ പഠിക്കാനുള്ള അവസരങ്ങളുണ്ടായിരുന്നു എന്നത് മറക്കാനാവില്ല. അതിനുപുറമേ ഭാഷാപാണ്ഡിത്യമുള്ള ആരുടെയെങ്കിലും സഹായത്തോടെ യൂദാസ് രചന നടത്തി എന്ന് കരുതുന്നതിലും തെറ്റില്ല, പത്രോസ് ചെയ്തതുപോലെ.

## അനുവാചകർ

ആരെ ലക്ഷ്യമാക്കിയാണ് ലേഖനം എഴുതുന്നത് എന്ന കാര്യത്തിൽ തർക്കമുണ്ട്. "ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും യേശുക്രിസ്തുവിനുവേണ്ടി കാത്തു സൂക്ഷിക്കപ്പെടുന്നവരുമായ വിളിക്കപ്പെട്ടവർ" (1) എന്ന വിശേഷണങ്ങൾ ക്രൈസ്തവരെ പൊതുവിൽ അഭിസംബോധന ചെയ്യുന്നതായി കരുതാനാവും. അതിനാലാണ് ഈ പുസ്തകത്തെ കാതോലിക ലേഖനങ്ങളുടെ പട്ടികയിൽപെടുത്തിയിരിക്കുന്നത്. എന്നാൽ 3-16 വാക്യങ്ങളിൽ പ്രതിപാദിക്കുന്ന വിവാദ വിഷയങ്ങളുടെ പശ്ചാത്തലത്തിൽ ഏതെങ്കിലും ഒരു പ്രാദേശിക സഭയോ സഭാസമൂഹങ്ങളെയോ മുന്നിൽ കണ്ടുകൊണ്ടാണ് ലേഖനം രചിച്ചിരിക്കുന്നത് എന്ന് കരുതാൻ ന്യായമുണ്ട്. ഈജിപ്ത്, ഏഷ്യാമൈനർ, സിറിയാ, പാലസ്തീനാ എന്നിങ്ങനെ വിവിധ ഭൂവിഭാഗങ്ങൾ എടുത്തുകാട്ടുന്നവരുണ്ട്.

പഴയനിയമത്തിൽനിന്നും യഹൂദരുടെ അപ്രമാണിക ഗ്രന്ഥങ്ങളിൽ നിന്നുമുള്ള ഉദാഹരണങ്ങൾ യഹൂദ ക്രൈസ്തവർക്കാവും കൂടുതൽ എളുപ്പത്തിൽ മനസ്സിലാവുക. എന്നാൽ തള്ളിപ്പറയുന്ന പ്രവണതകൾ പലതും വിജാതീയ ക്രൈസ്തവർക്ക് കൂടുതൽ പ്രസക്തമാണ്. അതിനാൽ യഹൂദരും വിജാതീയരും അടങ്ങുന്ന ക്രൈസ്തവ സമൂഹങ്ങളെ മുന്നിൽകണ്ടുകൊണ്ട് രചന നടത്തി; അത് അധികവും പാലസ്തീനായിലും സിറിയായിലുള്ള ക്രൈസ്തവ സമൂഹങ്ങളായിരുന്നു എന്ന നിലപാടിനാണ് കൂടുതൽ അംഗീകാരമുള്ളത്.

## പത്രോസിന്റെ രണ്ടാം ലേഖനവുമായുള്ള ബന്ധം

അവതരിപ്പിക്കുന്ന പ്രമേയങ്ങളിലും ഉപയോഗിക്കുന്ന പദപ്രയോഗങ്ങളിലും യൂദാസിന്റെ ലേഖനവും പത്രോസിന്റെ രണ്ടാം ലേഖനവും തമ്മിൽ വളരെ അടുത്ത സാമ്യവും ബന്ധവുമുണ്ട്. യൂദാ 4:16 -2 പത്രോ 2:1-18 വാക്യങ്ങളിലാണ് സാമ്യവും ബന്ധവും പ്രകടമാകുന്നത്. (വിശദമായ താരതമ്യത്തിന് വ്യാഖ്യാനം കാണുക) ഈ ബന്ധത്തിന്റെ കാരണം ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചതാണെന്ന് പൊതുവേ കരുതപ്പെടുന്നു. പഴയനിയമസംഭവങ്ങൾ കാലക്രമത്തിലല്ല യൂദാസ് അവതരിപ്പിക്കുന്നത്. എന്നാൽ





2 പത്രോസ് ആ സംഭവങ്ങളെ കാലക്രമത്തിൽ അവതരിപ്പിക്കുന്നു. അപ്രമാണിക ഗ്രന്ഥങ്ങളിൽ നിന്നുള്ള സംഭവങ്ങളും ഉദ്ധരണികളും യൂദാസ് അവതരിപ്പിക്കുമ്പോൾ 2 പത്രോസ് ഇതൊന്നും എടുത്തിട്ടില്ല. ഇപ്രകാരമുള്ള കാരണങ്ങളാൽ 2 പത്രോസ് യൂദാസിന്റെ ലേഖനത്തിൽനിന്ന് കടമെടുത്തു എന്നതാണ് പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന അഭിപ്രായം.

## പ്രധാന ആശയങ്ങൾ

അപ്പസ്തോലന്മാർവഴി കൈമാറി വന്നിരിക്കുന്ന വിശ്വാസം കാത്തുസൂക്ഷിക്കാനും അവികലമായി അവതരിപ്പിക്കാനുംവേണ്ടിയാണ് ലേഖനം എഴുതിയിരിക്കുന്നത്. വിശ്വാസസത്യങ്ങൾക്ക് ധാർമിക ജീവിതത്തിൽ ഉള്ളതും ഉണ്ടായിരിക്കേണ്ടതുമായ പ്രാധാന്യത്തിന് ഊന്നൽ നല്കുന്നു (വാ. 3:5-7). അവസാനനാളുകളിലാണ് തങ്ങൾ ജീവിക്കുന്നതെന്നും അധാർമ്മികതയിൽ മുഴുകി കഴിയുന്നവരെ ശിക്ഷിക്കാനായി കർത്താവ് വൈകാതെ വരുമെന്നും ഉദ്ബോധിപ്പിക്കുന്നു (വാ.17-18). പാപികളുടെമേൽ കഠിനമായ ശിക്ഷാവിധിയുണ്ടാകും എന്ന് പഴയകാലാനുഭവങ്ങൾ എടുത്തുകാട്ടി താക്കീതു നൽകുന്നു (വാ. 5-13). അതേസമയം തങ്ങളുടെ വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് കർത്താവിനോട് വിശ്വസ്തത പുലർത്തുന്നവർക്ക് കർത്താവിന്റെ കരുണയും നിത്യജീവനും ലഭിക്കും (വാ. 2:21-24) എന്ന് വാഗ്ദാനം ചെയ്യുന്നു.

യേശുക്രിസ്തുവിനെ ഏകനാഥനും കർത്താവുമായി ഏറ്റുപറയണം. ആ വിശ്വാസ പ്രഖ്യാപനം ജീവിതസാക്ഷ്യത്തിലൂടെ അന്വർത്ഥമാക്കണം. അപ്പസ്തോലന്മാരിൽനിന്ന് ലഭിച്ച വിശ്വാസം ധാർമികജീവിതത്തിന്റെ അടിത്തറയാകണം. ദൈവത്തിൽ മാത്രം ആശ്രയിക്കുകയും തങ്ങളുടെ വിശ്വാസം അനുസരണത്തിലൂടെ പ്രകടമാക്കുകയും ചെയ്യണം. കർത്താവിന്റെ രണ്ടാംവരവിനായി വിശ്വാസികൾ പ്രത്യാശയോടെ കാത്തിരിക്കണം. വിശ്വാസവും അനുസരണയുമുള്ള ശിഷ്യത്വം യുഗാന്തമഹത്വത്തിലേക്ക് നയിക്കും. എന്നാൽ അധാർമികതയിൽ മുഴുകുന്നവർക്ക് നിത്യശിക്ഷയായിരിക്കും ലഭിക്കുക.

കരുണയും സമാധാനവും ആശംസിച്ചുകൊണ്ട് ആരംഭിക്കുന്ന ലേഖനം ദൈവസ്തുതി ആലപിച്ചുകൊണ്ട് അവസാനിക്കുന്നു. ദൈവത്തെ നിത്യം സ്തുതിക്കാൻ ദൈവജനത്തെ ഒരുക്കുക, പ്രാപ്തരാക്കുക എന്ന ഏക ലക്ഷ്യമാണ് ലേഖനത്തിനുള്ളത്.

## പുസ്തകഘടന

| | | |
|---|---|---|
| ആമുഖം | - | 1-14 |
| I വ്യാജപ്രബോധകർ | - | 5-16 |
| II ഉപദേശം | - | 17-23 |
| ഉപസംഹാരം - ദൈവസ്തുതി | - | 24-25 |

# 11

# യോഹന്നാനു ലഭിച്ച വെളിപാട്

ഡോ. മൈക്കിൾ കാരിമറ്റം

## ആമുഖം

ബൈബിളിലെ അവസാനത്തെ പുസ്തകമായ വി. യോഹന്നാനു ലഭിച്ച വെളിപാട് ഭൂരിഭാഗം ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇന്നും ഏറ്റവും മുദ്രവച്ചു ഭദ്രമാക്കപ്പെട്ട ഒരു രഹസ്യഗ്രന്ഥമാണ്. നിത്യവിരുന്ന്, പുതിയ ആകാശവും പുതിയ ഭൂമിയും മുതലായ ചുരുക്കം ചില പ്രതീകങ്ങളൊഴിച്ചാൽ, ക്രിസ്തീയജീവിതത്തെയോ, സുവിശേഷപ്രഘോഷണത്തെയോ ധ്യാനപ്രസംഗങ്ങളെപ്പോലുമോ ഈ പുസ്തകം അധികമൊന്നും സ്വാധീനിക്കാറില്ല. പറക്കുന്ന പർവ്വതങ്ങൾ, തിളയ്ക്കുന്ന തടാകങ്ങൾ, ഭീകരങ്ങളായ വിചിത്രജീവികൾ തുടങ്ങി ഭാവനയുടെ അതിരുകളെ അതിലംഘിക്കുന്ന അനേകം ചിത്രങ്ങൾ ഈ പുസ്തകത്തിന്റെ രഹസ്യാത്മകത വർദ്ധിപ്പിക്കുന്നു. പ്രതികാരത്തിനുവേണ്ടിയുള്ള നിലവിളി, മനുഷ്യരെ ചവിട്ടിപ്പിഴിഞ്ഞു രക്തമൊഴുക്കുന്ന ക്രോധത്തിന്റെ ചക്ക് മുതലായവ ക്രിസ്തുനാഥൻ പ്രഘോഷിച്ച അനന്തമായ കരുണയുടെയും നിസ്സീമമായ സ്നേഹത്തിന്റെയും ചൈതന്യത്തിനു നിരക്കാത്തതായി തോന്നാം. അതിനാൽ കത്തോലിക്കാസഭയിലും മുഖ്യപ്രോട്ടസ്റ്റന്റു സഭകളിലും വെളിപാടു ഗ്രന്ഥത്തിന് തുച്ഛമായ സ്ഥാനമേ ഇന്നും നല്കപ്പെടുന്നുള്ളു. "ഒന്നും മനസ്സിലാകുന്നില്ല; വെളിപാടു വായിച്ചാൽ ഉള്ള വെളിവുകൂടി നഷ്ടപ്പെടുകയേ ഉള്ളൂ" എന്ന പ്രതികരണമാണ് സാധാരണക്കാരുടെ ഭാഗത്തുനിന്നും പൊതുവേ കേൾക്കുക.

അതേസമയം, ക്രിസ്തീയവിശ്വാസത്തിന്റെ മുഖ്യധാരകളിൽനിന്നു വഴുതിമാറിയ മൗലികവാദികളുടെ ചെറുസമൂഹങ്ങളിൽ വെളിപാടുപുസ്തകം ബൈബിളിലെ ഏറ്റം പ്രധാനപ്പെട്ട ഗ്രന്ഥമായി പരിഗണിക്കപ്പെടുന്നു. കൃത്യമായ കണക്കുകൂട്ടലുകളിലൂടെ ലോകാവസാനത്തിന്റെ തിയ്യതി നിശ്ചയിക്കാൻ ഈ ഗ്രന്ഥം പലരും ഉപയോഗിക്കാറുണ്ട്. ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെട്ട 144,000 പേർ തങ്ങളാണെന്നും മറ്റുള്ളവരെല്ലാം ഗന്ധകമെരിയുന്ന അഗ്നിത്തടാകത്തിലെ നിത്യശിക്ഷയ്ക്കായി വിധിക്കപ്പെട്ടവരാണെന്നും ഈ ഗ്രൂപ്പുകളിൽ ഓരോന്നും അവകാശപ്പെടുന്നു; ഭൗമിക പറുദീസായിൽ ക്രിസ്തുവിനോടൊപ്പം ആയിരംവർഷം വാഴാമെന്ന പ്രതീക്ഷ അനുയായികളിൽ ഉണർത്തുന്നു. ഈ സമൂഹങ്ങൾ തൊടുത്തുവിടുന്ന ആരോപണങ്ങളും ഉയർത്തുന്ന വെല്ലുവിളികളുമാണ് മറ്റു ക്രിസ്തുവിശ്വാസികളെ ഇന്നു വെളിപാടിപുസ്തകം പഠിക്കാൻ പ്രേരിപ്പിക്കുന്ന ഒരു പ്രധാന കാരണം.

മറ്റെല്ലാ ബൈബിൾ ഗ്രന്ഥങ്ങളെക്കാളും ഗ്രഹിക്കാൻ പ്രയാസമുള്ളതാണ് വെളിപാടുപുസ്തകം എന്നതിൽ സംശയമില്ല. അതിനാൽത്തന്നെ ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽപോലും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന പല കാര്യങ്ങളെക്കുറിച്ചും ഭിന്നാഭിപ്രായങ്ങൾ നിലനില്ക്കുന്നുണ്ട്. എന്നാലും, പുസ്തകം അവതരിപ്പിക്കുന്ന രക്ഷാകരസന്ദേശത്തെക്കുറിച്ച് പൊതുവായ ധാരണയുണ്ട്. ആ ധാരണയുടെ വെളിച്ചത്തിലാണ് ഈ വ്യാഖ്യാ നം തയ്യാറാക്കിയിരിക്കുന്നത്.

ദൈവാരാധനയ്ക്കായി സമ്മേളിക്കുന്ന ക്രിസ്തുവിശ്വാസികളുടെ സമൂഹങ്ങളിൽ ഒരാൾ ഉച്ചത്തിൽ വായിക്കുകയും എല്ലാവരും കേൾക്കുകയും ചെയ്യുന്നതിനുവേണ്ടി എഴുതപ്പെട്ടതാണ് വെളിപാടുപുസ്തകം. പഴയനിയമവും, ഒന്നാംനൂറ്റാണ്ടിൽ യഹൂദരുടെയും ക്രൈസ്തവരുടെയും ഇടയിൽ പ്രചാരത്തിലിരുന്ന അപ്പോക്കലിപ്റ്റിക് ഗ്രന്ഥങ്ങളും പരിചയമുള്ളവരായിരുന്നു അനുവാചകർ. വെളിപാടുപുസ്തകം വായിച്ചുകേൾക്കുമ്പോൾ അവരുടെ മനസ്സിൽ വിവിധങ്ങളായ ചിത്രങ്ങൾ തെളിയും; അനേകം ധ്വനികൾ ഉണരും. അവയുടെ വെളിച്ചത്തിൽ ഈ പുസ്തകം നല്കുന്ന രക്ഷാകരസന്ദേശം അവർക്കു വ്യക്തമാകുമായിരുന്നു.

പുറ 7-10; ദാനി 7-12; സഖ 1-4; ഏശ 24-27; 65; ജറെ 4; എസെക്കി 1-3; 38-42; ജോയേൽ 1-3 എന്നീ ബൈബിൾ ഭാഗങ്ങൾ വായിക്കുന്നത് വെളിപാടുപുസ്തകം വിവരിക്കുന്ന ചിത്രങ്ങളും പ്രതിപാദിക്കുന്ന രക്ഷാകരസന്ദേശവും ഗ്രഹിക്കാൻ സഹായകമാകും. വിശദാംശങ്ങൾ വിശകലനം ചെയ്യുന്നതിനുമുമ്പേ പുസ്തകം ഒറ്റയിരുപ്പിൽ, ഉച്ചത്തിൽ വായിച്ചുകേൾക്കുന്നത് അതിന്റെ പൊതുവായ നീക്കത്തെയും ഘടനയെയും കുറിച്ച് ഏകദേശം ഒരു രൂപം ലഭിക്കാൻ ഉപകരിക്കും.

ക്രിസ്തുവിലുള്ള വിശ്വാസം വാക്കും പ്രവൃത്തിയുംവഴി ഏറ്റുപറയുന്നതിന്റെ പേരിൽ പീഡനത്തിനിരയാവുന്ന സഭാസമൂഹങ്ങൾക്ക് അവരുടെ നേതാവും സഹനത്തിൽ പങ്കുകാരനുമായ യോഹന്നാൻ എഴുതിയ ലേഖനമാണ് വെളിപാടുപുസ്തകം. പാത്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെട്ട അദ്ദേഹം ഒരു ഞായറാഴ്ച പ്രാർത്ഥനാനിരതനായിരിക്കുമ്പോൾ ലഭിച്ച വെളിപാട് ഇരുപത്തിരണ്ടധ്യായങ്ങളിലായി വിവരിക്കുന്നു. സഭകളുടെ മധ്യേ നില്ക്കുന്ന മഹത്വീകൃതനായ മനുഷ്യപുത്രൻ യോഹന്നാനെ പ്രവാചകദൗത്യം ഏല്പിക്കുന്നതോടെ ദർശനങ്ങളും ശ്രവണങ്ങളും ആരംഭിക്കുന്നു. റോമൻ പ്രവിശ്യയായ ഏഷ്യയിലെ ഏഴു പ്രമുഖ സഭകൾക്കുള്ള മനുഷ്യപുത്രന്റെ സന്ദേശമാണ് ആദ്യമേ ലഭിക്കുന്നത്. ശാസനയും താക്കീതും, പ്രോത്സാഹനവും വാഗ്ദാനങ്ങളുംവഴി വിശ്വാ

സികളെ തിരുത്തുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്ന ഈ ഭാഗം അവസാനിക്കുമ്പോൾ പുതിയൊരു ദൃശ്യം ആരംഭിക്കുന്നു.

വാനദൂതരാൽ പരിസേവിതനായി സ്വർഗ്ഗീയ സിംഹാസനത്തിൽ ഉപവിഷ്ടനായ ദൈവത്തിന്റെ കൈയിൽനിന്നു കുഞ്ഞാട് മുദ്രിതമായ ചുരുൾ എടുക്കുമ്പോൾ സ്വർഗ്ഗീയഗണങ്ങൾ സ്തുതികീർത്തനങ്ങളാലപിച്ച് ദൈവത്തെയും കുഞ്ഞാടിനെയും ആരാധിക്കുന്നു. കുഞ്ഞാട് ചുരുളിന്റെ മുദ്രകൾ തുറക്കാൻ തുടങ്ങുന്നതോടെ ഭീകരമായ സംഭവപരമ്പരകൾ ഭൂമിയിൽ അരങ്ങേറുകയായി. ഏഴാംമുദ്രയും തുറന്നുകഴിയുമ്പോൾ കാഹളമേന്തിയ ഏഴു ദൂതന്മാർ കൂടുതൽ ഭയാനകമായ ശിക്ഷകൾ വിളിച്ചുവരുത്തുന്നു. ശിക്ഷാവിധിയുടെ മുന്നേറ്റത്തെ തൽക്കാലത്തേക്കു തടഞ്ഞുനിർത്തുന്നതുപോലെ മറ്റൊരു സ്വർഗ്ഗീയദൃശ്യം പ്രത്യക്ഷപ്പെടുന്നു. ശക്തനായ ദൂതന്റെ കൈയിൽനിന്നു ഗ്രന്ഥകാരൻ തുറന്ന ചെറിയ ചുരുൾ വാങ്ങി ഭക്ഷിച്ചു കഴിയുമ്പോൾ റോമാസാമ്രാജ്യത്തിൽ പീഡനമേല്ക്കുന്ന സഭയുടെ വിവിധ ചിത്രങ്ങൾ പ്രത്യക്ഷപ്പെടുന്നു. സ്വർഗ്ഗീയാരാധനയോടെ ഈ ദർശനപരമ്പര അവസാനിക്കുമ്പോൾ ഏഴു ദൂതന്മാർ ഭൂമിയുടെമേൽ ദൈവക്രോധത്തിന്റെ പാത്രങ്ങൾ ചൊരിയുന്നു. തുടർന്നുവരുന്നത് ക്രിസ്തുവിശ്വാസികളുടെ രക്തം കുടിച്ച് ഉന്മത്തയായ മഹാവേശ്യയുടെ ചിത്രമാണ്. മഹാബാബിലോൺ എന്നു വിളിക്കപ്പെടുന്ന റോമിന്റെ പതനത്തോടെ വീണ്ടും സ്വർഗ്ഗത്തിൽ സ്തുതിഗീതങ്ങൾ ഉയരുന്നു. അടുത്തതായി സാത്താനെതിരേയുള്ള നിർണ്ണായകപോരാട്ടമാണ്. ആദ്യമേ അനുയായികളും പിന്നീട് സാത്താനും പിടിക്കപ്പെടുന്നു. ആയിരം വർഷത്തെ ഇടവേളയ്ക്കുശേഷം മോചിതനായ സാത്താൻ അന്തിമയുദ്ധത്തിൽ നിത്യാഗ്നിയിലേക്ക് എറിയപ്പെടുന്നതോടെ തിന്മ തുടച്ചുമാറ്റപ്പെടുന്നു. സമൂലം നവീകരിക്കപ്പെട്ട പ്രപഞ്ചം ദൈവാലയമായി മാറുന്നു. സ്വർഗ്ഗീയ ജറുസലേം എന്നും കുഞ്ഞാടിന്റെ മണവാട്ടിയെന്നും വിശേഷിപ്പിക്കപ്പെടുന്ന സഭ സ്വർഗ്ഗീയ മനോഹാരിതയിൽ പ്രത്യക്ഷപ്പെടുന്നു. അവിടെ നിത്യജീവനും സ്വർഗ്ഗഭാഗ്യവും അനുഭവിക്കുന്ന വിശ്വസ്തസമൂഹം അനവരതം ദൈവത്തെ ആരാധിക്കുന്നു. മനുഷ്യഭാവനയെ ഉല്ലംഘിക്കുന്ന അതിമനോഹരമായ ഭാവി യാഥാർത്ഥ്യമാക്കാൻ താൻ വേഗം വരുന്നു എന്ന വാഗ്ദാനവും "കർത്താവേ വരണമേ" എന്ന സഭയുടെ പ്രാർത്ഥനയും ഒരുമിച്ചുയരുമ്പോൾ ദർശനങ്ങൾക്കു തിരശ്ശീല വീഴുന്നു. കർത്താവിന്റെ കൃപ ആശംസിച്ചുകൊണ്ട് ഗ്രന്ഥകാരൻ തന്റെ ലേഖനം അവസാനിപ്പിക്കുന്നു.

വെളിപാടു പുസ്തകം വായിക്കുമ്പോൾ ബീഭത്സവും ഭയാനകവും ക്രൂരവുമായ ദൃശ്യങ്ങളും, കരുണാർദ്രവും അതിമനോഹരവുമായ ചിത്രങ്ങളും ഇടകലർന്ന് ഒരു വെള്ളിത്തിരയിലെന്നപോലെ അനുവാചകരുടെ മനസ്സിലൂടെ അതിവേഗം കടന്നുപോകും. ഇവയുടെ എല്ലാം വിശദാംശങ്ങൾ വ്യാഖ്യാനിക്കാനല്ല, പൊതുവായ അർത്ഥം ഗ്രഹിക്കാനാണു നാം ശ്രമിക്കേണ്ടത്. നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ, ഈ ഭൂമിയിൽ നടക്കുന്ന സംഘട്ടനത്തിന്റെ ചിത്രീകരണമാണിത്. ഈ സംഘട്ടനത്തിന്റെ ഒരു ഘട്ടമാണ് റോമാസാമ്രാജ്യം ക്രിസ്തുസഭയ്ക്കെ





തിരേ നടത്തിയ പീഡനവും, സഭയുടെ ധീരവും ക്ഷമാപൂർണ്ണവുമായ ചെറുത്തുനില്പും.

ഏഴുതലയും പത്തുകൊമ്പും ഉള്ള ഭീകരമൃഗത്തെപ്പോലെ ശക്തവും ക്രൂരവുമാണ് സാമ്രാജ്യം. തന്റെ നിയമങ്ങളും ജീവിതശൈലിയുംവഴി അനേകരെ സത്യദൈവത്തിൽനിന്നകറ്റുന്നതിനാൽ രക്താംബരവും രത്നാഭരണങ്ങളും അണിഞ്ഞ വേശ്യയെപ്പോലെ വശ്യയാണവൾ; ക്രിസ്തുവിശ്വാസികളെ ക്രൂരമായി പീഡിപ്പിക്കുന്നതിനാൽ രക്തംകുടിച്ച് ഉന്മത്തയും. പ്രത്യക്ഷത്തിൽ ദുർബ്ബലമായ സഭ സാമ്രാജ്യത്തിന്റെ പ്രലോഭനങ്ങളെയും പീഡനങ്ങളെയും വകവയ്ക്കാതെ വിശ്വസ്തയായ മണവാട്ടിയെപ്പോലെ തന്റെ നാഥനോടു ചേർന്നുനില്ക്കുന്നു.

റോമാസാമ്രാജ്യം തകർന്നുവീഴുന്ന ദൃശ്യം വിശദമായി ചിത്രീകരിക്കുമ്പോഴും തിന്മയുടെ ശക്തി വീണ്ടും വീണ്ടും വ്യത്യസ്ത രൂപഭാവങ്ങളിൽ പ്രത്യക്ഷപ്പെട്ട് ക്രിസ്തുവിശ്വാസികൾക്കെതിരേ ആക്രമണം നടത്തുമെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട്. ഈ സംഘട്ടനം ചരിത്രത്തിന്റെ അവസാനംവരെ തുടരും. എന്നാൽ ഭൂമിയുടെയും ചരിത്രത്തിന്റെയും അധിപൻ റോമാചക്രവർത്തിയോ, മറ്റ് ഏതെങ്കിലും സാമ്രാജ്യശക്തിയോ, അവയുടെ എല്ലാം പിന്നിൽ നില്ക്കുന്ന സാത്താനോ അല്ല, ദൈവമാണ് എന്ന ഉറച്ചവിശ്വാസം വെളിപാടു പുസ്തകത്തിൽ ഉടനീളം പ്രതിധ്വനിക്കുന്നുണ്ട്. നന്മ വിജയിക്കും, തിന്മ എന്നേക്കുമായി ഉന്മൂലനം ചെയ്യപ്പെടും; തിന്മയോടു ചേർന്നുനില്ക്കുന്നവർ നിത്യശിക്ഷയ്ക്കും നന്മയോടു ചേർന്നു നില്ക്കുന്നവർ നിത്യഭാഗ്യത്തിനും അർഹരാകും എന്ന ഉറച്ച ബോധ്യമാണ് അഗ്നിത്തടാകത്തിന്റെയും സ്വർഗ്ഗീയ ജറുസലെമിന്റെയും ചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നത്. ദൈവികത അവകാശപ്പെട്ടുകൊണ്ട്, അഥവാ ദൈവത്തെ നിഷേധിച്ചുകൊണ്ട്, ലോകചരിത്രത്തിൽ കടന്നുവരുന്ന സകല സർവ്വാധിപത്യ സാമ്രാജ്യശക്തികളുടെയും നിഷേധമാണ് ഈ ചിത്രങ്ങളിലൂടെ വരച്ചുകാട്ടുന്നത്.

പാപവും തിന്മയും അതിന്റെ വിശ്വരൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെടുന്നതിനാൽ വെളിപാടുപുസ്തകത്തിലെ പല ദൃശ്യങ്ങളും അതിക്രൂരവും ഭയാനകവുമാണ്. ദൈവത്തെ നിഷേധിച്ചു സ്വയം ദൈവമായി പ്രതിഷ്ഠിക്കാനുള്ള മനുഷ്യന്റെ ശ്രമമാണ് പാപത്തിന്റെ കാതൽ. അതിനെതിരേയുള്ള സന്ധിയില്ലാസമരവും ശിക്ഷയും അതുപോലെതന്നെ ഭയാനകവും ക്രൂരവുമായിരിക്കും. തിന്മയുടെ ഉന്മൂലനവും പാപത്തിന്റെ ശിക്ഷയും നടപ്പാക്കുമ്പോൾ ദൈവം തന്റെ നീതിയും ശക്തിയും പ്രകടമാക്കുന്നു. അന്തിമവിധി കരുണയുടെ അവസരമല്ല.

വിശ്വാസികൾക്കു പ്രോത്സാഹനവും പ്രത്യാശയും മർദ്ദകരായ അധർമ്മികൾക്കു ഭീകരമായ താക്കീതും നല്കുന്നതാണ് വെളിപാടുപുസ്തകം. മാനസാന്തരത്തിനുള്ള ആഹ്വാനം ഇതിൽ പലതവണ ആവർത്തിക്കപ്പെടുന്നുണ്ട്. തിന്മയുടെ ശക്തിയുമായി വിട്ടുവീഴ്ചയോ ഒത്തുതീർപ്പോ ക്രിസ്തുവിശ്വാസിക്ക് അനുവദനീയമല്ല. അതിന്റെ പ്രലോഭനങ്ങൾക്കെതിരേ വിശ്വാസികൾ നിതാന്തജാഗ്രത പുലർത്തണം; പീഡനങ്ങളിൽ ക്ഷമാപൂർവ്വം ഉറച്ചുനില്ക്കണം. തിന്മയുടെ ഭീകരതയെ

ഭയന്നോ, വശ്യതയാൽ ആകൃഷ്ടരായോ ക്രിസ്തുവിനോടുള്ള വിശ്വസ്തത വെടിയുന്നത് നിത്യനാശത്തിനു കാരണമായിത്തീരും. കുഞ്ഞാടിന്റെയും മൃഗത്തിന്റെയും രാജ്യത്തിൽ ഒരുമിച്ചു പങ്കുചേരാൻ ആർക്കും സാധിക്കുകയില്ല. സർവ്വാധിപത്യം അവകാശപ്പെടുന്ന പ്രത്യയശാസ്ത്രങ്ങളും സാമ്രാജ്യവാദങ്ങളും ജനജീവിതത്തിന്റെ എല്ലാ തുറകളിലേക്കും കിനിഞ്ഞിറങ്ങുന്ന ദൈവവിരുദ്ധ ഭൗതികതയും മൃഗീയമായ ക്രൂരതയോടെ, വേശ്യാസമാനമായ വശ്യതയോടെ ക്രിസ്തു വിശ്വാസികൾക്ക് ഇന്നും ഒരു വലിയ ഭീഷണിയും പ്രലോഭനവുമായി തുടരുന്നു.

അതിനാൽ ഓരോ വ്യക്തിയും തന്റേതായ ജീവിതസാഹചര്യങ്ങളിൽ വ്യക്തമായ തീരുമാനങ്ങളെടുക്കാനും പക്ഷംചേരാനും നിർബന്ധിതനാകുന്നു. സഭാസമൂഹങ്ങൾക്കും ഈ പക്ഷംചേരൽ അനിവാര്യമാണ്. വ്യക്തിഗതവും ആദ്ധ്യാത്മികവുമായ തലങ്ങളിൽ മാത്രമല്ല, സാമൂഹിവും ഭൗതികവുമായ തലങ്ങളിലും ഈ പക്ഷംചേരൽ പ്രകടമാകണം എന്ന് വെളിപാട് പുസ്തകം അനുശാസിക്കുന്നു. സാത്താന്റെ വിവിധരൂപങ്ങളെയും ഭാവങ്ങളെയും തിരിച്ചറിഞ്ഞ് തള്ളിപ്പറയാനും ക്രിസ്തുവിനോടുള്ള വിശ്വസ്തത വാക്കും പ്രവർത്തിയുംവഴി ഉറക്കെ പ്രഘോഷിക്കാനും ദൈവം അവസാനമായി നല്കുന്ന ആഹ്വാനമാണ് വെളിപാട് പുസ്തകം. “അതിനാൽ മനസ്സിലാകുന്നില്ല” എന്ന പറഞ്ഞ് അതിനെ മാറ്റി വയ്ക്കാനാവില്ല. ജീവദായകവും, അതേസമയം ഇരുവായ്ത്തലവാൾപോലെ മൂർച്ചയേറിയതുമായ ദൈവവചനമാണത്; അതർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിച്ചേമതിയാവൂ.

വെളിപാട് പുസ്തകത്തിൽ പ്രകടമാകുന്ന രക്ഷാകരസന്ദേശം ദൈവശാസ്ത്രത്തിലോ ബൈബിൾ വിജ്ഞാനീയത്തിലോ പ്രത്യേകപരിശീലനമില്ലാത്തവർക്കും ഗ്രഹിക്കാനാവും വിധം കഴിയുന്നത്ര ലളിതമായി അവതരിപ്പിക്കാൻ ഈ വ്യാഖ്യാനത്തിൽ ശ്രമിച്ചിട്ടുണ്ട്. പുസ്തകം എഴുതപ്പെട്ട കാലഘട്ടത്തിന്റെ പ്രത്യേകതകൾ, അതിൽ ഉപയോഗിച്ചിരുന്ന സാഹിത്യരൂപങ്ങളുടെയും ശൈലിയുടെയും സവിശേഷതകൾ, പുസ്തകത്തിന്റെ പൊതുവായ ഘടന, എന്നിവ ആദ്യഭാഗത്ത് വിശകലനം ചെയ്യുന്നു. രണ്ടാംഭാഗത്തു വെളിപാട് പുസ്തകത്തിന്റെ ഓരോ അധ്യായവും വാക്യവും വിശദീകരിക്കുന്നു.

വെളിപാട് പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ എല്ലാംതന്നെ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബൈബിളിന്റെ ഇതരഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നവയാണ്. അവയുമായുള്ള ബന്ധം മനസ്സിലാക്കിയെങ്കിലേ യോഹന്നാൻ നല്കുന്ന സന്ദേശം ഗ്രഹിക്കാനാവൂ. ഓരോ വാക്യവും വ്യാഖ്യാനിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ഇതര ബൈബിൾ ഭാഗങ്ങളിലേക്കു സൂചനകൾ നല്കിയിട്ടുണ്ട്. അവയുംകൂടി വായിക്കുന്നത് അർത്ഥം ഗ്രഹിക്കാൻ സഹായിക്കും.

ഗ്രീക്കിൽ എഴുതപ്പെട്ട വെളിപാട്പുസ്തകത്തിന്റെ ഭാഷ പലപ്പോഴും ആവർത്തനവിരസവും വ്യാകരണനിയമങ്ങളെ മാനിക്കാത്തുതുമാണ്. ആനുകാലിക മലയാള വിവർത്തനങ്ങളെല്ലാംതന്നെ മൂലഭാഷയുടെ അസ്വാരസ്യം ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ വസ്തുനിഷ്ഠമായ





പഠനത്തിന് ഭാഷാഭംഗിയേക്കാൾ മൂലത്തോടുള്ള വിശ്വസ്തത കൂടുതൽ പ്രാധാന്യമർഹിക്കുന്നതുകൊണ്ട് നിലവിലുള്ള വിവർത്തനങ്ങളൊന്നും അതേപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. The Greek New Testment, Ed. by Kurt Aland et al. 2nd Ed., Stuttgart. 1969 എന്ന ഗ്രന്ഥമാണ് വിവർത്തനത്തിന് മൂലഗ്രന്ഥമായി സ്വീകരിച്ചിരിക്കുന്നത്.

## പശ്ചാത്തലം

കാലത്തിനതീതമാണ് ദൈവത്തിന്റെ വചനം. എഴുതപ്പെട്ട ദൈവവചനമാണ് ബൈബിൾ. ഏതുകാലത്ത് എഴുതപ്പെട്ടതാണെങ്കിലും ബൈബിൾ ഉൾക്കൊള്ളുന്ന രക്ഷാകരസന്ദേശം സ്ഥലകാല പരിമിതികളെ മറികടന്ന് സാർവ്വത്രികവും സനാതനവുമായി നിലകൊള്ളുന്നു. എന്നാൽ പുസ്തകം എഴുതപ്പെട്ട സാഹചര്യങ്ങൾ രചനയ്ക്കു സ്വീകരിച്ചിരിക്കുന്ന സാഹിത്യരൂപത്തെയും ഇതര ശൈലീവിശേഷങ്ങളെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. അതിനാൽ ഗ്രന്ഥം രചിക്കപ്പെട്ട സ്ഥലകാല സാഹചര്യങ്ങളെക്കുറിച്ചുള്ള അറിവ് ആ ഗ്രന്ഥം ഉൾക്കൊള്ളുന്ന സന്ദേശം ഗ്രഹിക്കാൻ സഹായകമാകും.

വെളിപാടു പുസ്തകത്തെ സംബന്ധിച്ചിടത്തോളം ഇത് തികച്ചും അന്വർത്ഥമാണ്. അതിനാൽ ഗ്രന്ഥം രചിക്കപ്പെട്ട ചരിത്രപശ്ചാത്തലം, ഗ്രന്ഥകാരന്റെ പ്രത്യേകതകൾ, ഗ്രന്ഥരചനയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന സാഹിത്യരൂപങ്ങൾ, ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ, ആശയങ്ങൾ അവതരിപ്പിക്കാനായി സ്വീകരിച്ചിരിക്കുന്ന ക്രമം അഥവാ പുസ്തകത്തിന്റെ ഘടന എന്നീ വിഷയങ്ങൾ ഈ ഭാഗത്തു ചർച്ച ചെയ്യുന്നു.

## I ചരിത്രപശ്ചാത്തലം

ഏ.ഡി. 95-ാം ആണ്ടോടടുത്താണ് വെളിപാടുപുസ്തകം എഴുതപ്പെട്ടത്. പുസ്തകത്തിലെതന്നെ പല പരാമർശങ്ങളും ആദിമ സഭാപിതാക്കന്മാരുടെ സാക്ഷ്യവും ഇതിനു തെളിവായുണ്ട്. വെളിപാടു പുസ്തകം രചിക്കപ്പെട്ട കാലഘട്ടത്തിന്റെ പ്രത്യേകതകൾ അപഗ്രഥിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

### 1. സഭയും സാമ്രാജ്യവും

റോമാസാമ്രാജ്യത്തിലുടനീളം ക്രിസ്ത്യാനികൾ ക്രൂരമായ മതപീഡനത്തെ നേരിടുന്ന അവസരമായിരുന്നു അത്. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം മതമർദ്ദനം അപരിചിതമോ അപ്രതീക്ഷിതമോ ആയിരുന്നില്ല. രക്തത്തിൽ കുതിർന്നതാണ് ആദിമസഭയുടെ ചരിത്രം. കുരിശിൽ കുത്തിപ്പിളർക്കപ്പെട്ട നാഥന്റെ തിരുവിലാവിൽനിന്നു പുറപ്പെട്ട സഭ പീഡനങ്ങൾക്കു മധ്യേയാണ് വളർന്നത്. ക്രിസ്തുവിനെ ദൈവദൂഷകനും രാഷ്ട്രീയ കലാപകാരിയുമായി മുദ്രകുത്തി കുരിശിൽ തറച്ചവർ അവന്റെ അനുയായികളെയും വെറുതെ വിട്ടില്ല. ഗുരുവിനു ലഭിച്ച സ്വീകരണം തന്നെ ശിഷ്യന്മാർക്കും ലഭിച്ചു. യഹൂദനേതാക്കൾ ജറുസലെമിൽ തുടങ്ങിയ എതിർപ്പും പീഡനവും രക്തച്ചൊരിച്ചിലും പലസ്തീനായ്ക്കു പുറത്തേക്കും വ്യാപിച്ചു. അപ്പസ്തോലന്മാരും ക്രിസ്തീയ പ്രേഷിതരും

ചെന്നിടത്തെല്ലാം യഹൂദതീവ്രവാദികളുടെ എതിർപ്പുകളെ നേരിടേണ്ടിവന്നു. വി. പൗലോസിന്റെ അനുഭവങ്ങൾ അപ്പസ്തോലപ്രവർത്തനങ്ങളിൽ വിശദീകരിക്കുന്നതിൽനിന്ന് ഇതു വ്യക്തമാണ്. യഹൂദമതത്തിൽനിന്നുത്ഭവിച്ച ഒരു പാഷണ്ഡതയായിട്ടാണ് യഹൂദനേതാക്കൾ ആദ്യമാദ്യം ക്രിസ്തുമതത്തെ കണ്ടത്. സർവ്വശക്തിയും ഉപയോഗിച്ച് ഇതിനെ ഉന്മൂലനം ചെയ്യാൻ അവർ ശ്രമിച്ചു. എന്നാൽ പീഡിപ്പിക്കുന്തോറും കരുത്താർജ്ജിച്ചുവരുകയായിരുന്നു ക്രിസ്തുവിന്റെ സഭ.

ക്രിസ്തുവിന്റെ മരണത്തിനുശേഷം ഏകദേശം ഇരുപതു വർഷമായപ്പോഴേക്കും റോമാസാമ്രാജ്യത്തിന്റെ എല്ലാഭാഗത്തും ക്രിസ്തീയസന്ദേശം വ്യാപിച്ചു കഴിഞ്ഞിരുന്നു. യഹൂദരും അതിലേറെ വിജാതീയരും ഈ പുതിയ സന്ദേശം സ്വീകരിക്കാൻ തയ്യാറായി. സ്വീകരിക്കാതെ മാറിനിന്നവർ ക്രിസ്ത്യാനികളെ അവഹേളിക്കാനും ഒറ്റപ്പെടുത്താനും പലപ്പോഴും അടിച്ചമർത്താനും ശ്രമിച്ചു. എന്നാൽ ആദ്യമാദ്യം ഇത് ഒറ്റപ്പെട്ട സംഭവങ്ങളായിരുന്നു. പെട്ടെന്നുണ്ടായ വികാരാവേശത്താൽ ജനക്കൂട്ടം പ്രേഷിതരെ പീഡിപ്പിക്കാൻ ഒരുമ്പെട്ട പല സാഹചര്യങ്ങളിലും റോമൻ അധികാരികൾ അവരുടെ സംരക്ഷണത്തിനെത്തിയിരുന്നു. എഫേസോസിലെ വെള്ളിപ്പണിക്കാർ തങ്ങളുടെ വിഗ്രഹക്കച്ചവടത്തിനു കോട്ടംതട്ടിയതിന്റെ പേരിൽ പൗലോസിനെയും കൂട്ടരെയും വധിക്കാൻ ശ്രമിച്ചപ്പോൾ റോമൻ ഭരണാധികാരിതന്നെയാണ് അവരുടെ രക്ഷയ്ക്കെത്തിയത്. ഇപ്രകാരമുള്ള റോമൻ സംരക്ഷണം പൗലോസിന്റെ ജീവിതത്തിൽ ആവർത്തിക്കപ്പെട്ടതായി കാണാം. ഏ.ഡി. 50-ൽ റോമൻ ചക്രവർത്തിയായ ക്ലാവുദീയൂസ് ക്രിസ്ത്യാനികളെ റോമിൽനിന്നുപുറത്താക്കി (അപ്പ 18:2). പക്ഷേ, അതു ക്രിസ്തുമതത്തോട് എന്തെങ്കിലും പ്രത്യേക എതിർപ്പുണ്ടായിരുന്നതുകൊണ്ടല്ല, ക്രിസ്തുവിന്റെ പേരിൽ യഹൂദരും ക്രിസ്ത്യാനികളും തമ്മിലുണ്ടായ കലഹത്തിന്റെ പേരിലായിരുന്നു എന്ന് റോമൻ ചരിത്രകാരനായ സുവെത്തോണിയൂസ് രേഖപ്പെടുത്തിയിട്ടുണ്ട്.

റോമാസാമ്രാജ്യത്തോടും അതിന്റെ അധികാരികളോടും സൗമ്യവും വിധേയത്വപൂർണ്ണവുമായി ഒരു സമീപനമാണ് ആദിമസഭ സ്വീകരിച്ചിരുന്നത്. നിരപരാധിയായ യേശുവിനെ വധശിക്ഷയ്ക്കു വിധിച്ച റോമായുടെ പ്രതിനിധി പീലാത്തോസിനെപ്പോലും കുറ്റത്തിൽ നിന്നൊഴിവാക്കുന്ന വിധത്തിലുള്ളതാണ് സുവിശേഷത്തിലെ വിവരണങ്ങൾ. യേശുവിനെ ജനകീയ വിചാരണയ്ക്കു വിധേയനാക്കുകയും അവസാനം ജനഹിതത്തെ മാനിക്കുകയും മാത്രമാണ് അയാൾ ചെയ്തത് എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് ഈ വിവരണങ്ങൾ, ആരാച്ചാരായി കുരിശിൻ ചുവട്ടിൽനിന്ന ശതാധിപൻ യേശുവിന്റെ നിരപരാധിത്വം ഏറ്റുപറയുന്നു. കഫർണാമിലെ ശതാധിപനും കേസറിയായിലെ കൊർണേലിയൂസും ഒക്കെ ക്രിസ്തുവിനെ ആദരിക്കുന്ന റോമൻ അധികാരികളാണ്.

അധികാരം ദൈവദത്തമാണെന്നും അതിനാൽ അധികാര സംവിധാനത്തെ എതിർക്കുന്നവർ ദൈവത്തെയാണ് എതിർക്കുന്നതെന്നും നന്മ ചെയ്യുന്നവർ അധികാരികളെ ഭയപ്പെടേണ്ടതില്ല എന്നും വി. പൗലോസ് പഠിപ്പിച്ചു (റോമാ 13:1-7). അവർ നികുതി കൊടുക്കണം; എല്ലാ വിധത്തിലും അനുസരണയുള്ള പൗരന്മാരായി ജീവിക്കണം; രാജാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കണം (1 തിമോ 2:1-3 തീത്തോ 3:1). കർത്താവിനെ പ്രതി അവർ എല്ലാ രാഷ്ട്രീയാധികരികൾക്കും വിധേയരായിരിക്കണം. (1 പത്രോ 2:13-14). തിന്മ ചെയ്യുന്നവനെതിരേ ദൈവത്തിന്റെ ക്രോധം നടപ്പാക്കുന്ന ദൈവശുശ്രൂഷകനാണ് അധികാരി. ദൈവത്തിന്റെ ശിക്ഷാവിധി നടപ്പാക്കാൻ വേണ്ടിയാണ് അവൻ വാൾ ധരിച്ചിരിക്കുന്നത് (റോമാ 13:4).





ഇതിൽനിന്നു തികച്ചും വ്യത്യസ്തമായൊരു സമീപനമാണ് വെളിപാടു പുസ്തകത്തിൽ കാണുന്നത്. സാമ്രാജ്യശക്തി ദൈവത്തിന്റെ ശുശ്രൂഷകനല്ല, വിശുദ്ധരുടെയും യേശുവിന്റെ സാക്ഷികളുടെയും രക്തം കുടിച്ച് ഉന്മത്തയായ മഹാവേശ്യയാണ് (വെളി 17:6). ബഹുമാനവും വിധേയത്വവുമല്ല, വിട്ടുവീഴ്ചയില്ലാത്ത എതിർപ്പും സമൂലതിരസ്കരണവുമാണ് യോഹന്നാൻ വിശ്വാസികളിൽനിന്നും ആവശ്യപ്പെടുന്നത്. ഇതുവരെ അനുവർത്തിച്ചുപോന്നതിനു കടകവിരുദ്ധമായ ഈ സമീപനത്തിന്റെ കാരണം എന്താണ്?

## 2. നീറോയുടെ മതമർദ്ദനം

ഏ.ഡി. 64, ജൂലായ് 18-ാം തീയതി അർദ്ധരാത്രിയോടടുത്ത് ടൈബർ നദിയുടെ തീരത്തുള്ള ചേരി പ്രദേശത്ത് അഗ്നിബാധയുണ്ടായി. വളരെ വേഗം റോമാപ്പട്ടണത്തിന്റെ മിക്കഭാഗങ്ങളിലേക്കും അതു കത്തിപ്പടർന്നു. ആറു ദിനരാത്രങ്ങൾ നീണ്ടുനിന്ന അഗ്നിയുടെ സംഹാരതാണ്ഡവത്തിൽ റോമാപ്പട്ടണത്തിന്റെ മുക്കാൽ ഭാഗവും കത്തിച്ചാമ്പലായി. പാവപ്പെട്ടവരുടെ ചേരികളും പ്രഭുക്കന്മാരുടെ മാളികകളും മാത്രമല്ല, റോമാക്കാർ ഏറെ വിലമതിച്ചിരുന്ന പുരാതന ക്ഷേത്രങ്ങളും അമൂല്യമായ ശില്പകലാനിക്ഷേപങ്ങളും എല്ലാം ചാരക്കൂനയായിത്തീർന്നു. ആരാണീ ഭീകരനാശത്തിനുത്തരവാദി? ഭ്രാന്തനായ നീറോ ചക്രവർത്തി തന്നെയാണ് നഗരത്തിന് തീ കൊളുത്തിയതെന്ന് പലരും അടക്കം പറഞ്ഞു. റോമിനെ നശിപ്പിച്ച തീപോലെ ഈ വാർത്തയും അതിവേഗം പ്രചരിച്ചു. സ്വന്തം ജീവൻ അപകടത്തിലാണെന്നു മനസ്സിലാക്കിയ നീറോ എളുപ്പമൊരു ബലിയാടിനെ കണ്ടു പിടിച്ചു - ക്രിസ്ത്യാനികൾ.

പല കാരണങ്ങളാലും റോമിൽ നോട്ടപ്പുള്ളികളായിത്തീർന്ന ഒരു ജനസമൂഹമായിരുന്നു ക്രിസ്ത്യാനികൾ. അധികപങ്കും അടിമകളും ദരിദ്രരുമായിരുന്നു അവർ. ചുരുക്കം ചില പ്രഭു കുടുംബങ്ങളിലെ അംഗങ്ങളും അവരുടെ അണികളിൽ ഉണ്ടായിരുന്നു. ജനജീവിതത്തിന്റെ പൊതുസരണികളിൽ നിന്ന് അവർ മാറിനിന്നു. റോമാക്കാർ വിലമതിച്ചതിനെയൊന്നും വിലപ്പെട്ടതായി അവർ കരുതിയില്ല. റോമാക്കാരുടെ ക്ഷേത്രങ്ങളിൽ പോയില്ല; ദേവന്മാരെ ആരാധിച്ചുമില്ല. വിരുന്നുകളിലും വിനോദങ്ങളിലും പങ്കെടുത്തില്ല. കാരണം, റോമാക്കാരുടെ വിരുന്നുകൾ മദിരോത്സവങ്ങളിലും വിനോദങ്ങൾ ക്രൂരമായ മനുഷ്യക്കുരുതികളിലുമാണ് കലാശിച്ചിരുന്നത്. വിഗ്രഹങ്ങൾക്ക് അർപ്പിച്ച മാംസം ക്രിസ്ത്യാനികൾ കടകളിൽ നിന്നു വാങ്ങിയില്ല. സമ്പത്തും സുഖഭോഗങ്ങളും അവർ ആഗ്രഹിച്ചില്ല. പട്ടണത്തിനു പുറത്ത്, നദീതീരങ്ങളിലും ഭൂഗർഭാലയങ്ങളിലും രാത്രികാലങ്ങളിൽ അവർ സമ്മേളിക്കും. പ്രഭാതംവരെ റോമാക്കാർക്ക

പരിചിതനായ ഒരു ദൈവത്തിന് സ്തോത്രങ്ങളാലപിക്കും. മത്സരത്തിനുപകരം സാഹോദര്യവും, ശത്രുതക്കുപകരം ക്ഷമിക്കുന്ന സ്നേഹവും, സമ്പത്തിനുപകരം ദാരിദ്ര്യാരൂപിയും, ആഡംബരങ്ങൾക്കു പകരം മിതത്വവും അവർ പാലിച്ചു.

പൊതുജനദൃഷ്ടിയിൽ ക്രിസ്ത്യാനികൾ വിഡ്ഢികളായിരുന്നു: റോമാക്കാരുടെ ദൈവങ്ങളെ ആരാധിക്കാത്തതിനാൽ നിരീശ്വരന്മാരും, അവരുടെ സമ്മേളനങ്ങളിൽ പങ്കെടുക്കാത്തതിനാൽ അപകടകാരികളും. ക്രിസ്ത്യാനികളുടെ രഹസ്യസമ്മേളനങ്ങളെ സംശയദൃഷ്ടിയോടെയാണ് അവർ വീക്ഷിച്ചിരുന്നത്. വിശുദ്ധ കുർബാനയെക്കുറിച്ച് അനേകം കള്ളക്കഥകൾ പ്രചാരത്തിൽ വന്നു. സമ്മേളനമധ്യേ ഒരു ശിശുവിനെ മാവിൽപ്പൊതിഞ്ഞശേഷം അവരുടെ മൂപ്പൻ അതിന്റെ ഹൃദയം കുത്തിപ്പിളർക്കുമെന്നും എല്ലാവരുംകൂടി കുഞ്ഞിന്റെ ശരീരം പച്ചയ്ക്കു തിന്നുമെന്നും ആയിരുന്നു ഒരു കഥ. ക്രിസ്ത്യാനികൾക്കെതിരേ പറഞ്ഞു പരത്താത്ത നുണകളുണ്ടായിരുന്നില്ല.

ഇപ്രകാരം പൊതുജനത്തിന്റെ അവജ്ഞയ്ക്കും വെറുപ്പിനും ഇരയായിത്തീർന്ന ക്രിസ്ത്യാനികളെയാണ് നീറോ റോമിലെ അഗ്നിബാധയ്ക്ക് ഉത്തരവാദികളായി മുദ്ര കുത്തിയത്. ക്രിസ്ത്യാനികളെ തിരഞ്ഞു പിടിച്ച് നശിപ്പിക്കാൻ ചക്രവർത്തി കല്പനയിറക്കി. പൊതുജനം പടയാളികളെ സഹായിച്ചു. ജനത്തിന്റെ സകല ക്രൂരതയും ക്രിസ്ത്യാ നികൾക്കെതിരേ അഴിച്ചുവിട്ടു. ഈ കാലത്താണ് അപ്പസ്തോലന്മാരായ പത്രോസും പൗലോസും കൊല്ലപ്പെട്ടത്. 68-ൽ നീറോ ആത്മഹത്യ ചെയ്യുന്നതുവരെ ഈ മതപീഡനം തുടർന്നു. റോമാ പട്ടണത്തിൽ മാത്രമായിരുന്നു ഔദ്യോഗികമായ ഈ പീഡനം. പക്ഷേ, ക്രിസ്ത്യാനിയായിരിക്കുക എന്നത് നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. പില്ക്കാലത്തെ മതമർദ്ദകരായ ചക്രവർത്തിമാർക്ക് നീറോയുടെ നിയമം ഒരു മാതൃകയും പ്രചോദനവുമായി. ക്രിസ്തുവിന്റെ സഭയും സാമ്രാജ്യശക്തിയും തമ്മിലുണ്ടായിരുന്ന ബന്ധത്തെ ഇത് നിർണ്ണായകമായി ബാധിച്ചു.

### 3. ഡൊമിഷ്യനും രാജാരാധനയും

പട്ടാളവിപ്ലവത്തിനു നടുവിലാണ് നീറോ ആത്മഹത്യ ചെയ്യാൻ നിർബന്ധിതനായത്. തുടർന്ന് ഒരു വർഷത്തിനുള്ളിൽ ഗാൽബ, ഓത്തോ, വിത്തേള്ളിയൂസ് എന്നീ മൂന്നു സൈന്യാധിപന്മാർ ചക്രവർത്തിയുടെ സിംഹാസനത്തിൽ കയറി എതിരാളിയുടെ വാളിനിരയായി. ജറുസലെം നഗരത്തിന് ഉപരോധമേർപ്പെടുത്തിയ റോമൻ സൈന്യത്തെ നയിച്ചിരുന്ന വെസ്പാസിയാൻ ആണ് ഈ ആഭ്യന്തരകലാപത്തിന് അറുതിവരുത്തിയത്. പത്തു വർഷത്തെ ഭരണത്തിനുശേഷം വെസ്പാസിയാൻ മരിച്ചപ്പോൾ (69-79) മകൻ ടൈറ്റസ് ചക്രവർത്തിയായി (79-81). ടൈറ്റസിന്റെ അകാല മരണത്തെ തുടർന്ന് അനുജൻ ഡൊമീഷ്യൻ ഭരണം ഏറ്റെടുത്തു.

നീറോ വ്യർത്ഥാഭിമാനം മുറ്റിയ ഒരു ഭ്രാന്തനായിരുന്നെങ്കിൽ കുശാഗ്രബുദ്ധിയായ ഒരു പിശാചായിരുന്നു ഡൊമീഷ്യൻ എന്നാണ് ചരിത്രകാരന്മാർ വിധിയെഴുതിയത്. അനേകം ജനതകളും രാജ്യങ്ങളും അടങ്ങുന്നതായിരുന്നു റോമാസാമ്രാജ്യം. യൂഫ്രട്ടീസ് നദി മുതൽ





അറ്റ്ലാന്റിക്ക് സമുദ്രംവരെയും ബ്രിട്ടൺ മുതൽ എത്യോപ്യാവരെയും മൂന്നു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചു കിടന്ന, ലോകം അന്നുവരെ കണ്ടിട്ടുള്ളതിൽ ഏറ്റം വിശാലമായ, സാമ്രാജ്യത്തെ ഒരുമിച്ചു നിർത്തുക എളുപ്പമായിരുന്നില്ല. മതവികാരം മറ്റേതു സാമൂഹിക വികാരത്തെയുംകാൾ ശക്തമാണെന്നു മനസ്സിലാക്കിയിരുന്ന ഡൊമീഷ്യൻ സാമ്രാജ്യത്തെ ഒരു മതാചാരത്തിന്റെ ചട്ടക്കൂട്ടിൽ ഐക്യപ്പെടുത്താൻ ശ്രമിച്ചു. രാജാരാധനയാണ് ഇതിനായി കണ്ടുപിടിച്ച മാർഗ്ഗം.

ഡൊമീഷ്യന്റെ ഭാവനയിൽ പൊടുന്നനേ പൊട്ടി വിടർന്നതല്ല ഈ ആശയം. ലോകം മുഴുവൻ കീഴടക്കി, സമാധാനവും നീതിയും സ്ഥാപിച്ച്, ഭരണം നടത്തുന്ന റോമാ സാമ്രാജ്യത്തോടുള്ള ഭക്തിയും ആദരവും ആയിട്ടാണ് ഇതാരംഭിച്ചത്. ഏഷ്യാ മൈനറിലായിരുന്നു ഇതിന്റെ തുടക്കം. സ്മിർണാ പട്ടണത്തിൽ ബി.സി. 195-ൽ തന്നെ റോമാദേവതയ്ക്കു വേണ്ടി ഒരു ക്ഷേത്രം നിർമ്മിച്ച് ആരാധനയാരംഭിച്ചിരുന്നു.

കാലക്രമത്തിൽ, റോമിനുള്ള ആരാധന ചക്രവർത്തിയ്ക്കുള്ള ആരാധനയായി രൂപാന്തരപ്പെട്ടു. ജൂലിയസ് സീസറെ മരണശേഷം റോമൻ സെനറ്റ് ദൈവമായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ നാമത്തിൽ ക്ഷേത്രങ്ങൾ നിർമ്മിച്ച് ആരാധനയർപ്പിച്ചു. സീസറിന്റെ വധത്തിനുശേഷമുണ്ടായ ആഭ്യന്തര കലാപം ഒതുക്കി സാമ്രാജ്യത്തിൽ സമാധാനം സ്ഥാപിച്ച ഒക്ടേവിയന് റോമൻ സെനറ്റ് അഗസ്റ്റസ് എന്ന പേരിൽ ദൈവിക ബഹുമതി നല്കി. ഏഷ്യാ മൈനറിലെ പല പ്രവിശ്യകളിലും തന്റെ പേരിൽ ക്ഷേത്രങ്ങൾ നിർമ്മിച്ച് ബലിയർപ്പണം നടത്താൻ ചക്രവർത്തി തന്നെ അനുവാദം നല്കി. സാവധാനം രാജാരാധനയ്ക്ക് ഒരു മതത്തിന്റെ രൂപഭാവങ്ങൾ കൈവന്നു. ക്ഷേത്രങ്ങളും പുരോഹിതന്മാരും ആരാധനക്രമങ്ങളും നിലവിൽ വന്നു.

അഗസ്റ്റസിനുശേഷം ചക്രവർത്തിയായ ടൈബീരിയസ് (ഏ.ഡി. 14-37) തനിക്ക് ആരാധന അർപ്പിക്കാനോ തന്റെ പേരിൽ ക്ഷേത്രങ്ങൾ നിർമ്മിക്കാനോ അനുവദിച്ചില്ല. തുടർന്ന് അധികാരമേറ്റ കലിഗുള (37-41) സാമ്രാജ്യത്തിലുള്ള എല്ലാവരും തന്നെ ദൈവമായി ആരാധിക്കണം എന്നു നിർബന്ധിച്ചു. ജറുസലെം ദേവാലയത്തിൽ തന്റെ വിഗ്രഹം പ്രതിഷ്ഠിക്കാൻപോലും അദ്ദേഹം ശ്രമിച്ചു. ക്ലോഡിയസ് (41-54) ഇതിനു കടകവിരുദ്ധമായ നിലപാടാണ് സ്വീകരിച്ചത്. രാജാരാധന അദ്ദേഹം നിരോധിച്ചു. നീറോ (54-68) താൻ ദൈവമാണെന്ന് അവകാശപ്പെട്ടില്ല. ആരാധന ആവശ്യപ്പെട്ടുമില്ല. വെസ്പാസിയാനും (69-79) ടൈറ്റസും (79-81) ആരാധന ആഗ്രഹിച്ചില്ല. എന്നാൽ ഡൊമീഷ്യൻ (81-96) രാജാരാധന നിർബന്ധമാക്കി.

ഇതുവരെയുണ്ടായിരുന്ന ചക്രവർത്തിമാർക്ക് റോമൻ സെനറ്റും ജനങ്ങളും ദൈവികപദവി നല്കിയപ്പോൾ ഡൊമീഷ്യൻ ആ ബഹുമതി സ്വയം ഏറ്റെടുക്കുകയായിരുന്നു. താൻ ദൈവമാണെന്ന് ഒരു കല്പനയിലൂടെ സാമ്രാജ്യത്തുടനീളം വിളംബരം ചെയ്തു. തന്നെ "ഞങ്ങളുടെ കർത്താവും ദൈവവും" എന്ന് എല്ലാവരും അഭിസംബോധന ചെയ്യണം എന്ന് അദ്ദേഹം നിർബന്ധിച്ചു. രാജശാസനങ്ങളെല്ലാം "കർത്താവും

ദൈവവുമായ ചക്രവർത്തി കല്പിക്കുന്നു" എന്ന ആമുഖത്തോടെ തുടങ്ങണം എന്നും നിയമമുണ്ടായി. രാജഭക്തിയുടെ പ്രകടനമായി ആണ്ടിൽ ഒരിക്കൽ റോമാസാമ്രാജ്യത്തിലെ എല്ലാ പൗരന്മാരും നഗരാധിപന്റെ മുമ്പിൽവച്ച് രാജാവിന്റെ വിഗ്രഹത്തിന് ധൂപമർപ്പിക്കുകയും "സീസർ കർത്താവും ദൈവവുമാകുന്നു" എന്ന് ഏറ്റുപറയുകയും ചെയ്യണം എന്നു കല്പിച്ചു. ഇതിനു വിസമ്മതിക്കുന്നവർ നിരീശ്വരന്മാരും രാജ്യദ്രോഹികളും ആയി പ്രഖ്യാപിക്കപ്പെട്ടു. അവർക്ക് ജീവിക്കാൻ അവകാശമുണ്ടായിരുന്നില്ല. ഏഷ്യാമൈനറിലാണ് ഈ നിയമം ഏറ്റവും ശക്തമായി നടപ്പിലാക്കപ്പെട്ടത്.

### 4. സഭ പ്രതിസന്ധിയിൽ

റോമാസാമ്രാജ്യത്തിൽ നിലവിലിരുന്ന അനേകം മതങ്ങളെ ഉന്മൂലനം ചെയ്ത് പുതിയൊരു മതം സ്ഥാപിക്കുക ആയിരുന്നില്ല ഡൊമീഷ്യന്റെ ലക്ഷ്യം. സാമ്രാജ്യത്തിന്റെ ഐക്യദാർഢ്യമാണ് ചക്രവർത്തി ഉന്നംവച്ചത്. എല്ലാ ജനതകൾക്കും താന്താങ്ങളുടെ മതവിശ്വാസമനുസരിച്ചു ജീവിക്കാൻ അനുവാദമുണ്ടായിരുന്നു. എന്നാൽ എല്ലാവരും ചക്രവർത്തിയെയും ദൈവമായി ആരാധിക്കണം എന്നുമാത്രം. രാജഭക്തിയും സാമ്രാജ്യത്തോടുള്ള കൂറും പ്രഖ്യാപിക്കാനുള്ള മാർഗ്ഗമായിട്ടാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. ബഹുദൈവാരാധനക്കാരായ ഇതരമതസ്ഥർക്ക് ഇതൊരു പ്രശ്നമായിരുന്നില്ല. എന്നാൽ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇതൊരു നിർണ്ണായക പ്രതിസന്ധിയായിത്തീർന്നു.

ഏകദൈവത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികൾക്ക് രാജാവിന്റെ അവകാശവാദങ്ങളെ അംഗീകരിക്കാനോ ആരാധനയെ സംബന്ധിച്ച നിയമങ്ങൾ അനുസരിക്കാനോ സാധിക്കുമായിരുന്നില്ല. രാജാവിനെ ദൈവമായി ആരാധിക്കുക തങ്ങളുടെ കർത്താവും ദൈവവുമായ ക്രിസ്തുവിനെ തള്ളിപ്പറയുന്നതിനു തുല്യമായിരുന്നു; രാജാരാധനയ്ക്കു വഴങ്ങാതിരിക്കുക മരണാർഹമായ രാജദ്രോഹവും. രാജനിയമം നിഷ്ക്കരുണം നടപ്പിലാക്കപ്പെട്ടു. ക്രിസ്ത്യാനികളുടെ വസ്തുവകകൾ കണ്ടുകെട്ടി. കുഞ്ഞുങ്ങളും സ്ത്രീകളും വൃദ്ധരുംപോലും ക്രൂരമായ മർദ്ദനത്തിനിരയായി. ഉറ്റവർ വന്യമൃഗങ്ങൾക്കിരയാവുന്നതു നോക്കിനില്ക്കാൻ അവർ നിർബ്ബന്ധിതരായി, തങ്ങളുടെ ഊഴം വരുന്നതുവരെ. സഭാധികാരികളെ പ്രത്യേകം തിരഞ്ഞുപിടിച്ച് 'മാതൃകാപരമായി' ശിക്ഷിക്കാൻ രാജസേവകർ പ്രത്യേകം ശ്രദ്ധിച്ചു. ജയിൽവാസം, പീഡനങ്ങൾ, നാടുകടത്തൽ, അടിമവേല, സർക്കസിൽ വന്യമൃഗങ്ങൾക്ക് ഇട്ടുകൊടുക്കൽ ഇങ്ങനെ വിവിധങ്ങളായ പീഡനമുറകൾക്ക് ക്രൈസ്തവർ ഇരയായി.

പീഡനങ്ങൾ ഉണ്ടാകുമെന്ന് യേശു മുൻകൂട്ടി അറിയിച്ചിരുന്നു; എന്നാൽ അത് ഇത്ര ക്രൂരമോ ദീർഘമോ ആയിരിക്കുമെന്ന് അധികമാരും കരുതിയില്ല. ഉത്ഥിതനായ നാഥൻ അധികം വൈകാതെ ശക്തിപ്രാഭവങ്ങളുടെ മടങ്ങിവരുമെന്നും പീഡനങ്ങൾക്കറുതി വരുത്തി ദൈവരാജ്യം സ്ഥാപിക്കുമെന്നും ക്രൈസ്തവരിൽ നല്ലൊരു പങ്ക് വിശ്വസിച്ചിരുന്നു. "മനുഷ്യപുത്രന്റെ ആഗമനത്തിനുമുമ്പ് നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെല്ലാം ഇങ്ങനെ ഓടി പൂർത്തിയാക്കുകയില്ല" (മത്താ 10:23). "ഞാൻ





വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്?" (യോഹ 21:22). ഇങ്ങനെയുള്ള യേശുവചനങ്ങൾ ഈ വിശ്വാസത്തിനു പിൻബലമായിരുന്നു. തന്റെ മരണത്തിനുമുമ്പ് കർത്താവു മടങ്ങിവരും എന്ന് വി. പൗലോസ് പോലും പ്രതീക്ഷിച്ചിരുന്നതായി തോന്നിപ്പിക്കുന്ന സൂചനകളുണ്ട്: "നാം എല്ലാം നിദ്ര പ്രാപിക്കുകയില്ല" (1 കോറി 15:52); "ജീവിച്ചിരിക്കുന്നവരായി നമ്മളിൽ അവശേഷിക്കുന്നവർ കർത്താവിനെ എതിരേല്ക്കാനായി അവരോടൊപ്പം മേഘങ്ങളിൽ സംവഹിക്കപ്പെടും" (1 തെസ 4:17). ജറുസലെമിന്റെ നാശവും കർത്താവിന്റെ പുനരാഗമനവും ഒരുമിച്ചു സംഭവിക്കുമെന്ന് പലരും വിശ്വസിച്ചിരുന്നു.

പ്രതീക്ഷിച്ചതുപോലെ കർത്താവു മടങ്ങിവന്നില്ല. തന്നെയുമല്ല, പീഡനങ്ങൾ നാൾക്കുനാൾ ശക്തിപ്പെടുകയും ചെയ്തു. കർത്താവും ദൈവവും താനാണെന്ന് അവകാശപ്പെടുന്ന റോമൻ ചക്രവർത്തി ക്രിസ്തുവിനേക്കാൾ കൂടുതൽ ശക്തനായി കാണപ്പെട്ടു. പീഡിപ്പിക്കപ്പെടുന്ന ശിഷ്യഗണത്തെ രക്ഷിക്കാൻ ക്രിസ്തു വരാതായപ്പോൾ തങ്ങൾ വലിയൊരു വഞ്ചനയ്ക്ക് ഇരയായോ എന്നു പലരിലും സംശയമുദിച്ചു. പീഡനം അറുതിയില്ലാത്തതും റോമാ അജയ്യവുമായി പലർക്കും അനുഭവപ്പെട്ടു. ചെറുത്തു നില്ക്കുക നിരർത്ഥകമായി കരുതിയ അനേകർ ക്രിസ്തുവിശ്വാസം ഉപേക്ഷിച്ച് മറ്റുള്ളവരെപ്പോലെ ജീവിക്കാൻ തുടങ്ങി.

ഇതൊടൊപ്പം മറ്റൊരു ചിന്താഗതിയും ഏഷ്യയിലെ പല ക്രൈസ്തവ സമൂഹങ്ങളിലും പൊന്തിവന്നു. വിഗ്രഹംവെറും കല്ലോ മണ്ണോ ആണെന്നും അതിനു യാതൊരു ശക്തിയുമില്ല എന്നും ബൈബിൾ ആവർത്തിച്ചു പഠിപ്പിയ്ക്കുന്നുണ്ട്. ദൈവം ഒരുവൻ മാത്രമേയുള്ളൂ. അവൻ അദൃശ്യനാണ്. അപ്പോൾ താൻ ദൈവമാണെന്ന ചക്രവർത്തിയുടെ അവകാശവാദം മുഖവിലയ്ക്ക് എടുക്കേണ്ടതില്ല. ചക്രവർത്തിതന്നെ എല്ലാവർക്കും മതസ്വാതന്ത്ര്യം നല്കുമ്പോൾ, രാജഭക്തി പ്രകടിപ്പിക്കാനായി ആണ്ടിലൊരിക്കൽ ഒരു പ്രതിമയുടെ മുമ്പിൽ ഒരു പിടി കുന്തുരുക്കം പുകയ്ക്കുന്നതിൽ എന്താണ് തെറ്റ്? വിശ്വാസമാണ് പ്രധാനം. യേശുക്രിസ്തുവിൽ ഉറച്ചു വിശ്വസിക്കുന്നവർ രക്ഷപ്രാപിക്കും. തന്നെയുമല്ല, രാജാധികാരത്തെ മാനിക്കാനും അനുസരിക്കാനും അപ്പസ്തോലന്മാർതന്നെ പഠിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ രാജകല്പനയ്ക്കു വഴങ്ങുകയും തങ്ങളുടെ വിശ്വാസം ഹൃദയത്തിൽ സൂക്ഷിക്കുകയുമാണ് ഉചിതം എന്നു പലരും കരുതി. ക്രിസ്തീയ വിശ്വാസവും രാജാരാധനയും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കാൻ അവർ ശ്രമിച്ചു.

കർക്കശമായ ക്രിസ്തീയ ജീവിതശൈലി പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമായിക്കൊണ്ടിരുന്നു. വിവിധങ്ങളായ തൊഴിൽ-വ്യാപാര സംഘടനകളിൽ ക്രിസ്ത്യാനികളും അംഗങ്ങളായിരുന്നു. ക്രിസ്തീയവിശ്വാസം സ്വീകരിച്ചതുകൊണ്ടു ജനജീവിതത്തിന്റെ മുഖ്യധാരയിൽനിന്നു മാറിനില്ക്കുന്നതു ശരിയല്ലല്ലോ. അതിനാൽ സംഘടനാസമ്മേളനങ്ങളിലും സുഹൃത്തുക്കളുടെ വിരുന്നുകളിലും പങ്കെടുക്കുക ആവശ്യമാണ്. വിരുന്നുകളിൽ വിളമ്പിയിരുന്നത് വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ച മാംസമായിരുന്നു. കാരണം, ചന്തയിൽ വില്പനയ്ക്കുവന്ന മാംസം

അധികപങ്കും വിഗ്രഹങ്ങൾക്കർപ്പിച്ചതായിരുന്നു. അതു ഭക്ഷിക്കാതിരിക്കുന്നത് ആതിഥ്യമര്യാദയ്ക്ക് ചേർന്നതല്ല. വിഗ്രഹങ്ങൾ ഒന്നുമല്ല എന്നും അവയ്ക്ക് അർപ്പിച്ച മാംസത്തിനു പ്രത്യേകത ഒന്നുമില്ലെന്നും വി.പൗലോസ് പഠിപ്പിച്ചിട്ടുണ്ട് (1 കോറി 8:1-13). അതിനാൽ യാതൊരു മനശ്ചാഞ്ചല്യവും കൂടാതെ വിരുന്നുകളിൽ പങ്കെടുക്കാം. രാജഭക്തി പരസ്യമായി കൊട്ടിഘോഷിക്കാൻ പ്രവിശ്യകളിലുള്ള അധികാരികളും സമ്പന്നരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിരുന്നുകളുടെ ആരംഭത്തിൽ കർത്താവും ദൈവവുമായ ചക്രവർത്തിക്ക് ആദരവർപ്പിക്കുക; ചക്രവർത്തിയുടെ ബഹുമാനാർത്ഥം നൈവേദ്യം ഒഴുക്കുക ഇതൊക്കെ സാധാരണ ആചാരമായിത്തീർന്നു. പലരും ഇതിൽ ഒരു തെറ്റും കണ്ടില്ല. ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും കടന്നുവന്ന ഈ വിട്ടുവീഴ്ചാ മനോഭാവം ക്രിസ്തീയ വിശ്വാസത്തെ ഉള്ളിൽനിന്നു കാർന്നു തിന്നുന്ന മാരകരോഗമായിത്തീർന്നു.

ഇപ്രകാരമൊരു പ്രതിസന്ധിയിലാണ് വെളിപാടു പുസ്തകം രചിക്കപ്പെട്ടത്. മതമർദ്ദനത്തിൽ മനം തളരുന്ന വിശ്വാസികൾക്കു ശക്തി പകരണം. കർത്താവു മടങ്ങിവന്ന് തിന്മയ്ക്കറുതി വരുത്തി തന്റെ ഭരണം സ്ഥാപിക്കുമെന്ന് ഉറപ്പു നല്കണം. രാജാവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നവർ ക്രിസ്തുവിലുള്ള വിശ്വാസത്തെ തള്ളിപ്പറയുകയാണെന്നും അവർക്കു ക്രിസ്തുവിന്റെ രാജ്യത്തിൽ പങ്കുണ്ടാവുകയില്ല എന്നും ബോധ്യം നല്കണം. ഇങ്ങനെയുള്ള ലക്ഷ്യങ്ങളാണ് വെളിപാടു പുസ്തകത്തിന്റെ രചനയ്ക്കു പ്രേരകമായി നിന്നത്.

### 5. ഗ്രന്ഥകർത്താവ്

വെളിപാടു പുസ്തകംതന്നെ ഗ്രന്ഥകർത്താവിനെക്കുറിച്ച് ചില പ്രധാന വിവരങ്ങൾ നല്കുന്നുണ്ട്. യോഹന്നാൻ എന്നാണ് അദ്ദേഹത്തിന്റെ പേര് (വെളി 1:1; 4:9; 22:8). ഏഷ്യയിലെ തന്റെ ക്രിസ്തീയ സഹോദരങ്ങളെപ്പോലെ വിശ്വാസത്തിന്റെ പേരിൽ പീഡനമേല്ക്കുകയും പാത്മോസ് ദ്വീപിലേക്കു നാടുകടത്തപ്പെടുകയും ചെയ്യപ്പെട്ടവനാണ് അദ്ദേഹം. ഏഷ്യയിലെ ഏഴു സഭകൾക്ക് എഴുതുന്ന ലേഖനങ്ങളിൽനിന്ന് ആ സഭകളുടെമേൽ അധികാരമുള്ള ഒരു വ്യക്തിയായിരുന്നു യോഹന്നാൻ എന്നു ന്യായമായും അനുമാനിക്കാം. ഓരോ സഭയുടെയും ചരിത്രവും നേട്ടങ്ങളും കോട്ടങ്ങളും അവ നേരിടുന്ന പ്രതിസന്ധികളും വ്യക്തമായി അദ്ദേഹത്തിനറിയാം.

ആരാണ് ഈ യോഹന്നാൻ എന്ന കാര്യത്തിൽ ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങളാണുള്ളത്. കത്തോലിക്കരിൽ അധികപങ്കും യേശുവിന്റെ പ്രേഷ്ഠശിഷ്യനും യാക്കോബിന്റെ സഹോദരനുമായ അപ്പസ്തോലനാണ് വെളിപാടു കർത്താവായ യോഹന്നാൻ എന്നു കരുതുന്നു. നാലാം സുവിശേഷവും വെളിപാടുഗ്രന്ഥവും ഒരേ വ്യക്തിയുടെ രചനയായും കരുതപ്പെടുന്നു. ആദിമസഭാ പിതാക്കന്മാരുടെ സാക്ഷ്യവും ഈ നിഗമനത്തെയാണ് പിന്താങ്ങുന്നത്.

എന്നാൽ നാലാം സുവിശേഷവും വെളിപാടും തമ്മിൽ ഭാഷാശൈലി, സാഹിത്യരൂപം, അവതരിപ്പിക്കുന്ന പ്രധാന ആശ്രയങ്ങൾ എന്നിവയിൽ





ഗണ്യമായ വ്യത്യാസമുള്ളതിനാൽ ഇരു ഗ്രന്ഥങ്ങളും ഒരേ കർത്താവിന്റെ കൃതികളാവാൻ സാധ്യതയില്ല എന്ന അഭിപ്രായത്തിന് കത്തോലിക്കാ പണ്ഡിതന്മാരുടെ ഇടയിലും ഇന്നു സ്വാധീനം വർദ്ധിച്ചുവരുന്നുണ്ട്. യോഹന്നാന്റെ പേരിൽ അറിയപ്പെടുന്ന അഞ്ചു പുസ്തകങ്ങളാണ് പുതിയ നിയമത്തിലുള്ളത്. ഇവയെല്ലാം അപ്പസ്തോലൻ തന്നെ രചിച്ചതായിരിക്കണം എന്നില്ല. എഫേസോസ് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന യോഹന്നാൻ അപ്പസ്തോലന് വലിയൊരു ശിഷ്യഗണമുണ്ടായിരുന്നു. തങ്ങളുടെ (School of John) ഗുരുവിൽനിന്നു ലിഖിതമായും വാചികമായും ലഭിച്ചവയുടെ വെളിച്ചത്തിൽ, ശിഷ്യഗണത്തിൽപ്പെട്ടവരാണ് ഈ അഞ്ചു ഗ്രന്ഥങ്ങളുടെയും അന്തിമ പ്രസാധനം നടത്തിയത് എന്ന നിഗമനത്തിലേക്കാണ് ഇന്ന ബൈബിൾ പഠിതാക്കൾ നീങ്ങുന്നത്.

ഗ്രന്ഥകർത്താവിനെക്കുറിച്ച് കത്തോലിക്കാ സഭ ഔദ്യോഗികമായ പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല. പുതിയ നിയമഗ്രന്ഥങ്ങൾ ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന വിധത്തിൽ എഴുതി പ്രസിദ്ധികരിച്ചത് ഒരു അപ്പസ്തോലനാണോ എന്നത് ഗ്രന്ഥത്തിന്റെ കാനോനികതയെ ബാധിക്കുന്നില്ല. മർക്കോസും ലൂക്കായും അപ്പസ്തോലന്മാരല്ലല്ലോ. യേശുവിൽനിന്നു ലഭിച്ചതും അപ്പസ്തോലന്മാർ പഠിപ്പിച്ചതുമായ വിശ്വാസസത്യം ഉൾക്കൊള്ളുന്നതാണോ ഈ ഗ്രന്ഥം എന്നതാണ് കാനോനികതയുടെ മാനദണ്ഡമായി സഭ സ്വീകരിക്കുന്നത്. രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിമുതൽ വെളിപാടു പുസ്തകം ബൈബിളിന്റെ ഭാഗമായി കത്തോലിക്കാ സഭ അംഗീകരിച്ചിട്ടുണ്ട്. സിറിയൻ സഭ ഇതിനൊരപവാദമായിരുന്നെങ്കിലും ഈ ഗ്രന്ഥത്തിന്റെ കാനോനികത ഇന്ന് ഒരു ക്രൈസ്തവ സമൂഹവും ചോദ്യം ചെയ്യുന്നില്ല.

### 2. സാഹിത്യരൂപം

ഒരു ഗ്രന്ഥം ഉൾക്കൊള്ളുന്ന സന്ദേശം ഗ്രഹിക്കാൻ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപം മനസ്സിലാക്കുക ആവശ്യമാണ്. നോവലിനെ ചരിത്രമായോ, കഥയെ സംഭവമായോ വ്യാഖ്യാനിച്ചാൽ അർത്ഥം ഗ്രഹിക്കാൻ കഴിയാതെ പോകും. വെളിപാടു പുസ്തകത്തെ സംബന്ധിച്ച് ഇത് ഏറ്റം പ്രസക്തമാണ്. പീഡിതമായ സഭാസമൂഹങ്ങളിൽ പരസ്യമായി വായിക്കുന്നതിനുവേണ്ടി എഴുതിയ ഈ ഗ്രന്ഥം ഒരു പ്രത്യേകവിധത്തിൽ മനസ്സിലാക്കണം എന്ന് ഗ്രന്ഥകാരൻ തന്നെ നിർദ്ദേശിക്കുന്നതായി കാണാം. ബൈബിളിലെ മറ്റൊരു ഗ്രന്ഥത്തിനും ഇല്ലാത്ത പേരാണ് ഇതിനു നല്കിയിരിക്കുന്നത് - വെളിപാട്. അപ്പോകലിപ്സിസ് എന്ന ഗ്രീക്കു നാമമാണ് നാം വെളിപാട് എന്നു വിവർത്തനം ചെയ്യുന്നത്. നിഗൂഢമായ രഹസ്യങ്ങൾ വെളിപ്പെടുത്തുക എന്നാണ് ഈ വാക്കിന് അർത്ഥം. ഈ നാമത്തിന്റെ വിശേഷണരൂപമാണ് അപ്പോകലിപ്റ്റിക്. ഇതിനുപുറമേ പല സാഹിത്യരൂപങ്ങളുടെയും സ്വാധീനം വെളിപാടുപുസ്തകത്തിൽ കാണാം. ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥം ഗ്രഹിക്കാൻ ഈ സാഹിത്യരൂപങ്ങളുടെ പ്രത്യേകത കണക്കിലെടുക്കേണ്ടതുണ്ട്.

## II അപ്പോകലിപ്റ്റിക് സാഹിത്യരൂപം

ബി.സി. 200-നും ഏ.ഡി. 100-നും മധ്യേ ഇസ്രായേൽക്കാർക്കിടയിൽ പ്രചാരത്തിലിരുന്ന ഒരു സാഹിത്യരൂപമാണ് അപ്പോകലിപ്റ്റിക് എന്ന പേരിൽ അറിയപ്പെടുന്നത്. വൻ സാമ്രാജ്യശക്തികളാൽ മർദ്ദിതമായ ഒരു ജനവിഭാഗത്തിന്റെ പ്രത്യാശകൾ അതിശക്തമായി അവതരിപ്പിക്കുന്ന സാഹിത്യരൂപമാണിത്. ഇതിന്റെ ഉത്ഭവം, പ്രത്യേകതകൾ, വെളിപാടു പുസ്തകത്തിൽ ഇതിന്റെ സ്വാധീനം എന്നിവയാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

**a. ഉത്ഭവം:** തങ്ങൾ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരു ജനതയാണെന്ന് ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്നു. പുരോഹിതരാജ്യവും വിശുദ്ധജനവുമായ ഇസ്രായേൽ ലോകജനതകളുടെമേൽ ഭരണം നടത്തുന്ന ഒരു വലിയ സാമ്രാജ്യമായിത്തീരും എന്ന് അവർ പ്രതീക്ഷിച്ചിരുന്നു. ദാവീദിന്റെ കാലത്ത് രാജ്യം സുസ്ഥാപിതമായതോടെ ഈ പ്രതീക്ഷ ശക്തിപ്പെട്ടു. എന്നാൽ സോളമന്റെ മരണത്തോടെ (ബി.സി.931) രാജ്യം രണ്ടായി പിളർന്നു. രണ്ടു നൂറ്റാണ്ടു കഴിഞ്ഞപ്പോൾ (722) വടക്കൻ രാജ്യമായ ഇസ്രായേൽ അസ്സീറിയായ്ക്കു കീഴടങ്ങി, ചരിത്രത്തിൽനിന്നപ്രത്യക്ഷയായി. ഏകദേശം ഒന്നരനൂറ്റാണ്ടുകൂടി തെക്കൻ രാജ്യമായ യൂദാ സ്വാതന്ത്ര്യം കാത്തു സൂക്ഷിച്ചെങ്കിലും 587-ൽ ബാബിലോണിന്റെ ആധിപത്യത്തിൻ കീഴിലായി. തുടർന്ന് പേർഷ്യയും, ഗ്രീസും ഇസ്രായേൽ ജനത്തിന്റെമേൽ ഭരണം നടത്തി. ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇസ്രായേലിനു രാഷ്ട്രീയ പാരതന്ത്ര്യം മാത്രമല്ല, ക്രൂരമായ മതമർദ്ദനവും അനുഭവിക്കേണ്ടിവന്നു. സിറിയൻ രാജാവായ അന്തിയോക്കസ് നാലാമൻ ഇസ്രായേൽക്കാരുടെ മതവിശ്വാസത്തെ നിശ്ശേഷം നശിപ്പിക്കാൻ ശ്രമിച്ചു. ഒരു സാമ്രാജ്യ ശക്തിയായി ലോകത്തെ അടക്കി വാഴുക സാധ്യമല്ലെന്നും തങ്ങളെ ദൈവം ഏല്പിച്ചിരിക്കുന്ന ദൗത്യം അതല്ലെന്നും ഇസ്രായേലിനു ബോധ്യമായി.

കഠിനമായ മതപീഡനങ്ങൾക്കു മധ്യേ തങ്ങളുടെ ചരിത്രത്തെ വിലയിരുത്തിയവർക്ക് ദൈവത്തിന്റെ വിമോചനകൃത്യങ്ങളെ പുതിയൊരു വെളിച്ചത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ദൈവജനത്തെ അടിമകളാക്കി വച്ച ഈജിപ്തുകാർ യാഹ്വേയുടെ കരത്തിന്റെ കരുത്തുകണ്ടു; അവരുടെ ശക്തമായ സൈന്യം ചെങ്കടലിൽ ചത്തുപൊങ്ങി. സാമ്രാജ്യശക്തികളായ അസ്സീറിയായും ബാബിലോണും പേർഷ്യയും എല്ലാം ചരിത്രത്തിന്റെ പ്രയാണത്തിൽ പിൻതള്ളപ്പെട്ടു. വിമോചകനായ യാഹ്വേയാണ് ചരിത്രത്തെ നയിക്കുന്നത്. അവന്റെ മുമ്പിൽ ഒരു സാമ്രാജ്യ ശക്തിക്കും നിലനില്ക്കാനാവില്ല. ദൈവജനത്തെ പീഡിപ്പിക്കുന്ന അന്തിയോക്കസ് എപ്പിഫാനസും അയാളുടെ സാമ്രാജ്യവും താമസിയാതെ ഉന്മൂലനം ചെയ്യപ്പെടും എന്ന വിശ്വാസം മർദ്ദിതജനത്തിനു പ്രത്യാശ നല്കി. ഈ പ്രത്യാശയാണ് അപ്പോകലിപ്റ്റിക് എന്ന സാഹിത്യരൂപത്തിലൂടെ അവർ പ്രകടിപ്പിച്ചത്.

സർവ്വശക്തനായ ദൈവം ചരിത്രത്തിൽ ഇടപെട്ട്, മർദ്ദകനെ നശിപ്പിച്ച്, മർദ്ദിതജനത്തിനു രക്ഷനല്കുന്ന നിമിഷം ആസന്നമായിരിക്കുന്നു എന്ന





വിശ്വാസവും പ്രതീക്ഷയും ഉച്ചത്തിൽ ഉദ്ഘോഷിക്കുന്ന ഗ്രന്ഥങ്ങളാണ് അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങൾ. മർദ്ദകശക്തിയുടെ അന്ത്യം വിളിച്ചറിയിക്കുന്ന ഈ ഗ്രന്ഥങ്ങൾ ജനത്തെ വിപ്ലവത്തിനു പ്രേരിപ്പിക്കുന്നവയായിരുന്നു. ഇവ ഭരണാധികാരികളുടെ കൈകളിൽ ചെന്നുപെടുന്നത് തികച്ചും അപകടകരമായിരുന്നു. അതിനാൽ അവർക്കു മനസ്സിലാവാത്തതും എന്നാൽ തങ്ങളുടെ ജനത്തിനു സുഗ്രാഹ്യവുമായ ഒരു ശൈലി അവലംബിക്കേണ്ടി വന്നു. ദൈവം ഇസ്രായേലിനെ ശത്രുക്കളിൽനിന്നു മോചിപ്പിച്ച് വീണ്ടും ഒരു ജനതയാക്കും എന്നു പഠിപ്പിക്കുന്ന പഴയനിയമ പ്രവാചകഗ്രന്ഥങ്ങളിൽ ഈ ശൈലിയുടെ അവ്യക്തമായ തുടക്കം കാണാനാവും. ആമോ 5:18-20; ജറെ 4:23-26; എസെ 37:1-14 തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഏശയ്യായുടെ പുസ്തകത്തോടു പില്ക്കാലത്തു കൂട്ടിച്ചേർത്തതായി കരുതപ്പെടുന്ന 24-27 അധ്യായങ്ങൾ ഏശയ്യായുടെ ചെറിയ വെളിപാട് എന്ന പേരിൽ അറിയപ്പെടുന്നു.

ദാനിയേലിന്റെ പുസ്തകത്തിലാണ് ഈ സാഹിത്യരൂപം അതിന്റെ തനിമയിൽ പ്രത്യക്ഷപ്പെടുന്നത്. ബൈബിളിന്റെ ഭാഗമായി അംഗീകരിച്ചിട്ടില്ലാത്ത ഏനോക്ക്, പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ ഉടമ്പടി, സിബിലിന്റെ അരുളപ്പാടുകൾ (Sibilline Oracles), ഏശയ്യായുടെ സ്വർഗ്ഗാരോഹണം, മോശയുടെ സ്വർഗ്ഗാരോഹണം, ബാറൂക്കിന്റെ വെളിപാട്, നാലാം എസ്രാ എന്നിങ്ങനെ നിരവധി ഗ്രന്ഥങ്ങൾ ഈ സാഹിത്യരൂപത്തിൽ രചിക്കപ്പെട്ടവയാണ്. ഖുമ്റാൻ സന്യാസികളുടെ ഇടയിലും ഈ സാഹിത്യരൂപം ഏറെ പ്രചാരത്തിലിരുന്നു. ഏശയ്യാ, ഹോസിയാ, മിക്കാ, നാഹും, ഹബക്കുക്, സെഫാനിയാ എന്നീ പ്രവാചക ഗ്രന്ഥങ്ങളുടെ വ്യാഖ്യാനം, അന്തിമയുദ്ധനിയമം, സമൂഹനിയമസംഹിത തുടങ്ങി അവരുടെ അനേകം ഗ്രന്ഥങ്ങൾ അപ്പോകലിപ്റ്റിക് ശൈലിയിൽ രചിക്കപ്പെട്ടവയാണ്. പുതിയ നിയമത്തിലെ പല ഗ്രന്ഥങ്ങളിലും ഈ ശൈലിയുടെ സ്വാധീനം കാണാം. മർക്കോ 13; 1 കോറി 15; 2 പത്രോ 3:8-13 തുടങ്ങിയവ ഉദാഹരണങ്ങളാണ്.

**b. പ്രത്യേകതകൾ:** അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ആശയങ്ങൾ ഏറെ വൈവിധ്യമാർന്നവയാണെങ്കിലും അവയക്കു പൊതുവായ ചില പ്രത്യേകതകൾ കാണാനാവും.

**i. ദ്വിയുഗവീക്ഷണം:** രണ്ടു യുഗങ്ങളെക്കുറിച്ചുള്ള വീക്ഷണമാണ് അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ ഒരു പ്രത്യേകത. പ്രതീക്ഷയ്ക്കു വകയില്ലാത്തവിധം ദുഷിച്ചു വഷളായതാണ് ഈ യുഗം. ഇത് തിന്മയുടെ ശക്തിയായ സാത്താന് അധീനമായിരിക്കുന്നു. സാമ്രാജ്യശക്തികളെല്ലാം സാത്താന്റെ പിണിയാളുകളും ദൈവത്തിന്റെ ശത്രുക്കളുമാണ്. അവർ ദൈവജനത്തെ പീഡിപ്പിക്കുന്നു. തിന്മയ്ക്കധീനമായ ഈ യുഗത്തെ പൂർണ്ണമായി നശിപ്പിച്ചശേഷം ദൈവം പുതിയൊരു യുഗം ആരംഭിക്കും. വരാനിരിക്കുന്ന ആ പുതുയുഗത്തിൽ തിന്മയുണ്ടായിരിക്കുകയില്ല.

**ii. യുഗാന്ത്യം:** ലോകചരിത്രത്തിന്റെ തുടർച്ചയല്ല പുതുയുഗം. അതൊരു പുതിയ സൃഷ്ടിയായിരിക്കും. പുതുയുഗപ്പിറവിക്കു മുമ്പേ ഭൂമിയിൽ വലിയ പീഡനങ്ങളുണ്ടാകും. യുദ്ധവും പട്ടിണിയും പകർച്ചവ്യാ

ധികളും മനുഷ്യരെ വലയ്ക്കും. മനുഷ്യരുടെ ഇടയിൽ ശത്രുത പെരുകും, സാഹോദര്യം ഇല്ലാതാകും. ഋതുക്കളുടെ ക്രമംതെറ്റും, ഭൂമിക്കു സമനില നഷ്ടപ്പെടും, സൂര്യൻ ഇരുണ്ടുപോകും, നക്ഷത്രങ്ങൾ നിപതിക്കും, ആകാശശക്തികൾ ഇളകും. ഭൂമി എരിയുന്ന അഗ്നിത്തടാകമാകും. ഈ യുഗത്തിന്റെ അവസാനവും പുതുയുഗ സൃഷ്ടിയും ദൈവത്തിന്റെ മാത്രം പ്രവൃത്തിയാണ്. അതിൽ മനുഷ്യന് ഒരു പങ്കും ഇല്ല.

**iii. അന്ത്യം ആസന്നം:** ഈ ലോകത്തിന്റെ അവസാനം ആസന്നമായിരിക്കുന്നു എന്ന വിശ്വാസം ഈ ഗ്രന്ഥങ്ങളിലെല്ലാം കാണാം. ലോകാവസാനം കൃത്യമായി നിർണ്ണയിക്കാൻ പല കണക്കുകളും അവർ അവതരിപ്പിക്കും.

**iv. പുനരുത്ഥാനം – വിധി :** ഈ യുഗത്തിന്റ അവസാനംകുറിക്കുന്ന ദിവസത്തെ കർത്താവിന്റെ ദിവസം എന്നാണു വിളിക്കുക. വിശ്വാസത്തിന്റെ പേരിൽ പീഡനമേറ്റു മരിക്കുന്നവർ ശരീരത്തോടെ ഉയിർത്തെഴുന്നേല്ക്കും. അവർ ദൈവത്തോടൊന്നിച്ച് രാജാക്കന്മാരെപ്പോലെ വാഴും. പാപികളാകട്ടെ നിത്യനാശത്തിന് വിധിക്കപ്പെടും. ഇസ്രായേലിനു പുതുജീവനും വിജാതീയർക്കു ശിക്ഷയും നല്കുന്ന ദിവസമായിട്ടാണ് ഇതിനെ അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങൾ കണ്ടത്.

**v. മിശിഹായുടെ ഭരണം:** ഈ യുഗത്തിനും വരാനിരിക്കുന്ന യുഗത്തിനും മധ്യേനിശ്ചിതമായ ഒരു കാലയളവിലേക്ക് ഈ ഭൂമിയിൽ മിശിഹാഭരണം നടത്തും എന്ന പ്രതീക്ഷ പല അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിലും കാണാം. ശത്രുക്കളെ നശിപ്പിച്ച് ഇസ്രായേലിനു സാമ്രാജ്യം നല്കുന്നതാണ് ഈ ഭരണം. സകലവിധ ഭൗതിക സന്തോഷവും പ്രദാനം ചെയ്യുന്ന ഈ ഭരണത്തിന്റെ ദൈർഘ്യത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. മിശിഹായുടെ ഭരണത്തിന്റെ അന്ത്യത്തിലായിരിക്കും ലോകാവസാനവും അന്തിമവിധിയും സംഭവിക്കുക.

**vi. പ്രതീകങ്ങൾ:** പ്രതീകങ്ങളിലൂടെ ആശയങ്ങൾ അവതരിപ്പിക്കുക ഈ സാഹിത്യരൂപത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. സംഖ്യകൾ, നിറങ്ങൾ, ലോഹങ്ങൾ, മൃഗങ്ങൾ, ശരീരാവയവങ്ങൾ തുടങ്ങിയവ ഓരോ പ്രത്യേക അർത്ഥത്തിലാണ് ഉപയോഗിക്കപ്പെടുക. ഇതേക്കുറിച്ച് കൂടുതൽ വിശദമായി അടുത്ത അധ്യായത്തിൽ പ്രതിപാദിക്കുന്നതാണ്.

**vii. ദർശനങ്ങൾ – ശ്രവണങ്ങൾ:** ഞാൻ കണ്ടു, ഞാൻ കേട്ടു" എന്നീ പ്രയോഗങ്ങളാണ് മറ്റൊരു പ്രത്യേകത. സാധാരണ മനുഷ്യദൃഷ്ടിക്കു കാണാനോ കേൾക്കാനോ കഴിയാത്ത കാര്യങ്ങളാണ് ഇവിടെ കാണുകയും കേൾക്കുകയും ചെയ്യുന്നത്. ചിലപ്പോൾ സ്വപ്നരൂപത്തിലും, അതിലേറെ ജാഗ്രദാവസ്ഥയിലും ഉണ്ടാകുന്ന ദർശനങ്ങളായി ഇവ അവതരിപ്പിക്കപ്പെടുന്നു. ദൈവവും സ്വർഗ്ഗവും എല്ലാം ദർശനവിഷയങ്ങളാകുന്നു. ദൈവത്തിൽനിന്നു നേരിട്ടു ലഭിച്ച സന്ദേശമാണ് താൻ അവതരിപ്പിക്കുന്നത് എന്നു വ്യക്തമാക്കാൻവേണ്ടിയാണ് ഗ്രന്ഥകാരൻ ഈ മാധ്യമങ്ങൾ ഉപയോഗിക്കുന്നത്.

**viii. മാലാഖമാരും പിശാചുക്കളും:** ദൈവം തന്റെ സന്ദേശം മനുഷ്യരെ അറിയിക്കാനും തന്റെ പദ്ധതി നടപ്പിലാക്കാനുംവേണ്ടി നിയോഗിക്കുന്ന ദൂതന്മാരാണ് മാലാഖമാർ. പഴയനിയമത്തിൽ ചുരുക്കമായേ മാലാഖമാരെക്കുറിച്ച് പ്രതിപാദിക്കുന്നുള്ളൂ. എന്നാൽ അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ സംഖ്യാതീതമായ മാലാഖാമാർ പ്രത്യക്ഷപ്പെടുന്നു. ദൈവദൂതന്മാരാണ് ഗ്രന്ഥകാരന്മാർക്ക് സ്വർഗ്ഗീയദർശനം വ്യാഖ്യാനിച്ചു കൊടുക്കുന്നത്. തിന്മയുടെ ശക്തിയായ സാത്താന്റെ ദൂതന്മാരാണ് പിശാചുക്കൾ. പാപംവഴി അധഃപതിച്ച മാലാഖാമാരാണവർ. മിശിഹായുടെ ഭരണം ആരംഭിക്കുമ്പോൾ അവർ തടവിലാക്കപ്പെടും; യുഗാന്ത്യത്തിൽ നശിപ്പിക്കപ്പെടുകയും ചെയ്യും.

**ix. വ്യാജനാമം:** ബി.സി. അഞ്ചാം നൂറ്റാണ്ടിന്റെ പകുതിയോടെ അവസാനത്തെ പ്രവാചകനും മരിച്ചതായി ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്നു. തുടർന്നുള്ള കാലത്ത് നിയമപണ്ഡിതന്മാരായ റബ്ബിമാരും പുരോഹിതന്മാരുമാണ് ജനത്തെ നയിച്ചിരുന്നത്. പുതിയൊരു വെളിപാടു ദൈവത്തിൽനിന്ന് അവർ പ്രതീക്ഷിച്ചിരുന്നില്ല. ഇതുവരെ നല്കപ്പെട്ട നിയമങ്ങളും പ്രവചനങ്ങളും പഠിച്ചു വ്യാഖ്യാനിക്കുക മാത്രമാണ് കരണീയം എന്ന് അവർ കരുതി. അതിനാൽ പുതിയൊരു സന്ദേശം സ്വീകരിക്കപ്പെടുക ദുഷ്കരമായിരുന്നു. ഈ സാഹചര്യത്തിൽ തങ്ങൾക്ക് ലഭിച്ച ഉൾക്കാഴ്ചകൾ ജനമധ്യത്തിൽ അവതരിപ്പിക്കാനായി അപ്പോകലിപ്റ്റിക് ഗ്രന്ഥകാരന്മാർ സ്വീകരിച്ച മാർഗ്ഗമാണ് വ്യാജനാമം. പുരാതനകാലത്തു ജീവിച്ചിരുന്ന പ്രസിദ്ധരായ വ്യക്തികൾക്കു ദൈവം വെളിപ്പെടുത്തിയതും അവർ എഴുതി സൂക്ഷിച്ചിരുന്നതുമായ ഗ്രന്ഥങ്ങൾ എന്ന ഭാവേനയാണ് പുതിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടത്. ആദവും ഹവ്വായും, ഏനോക്ക്, അബ്രാഹം, ദാനിയേൽ മുതലായവ ഉദാഹരണങ്ങളാണ്.

വ്യാജനാമങ്ങൾ സ്വീകരിക്കുന്നതിന് മറ്റൊരു കാരണവുമുണ്ടായിരുന്നു. മർദ്ദകഭരണം നടത്തുന്ന രാജാക്കന്മാരുടെ അന്ത്യം വിളിച്ചറിയിക്കുന്ന ഈ ഗ്രന്ഥങ്ങളുടെ പൊരുൾ അവരിൽ നിന്നു മറച്ചുവയ്ക്കാൻ ഈ മാർഗ്ഗം സഹായിച്ചു. പണ്ടെങ്ങോ ജീവിച്ചിരുന്ന ഒരാൾ എഴുതിയ പുസ്തകമാണെങ്കിൽ അത് ഇപ്പോഴത്തെ ഭരണാധികാരികൾക്ക് ഭീഷണിയാവില്ലല്ലോ.

**x. ചരിത്രം പ്രവചനരൂപത്തിൽ:** കഴിഞ്ഞകാലത്തെ സംഭവങ്ങളെ പ്രവചനരൂപത്തിൽ ചിത്രീകരിക്കുക ഈ സാഹിത്യരൂപത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ലോകചരിത്രത്തെക്കുറിച്ച്, വിശിഷ്യാ ദൈവജനമായ ഇസ്രായേലിനു സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച്, ദൈവം ചില പ്രത്യേക വ്യക്തികൾക്കു മുൻകൂട്ടി നല്കിയ വെളിപാട് എന്ന രീതിയിലാണ് ഗ്രന്ഥങ്ങൾ രചിക്കപ്പെടുക. എന്നാൽ പ്രതീകാത്മകമായും വ്യംഗ്യമായും അവതരിപ്പിക്കുന്ന ഈ ചരിത്രം കഴിഞ്ഞകാലസംഭവങ്ങളുടെ വിവരണങ്ങളാണെന്ന് ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാക്കാൻ കഴിയും. നബുക്കദ്നേസറിന്റെ സ്വപ്നം (ദാനി 2:31–45), ആട്ടുകൊറ്റന്മാരെക്കുറിച്ചു ദാനിയേലിനുണ്ടായ ദർശനം (ദാനി 8:1–27), കാവൽദൂതന്മാർ തമ്മിൽ യുദ്ധം (ദാനി 10–11) തുടങ്ങിയവ കടന്നുപോയ സാമ്രാജ്യങ്ങളെയും ഗ്രന്ഥകാരന്റെ കാലത്തു ഭരിക്കുന്ന അന്തിയോക്കസ് നാലാമനെയുംകുറിച്ചുള്ള വിവരണങ്ങളാണ്. ഭൂതകാലസംഭവങ്ങൾക്കു പ്രവചനരൂപത്തിൽ നല്കുന്ന വിവരണം വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാണ്. എന്നാൽ

ഭാവിയെക്കുറിച്ചു വിവരിക്കുമ്പോൾ അവ്യക്തത വർദ്ധിക്കുന്നതായി കാണാം.

**c. വെളിപാടുപുസ്തകത്തിൽ:** മേൽ വിവരിച്ച അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ പല പ്രത്യേകതകളും വെളിപാടു ഗ്രന്ഥത്തിലും ദൃശ്യമാണ്; എന്നാൽ ഏറെ വ്യത്യാസങ്ങളും കാണാം. 1. പണ്ടെന്നോ ജീവിച്ചിരുന്ന ഒരാളായിട്ടല്ല, തന്റെ അനുവാചകരോടൊത്ത് സഹനങ്ങളിൽ പങ്കുചേരുന്നവനായിട്ടാണ് ഗ്രന്ഥകർത്താവ് സ്വയം അവതരിപ്പിക്കുക. 2.യോഹന്നാൻ എന്ന പേര് വ്യാജനാമമായി കരുതാൻ സാധ്യത കുറവാണ്. മുദ്രവച്ചു സൂക്ഷിക്കേണ്ട രഹസ്യവെളിപാടായിട്ടല്ല, എല്ലാവരെയും അറിയിക്കേണ്ട രക്ഷാകര സന്ദേശമായിട്ടാണ് ഗ്രന്ഥം രചിച്ചിരിക്കുന്നത്. 3. യുഗാന്തത്തെക്കുറിച്ചുള്ള ദർശനങ്ങൾ ദീർഘമായ കാലയളവിനുള്ളിൽ പലപ്പോഴായി ലഭിച്ചതായിട്ടാണ് അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങൾ ചിത്രീകരിക്കുന്നത്. ദർശനങ്ങൾക്കായി ഗ്രന്ഥകാരൻ ഉപവാസവും പ്രാർത്ഥനയും വഴി ഏറെനാൾ കാത്തിരിക്കുന്നു. ദൂതന്മാരുടെ വിശദീകരങ്ങൾ പലപ്പോഴും ഏറെ ദീർഘവും കേന്ദ്രവത്തായ ആശയത്തിൽനിന്ന് വ്യതിചലിക്കുന്നതുമാണ്. വെളിപാടു പുസ്തകത്തിലാകട്ടെ, ദർശനങ്ങൾ ഒന്നിനുപുറകെ ഒന്നായി അതിവേഗം, ഒരു വെള്ളിത്തിരയിലെന്നപോലെ, കടന്നു വരുന്നു. ദൂതന്മാർ ചുരുങ്ങിയ വിശദീകരണമേ നൽകുന്നുള്ളു. എല്ലാം ഒറ്റദിവസം സംഭവിച്ചതായിട്ടാണ് അവതരിപ്പിക്കുന്നത്. 4. യുഗാന്തം കണക്കുകൂട്ടി കണ്ടെത്താൻ പറ്റുന്ന ഒന്നായി യോഹന്നാൻ കരുതുന്നില്ല. 5. അന്തിമവിധി അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളിൽ വിജാതീയരുടെ മേലുള്ള ശിക്ഷാവിധിയായി ചിത്രീകരിക്കപ്പെടുമ്പോൾ വെളിപാടു പുസ്തകത്തിൽ അത് ദൈവത്തോട് അവിശ്വസ്തത കാട്ടിയ എല്ലാവരുടെയുംമേൽ പതിക്കുന്നു. 6. മനുഷ്യന്റെ സൽപ്രവൃത്തികൾക്ക് ഈ ഭൂമിയിൽ ദൈവരാജ്യത്തെ ഒരു യാഥാർത്ഥ്യമാക്കാൻ സാധിക്കുകയില്ല; അതു പൂർണ്ണമായും ദൈവത്തിന്റെ സൃഷ്ടിയും ദാനവുമാണ് എന്ന അപ്പോകലിപ്റ്റിക് ചിന്താഗതി സ്വീകരിച്ചു കൊണ്ടുതന്നെ വിശ്വാസികളുടെ സഹനത്തിനും വിശ്വസ്തതയ്ക്കും യോഹന്നാൻ അർത്ഥം നല്കുന്നു. അന്ത്യംവരെ ഉറച്ചു നില്ക്കുന്നവർക്കു മാത്രമേ ദൈവരാജ്യത്തിൽ പങ്കുചേരാൻ കഴിയൂ. തന്നെയുമല്ല, വിശുദ്ധരുടെ സഹനവും പ്രാർത്ഥനയും ദൈവരാജ്യത്തിന്റെ ആഗമനത്തെ ത്വരിതപ്പെടുത്തുന്നതായും യോഹന്നാൻ കാണുന്നു.

വെളിപാടു പുസ്തകം രചിച്ചിരിക്കുന്നത് മുഖ്യമായും അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിലാണെങ്കിലും മറ്റു സാഹിത്യരൂപങ്ങളുടെയും സ്വാധീനം ഈ ഗ്രന്ഥത്തിൽ കാണാം.

### 2. പ്രവചനം

യേശുക്രിസ്തുവിൽനിന്നു ലഭിച്ച വെളിപാട് എന്ന് പുസ്തകത്തെ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും താൻ എഴുതിയിരിക്കുന്നത് ഒരു പ്രവാചക ഗ്രന്ഥമാണെന്ന് ഗ്രന്ഥകാരൻ തന്നെ പുസ്തകത്തിന്റെ ആരംഭത്തിലും (1:3) അവസാനത്തിലും (22:18) എടുത്തുപറയുന്നുണ്ട്. അന്നു പ്രചാരത്തിലിരുന്ന അപ്പോകലിപ്റ്റിക് സാഹിത്യരൂപത്തിന്റെ മാത്രം വെളിച്ചത്തിൽ ഈ പുസ്തകത്തെ മനസ്സിലാക്കിയാൽ പോരാ എന്ന് ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്നു.





പ്രവാചകന്മാർക്കുശേഷമാണ് അപ്പോകലിപ്റ്റിക് ഗ്രന്ഥകാരന്മാർ ഇസ്രായേലിൽ രംഗപ്രവേശനം ചെയ്തത് എന്നു നാം കണ്ടുകഴിഞ്ഞു. വെളിപാടുപുസ്തകത്തിലാകട്ടെ ഈ രണ്ടു സാഹിത്യരൂപങ്ങളും സമന്വയിപ്പിച്ചിരിക്കുന്നതായി കാണാം. എന്താണ് പ്രവാചകഗ്രന്ഥങ്ങളുടെ പ്രത്യേകതകൾ?

പ്രവാചകന്മാർ പൊതുവേ എഴുത്തുകാരായിരുന്നില്ല, സംസാരിക്കുന്നവരായിരുന്നു. പ്രവാചകന്മാർ പറഞ്ഞ കാര്യങ്ങൾ പിൻതലമുറയ്ക്കായി എഴുതി സൂക്ഷിച്ചത് പ്രവാചകശിഷ്യന്മാരായിരുന്നു. സമകാലികരോടു നേരിട്ടു സംസാരിക്കുന്നവരാണ് പ്രവാചകന്മാർ. ദൈവത്തിന്റെ ദൃഷ്ടിയിലൂടെ സീനായ് ഉടമ്പടിയുടെ വെളിച്ചത്തിൽ ലോകചരിത്രത്തെയും ഇസ്രായേൽ ജനത്തിന്റെ ജീവിതത്തെയും അവർ നോക്കിക്കാണുന്നു. മറ്റുള്ളവർ സമൃദ്ധിയും സുഭിക്ഷതയും വലിയ പ്രതീക്ഷകളും കാണുന്നിടത്ത് പ്രവാചകന്മാർ അനീതിയും അവിശ്വസ്തതയും ആസന്നമായിരിക്കുന്ന നാശവുമാണ് കാണുക. മർദ്ദനത്തിലും ചൂഷണത്തിലും അധികാരം കയ്യടക്കിയവരുടെ സുഖഭോഗങ്ങളിലും അടിയുറച്ച സമൂഹത്തിനെതിരേ ദൈവത്തിന്റെ ശിക്ഷാവിധി ആസന്നമായിരിക്കുന്നു എന്ന് അവർ വിളിച്ചറിയിക്കും. അതേസമയം, പ്രത്യാശയറ്റ മർദ്ദിതർക്കു ദൈവം നല്കാൻ പോകുന്ന മോചനത്തിന്റെ വക്താക്കളുമാണവർ. ദൈവത്തോടും അവിടുത്തെ ഉടമ്പടിയോടുമുള്ള വിശ്വസ്തതയ്ക്ക് അവർ പരമപ്രാധാന്യം കല്പിക്കുന്നു. യുഗാന്തനവീകരണത്തേക്കാൾ ഇന്നു നടത്തേണ്ട ജീവിതനവീകരണത്തിനാണ് അവർ ഊന്നൽ നല്കുന്നത്.

വെളിപാടു പുസ്തകത്തിൽ പ്രവാചകശബ്ദം മുഴങ്ങി കേൾക്കാം. ശാസനയും വിമർശനവും കുറ്റാരോപണവും ശിക്ഷയുടെ മുന്നറിയിപ്പും സാന്ത്വനവും രക്ഷയുടെ വാഗ്ദാനവും എല്ലാം വെളിപാടു ഗ്രന്ഥകാരൻ ഉപയോഗിക്കുന്നുണ്ട്. ജീവൻ ത്യജിച്ചും കർത്താവിനോടു വിശ്വസ്തത പുലർത്താനുള്ള ആഹ്വാനവും, മരണംവരെ വിശ്വസ്തത പാലിക്കുന്നവർക്ക് ലഭിക്കാനിരിക്കുന്ന മഹത്വവും ജീവസ്സുറ്റ നിറങ്ങളിൽ യോഹന്നാൻ വരച്ചു കാട്ടുന്നു. പ്രവചനവും വെളിപാടും ഈ പുസ്തകത്തിൽ സമ്മേളിക്കുന്നു. വേറേയും ചില സാഹിത്യരൂപങ്ങളുടെ സ്വാധീനം ഇതിൽ കാണാം.

### 3. ഇടയലേഖനം

പുതിയനിയമത്തിലെ ഇരുപത്തൊന്നു പുസ്തകങ്ങൾ ലേഖനങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഏതെങ്കിലും പ്രാദേശികസഭയ്ക്ക് എഴുതിയ ലേഖനങ്ങളുണ്ട്, ആഗോളസഭയ്ക്കായി എഴുതപ്പെട്ട ലേഖനങ്ങളുമുണ്ട്. സഭയുടെ ആനുകാലിക പ്രശ്നങ്ങളെ കണക്കിലെടുത്തുകൊണ്ട് വിശ്വാസസത്യങ്ങൾ വിശദീകരിക്കുകയും വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രശ്നങ്ങളെ നേരിടാൻ പ്രചോദനം നല്കുകയുമാണ് ലേഖനങ്ങൾ ചെയ്യുക. അഭിസംബോധന, ആശംസകൾ, പ്രശംസകൾ, ഉപദേശങ്ങൾ, താക്കീതുകൾ, സമാപനാശംസ, ആശീർവ്വാദം, എന്നിവയാണ് ലേഖനങ്ങളിൽ പൊതുവേ കാണുക. ലേഖന കർത്താവിന്റെ അവ

സ്ഥയെക്കുറിച്ചുള്ള പരാമർശങ്ങളും ലേഖനം സ്വീകരിക്കുന്നവരെക്കുറിച്ചുള്ള ഉൽകണ്ഠകളും ഇവയിൽ കാണാം.

ഏഷ്യയിലെ ഏഴു സഭകൾക്കുള്ള ലേഖനമായിട്ടാണ് വെളിപാടു പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത്. ആ സഭകളുമായി അടുത്ത ബന്ധവും സഭകളുടെമേൽ അധികാരവും ഉള്ള ആളാണ് യോഹന്നാൻ എന്ന് പുസ്തകത്തിൽനിന്നു വ്യക്തമാകും. ഓരോ സഭയുടെയും പ്രത്യേക അവസ്ഥയെക്കുറിച്ച് അദ്ദേഹത്തിനറിവുണ്ട്. ഓരോ സഭയ്ക്കുംവേണ്ട പ്രത്യേക നിർദ്ദേശങ്ങളും അദ്ദേഹം നല്കുന്നു. യേശുക്രിസ്തുവിന്റെ അധികാരത്തോടെയാണ് ലേഖകൻ എഴുതുന്നത്. ആദ്യത്തെ മൂന്ന് അധ്യായങ്ങളിലും അവസാനത്തെ അധ്യായത്തിലും മാത്രമേ ഇടയലേഖനത്തിന്റെ ശൈലി സ്വീകരിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധേയമത്രേ. തന്നെയുമല്ല, ഏഴ് എന്നത് പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യ ആയതിനാൽ പീഡനത്തിനു വിധേയമാകുന്ന ആഗോളസഭയെ ലക്ഷ്യം വച്ചുകൊണ്ടാണ് വെളിപാടു പുസ്തകം എഴുതപ്പെട്ടിരിക്കുന്നത് എന്നു മനസ്സിലാക്കാം.

## 4. ആരാധനാ രൂപം (Liturgy)

ലിറ്റർജിയുമായി ബന്ധപ്പെട്ട പല പ്രതീകങ്ങളും ശൈലീവിശേഷങ്ങളും വെളിപാടു പുസ്തകത്തിൽ കാണാം. കൊല്ലപ്പെട്ടതായി തോന്നുന്ന കുഞ്ഞാട്, ബലിപീഠം, അഗ്നി, ധൂപം മുതലായവ ആരാധനയുമായി ബന്ധപ്പെട്ട പ്രതീകങ്ങളാണ്. സ്വർഗ്ഗീയ സിംഹാസനത്തിനുമുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്ന ശ്രേഷ്ഠന്മാർ, ദൈവത്തിനു സ്തുതി പാടുന്ന ജീവികൾ, കീർത്തനങ്ങളാലപിക്കുന്ന വിശുദ്ധർ, പലതവണ ആവർത്തിക്കപ്പെടുന്ന ദൈവസ്തുതികൾ (doxology) ഇവയെല്ലാം ഒരു ആരാധനക്രമത്തിന്റെ പ്രതീതിയാണു നല്കുക. ജറുസലെം ദേവാലയത്തിൽ നടന്നിരുന്ന ആരാധനക്രമത്തിന്റേയോ അല്ലെങ്കിൽ ക്രിസ്തീയസമൂഹങ്ങളിലെ പെസഹാഘോഷത്തിന്റെയോ ചുവടുപിടിച്ചാണ് വെളിപാടു പുസ്തകം രചിക്കപ്പെട്ടിരിക്കുന്നത് എന്നു കരുതുന്നവരുണ്ട്.

പ്രതീകങ്ങളും യാചനാ-സ്തുതി-പ്രാർത്ഥനകളും ഏറെയുണ്ടെങ്കിലും പുസ്തകം മുഴുവൻ ഒരു ലിറ്റർജിയാണെന്നു പറയാനാവില്ല. അതേസമയം ലിറ്റർജിയുടെ സ്വാധീനം അംഗീകരിക്കുകയും വേണം. സ്വർഗ്ഗീയ ലിറ്റർജിയാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് എന്നതു ശ്രദ്ധേയമത്രേ. ഭൂവാസികളായ മനുഷ്യർക്ക് അതിൽ പങ്കുചേരാനാവില്ല. സ്വർഗ്ഗത്തിൽ തുറന്ന ഒരു വാതിലിലൂടെ കാണാൻ മാത്രമേ ഗ്രന്ഥകാരനും വായനക്കാർക്കും കഴിയുന്നുള്ളു. ഭൂവാസികളുടെ പ്രാർത്ഥനകൾ ദൈവദൂതന്മാരാണ് സ്വർഗ്ഗീയ സിംഹാസനത്തിനുമുമ്പിൽ സമർപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നുള്ള സന്ദേശങ്ങളും അവർതന്നെ മനുഷ്യന് എത്തിച്ചുകൊടുക്കുന്നു. മരണത്തിലൂടെ മരണത്തിന്മേൽ വിജയം വരിച്ചവർക്കു മാത്രമേ ഈ സ്വർഗ്ഗീയാരാധനയിൽ പങ്കുചേരാൻ കഴിയൂ.

റോമാചക്രവർത്തി നിർബന്ധമാക്കിയ രാജാരാധനയിൽ പങ്കുചരാത്തവർക്ക് ഈ സ്വർഗ്ഗീയാരാധനയിൽ പങ്കുചേരാൻ കഴിയും. ദൈവത്തിന്റെ വസതിയും അവിടെ അവിരാമം നടക്കുന്ന സ്വർഗ്ഗീയാരാധനയുമായി





തുലനം ചെയ്യുമ്പോൾ റോമാചക്രവർത്തിയുടെ കൊട്ടാരവും സദസ്സും ആരാധനയും ഒക്കെ എത്ര നിഷ്പ്രഭമാണെന്ന് വിശ്വാസികളെ ഗ്രന്ഥകാരൻ ബോധ്യപ്പെടുത്തുന്നു. വിശ്വാസത്തിനുവേണ്ടി പീഡനമേല്ക്കാനും മരിക്കാനും ക്രിസ്ത്യാനികളെ സന്നദ്ധരാക്കുന്നതിനുവേണ്ടിയാണ് ഈ സാഹിത്യരൂപം ഉപയോഗിക്കുന്നത് എന്നു കരുതാം.

## 5. നാടകം

വെളിപാടു പുസ്തകം മുഴുവൻ ഒരു വലിയ നാടകത്തിന്റെ രൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നതെന്നും കരുതുന്നവരുണ്ട്. പ്രപഞ്ചമാണ് വേദി; നന്മയും തിന്മയും തമ്മിലുള്ള പോരാട്ടമാണ് പ്രമേയം. ദൈവവും കുഞ്ഞാടും മാലാഖമാരും ക്രിസ്തുവിന്റെ സഭയും ഒരു വശത്ത്; സാത്താനും അവന്റെ സേവകരായ പിശാചുക്കളും ഉപകരണങ്ങളായ സാമ്രാജ്യശക്തികളും മറുവശത്ത്. വിഭാവനം ചെയ്യാവുന്നതിൽ ഏറ്റം വിശാലമായ വേദിയും ഇതിവൃത്തവും പാത്രങ്ങളുമാണ് അവതരിപ്പിക്കപ്പെടുന്നത്. ഏഴ് അങ്കങ്ങളും ഓരോ അങ്കത്തിലും ഏഴു രംഗങ്ങളും ഉള്ള ഒരു വലിയ നാടകമായി ചില ബൈബിൾ പണ്ഡിതന്മാർ വെളിപാടു പുസ്തകത്തെ കാണുന്നു.

നാടകം എന്ന സാഹിത്യരൂപത്തിന്റെ സ്വാധീനവും ഗ്രന്ഥത്തിലുണ്ട് എന്ന് അംഗീകരിക്കണം. വൈവിധ്യമാർന്ന രംഗങ്ങൾ, കഥാപാത്രങ്ങൾ, സംഘർഷങ്ങൾ, വീർപ്പുമുട്ടിക്കുന്ന നാടകീയ മുഹൂർത്തങ്ങൾ ഇവയെല്ലാം വെളിപാടു പുസ്തകത്തിന്റെ പ്രത്യേകതകൾ തന്നെ. തിന്മയുടെ ഉന്മൂലനവും നന്മയുടെ സമ്പൂർണ്ണ സംസ്ഥാപനവും എന്ന അന്ത്യത്തിലേക്കാണ് ഗ്രന്ഥം വളരെ വേഗം നീങ്ങുന്നത്. ഉത്ഥിതനായ മനുഷ്യപുത്രന്റെ ദർശനത്തോടെ ആരംഭിക്കുന്ന സംഭവപരമ്പര സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങി വരുന്നതോടെയാണ് പരിസമാപ്തിയിലെത്തുക. എന്നാലും നാടകം എന്ന നിലയിൽ മാത്രം വെളിപാടു പുസ്തകത്തെ കാണാനാവില്ല.

മേൽവിവരിച്ച എല്ലാ സാഹിത്യരൂപങ്ങളുടെയും സ്വാധീനം ഈ ഗ്രന്ഥത്തിലുണ്ട്. അവയിൽ ഏറ്റം പ്രധാനപ്പെട്ടത് അപ്പോകലിപ്റ്റിക് സാഹിത്യരൂപമാണെന്നു സമ്മതിച്ചേ മതിയാവൂ. പുസ്തകം വ്യാഖ്യാനിക്കുമ്പോൾ വിവിധ സാഹിത്യരൂപങ്ങളുടെ സ്വാധീനം കണക്കിലെടുക്കാതെ എല്ലാം വാച്യാർത്ഥത്തിൽ എടുത്താൽ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന അർത്ഥവും ഗ്രന്ഥം നൽകുന്ന രക്ഷാകരസന്ദേശവും ഗ്രഹിക്കാൻ കഴിയാതെ പോകും.

## 3. പ്രതീകങ്ങൾ

ഈ ലോകത്തിന്റെ അധികാരിയായ സാത്താനെതിരേ ദൈവം നടപ്പാക്കുന്ന ശിക്ഷാവിധിയുടെ ചിത്രമാണ് വെളിപാടു പുസ്തകം വരച്ചുകാട്ടുന്നത്. സാത്താനും അവന്റെ അനുയായികളും ദൈവത്തിനും അവിടുത്തെ ജനത്തിനും എതിരേ നടത്തുന്ന യുദ്ധമായി മതപീഡനങ്ങളെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നു. രണ്ടു രാജ്യങ്ങൾ പരസ്പരം ജീവൻമരണ പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നു. നന്മയും തിന്മയും തമ്മിലുള്ള ഈ യുദ്ധം പ്രപഞ്ചത്തെ മുഴുവൻ ഗ്രസിക്കുന്നതാണ്. പ്രതീകങ്ങളിലൂടെ മാത്രമേ ഇതിനെ വിവരിക്കാൻ കഴിയൂ. പഴയനിയമത്തിലും വെളിപാടു

സാഹിത്യകൃതികളിലും പൊതുവേ ഉപയോഗിക്കപ്പെട്ടിരുന്ന ഈ പ്രതീകങ്ങൾ അന്നത്തെ വായനക്കാർക്കു സുപരിചിതങ്ങളായിരുന്നെങ്കിലും ഇന്ന് അവയിൽ പലതിന്റെയും അർത്ഥം ഗ്രഹിക്കുക എളുപ്പമല്ല. അതിനാൽ വെളിപാടു പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന പ്രതീകങ്ങളും അവയുടെ പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള അർത്ഥവുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

വെളിപാടു പുസ്തകത്തിലെ പ്രതീകങ്ങളെ പൊതുവേ ആറു ഭാഗങ്ങളായി തിരിക്കാം. 1. സംഖ്യകൾ 2. നിറങ്ങൾ 3. വ്യക്തികൾ 4. വസ്തുക്കൾ 5. ശരീരാവയവങ്ങൾ 6.പ്രപഞ്ചം.

**1. സംഖ്യകൾ:** കൃത്യമായ എണ്ണത്തെ സൂചിപ്പിക്കാൻ വേണ്ടിയല്ല, പൂർണ്ണതയെയോ അപൂർണ്ണതയെയോ സൂചിപ്പിക്കുന്ന പ്രതീകങ്ങളായിട്ടാണ് വെളിപാടു ഗ്രന്ഥകാരൻ സംഖ്യകളെ ഉപയോഗിക്കുന്നത്.

**a. പൂർണ്ണസംഖ്യകൾ:** 3, 4, 7, 10, 12 ഉം ഇവയുടെ ഗുണിതങ്ങളും.

*മൂന്ന്* ദൈവികപൂർണ്ണതയെ സൂചിപ്പിക്കുന്നു. ഒരേ കാര്യം മൂന്നു തവണ ആവർത്തിക്കുമ്പോൾ അത്യുത്തമം എന്ന അർത്ഥം ലഭിക്കുന്നു. ദൈവത്തെ പരിശുദ്ധൻ എന്നു മൂന്നു തവണ പ്രകീർത്തിക്കുമ്പോൾ ദൈവം പരമപരിശുദ്ധനാണ് എന്ന് ഏറ്റു പറയുന്നു.

*നാല്.* ഭൂമിക്കു നാലുകോണുകളുള്ളതായാണ് സങ്കല്പം. അതിനാൽ നാല് എന്ന സംഖ്യ ഭൂമി മുഴുവനെയും മാത്രമല്ല സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ സൂചിപ്പിക്കുന്നു.

*ഏഴ്* പൂർണ്ണതയെ സൂചിപ്പിക്കുന്നു. ഏഷ്യയിലെ ഏഴു സഭകൾക്ക് എന്ന വിധത്തിലാണ് പുസ്തകം എഴുതപ്പെട്ടിരിക്കുന്നത്. ഈ ഏഴു സഭകളും സാങ്കല്പികങ്ങളല്ല, യഥാർത്ഥത്തിൽ ഉണ്ടായിരുന്നവയാണ്. എന്നാലും ഏഴ് എന്ന സംഖ്യ, ക്രിസ്തുവിന്റെ സഭ മുഴുവനെയും ലക്ഷ്യമാക്കി എഴുതപ്പെട്ടതാണ് ഈ പുസ്തകം എന്നു സൂചിപ്പിക്കുന്നു.

*പത്ത്* പൂർണ്ണതയെ സൂചിപ്പിക്കുന്ന മറ്റൊരു സംഖ്യയാണ്. ഇതിന്റെ ഗുണിതങ്ങൾ 10 x 10 x 10 = 1000 വലിയൊരു സംഖ്യയെ സൂചിപ്പിക്കുന്നു. ആയിരം വർഷങ്ങൾ ദീർഘവും എന്നാൽ പരിമിതവുമായ കാലയളവിനെയാണ് സൂചിപ്പിക്കുക. 10,000 x 10,000 അസംഖ്യം എന്നർത്ഥം.

*പന്ത്രണ്ട്* ബൈബിളിൽ ഉടനീളം വളരെ പ്രാധാന്യമുള്ള ഒരു സംഖ്യയാണ്. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ സ്ഥാനത്ത് യേശു പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത് തന്റെ സഭ സ്ഥാപിച്ചു. ദൈവജനത്തെയാണ് ഈ സംഖ്യ സൂചിപ്പിക്കുക. 12 x 12 x 1000 = 144,000 ദൈവജനത്തെ മുഴുവനെയും സൂചിപ്പിക്കുന്നു.

**b. അപൂർണ്ണസംഖ്യകൾ:** ഭിന്നസംഖ്യകൾ, പൂർണ്ണ സംഖ്യകളുടെ പകുതി, അവയിൽ ഒന്നു കുറവുള്ളത് ഇവയെല്ലാം അപൂർണ്ണതയെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്.

"$\frac{1}{4}$" "$\frac{1}{3}$" ഭാഗികമാണ്. ഭൂമിയുടെ നാലിലൊന്നിൻമേൽ അധികാരം ലഭിച്ചു (6:8); ഭൂമിയുടെ മൂന്നിലൊരുഭാഗം വെന്തെരിഞ്ഞു (8:7). ഭൂമി മുഴുവനുമല്ല, ഒരു ഭാഗത്തെ മാത്രമേ ബാധിക്കുന്നുള്ളു.





*മൂന്നര* പൂർണ്ണ സംഖ്യയായ ഏഴിന്റെ പകുതി $3\frac{1}{2}$ ദിവസം, $3\frac{1}{2}$ വർഷം – ഹ്രസ്വമായൊരു കാലയളവ്; അതു പീഡനത്തിന്റെയും ക്ലേശങ്ങളുടെയും കാലമായിരിക്കും.

*ആറ്* പൂർണ്ണസംഖ്യയായ ഏഴിൽ ഒന്നു കുറവ് – അപൂർണ്ണതയെ സൂചിപ്പിക്കുന്നു. ആറ് മൂന്നു തവണ ആവർത്തിച്ചാൽ ലഭിക്കുന്ന 666 അപൂർണ്ണയുടെ പൂർണ്ണതയെയാണ് സൂചിപ്പിക്കുന്നത്. പൂർണ്ണത ദൈവികതയിലുള്ള പങ്കുചേരലാണെങ്കിൽ തികഞ്ഞ അപൂർണ്ണതയുടെ പ്രതീകമായ "666" തിന്മയുടെ ശക്തിയായ സാത്താനിലുള്ള പങ്കുചേരലാണ്. വെളി 13:18 ൽ പ്രത്യക്ഷപ്പെടുന്ന ഈ സംഖ്യ തിന്മയുടെ ശക്തിയുടെ മൂർത്തരൂപത്തെ സൂചിപ്പിക്കുന്നു.

**2. നിറങ്ങൾ**

*വെള്ള* വിജയത്തിൽ സന്തോഷം, നിർമ്മലത എന്നിവയെ സൂചിപ്പിക്കുന്നു. വെള്ളവസ്ത്രധാരികൾ തങ്ങളുടെ നൈർമ്മല്യം കാത്തുസൂക്ഷിച്ചവരും പീഡനങ്ങളുടെമേൽ വിജയം വരിച്ചവരുമാണ്. (3:5; 7:9).

*ചുവപ്പ്* തീക്കനലിന്റെ നിറം, വിപ്ലവം, യുദ്ധം രക്തച്ചൊരിച്ചിൽ (6:4) എന്നിവയെ സൂചിപ്പിക്കുന്നു.

*കറുപ്പ്* മരണത്തെ, മുഖ്യമായും പട്ടിണിമരണത്തെ, സൂചിപ്പിക്കുന്നു. (6:5).

*വിളറിയനിറം (മഞ്ഞ)* പകർച്ചവ്യാധികൾ മൂലമുണ്ടാകുന്ന മരണം (6:7–8).

*ധൂമ്രം* രാജകീയനിറം. മുഖ്യമായും സീമാതീതമായ സുഖഭോഗങ്ങളെ സൂചിപ്പിക്കുന്നു (17:4).

*സ്വർണ്ണം* രാജകീയ മഹത്വം. ഇതു നന്മയോ തിന്മയോ ആകാം. മനുഷ്യപുത്രൻ സ്വർണ്ണംകൊണ്ടുള്ള ഇടക്കച്ച ധരിച്ചിരിക്കുന്നത് രാജകീയാധികാരത്തെയാണു സൂചിപ്പിക്കുക. എന്നാൽ ധൂമ്രവസ്ത്രം ധരിച്ച സ്ത്രീ സ്വർണ്ണം അണിഞ്ഞിരിക്കുന്നത് സാമ്രാജ്യശക്തിയുടെ സൂചനയാണ്.

**3. വ്യക്തികൾ – മൃഗങ്ങൾ**

*മനുഷ്യപുത്രൻ* – മരണത്തിലൂടെ തിന്മയുടെമേൽ വിജയം വരിച്ച ഉത്ഥിതനായ ക്രിസ്തു.

*ദൈവദൂതൻ* – ദൈവഹിതം മനുഷ്യരെ അറിയിക്കുകയും അതു നടപ്പാക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സേവകൻ.

*കുഞ്ഞാടിന്റെ മണവാട്ടി* – ക്രിസ്തുവിന്റെ സഭ – ക്രിസ്തുവിശ്വാസികളുടെ സമൂഹം.

*ശ്രേഷ്ഠന്മാർ* – മഹത്വീകരിക്കപ്പെട്ട ദൈവജനത്തിന്റെ പ്രതിനിധികളും പ്രതീകവും, ഇസ്രായേലും സഭയും അടങ്ങുന്ന ദൈവജനത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു.

*സ്ത്രീ* – ദൈവജനത്തിന്റെ പ്രതീകം.

*വേശ്യ* – ബാബിലോൺ – ദൈവജനത്തെ പീഡിപ്പിക്കുന്ന സാമ്രാജ്യശക്തി; സാത്താന്റെ ജനം.

*നാലു ജീവികൾ* – ദൈവമഹത്വം പ്രകടമാക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്ന സൃഷ്ടപ്രപഞ്ചം.

*കുഞ്ഞാട്* – പാപമോചനത്തിനായി സ്വയം ബലിയർപ്പിച്ച ക്രിസ്തുവിന്റെ പ്രതീകം.

*മൃഗം* – സാമ്രാജ്യശക്തി. കടലിൽ നിന്നു കയറിവന്ന മൃഗം (13:1) ശക്തമായ നാവികസേനവഴി കടലിന്മേൽ ആധിപത്യം സ്ഥാപിച്ചിരുന്ന റോമാസാമ്രാജ്യത്തെ സൂചിപ്പിക്കുന്നു. ഭൂമിക്കടിയിൽനിന്നു കയറിവന്ന മൃഗം (13:11) റോമൻ പ്രവിശ്യകളുടെ അധിപന്മാരും സാമന്ത രാജാക്കന്മാരും.

*സർപ്പം* – തിന്മയുടെ ശക്തിയും ദൈവത്തിന്റെയും ദൈവജനത്തിന്റെയും ശത്രുവുമായ സാത്താൻ (12:3; 20:2).

*തവളകൾ* – നുണപ്രചരണം

**4. വസ്തുക്കൾ**

*കിരീടം* – രാജകീയാധികാരം

*സിംഹാസനം* – രാജകീയാധികാരം

*രത്നങ്ങൾ* – മനോഹാരിത, സമ്പത്ത്

*വാൾ* – ദൈവവചനം (1:16) ദൈവം നടപ്പിലാക്കുന്ന ശിക്ഷാവിധി (19:15); നാശം (6:4)

*കാഹളം* – ദൈവത്തിന്റെ ആജ്ഞാസ്വരം (1:11)

*നീണ്ട അങ്കി* – പൗരോഹിത്യം (1:13)

*കുരുത്തോല* – വിജയം

**5. ശരീരഭാഗങ്ങൾ**

*തല* – അധികാരത്തെയും അധികാരമുള്ളവനെയും സൂചിപ്പിക്കുന്നു. പലപ്പോഴും രാജാക്കന്മാരെ സൂചിപ്പിക്കാനാണ് ഈ പ്രതീകം ഉപയോഗിക്കുന്നത്.

*കൊമ്പ്* – ശക്തി, രാജത്വം, രാജാവ്

*കണ്ണ്* – അറിവ്, ഏഴു കണ്ണുകൾ (5:6) – സർവ്വജ്ഞാനം, സമ്പൂർണ്ണ ജ്ഞാനം.

*ചിറക്* – വേഗത

**6. പ്രപഞ്ചം**

*സ്വർഗ്ഗം* – ദൈവിക മേഖല

*ഭൂമി* – മാനുഷിക മേഖല

*ആകാശം* – മനുഷ്യനും ദൈവത്തിനും മധ്യേയുള്ള ശക്തികളുടെ മേഖല

*കടൽ* – അപകടമേഖല

*പാതാളം* – ശിക്ഷയുടെ സ്ഥലം, സാത്താന്റെ അധിവാസസ്ഥലം

*കൊയ്ത്ത്* – രക്ഷാവിധി. വിശ്വസ്തത പാലിച്ച ദൈവജനത്തിനു യുഗാന്തത്തിൽ ലഭിക്കുന്ന നിത്യരക്ഷ.

*മുന്തിരി വിളവെടുപ്പ്* – ശിക്ഷാവിധി. തിന്മയുടെ ശക്തിക്കു വഴങ്ങിയ അവിശ്വസ്തർക്കു ലഭിക്കുന്ന നിത്യശിക്ഷ.

*പ്രപഞ്ചശക്തികളിൽ വ്യതിയാനം* – ഭൂമികുലുക്കം, ഇരുണ്ടുപോകുന്ന സൂര്യൻ, രക്തവർണ്ണമാകുന്ന ചന്ദ്രൻ, മുതലായവ പ്രപഞ്ചത്തിന്മേൽ വിധി





നടപ്പാക്കാൻ വരുന്ന ദൈവത്തിന്റെ സാന്നിധ്യം സൂചിപ്പിക്കുന്നു; ഇവയെല്ലാം അക്ഷരാർത്ഥത്തിൽ സംഭവിക്കുകയാണെങ്കിൽ പ്രത്യക്ഷമാകുന്ന ദൈവികസാന്നിധ്യത്തെക്കുറിച്ചുള്ള അവബോധമാണ് വായനക്കാരിൽ ഉണ്ടാകേണ്ടത്. പാപത്തിനധീനമായ പ്രപഞ്ചത്തെ ദൈവം സമൂലമായി നവീകരിക്കും എന്ന സൂചനയാണ് ഇവ നല്കുക.

ഈ പ്രതീകങ്ങളെല്ലാം തന്നെ പഴയനിയമഗ്രന്ഥങ്ങളിൽനിന്ന് എടുത്തവയാണ്. വ്യാഖ്യാനഭാഗത്ത് ഓരോന്നിന്റെയും പഴയനിയമത്തിലെ ഉറവിടങ്ങൾ എടുത്തു കാട്ടുന്നതായിരിക്കും. അതിമനോഹരവും അതിഭീകരവുമായ ചിത്രങ്ങളാണ് വെളിപാടു ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്. മനോഹരവും ആകർഷകവുമായതെല്ലാം ദൈവത്തെയും ദൈവം നല്കുന്ന രക്ഷയെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. തിന്മയുടെ ശക്തിയെയും അവനും അനുയായികൾക്കും ലഭിക്കാനിരിക്കുന്ന ശിക്ഷയെയും സൂചിപ്പിക്കാനാവട്ടെ ഭയാനകവും ബീഭത്സവുമായ ചിത്രങ്ങളാണ് അവതരിപ്പിക്കുന്നത്. മതമർദ്ദനത്തിൽ മനം തകരാതെ, ദൈവത്തോടു വിശ്വസ്തത പുലർത്താൻ 22 സ്വർഗ്ഗഭാഗ്യത്തിന്റെ വാഗ്ദാനം പ്രചോദനം നല്കുന്നു. അതേസമയം അവിശ്വസ്തർക്കു ലഭിക്കാനിരിക്കുന്ന നിത്യശിക്ഷയുടെ ഭീകരചിത്രം താല്ക്കാലിക പീഡനങ്ങളെ ഭയന്ന് വിശ്വാസം ത്യജിക്കാൻ ഒരുങ്ങുന്നവർക്ക് കർശനമായ താക്കീതായിരിക്കും. ഓരോ പ്രതീകത്തിന്റെയും വിശദാംശങ്ങളിൽ തങ്ങി നില്ക്കാതെ ഒരു സയൻസ്-ഫിക്ഷൻ ഫിലിമിലെന്നതുപോലെ, അവ കൺമുന്നിലൂടെ കടന്നുപോകാൻ അനുവദിക്കുകയും അവയിൽനിന്നു പൊതുവായി ലഭിക്കുന്ന പ്രതീതി അനുഭവിച്ചറിയാൻ ശ്രമിക്കുകയുമാണ് വെളിപാടു പുസ്തകം വായിക്കുമ്പോൾ ചെയ്യേണ്ടത്.

## 4. രൂപഘടന

ഗ്രന്ഥകാരൻ വിനിമയം ചെയ്യാൻ ആഗ്രഹിക്കുന്ന സന്ദേശം ഗ്രഹിക്കാൻ അയാൾ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപം എന്ത് എന്നറിയുന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ അവലംബിച്ചിരിക്കുന്ന ക്രമംഎന്ത് എന്നറിയുന്നതും. പുസ്തകത്തിന്റെ പൊതുവായ ഘടനയെക്കുറിച്ചു വ്യക്തത ലഭിച്ചെങ്കിലേ അതിൽ അവതരിപ്പിച്ചിരിക്കുന്ന ആശയം മനസ്സിലാക്കാൻ കഴിയൂ. എന്നാൽ വെളിപാടു പുസ്തകത്തിന്റെ ഘടനയെക്കുറിച്ച് വ്യാഖ്യാതാക്കളുടെ ഇടയിൽ ഇന്നും ഭിന്നാഭിപ്രായങ്ങളാണുള്ളത്.

### 1. വിവിധ പാരമ്പര്യങ്ങൾ

ദർശനങ്ങൾ, ശ്രവണങ്ങൾ, പ്രവചനങ്ങൾ, ഉപദേശങ്ങൾ, സ്തുതിപ്പുകൾ, എന്നിങ്ങനെ അനേകം ഘടകങ്ങളുടെ ഒരു സമാഹാരമാണ് വെളിപാടു പുസ്തകം. ഈ ഘടകങ്ങളെ എല്ലാം വേർതിരിച്ച് അവയുടെ ഉറവിടങ്ങൾ കണ്ടുപിടിച്ചു വിശദീകരിക്കാനുള്ള ഒരു ശ്രമം, പ്രത്യേകിച്ചും ജർമ്മൻ ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ നടന്നിരുന്നു. എന്നാൽ ഇപ്രകാരമുള്ള ശിഥിലീകരണ വ്യാഖ്യാനം പുസ്തകത്തിന്റെ ഉള്ളടക്കം ഗ്രഹിക്കാൻ സഹായിക്കുന്നില്ല എന്നു മനസ്സിലാക്കിയതിനെ തുടർന്ന് ഇവയെ എല്ലാംകൂടി ഒരുമിച്ചു കാണാനുള്ള ശ്രമമാണ് ഇന്ന് നടക്കു

ന്നത്. ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന വിധത്തിൽ രൂപപ്പെടുത്തുന്നതിനു മുമ്പ് മുഖ്യമായും രണ്ടു വ്യത്യസ്ത ഗ്രന്ഥങ്ങളായി ഇതു നിലനിന്നെന്നും ഈ രണ്ടു ലിഖിതപാരമ്പര്യങ്ങളെ യോഹന്നാൻ എന്ന ക്രിസ്തീയ പ്രവാചകനാണ് സംയോജിപ്പിച്ചതെന്നും കരുതുന്നവരുണ്ട്. ഈ പാരമ്പര്യങ്ങളിൽ ഒന്ന് ഒരു യഹൂദ അപ്പോകലിപ്റ്റിക് ഗ്രന്ഥവും മറ്റൊന്ന് സ്നാപക ശിഷ്യന്മാർ രൂപം കൊടുത്ത ഗ്രന്ഥവും ആയിരുന്നു എന്നും ചിലർ കരുതുന്നു. പാരമ്പര്യങ്ങളുടെ വേരുകൾ തേടിയുള്ള അന്വേഷണം പുസ്തകത്തിന്റെ സന്ദേശത്തിൽ നിന്നകന്നു വഴിമുട്ടുന്നതിനാൽ പുസ്തകത്തെ ഇന്നു ലഭിച്ചിരിക്കുന്ന വിധത്തിൽത്തന്നെ മനസ്സിലാക്കാനാണ് ബൈബിൾ പഠിതാക്കൾ അധികപങ്കും ശ്രമിക്കുന്നത്.

### 2. ഭിന്നാഭിപ്രായങ്ങൾ

രക്ഷാചരിത്രത്തെ പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുകയാണ് വെളിപാടു ഗ്രന്ഥകാരന്റെ ലക്ഷ്യമെന്നു കരുതി ചിലർ പുസ്തകത്തെ മൂന്നു ഭാഗമായി തിരിക്കാറുണ്ട്. 4-11 അധ്യായങ്ങൾ ഇസ്രായേൽ ചരിത്രം; 12-20 സഭാചരിത്രം; 21-22 ഭാവിമഹത്വം എന്നിവ വിവരിക്കുന്നതായി ഇക്കൂട്ടർ കരുതുന്നു. 1-3 അധ്യായങ്ങൾ പൊതുവായ ആമുഖമായിട്ടാണ് അവർ പരിഗണിക്കുക. ഏറെ പ്രചാരം ലഭിച്ചിട്ടുള്ള വിഭജനമാണിതെങ്കിലും പുസ്തകത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായും നീതി പുലർത്താൻ ഇതിനു കഴിയുകയില്ല. ഇസ്രായേൽ ചരിത്രമായി അവതരിപ്പിക്കപ്പെടുന്ന ഭാഗത്ത് ക്രിസ്തുവിന്റെ വ്യക്തമായ പ്രവർത്തനങ്ങളും ഭാവിമഹത്വത്തെക്കുറിച്ചുള്ള പല സൂചനകളുമുണ്ട്. സഭയുടെ ചരിത്രമായി കരുതപ്പെടുന്ന ഭാഗത്ത് പഴയ നിയമത്തിൽ നിന്നുള്ള ധാരാളം പരാമർശങ്ങൾ കാണാം. അതിനാൽ കാലാനുക്രമമായ ഒരു ഘടനയല്ല ഗ്രന്ഥകാരൻ തന്റെ പുസ്തകത്തിന് നല്കിയിരിക്കുന്നത് എന്നു വ്യക്തം.

ഒരു പ്രത്യേകബിന്ദുവിൽ നിന്നാരംഭിച്ച് ലക്ഷ്യത്തിലേക്കു ശരംപോലെ കുതിക്കുന്ന ഋജുരേഖാവീക്ഷണമല്ല ചരിത്രത്തെ സംബന്ധിച്ചിടത്തോളം വെളിപാടു ഗ്രന്ഥത്തിനുള്ളത്. ഒരേ കാര്യങ്ങൾതന്നെ പലതവണ ആവർത്തിക്കുക ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകതയാണ്. "ഏഴ്" എന്ന സംഖ്യയ്ക്കു ഗ്രന്ഥം വലിയ പ്രാധാന്യം നല്കുന്നുമുണ്ട്. അതിനാൽ രക്ഷാകര ചരിത്രത്തിന്റെ ഒരു ചാക്രിക വീക്ഷണം ഏഴു ചക്രങ്ങളായി അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത് എന്നു മറ്റു ചിലർ കരുതുന്നു. ഒരേ പ്രമേയം തന്നെ ഏഴ് അങ്കങ്ങളിലായി അവതരിപ്പിക്കുന്ന ഒരു പ്രപഞ്ചനാടകമാണ് വെളിപാട് എന്നു കരുതുന്നവരുണ്ട്. ഈ ഏഴു ഭാഗങ്ങൾ, അഥവാ ഏഴ് അങ്കൾ ഓരോന്നും ഏഴ് ഉപവിഭാഗങ്ങൾ അഥവാ രംഗങ്ങൾ ഉൾക്കൊള്ളുന്നതായും കരുതപ്പെടുന്നു. പ്രത്യക്ഷത്തിൽ ആകർഷകവും സ്വീകാര്യവുമായി തോന്നാവുന്ന ഈ വിഭജനവും അടുത്തു പരിശോധിക്കുമ്പോൾ പൂർണ്ണമായും തൃപ്തികരമല്ല എന്നു കാണാം. ഏഴു ലേഖനങ്ങൾ (2-3) ഏഴു മുദ്രകൾ (6-7) ഏഴു കാഹളങ്ങൾ (8-9) ഏഴു പാത്രങ്ങൾ (16) എന്നീ നാലു സപ്തഗണങ്ങൾ വളരെ വ്യക്തമാണ്. എന്നാൽ ഈ വിഭജനക്രമം മറ്റു ഭാഗങ്ങളിൽ വ്യക്തമല്ല. പുസ്തകഭാഗങ്ങളെ വലിച്ചു നീട്ടിയും വെട്ടിക്കുറച്ചും മാത്രമേ ഇപ്രകാരം ഒരു ഘടന വിശദീകരിക്കാനാവൂ. അതു പുറമേനിന്ന് അടിച്ചേല്പിക്കുന്ന വിഭജനമായിത്തീരും.

പറയാനുള്ള കാര്യങ്ങൾ യുക്തിഭദ്രവും കാലാനുക്രമവും ആയ വിധത്തിൽ അടുക്കും ചിട്ടയുമായി അവതരിപ്പിക്കുന്ന രീതിയാണ് നമുക്കു പരിചയമുള്ളത്. അതിനാൽ വെളിപാടു ഗ്രന്ഥവും ഇപ്രകാരമൊരു ക്രമത്തിൽ രചിക്കപ്പെട്ടതായിരിക്കണം എന്ന മുൻവിധി വിഭജനശ്രമത്തെ വഴിമുട്ടിക്കുന്നു. പുസ്തകത്തിന്റെ ഘടനയെക്കുറിച്ചു വ്യക്തത ലഭിക്കണമെങ്കിൽ മുൻവിധികൾ മാറ്റിവച്ച് പുസ്തകരചനയിൽ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന വിവിധ സങ്കേതങ്ങൾ കണക്കിലെടുക്കണം.

### 3. രചനാസങ്കേതങ്ങൾ

വൈവിധ്യമാർന്ന ഘടകങ്ങളെ ഏകോപിപ്പിച്ച് ഒറ്റ ഗ്രന്ഥമായി നിർത്തുന്നതിന് പല മാർഗ്ഗങ്ങൾ ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുണ്ട്.

**a. പഴയനിയമത്തിന്റെ ഉപയോഗം:** പഴയനിയമത്തിൽനിന്ന് ഒറ്റ വാക്യംപോലും അതേപടി ഉദ്ധരിക്കുന്നില്ലെങ്കിലും വെളിപാടുപുസ്തകത്തിലുടനീളം പഴയനിയമത്തിന്റെ സ്വാധീനം കാണാം. പഴയനിയമത്തിൽനിന്നു കടംകൊണ്ട വാക്കുകളും പ്രതീകങ്ങളും തന്റേതായ രീതിയിൽ കോർത്തിണക്കിയാണ് യോഹന്നാൻ ദർശനങ്ങളും പ്രവചനങ്ങളും രചിക്കുന്നത്. പുറപ്പാടുസംഭവത്തോടനുബന്ധിച്ചുള്ള മഹാമാരികൾ, കർത്താവിന്റെ ദിനത്തെയും യുഗാന്തത്തെയുംകുറിച്ചുള്ള പ്രവാചകന്മാരുടെ പ്രതിപാദനങ്ങൾ, ദൈവജനത്തെ പീഡിപ്പിച്ചിരുന്ന വിജാതീയർക്കെതിരായുള്ള ശാപങ്ങൾ, മഹത്വപൂർണ്ണമായ ഭാവിയെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ, സ്വർഗ്ഗീയ സദസ്സിന്റെ വിവരണങ്ങൾ ഇവയെല്ലാം സാഹചര്യങ്ങളിൽ നിന്നു വേർപെടുത്തി വെളിപാടുഗ്രന്ഥകാരൻ തനതായ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ഉപയോഗത്തിലൂടെ അദ്ദേഹം പഴയനിയമത്തിനുതന്നെ പുതിയൊരു വ്യാഖ്യാനം നല്കുന്നു.

വെളി 1:12-20 ൽ വിവരിക്കുന്ന മനുഷ്യപുത്രദർശനം ഇതിനുദാഹരണമാണ്. ദാനി 10:1-21 ൽ നിന്ന് എടുത്തതാണ് ഈ വിവരണം എങ്കിലും ദാനിയേലിന്റെ ദർശനം അതേപടി പകർത്തുകയല്ല യോഹന്നാൻ ചെയ്യുന്നത്. ദർശനത്തിന്റെ പൊതുഘടനയ്ക്കു പുറമേ, സ്വർണ്ണംകൊണ്ടുള്ള അരപ്പട്ട, പ്രകാശിക്കുന്ന മുഖം, ജ്വലിക്കുന്ന കണ്ണുകൾ, ദർശനമാത്രയിൽ ദാനിയേലിനുണ്ടായ ബോധക്ഷയം, വീണു കിടന്നവനെ സ്പർശിച്ചു ശക്തി പകർന്നത് - ഇത്രയും ഘടകങ്ങളാണ് ഈ ദർശനത്തിൽ നിന്നു യോഹന്നാൻ സ്വീകരിച്ചിരിക്കുന്നത്. മറ്റു വിശദാംശങ്ങൾ പല ഭാഗങ്ങളിൽ നിന്നെടുത്തതാണ് -മനുഷ്യപുത്രൻ ദാനി 7:13; വെൺകമ്പിളിപോലെ ധവളമായ ശിരസും മുടിയും ദാനി 7:9; ഉലയിൽ ചുട്ടുപഴുപ്പിച്ച് തിളങ്ങുന്ന പിച്ചളപോലുള്ള പാദങ്ങൾ - എസെ 1:7; പാദം വരെ നീണ്ടു കിടക്കുന്ന മേലങ്കി പുറ 28:31-32. ഏഴു പീഠങ്ങൾ ജറുസലെം ദേവാലയത്തിൽ ഉണ്ടായിരുന്നതും, യഹൂദജനതയുടെ പ്രതീകവുമായ ഏഴു ശാഖകളുള്ള ദീപപീഠത്തെ അനുസ്മരിപ്പിക്കുന്നതാണ്.

പഴയനിയമത്തിലെ പ്രതീകങ്ങൾ സ്വന്തമാക്കി ഉപയോഗിക്കുന്നതിനാൽ ആ പ്രതീകങ്ങളുടെ പിൻബലത്തിൽ മാത്രം ആശ്രയിച്ച് വെളിപാടുപുസ്തകത്തിന്റെ ഘടന നിശ്ചയിക്കാനാവില്ല.


പുതിയനിയമ ദൈവശാസ്ത്രം

**b. മിത്തുകളിൽ നിന്നുള്ള പ്രതീകങ്ങൾ:** ലോകത്തിന്റെയും മനുഷ്യന്റെയും ഉത്ഭവം, തിന്മയുടെ തുടക്കം, ചരിത്രത്തിന്റെ ലക്ഷ്യം തുടങ്ങിയ പ്രാപഞ്ചികസത്യങ്ങളെ സംബന്ധിച്ച് ജനസമൂഹങ്ങളുടെ അബോധമനസ്സിൽ രൂപംകൊണ്ട ആദികഥകളാണ് മിത്തുകൾ എന്നു പറയാം. ഇതിലെ കഥാപാത്രങ്ങളെല്ലാം അതിമാനുഷരാണ്. അതിപുരാതന കാലത്തു സംഭവിച്ചവ എന്ന വിധത്തിൽ ഇവയെ പുരാണങ്ങൾ എന്നു വിളിക്കാം. പറക്കുന്ന പർവ്വതങ്ങൾ, സംസാരിക്കുന്ന മൃഗങ്ങൾ, ഘോര സംഘട്ടനത്തിൽ ഏർപ്പെടുന്ന നന്മ തിന്മയുടെ ശക്തികൾ ഇവയൊക്കെ എല്ലാ പുരാതന മതങ്ങളിലും പ്രചാരത്തിലിരുന്ന മിത്തുകളാണ്. ഇപ്രകാരമുള്ള മിത്തിക്കൽ പ്രതീകങ്ങളും പ്രമേയങ്ങളും വെളിപാടു ഗ്രന്ഥകാരൻ ഉപയോഗിച്ചിട്ടുണ്ട്. ഒരുദാഹരണം മാത്രം ഇവിടെ എടുത്തു കാട്ടാം.

ഗർഭിണിയായ സ്ത്രീയുടെ മിത്ത് മിക്കവാറും എല്ലാ പുരാതനമതങ്ങളിലും പ്രചാരത്തിലിരുന്നു. മൂന്നു മുഖ്യ കഥാപാത്രങ്ങളാണ് ഇതിലുള്ളത് - സ്ത്രീ, ശിശു, സർപ്പം. ഗർഭിണി പ്രസവിക്കുന്ന ശിശുവിനെ കൊല്ലാൻ സർപ്പം കാത്തുനില്ക്കുന്നു. എന്നാൽ ജനിച്ചയുടനെ ശിശു സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുന്നു. സ്ത്രീയും ശിശുവും നന്മയുടെയും സർപ്പം തിന്മയുടെയും പ്രതീകങ്ങളാണ്. ബാബിലോണിൽ ഡംകിനാ - മർദുക് - തിയാമത് എന്ന പേരുകളിലാണ് ഈ മൂന്നു കഥാപാത്രങ്ങൾ അറിയപ്പെട്ടിരുന്നത്. ഈജിപ്തിലാകട്ടെ ഈസിസ് - ഹോരസ് - തിഫോൺ എന്നും ഗ്രീസിൽ ലേത്തോ - അപ്പോളോ - പിഥോൺ എന്നും ഇവർ അറിയപ്പെട്ടിരുന്നു. ഭാരതീയ ചിന്തയിൽ പ്രചാരത്തിലിരിക്കുന്ന യശോദര-കൃഷ്ണൻ-കംസൻ (കാളിയൻ) സങ്കല്പവും ഇതേ മിത്തിന്റെ മറ്റൊരു രൂപമായി കരുതാവുന്നതാണ്. യഹൂദരുടെ ഇടയിൽ പ്രചാരത്തിലിരുന്ന സിയോൺ കന്യക-മിശിഹാ-ലെവിയാത്തൻ (സാത്താൻ - സർപ്പം) സങ്കല്പത്തിൽ ഈ മിത്തിന്റെ സ്വാധീനമുണ്ട്. റോമൻ ചക്രവർത്തിയെ ദൈവമായി ആരാധിക്കുന്നതിലും ഈ മിത്തിന്റെ സ്വാധീനം കാണാം. ദേവറാണിയായ റോമായുടെ മകനാണ് ദേവനായ ചക്രവർത്തി.

ഈ മിത്തിലെ ചില ഘടകങ്ങൾ സ്വന്തമായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ട് ലോകജനതകളും ഇസ്രായേൽ ജനവും പ്രതീക്ഷിച്ചിരുന്ന ദൈവികശിശു യേശുക്രിസ്തുവാണെന്നു യോഹന്നാൻ സ്ഥാപിക്കുന്നു. അതേസമയം, ദേവതയായി പരിഗണിക്കപ്പെട്ടിരുന്ന റോമാസാമ്രാജ്യം സർപ്പത്തിന്റെ സ്ഥാനത്തേക്കു മാറ്റി നിർത്തപ്പെടുകയാണ്. നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനവും തിന്മയുടെമേൽ നന്മയുടെ ആത്യന്തികമായ വിജയവും വെളിപാടു ഗ്രന്ഥത്തിന്റെ അടിസ്ഥാന പ്രമേയങ്ങളിലൊന്നാണ്.

**c. ഇതര സങ്കേതങ്ങൾ:** ഗ്രന്ഥത്തിന്റെ ഘടനയെ നിർണ്ണായകമായി സ്വാധീനിക്കുന്ന മറ്റു ചില സങ്കേതങ്ങളുണ്ട്.

**i. ഉൾപ്പെടുത്തൽ (inclusion):** ഒരു ഖണ്ഡികയുടെയോ അധ്യായത്തിന്റെയോ പുസ്തകത്തിന്റെ തന്നെയോ ആരംഭത്തിലും അവസാനത്തിലും ഒരേ വാക്യങ്ങളോ വാക്യശകലങ്ങളോ വാക്കുകളോ ഉപയോഗിച്ചു





കൊണ്ട് അവയ്ക്കുള്ളിലുള്ളവയെ മുഴുവൻ ഒന്നായി കാണണം എന്നു സൂചിപ്പിക്കുന്ന രചനാസങ്കേതമാണിത്. ഉദാ: 1:1 "ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവ"= 22:6 "ഉടനെ സംഭവിക്കാനിരിക്കുന്നവ". 1:1-2 "യേശുക്രിസ്തു തന്റെ ദൂതനെ അയച്ച്......യോഹന്നാന് ഇതു വെളിപ്പെടുത്തി. അവൻ...... സാക്ഷ്യം നല്കി" = 22:16 "യേശുവായ ഞാൻ സഭകളെക്കുറിച്ചു നിങ്ങൾക്കു സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി എന്റെ ദൂതനെ അയച്ചു". 1:7 "ഇതാ, അവൻ മേഘങ്ങളുടെ അകമ്പടിയോടെ ആഗതനാകുന്നു" = 22:20 "അതേ, ഞാൻ വേഗം വരുന്നു".

പുസ്തകത്തിന്റെ ഐക്യം ഉറപ്പിക്കുന്നതോടൊപ്പം പുസ്തകത്തിൽ പ്രതിപാദിക്കുന്ന പ്രധാനപ്രമേയം വ്യക്തമാക്കുന്നതുമാണ് ഈ ഉൾപ്പെടുത്തൽ. യേശുക്രിസ്തുവിന്റെ പുനരാഗമനത്തെക്കുറിച്ചുള്ള വെളിപാടാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെടുന്നത്.

**ii മുൻപ്രഖ്യാപനം (Preannouncement)** പിന്നീട് വിശദമാക്കുകയോ പൂർത്തീകരിക്കപ്പെട്ടതായി അവതരിപ്പിക്കുകയോ ചെയ്യാൻ പോകുന്ന കാര്യം മുൻകൂട്ടി അറിയിക്കുക:

2:7 വിജയിക്ക് ജീവന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിക്കാൻ കൊടുക്കും 22:2-14

2:11 രണ്ടാമത്തെ മരണം 20:14

14:8 ബാബിലോണിന്റെ പതനം 18:1-24

16:14-16 നിർണ്ണായകയുദ്ധം 19:17-21

**iii പ്രതിനിർദ്ദേശം (Cross reference)** പുസ്തകത്തിന്റെ ഒരു ഭാഗത്ത് അവതരിപ്പിച്ച ആശയത്തിലേക്കു വിരൽചൂണ്ടുക.

2:7 വലതു കൈയിൽ ഏഴു നക്ഷത്രങ്ങൾ 1:13-16
14:14 മനുഷ്യപുത്രനെപ്പോലെ ഒരുവൻ 1:13
19:12 മിഴികൾ തീനാളം പോലെ 1:14

**iv വൈരുദ്ധ്യം (Contrast)** പരസ്പരം വിരുദ്ധങ്ങളായ ചിത്രങ്ങൾ സമാന്തരമായി അവതരിപ്പിക്കുക.

കുഞ്ഞാട് 5:6-14 x മൃഗം 13:1-4

സ്ത്രീ 12:1-2 ´വേശ്യ 17:1-6 x കുഞ്ഞാടിന്റെ മണവാട്ടി 19:7-8

സ്വർഗ്ഗീയ ജറുസലെം 21:9-27 x മഹാബാബിലോൺ 17-18

രണ്ടു സാക്ഷികൾ 11:1-13 x രണ്ടു മൃഗങ്ങൾ 13:1 -18

കുഞ്ഞാടിന്റെ വിവാഹവിരുന്ന് 19:9 x മൃഗത്തിന്റെ മഹാവിരുന്ന് 19:17-21

**v സപ്തഗണങ്ങൾ (Septets)** പുസ്തകത്തിന്റെ ഘടനയെത്തന്നെ നിർണ്ണായകമായി സ്വാധീനിക്കത്തക്കവിധത്തിൽ ഏഴിന്റെ ഗണങ്ങളെ യോഹന്നാൻ അവതരിപ്പിക്കുന്നു. ഏഴു സഭകൾക്കുള്ള ലേഖനങ്ങൾ, ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു പാത്രങ്ങൾ എന്നീ നാലു സപ്തഗണങ്ങൾ ശ്രദ്ധേയമാണ്.

**vi സർപ്പിളചലനം (Spiral movement)** ചേർത്തുവച്ചിരിക്കുന്ന വളയങ്ങൾ പോലെയാണ് സ്പ്രിംഗ്. എന്നാൽ ഓരോ വളയവും അടുത്തതി

ലേക്കു നയിക്കുന്നു. ഇപ്രകാരം ഒരു രചനാസങ്കേതത്തെയാണ് സർപ്പള ചലനം എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. വെളിപാടു പുസ്തകത്തിലെ പല ഭാഗങ്ങളും അതിൽ ത്തന്നെ പൂർണ്ണമാണെന്നു തോന്നും. തിന്മയുടെമേലുള്ള ശിക്ഷാവിധി ഉദാഹരണമാണ്. ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു പാത്രങ്ങൾ ഇവയോരോന്നും തിന്മയുടെ ഉന്മൂലനമാണെന്നു തോന്നാമെങ്കിലും ഓരോ സപ്തഗണവും അന്തിമശിക്ഷാവിധിയിലേക്കു നയിക്കുന്നതാണ്. മുദ്രകൾ തുറക്കുമ്പോൾ പ്രപഞ്ചത്തിന്റെ 1/4 ഭാഗവും (6:8) കാഹളധ്വനിയിൽ 1/3 (8:7-12) ഭാഗവും പാത്രങ്ങൾ ഒഴിക്കുമ്പോൾ മുഴുവനായും (16:12-21) നശിപ്പിക്കപ്പെടുന്നു. പക്ഷേ ഇതെല്ലാം നിർണ്ണായകമായ ശിക്ഷാവിധി (20:11-15) യിലേക്കുള്ള നീക്കം മാത്രമാണ്. ദൈവം പാപികൾക്ക് അനുതപിക്കാനുള്ള അവസരം നല്കുന്നു എന്നും ഇതു സൂചിപ്പിക്കുന്നു (9:21). സാത്താൻ സ്വർഗ്ഗത്തിൽനിന്നു വലിച്ചെറിയപ്പെട്ടു (12:10); പാതാളത്തിൽ അടയ്ക്കപ്പെട്ടു (20:2), അഗ്നിത്തടാകത്തിലേക്കെറിയപ്പെട്ടു (20:10). മഹാവേശ്യ വധിക്കപ്പെട്ടു (17-18), മൃഗം പിടിക്കപ്പെട്ടു (19:19-20), മൃത്യുവും പാതാളവും അഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടു (20:16) എന്നീ പരാമർശങ്ങളെല്ലാം യുഗാന്ത്യത്തിലേക്കുള്ള നിരന്തരവും സർപ്പളവുമായ നീക്കത്തെയാണ് സൂചിപ്പിക്കുക.

**vii ഇടവേള (Interlude)** യുഗാന്തത്തിലേക്കുള്ള അപ്രതിഹതമായ മുന്നേറ്റത്തിൽ, വൻതിരകൾപോലെ ഒന്നിനു പിറകെ ഒന്നായി ആഞ്ഞടിക്കുന്ന ശിക്ഷാവിധികൾക്കു മധ്യേ ഗ്രന്ഥകാരൻ പലപ്പോഴും രക്ഷയുടെ ചിത്രം അവതരിപ്പിക്കുന്നുണ്ട്. പീഡനങ്ങളിൽനിന്നു മോചനം പ്രാപിച്ച് സ്വർഗ്ഗത്തിൽ നിരന്തരം ദൈവത്തെ സ്തുതിക്കുന്ന വിശ്വസ്തരുടെ ദൃശ്യം ഇപ്പോൾ പീഡനമേല്ക്കുന്നവർക്കു ധൈര്യം പകരുന്നു. രക്ഷ യുഗാന്തത്തിൽ സംഭവിക്കാനിരിക്കുന്ന ഒരു യാഥാർത്ഥ്യം മാത്രമല്ല, അത് ഇപ്പോൾ തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നും ഈ ഇടവേള സൂചിപ്പിക്കുന്നു. ആറാംമുദ്ര പൊട്ടിച്ചപ്പോഴുണ്ടായ ഭീകരദുരിതങ്ങൾക്കുശേഷം ഏഴാം മുദ്ര പൊട്ടിക്കുന്നതിനു മുമ്പ് (7:1-17) രക്ഷിക്കപ്പെട്ടവരുടെ ഗണം പ്രത്യക്ഷപ്പെടുന്നു. 6:9-11; 11:15-19; 12:10-12; 14:1-5; 15:2-4; 19:1-9; 20:4-6 ഇപ്രകാരമുള്ള ഇടവേളകളാണ്.

**viii സമ്മിശ്രണം (Intercalation)** ഒന്നിനു പിന്നാലെ ഒന്നായി നടക്കുന്ന രണ്ടു സംഭവങ്ങൾക്കു മധ്യേ മൂന്നാമതൊന്ന് ഇടയ്ക്കു തിരുകുന്ന പ്രക്രിയയെ സമ്മിശ്രണം എന്നു വിളിക്കുന്നു. യുക്തിയും കാലക്രമവും അനുസരിച്ചുള്ള സംഭവങ്ങളുടെ ഒഴുക്കിനെ തടഞ്ഞു നിർത്തുന്ന ഈ സങ്കേതം വഴി പുതിയൊരു ചിത്രം ലഭിക്കുന്നു. ഇവ മൂന്നും ഒരുമിച്ച് ഒറ്റ യൂണിറ്റായി കാണണം. 8:2 ഏഴു ദൂതന്മാർക്ക് ഏഴു കാഹളം നല്കപ്പെട്ടു. 8:6 ദൂതന്മാർ കാഹളം ഊതാൻ തയ്യാറായി. ഒരുമിച്ചു പോകുന്ന ഈ രണ്ടു ചിത്രങ്ങൾക്കു മധ്യേ ധൂപകലശമേന്തിയ ദൂതന്റെ മറ്റൊരു ചിത്രം (8:3-5) തിരുകുന്നതിലൂടെ വിശുദ്ധന്മാരുടെ പ്രാർത്ഥന യുഗാന്തത്തെ ത്വരിതപ്പെടുത്തുന്നു എന്ന ആശയമാണ് ലഭിക്കുക. 17:1-22; 9 ലും ഇതേ സങ്കേതം ഉപയോഗിച്ചിരിക്കുന്നതായി കാണാം. 17:1-19; 19 മഹാബാബിലോണിന്റെ പതനം, കുഞ്ഞാടിന്റെ വിവാഹവിരുന്നിനുള്ള ഒരുക്കം എന്നിവ വിവരിക്കുന്നു. ഇതേ തുടർന്നു വരേണ്ടത് കുഞ്ഞാടിന്റെ മണവാട്ടിയുടെ ചിത്രമാണ് - 21:9-22:5. എന്നാൽ ഇവ രണ്ടിനും മധ്യേ മറ്റൊരു





ചിത്രം, സാത്താന്റെ മേലുള്ള ക്രിസ്തുവിന്റെ വിജയവും പുതിയ സൃഷ്ടിയും, 19:11-21; 8 അവതരിപ്പിച്ചിരിക്കുന്നു. ഈ ചിത്രവും ആദ്യത്തേതിന്റെ തന്നെ ആശയമാണ് ഉൾക്കൊള്ളുന്നത്.

**IX ശൃംഖലീകരണം (Interlocking)** പുസ്തകഭാഗങ്ങൾ കൃത്യമായി വേർതിരിച്ച് ഒന്നിനു പുറകെ ഒന്നെന്ന ക്രമത്തിൽ അവതരിപ്പിക്കുന്നതിനു പകരം മുൻപിലും പിൻപിലുമുള്ള ഭാഗങ്ങളോട് ഒരു ചങ്ങലയിലെ കണ്ണികൾ എന്ന നിലയിൽ കൂട്ടിക്കൊളുത്തി അവതരിപ്പിക്കുന്നതിനെയാണ് ശൃംഖലീകരണം എന്നു വിളിക്കുന്നത്. 10:1-11; 14 ഇതിനുദാഹരണമാണ്. ആറും ഏഴും കാഹളങ്ങൾക്കു മധ്യേയുള്ള ഇടവേള എന്ന നിലയിലാണ് ഇതു ചേർത്തിരിക്കുന്നത്. എന്നാൽ ചെറിയ ചുരുൾ നല്കികൊണ്ട് പുതിയൊരു ദൗത്യം ഏല്പിക്കുന്ന ചിത്രം പുതിയൊരു ഭാഗത്തിന്റെ തുടക്കം കുറിക്കുന്നു. പാതാളത്തിൽനിന്നു കയറി വരുന്ന മൃഗം (11:7) എന്ന പരാമർശം വഴി സ്ത്രീയും സർപ്പവും മൃഗങ്ങളും ചിത്രീകരിക്കപ്പെടുന്ന ഭാഗവുമായി (12-13) ഈ ഭാഗം അഭേദ്യം ബന്ധപ്പെട്ടുമിരിക്കുന്നു. കാഹളങ്ങളുടെ ഭാഗത്തു നടപ്പാക്കുന്ന ശിക്ഷാവിധിയും തുടർന്നുള്ള ഭാഗവും തമ്മിൽ ഈ രചനാസങ്കേതംവഴി അടുത്ത ബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

### 4. ഘടന

വളരെ കണിശമായ ഒരു വിഭജനത്തിനു വെളിപാടു പുസ്തകം വഴങ്ങുകയില്ല എന്ന് മേൽ വിവരിച്ചവയുടെ വെളിച്ചത്തിൽ വ്യക്തമാകുന്നു. അതിനാലാണ് വ്യാഖ്യാതാക്കളുടെ ഇടയിൽ ഘടനയെക്കുറിച്ച് അഭിപ്രായഭിന്നത നിലനില്ക്കുന്നത്. എന്നാലും ഘടനയെ സംബന്ധിച്ച് വളരെ സ്പഷ്ടമായ ചില സൂചനകൾ പുസ്തകത്തിൽതന്നെ കാണാം.

വ്യക്തമായ ഒരാമുഖവും (1:1-8) ഉപസംഹാരവും (22:6-21) പുസ്തകത്തിനുണ്ട്. പുസ്തകത്തിന്റെ ഉള്ളടക്കത്തെ "ഇപ്പോൾ ഉള്ളവയും ഭാവിയിൽ സംഭവിക്കാനിരിക്കുന്നവയും" (1:19) എന്നാണ് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. 4:1-ൽ "ഇനിയും സംഭവിക്കാനിരിക്കുന്നവയെ നിനക്കു കാണിച്ചു തരാം" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്ന് ഗ്രന്ഥകാരൻ പുസ്തകത്തെ വ്യക്തമായും രണ്ടു ഭാഗങ്ങളായി തിരിക്കുന്നതായി അനുമാനിക്കാം. 2-3 അധ്യായങ്ങൾ സഭയുടെ ഇപ്പോഴത്തെ അവസ്ഥയെയും 4-22 അധ്യായങ്ങൾ രക്ഷാകര പ്രവൃത്തിയുടെ പൂർത്തീകരണത്തെയും വിവരിക്കുന്നു. മനുഷ്യപുത്രന്റെ ദർശനം (1:9-20) പുസ്തകത്തിനു മുഴുവൻ ആമുഖമായി നില്ക്കുന്നെങ്കിലും ഒന്നാംഭാഗത്തിന്റെ തുടക്കം എന്നനിലയിലാണ് ഇതിനെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. രണ്ടാംഭാഗവും ഒരു സ്വർഗ്ഗീയ ദർശനത്തോടെ ആരംഭിക്കുന്നു (4-5). മുദ്രിതമായ ചുരുൾ നിവർത്തുന്നതിലൂടെ രക്ഷാചരിത്രം അതിന്റെ പരിസമാപ്തിയിലേക്കു കുതിക്കുന്നു. തിന്മയുടെ മേലുള്ള വിജയം മൂന്നു സപ്തഗണങ്ങളായിട്ടാണ് (6:1-8:1; 8:2-11:19; 15:5-19:10) അവതരിപ്പിച്ചിരിക്കുന്നത്. 19:11-22:5 ശിക്ഷാവിധിയും സമ്പൂർണ്ണരക്ഷയും നടപ്പാക്കുന്നതിന്റെ ചിത്രം അവതരിപ്പിക്കുന്നു. ഈ നീക്കത്തിനു മധ്യേ തിരുകിവച്ച രീതിയിലാണ് 10:1-15:4 പ്രത്യക്ഷപ്പെടുന്നത്. ആരംഭത്തിലെ മനുഷ്യപുത്രദർശനത്തെ

അനുസ്മരിപ്പിക്കുന്ന മറ്റൊരു ദർശനത്തോടെ (10:1) ഈ വിവരണം ആരംഭിക്കുന്നു. അതേ സമയം രണ്ടാംഭാഗത്ത് അവതരിപ്പിച്ച മുദ്രിതമായ ചുരുളിനു സമാനമായ ഒരു ചുരുൾ ഇവിടെയും അവതരിപ്പിക്കുന്നു (10:2). 5:1-ലെ ചുരുൾ മുദ്രിതമായിരുന്നെങ്കിൽ ഇത് തുറന്നതും ചെറുതുമാണ്. ആദ്യദർശനത്തിലെന്നതുപോലെ ഈ ദർശനത്തിലും യോഹന്നാന് ഒരു ദൗത്യം ഏല്പിക്കപ്പെടുന്നു (10:11). ഇതിൽ നിന്നെല്ലാം ലഭിക്കുന്ന സൂചന ഇവിടെ ഒരു പുതിയ ഭാഗം ആരംഭിക്കുന്നു എന്നതാണ്. തുറന്ന ചെറിയ ചുരുളും ദൗത്യവും (10:1-11) രണ്ടു സാക്ഷികൾ (11:1-19) സ്ത്രീയും സർപ്പവും (12:1-18) രണ്ടു മൃഗങ്ങൾ (13:1-18) കുഞ്ഞാടും അനുയായികളും (14:1-5; 15:2-4) അന്തിമവിധി (14:6-20) ഇവയെല്ലാം ഒരുമിച്ചു നില്ക്കുന്നു. മുദ്രിതമായ ചുരുൾ നിവർത്തുന്നതിലൂടെ സാക്ഷാൽക്കരിക്കപ്പെടുന്ന രക്ഷാചരിത്രത്തെ റോമാ സാമ്രാജ്യത്തിൽ പീഡിപ്പിക്കപ്പെടുന്ന സഭയുടെ അനുഭവങ്ങളിലൂടെ പ്രവചനശൈലിയിൽ വ്യാഖ്യാനിക്കുകയാണ് ഈ ഭാഗത്ത് ചെയ്യുന്നത്.

ഈ ഭാഗം ഘടനയിലും ഉള്ളടക്കത്തിലും പുസ്തകത്തിന്റെ കേന്ദ്രമാണ്. ഇതിൽത്തന്നെ 12-ാം അധ്യായം കൂടുതൽ ശ്രദ്ധയർഹിക്കുന്നു. പീഡിപ്പിക്കപ്പെടുന്ന സ്ത്രീ, സ്വർഗ്ഗാരോഹിതനായ ശിശു, സ്വർഗ്ഗത്തിൽനിന്നു വലിച്ചെറിയപ്പെട്ട സർപ്പം, സ്ത്രീക്കു ലഭിക്കുന്ന സംരക്ഷണം എന്നിവ ഏഷ്യാമൈനറിലെ പീഡിതമായ സഭയ്ക്കു പ്രത്യാശയും ധൈര്യവും പകരുന്നതാണ്. തങ്ങളുടെ അവസ്ഥയെ ദൈവികദൃഷ്ടിയിൽ നോക്കിക്കാണാനും ഉത്ഥിതനായ നാഥനിൽനിന്നു ശക്തിയാർജ്ജിച്ചുകൊണ്ട് ധീരതയോടെ ഉറച്ചുനില്ക്കാനും ഈ ദർശനം കരുത്തുപകരുന്നു. ഏഷ്യയിലെ സഭയുടെ മാത്രമല്ല, നാഥന്റെ പുനരാഗമനംവരെ ലോകമെമ്പാടും പീഡനമേല്ക്കുന്ന സഭയുടെയും സഭയെ പീഡിപ്പിക്കുന്ന തിന്മയുടെ ശക്തിയുടെയും ചിത്രമാണിത്.

മേൽവിവരിച്ച പരിമിതികളെ കണക്കിലെടുത്തുകൊണ്ടുതന്നെ വെളിപാടു പുസ്തകത്തെ താഴെകാണുംവിധം വിഭജിക്കാം. പഠനത്തിനുള്ള സൗകര്യത്തെ ഉദ്ദേശിച്ചാണ് ഈ വിഭജനം നിർദ്ദേശിക്കുന്നത്, മറ്റു വിഭജനസാധ്യതകൾ ഉണ്ടെന്നകാര്യം അവഗണിക്കുന്നില്ല.

### 5. വിഭജനം

*ആമുഖം*: 1:18

*ഒന്നാം ഭാഗം* : 1:9-3:22 ഏഴു സഭകൾക്കു മനുഷ്യപുത്രന്റെ സന്ദേശം

*രണ്ടാം ഭാഗം* : 4:1-22:5 ചുരുളഴിയുന്ന രക്ഷാചരിത്രം

1. സ്വർഗ്ഗീയ സദസ് 4:1-5:14
2. ഏഴു മുദ്രകൾ 6:1-8:1
3. ഏഴു കാഹളങ്ങൾ 8:2-11:19
4. സ്ത്രീയും മൃഗവും 12:1-15:4
5. ഏഴു പാത്രങ്ങൾ 15:5-16:21
6. ബാബിലോണിന്റെ പതനം 17:1-19:10
7. സ്വർഗ്ഗീയ ജറുസലെം 19:11-22:5





**ഉപസംഹാരം 22:6-21**

ഈ വിഭജനക്രമം സ്വീകരിക്കുമ്പോഴും വിവിധ ഭാഗങ്ങൾ തമ്മിലുള്ള ഗാഢമായ ബന്ധം വിസ്മരിച്ചുകൂടാ. ഏഴു സഭകൾക്കുള്ള മനുഷ്യപുത്രന്റെ സന്ദേശം പരിസമാപ്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ ശിക്ഷാവിധിയെ വിവരിക്കുന്ന മൂന്നു സപ്തഗണങ്ങൾ ഒരേ കാര്യത്തിന്റെ തന്നെ മൂന്നുതരത്തിലുള്ള അവതരണമാണ്. "സ്ത്രീയും മൃഗവും അതിനു മുമ്പിലും പിമ്പിലും ഉള്ള സപ്തഗണങ്ങളുമായി കോർത്തിണക്കിയിട്ടുണ്ട്. തുടർന്നുവരുന്ന ബാബിലോണിന്റെ പതനം" "പാത്രങ്ങളുടെ സപ്തഗണ"ത്തിന്റെ തുടർച്ചയും അതോടൊപ്പം പരിസമാപ്തിയുടെ തുടക്കവുമാണ്.

വെളിപാടു പുസ്തകം വലിയൊരു മൊസായിക് ചിത്രം പോലെയാണ്. മുഴുവനായി കാണുമ്പോഴേ ചിത്രം അവതരിപ്പിക്കുന്ന ആശയം ഗ്രഹിക്കാനാവൂ. ഭാഗങ്ങൾ അപഗ്രഥിക്കുമ്പോൾ ഈ സാകല്യത കൺമുന്നിൽ നിന്നു മറയാൻ അനുവദിച്ചുകൂടാ.

## വ്യാഖ്യാനം

ഈ വ്യാഖ്യാനം തയ്യാറാക്കുന്നതിൽ ചില പൊതു തത്വങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. ബൈബിൾ ബൈബിൾ കൊണ്ടുതന്നെ വ്യാഖ്യാനിക്കുക. ഓരോ വാകൃവും ആശയവും പ്രതീകവും വ്യാഖ്യാനിക്കുമ്പോൾ അതുമായി സാമ്യവും ബന്ധവുമുള്ള ഇതര ബൈബിൾ ഭാഗങ്ങളും ശ്രദ്ധിക്കണം. അതിനായി സൂചനകൾ നല്കിയിട്ടുണ്ട്. ബൈബിളിന്റെ പൊതുവായ പഠനങ്ങൾക്കു വിരുദ്ധമായ വ്യാഖ്യാനം ശരിയായിരിക്കുകയില്ല. 2. ചരിത്രപശ്ചാത്തലവും സാഹിത്യരൂപവും കണക്കിലെടുക്കണം. പ്രതീകാത്മകഭാഷ ഇത്രയേറെ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു ബൈബിൾ ഗ്രന്ഥമില്ല. അതിനാൽ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം അർത്ഥം ഗ്രഹിക്കാൻ സഹായിച്ചെന്നുവരില്ല. 3. പുസ്തകത്തിന്റെ ഘടന മനസ്സിലാക്കുക ആവശ്യമാണ്. രൂപഘടനയെക്കുറിച്ച് ആദ്യഭാഗത്തു പറഞ്ഞ കാര്യങ്ങൾ അനുസരിച്ചാണ് പുസ്തകത്തിന്റെ വിഭജനവും വ്യാഖ്യാനവും തയ്യാറാക്കിയിരിക്കുന്നത്.

ഗ്രന്ഥകാരൻ ആഗ്രഹിച്ച സന്ദേശം ഗ്രഹിക്കാനാണ് ഈ വ്യാഖ്യാനത്തിൽ മുഖ്യമായും ശ്രമിക്കുന്നത്. ആനുകാലികവും പ്രായോഗികവുമായ വിചിന്തനങ്ങളും തീരുമാനങ്ങളും അതിൽനിന്ന് ഉരുത്തിരിയേണ്ടതാണ്. ഒരേ കാര്യങ്ങൾതന്നെ ഗ്രന്ഥകാരൻ പലതവണ ആവർത്തിക്കുന്നുണ്ട്. അതിനാൽ ഒരിക്കൽ കണ്ട ആശയങ്ങളും പ്രതീകങ്ങളും വീണ്ടും കാണുമ്പോൾ വ്യാഖ്യാനം ആവർത്തിക്കാതെ ആദ്യം നല്കിയ വിശദീകരണത്തിലേക്കു സൂചന നല്കുന്നതേയുള്ളൂ. പുതുതായി എന്തെങ്കിലുമുണ്ടെങ്കിൽ അതുമാത്രം വിശദീകരിക്കുന്നു.